GOVERNMENT OF INDIA

ഭാരത സർക്കാർ

MINISTRY OF LAW & JUSTICE

നിയമ-നീതിന്യായ മന്ത്രാലയം

# THE CONSTITUTION OF INDIA

(Diglot Edition)

[Inclusive of the Constitution (Ninety-fourth Amendment) Act, 2006]

# ഭാരതത്തിന്റെ ഭരണഘടന

*(ദ്വിഭാഷാ പതിപ്പ്)*

[2006-ലെ ഭരണഘടന (തൊണ്ണൂറ്റിനാലാം ഭേദഗതി) ആക്റ്റ് ഉൾപ്പെടെ]

Prepared by the Official Language (Legislative) Commission, Kerala and approved by the Official Language wing of the Ministry of Law & Justice

കേരള ഔദ്യോഗികഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ തയ്യാറാക്കി നിയമ-നീതിന്യായ മന്ത്രാലയത്തിന്റെ ഔദ്യോഗികഭാഷാ വിഭാഗം അംഗീകരിച്ചത്

**2007**

# ആമുഖം

ഇത് ഭാരതത്തിന്റെ ഭരണഘടനയുടെ ആദ്യത്തെ ഇംഗ്ലീഷ്-മലയാളം (ദ്വിഭാഷ) പതിപ്പാകുന്നു. ഭരണഘടനയുടെ മലയാള പരിഭാഷയുടെ ഒന്നാം പതിപ്പ്, 1974-ൽ നിയമ മന്ത്രാലയത്തിന്റെ അന്നുനിലവിലുണ്ടായിരുന്ന ഔദ്യോഗികഭാഷാ (നിയമനിർമ്മാണ) കമ്മീഷന്റെ അംഗീകാരത്തോടെ ഭാരത സർക്കാരിനുവേണ്ടി കേരള ഔദ്യോഗികഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ പ്രസിദ്ധീകരിച്ചു. ഭരണഘടനയ്ക്ക് പ്രസിദ്ധീകരണ തീയതിവരെ, കാലാകാലങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ അതിൽ ഉൾപ്പെടുത്തിക്കൊണ്ട് യഥാക്രമം 1985-ലും 2001-ലും രണ്ടും മൂന്നും പതിപ്പുകൾ പ്രസിദ്ധീകരിച്ചു.

ഭരണഘടനയും കേന്ദ്ര നിയമങ്ങളും പ്രാദേശിക ഔദ്യോഗിക ഭാഷകളിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ഭാരത സർക്കാരിന്റെ നിയമ-നീതിന്യായ മന്ത്രാലയ (നിയമനിർമ്മാണ വകുപ്പ്) ത്തിനുവേണ്ടി കേരള സർക്കാരിന്റെ ഔദ്യോഗികഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ തയ്യാറാക്കിയിട്ടുള്ളതാണ് ഭരണഘടനയുടെ (ഇംഗ്ലീഷ്-മലയാളം) ഇപ്പോഴത്തെ ദ്വിഭാഷാപതിപ്പ്.

ഈ പതിപ്പിൽ, 2006-ലെ ഭരണഘടന (തൊണ്ണൂറ്റി നാലാം ഭേദഗതി) ആക്റ്റിലെ വ്യവസ്ഥകൾ ഉൾപ്പെടെ എല്ലാ ഭേദഗതികളും ഉൾക്കൊള്ളിച്ചിട്ടുള്ളതും ആവശ്യമായ അടിക്കുറിപ്പുകൾ കൊടുത്തിട്ടുള്ളതും ആകുന്നു. കൂടാതെ വായനക്കാരുടെ പ്രയോജനത്തിനായി ഒരു ശബ്ദാവലിയും അനുബന്ധമായി ചേർത്തിരിക്കുന്നു.

ന്യൂഡൽഹി,
2007 ഏപ്രിൽ 10.

**(കെ. എൻ. ചതുർവേദി),**
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

# ഭാരതത്തിന്റെ ഭരണഘടന

## ഉള്ളടക്കം

ആമുഖം

ഭാഗം I

### യൂണിയനും അതിന്റെ ഭൂപ്രദേശവും

*അനുച്ഛേദങ്ങൾ* *പേജ്*


1. യൂണിയന്റെ പേരും ഭൂപ്രദേശവും. .. 1
2. പുതിയ സംസ്ഥാനങ്ങളുടെ പ്രവേശനം അഥവാ സ്ഥാപനം. .. 1
2ക. [റദ്ദാക്കി]. 1
3. പുതിയ സംസ്ഥാനങ്ങളുടെ രൂപീകരണവും നിലവിലുള്ള സംസ്ഥാനങ്ങളുടെ വിസ്തീർണ്ണമോ അതിരുകളോ പേരുകളോ മാററുന്നതും. .. 1
4. 2-ഉം 3-ഉം അനുച്ഛേദങ്ങൾ പ്രകാരം നിർമ്മിക്കുന്ന നിയമങ്ങൾ ഒന്നും നാലും പട്ടികകളുടെ ഭേദഗതിക്കും അനുപൂരകവും സാന്ദർഭികവും അനന്തരഫലമായുണ്ടാകുന്നതും ആയ വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യണമെന്ന്. .. 2


ഭാഗം II

### പൗരത്വം


5. ഭരണഘടനയുടെ പ്രാരംഭത്തിലുള്ള പൗരത്വം. .. 3
6. പാകിസ്ഥാനിൽ നിന്ന് ഭാരതത്തിലേക്ക് കുടിയേറിപ്പാർത്ത ചില ആളുകൾക്ക് പൗരത്വത്തിനുള്ള അവകാശങ്ങൾ. .. 3
7. പാകിസ്ഥാനിലേക്ക് കുടിയേറിപ്പാർത്ത ചില ആളുകൾക്ക് പൗരത്വത്തിനുള്ള അവകാശങ്ങൾ. .. 3
8. ഭാരതത്തിൽ ഉത്പത്തി ഉണ്ടായിരിക്കുകയും ഭാരതത്തിനു വെളിയിൽ താമസിക്കുകയും ചെയ്യുന്ന ചില ആളുകളുടെ പൗരത്വത്തിനുള്ള അവകാശങ്ങൾ. .. 4
9. ഒരു വിദേശ രാജ്യത്തിലെ പൗരത്വം സ്വേച്ഛയാ ആർജ്ജിക്കുന്ന ആളുകൾ പൗരൻമാരാവുകയില്ലെന്ന്. .. 4
10. പൗരത്വത്തിനുള്ള അവകാശങ്ങളുടെ തുടർച്ച. .. 4
11. പൗരത്വത്തിനുള്ള അവകാശം പാർലമെന്റിന് നിയമംവഴി ക്രമപ്പെടുത്താമെന്ന്. .. 4


ഭാഗം III

### മൗലികാവകാശങ്ങൾ

*സാമാന്യം*


12. നിർവ്വചനം. .. 5
13. മൗലികാവകാശങ്ങൾക്ക് സംഗതമല്ലാത്തതോ അവയ്ക്ക് ന്യൂനതവരുത്തുന്നതോ ആയ നിയമങ്ങൾ. .. 5

*അനുച്ഛേദങ്ങൾ* *പേജ്*

*സമത്വത്തിനുള്ള അവകാശം*

14. നിയമത്തിനു മുൻപാകെ സമത്വം. .. 5
15. മതമോ വർഗ്ഗമോ ജാതിയോ ലിംഗമോ ജനനസ്ഥലമോ കാരണമാക്കിയുള്ള വിവേചനത്തിന്റെ നിരോധനം. .. 6
16. പൊതുജീവനം സംബന്ധിച്ച വിഷയങ്ങളിൽ അവസര സമത്വം. .. 6
17. തൊട്ടുകൂടായ്മ നിറുത്തലാക്കൽ. .. 7
18. സ്ഥാനപ്പേരുകൾ നിറുത്തലാക്കൽ. .. 7

*സ്വാതന്ത്ര്യത്തിനുള്ള അവകാശം*

19. സംസാര സ്വാതന്ത്ര്യം മുതലായവ സംബന്ധിച്ചുള്ള ചില അവകാശങ്ങളുടെ സംരക്ഷണം. .. 8
20. കുററങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് സംരക്ഷണം. .. 9
21. ജീവൻെറയും വ്യക്തി സ്വാതന്ത്ര്യത്തിൻറയും സംരക്ഷണം. .. 10
21ക. വിദ്യാഭ്യാസത്തിനുള്ള അവകാശം .. 10
22. ചില സംഗതികളിൽ അറസ്ററിനും തടങ്കലിനും എതിരായി സംരക്ഷണം. .. 10

*ചൂഷണത്തിനെതിരായുള്ള അവകാശം*

23. മനുഷ്യക്കച്ചവടത്തിൻെറയും നിർബന്ധിച്ച് പണി ചെയ്യിക്കലിൻെറയും നിരോധനം. .. 11
24. വ്യവസായശാലകൾ മുതലായവയിൽ കുട്ടികളുടെ ജീവനം നിരോധിക്കൽ. .. 11

*മതസ്വാതന്ത്ര്യത്തിനുള്ള അവകാശം*

25. മനഃസാക്ഷിക്കും സ്വതന്ത്രമായ മതവിശ്വാസത്തിനും മതാചരണത്തിനും മത പ്രചരണത്തിനും ഉള്ള സ്വാതന്ത്ര്യം. .. 12
26. മതപരമായ കാര്യങ്ങളുടെ നടത്തിപ്പിനുള്ള സ്വാതന്ത്ര്യം. .. 12
27. ഏതെങ്കിലും പ്രത്യേക മതത്തിൻെറ പോഷണത്തിനുവേണ്ടി നികുതികൾ കൊടുക്കുന്നതു സംബന്ധിച്ച സ്വാതന്ത്ര്യം. .. 12
28. ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതബോധനത്തിനോ മതപരമായ ആരാധനയ്ക്കോ ഹാജരാകുന്നതു സംബന്ധിച്ച സ്വാതന്ത്ര്യം. .. 13

*സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ*

29. ന്യൂനപക്ഷ താത്പര്യങ്ങളുടെ സംരക്ഷണം. .. 13
30. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനും ന്യൂന പക്ഷങ്ങൾക്കുളള അവകാശം. .. 13
31. [റദ്ദാക്കി.]. .. 14

*ചില നിയമങ്ങൾ ഒഴിവാക്കൽ*

31 ക. എസ്റേററുകളുടെ ആർജ്ജനം മുതലായവയ്ക്ക് വ്യവസ്ഥ ചെയ്യുന്ന നിയമങ്ങളെ ഒഴിവാക്കൽ. .. 14
31 ഖ. ചില ആക്ററുകളും റഗുലേഷനുകളും സാധുകരിക്കൽ. .. 15

| അനുച്ഛേദങ്ങൾ | | | പേജ് |
|---|---|---|---|
| 31 ഗ. | ചില നിർദ്ദേശകതത്ത്വങ്ങൾ നടപ്പിൽ വരുത്തുന്ന നിയമങ്ങളെ ഒഴിവാക്കൽ. | .. | 16 |
| 31 ഘ. | [റദ്ദാക്കി]. | .. | 16 |

## ഭരണഘടനാ സംബന്ധമായ പരിഹാര മാർഗ്ഗങ്ങൾക്കുള്ള അവകാശം

| | | | |
|---|---|---|---|
| 32. | ഈ ഭാഗം വഴി നൽകിയിട്ടുള്ള അവകാശങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ. | .. | 16 |
| 32 ക. | [റദ്ദാക്കി]. | .. | 17 |
| 33. | ഈ ഭാഗം വഴി സേനകൾക്കും മററും നൽകിയിട്ടുള്ള അവകാശങ്ങൾ അവയുടെ ബാധകതയിൽ രൂപഭേദപ്പെടുത്തുവാൻ പാർലമെൻറിനുള്ള അധികാരം. | .. | 17 |
| 34. | ഏതെങ്കിലും പ്രദേശത്ത് പട്ടാളനിയമം പ്രാബല്യത്തിരിക്കുമ്പോൾ ഈ ഭാഗം വഴി നൽകിയിട്ടുള്ള അവകാശങ്ങളിൻമേലുള്ള നിയന്ത്രണം. | .. | 17 |
| 35. | ഈ ഭാഗത്തിലെ വ്യവസ്ഥകൾക്കു പ്രഭാവം നൽകുവാനുള്ള നിയമനിർമ്മാണം. | .. | 17 |

## ഭാഗം IV

## രാഷ്ട്ര നയത്തിൻെറ നിർദ്ദേശക തത്ത്വങ്ങൾ

| | | | |
|---|---|---|---|
| 36. | നിർവ്വചനം. | .. | 19 |
| 37. | ഈ ഭാഗത്തിൽ അടങ്ങിയിരിക്കുന്ന തത്ത്വങ്ങളുടെ പ്രയോഗം. | .. | 19 |
| 38. | ജനങ്ങളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഒരു സാമൂഹ്യവ്യവസ്ഥിതി രാഷ്ട്രം സംപ്രാപ്തമാക്കണമെന്ന്. | .. | 19 |
| 39. | രാഷ്ട്രം അനുവർത്തിക്കേണ്ട ചില നയതത്ത്വങ്ങൾ. | .. | 19 |
| 39 ക. | തുല്യനീതിയും സൗജന്യ നിയമസഹായവും. | .. | 20 |
| 40. | ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കൽ. | .. | 20 |
| 41. | ചില അവസ്ഥകളിൽ ജോലിക്കും വിദ്യാഭ്യാസത്തിനും പൊതു സഹായത്തിനുമുള്ള അവകാശം. | .. | 20 |
| 42. | ജോലിക്ക് നീതിപൂർവ്വകവും മനുഷ്യോചിതവുമായ നിബന്ധനകൾക്കും പ്രസവ സംബന്ധമായ ആശ്വാസത്തിനും വ്യവസ്ഥ. | .. | 20 |
| 43. | തൊഴിലാളികൾക്ക് ഉപജീവനക്ഷമമായ വേതനം മുതലായവ. | .. | 20 |
| 43 ക. | വ്യവസായങ്ങളുടെ നടത്തിപ്പിൽ, തൊഴിലാളികളുടെ ഭാഗഭാഗിത്വം. | .. | 20 |
| 44. | പൗരൻമാർക്ക് ഏകരൂപമായ സിവിൽ നിയമസംഹിത. | .. | 20 |
| 45. | ആറു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ശൈശവാരംഭത്തിൽതന്നെ പരിചരണത്തിനും വിദ്യാഭ്യാസത്തിനുമുള്ള വ്യവസ്ഥ. | .. | 20 |
| 46. | പട്ടികജാതികളുടെയും പട്ടിക ഗോത്രവർഗ്ഗങ്ങളുടെയും മററ് ദുർബ്ബല വിഭാഗങ്ങളുടെയും വിദ്യാഭ്യാസപരവും സാമ്പത്തികവും ആയ താത്പര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ. | .. | 21 |
| 47. | പോഷകാഹാരത്തിൻെറ നിലവാരവും ജീവിതത്തോതും ഉയർത്തുവാനും പൊതു ജനാരോഗ്യം മെച്ചപ്പെടുത്തുവാനും രാഷ്ട്രത്തിനുള്ള കർത്തവ്യം. | .. | 21 |
| 48. | കൃഷിയും മൃഗസംരക്ഷണവും സംഘടിപ്പിക്കൽ. | .. | 21 |
| 48 ക. | പരിസ്ഥിതി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും വനങ്ങളുടെയും വന്യജീവികളുടെയും പരിരക്ഷയും. | .. | 21 |
| 49. | ദേശീയ പ്രാധാന്യമുള്ള സ്മാരകങ്ങളുടെയും സ്ഥലങ്ങളുടെയും വസ്തുക്കളുടെയും സംരക്ഷണം | .. | 21 |
| 50. | നീതിന്യായ മണ്ഡലത്തെ നിർവ്വാഹക മണ്ഡലത്തിൽ നിന്ന് വേർതിരിക്കൽ. | .. | 21 |
| 51. | അന്താരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും അഭിവൃദ്ധിപ്പെടുത്തൽ. | .. | 21 |

അനുച്ഛേദങ്ങൾ പേജ്

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ


51 ക. മൗലിക കർത്തവ്യങ്ങൾ. .. 22


## ഭാഗം V

## യൂണിയൻ

### അദ്ധ്യായം I—നിർവ്വാഹക മണ്ഡലം

### രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും


52. ഭാരതത്തിന്റെ രാഷ്ട്രപതി. .. 23

53. യൂണിയന്റെ നിർവ്വാഹകാധികാരം. .. 23

54. രാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പ്. .. 23

55. രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്ന രീതി. .. 23

56. രാഷ്ട്രപതിയുടെ ഉദ്യോഗ കാലാവധി. .. 24

57. വീണ്ടും തെരഞ്ഞടുക്കപ്പെടുവാനുള്ള അർഹത. .. 24

58. രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യതകൾ. .. 25

59. രാഷ്ട്രപതിസ്ഥാനം സംബന്ധിച്ചുള്ള വ്യവസ്ഥകൾ. .. 25

60. രാഷ്ട്രപതിയുടെ ശപഥം അഥവാ പ്രതിജ്ഞ. .. 25

61. രാഷ്ട്രപതിയുടെ ആക്ഷേപവിചാരണയ്ക്കുള്ള നടപടിക്രമം. .. 26

62. രാഷ്ട്രപതിയുടെ ഉദ്യോഗത്തിലുള്ള ഒഴിവ് നികത്തുന്നതിന് തെരഞ്ഞെടുപ്പ് നടത്തുവാനുള്ള സമയവും യാദൃശ്ചികമായുള്ള ഒഴിവ് നികത്തുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന ആളുടെ ഉദ്യോഗകാലാവധിയും. .. 26

63. ഭാരതത്തിന്റെ ഉപരാഷ്ട്രപതി. .. 26

64. ഉപരാഷ്ട്രപതി ഔദ്യോഗിക നിലയിൽ രാജ്യസഭയുടെ അദ്ധ്യക്ഷൻ ആയിരിക്കുമെന്ന്. .. 26

65. രാഷ്ട്രപതിയുടെ ഉദ്യോഗത്തിൽ യാദൃശ്ചികമായി ഉണ്ടാകുന്ന ഒഴിവുകളിലോ രാഷ്ട്രപതിയുടെ അസാന്നിദ്ധ്യത്തിലോ ഉപരാഷ്ട്രപതി രാഷ്ട്രപതിയായി ജോലി നോക്കുകയോ അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുയോ ചെയ്യണമെന്ന്. .. 27

66. ഉപരാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പ്. .. 27

67. ഉപരാഷ്ട്രപതിയുടെ ഉദ്യോഗ കാലാവധി. .. 28

68. ഉപരാഷ്ട്രപതിയുടെ ഉദ്യോഗത്തിലുള്ള ഒഴിവ് നികത്തുന്നതിന് തെരഞ്ഞെടുപ്പ് നടത്തുവാനുള്ള സമയവും യാദൃശ്ചികമായുള്ള ഒഴിവ് നികത്തുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന ആളുടെ ഉദ്യോഗകാലാവധിയും. .. 28

69. ഉപരാഷ്ട്രപതിയുടെ ശപഥം അഥവാ പ്രതിജ്ഞ. .. 28

70. മററ് അപ്രതീക്ഷിത സന്ദർഭങ്ങളിൽ രാഷ്ട്രപതിയുടെ ചുമതലകളുടെ നിർവ്വഹണം. .. 29

71. രാഷ്ട്രപതിയുടെയോ ഉപരാഷ്ട്രപതിയുടെയോ തെരഞ്ഞെടുപ്പ് സംബന്ധിച്ചതോ അതിനോട് ബന്ധപ്പെട്ടതോ ആയ വിഷയങ്ങൾ. .. 29

72. ചില സംഗതികളിൽ മാപ്പ് മുതലായവ നൽകുവാനും ശിക്ഷാവിധികൾ നിർത്തിവയ്ക്കുകയോ ഇളവുചെയ്യുകയോ ലഘൂകരിക്കുകയോ ചെയ്യുവാനും രാഷ്ട്രപതിക്കുള്ള അധികാരം. .. 29

അനുച്ഛേദങ്ങൾ | പേജ്

73. യൂണിയന്റെ നിർവ്വാഹകാധികാരത്തിന്റെ വ്യാപ്തി. .. 30

*മന്ത്രിസഭ*

74. രാഷ്ട്രപതിയെ സഹായിക്കുവാനും ഉപദേശിക്കുവാനും ഉള്ള മന്ത്രിസഭ. .. 30

75. മന്ത്രിമാരെ സംബന്ധിച്ച മററു വ്യവസ്ഥകൾ. .. 31

*ഭാരതത്തിന്റെ അറേറാർണി-ജനറൽ*

76. ഭാരതത്തിന്റെ അറേറാർണി-ജനറൽ. .. 31

*സർക്കാർ കാര്യങ്ങളുടെ നടത്തിപ്പ്*

77. ഭാരത സർക്കാരിന്റെ കാര്യങ്ങളുടെ നടത്തിപ്പ്. .. 32

78. രാഷ്ട്രപതിക്കു വിവരം നൽകുക മുതലായവ സംബന്ധിച്ച് പ്രധാനമന്ത്രിയുടെ കർത്തവ്യങ്ങൾ. .. 32

**അദ്ധ്യായം II—പാർലമെന്റ്**

സാമാന്യം

79. പാർലമെന്റിന്റെ രൂപീകരണം. .. 33

80. രാജ്യസഭയുടെ ഘടന. .. 33

81. ലോകസഭയുടെ ഘടന. .. 34

82. ഓരോ കാനേഷുമാരിക്കുശേഷവും പുനഃക്രമീകരണം. .. 35

83. പാർലമെന്റിന്റെ സഭകളുടെ കാലാവധി. .. 35

84. പാർലമെന്റിലെ അംഗത്വത്തിനുവേണ്ട യോഗ്യത. .. 36

85. പാർലമെന്റിന്റെ സമ്മേളനങ്ങൾ നിറുത്തിവയ്ക്കലും പിരിച്ചുവിടലും. .. 36

86. സഭകളെ അഭിസംബോധനം ചെയ്യുന്നതിനും അവയ്ക്കു സന്ദേശം അയയ്ക്കുന്നതിനും രാഷ്ട്രപതിക്കുള്ള അവകാശം. .. 36

87. രാഷ്ട്രപതിയുടെ വിശേഷാൽ അഭിസംബോധനം. .. 36

88. സഭകളെ സംബന്ധിച്ച് മന്ത്രിമാരുടെയും അറേറാർണി-ജനറലിന്റെയും അവകാശങ്ങൾ. .. 37

*പാർലമെന്റിലെ ഉദ്യോഗസ്ഥൻമാർ*

89. രാജ്യസഭയിലെ അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും. .. 37

90. ഉപാദ്ധ്യക്ഷൻ ഉദ്യോഗത്തിൽനിന്നു ഒഴിഞ്ഞുപോകുന്നതും രാജിവയ്ക്കുന്നതും നീക്കം ചെയ്യപ്പെടുന്നതും. .. 37

91. ഉപാദ്ധ്യക്ഷനോ മറെറാരാൾക്കോ അദ്ധ്യക്ഷന്റെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനോ അദ്ധ്യക്ഷനായി പകരം ജോലി നോക്കുവാനോ ഉള്ള അധികാരം. .. 37

92. അദ്ധ്യക്ഷൻ അല്ലെങ്കിൽ ഉപാദ്ധ്യക്ഷൻ, അദ്ദേഹത്തെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുന്നതിനുള്ള ഒരു പ്രമേയം പരിഗണനയിലിരിക്കുമ്പോൾ അദ്ധ്യക്ഷത വഹിച്ചുകൂടെന്ന്. .. 38

93. ലോകസഭയുടെ സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും. .. 38

94. സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും ഉദ്യോഗത്തിൽ നിന്ന് ഒഴിഞ്ഞുപോകുന്നതും രാജിവയ്ക്കുന്നതും നീക്കം ചെയ്യപ്പെടുന്നതും. .. 38

| അനുച്ഛേദങ്ങൾ | | പേജ് |
|---|---|---|
| 95. | ഡെപ്യൂട്ടി സ്പീക്കർക്കോ മറ്റൊരാൾക്കോ സ്പീക്കറുടെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനോ സ്പീക്കറായി പകരം ജോലി നോക്കുവാനോ ഉള്ള അധികാരം. .. | 38 |
| 96. | സ്പീക്കർ അല്ലെങ്കിൽ ഡെപ്യൂട്ടി സ്പീക്കർ, അദ്ദേഹത്തെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുന്നതിനുള്ള ഒരു പ്രമേയം പരിഗണനയിലിരിക്കുമ്പോൾ അദ്ധ്യക്ഷത വഹിച്ചുകൂടെന്ന്. .. | 39 |
| 97. | അദ്ധ്യക്ഷന്റെയും ഉപാദ്ധ്യക്ഷന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും ശമ്പളങ്ങളും ബത്തകളും. .. | 39 |
| 98. | പാർലമെന്റിന്റെ സെക്രട്ടേറിയററ്. .. | 39 |

## കാര്യങ്ങളുടെ നടത്തിപ്പ്

| | | |
|---|---|---|
| 99. | അംഗങ്ങളുടെ ശപഥം അഥവാ പ്രതിജ്ഞ. .. | 40 |
| 100. | സഭകളിൽ വോട്ടുചെയ്യലും, ഒഴിവുകൾ ഉണ്ടായിരുന്നാലും പ്രവർത്തിക്കുവാൻ സഭകൾക്കുള്ള അധികാരവും കോറവും. .. | 40 |

## അംഗങ്ങളുടെ അയോഗ്യതകൾ

| | | |
|---|---|---|
| 101. | സ്ഥാനങ്ങൾ ഒഴിവാക്കൽ. .. | 40 |
| 102. | അംഗത്വത്തിനുള്ള അയോഗ്യതകൾ. .. | 41 |
| 103. | അംഗങ്ങളുടെ അയോഗ്യതകൾ സംബന്ധിച്ച പ്രശ്നങ്ങളിൻമേലുള്ള തീരുമാനം. .. | 42 |
| 104. | 99-ാം അനുച്ഛേദപ്രകാരമുള്ള ശപഥമോ പ്രതിജ്ഞയോ ചെയ്യുന്നതിനു മുമ്പോ യോഗ്യതയില്ലാതിരിക്കുമ്പോഴോ അയോഗ്യനായിരിക്കുമ്പോഴോ ഉപവേശിക്കുന്നതിനും വോട്ടു ചെയ്യുന്നതിനുമുള്ള ശിക്ഷ. .. | 42 |

## പാർലമെന്റിന്റെയും അതിലെ അംഗങ്ങളുടെയും അധികാരങ്ങളും വിശേഷാവകാശങ്ങളും ബാദ്ധ്യതയില്ലായ്മകളും

| | | |
|---|---|---|
| 105. | പാർലമെന്റിന്റെ സഭകളുടെയും അവയിലെ അംഗങ്ങളുടെയും സമിതികളുടെയും അധികാരങ്ങൾ, വിശേഷാവകാശങ്ങൾ മുതലായവ. .. | 42 |
| 106. | അംഗങ്ങളുടെ ശമ്പളങ്ങളും ബത്തകളും. .. | 43 |

## നിയമനിർമ്മാണ നടപടിക്രമം

| | | |
|---|---|---|
| 107. | ബില്ലുകളുടെ അവതരണവും പാസ്സാക്കലും സംബന്ധിച്ച വ്യവസ്ഥകൾ. .. | 43 |
| 108. | ചില സംഗതികളിൽ ഇരു സഭകളുടെയും സംയുക്ത ഉപവേശനം. .. | 44 |
| 109. | പണബില്ലുകളെ സംബന്ധിച്ച വിശേഷ നടപടിക്രമം. .. | 45 |
| 110. | "പണബില്ല്"കളുടെ നിർവ്വചനം. .. | 45 |
| 111. | ബില്ലുകൾക്ക് അനുമതി. .. | 46 |

## ധനപരമായ വിഷയങ്ങളിലെ നടപടിക്രമം

| | | |
|---|---|---|
| 112. | വാർഷിക ധനവിവരപ്പത്രിക. .. | 46 |
| 113. | അടങ്കലുകൾ സംബന്ധിച്ച പാർലമെന്റിലെ നടപടിക്രമം. .. | 47 |
| 114. | ധനവിനിയോഗ ബില്ലുകൾ. .. | 48 |
| 115. | അനുപൂരകമായതോ, കൂടുതലായുള്ളതോ അധിക ചെലവിനുള്ളതോ ആയ സഹായധനങ്ങൾ. .. | 48 |

അനുച്ഛേദങ്ങൾ | പേജ്

116. കണക്കിൻമേലുള്ള വോട്ടുകളും ക്രെഡിററു വോട്ടുകളും വിശേഷാൽ സഹായ ധനങ്ങളും. ... 49

117. ധനകാര്യ ബില്ലുകളെക്കുറിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ. ... 49

*നടപടിക്രമം സാമാന്യമായി*

118. നടപടിക്രമത്തിൻെറ ചട്ടങ്ങൾ. .. 50

119. പാർലമെന്റിലെ ധനപരമായ കാര്യങ്ങൾ സംബന്ധിച്ച നടപടിക്രമം നിയമംവഴി ക്രമപ്പെടുത്തൽ. 50

120. പാർലമെൻറിൽ ഉപയോഗിക്കേണ്ട ഭാഷ. .. 50

121. പാർലമെൻറിലെ ചർച്ചയിൻമേലുള്ള നിയന്ത്രണം. ... 51

122. പാർലമെന്റിലെ നടപടികളെപ്പററി കോടതികൾ അന്വേഷണവിചാരണ നടത്താൻ പാടില്ലെന്ന്. 51

## അദ്ധ്യായം III—രാഷ്ട്രപതിയുടെ നിയമനിർമ്മാണാധികാരങ്ങൾ

123. പാർലമെന്റിന്റെ ഒഴിവുകാലത്ത് ഓർഡിനൻസുകൾ പ്രഖ്യാപിക്കുന്നതിന് രാഷ്ട്രപതിക്കുള്ള അധികാരം. ... 51

## അദ്ധ്യായം IV—യൂണിയൻ നീതിന്യായ മണ്ഡലം

124. സുപ്രീംകോടതിയുടെ സ്ഥാപനവും സംവിധാനവും. .. 52

125. ജഡ്ജിമാരുടെ ശമ്പളങ്ങൾ മുതലായവ. .. 53

126. പകരം ജോലിനോക്കുന്ന ചീഫ്ജസ്ററിസിന്റെ നിയമനം. .. 53

127. അഡ്ഹോക്ക് ജഡ്ജിമാരുടെ നിയമനം. .. 53

128. സുപ്രീംകോടതിയുടെ ഉപവേശനങ്ങളിൽ ഉദ്യോഗത്തിൽനിന്നു വിരമിച്ച ജഡ്ജിമാരുടെ സാന്നിദ്ധ്യം. .. 54

129. സുപ്രീംകോടതി ഒരു റിക്കാർഡ് കോടതി ആയിരിക്കണമെന്ന്. .. 54

130. സുപ്രീംകോടതിയുടെ ആസ്ഥാനം. .. 54

131. സുപ്രീംകോടതിയുടെ ആദ്യാധികാരിത. .. 54

131 ക. [റദ്ദാക്കി.]. .. 55

132. ചില കേസുകളിൽ ഹൈക്കോടതികളിൽനിന്നുള്ള അപ്പീലുകളിൽ സുപ്രീം കോടതിയുടെ അപ്പീൽ അധികാരിത. ... 55

133. സിവിൽ വിഷയങ്ങൾ സംബന്ധിച്ച് ഹൈക്കോടതികളിൽ നിന്നുള്ള അപ്പീലുകളിൽ സുപ്രീംകോടതിയുടെ അപ്പീൽ അധികാരിത. .. 55

134. ക്രിമിനൽ വിഷയങ്ങൾ സംബന്ധിച്ച് സുപ്രീംകോടതിയുടെ അപ്പീൽ അധികാരിത .. 56

134ക. സുപ്രീംകോടതിയിൽ അപ്പീൽകൊടുക്കാനുള്ള സാക്ഷ്യപത്രം. ... 56

135. നിലവിലിരിക്കുന്ന നിയമപ്രകാരം ഫെഡറൽ കോടതിക്കുള്ള അധികാരിതയും അധികാരങ്ങളും സുപ്രീംകോടതിക്കു പ്രയോഗിക്കാമെന്ന്. ... 57

136. അപ്പീലിനു സുപ്രീംകോടതിയുടെ പ്രത്യേകാനുമതി. 57

137. സുപ്രീംകോടതിയുടെ വിധിന്യായങ്ങളുടെയും ഉത്തരവുകളുടെയും റിവ്യൂ. .. 57

138. സുപ്രീംകോടതിയുടെ അധികാരിതയുടെ വിപുലീകരണം. ... 57

അനുച്ഛേദങ്ങൾ പേജ്

139. ചില റിട്ടുകൾ പുറപ്പെടുവിക്കുന്നതിനുള്ള അധികാരങ്ങൾ സുപ്രീംകോടതിക്കു നൽകൽ. .. 57
139ക. ചില കേസ്സുകൾ മാററുന്നത്. .. 58
140. സുപ്രീംകോടതിക്കുള്ള സഹായകാധികാരങ്ങൾ. .. 58
141. സുപ്രീംകോടതി പ്രഖ്യാപിക്കുന്ന നിയമം എല്ലാ കോടതികൾക്കും ബാധകമാകുമെന്ന്. .. 58
142. സുപ്രീംകോടതിയുടെ ഡിക്രികളും ഉത്തരവുകളും പ്രാവർത്തികമാക്കലും വെളിപ്പെടുത്തൽ സംബന്ധിച്ച ഉത്തരവുകളും, മുതലായവ. .. 58
143. സുപ്രീംകോടതിയുമായി ആലോചിക്കുവാനുള്ള രാഷ്ട്രപതിയുടെ അധികാരം. .. 59
144. സിവിലും ജുഡീഷ്യലും ആയ അധികാരസ്ഥാനങ്ങൾ സുപ്രീംകോടതിക്ക് സഹായമായി പ്രവർത്തിക്കണമെന്ന്. .. 59
144 ക. [റദ്ദാക്കി. ]. .. 59
145. കോടതിയുടെ ചട്ടങ്ങൾ മുതലായവ. .. 59
146. സുപ്രീംകോടതിയിലെ ഉദ്യോഗസ്ഥൻമാരും കീഴ്ജീവനക്കാരും ചെലവുകളും. .. 61
147. വ്യാഖ്യാനം. .. 61

## അധ്യായം V—ഭാരതത്തിൻെറ കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറൽ

148. ഭാരതത്തിൻെറ കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറൽ. .. 62
149. കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറലിൻെറ കർത്തവ്യങ്ങളും അധികാരങ്ങളും. .. 63
150. യൂണിയൻെറയും സംസ്ഥാനങ്ങളുടെയും കണക്കുകൾ സൂക്ഷിക്കേണ്ട രൂപം .. 63
151. ആഡിററ് റിപ്പോർട്ടുകൾ. .. 63

# ഭാഗം VI

# സംസ്ഥാനങ്ങൾ

## അധ്യായം I—സാമാന്യം

152. നിർവ്വചനം. .. 64

## അധ്യായം II—നിർവ്വാഹക മണ്ഡലം

### ഗവർണ്ണർ

153. സംസ്ഥാനങ്ങളിലെ ഗവർണ്ണർമാർ. .. 64
154. സംസ്ഥാനത്തിൻെറ നിർവ്വാഹകാധികാരം. .. 64
155. ഗവർണ്ണറുടെ നിയമനം. .. 64
156. ഗവർണ്ണറുടെ ഉദ്യോഗകാലാവധി. .. 64
157. ഗവർണ്ണറായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതകൾ. .. 65
158. ഗവർണ്ണറുടെ ഉദ്യോഗത്തിൻെറ വ്യവസ്ഥകൾ. .. 65
159. ഗവർണ്ണറുടെ ശപഥം അഥവാ പ്രതിജ്ഞ. .. 65
160. ചില അപ്രതീക്ഷിത സന്ദർഭങ്ങളിൽ ഗവർണ്ണറുടെ ചുമതലകളുടെ നിർവ്വഹണം. .. 66
161. ചില സംഗതികളിൽ മാപ്പ് മുതലായവ നൽകുവാനും ശിക്ഷാവിധി നിർത്തിവയ്ക്കുകയോ ഇളവുചെയ്യുകയോ ലഘൂകരിക്കുകയോ ചെയ്യുവാനും ഗവർണ്ണർക്കുള്ള അധികാരം. .. 66

| അനുച്ഛേദങ്ങൾ | | പേജ് |
|---|---|---|
| 162. | സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരത്തിന്റെ വ്യാപ്തി. .. | 66 |
| | *മന്ത്രിസഭ* | |
| 163. | ഗവർണ്ണറെ സഹായിക്കുവാനും ഉപദേശിക്കുവാനും മന്ത്രിസഭ. .. | 66 |
| 164. | മന്ത്രിമാരെ സംബന്ധിച്ച മററ് വ്യവസ്ഥകൾ. .. | 66 |
| | *സംസ്ഥാനത്തിന്റെ അഡ്വക്കേററ്-ജനറൽ* | |
| 165. | സംസ്ഥാനത്തിന്റെ അഡ്വക്കേററ്-ജനറൽ. .. | 68 |
| | *സർക്കാർ കാര്യങ്ങളുടെ നടത്തിപ്പ്* | |
| 166. | ഒരു സംസ്ഥാനത്തിലെ സർക്കാരിന്റെ കാര്യങ്ങളുടെ നടത്തിപ്പ്. .. | 68 |
| 167. | ഗവർണ്ണർക്ക് വിവരം നൽകുക മുതലായവ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ കർത്തവ്യങ്ങൾ. .. | 68 |
| | **അദ്ധ്യായം III—സംസ്ഥാന നിയമനിർമ്മാണമണ്ഡലം** | |
| | **സാമാന്യം** | |
| 168. | സംസ്ഥാനങ്ങളിലെ നിയമനിർമ്മാണമണ്ഡലങ്ങളുടെ രൂപീകരണം. .. | 69 |
| 169. | സംസ്ഥാനങ്ങളിൽ നിയമസമിതികൾ നിറുത്തലാക്കുകയോ സൃഷ്ടിക്കുകയോ ചെയ്യൽ. .. | 69 |
| 170. | നിയമസഭകളുടെ ഘടന. .. | 70 |
| 171. | നിയമസമിതികളുടെ ഘടന. .. | 71 |
| 172. | സംസ്ഥാന നിയമനിർമ്മാണമണ്ഡലങ്ങളുടെ കാലാവധി. .. | 72 |
| 173. | സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിലെ അംഗത്വത്തിന് വേണ്ട യോഗ്യത. .. | 72 |
| 174. | സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്റെ സമ്മേളനങ്ങളും സമ്മേളനം അവസാനിപ്പിക്കലും പിരിച്ചുവിടലും. .. | 72 |
| 175. | സഭയെയോ സഭകളെയോ അഭിസംബോധനം ചെയ്യുന്നതിനും അവയിലേക്ക് സന്ദേശങ്ങൾ അയയ്ക്കുന്നതിനും ഗവർണ്ണർക്കുള്ള അവകാശം. .. | 73 |
| 176. | ഗവർണ്ണറുടെ വിശേഷാൽ അഭിസംബോധനം. .. | 73 |
| 177. | സഭകളെ സംബന്ധിച്ച് മന്ത്രിമാരുടെയും അഡ്വക്കേററ് -ജനറലിന്റെയും അവകാശങ്ങൾ. .. | 73 |
| | *സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിലെ ഉദ്യോഗസ്ഥൻമാർ* | |
| 178. | നിയമസഭയുടെ സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും. .. | 73 |
| 179. | സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും ഉദ്യോഗത്തിൽ നിന്ന് ഒഴിഞ്ഞു പോകുന്നതും രാജിവയ്ക്കുന്നതും നീക്കം ചെയ്യപ്പെടുന്നതും. .. | 73 |
| 180. | ഡെപ്യൂട്ടി സ്പീക്കർക്കോ മററാരാൾക്കോ സ്പീക്കറുടെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനോ സ്പീക്കറായി പകരം ജോലി നോക്കുവാനോ ഉള്ള അധികാരം. .. | 74 |
| 181. | സ്പീക്കർ അല്ലെങ്കിൽ ഡെപ്യൂട്ടി സ്പീക്കർ, അദ്ദേഹത്തെ ഉദ്യോഗത്തിൽനിന്ന് നീക്കംചെയ്യുന്നതിനുള്ള ഒരു പ്രമേയം പരിഗണനയിലിരിക്കുമ്പോൾ, അദ്ധ്യക്ഷത വഹിച്ചുകൂടന്ന്. .. | 74 |

അനുച്ഛേദങ്ങൾ | പേജ്


182. നിയമസമിതിയുടെ അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും. .. 74

183. അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും ഉദ്യോഗം ഒഴിഞ്ഞുപോകുന്നതും രാജി വയ്ക്കുന്നതും നീക്കം ചെയ്യപ്പെടുന്നതും. .. 75

184. ഉപാദ്ധ്യക്ഷനോ മറ്റൊരാൾക്കോ അദ്ധ്യക്ഷന്റെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനോ അദ്ധ്യക്ഷനായി പകരം ജോലിനോക്കുവാനോ ഉള്ള അധികാരം. .. 75

185. അദ്ധ്യക്ഷൻ അല്ലെങ്കിൽ ഉപാദ്ധ്യക്ഷൻ, അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള ഒരു പ്രമേയം പരിഗണനയിലിരിക്കുമ്പോൾ അദ്ധ്യക്ഷത വഹിച്ചുകൂടെന്ന്. .. 75

186. സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും അദ്ധ്യക്ഷന്റെയും ഉപാദ്ധ്യക്ഷന്റെയും ശമ്പളങ്ങളും ബത്തകളും. .. 76

187. സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്റെ സെക്രട്ടേറിയററ്. .. 76


## കാര്യങ്ങളുടെ നടത്തിപ്പ്


188. അംഗങ്ങളുടെ ശപഥം അഥവാ പ്രതിജ്ഞ. 76

189. സഭകളിൽ വോട്ടുചെയ്യലും ഒഴിവുകളുണ്ടായിരുന്നാലും പ്രവർത്തിക്കുവാൻ സഭയ്ക്കുള്ള അധികാരവും കോറവും. .. 76


## അംഗങ്ങളുടെ അയോഗ്യതകൾ


190. സ്ഥാനങ്ങൾ ഒഴിവാക്കൽ. .. 77

191. അംഗത്വത്തിനുള്ള അയോഗ്യതകൾ. .. 78

192. അംഗങ്ങളുടെ അയോഗ്യതകൾ സംബന്ധിച്ച പ്രശ്നങ്ങളിൻമേലുള്ള തീരുമാനം. .. 78

193. 188-ാം അനുച്ഛേദ പ്രകാരമുള്ള ശപഥമോ പ്രതിജ്ഞയോ ചെയ്യുന്നതിനു മുമ്പോ യോഗ്യത ഇല്ലാതിരിക്കുമ്പോഴോ, അയോഗ്യനായിരിക്കുമ്പോഴോ ഉപവേശിക്കുന്നതിനും വോട്ടുചെയ്യുന്നതിനുമുള്ള ശിക്ഷ. .. 79


## സംസ്ഥാന നിയമനിർമ്മാണമണ്ഡലങ്ങളുടെയും അവയിലെ അംഗങ്ങളുടെയും അധികാരങ്ങളും വിശേഷാവകാശങ്ങളും ബാദ്ധ്യതയില്ലായ്മകളും


194. നിയമനിർമ്മാണമണ്ഡലങ്ങളുടെ സഭകളുടെയും അവയിലെ അംഗങ്ങളുടെയും സമിതികളുടെയും അധികാരങ്ങൾ, വിശേഷാവകാശങ്ങൾ മുതലായവ. .. 79

195. അംഗങ്ങളുടെ ശമ്പളങ്ങളും ബത്തകളും. .. 80


## നിയമനിർമ്മാണ നടപടിക്രമം


196. ബില്ലുകളുടെ അവതരിപ്പിക്കലും പാസ്സാക്കലും സംബന്ധിച്ച വ്യവസ്ഥകൾ. .. 80

197. പണബില്ലുകൾ ഒഴികെയുള്ള ബില്ലുകൾ സംബന്ധിച്ച് നിയമസമിതിയുടെ അധികാരങ്ങളിൻമേലുള്ള നിയന്ത്രണം. .. 80

198. പണബില്ലുകളെ സംബന്ധിച്ച വിശേഷനടപടിക്രമം. .. 81

199. "പണബില്ല്"കളുടെ നിർവ്വചനം. .. 81

200. ബില്ലുകൾക്ക് അനുമതി. .. 83

201. പരിഗണനയ്ക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ബില്ലുകൾ. .. 83

അനുച്ഛേദങ്ങൾ | പേജ്

### ധനപരമായ വിഷയങ്ങളിലെ നടപടി ക്രമം

202. വാർഷിക ധനവിവരപ്പത്രിക. .. 84
203. അടങ്കലുകൾ സംബന്ധിച്ച നിയമനിർമ്മാണമണ്ഡലത്തിലെ നടപടിക്രമം. .. 84
204. ധനവിനിയോഗ ബില്ലുകൾ. .. 85
205. അനുപൂരകമായതോ കൂടുതലായുള്ളതോ അധികച്ചെലവിനുള്ളതോ ആയ സഹായധനങ്ങൾ. .. 85
206. കണക്കിൻമേലുള്ള വോട്ടുകളും ക്രെഡിററ് വോട്ടുകളും വിശേഷാൽ സഹായ ധനങ്ങളും. .. 86
207. ധനകാര്യ ബില്ലുകളെക്കുറിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ. .. 86

### നടപടിക്രമം സാമാന്യമായി

208. നടപടിക്രമത്തിന്റെ ചട്ടങ്ങൾ. .. 87
209. സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിലെ ധനപരമായ കാര്യങ്ങൾ സംബന്ധിച്ച നടപടിക്രമം നിയമംവഴി ക്രമപ്പെടുത്തൽ. .. 87
210. നിയമനിർമ്മാണമണ്ഡലത്തിൽ ഉപയോഗിക്കേണ്ട ഭാഷ. .. 87
211. നിയമനിർമ്മാണമണ്ഡലത്തിലെ ചർച്ചയിൻമേലുള്ള നിയന്ത്രണം. ... 88
212. നിയമനിർമ്മാണമണ്ഡലത്തിലെ നടപടികളെപ്പററി കോടതികൾ അന്വേഷണ വിചാരണ നടത്താൻ പാടില്ലെന്ന്. .. 88

## അദ്ധ്യായം IV—ഗവർണ്ണറുടെ നിയമനിർമ്മാണാധികാരം

213. നിയമനിർമ്മാണമണ്ഡലത്തിന്റെ ഒഴിവുകാലത്ത് ഓർഡിനൻസുകൾ പ്രഖ്യാപിക്കുന്നതിന് ഗവർണ്ണർക്കുള്ള അധികാരം .. 89

## അദ്ധ്യായം V—സംസ്ഥാനങ്ങളിലെ ഹൈക്കോടതികൾ

214. സംസ്ഥാനങ്ങൾക്കുള്ള ഹൈക്കോടതികൾ. .. 90
215. ഹൈക്കോടതികൾ റിക്കാർഡ് കോടതികൾ ആയിരിക്കണമെന്ന്. .. 90
216. ഹൈക്കോടതികളുടെ സംവിധാനം. .. 90
217. ഒരു ഹൈക്കോടതിയിലെ ജഡ്ജിയുടെ നിയമനവും ഉദ്യോഗ വ്യവസ്ഥകളും. .. 90
218. സുപ്രീംകോടതിയെ സംബന്ധിക്കുന്ന ചില വ്യവസ്ഥകൾ ഹൈക്കോടതിക്കു ബാധകമാക്കൽ. .. 92
219. ഹൈക്കോടതികളിലെ ജഡ്ജിമാരുടെ ശപഥം അഥവാ പ്രതിജ്ഞ. .. 92
220. ഒരു സ്ഥിരം ജഡ്ജി ആയിരുന്നശേഷം അഭിഭാഷക വൃത്തിയിലേർപ്പെടുന്നതിൻമേൽ നിയന്ത്രണം. .. 92
221. ജഡ്ജിമാരുടെ ശമ്പളങ്ങൾ മുതലായവ. .. 92
222. ഒരു ഹൈക്കോടതിയിൽ നിന്ന് മറെറാന്നിലേക്കുള്ള ഒരു ജഡ്ജിയുടെ സ്ഥലം മാററം. .. 93
223. പകരം ജോലി നോക്കുന്ന ചീഫ് ജസ്ററിസിന്റെ നിയമനം. .. 93
224. അഡീഷണൽ ജഡ്ജിമാരുടെയും പകരം ജോലി നോക്കുന്ന ജഡ്ജിമാരുടെയും നിയമനം. .. 93
224ക. ഹൈക്കോടതികളുടെ ഉപവേശനങ്ങളിൽ ഉദ്യോഗത്തിൽനിന്ന് വിരമിച്ച ജഡ്ജിമാരുടെ നിയമനം. .. 93

| അനുച്ഛേദങ്ങൾ | | | പേജ് |
|---|---|---|---|
| 225. | നിലവിലുള്ള ഹൈക്കോടതികളുടെ അധികാരിത. | .. | 94 |
| 226. | ചില റിട്ടുകൾ പുറപ്പെടുവിക്കുവാൻ ഹൈക്കോടതികൾക്കുള്ള അധികാരം. | .. | 94 |
| 226ക | [റദ്ദാക്കി.]. | .. | 95 |
| 227. | ഹൈക്കോടതിക്ക് എല്ലാ കോടതികളുടെയും മേൽ മേൽനോട്ടത്തിനുള്ള അധികാരം | .. | 95 |
| 228. | ചില കേസ്സുകൾ ഹൈക്കോടതിയിലേക്ക് മാററുന്നത്. | | 96 |
| 228ക | [റദ്ദാക്കി.]. | .. | 97 |
| 229. | ഹൈക്കോടതികളിലെ ഉദ്യോഗസ്ഥൻമാരും കീഴ്ജീവനക്കാരും ചെലവുകളും. | .. | 97 |
| 230. | ഹൈക്കോടതികളുടെ അധികാരിത യൂണിയൻ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കൽ. | | 97 |
| 231. | രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്ക് ഒരു പൊതു ഹൈക്കോടതി സ്ഥാപിക്കൽ. | .. | 98 |


## അദ്ധ്യായം VI—കീഴ്ക്കോടതികൾ


| | | | |
|---|---|---|---|
| 233. | ജില്ലാ ജഡ്ജിമാരുടെ നിയമനം. | | 99 |
| 233ക. | ചില ജില്ലാ ജഡ്ജിമാരുടെ നിയമനങ്ങളുടെയും അവർ പ്രസ്താവിച്ച വിധി ന്യായങ്ങൾ മുതലായവയുടെയും സാധുകരണം. | .. | 99 |
| 234. | ജില്ലാ ജഡ്ജിമാരായല്ലാതെ ജുഡീഷ്യൽ സർവ്വീസിൽ ആൾ ചേർക്കൽ. | .. | 100 |
| 235. | കീഴ്ക്കോടതികളുടെമേലുള്ള നിയന്ത്രണം. | .. | 100 |
| 236. | വ്യാഖ്യാനം. | .. | 100 |
| 237. | ചില വിഭാഗത്തിലോ വിഭാഗങ്ങളിലോപെട്ട മജിസ്ട്രേട്ടുമാർക്ക് ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ബാധകമാക്കൽ. | .. | 100 |


## ഭാഗം VII

## ഒന്നാം പട്ടിക ഖ ഭാഗത്തിലെ സംസ്ഥാനങ്ങൾ


| | | | |
|---|---|---|---|
| 238. | [റദ്ദാക്കി.]. | .. | 101 |


## ഭാഗം VIII

## യൂണിയൻ പ്രദേശങ്ങൾ


| | | | |
|---|---|---|---|
| 239. | യൂണിയൻ പ്രദേശങ്ങളുടെ ഭരണം. | .. | 102 |
| 239ക. | ചില യൂണിയൻ പ്രദേശങ്ങൾക്ക് തദ്ദേശ നിയമനിർമ്മാണമണ്ഡലങ്ങളോ മന്ത്രിസഭയോ അല്ലെങ്കിൽ രണ്ടുമോ സൃഷ്ടിക്കൽ. | .. | 102 |
| 239കക. | ഡൽഹിയെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ. | .. | 102 |
| 239കഖ. | ഭരണഘടനായന്ത്രം പരാജയപ്പെട്ടാലുള്ള വ്യവസ്ഥ. | .. | 104 |
| 239ഖ. | നിയമനിർമ്മാണമണ്ഡലത്തിന്റെ ഒഴിവുകാലത്തു ഓർഡിനൻസുകൾ പ്രഖ്യാപിക്കുന്നതിനു അഡ്മിനിസ്ട്രേറററർക്കുള്ള അധികാരം. | .. | 105 |
| 240. | ചില യൂണിയൻ പ്രദേശങ്ങൾക്കുവേണ്ടി റഗുലേഷനുകൾ ഉണ്ടാക്കുവാൻ രാഷ്ട്രപതിക്കുള്ള അധികാരം. | .. | 106 |
| 241. | യൂണിയൻ പ്രദേശങ്ങൾക്കു ഹൈക്കോടതികൾ. | .. | 107 |
| 242. | [റദ്ദാക്കി.]. | .. | 107 |

## ഭാഗം IX

## പഞ്ചായത്തുകൾ


| | | | |
|---|---|---|---|
| 243. | നിർവ്വചനങ്ങൾ. | .. | 108 |
| 243 ക. | ഗ്രാമസഭ. | .. | 108 |
| 243 ഖ. | പഞ്ചായത്തുകളുടെ രൂപീകരണം. | .. | 108 |
| 243 ഗ. | പഞ്ചായത്തുകളുടെ ഘടന. | .. | 108 |
| 243 ഘ. | സ്ഥാനങ്ങൾ സംവരണം ചെയ്യൽ. | .. | 109 |
| 243 ങ. | പഞ്ചായത്തുകളുടെ കാലദൈർഘ്യം മുതലായവ. | .. | 110 |
| 243 ച. | അംഗത്വത്തിനുള്ള യോഗ്യതകൾ. | .. | 111 |
| 243 ഛ. | പഞ്ചായത്തുകളുടെ അധികാരങ്ങളും അധികാരശക്തിയും ഉത്തരവാദിത്വങ്ങളും. | .. | 111 |
| 243 ജ. | പഞ്ചായത്തുകൾക്ക് നികുതി ചുമത്താനുള്ള അധികാരങ്ങളും പഞ്ചായത്തുകളുടെ നിധികളും. | .. | 112 |
| 243 ഝ. | സാമ്പത്തികസ്ഥിതി റിവ്യൂ ചെയ്യുന്നതിനു ധനകാര്യക്കമ്മീഷന്റെ രൂപീകരണം. | .. | 112 |
| 243 ഞ. | പഞ്ചായത്തുകളുടെ അക്കൗണ്ടുകളുടെ ആഡിററ്. | .. | 113 |
| 243 ട. | പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ. | .. | 113 |
| 243 ഠ. | യൂണിയൻ പ്രദേശങ്ങൾക്കുള്ള ബാധകത. | .. | 113 |
| 243ഡ. | ചില പ്രദേശങ്ങൾക്കു ഈ ഭാഗം ബാധകമാകുന്നതല്ലെന്ന്. | .. | 114 |
| 243 ഢ. | നിലവിലുള്ള നിയമങ്ങളും പഞ്ചായത്തുകളും തുടരുമെന്ന്. | .. | 114 |
| 243 ണ. | തെരഞ്ഞെടുപ്പു വിഷയങ്ങളിൽ കോടതികളുടെ ഇടപെടലിന് വിലക്ക്. | .. | 115 |


## ഭാഗം IX ക

## മുനിസിപ്പാലിററികൾ


| | | | |
|---|---|---|---|
| 243 ത. | നിർവ്വചനങ്ങൾ. | .. | 115 |
| 243 ഥ. | മുനിസിപ്പാലിററികളുടെ രൂപീകരണം. | .. | 116 |
| 243 ദ. | മുനിസിപ്പാലിററികളുടെ ഘടന. | .. | 116 |
| 243 ധ. | വാർഡുകമ്മിററികൾ മുതലായവയുടെ രൂപീകരണവും ഘടനയും. | .. | 117 |
| 243 ന. | സ്ഥാനങ്ങൾ സംവരണം ചെയ്യൽ. | .. | 117 |
| 243 പ. | മുനിസിപ്പാലിററികളുടെ കാലദൈർഘ്യം മുതലായവ. | .. | 118 |
| 243 ഫ. | അംഗത്വത്തിനുള്ള അയോഗ്യതകൾ. | .. | 118 |
| 243 ബ. | മുനിസിപ്പാലിററികൾ മുതലായവയുടെ അധികാരങ്ങളും അധികാരശക്തിയും ഉത്തരവാദിത്വങ്ങളും. | .. | 119 |
| 243 ഭ. | മുനിസിപ്പാലിററികൾക്ക് നികുതി ചുമത്താനുള്ള അധികാരവും മുനിസിപ്പിലാററികളുടെ നിധികളും. | .. | 119 |
| 243 മ. | ധനകാര്യക്കമ്മീഷൻ. | .. | 119 |
| 243 യ. | മുനിസിപ്പിലാററികളുടെ അക്കൗണ്ടുകളുടെ ആഡിററ്. | .. | 120 |
| 243 യ ക. | മുനിസിപ്പിലാററികളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ. | .. | 120 |
| 243 യ ഖ. | യൂണിയൻ പ്രദേശങ്ങൾക്കുള്ള ബാധകത. | .. | 120 |
| 243 യ ഗ. | ചിലപ്രദേശങ്ങൾക്ക് ഈ ഭാഗം ബാധകമാകുന്നതല്ലെന്ന്. | .. | 120 |

*അനുച്ഛേദങ്ങൾ* *പേജ്*

243 യ ഘ. ജില്ലാ ആസൂത്രണത്തിനുള്ള കമ്മിററി. .. 121

243 യ ങ. മഹാനഗര ആസൂത്രണത്തിനുള്ള കമ്മിററി. .. 121

243 യ ച. നിലവിലുള്ള നിയമങ്ങളും മുനിസിപ്പാലിററികളും തുടരുമെന്ന്. .. 122

243 യ ഛ. തെരഞ്ഞെടുപ്പു വിഷയങ്ങളിൽ കോടതികളുടെ ഇടപെടലിന് വിലക്ക്. .. 123

## ഭാഗം X
## പട്ടിക-ഗോത്രവർഗ്ഗ പ്രദേശങ്ങൾ

244. പട്ടികപ്രദേശങ്ങളുടെയും ഗോത്രവർഗ്ഗപ്രദേശങ്ങളുടെയും ഭരണം. .. 124

244 ക. ആസ്സാമിലെ ചില ഗോത്രവർഗ്ഗ പ്രദേശങ്ങൾ അടങ്ങിയ ഒരു സ്വയംഭരണ സംസ്ഥാനത്തിൻെറ രൂപീകരണവും അതിനുവേണ്ടി തദ്ദേശ നിയമനിർമ്മാണ മണ്ഡലത്തിൻെറയോ മന്ത്രിസഭയുടെയോ രണ്ടിൻെറയുമോ സൃഷ്ടിയും. .. 124

## ഭാഗം XI

## യൂണിയനും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധങ്ങൾ

## അദ്ധ്യായം I—നിയമനിർമ്മാണപരമായ ബന്ധങ്ങൾ

### നിയമനിർമ്മാണപരമായ അധികാരങ്ങളുടെ വിഭജനം

245. പാർലമെന്റും സംസ്ഥാനങ്ങളുടെ നിയമനിർമ്മാണമണ്ഡലങ്ങളും ഉണ്ടാക്കുന്ന നിയമങ്ങളുടെ വ്യാപ്തി. .. 126

246. പാർലമെൻറും സംസ്ഥാനങ്ങളിലെ നിയമനിർമ്മാണമണ്ഡലങ്ങളും ഉണ്ടാക്കുന്ന നിയമങ്ങളുടെ വിഷയം. .. 126

247. ചില അഡീഷണൽ കോടതികളുടെ സ്ഥാപനത്തിന് വ്യവസ്ഥ ചെയ്യുവാൻ പാർലമെൻറിനുള്ള അധികാരം. .. 127

248. നിയമനിർമ്മാണത്തിനുള്ള അവശേഷിക്കുന്ന അധികാരങ്ങൾ. 127

249. സംസ്ഥാന ലിസ്ററിലെ ഒരു വിഷയം സംബന്ധിച്ച് ദേശീയ താൽപ്പര്യത്തിനു വേണ്ടി നിയമം ഉണ്ടാക്കുവാൻ പാർലമെൻറിനുള്ള അധികാരം. 127

250. ഒരു അടിയന്തിരാവസ്ഥാ വിളംബരം പ്രാബല്യത്തിലുണ്ടെങ്കിൽ സംസ്ഥാന ലിസ്ററിലെ ഏതു വിഷയം സംബന്ധിച്ചും നിയമം ഉണ്ടാക്കുവാൻ പാർലമെൻറിനുള്ള അധികാരം. .. 127

251. 249-ഉം 250-ഉം അനുച്ഛേദങ്ങൾ പ്രകാരം പാർലമെന്റുണ്ടാക്കിയ നിയമങ്ങളും സംസ്ഥാനങ്ങളുടെ നിയമനിർമ്മാണമണ്ഡലങ്ങൾ ഉണ്ടാക്കിയ നിയമങ്ങളും തമ്മിലുള്ള പൊരുത്തമില്ലായ്മ. .. 128

252. രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്കുവേണ്ടി സമ്മതത്തോടുകൂടി നിയമം ഉണ്ടാക്കുവാൻ പാർലമെൻറിനുള്ള അധികാരവും അങ്ങനെയുള്ള നിയമം മറേറതെങ്കിലും സംസ്ഥാനം സ്വീകരിക്കുന്നതും. .. 128

253. അന്താരാഷ്ട്രക്കരാറുകൾക്ക് പ്രാബല്യം നൽകുന്നതിനുള്ള നിയമനിർമ്മാണം .. 128

254. പാർലമെൻറ് ഉണ്ടാക്കുന്ന നിയമങ്ങളും സംസ്ഥാനങ്ങളുടെ നിയമനിർമ്മാണ മണ്ഡലങ്ങൾ ഉണ്ടാക്കുന്ന നിയമങ്ങളും തമ്മിലുള്ള പൊരുത്തമില്ലായ്മ. .. 128

255. ശിപാർശകളും മുൻകൂട്ടിയുള്ള അനുമതികളും സംബന്ധിച്ച ആവശ്യകതകൾ നടപടിക്രമം സംബന്ധിച്ചവ മാത്രമായി കരുതണമെന്ന്. .. 129

*അനുച്ഛേദങ്ങൾ* *പേജ്*

## അദ്ധ്യായം II—ഭരണപരമായ ബന്ധങ്ങൾ

### സാമാന്യം

256. സംസ്ഥാനങ്ങളുടെയും യൂണിയൻെറയും കടപ്പാട്. .. 130
257. ചില സംഗതികളിൽ സംസ്ഥാനങ്ങളുടെമേൽ യൂണിയൻെറ നിയന്ത്രണം. .. 130
257ക. [റദ്ദാക്കി.]. .. 131
258. ചില സംഗതികളിൽ സംസ്ഥാനങ്ങൾക്ക് അധികാരങ്ങളും മററും നൽകുവാൻ യൂണിയനുള്ള അധികാരം. .. 131
258ക. യൂണിയനെ ചുമതലകൾ ഏൽപ്പിക്കുവാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം. .. 131
259. [റദ്ദാക്കി.] .. 131
260. ഭാരതത്തിന് പുറത്തുള്ള ഭൂപ്രദേശങ്ങളെ സംബന്ധിച്ച് യൂണിയനുള്ള അധികാരിത .. 131
261. പൊതു കൃത്യങ്ങളും, രേഖകളും നീതിന്യായ നടപടികളും. .. 131

### *ജലം സംബന്ധിച്ച തർക്കങ്ങൾ*

262. അന്തർ സംസ്ഥാന നദികളിലെയോ അന്തർ സംസ്ഥാന നദീതടങ്ങളിലെയോ ജലം സംബന്ധിച്ച തർക്കങ്ങളുടെ ന്യായനിർണ്ണയം. .. 132

### *സംസ്ഥാനങ്ങൾക്കിടയിൽ ഏകോപനം*

263. ഒരു അന്തർസംസ്ഥാനസമിതിയെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ. .. 132

## ഭാഗം XII

## ധനകാര്യവും വസ്തുവും കരാറുകളും വ്യവഹാരങ്ങളും

## അദ്ധ്യായം I—ധനകാര്യം

### സാമാന്യം

264. വ്യാഖ്യാനം. .. 133
265. നിയമത്തിൻെറ അധികാരം മുഖേനയല്ലാതെ നികുതികൾ ചുമത്തരുതെന്ന്. .. 133
266. ഭാരതത്തിൻെറയും സംസ്ഥാനങ്ങളുടെയും സഞ്ചിതനിധികളും പൊതുക്കണക്കുകളും. .. 133
267. ആകസ്മികനിധി. .. 133

### *യൂണിയനും സംസ്ഥാനങ്ങൾക്കും ഇടയിൽ റവന്യൂകളുടെ വിതരണം*

268. യൂണിയൻചുമത്തുന്നതും എന്നാൽ സംസ്ഥാനങ്ങൾ പിരിക്കുന്നതും വിനിയോഗിക്കുന്നതുമായ തീരുവകൾ. .. 134
268ക. യൂണിയൻ ചുമത്തുകയും, യൂണിയനും സംസ്ഥാനങ്ങളും കൂടി പിരിച്ചെടുക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നതായ സേവന നികുതി. 134
269. യൂണിയൻ ചുമത്തുന്നതും പിരിക്കുന്നതും എന്നാൽ സംസ്ഥാനങ്ങൾക്ക് തിരിച്ചുവയ്ക്കുന്നതുമായ നികുതികൾ. .. 135
270. യൂണിയനും സംസ്ഥാനങ്ങൾക്കും ഇടയിൽ ചുമത്തുന്നതും വിതരണം ചെയ്യുന്നതുമായ നികുതികൾ .. 135
271. യൂണിയൻെറ ആവശ്യങ്ങൾക്കായി ചിലതീരുവകളിൻമേലും നികുതികളിൻമേലും ഉള്ള സർച്ചാർജ്ജ് .. 136
272. [വിട്ടുകളഞ്ഞു]. .. 136

അനുച്ഛേദങ്ങൾ പേജ്

273. ചണത്തിൻമേലും ചണോൽപ്പന്നങ്ങളിൻമേലും ഉള്ള കയററുമതി തീരുവയ്ക്ക് പകരമുള്ള സഹായധനം. .. 136
274. സംസ്ഥാനങ്ങൾക്ക് താത്പര്യമുള്ള നികുതി ചുമത്തലിനെ ബാധിക്കുന്ന ബില്ലുകൾക്ക് രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള ശിപാർശ വേണമെന്ന്. .. 136
275. യൂണിയനിൽനിന്ന് ചില സംസ്ഥാനങ്ങൾക്കുള്ള സഹായധനങ്ങൾ. .. 137
276. വൃത്തികൾ, വ്യാപാരങ്ങൾ, പ്രവൃത്തികൾ, ജീവനങ്ങൾ എന്നിവയിൻമേലുള്ള നികുതികൾ. .. 138
277. ഒഴിവാക്കലുകൾ. .. 138
278. [റദ്ദാക്കി.]. .. 139
279. "അററവരവു" കളുടെ കണക്കുകൂട്ടൽ മുതലായവ. .. 139
280. ധനകാര്യക്കമ്മീഷൻ. .. 139
281. ധനകാര്യക്കമ്മീഷന്റെ ശിപാർശകൾ. .. 140

*പലവകധനകാര്യവ്യവസ്ഥകൾ*

282. യൂണിയനോ ഒരു സംസ്ഥാനത്തിനോ അതിന്റെ റവന്യൂകളിൽ നിന്ന് നടത്താവുന്ന ചെലവ്. .. 140
283. സഞ്ചിതനിധികളുടെയും ആകസ്മികനിധികളുടെയും പൊതുക്കണക്കിൽ വരവു വയ്ക്കുന്ന പണത്തിന്റെയും സൂക്ഷിപ്പ് മുതലായവ. .. 140
284. വ്യവഹാരകക്ഷികളുടെ നിക്ഷേപങ്ങളുടെയും പൊതുജീവനക്കാരോ കോടതികളോ സ്വീകരിക്കുന്ന മററ് പണത്തിന്റെയും സൂക്ഷിപ്പ്. 140
285. സംസ്ഥാന നികുതിചുമത്തലിൽ നിന്ന് യൂണിയന്റെ വസ്തുവകകളെ ഒഴിവാക്കൽ. .. 141
286. സാധനങ്ങൾ വാങ്ങുന്നതിൻമേലോ വിൽക്കുന്നതിൻമേലോ നികുതിചുമത്തുന്നതു സംബന്ധിച്ച നിയന്ത്രണം. 141
287. വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളിൽനിന്ന് ഒഴിവാക്കൽ. .. 142
288. ചില സംഗതികളിൽ വെള്ളമോ വിദ്യുച്ചക്തിയോ സംബന്ധിച്ച് സംസ്ഥാനങ്ങൾ, നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കൽ. 142
289. യൂണിയൻ നികുതി ചുമത്തലിൽനിന്ന് ഒരു സംസ്ഥാനത്തിന്റെ വസ്തുവകകളെയും ആദായത്തെയും ഒഴിവാക്കൽ. .. 143
290. ചില ചെലവുകളും പെൻഷനും സംബന്ധിച്ച ക്രമപ്പെടുത്തൽ. .. 143
290ക. ചില ദേവസ്വം നിധികളിലേക്ക് വർഷംതോറും പണം കൊടുക്കുന്നത്. .. 143
291. [റദ്ദാക്കി.]. .. 144

**അദ്ധ്യായം II—കടമെടുപ്പ്**

292. ഭാരതസർക്കാരിന്റെ കടമെടുപ്പ്. .. 144
293. സംസ്ഥാനങ്ങളുടെ കടമെടുപ്പ്. .. 144

**അദ്ധ്യായം III—സ്വത്ത്, കരാറുകൾ, അവകാശങ്ങൾ, ബാദ്ധ്യതകൾ, കടപ്പാടുകൾ, വ്യവഹാരങ്ങൾ**

294. ചില സംഗതികളിൽ സ്വത്ത്, ആസ്തികൾ, അവകാശങ്ങൾ, ബാദ്ധ്യതകൾ, കടപ്പാടുകൾ എന്നിവയ്ക്കുള്ള പിൻതുടർച്ചാവകാശം. .. 145
295. മററു സംഗതികളിൽ സ്വത്ത്, ആസ്തികൾ, അവകാശങ്ങൾ, ബാദ്ധ്യതകൾ, കടപ്പാടുകൾ എന്നിവയ്ക്കുള്ള പിൻതുടർച്ചാവകാശം. .. 145

*അനുച്ഛേദങ്ങൾ* *പേജ്*

296. അന്യം നിന്നോ കാലഹരണം കൊണ്ടോ ഉടമയില്ലാത്ത നിലയിലോ ലഭിക്കുന്ന വസ്തു. .. 146

297. പ്രാദേശിക ജലാതിർത്തിയിലോ കോണ്ടിനൻറൽ ഷെൽഫിനോ ഉള്ളിൽ സ്ഥിതി ചെയ്യുന്ന മൂല്യമുള്ള സാധനങ്ങളും അനന്യ സാമ്പത്തിക മേഖലയുടെ വിഭവങ്ങളും യൂണിയനിൽ നിക്ഷിപ്തമാകുമെന്ന്. .. 146

298. വ്യാപാരം മുതലായവ നടത്തുന്നതിനുള്ള അധികാരം. .. 146

299. കരാറുകൾ. .. 147

300. വ്യവഹാരങ്ങളും നടപടികളും. .. 147

## അദ്ധ്യായം IV—സ്വത്തിനുള്ള അവകാശം

300ക. നിയമം അധികാരപ്പെടുത്തിയാലല്ലാതെ ആളുകളുടെ സ്വത്തവകാശം എടുത്തുകളയരുതെന്ന്. .. 148

# ഭാഗം XIII

## ഭാരതത്തിന്റെ ഭൂപ്രദേശത്തിനകത്തെ വ്യാപാരവും വാണിജ്യവും പരസ്പര സമ്പർക്കവും

301. വ്യാപാരത്തിനും വാണിജ്യത്തിനും പരസ്പര സമ്പർക്കത്തിനുമുള്ള സ്വാതന്ത്ര്യം. .. 149

302. വ്യാപാരത്തിൻമേലും വാണിജ്യത്തിൻമേലും പരസ്പര സമ്പർക്കത്തിൻമേലും നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ പാർലമെന്റിനുള്ള അധികാരം. .. 149

303. വ്യാപാരവും വാണിജ്യവും സംബന്ധിച്ച് യൂണിയന്റെയും സംസ്ഥാനങ്ങളുടെയും നിയമനിർമ്മാണാധികാരത്തിൻമേൽ നിയന്ത്രണങ്ങൾ. .. 149

304. സംസ്ഥാനങ്ങൾ തമ്മിലുള്ള വ്യാപാരത്തിൻമേലും വാണിജ്യത്തിൻമേലും പരസ്പര സമ്പർക്കത്തിൻമേലും ഉള്ള നിയന്ത്രണങ്ങൾ. .. 149

305 നിലവിലുള്ള നിയമങ്ങളെയും സംസ്ഥാന കുത്തകകൾക്ക് വ്യവസ്ഥ ചെയ്യുന്ന നിയമങ്ങളെയും ഒഴിവാക്കൽ. .. 150

306. [റദ്ദാക്കി.]. .. 150

307. 301 മുതൽ 304 വരെയുള്ള അനുച്ഛേദങ്ങളുടെ ലക്ഷ്യങ്ങൾ നേടുന്നതിന് അധികാരസ്ഥാനത്തിന്റെ നിയമനം. .. 150

# ഭാഗം XIV

## യൂണിയന്റെയും സംസ്ഥാനങ്ങളുടെയും കീഴിലുള്ള സർവ്വീസുകൾ

## അദ്ധ്യായം I—സർവ്വീസുകൾ

308. വ്യാഖ്യാനം. .. 151

309. യൂണിയനേയോ ഒരു സംസ്ഥാനത്തേയോ സേവിക്കുന്ന ആളുകളുടെ ചേർക്കലും സേവനവ്യവസ്ഥകളും. .. 151

310. യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ സർവ്വീസിലുള്ളവരുടെ ഉദ്യോഗ കാലാവധി. .. 151

311. യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കീഴിൽ സിവിൽ പദവികളിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുകളുടെ പിരിച്ചുവിടലും നീക്കം ചെയ്യലും തരം താഴ്ത്തലും. .. 152

312. അഖിലേന്ത്യാ സർവ്വീസുകൾ. .. 153

| അനുച്ഛേദങ്ങൾ | | | പേജ് |
|---|---|---|---|
| 312 ക. | ചില സർവ്വീസുകളിലെ ഉദ്യോഗസ്ഥൻമാരുടെ സേവന വ്യവസ്ഥകൾ വ്യത്യാസപ്പെടുത്തുന്നതിനും റദ്ദാക്കുന്നതിനും പാർലമെൻറിനുള്ള അധികാരം. | .. | 153 |
| 313. | പരിവർത്തന വ്യവസ്ഥകൾ. | .. | 155 |
| 314. | [റദ്ദാക്കി.]. | .. | 155 |

## അദ്ധ്യായം II—പബ്ളിക് സർവ്വീസ് കമ്മീഷനുകൾ

| | | | |
|---|---|---|---|
| 315. | യൂണിയനു വേണ്ടിയും സംസ്ഥാനങ്ങൾക്കു വേണ്ടിയുമുള്ള പബ്ളിക് സർവ്വീസ് കമ്മീഷനുകൾ. | .. | 155 |
| 316. | അംഗങ്ങളുടെ നിയമനവും ഉദ്യോഗകാലാവധിയും. | .. | 155 |
| 317. | ഒരു പബ്ളിക് സർവ്വീസ് കമ്മീഷനിലെ ഒരംഗത്തെ നീക്കം ചെയ്യലും സസ്പെൻഡ് ചെയ്യലും. | .. | 156 |
| 318. | കമ്മീഷന്റെ അംഗങ്ങളുടെയും ഉദ്യോഗസ്ഥൻമാരുടെയും സേവനവ്യവസ്ഥകളെ കുറിച്ച് റഗുലേഷനുകളുണ്ടാക്കുവാനുള്ള അധികാരം. | .. | 157 |
| 319. | കമ്മീഷന്റെ അംഗങ്ങൾ അങ്ങനെയുള്ള അംഗങ്ങൾ അല്ലാതായിത്തീരുമ്പോൾ ഉദ്യോഗങ്ങൾ വഹിക്കുന്നതുനെക്കുറിച്ചുള്ള നിരോധനം. | .. | 157 |
| 320. | പബ്ളിക് സർവീസ് കമ്മീഷനുകളുടെ ചുമതലകൾ. | .. | 158 |
| 321. | പബ്ളിക് സർവീസ് കമ്മീഷനുകളുടെ ചുമതലകൾ വ്യാപിപ്പിക്കുന്നതിനുള്ള അധികാരം. | .. | 159 |
| 322. | പബ്ളിക് സർവ്വീസ് കമ്മീഷനുകളുടെ ചെലവുകൾ. | .. | 160 |
| 323. | പബ്ളിക് സർവ്വീസ് കമ്മീഷനുകളുടെ റിപ്പോർട്ടുകൾ. | .. | 160 |

## ഭാഗം XIV ക

## ട്രിബ്യൂണലുകൾ

| | | | |
|---|---|---|---|
| 323 ക. | ഭരണ ട്രിബ്യൂണലുകൾ. | .. | 160 |
| 323 ഖ. | മററു വിഷയങ്ങൾക്കുള്ള ട്രിബ്യൂണലുകൾ. | .. | 161 |

## ഭാഗം XV

## തെരഞ്ഞെടുപ്പുകൾ

| | | | |
|---|---|---|---|
| 324. | തെരഞ്ഞെടുപ്പുകളുടെ മേൽനോട്ടവും, മാർഗ്ഗനിർദ്ദേശവും നിയന്ത്രണവും തെരഞ്ഞെടുപ്പു കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുമെന്ന്. | .. | 164 |
| 325. | മതമോ വർഗ്ഗമോ ജാതിയോ ലിംഗമോ കാരണമാക്കി യാതൊരാളും തെരഞ്ഞെടുപ്പു പട്ടികയിൽ ഉൾപ്പെടുത്തപ്പെടുത്തുന്നതിന് അനർഹനായിരിക്കുന്നതോ, ഒരു വിശേഷാൽതെരഞ്ഞെടുപ്പു പട്ടികയിൽ അയാളെ ഉൾപ്പെടുത്തണമെന്ന് അവകാശപ്പെടാവുന്നതോ അല്ലെന്ന്. | .. | 165 |
| 326. | ലോകസഭയിലേയ്ക്കും സംസ്ഥാനങ്ങളിലെ നിയമസഭകളിലേയ്ക്കും ഉള്ള തെരഞ്ഞെടുപ്പുകൾ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന്. | .. | 165 |
| 327. | നിയമനിർമ്മാണമണ്ഡലങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച് വ്യവസ്ഥയുണ്ടാക്കുവാൻ പാർലമെന്റിനുള്ള അധികാരം. | .. | 165 |
| 328. | ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിന് അങ്ങനെയുള്ള നിയമനിർമ്മാണമണ്ഡലത്തിലേക്കുള്ള തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച് വ്യവസ്ഥ ഉണ്ടാക്കുവാനുള്ള അധികാരം. | .. | 165 |

അനുച്ഛേദങ്ങൾ | പേജ്


329. തെരെഞ്ഞെടുപ്പു വിഷയങ്ങളിൽ കോടതികളുടെ ഇടപെടലിന് വിലക്ക്. .. 166

329 ക. [റദ്ദാക്കി]. .. 166


## ഭാഗം XVI

## ചില വിഭാഗങ്ങളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ


330. ലോകസഭയിൽ പട്ടികജാതികൾക്കും പട്ടിക ഗോത്രവർഗ്ഗങ്ങൾക്കും സ്ഥാനങ്ങൾ സംവരണം ചെയ്യൽ. .. 167

331. ലോകസഭയിൽ ആംഗ്ളോ-ഇൻഡ്യൻ സമുദായത്തിനുള്ള പ്രാതിനിദ്ധ്യം. .. 168

332. സംസ്ഥാനങ്ങളിലെ നിയമസഭകളിൽ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും സ്ഥാനങ്ങൾ സംവരണം ചെയ്യൽ. .. 168

333. സംസ്ഥാനങ്ങളിലെ നിയമസഭകളിൽ ആംഗ്ളോ-ഇൻഡ്യൻ സമുദായത്തിനുള്ള പ്രാതിനിദ്ധ്യം. .. 169

334. സ്ഥാനങ്ങളുടെ സംവരണവും പ്രത്യേക പ്രാതിനിദ്ധ്യവും അറുപത് വർഷങ്ങൾക്കുശേഷം ഇല്ലാതാകുമെന്ന്. .. 169

335. സർവ്വീസുകളിലേക്കും തസ്തികകളിലേക്കും പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും ഉള്ള അവകാശങ്ങൾ. .. 170

336. ചില സർവ്വീസുകളിൽ ആംഗ്ളോ-ഇൻഡ്യൻ സമുദായത്തിനു വേണ്ടി പ്രത്യേക വ്യവസ്ഥ. .. 170

337. ആംഗ്ളോ-ഇന്ത്യൻ സമുദായത്തിന്റെ ഗുണത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസ സഹായധനങ്ങൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ. .. 170

338. ദേശീയ പട്ടികജാതി കമ്മീഷൻ. .. 171

338ക. ദേശീയ പട്ടികഗോത്രവർഗ്ഗ കമ്മീഷൻ 172

339. പട്ടികപ്രദേശങ്ങളുടെ ഭരണത്തിൻമേലും പട്ടികഗോത്ര വർഗ്ഗങ്ങളുടെ ക്ഷേമത്തിൻമേലും യൂണിയനുള്ള നിയന്ത്രണം. 174

340. പിന്നോക്ക വിഭാഗങ്ങളുടെ അവസ്ഥകളെപ്പററി അന്വേഷിക്കുന്നതിനുള്ള ഒരു കമ്മീഷന്റെ നിയമനം. 175

341. പട്ടിക ജാതികൾ. 175

342. പട്ടിക ഗോത്രവർഗ്ഗങ്ങൾ. .. 176


## ഭാഗം XVII

## ഔദ്യോഗിക ഭാഷ

### അദ്ധ്യായം I—യൂണിയന്റെ ഭാഷ


343. യൂണിയന്റെ ഔദ്യോഗികഭാഷ. .. 177

344. ഔദ്യോഗിക ഭാഷ സംബന്ധിച്ച കമ്മീഷനും പാർലമെൻറിന്റെ കമ്മിററിയും. .. 177


### അദ്ധ്യായം II—പ്രാദേശിക ഭാഷകൾ


345. ഒരു സംസ്ഥാനത്തെ ഔദ്യോഗിക ഭാഷ അല്ലെങ്കിൽ ഭാഷകൾ. .. 178

346. ഒരു സംസ്ഥാനവും മറ്റൊന്നും തമ്മിലോ, ഒരു സംസ്ഥാനവും യൂണിയനും തമ്മിലോ ഉള്ള ആശയവിനിമയത്തിനുള്ള ഔദ്യോഗിക ഭാഷ. .. 178

347. ഒരു സംസ്ഥാനത്തെ ജനസംഖ്യയിൽ ഒരു വിഭാഗം സംസാരിക്കുന്ന ഭാഷ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ. .. 179


### അദ്ധ്യായം III—സുപ്രീംകോടതി, ഹൈക്കോടതികൾ മുതലായവയിലെ ഭാഷ


348. സുപ്രീം കോടതിയിലും ഹൈക്കോടതികളിലും ആക്ററുകൾ ബില്ലുകൾ മുതലായവയ്ക്കും ഉപയോഗിക്കേണ്ട ഭാഷ. .. 179

| അനുച്ഛേദങ്ങൾ | | പേജ് |
|---|---|---|
| 349. | ഭാഷയെ സംബന്ധിച്ച ചില നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രത്യേക നടപടിക്രമം. .. | 180 |


## അദ്ധ്യായം IV—പ്രത്യേക നിർദ്ദേശങ്ങൾ


| | | |
|---|---|---|
| 350. | സങ്കടപരിഹാരത്തിനുള്ള നിവേദനങ്ങളിൽ ഉപയോഗിക്കേണ്ട ഭാഷ. | 180 |
| 350 ക. | പ്രാഥമിക ഘട്ടത്തിൽ മാതൃഭാഷയിൽ ബോധനത്തിനുള്ള സൗകര്യങ്ങൾ. .. | 180 |
| 350 ഖ. | ഭാഷാ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക ഉദ്യോഗസ്ഥൻ. .. | 180 |
| 351. | ഹിന്ദി ഭാഷയുടെ വികസനത്തിനുള്ള നിർദ്ദേശം. .. | 180 |


## ഭാഗം XVIII
## അടിയന്തിരാവസ്ഥാ വ്യവസ്ഥകൾ


| | | |
|---|---|---|
| 352. | അടിയന്തിരാവസ്ഥാ വിളംബരം. .. | 181 |
| 353. | അടിയന്തിരാവസ്ഥാ വിളംബരത്തിന്റെ അനന്തരഫലം. .. | 183 |
| 354. | ഒരു അടിയന്തിരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ റവന്യൂവിന്റെ വിതരണം സംബന്ധിച്ച വ്യവസ്ഥകളുടെ ബാധകത. .. | 183 |
| 355. | ബാഹ്യാക്രമണത്തിനും ആഭ്യന്തര കലാപത്തിനും എതിരായി സംസ്ഥാനങ്ങളെ സംരക്ഷിക്കുവാനുള്ള യൂണിയന്റെ കർത്തവ്യം. .. | 184 |
| 356. | സംസ്ഥാനങ്ങളിൽ ഭരണഘടനായന്ത്രം പരാജയപ്പെട്ടാലുള്ള വ്യവസ്ഥകൾ. .. | 184 |
| 357. | 356-ാം അനുച്ഛേദപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിളംബരം അനുസരിച്ചുള്ള നിയമനിർമ്മാണാധികാരങ്ങളുടെ പ്രയോഗം. .. | 186 |
| 358. | അടിയന്തിരാവസ്ഥാ കാലങ്ങളിൽ 19-ാം അനുച്ഛേദത്തിലെ വ്യവസ്ഥകളുടെ നിറുത്തിവയ്ക്കൽ. .. | 187 |
| 359. | അടിയന്തിരാവസ്ഥാ കാലങ്ങളിൽ 111-ാം ഭാഗത്താൽ നൽകിയിട്ടുള്ള അവകാശങ്ങൾ നടപ്പാക്കുന്നത് നിറുത്തിവയ്ക്കൽ. .. | 187 |
| 359 ക. | [റദ്ദാക്കി]. .. | 189 |
| 360. | സാമ്പത്തിക അടിയന്തിരാവസ്ഥ സംബന്ധിച്ച വ്യവസ്ഥകൾ. .. | 189 |


## ഭാഗം XIX
## പലവക


| | | |
|---|---|---|
| 361. | രാഷ്ട്രപതിയ്ക്കും ഗവർണ്ണർമാർക്കും രാജപ്രമുഖൻമാർക്കും സംരക്ഷണം. .. | 191 |
| 361 ക. | പാർലമെന്റിന്റെയും സംസ്ഥാന നിയമനിർമ്മാണമണ്ഡലങ്ങളുടെയും നടപടികൾ പ്രസിദ്ധീകരിക്കുന്നതിലുള്ള സംരക്ഷണം. .. | 192 |
| 361ഖ. | പ്രതിഫലദായകമായ രാഷ്ട്രീയ സ്ഥാനത്ത് നിയമനത്തിനുള്ള അയോഗ്യത | 192 |
| 362. | [റദ്ദാക്കി]. .. | 193 |
| 363. | ചില സന്ധികൾ, കരാറുകൾ മുതലായവയിൽ നിന്ന് ഉത്ഭവിക്കുന്ന തർക്കങ്ങളിൽ കോടതികളുടെ ഇടപെടലിന് വിലക്ക്. .. | 193 |
| 363 ക. | നാട്ടുരാജ്യങ്ങളുടെ ഭരണാധികാരികൾക്ക് നൽകിയിട്ടുള്ള അംഗീകാരം അവസാനിക്കുന്നതും പ്രിവിപേഴ്സുകൾ നിറുത്തലാക്കുന്നതും. .. | 193 |
| 364. | വൻകിട തുറമുഖങ്ങളെയും വിമാനത്താവളങ്ങളെയും സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ. .. | 194 |
| 365. | യൂണിയൻ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കുന്നതിലോ അവയ്ക്ക് പ്രഭാവം നൽകുന്നതിലോ വീഴ്ച വരുത്തുന്നതിന്റെ ഫലം. .. | 194 |
| 366. | നിർവ്വചനങ്ങൾ. .. | 194 |
| 367. | വ്യാഖ്യാനം. .. | 198 |

അനുച്ഛേദങ്ങൾ | പേജ്

## ഭാഗം XX

### ഭരണഘടനയുടെ ഭേദഗതി

368. ഭരണഘടന ഭേദഗതി ചെയ്യുന്നതിന് പാർലമെൻറിനുള്ള അധികാരവും അതിനുള്ള നടപടിക്രമവും. 199

## ഭാഗം XXI

### താൽക്കാലികവും പരിവർത്തനവും പ്രത്യേകവും ആയ വ്യവസ്ഥകൾ

369. സംസ്ഥാന ലിസ്ററിലുള്ള ചില വിഷയങ്ങൾ സംബന്ധിച്ച് അവ സമവർത്തി ലിസ്ററിലുള്ള വിഷയങ്ങളായിരുന്നാലെന്നപോലെ നിയമംഉണ്ടാക്കുവാൻ പാർലമെൻറിനുള്ള താൽക്കാലിക അധികാരം. .. 201

370. ജമ്മു-കാശ്മീർ സംസ്ഥാനം സംബന്ധിച്ചുള്ള താൽക്കാലിക വ്യവസ്ഥകൾ. .. 201

371. മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ. .. 203

371ക. നാഗാലാൻഡ് സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ. .. 203

371ഖ. ആസ്സാം സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ. .. 206

371ഗ. മണിപ്പൂർ സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ. .. 206

371ഘ. ആന്ധ്രാപ്രദേശ് സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ. .. 207

371ങ. ആന്ധ്രാപ്രദേശിൽ കേന്ദ്രസർവ്വകലാശാല സ്ഥാപിക്കൽ. .. 210

371ച. സിക്കിം സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ. .. 210

371ഛ. മിസ്സോറാം സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ. .. 213

371ജ. അരുണാചൽപ്രദേശ് സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ. .. 213

371ഝ. ഗോവ സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ. .. 214

372. നിലവിലുള്ള നിയമങ്ങൾ പ്രാബല്യത്തിൽ തുടരുന്നതും അവയുടെ അനുയോജനവും. .. 214

372ക. നിയമങ്ങൾ അനുയോജനം ചെയ്യുന്നതിന് രാഷ്ട്രപതിക്കുള്ള അധികാരം. .. 215

373. ചില സംഗതികളിൽ നിവാരണത്തടങ്കലിലുള്ള ആളുകളെ സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിക്കാൻ രാഷ്ട്രപതിക്കുള്ള അധികാരം. .. 216

374. ഫെഡറൽ കോടതിയിലെ ജഡ്ജിമാരെയും ഫെഡറൽ കോടതിയിലോ ഹിസ്മജെസ്ററി-ഇൻ- കൗൺസിലിൽ മുമ്പാകെയോ നിലവിലിരിക്കുന്ന നടപടികളെയും സംബന്ധിച്ച വ്യവസ്ഥകൾ. .. 216

375. ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി കോടതികളും അധികാരസ്ഥാനങ്ങളും ഉദ്യോഗസ്ഥൻമാരും പ്രവർത്തിക്കുന്നത് തുടരണമെന്ന്. .. 217

376. ഹൈക്കോടതികളിലെ ജഡ്ജിമാരെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ. .. 217

377. ഭാരതത്തിൻെറ കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറലിനെ സംബന്ധിച്ച വ്യവസ്ഥകൾ. .. 217

378. പബ്ലിക് സർവ്വീസ് കമ്മീഷനുകളെ സംബന്ധിച്ച വ്യവസ്ഥകൾ. .. 217

378ക. ആന്ധ്രാപ്രദേശ് നിയമസഭയുടെ കാലാവധി സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ. .. 218

379—391. [റദ്ദാക്കി]. .. 218

392. വിഷമതകൾ നീക്കുവാൻ രാഷ്ട്രപതിക്കുള്ള അധികാരം. .. 218

അനുച്ഛേദങ്ങൾ | പേജ്

## ഭാഗം XXII

## ചുരുക്കപ്പേരും പ്രാരംഭവും ഹിന്ദിയിലുള്ള ആധികാരികപാഠവും റദ്ദാക്കലുകളും

393. ചുരുക്കപ്പേര്. .. 219
394. പ്രാരംഭം. .. 219
394ക. ഹിന്ദി ഭാഷയിലുള്ള ആധികാരികപാഠം. .. 219
395. റദ്ദാക്കലുകൾ. .. 219

## പട്ടികകൾ

ഒന്നാം പട്ടിക ..
I. സംസ്ഥാനങ്ങൾ. .. 220
II. യൂണിയൻ പ്രദേശങ്ങൾ. .. 225

രണ്ടാം പട്ടിക
ഭാഗം ക— രാഷ്ട്രപതിയേയും സംസ്ഥാനങ്ങളിലെ ഗവർണ്ണർമാരേയും സംബന്ധിച്ച വ്യവസ്ഥകൾ. .. 226
ഭാഗം ഖ— [റദ്ദാക്കി]. .. 226
ഭാഗം ഗ— ലോകസഭയുടെ സ്പീക്കറേയും, ഡെപ്യൂട്ടി സ്പീക്കറേയും രാജ്യസഭയുടെ അദ്ധ്യക്ഷനേയും ഉപാദ്ധ്യക്ഷനേയും ഒരു സംസ്ഥാന നിയമസഭയുടെ സ്പീക്കറേയും ഡെപ്യൂട്ടി സ്പീക്കറേയും ഒരു സംസ്ഥാനത്തിലെ നിയമസമിതിയുടെ അദ്ധ്യക്ഷനേയും ഉപാദ്ധ്യക്ഷനേയും സംബന്ധിച്ചുള്ള വ്യവസ്ഥകൾ. .. 226
ഭാഗം ഘ— സുപ്രീംകോടതിയിലെയും ഹൈക്കോടതികളിലെയും ജഡ്ജിമാരെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ. .. 227
ഭാഗം ങ— ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറലിനെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ. .. 230

മൂന്നാം പട്ടിക—ശപഥങ്ങളുടെ അഥവാ പ്രതിജ്ഞകളുടെ ഫാറങ്ങൾ. .. 231

നാലാം പട്ടിക—രാജ്യസഭാ സ്ഥാനങ്ങളുടെ വിഭജനം. .. 234

അഞ്ചാം പട്ടിക—പട്ടികപ്രദേശങ്ങളുടേയും പട്ടികഗോത്രവർഗ്ഗങ്ങളുടേയും ഭരണവും നിയന്ത്രണവും സംബന്ധിച്ച വ്യവസ്ഥകൾ. .. 236
ഭാഗം ക—സാമാന്യം. .. 236
ഭാഗം ഖ—പട്ടികപ്രദേശങ്ങളുടേയും പട്ടിക ഗോത്രവർഗ്ഗങ്ങളുടേയും ഭരണവും നിയന്ത്രണവും. .. 236
ഭാഗം ഗ—പട്ടികപ്രദേശങ്ങൾ. .. 238
ഭാഗം ഘ—പട്ടികയുടെ ഭേദഗതി. .. 238

ആറാം പട്ടിക—ആസ്സാം, മേഘാലയ, ത്രിപുര, മിസ്സോറാം എന്നീ സംസ്ഥാനങ്ങളിലെ ഗോത്രവർഗ്ഗപ്രദേശങ്ങളുടെഭരണം സംബന്ധിച്ച വ്യവസ്ഥകൾ. .. 239

ഏഴാം പട്ടിക
ലിസ്ററ് I—യൂണിയൻ ലിസ്ററ്. .. 263
ലിസ്ററ് II—സംസ്ഥാന ലിസ്ററ്. .. 269
ലിസ്ററ് III—സമവർത്തി ലിസ്ററ്. .. 273

| | | |
|---|---|---|
| | | പേജ് |
| എട്ടാം പട്ടിക—ഭാഷകൾ. | .. | 277 |
| ഒൻപതാം പട്ടിക—ചില ആക്റ്റുകളുടെയും റഗുലേഷനുകളുടെയുംസാധൂകരണം. | .. | 278 |
| പത്താം പട്ടിക—കൂറുമാററക്കാരണത്തിൻമേലുളള അയോഗ്യത സംബന്ധിച്ച വ്യവസ്ഥകൾ. | .. | 294 |
| പതിനൊന്നാം പട്ടിക—പഞ്ചായത്തുകളുടെ അധികാരങ്ങളും, അധികാര ശക്തിയും ഉത്തരവാദിത്വങ്ങളും. | .. | 298 |
| പന്ത്രണ്ടാം പട്ടിക—മുനിസിപ്പാലിററികളുടെയും മററും അധികാരങ്ങളും അധികാര ശക്തിയും ഉത്തരവാദിത്വങ്ങളും. | .. | 299 |

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു [1][പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ളിക്കായി] സംവിധാനം ചെയ്യുവാനും അതിലെ പൗരൻമാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും** ;

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും** ;

പദവിയിലും അവസരത്തിലും **സമത്വവും** ;

സംപ്രാപ്തമാക്കുവാനും ;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും ;

സഗൗരവം തീരുമാനിച്ചിരിക്കയാൽ ;

**നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976-ലെ ഭരണഘടന (നാൽപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ളിക്" എന്നതിന് പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ്, 2-ാംവകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

## ഭാഗം I

## യൂണിയനും അതിൻെറ ഭൂപ്രദേശവും

**1. യൂണിയൻെറ പേരും ഭൂപ്രദേശവും**—(1) ഇൻഡ്യ അതായത് ഭാരതം, സംസ്ഥാനങ്ങളുടെ ഒരു യൂണിയനായിരിക്കുന്നതാണ്.

[1] [(2) സംസ്ഥാനങ്ങളും അവയുടെ ഭൂപ്രദേശങ്ങളും ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള വിധം ആയിരിക്കുന്നതാണ്.]

(3) ഭാരതത്തിൻെറ ഭൂപ്രദേശം —

(ക) സംസ്ഥാനങ്ങളുടെ ഭൂപ്രദേശങ്ങളും ;

[2] [(ഖ) ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള യൂണിയൻ പ്രദേശങ്ങളും;]

(ഗ) ആർജ്ജിക്കുന്ന മററ് ഭൂപ്രദേശങ്ങളും,

അടങ്ങിയതാകുന്നു.

**2. പുതിയ സംസ്ഥാനങ്ങളുടെ പ്രവേശനം അഥവാ സ്ഥാപനം**—പാർലമെൻറിന് യുക്തമെന്ന് തോന്നുന്ന നിബന്ധനകളിൻമേലും ഉപാധികളിൻമേലും, നിയമംവഴി പുതിയ സംസ്ഥാനങ്ങളെ യൂണിയനിൽ പ്രവേശിപ്പിക്കുകയോ സ്ഥാപിക്കുകയോ ചെയ്യാവുന്നതാണ്.

[3] 2 ക. [യൂണിയനോട് സിക്കിം ചേർക്കപ്പെടേണ്ടതാണ്.]— 1975-ലെ ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പു പ്രകാരം റദ്ദാക്കി (26-4-1975 മുതൽ പ്രാബല്യം).

**3. പുതിയ സംസ്ഥാനങ്ങളുടെ രൂപീകരണവും നിലവിലുള്ള സംസ്ഥാനങ്ങളുടെ വിസ്തീർണ്ണമോ അതിരുകളോ പേരുകളോ മാററുന്നതും**—പാർലമെൻറിന് നിയമംവഴി—

(ക) ഏതെങ്കിലും സംസ്ഥാനത്തുനിന്ന് ഭൂപ്രദേശത്തെ വേർപെടുത്തിയോ, രണ്ടോ അതിലധികമോ സംസ്ഥാനങ്ങളെയോ സംസ്ഥാന ഭാഗങ്ങളെയോ സംയോജിപ്പിച്ചോ, ഏതെങ്കിലും ഭൂപ്രദേശത്തെ ഏതെങ്കിലും സംസ്ഥാനത്തിൻെറ ഒരു ഭാഗത്തോട് സംയോജിപ്പിച്ചോ ഒരു പുതിയ സംസ്ഥാനം രൂപീകരിക്കാവുന്നതാണ്;

(ഖ) ഏതൊരു സംസ്ഥാനത്തിൻെറയും വിസ്തീർണ്ണം വർദ്ധിപ്പിക്കാവുന്നതാണ്;

(ഗ) ഏതൊരു സംസ്ഥാനത്തിൻെറയും വിസ്തീർണ്ണം ചുരുക്കാവുന്നതാണ്;

(ഘ) ഏതൊരു സംസ്ഥാനത്തിൻെറയും അതിരുകൾ മാററാവുന്നതാണ്;

(ങ) ഏതൊരു സംസ്ഥാനത്തിൻെറയും പേര് മാററാവുന്നതാണ്:

[4] [എന്നാൽ, ആ ആവശ്യത്തിനുള്ള യാതൊരു ബില്ലും, രാഷ്ട്രപതിയുടെ ശിപാർശയിൻമേലും ബില്ലിൽ അടങ്ങിയ നിർദ്ദേശം [5]**** സംസ്ഥാനങ്ങളിൽ ഏതിൻെറയെങ്കിലും വിസ്തീർണ്ണത്തെയോ അതിരുകളെയോ പേരിനെയോ ബാധിക്കുന്നുവെങ്കിൽ, ആ ബില്ലിനെക്കുറിച്ച്, റഫറൻസിൽ പറഞ്ഞിട്ടുള്ള കാലാവധിക്കകത്തോ രാഷ്ട്രപതി അനുവദിക്കുന്ന കൂടുതൽ കാലാവധിക്കകത്തോ, ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന് അതിൻെറ അഭിപ്രായം പ്രകടിപ്പിക്കുന്നതിന് രാഷ്ട്രപതി റഫർ ചെയ്യുകയും അങ്ങനെ പറഞ്ഞിട്ടുള്ളതോ അനുവദിച്ചിട്ടുള്ളതോ ആയ കാലാവധി അവസാനിക്കുകയും ചെയ്യുന്നതിൻമേലും അല്ലാതെ പാർലമെൻറിൻെറ ഇരുസഭകളിൽ ഒന്നിലും അവതരിപ്പിക്കുവാൻ പാടുള്ളതല്ല.]

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം (2)-ാം ഖണ്ഡത്തിനു പകരം ചേർത്തത്.
2. മേല്പ്പറഞ്ഞ ആക്ററ്, 2-ാം വകുപ്പുപ്രകാരം (ഖ) ഉപഖണ്ഡത്തിനു പകരം ചേർത്തത്.
3. 1974-ലെ ഭരണഘടന (മുപ്പത്തഞ്ചാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (1-3-1975 മുതൽ പ്രാബല്യം).
4. 1955-ലെ ഭരണഘടന (അഞ്ചാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം പരിമിതി വ്യവസ്ഥയ്ക്ക് പകരം ചേർത്തത്.
5. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയുടെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള" വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.

[1] [*വിശദീകരണം* I—ഈ അനുച്ഛേദത്തിലെ (ക) മുതൽ (ങ) വരെയുള്ള ഖണ്ഡങ്ങളിൽ "സംസ്ഥാനം" എന്നതിൽ ഒരു യൂണിയൻ പ്രദേശം ഉൾപ്പെടുന്നതും, എന്നാൽ പരിമിതി വ്യവസ്ഥയിൽ "സംസ്ഥാനം" എന്നതിൽ ഒരു യൂണിയൻ പ്രദേശം ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

*വിശദീകരണം* II—പാർലമെൻറിന് (ക) ഖണ്ഡം നൽകിയിട്ടുള്ള അധികാരത്തിൽ, ഏതെങ്കിലും സംസ്ഥാനത്തിൻെറയോ യൂണിയൻ പ്രദേശത്തിൻെറയോ ഒരു ഭാഗം മററ് ഏതെങ്കിലും സംസ്ഥാനത്തിനോടോ യൂണിയൻ പ്രദേശത്തിനോടോ സംയോജിപ്പിച്ച് ഒരു പുതിയ സംസ്ഥാനമോ യൂണിയൻ പ്രദേശമോ രൂപീകരിക്കുവാനുള്ള അധികാരം ഉൾപ്പെടുന്നതാണ്.]

**4. 2-ഉം, 3-ഉം അനുച്ഛേദങ്ങൾ പ്രകാരം നിർമ്മിക്കുന്ന നിയമങ്ങൾ ഒന്നും നാലും പട്ടികകളുടെ ഭേദഗതിക്കും അനുപൂരകവും സാന്ദർഭികവും അനന്തര ഫലമായുണ്ടാകുന്നതും ആയ വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യണമെന്ന്**—(1) 2-ാം അനുച്ഛേദത്തിലോ 3-ാം അനുച്ഛേദത്തിലോ പരാമർശിച്ചിട്ടുള്ള ഏത് നിയമവും ആ നിയമത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുവാൻ ആവശ്യമായ, ഒന്നാം പട്ടികയും നാലാം പട്ടികയും ഭേദഗതി ചെയ്യുന്നതിലേക്കുള്ള, വ്യവസ്ഥകൾ ഉൾക്കൊള്ളേണ്ടതും, (പാർലമെൻറിലെ പ്രാതിനിദ്ധ്യത്തെയും മേല്പറഞ്ഞ നിയമം ബാധകമാകുന്ന സംസ്ഥാനത്തെയോ സംസ്ഥാനങ്ങളിലെയോ നിയമനിർമ്മാണമണ്ഡലത്തിലെ അല്ലെങ്കിൽ നിയമനിർമ്മാണമണ്ഡലങ്ങളിലെ പ്രാതിനിദ്ധ്യത്തെയും സംബന്ധിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടെ) പാർലമെൻറ് ആവശ്യമെന്ന് കരുതുന്ന അനുപൂരകവും സാന്ദർഭികവും അനന്തര ഫലമായുണ്ടാകുന്നതും ആയ വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതും ആകുന്നു.

(2) മേല്പറഞ്ഞ പ്രകാരമുള്ള യാതൊരു നിയമവും 368-ാം അനുച്ഛേദത്തിൻെറ ആവശ്യങ്ങൾക്ക് ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതപ്പെടുന്നതല്ല.

---

1. 1966-ലെ ഭരണഘടന (പതിനെട്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

## ഭാഗം II

## പൗരത്വം

**5. ഭരണഘടനയുടെ പ്രാരംഭത്തിലുള്ള പൗരത്വം**—ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ, ഭാരതത്തിന്റെ ഭൂപ്രദേശത്ത് സ്ഥിരവാസമുള്ള ഏതൊരാളും—

(ക) ആ ആൾ ഭാരതത്തിന്റെ ഭൂപ്രദേശത്ത് ജനിച്ചിരിക്കുകയോ; അല്ലെങ്കിൽ

(ഖ) അയാളുടെ മാതാപിതാക്കളിൽ ഒരാളെങ്കിലും ഭാരതത്തിന്റെ ഭൂപ്രദേശത്ത് ജനിച്ചിരിക്കുകയോ; അല്ലെങ്കിൽ

(ഗ) ആ ആൾ അങ്ങനെയുള്ള പ്രാരംഭത്തിനു തൊട്ടുമുൻപ് അഞ്ചുവർഷത്തിൽ കുറയാതെ ഭാരതത്തിന്റെ ഭൂപ്രദേശത്ത് സാധാരണമായി താമസിക്കുന്നയാൾ ആയിരിക്കുകയോ,

ചെയ്തിട്ടുണ്ടെങ്കിൽ ഭാരതത്തിലെ ഒരു പൗരൻ ആയിരിക്കുന്നതാണ്.

**6. പാകിസ്ഥാനിൽ നിന്ന് ഭാരതത്തിലേക്ക് കുടിയേറിപ്പാർത്ത ചില ആളുകൾക്ക് പൗരത്വത്തിനുള്ള അവകാശങ്ങൾ**—5-ാം അനുച്ഛേദത്തിൽ എന്തു തന്നെ ആയിരുന്നാലും, ഇപ്പോൾ പാകിസ്ഥാനിൽ ഉൾപ്പെടുന്ന ഭൂപ്രദേശത്ത് നിന്ന് ഭാരതത്തിന്റെ ഭൂപ്രദേശത്തേയ്ക്ക് കുടിയേറിപ്പാർത്ത ഒരാൾ—

(ക) ആ ആളോ അയാളുടെ മാതാപിതാക്കളിൽ ഒരാളോ അയാളുടെ പിതാമഹരിലോ, മാതാമഹരിലോ ആരെങ്കിലുമോ (ആദ്യം നിയമമാക്കിയ പ്രകാരമുള്ള) 1935-ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യാ ആക്ററിൽ നിർവ്വചിച്ച പ്രകാരമുള്ള ഭാരതത്തിൽ ജനിച്ചിരിക്കുകയും;

(ഖ) (i) ആ ആൾ 1948 ജൂലൈ പത്തൊമ്പതാം തീയതിക്കു മുൻപ് അപ്രകാരം കുടിയേറിപ്പാർത്ത സംഗതിയിൽ അയാൾ താൻ കുടിയേറിപ്പാർത്ത തീയതി മുതൽ ഭാരതത്തിന്റെ ഭൂപ്രദേശത്ത് സാധാരണ താമസക്കാരനോ , അല്ലെങ്കിൽ

(ii) ആ ആൾ 1948 ജൂലൈ പത്തൊൻപതാം തീയതിയോ അതിനുശേഷമോ അപ്രകാരം കുടിയേറിപ്പാർത്ത സംഗതിയിൽ, അയാൾ, ഈ ഭരണഘടനയുടെ പ്രാരംഭത്തിനുമുൻപ് ഇൻഡ്യാ ഡൊമിനിയൻ സർക്കാർ അതിലേക്കു നിയമിച്ച ഒരു ഉദ്യോഗസ്ഥന് ആ സർക്കാർ നിർണ്ണയിച്ചിട്ടുള്ള ഫാറത്തിലും രീതിയിലും അതിനായി അപേക്ഷ ബോധിപ്പിച്ചതിൻമേൽ, ആ ഉദ്യോഗസ്ഥൻ, ഒരു ഭാരത പൗരനായി രജിസ്ററർ ചെയ്ത ആളോ ആയിരിക്കുകയും,

ചെയ്താൽ, ആ ആൾ ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ ഭാരതത്തിലെ ഒരു പൗരനായി കരുതപ്പെടുന്നതാണ്:

എന്നാൽ, യാതൊരാളും തൻെറ അപേക്ഷത്തീയതിയ്ക്ക് തൊട്ടുമുൻപ് കുറഞ്ഞത് ആറു മാസമെങ്കിലും ഭാരതത്തിന്റെ ഭൂപ്രദേശത്ത് താമസക്കാരനായിരുന്നില്ലെങ്കിൽ അപ്രകാരം രജിസ്ററർ ചെയ്യപ്പെടുവാൻ പാടുള്ളതല്ല.

**7. പാകിസ്ഥാനിലേക്ക് കുടിയേറിപ്പാർത്ത ചില ആളുകൾക്ക് പൗരത്വത്തിനുള്ള അവകാശങ്ങൾ**—5-ഉം 6-ഉം അനുച്ഛേദങ്ങളിൽ എന്തുതന്നെ ആയിരുന്നാലും, 1947 മാർച്ച് ഒന്നാം തീയതിക്കുശേഷം ഭാരതത്തിൻെറ ഭൂപ്രദേശത്തുനിന്ന് ഇപ്പോൾ പാകിസ്ഥാനിൽ ഉൾപ്പെടുന്ന ഭൂപ്രദേശത്തേക്ക് കുടിയേറിപ്പോയിട്ടുള്ള ഒരാൾ ഭാരതത്തിലെ പൗരനായി കരുതപ്പെടുന്നതല്ല:

എന്നാൽ, ഇപ്പോൾ പാകിസ്ഥാനിൽ ഉൾപ്പെടുന്ന ഭൂപ്രദേശത്തേക്ക് അങ്ങനെ കുടിയേറിപ്പോയതിനു ശേഷം, ഏതെങ്കിലും നിയമത്തിന്റെ അധികാരത്താലോ അധികാരപ്രകാരമോ നൽകിയ, ഭാരതത്തിൻെറ ഭൂപ്രദേശത്ത് പുനരധിവാസത്തിനോ സ്ഥിരമായ തിരിച്ചുവരവിനോ വേണ്ട അനുവാദപത്ര പ്രകാരം മടങ്ങി വന്നിട്ടുള്ള ഒരാൾക്ക് ഈ അനുച്ഛേദത്തിലെ യാതൊന്നും ബാധകമല്ലാത്തതും, അങ്ങനെയുള്ള ഓരോ ആളും 6-ാം അനുച്ഛേദത്തിലെ (ഖ) ഖണ്ഡത്തിൻെറ ആവശ്യങ്ങൾക്ക് 1948 ജൂലൈ പത്തൊൻപതാം തീയതിക്കുശേഷം ഭാരതത്തിൻെറ ഭൂപ്രദേശത്തേക്ക് കുടിയേറിപ്പാർത്തതായി കരുതപ്പെടുന്നതും ആകുന്നു.

**8. ഭാരതത്തിൽ ഉൽപ്പത്തി ഉണ്ടായിരിക്കുകയും ഭാരതത്തിനു വെളിയിൽ താമസിക്കുകയും ചെയ്യുന്ന ചില ആളുകളുടെ പൗരത്വത്തിനുള്ള അവകാശങ്ങൾ**—5-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും ഏതെങ്കിലും ആൾ, അയാളോ അയാളുടെ മാതാപിതാക്കളിലൊരാളോ പിതാമഹരിലോ, മാതാമഹരിലോ ആരെങ്കിലുമോ (ആദ്യം നിയമമാക്കിയ പ്രകാരമുള്ള) 1935-ലെ ഗവൺമെൻറ് ഓഫ് ഇൻഡ്യാ ആക്ററിൽ നിർവ്വചിച്ച പ്രകാരമുള്ള ഭാരതത്തിൽ ജനിച്ചിരിക്കുകയും അയാൾ അപ്രകാരം നിർവ്വചിച്ച പ്രകാരമുള്ള ഭാരതത്തിനു പുറമെയുള്ള ഏതെങ്കിലും രാജ്യത്ത് സാധാരണമായി താമസിച്ചുക്കൊണ്ടിരിക്കുകയും ചെയ്താൽ, അയാൾ ആ സമയത്ത് താമസിക്കുന്ന രാജ്യത്തെ ഭാരതത്തിൻെറ നയതന്ത്രപ്രതിനിധിയുടെയോ കോൺസൽ പ്രതിനിധിയുടെയോ മുൻപാകെ, ഈ ഭരണഘടനയുടെ പ്രാരംഭത്തിനു മുൻപായാലും പിൻപായാലും, ഇൻഡ്യാ ഡൊമിനിയൻ സർക്കാരോ ഭാരതസർക്കാരോ നിർണ്ണയിച്ചിട്ടുള്ള ഫാറത്തിലും രീതിയിലും അതിനായി അപേക്ഷ ബോധിപ്പിച്ചതിൻമേൽ ആ നയതന്ത്രപ്രതിനിധിയാലോ കോൺസൽ പ്രതിനിധിയാലോ ഭാരതത്തിലെ ഒരു പൗരനായി രജിസ്ററർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ഭാരതത്തിലെ ഒരു പൗരനായി കരുതപ്പെടുന്നതാണ്.

**9. ഒരു വിദേശ രാജ്യത്തിലെ പൗരത്വം സ്വേച്ഛയാ ആർജ്ജിക്കുന്ന ആളുകൾ പൗരൻമാരാവുകയില്ലെന്ന്**—ഏതെങ്കിലും ഒരു വിദേശ രാജ്യത്തിലെ പൗരത്വം സ്വേച്ഛയാ ആർജ്ജിച്ചിട്ടുള്ള യാതൊരാളും 5-ാം അനുച്ഛേദത്തിൻെറ ബലത്തിൽ ഭാരതത്തിലെ ഒരു പൗരനാവുകയോ 6-ാം അനുച്ഛേദത്തിൻെറയോ 8-ാം അനുച്ഛേദത്തിൻെറയോ ബലത്തിൽ ഭാരതത്തിലെ ഒരു പൗരനായി കരുതപ്പെടുകയോ ചെയ്യുന്നതല്ല.

**10. പൗരത്വത്തിനുള്ള അവകാശങ്ങളുടെ തുടർച്ച**—ഈ ഭാഗത്തിലെ മുൻപറഞ്ഞ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരം ഭാരതത്തിലെ ഒരു പൗരനായിരിക്കുകയോ പൗരനായി കരുതപ്പെടുകയോ ചെയ്യുന്ന ഏതൊരാളും, പാർലമെൻറ് നിർമ്മിക്കുന്ന ഏതെങ്കിലും നിയമത്തിൻെറ വ്യവസ്ഥകൾക്ക് വിധേയമായി, അങ്ങനെയുള്ള പൗരനായി തുടരുന്നതാണ്.

**11. പൗരത്വത്തിനുള്ള അവകാശം പാർലമെൻറിന് നിയമംവഴി ക്രമപ്പെടുത്താമെന്ന്**—ഈ ഭാഗത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിലെ യാതൊന്നും പൗരത്വത്തിൻെറ ആർജ്ജനത്തെയും പര്യവസാനത്തെയും പൗരത്വവുമായി ബന്ധപ്പെട്ട മററ് എല്ലാ വിഷയങ്ങളെയും സംബന്ധിച്ച് ഏത് വ്യവസ്ഥയുണ്ടാക്കുവാനും പാർലമെൻറിനുള്ള അധികാരത്തിന് ന്യൂനത വരുത്തുന്നതല്ല.

# ഭാഗം III

# മൗലികാവകാശങ്ങൾ

## സാമാന്യം

**12. നിർവ്വചനം**—ഈ ഭാഗത്തിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം, ''രാഷ്ട്രം'' എന്നതിൽ ഭാരതത്തിന്റെ സർക്കാരും പാർലമെന്റും സംസ്ഥാനങ്ങളിൽ ഓരോന്നിന്റെയും സർക്കാരും നിയമനിർമ്മാണമണ്ഡലവും ഭാരതത്തിന്റെ ഭൂപ്രദേശത്തിനുള്ളിലുള്ളതോ ഭാരത സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതോ ആയ തദ്ദേശ്യമോ മററുതരത്തിലുള്ളതോ ആയ എല്ലാ അധികാരസ്ഥാനങ്ങളും ഉൾപ്പെടുന്നതാണ്.

**13. മൗലികാവകാശങ്ങൾക്ക് സംഗതമല്ലാത്തതോ അവയ്ക്ക് ന്യൂനതവരുത്തുന്നതോ ആയ നിയമങ്ങൾ**—(1) ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുൻപ് ഭാരതത്തിന്റെ ഭൂപ്രദേശത്ത് പ്രാബല്യത്തിലിരുന്ന എല്ലാ നിയമങ്ങളും അവ ഈ ഭാഗത്തിലെ വ്യവസ്ഥകൾക്ക് സംഗതമല്ലാത്തിടത്ത് അങ്ങനെയുള്ള സാംഗത്യമില്ലായ്മയുടെ വ്യാപ്തിയോളം അസാധുവായിരിക്കുന്നതാണ്.

(2) ഈ ഭാഗം നൽകിയിട്ടുള്ള അവകാശങ്ങൾ എടുത്തുകളയുകയോ കുറയ്ക്കുകയോ ചെയ്യുന്ന യാതൊരു നിയമവും രാഷ്ട്രം നിർമ്മിക്കുവാൻ പാടില്ലാത്തതും, ഈ ഖണ്ഡം ലംഘിച്ചുകൊണ്ട് നിർമ്മിക്കുന്ന ഏതു നിയമവും ആ ലംഘനത്തിന്റെ വ്യാപ്തിയോളം അസാധുവായിരിക്കുന്നതും ആകുന്നു.

(3) ഈ അനുച്ഛേദത്തിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം—

(ക) ''നിയമം'' എന്നതിൽ ഭാരതത്തിന്റെ ഭൂപ്രദേശത്ത് നിയമത്തിന്റെ പ്രഭാവമുള്ള ഏതൊരു ഓർഡിനൻസും ഉത്തരവും ബൈലായും ചട്ടവും റെഗുലേഷനും വിജ്ഞാപനവും ആചാരവും വഴക്കവും ഉൾപ്പെടുന്നതാണ്;

(ഖ) ''പ്രാബല്യത്തിലുള്ള നിയമങ്ങൾ'' എന്നതിൽ ഈ ഭരണഘടനയുടെ പ്രാരംഭത്തിനു മുൻപ് ഭാരതത്തിന്റെ ഭൂപ്രദേശത്തെ ഒരു നിയമനിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മററ് അധികാരസ്ഥാനമോ പാസ്സാക്കിയതോ ഉണ്ടാക്കിയതോ ആയതും മുൻപ് റദ്ദാക്കിയിട്ടില്ലാത്തതും ആയ നിയമങ്ങൾ, അങ്ങനെയുള്ള ഏതെങ്കിലും നിയമമോ അതിന്റെ ഏതെങ്കിലും ഭാഗമോ ഒട്ടും തന്നെയോ അല്ലെങ്കിൽ പ്രത്യേക പ്രദേശങ്ങളിലോ അപ്പോൾ നിലവിൽ ഇല്ലെന്നിരുന്നാലും, ഉൾപ്പെടുന്നതാണ്.

[1] [(4) ഈ അനുച്ഛേദത്തിലെ യാതൊന്നും 368-ാം അനുച്ഛേദപ്രകാരം ഉണ്ടാക്കിയ ഈ ഭരണഘടനയുടെ ഏതെങ്കിലും ഭേദഗതിക്ക് ബാധകമാകുന്നതല്ല.]

## *സമത്വത്തിനുള്ള അവകാശം*

**14. നിയമത്തിനു മുൻപാകെ സമത്വം**—രാഷ്ട്രം, ഭാരതത്തിന്റെ ഭൂപ്രദേശത്തിനകത്ത് യാതൊരാൾക്കും നിയമത്തിന്റെ മുൻപാകെ സമത്വമോ നിയമങ്ങളുടെ സമമായ സംരക്ഷണമോ നിഷേധിക്കുവാൻ പാടുള്ളതല്ല.

---

1. 1971-ലെ ഭരണഘടന (ഇരുപത്തിനാലാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

**15. മതമോ, വർഗ്ഗമോ, ജാതിയോ, ലിംഗമോ, ജനനസ്ഥലമോ കാരണമാക്കിയുള്ള വിവേചനത്തിന്റെ നിരോധനം**—(1) മതം, വർഗ്ഗം, ജാതി, ലിംഗം, ജനനസ്ഥലം അല്ലെങ്കിൽ, അവയിൽ ഏതെങ്കിലും മാത്രം കാരണമാക്കി രാഷ്ട്രം യാതൊരു പൗരനോടും വിവേചനം കാണിക്കുവാൻ പാടുള്ളതല്ല.

(2) യാതൊരു പൗരനും മതം, വർഗ്ഗം, ജാതി, ലിംഗം, ജനനസ്ഥലം എന്നിവയോ, അവയിൽ ഏതെങ്കിലുമോ, മാത്രം കാരണമാക്കി—

(ക) കടകൾ, പൊതുഭോജനശാലകൾ, ഹോട്ടലുകൾ, പൊതുവിനോദസ്ഥലങ്ങൾ എന്നിവയിലേയ്ക്കുള്ള പ്രവേശനം; അല്ലെങ്കിൽ

(ഖ) പൂർണ്ണമായോ ഭാഗികമായോ രാഷ്ട്രത്തിന്റെ പണം കൊണ്ട് സംരക്ഷിക്കുന്നവയോ പൊതുജനങ്ങളുടെ ഉപയോഗത്തിനായി സമർപ്പിച്ചിട്ടുള്ളവയോ ആയ കിണറുകൾ, കുളങ്ങൾ, സ്നാനഘട്ടങ്ങൾ, നിരത്തുകൾ,പൊതുവിശ്രമസ്ഥലങ്ങൾ എന്നിവയുടെ ഉപയോഗം,

സംബന്ധിച്ച് യാതൊരു അവശതയ്ക്കും ബാദ്ധ്യതയ്ക്കും നിയന്ത്രണത്തിനും ഉപാധിക്കും വിധേയനാകുന്നതല്ല.

(3) ഈ അനുച്ഛേദത്തിലെ യാതൊന്നും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി ഏതെങ്കിലും പ്രത്യേക വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ല.

[1][(4) ഈ അനുച്ഛേദത്തിലോ, 29-ാം അനുച്ഛേദത്തിലെ (2)-ാം ഖണ്ഡത്തിലോ ഉള്ള യാതൊന്നും, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ഏതെങ്കിലും വിഭാഗങ്ങളിൽപ്പെട്ട പൗരൻമാരുടെ ഉന്നമനത്തിനു വേണ്ടിയോ പട്ടികജാതികൾക്കും പട്ടിക ഗോത്ര വർഗ്ഗങ്ങൾക്കും വേണ്ടിയോ ഏതെങ്കിലും പ്രത്യേക വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ല.]

[2][(5) ഈ അനുച്ഛേദത്തിലോ, 19-ാം അനുച്ഛേദം (1)-ാം ഖണ്ഡം (ഛ) ഉപഖണ്ഡത്തിലോ ഉള്ള യാതൊന്നും, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ഏതെങ്കിലും വിഭാഗങ്ങളിൽപ്പെട്ട പൗരൻമാരുടെ ഉന്നമനത്തിനുവേണ്ടിയോ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയോ, നിയമം വഴി, ഏതെങ്കിലും പ്രത്യേക വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്നും, രാഷ്ട്രത്തെ, അത്തരം പ്രത്യേക വ്യവസ്ഥകൾ, 30-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളൊഴികെ, രാഷ്ട്രം ധനസഹായം നൽകുന്നതോ, ധനസഹായം നൽകാത്തതോ ആയ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള അവരുടെ പ്രവേശനത്തെ സംബന്ധിക്കുന്നിടത്തോളം, തടയുന്നതല്ല.].

**16. പൊതു ജീവനം സംബന്ധിച്ച വിഷയങ്ങളിൽ അവസരസമത്വം** —(1) എല്ലാ പൗരൻമാർക്കും രാഷ്ട്രത്തിന്റെ കീഴിലുള്ള ജീവനത്തെയോ അഥവാ ഏതെങ്കിലും ഉദ്യോഗത്തിലുള്ള നിയമനത്തെയോ സംബന്ധിച്ച വിഷയങ്ങളിൽ അവസരസമത്വം ഉണ്ടായിരിക്കുന്നതാണ്.

(2) രാഷ്ട്രത്തിന്റെ കീഴിലുള്ള ഏതെങ്കിലും ജീവനത്തെയോ ഉദ്യോഗത്തെയോ സംബന്ധിച്ച് മതം, വർഗ്ഗം, ജാതി, ലിംഗം, വംശം, ജനനസ്ഥലം, വാസസ്ഥലം എന്നിവയോ, അവയിൽ ഏതെങ്കിലുമോ മാത്രം അടിസ്ഥാനമാക്കി യാതൊരു പൗരനും അയോഗ്യനാവുകയോ വിവേചനത്തിന് വിധേയനാകുകയോ ചെയ്യുന്നതല്ല.

(3) ഈ അനുച്ഛേദത്തിലെ യാതൊന്നും [3][ഒരു സംസ്ഥാനത്തിന്റെയോ യൂണിയൻ പ്രദേശത്തിന്റെയോ സർക്കാരിന്റെ അല്ലെങ്കിൽ അതിനകത്തുള്ള ഏതെങ്കിലും തദ്ദേശാധികാര സ്ഥാനത്തിന്റെ അല്ലെങ്കിൽ മററ് അധികാരസ്ഥാനത്തിന്റെ കീഴിലുള്ള ജീവനത്തിന്റെയോ ഒരു ഉദ്യോഗത്തിലേയ്ക്കുള്ള നിയമനത്തിന്റെയോ തരത്തെയോ തരങ്ങളെയോ സംബന്ധിച്ച് അങ്ങനെയുള്ള ജീവനത്തിനോ നിയമനത്തിനോ മുൻപ് ആ സംസ്ഥാനത്തോ യൂണിയൻ പ്രദേശത്തോ ഉള്ള താമസത്തിന്റെ ആവശ്യകതയെ] നിർണ്ണയിക്കുന്ന ഏതെങ്കിലും നിയമം ഉണ്ടാക്കുന്നതിൽ നിന്ന് പാർലമെന്റിനെ തടയുന്നതല്ല.

---

1. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

2. 2005-ലെ ഭരണഘടന (തൊണ്ണൂറ്റി മൂന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (20-1-2006 മുതൽ പ്രാബല്യം).

3. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സംസ്ഥാനത്തിന്റെയോ അല്ലെങ്കിൽ അതിന്റെ ഭൂപ്രദേശത്തിനുള്ളിലുള്ള ഏതെങ്കിലും തദ്ദേശാധികാരസ്ഥാന ത്തിന്റെയോ അല്ലെങ്കിൽ മറ്റ് അധികാരസ്ഥാനത്തിന്റെയോ കീഴിലുള്ള, ആ സംസ്ഥാനത്തുള്ള താമസത്തിന്റെ ഏതെങ്കിലും ആവശ്യകതയെ" എന്നതിന് പകരം ചേർത്തത്.

(4) ഈ അനുച്ഛേദത്തിലെ യാതൊന്നും രാഷ്ട്രത്തിന്റെ അഭിപ്രായത്തിൽ രാഷ്ട്രത്തിന്റെ കീഴിലുള്ള സർവ്വീസുകളിൽ മതിയായിടത്തോളം പ്രാതിനിദ്ധ്യം ലഭിച്ചിട്ടില്ലാത്ത ഏതെങ്കിലും പിന്നോക്കവിഭാഗത്തിൽപ്പെട്ട പൗരൻമാർക്ക് നിയമനങ്ങളോ തസ്തികകളോ സംവരണം ചെയ്യുന്നതിന് ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ല.

[1][ (4 ക) ഈ അനുച്ഛേദത്തിലെ യാതൊന്നും രാഷ്ട്രത്തിന്റെ അഭിപ്രായത്തിൽ രാഷ്ട്രത്തിന്റെ കീഴിലുള്ള സർവ്വീസുകളിലെ ഏതെങ്കിലും തരത്തിലോ തരങ്ങളിലോ ഉള്ള തസ്തികകളിൽ മതിയായിടത്തോളം പ്രാതിനിദ്ധ്യം ലഭിച്ചിട്ടില്ലാത്ത പട്ടികജാതികൾക്കോ പട്ടികഗോത്രവർഗ്ഗങ്ങൾക്കോ [2][ഉദ്യോഗകയററത്തിന്റെ സംഗതിയിൽ, അനന്തര ഫലമായുള്ള സീനിയോറിറ്റി സഹിതം] സംവരണത്തിനുവേണ്ടി ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ല.]

[3][ (4 ഖ) ഈ അനുച്ഛേദത്തിലെ യാതൊന്നും നാലം ഖണ്ഡമോ (4 ക) ഖണ്ഡമോ പ്രകാരം സംവരണത്തിന് വേണ്ടി ഉണ്ടാക്കുന്ന ഏതെങ്കിലും വ്യവസ്ഥയ്ക്ക് അനുസൃതമായി ഒരു വർഷം നികത്തുന്നതിനു വേണ്ടി സംവരണം ചെയ്യപ്പെട്ട ആ വർഷത്തെ ഏതെങ്കിലും നികത്താത്ത ഒഴിവുകൾ, ഏതെങ്കിലും തുടർന്നു വരുന്ന വർഷമോ, വർഷങ്ങളിലോ നികത്തേണ്ട ഒഴിവുകളുടെ ഒരു പ്രത്യേക വിഭാഗമായി കണക്കാക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ലാത്തതും, ആ വർഷത്തെ ഒഴിവുകളുടെ ആകെ എണ്ണത്തിന്റെ അൻപതു ശതമാനം സംവരണ പരിധി നിശ്ചയിക്കുന്നതിനു വേണ്ടി അങ്ങനെയുള്ള ഒഴിവുകളുടെ വിഭാഗത്തെ അവ നികത്തിക്കൊണ്ടിരിക്കുന്ന ആ വർഷത്തെ ഒഴിവുകളോടൊപ്പം കണക്കാക്കാൻ പാടില്ലാത്തതും ആകുന്നു.]

(5) ഈ അനുച്ഛേദത്തിലെ യാതൊന്നും മതപരമോ മതവിഭാഗപരമോ ആയ ഏതെങ്കിലും സ്ഥാപനത്തിന്റെ കാര്യങ്ങളെ സംബന്ധിക്കുന്ന ഒരു ഉദ്യോഗം വഹിക്കുന്ന ആളോ അതിന്റെ ഭരണസമിതിയിലെ ഏതെങ്കിലും അംഗമോ ഒരു പ്രത്യേക മതത്തിൽ വിശ്വസിക്കുകയോ ഒരു പ്രത്യേക മതവിഭാഗത്തിൽ ഉൾപ്പെടുകയോ ചെയ്യുന്ന ആൾ ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും നിയമം നടപ്പാക്കുന്നതിനെ ബാധിക്കുന്നതല്ല.

**17. തൊട്ടുകൂടായ്മ നിറുത്തലാക്കൽ**—''തൊട്ടുകൂടായ്മ'' നിർത്തലാക്കുകയും അതിന്റെ ഏതു രൂപത്തിലും ഉള്ള ആചരണം വിലക്കുകയും ചെയ്തിരിക്കുന്നു. ''തൊട്ടുകൂടായ്മ''യിൽ നിന്നും ഉളവാകുന്ന ഏതെങ്കിലും അവശത നിർബന്ധിച്ചേല്പിക്കുന്നത് നിയമപ്രകാരം ശിക്ഷിക്കാവുന്ന ഒരു കുററമായിരിക്കുന്നതാണ്.

**18. സ്ഥാനപ്പേരുകൾ നിറുത്തലാക്കൽ**—(1) സൈനികമോ വിദ്യാസംബന്ധമോ ആയ പ്രാഗല്ഭ്യത്തിനല്ലാതെ യാതൊരു സ്ഥാനപ്പേരും രാഷ്ട്രം നല്കുവാൻ പാടുള്ളതല്ല.

(2) ഭാരതത്തിലെ യാതൊരു പൗരനും ഏതെങ്കിലും വിദേശ രാഷ്ട്രത്തിൽ നിന്നും ഏതെങ്കിലും സ്ഥാനപ്പേര് സ്വീകരിക്കുവാൻ പാടുള്ളതല്ല.

(3) ഭാരതത്തിലെ ഒരു പൗരനല്ലാത്ത യാതൊരാളും, അയാൾ രാഷ്ട്രത്തിൻ കീഴിൽ ആദായകരമോ വിശ്വാസാധിഷ്ഠിതമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിയ്ക്കുമ്പോൾ, രാഷ്ടപതിയുടെ സമ്മതം കൂടാതെ ഏതെങ്കിലും വിദേശ രാഷ്ട്രത്തിൽ നിന്ന് ഏതെങ്കിലും സ്ഥാനപ്പേര് സ്വീകരിക്കുവാൻ പാടുള്ളതല്ല.

---

1. 1995-ലെ ഭരണഘടന (എഴുപത്തേഴാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

2. 2001-ലെ ഭരണഘടന (എൺപത്തിയഞ്ചാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പു പ്രകാരം ചേർത്തത് (17-6-1995 മുതൽ പ്രാബല്യം).

3. 2000-ലെ ഭരണഘടന (എൺപത്തിയൊന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പു പ്രകാരം ചേർത്തത്.

(4) രാഷ്ട്രത്തിൻ കീഴിൽ ആദായകരമോ വിശ്വാസാധിഷ്ഠിതമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്ന യാതൊരാളും രാഷ്ടപതിയുടെ സമ്മതം കൂടാതെ ഏതെങ്കിലും വിദേശ രാഷ്ട്രത്തിൽ നിന്ന് അല്ലെങ്കിൽ അതിന്റെ കീഴിലുള്ള ഏതെങ്കിലും സമ്മാനമോ ശമ്പളമോ ഏതെങ്കിലും തരത്തിലുള്ള ഉദ്യോഗമോ സ്വീകരിക്കുവാൻ പാടുള്ളതല്ല.

## സ്വാതന്ത്ര്യത്തിനുള്ള അവകാശം

**19. സംസാര സ്വാതന്ത്ര്യം മുതലായവ സംബന്ധിച്ചുള്ള ചില അവകാശങ്ങളുടെ സംരക്ഷണം**—(1) എല്ലാ പൗരൻമാർക്കും—

(ക) സംസാരത്തിനും ആശയപ്രകടനത്തിനും ഉള്ള സ്വാതന്ത്ര്യത്തിനും ;

(ഖ) സമാധാനപരമായും ആയുധങ്ങൾ കൂടാതെയും സമ്മേളിക്കുവാനും ;

(ഗ) സമാജങ്ങളോ യൂണിയനുകളോ രൂപീകരിക്കുവാനും ;

(ഘ) ഭാരതത്തിൻെറ ഭൂപ്രദേശത്ത് എവിടെയും സ്വതന്ത്രമായി സഞ്ചരിക്കുവാനും ;

(ങ) ഭാരതത്തിൻെറ ഭൂപ്രദേശത്ത് ഏതുഭാഗത്തും താമസിക്കുവാനും സ്ഥിരവാസമാക്കുവാനും ;

[2]* * * * *

(ഛ) ഏതെങ്കിലും വൃത്തിയിൽ ഏർപ്പെടുകയോ, ഏതെങ്കിലും തൊഴിലോ, വ്യാപാരമോ ബിസിനസ്സോ നടത്തുകയോ ചെയ്യുവാനും ,

അവകാശം ഉണ്ടായിരിക്കുന്നതാണ് .

[2][(2) (1)-ാം ഖണ്ഡത്തിലെ (ക) ഉപഖണ്ഡത്തിലുള്ള യാതൊന്നും, നിലവിലുള്ള ഏതെങ്കിലും നിയമത്തിൻെറ പ്രവർത്തനത്തെ, അങ്ങനെയുള്ള നിയമം മേൽപ്പറഞ്ഞ ഉപഖണ്ഡത്താൽ നൽകിയിട്ടുള്ള അവകാശം പ്രയോഗിക്കുന്നതിൽ, [3][ഭാരതത്തിൻെറ പരമാധികാരം, അഖണ്ഡത എന്നിവയുടെയോ] രാഷ്ട്രത്തിൻെറ സുരക്ഷിതത്വത്തിൻെറയോ വിദേശ രാഷ്ട്രങ്ങളുമായുള്ള സുഹൃത്ബന്ധങ്ങളുടെയോ പൊതു സമാധാനത്തിൻെറയോ സഭ്യതയുടെയോ സാൻമാർഗികതയുടെയോ താൽപര്യങ്ങൾക്കു വേണ്ടിയോ അല്ലെങ്കിൽ കോടതിയലക്ഷ്യത്തെയോ അപകീർത്തിയേയോ കുററത്തിനുള്ള പ്രേരണയേയോ സംബന്ധിച്ചോ, ന്യായമായ നിയന്ത്രണങ്ങൾ ചുമത്തുന്നിടത്തോളം ബാധിക്കുകയോ അങ്ങനെയുള്ള നിയന്ത്രണങ്ങൾ ചുമത്തുന്നിടത്തോളം ഏതെങ്കിലും നിയമം നിർമ്മിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുകയോ ചെയ്യുന്നതല്ല].

(3) മേൽപ്പറഞ്ഞ ഖണ്ഡത്തിലെ (ഖ) ഉപഖണ്ഡത്തിലുള്ള യാതൊന്നും നിലവിലുള്ള ഏതെങ്കിലും നിയമത്തിൻെറ പ്രവർത്തനത്തെ, ആ നിയമം മേൽപ്പറഞ്ഞ ഉപഖണ്ഡത്താൽ നൽകിയിട്ടുള്ള അവകാശം പ്രയോഗിക്കുന്നതിൽ [3][ ഭാരതത്തിൻെറ പരമാധികാരം, അഖണ്ഡത എന്നിവയുടെയോ] പൊതു സമാധാനത്തിൻെറയോ താത്പര്യങ്ങൾക്കുവേണ്ടി ന്യായമായ നിയന്ത്രണങ്ങൾ ചുമത്തുന്നിടത്തോളം, ബാധിക്കുകയോ അങ്ങനെയുള്ള നിയന്ത്രണങ്ങൾ ചുമത്തുന്ന ഏതെങ്കിലും നിയമം നിർമ്മിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുകയോ ചെയ്യുന്നതല്ല.

---

1. 1978-ലെ ഭരണഘടന (നാൽപത്തിനാലാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം (ച) ഉപഖണ്ഡം വിട്ടുകളഞ്ഞു (20-6-1979 മുതൽ പ്രാബല്യം).

2. ആദ്യം ഉണ്ടായിരുന്ന (2)-ാം ഖണ്ഡത്തിനുപകരം (പൂർവ്വകാല പ്രാബല്യത്തോടുകൂടി) 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം ചേർത്തത്.

3. 1963-ലെ ഭരണഘടന (പതിനാറാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

(4) മേൽപ്പറഞ്ഞ ഖണ്ഡത്തിലെ (ഗ) ഉപഖണ്ഡത്തിലുള്ള യാതൊന്നും നിലവിലുള്ള ഏതെങ്കിലും നിയമത്തിൻെറ പ്രവർത്തനത്തെ ആ നിയമം മേൽപ്പറഞ്ഞ ഉപഖണ്ഡത്താൽ നൽകിയിട്ടുള്ള അവകാശം പ്രയോഗിക്കുന്നതിൽ [1][ ഭാരതത്തിൻെറ പരമാധികാരം, അഖണ്ഡത എന്നിവയുടെയോ] പൊതുസമാധാനത്തിൻെറയോ സാൻമാർഗികതയുടെയോ താത്പര്യങ്ങൾക്കുവേണ്ടി ന്യായമായ നിയന്ത്രണങ്ങൾ ചുമത്തുന്നിടത്തോളം, ബാധിക്കുകയോ അങ്ങനെയുള്ള നിയന്ത്രണങ്ങൾ ചുമത്തുന്ന ഏതെങ്കിലും നിയമം നിർമ്മിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുകയോ ചെയ്യുന്നതല്ല.

(5) മേൽപ്പറഞ്ഞ ഖണ്ഡത്തിലെ [2][ (ഘ), (ങ) എന്നീ ഉപഖണ്ഡങ്ങളിലുള്ള] യാതൊന്നും, നിലവിലുള്ള ഏതെങ്കിലും നിയമത്തിൻെറ പ്രവർത്തനത്തെ, ആ നിയമം മേൽപ്പറഞ്ഞ ഉപഖണ്ഡങ്ങളാൽ നൽകിയിട്ടുള്ള അവകാശങ്ങളിൽ ഏതെങ്കിലും പ്രയോഗിക്കുന്നതിൽ, പൊതുജന താത്പര്യങ്ങൾക്കു വേണ്ടിയോ അല്ലെങ്കിൽ ഏതെങ്കിലും പട്ടികഗോത്ര വർഗ്ഗത്തിൻെറ താത്പര്യങ്ങളുടെ സംരക്ഷണത്തിനു വേണ്ടിയോ ന്യായമായ നിയന്ത്രണങ്ങൾ ചുമത്തുന്നിടത്തോളം, ബാധിക്കുകയോ അങ്ങനെയുള്ള നിയന്ത്രണങ്ങൾ ചുമത്തുന്ന ഏതെങ്കിലും നിയമം നിർമ്മിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുകയോ ചെയ്യുന്നതല്ല.

(6) മേൽപ്പറഞ്ഞ ഖണ്ഡത്തിലെ (ഛ) ഉപഖണ്ഡത്തിലുള്ള യാതൊന്നും നിലവിലുള്ള ഏതെങ്കിലും നിയമത്തിൻെറ പ്രവർത്തനത്തെ, ആ നിയമം മേൽപ്പറഞ്ഞ ഉപഖണ്ഡത്താൽ നൽകിയിട്ടുള്ള അവകാശം പ്രയോഗിക്കുന്നതിൽ പൊതുജന താത്പര്യങ്ങൾക്കുവേണ്ടി ന്യായമായ നിയന്ത്രണങ്ങൾ ചുമത്തുന്നിടത്തോളം, ബാധിക്കുകയോ, അങ്ങനെയുള്ള നിയന്ത്രണങ്ങൾ ചുമത്തുന്ന ഏതെങ്കിലും നിയമം നിർമ്മിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുകയോ ചെയ്യുന്നതല്ലാത്തതും, പ്രത്യേകിച്ചും [3][ മേൽപ്പറഞ്ഞ ഉപഖണ്ഡത്തിലെ യാതൊന്നും,—

(i) ഏതെങ്കിലും തൊഴിലിലോ ജീവനത്തിലോ ഏർപ്പെടുന്നതിനോ ഏതെങ്കിലും വ്യാപാരമോ ബിസിനസ്സോ നടത്തുന്നതിനോ ആവശ്യമുള്ള തൊഴിൽ സംബന്ധമോ സാങ്കേതികമോ ആയ യോഗ്യതകളേയോ,

(ii) രാഷ്ട്രമോ രാഷ്ട്രത്തിൻെറ ഉടമയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു കോർപ്പറേഷനോ , ഏതെങ്കിലും വ്യാപാരമോ ബിസിനസ്സോ വ്യവസായമോ സർവ്വീസോ പൗരൻമാരെ മുഴുവനായോ ഭാഗികമായോ ഒഴിവാക്കിക്കൊണ്ടോ മററു വിധത്തിലോ നടത്തുന്നതിനെയോ,

സംബന്ധിച്ചിടത്തോളം നിലവിലുള്ള ഏതെങ്കിലും നിയമത്തിൻെറ പ്രവർത്തനത്തെ ബാധിക്കുകയോ അവയെ സംബന്ധിക്കുന്ന ഏതെങ്കിലും നിയമം നിർമ്മിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുകയോ ചെയ്യുന്നതല്ലാത്തതും ആകുന്നു.]

**20. കുററങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച സംരക്ഷണം**—(1) ഒരു കുററമായി ആരോപിക്കപ്പെടുന്ന കൃത്യം ചെയ്ത സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്ന ഒരു നിയമത്തിൻെറ ലംഘനത്തിനൊഴികെ, യാതൊരാളുടെമേലും ഏതെങ്കിലും കുററം സ്ഥാപിക്കുകയോ, ആ കുററം ചെയ്ത സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്ന നിയമപ്രകാരം ചുമത്താമായിരുന്നതിൽ കൂടുതലായ ശിക്ഷയ്ക്ക് ആ ആളെ വിധേയനാക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(2) യാതൊരാളെയും ഒരേ കുററത്തിന് ഒന്നിലധികം പ്രാവശ്യം പ്രോസിക്യൂട്ട് ചെയ്യുകയും ശിക്ഷിക്കുകയും ചെയ്യാൻ പാടുള്ളതല്ല.

(3) ഏതെങ്കിലും കുററം ആരോപിക്കപ്പെട്ട യാതൊരാളെയും അയാൾക്കുതന്നെ എതിരായി സാക്ഷിയാകുന്നതിന് നിർബന്ധിക്കുവാൻ പാടുള്ളതല്ല.

---

1. 1963-ലെ ഭരണഘടന (പതിനാറാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.
2. 1978-ലെ ഭരണഘടന (നാല്പത്തിനാലാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം "(ഘ), (ങ), (ച) എന്നീ ഉപ ഖണ്ഡങ്ങൾക്ക് " പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
3. 1951ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം ചില വാക്കുകൾക്ക് പകരം ചേർത്തത്.

**21. ജീവൻെറയും വ്യക്തി സ്വാതന്ത്ര്യത്തിൻെറയും സംരക്ഷണം**—നിയമം വഴി സ്ഥാപിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ചല്ലാതെ യാതൊരാളുടെയും ജീവനോ വ്യക്തി സ്വാതന്ത്ര്യമോ ഇല്ലാതാക്കുവാൻ പാടുള്ളതല്ല.

[1][**21ക. വിദ്യാഭ്യാസത്തിനുള്ള അവകാശം.**— ആറു മുതൽ പതിനാലു വയസ്സു വരെയുള്ള എല്ലാ കുട്ടികൾക്കും, രാഷ്ട്രം, നിയമം വഴി തീരുമാനിക്കുന്ന അങ്ങനെയുള്ള രീതിയിൽ, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിന് വ്യവസ്ഥ ചെയ്യേണ്ടതാണ്.]

[2]**22. ചില സംഗതികളിൽ അറസ്ററിനും തടങ്കലിനും എതിരായി സംരക്ഷണം**—(1) അറസ്ററ് ചെയ്ത യാതൊരാളെയും ആ അറസ്ററിനുള്ള കാരണങ്ങൾ കഴിയുന്നത്ര വേഗം അറിയിക്കാതെ തടങ്കലിൽ സൂക്ഷിക്കുകയോ അയാൾക്കിഷ്ടമുള്ള ഒരു അഭിഭാഷകനുമായി ആലോചിക്കുവാനും അദ്ദേഹം മുഖേന പ്രതിവാദിക്കാനും ഉള്ള അവകാശം നിഷേധിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(2) അറസ്ററ് ചെയ്യുകയും തടങ്കലിൽ സൂക്ഷിക്കുകയും ചെയ്തിട്ടുള്ള ഏതൊരാളെയും, ഏററവും അടുത്തുള്ള മജിസ്ട്രേററിൻെറ മുൻപാകെ അറസ്ററ് ചെയ്ത സ്ഥലത്തുനിന്ന് ആ മജിസ്ട്രേററിൻെറ കോടതിയിലേയ്ക്കുള്ള യാത്രയ്ക്ക് വേണ്ട സമയം ഒഴിച്ച്, ആ അറസ്ററിനുശേഷം ഇരുപത്തിനാല് മണിക്കൂർ സമയത്തിനുള്ളിൽ ഹാജരാക്കേണ്ടതും, അങ്ങനെയുള്ള യാതൊരാളെയും ഒരു മജിസ്ട്രേററിൻെറ അധികാരം കൂടാതെ മേൽപ്പറഞ്ഞ കാലാവധിക്കുശേഷം തടങ്കലിൽ സൂക്ഷിക്കുവാൻ പാടില്ലാത്തതും ആകുന്നു.

(3) (1), (2) എന്നീ ഖണ്ഡങ്ങളിലുള്ള യാതൊന്നും—

(ക) ആ സമയത്ത് അന്യദേശീയ ശത്രുവായിരിക്കുന്ന ഏതെങ്കിലും ആൾക്കോ, അല്ലെങ്കിൽ

(ഖ) നിവാരണ തടങ്കലിന് വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും നിയമപ്രകാരം അറസ്ററ് ചെയ്യുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും ആൾക്കോ,

ബാധകമാകുന്നതല്ല.

(4) നിവാരണത്തടങ്കലിന് വ്യവസ്ഥ ചെയ്യുന്ന യാതൊരു നിയമത്തിനും ഒരാളെ മൂന്നു മാസത്തിലധികമുള്ള കാലത്തേയ്ക്ക് തടങ്കലിൽ വയ്ക്കുവാൻ—

(ക) ഒരു ഹൈക്കോടതിയിലെ ജഡ്ജിമാരായി ഇരിക്കുന്നവരോ ഇരുന്നിട്ടുള്ളവരോ നിയമിക്കപ്പെടുവാൻ യോഗ്യതയുള്ളവരോ ആയ ആളുകൾ അടങ്ങുന്ന ഒരു ഉപദേശക ബോർഡ്, മേൽപ്പറഞ്ഞ മൂന്നു മാസക്കാലം അവസാനിക്കുന്നതിനു മുൻപ്, അതിൻെറ അഭിപ്രായത്തിൽ അങ്ങനെയുള്ള തടങ്കലിന് മതിയായ കാരണം ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലല്ലാതെ:

എന്നാൽ, ഈ ഉപഖണ്ഡത്തിലെ യാതൊന്നും (7)-ാം ഖണ്ഡത്തിലെ (ഖ) ഉപഖണ്ഡം അനുസരിച്ച് പാർലമെൻററ് നിർമ്മിക്കുന്ന ഏതെങ്കിലും നിയമം വഴി നിർണ്ണയിക്കുന്ന പരമാവധി കാലത്തിനുശേഷം യാതൊരു ആളെയും തടങ്കലിൽ വയ്ക്കുവാൻ അധികാരം നൽകുന്നതല്ല ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ആളെ തടങ്കലിൽ വച്ചിരിക്കുന്നത് (7)-ാം ഖണ്ഡത്തിലെ (ക) യും (ഖ) യും ഉപഖണ്ഡങ്ങൾ പ്രകാരം പാർലമെൻററ് നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമാണെങ്കിലല്ലാതെ,

അധികാരം നൽകുന്നതല്ല.

---

1. 2002-ലെ ഭരണഘടന (എൺപത്തിയാറാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം ഉൾക്കൊള്ളിച്ചത് .

2. 1978-ലെ ഭരണഘടന (നാല്പത്തിനാലാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പ് നടപ്പിലാക്കുമ്പോൾ ആ വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ 22ാം അനുച്ഛേദം ഭേദഗതി ചെയ്യപ്പെട്ടതായിത്തീരുന്നതാണ്.

(5) നിവാരണത്തടങ്കലിന് വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും നിയമപ്രകാരം നൽകിയിട്ടുള്ള ഒരു ഉത്തരവിന് അനുസൃതമായി ഏതെങ്കിലും ആളെ തടങ്കലിൽ വയ്ക്കുമ്പോൾ, അങ്ങനെ ഒരു ഉത്തരവ് നൽകുന്ന അധികാരസ്ഥാനം, എന്തു കാരണങ്ങളിൻമേലാണ് ആ ഉത്തരവ് നൽകിയിട്ടുള്ളതെന്ന് കഴിയുന്നതും വേഗം അറിയിക്കേണ്ടതും ആ ഉത്തരവിനെതിരായി നിവേദനം നടത്തുവാൻ ഏററവും നേരത്തെയുള്ള അവസരം അയാൾക്ക് കൊടുക്കേണ്ടതും ആകുന്നു.

(6) (5)-ാം ഖണ്ഡത്തിലുള്ള യാതൊന്നും ആ ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട വിധത്തിലുള്ള ഏതെങ്കിലും ഉത്തരവ് നൽകുന്ന അധികാരസ്ഥാനത്തോട്, ഏത് വസ്തുതകൾ വെളിപ്പെടുത്തുന്നതാണ് പൊതുതാത്പര്യങ്ങൾക്ക് എതിരെന്ന് അങ്ങനെയുള്ള അധികാരസ്ഥാനം കരുതുന്നത് അവ വെളിപ്പെടുത്തുവാൻ ആവശ്യപ്പെടുന്നതല്ല.

(7) പാർലമെൻറിന് നിയമം മുഖേന—

(ക) (4)-ാം ഖണ്ഡം (ക) ഉപഖണ്ഡത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ഒരു ഉപദേശക ബോർഡിൻെറ അഭിപ്രായം നേടാതെ നിവാരണത്തടങ്കലിന് വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും നിയമപ്രകാരം മൂന്നുമാസക്കാലത്തിൽ കൂടുതൽ ഒരാളെ തടങ്കലിൽ വയ്ക്കാവുന്നത് ഏതെല്ലാം സാഹചര്യങ്ങളിലും ഏതെല്ലാം സംഗതികളുടെ തരത്തിലോ തരങ്ങളിലോ ആണെന്നും ;

(ഖ) നിവാരണത്തടങ്കലിന് വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും നിയമപ്രകാരം ഏതെങ്കിലും തരത്തിൽ അല്ലെങ്കിൽ തരങ്ങളിൽപ്പെട്ട സംഗതികളിൽ ഏതെങ്കിലും ആളെ തടങ്കലിൽ വയ്ക്കാവുന്ന പരമാവധികാലവും ;

(ഗ) (4)-ാം ഖണ്ഡം (ക) ഉപഖണ്ഡപ്രകാരം ഉള്ള ഒരു അന്വേഷണവിചാരണയിൽ ഒരു ഉപദേശക ബോർഡ് അനുവർത്തിക്കേണ്ട നടപടിക്രമവും,

നിർണ്ണയിക്കാവുന്നതാണ്.

## ചൂഷണത്തിനെതിരായുള്ള അവകാശം

**23. മനുഷ്യക്കച്ചവടത്തിൻെറയും നിർബന്ധിച്ച് പണി ചെയ്യിക്കലിൻെറയും നിരോധനം**—(1) മനുഷ്യക്കച്ചവടവും, ബേഗാറും അതുപോലുള്ള നിർബന്ധിച്ച് പണി ചെയ്യിക്കലിൻെറ മററു രൂപങ്ങളും നിരോധിച്ചിരിക്കുന്നതും, ഈ വ്യവസ്ഥയുടെ ഏത് ലംഘനവും നിയമം അനുസരിച്ച് ശിക്ഷിക്കാവുന്ന ഒരു കുററമായിരിക്കുന്നതും ആകുന്നു.

(2) ഈ അനുച്ഛേദത്തിലെ യാതൊന്നും പൊതു ആവശ്യങ്ങൾക്കായി നിർബന്ധിച്ച് സേവനം അനുഷ്ഠിപ്പിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ലാത്തതും, അങ്ങനെ സേവനം അനുഷ്ഠിപ്പിക്കുന്നതിൽ മതം, വർഗ്ഗം, ജാതി, വിഭാഗം എന്നിവയേയോ അവയിൽ ഏതെങ്കിലും ഒന്നിനേയോ മാത്രം അടിസ്ഥാനമാക്കി രാഷ്ട്രം യാതൊരു വിവേചനവും കാണിക്കുവാൻ പാടില്ലാത്തതും ആകുന്നു.

**24. വ്യവസായ ശാലകൾ മുതലായവയിൽ കുട്ടികളുടെ ജീവനം നിരോധിക്കൽ**—പതിന്നാല് വയസ്സിന് താഴെയുള്ള ഒരു കുട്ടിയെയും ഏതെങ്കിലും വ്യവസായശാലയിലോ ഖനിയിലോ ജോലി ചെയ്യുവാൻ ഏർപ്പെടുത്തുകയോ അപായ സാദ്ധ്യതയുള്ള മറേറതെങ്കിലും ജീവനത്തിന് ഏർപ്പെടുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

## മതസ്വാതന്ത്ര്യത്തിനുള്ള അവകാശം

**25. മനഃസാക്ഷിക്കും സ്വതന്ത്രമായ മതവിശ്വാസത്തിനും മതാചരണത്തിനും മത പ്രചരണത്തിനും ഉള്ള സ്വാതന്ത്ര്യം**—(1) പൊതു സമാധാനത്തിനും സാൻമാർഗികതയ്ക്കും ആരോഗ്യത്തിനും ഈ ഭാഗത്തിലെ മററു വ്യവസ്ഥകൾക്കും വിധേയമായി, എല്ലാ ആളുകളും മനഃസാക്ഷി സ്വാതന്ത്ര്യത്തിനും സ്വതന്ത്രമായി മതം വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഉള്ള അവകാശത്തിനും ഒരുപോലെ അവകാശം ഉള്ളവരാകുന്നു.

(2) ഈ അനുച്ഛേദത്തിലെ യാതൊന്നും—

(ക) മതാചരണത്തോട് ബന്ധപ്പെടാവുന്ന സാമ്പത്തികമോ ധനപരമോ രാഷ്ട്രീയമോ ആയ ഏതെങ്കിലും പ്രവർത്തനത്തെയോ മതേതരമായ മററ് ഏതെങ്കിലും പ്രവർത്തനത്തെയോ ക്രമപ്പെടുത്തുന്നതോ നിയന്ത്രിക്കുന്നതോ ;

(ഖ) സാമൂഹ്യക്ഷേമത്തിനും, സാമൂഹ്യപരിഷ്ക്കരണത്തിനും അല്ലെങ്കിൽ പൊതുസ്വഭാവമുള്ള ഹിന്ദുമത സ്ഥാപനങ്ങൾ എല്ലാ ഇനത്തിലും വിഭാഗത്തിലുംപെട്ട ഹിന്ദുക്കൾക്ക് തുറന്നുകൊടുക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതോ,

ആയ നിലവിലുള്ള ഏതെങ്കിലും നിയമത്തിൻെറ പ്രവർത്തനത്തെ ബാധിക്കുകയോ അങ്ങനെയുള്ള ഏതെങ്കിലും നിയമം നിർമ്മിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുകയോ, ചെയ്യുന്നതല്ല.

*വിശദീകരണം* I—കൃപാണുകൾ ധരിക്കുന്നതും കൊണ്ടുനടക്കുന്നതും സിക്കുമത വിശ്വാസത്തിൽ ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതാണ്.

*വിശദീകരണം* II—(2)-ാം ഖണ്ഡത്തിലെ (ഖ) ഉപഖണ്ഡത്തിൽ ഹിന്ദുക്കളെപ്പററിയുള്ള പരാമർശത്തിന് അതിൽ സിക്കുമതത്തിലോ ജൈനമതത്തിലോ ബുദ്ധമതത്തിലോ വിശ്വസിക്കുന്ന ആളുകളെപ്പററിയുള്ള ഒരു പരാമർശം ഉൾപ്പെടുന്നതായി അർത്ഥം കൽപ്പിക്കേണ്ടതും, ഹിന്ദുമത സ്ഥാപനങ്ങളെപ്പററിയുള്ള പരാമർശത്തിന് അതനുസരിച്ച് അർത്ഥം കൽപ്പിക്കേണ്ടതും ആകുന്നു.

**26. മതപരമായ കാര്യങ്ങളുടെ നടത്തിപ്പിനുള്ള സ്വാതന്ത്ര്യം**—പൊതുസമാധാനത്തിനും സാൻമാർഗികതയ്ക്കും ആരോഗ്യത്തിനും വിധേയമായി, ഓരോ മതവിഭാഗത്തിനും അല്ലെങ്കിൽ അതിൻെറ ഏതെങ്കിലും ഭാഗത്തിനും—

(ക) മതപരവും ധർമ്മപരവുമായ ആവശ്യങ്ങൾക്കുവേണ്ടി സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും ;

(ഖ) മതപരമായ വിഷയങ്ങളിൽ അതിൻേറതായ കാര്യങ്ങൾ നടത്തുന്നതിനും ;

(ഗ) സ്ഥാവരവും ജംഗമവുമായ വസ്തുക്കൾ ഉടമയിൽ വയ്ക്കുന്നതിനും ആർജ്ജിക്കുന്നതിനും ;

(ഘ) അങ്ങനെയുള്ള വസ്തുവിൻെറ ഭരണം നിയമാനുസൃതമായി നടത്തുന്നതിനും,

അവകാശമുണ്ടായിരിക്കുന്നതാണ്.

**27. ഏതെങ്കിലും പ്രത്യേക മതത്തിൻെറ പോഷണത്തിനുവേണ്ടി നികുതികൾ കൊടുക്കുന്നതു സംബന്ധിച്ച സ്വാതന്ത്ര്യം**—ഏതെങ്കിലും ഒരു പ്രത്യേക മതത്തിൻെറയോ മതവിഭാഗത്തിൻെറയോ പോഷണത്തിനോ സംരക്ഷണത്തിനോ വേണ്ട ചെലവിലേക്ക് വരവ് തിരിച്ച് വകകൊള്ളിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും നികുതികൾ കൊടുക്കുവാൻ യാതൊരാളെയും നിർബന്ധിക്കുവാൻ പാടുള്ളതല്ല.

**28. ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതബോധനത്തിനോ മതപരമായ ആരാധനയ്ക്കോ ഹാജരാകുന്നതു സംബന്ധിച്ച സ്വാതന്ത്ര്യം**—(1) പൂർണ്ണമായും രാഷ്ട്രത്തിൻെറ പണം കൊണ്ട് സംരക്ഷിക്കപ്പെടുന്ന യാതൊരു വിദ്യാഭ്യാസ സ്ഥാപനത്തിലും മതപരമായ ബോധനം നൽകുവാൻ പാടുള്ളതല്ല.

(2) (1)-ാം ഖണ്ഡത്തിലെ യാതൊന്നും, രാഷ്ട്രം ഭരണം നടത്തുന്നതും എന്നാൽ മതപരമായ ബോധനം ആ സ്ഥാപനത്തിൽ നൽകണമെന്ന് ആവശ്യപ്പെടുന്ന ഏതെങ്കിലും എൻഡോവ് മെൻറിൻെറയോ ട്രസ്ററിൻെറയോ കീഴിൽ സ്ഥാപിച്ചിട്ടുള്ളതും ആയ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന് ബാധകമാകുന്നതല്ല.

(3) രാഷ്ട്രം അംഗീകരിച്ചിട്ടുള്ളതോ രാഷ്ട്രത്തിൻെറ നിധിയിൽ നിന്ന് സഹായം ലഭിക്കുന്നതോ ആയ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ ഹാജരാകുന്ന യാതൊരു ആളോടും, അങ്ങനെയുള്ള സ്ഥാപനത്തിൽ നൽകുന്ന മതപരമായ ഏതെങ്കിലും ബോധനത്തിൽ പങ്കു കൊള്ളുവാനോ, ആ സ്ഥാപനത്തിലോ അതിനോടു ചേർന്ന പരിസരങ്ങളിലോ നടത്തുന്ന മതപരമായ ഏതെങ്കിലും ആരാധനയ്ക്ക് ഹാജരാകുവാനോ, ആ ആളോ, ആ ആൾ മൈനറാണെങ്കിൽ അയാളുടെ രക്ഷാകർത്താവോ അതിന് അയാളുടെ സമ്മതം നൽകിയിട്ടില്ലാത്തപക്ഷം ആവശ്യപ്പെടുവാൻ പാടുള്ളതല്ല.

## *സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ*

**29. ന്യൂനപക്ഷതാത്പര്യങ്ങളുടെ സംരക്ഷണം**—(1) ഭാരതത്തിൻെറ ഭൂപ്രദേശത്തോ അതിൻെറ ഏതെങ്കിലും ഭാഗത്തോ താമസിച്ചുവരുന്ന പൗരൻമാരിൽ, ഭിന്നമായ ഒരു ഭാഷയോ ലിപിയോ സംസ്കാരമോ സ്വന്തമായുള്ള ഏതൊരു വിഭാഗത്തിനും അത് സംരക്ഷിക്കുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) രാഷ്ട്രം സംരക്ഷിക്കുന്നതോ രാഷ്ട്രത്തിൻെറ നിധിയിൽ നിന്ന് സഹായം സ്വീകരിക്കുന്നതോ ആയ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ മതം, വർഗ്ഗം, ജാതി, ഭാഷ എന്നിവയേയോ, അവയിൽ ഏതെങ്കിലും ഒന്നിനേയോ മാത്രം അടിസ്ഥാനമാക്കി യാതൊരു പൗരനും പ്രവേശനം നിഷേധിക്കപ്പെടുവാൻ പാടുള്ളതല്ല.

**30. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനും ന്യൂനപക്ഷങ്ങൾക്കുള്ള അവകാശം**—(1) എല്ലാ ന്യൂനപക്ഷങ്ങൾക്കും, അവ മതമോ ഭാഷയോ അടിസ്ഥാനമായുള്ളവയായാലും അവരുടെ ഇഷ്ടപ്രകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

[1][ (1ക) (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു ന്യൂനപക്ഷം സ്ഥാപിക്കുകയും ഭരണം നടത്തുകയും ചെയ്യുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൻെറ ഏതെങ്കിലും വസ്തുവിൻെറ നിർബന്ധപൂർവ്വമായ ആർജ്ജനത്തിനു വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും നിയമം നിർമ്മിക്കുമ്പോൾ അങ്ങനെയുള്ള വസ്തുവിൻെറ ആർജ്ജനത്തിനുവേണ്ടി അങ്ങനെയുള്ള നിയമപ്രകാരം നിജപ്പെടുത്തുന്നതോ നിശ്ചയിക്കുന്നതോ ആയ സംഖ്യ ആ ഖണ്ഡപ്രകാരം ഉറപ്പു നൽകിയിട്ടുള്ള അവകാശം നിയന്ത്രിക്കുന്നതോ ഇല്ലാതാക്കുന്നതോ അല്ലാത്തതാണെന്ന് രാഷ്ട്രം ഉറപ്പുവരുത്തേണ്ടതാണ്.]

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തി നാലാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

(2) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിൽ, ഒരു ന്യൂനപക്ഷത്തിൻെറ, അത് മതമോ ഭാഷയോ അടിസ്ഥാനമായുള്ളതായാലും, നടത്തിപ്പിൻ കീഴിലാണെന്നുള്ളതിൻെറ കാരണത്തിൻമേൽ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിനെതിരായി രാഷ്ട്രം വിവേചനം കാണിക്കുവാൻ പാടുള്ളതല്ല.

[1]*

**31.** [വസ്തുവിൻെറ നിർബന്ധപൂർവ്വമായ ആർജ്ജനം.] 1978-ലെ ഭരണഘടന (നാൽപ്പത്തി നാലാം ഭേദഗതി ) ആക്ററ്, 6-ാം വകുപ്പുപ്രകാരം 20-6-1979 മുതൽ പ്രാബല്യത്തോടെ റദ്ദാക്കി.

[2][ ചില നിയമങ്ങൾ ഒഴിവാക്കൽ ]

[3][ **31 ക. എസ്റ്റേററുകളുടെ ആർജ്ജനം മുതലായവയ്ക്ക് വ്യവസ്ഥ ചെയ്യുന്ന നിയമങ്ങളെ ഒഴിവാക്കൽ**—[4][(1) 13-ാം അനുച്ഛേദത്തിൽ എന്തു തന്നെ അടങ്ങിയിരുന്നാലും,—

(ക) ഏതെങ്കിലും എസ്റ്റേറ്റോ അതിലെ ഏതെങ്കിലും അവകാശങ്ങളോ രാഷ്ട്രം ആർജ്ജിക്കുന്നതിനോ അങ്ങനെയുള്ള ഏതെങ്കിലും അവകാശങ്ങൾ ഇല്ലാതാക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യുന്നതിനോ,

(ഖ) ഏതെങ്കിലും വസ്തുവിന്റെ നടത്തിപ്പ്, പൊതുതാത്പര്യത്തിനോ ആ വസ്തുവിന്റെ ഉചിതമായ നടത്തിപ്പ് സംപ്രാപ്തമാക്കുവാനോ വേണ്ടി ഒരു ക്ലിപ്തകാലത്തേക്ക് രാഷ്ട്രം ഏറ്റെടുക്കുന്നതിനോ,

(ഗ) രണ്ടോ അതിലധികമോ കോർപ്പറേഷനുകളെ പൊതുതാത്പര്യത്തിനോ അല്ലെങ്കിൽ ആ കോർപ്പറേഷനുകളിൽ ഏതിന്റെയെങ്കിലും ഉചിതമായ നടത്തിപ്പ് സംപ്രാപ്തമാക്കുവാനോ വേണ്ടി സംയോജിപ്പിക്കുന്നതിനോ,

(ഘ) കോർപ്പറേഷനുകളുടെ മാനേജിംഗ് ഏജന്റുമാരുടെയോ സെക്രട്ടറിമാരുടെയോ ട്രഷറർമാരുടെയോ മാനേജിംഗ് ഡയറക്ടർമാരുടെയോ ഡയറക്ടർമാരുടെയോ മാനേജർമാരുടെയോ ഏതെങ്കിലും അവകാശങ്ങളെയോ, അവയിലെ ഓഹരിയുടമകളുടെ ഏതെങ്കിലും വോട്ടവകാശത്തെയോ ഇല്ലാതാക്കുന്നതിനോ രൂപഭേദപ്പെടുത്തുന്നതിനോ,

(ങ) ഏതെങ്കിലും ഖനിജമോ ഖനിജതൈലമോ തേടുന്നതിനോ ഖനനം ചെയ്തെടുക്കുന്നതിനോ ഉള്ള ആവശ്യത്തിന് ഏതെങ്കിലും കരാറിന്റെയോ പാട്ടത്തിന്റെയോ ലൈസൻസിന്റെയോ ബലത്തിൽ കിട്ടിയിട്ടുള്ള ഏതെങ്കിലും അവകാശങ്ങൾ ഇല്ലാതാക്കുകയോ രൂപഭേദപ്പെടുത്തുകയോ അല്ലെങ്കിൽ അങ്ങനെയുള്ള കരാറോ പാട്ടമോ ലൈസൻസോ കാലം കഴിയുന്നതിനുമുൻപ് പര്യവസാനിപ്പിക്കുകയോ ദുർബലപ്പെടുത്തുകയോ ചെയ്യുന്നതിനോ,

വ്യവസ്ഥ ചെയ്യുന്ന യാതൊരു നിയമവും [5][14-ാം അനുച്ഛേദത്താലോ 19-ാം അനുച്ഛേദത്താലോ] നൽകിയിട്ടുള്ള അവകാശങ്ങളിൽ ഏതിനോടെങ്കിലും പൊരുത്തപ്പെടാത്തതാണെന്നോ അല്ലെങ്കിൽ അവയിൽ ഏതിനെയെങ്കിലും എടുത്തുകളയുന്നു എന്നോ കുറയ്ക്കുന്നു എന്നോ ഉള്ള കാരണത്തിൻമേൽ അസാധുവാണെന്ന് കരുതപ്പെടാൻ പാടുള്ളതല്ല :

എന്നാൽ, അങ്ങനെയുള്ള നിയമം ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ ഒരു നിയമമാണെങ്കിൽ അങ്ങനെയുള്ള നിയമം രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ട് അതിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കാത്തപക്ഷം ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾ അതിന് ബാധകമാകുന്നതല്ല]:

---

1. "വസ്തുവിനുള്ള അവകാശം" എന്ന ഉപശീർഷകം 1978-ലെ ഭരണഘടന (നാല്പ്പത്തി നാലാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം വിട്ടുകളഞ്ഞു (20-6-179 മുതൽ പ്രാബല്യം).

2. 1976-ലെ ഭരണഘടന (നാല്പ്പത്തി രണ്ടാം ഭേദഗതി ) ആക്ററ്, 3-ാം വകുപ്പു പ്രകാരം ചേർത്തത് ( 3-1-1977 മുതൽ പ്രാബല്യം).

3. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്ററ്, 4-ാം വകുപ്പുപ്രകാരം (പൂർവ്വകാല പ്രാബല്യത്തോടുകൂടി) ചേർത്തത്.

4. 1955-ലെ ഭരണഘടന (നാലാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം (1)-ാം ഖണ്ഡത്തിന് പകരം (പൂർവ്വകാല പ്രാബല്യത്തോടുകൂടി) ചേർത്തത്.

5. 1978-ലെ ഭരണഘടന (നാല്പ്പത്തി നാലാം ഭേദഗതി) ആക്ററ്, 7-ാം വകുപ്പു പ്രകാരം "14-ാം അനുച്ഛേദം, 19-ാം അനുച്ഛേദം അല്ലെങ്കിൽ 31-ാം അനുച്ഛേദം" എന്നിവയ്ക്ക് പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

[1][എന്നുമാത്രമല്ല, ഏതെങ്കിലും നിയമം, ഏതെങ്കിലും സ്വത്ത് രാഷ്ട്രം ആർജ്ജിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും അതിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും ഭൂമി ഒരാൾ തന്റെ നേരിട്ടുള്ള കൃഷിയിൽ വച്ചുകൊണ്ടിരിക്കുകയും ആണെങ്കിൽ, ആ ഭൂമിയിൽ, ആ സമയത്ത് പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമപ്രകാരം അയാൾക്ക് ബാധകമാകുന്ന പരമാവധി പരിധിക്കുള്ളിലുള്ള ഏതെങ്കിലും ഭാഗമോ, അതിൽ നിൽക്കുന്നതോ അതിനോട് ചേർന്നുള്ളതോ ആയ ഏതെങ്കിലും കെട്ടിടമോ പണിപ്പാടോ രാഷ്ട്രം ആർജ്ജിക്കുന്നത്, അതിന്റെ കമ്പോളവിലയേക്കാൾ കുറയുവാൻ പാടില്ലാത്ത ഒരു നിരക്കിൽ നഷ്ടപരിഹാരം കൊടുക്കുന്നതിന് അങ്ങനെയുള്ള ഭൂമിയോ കെട്ടിടമോ പണിപ്പാടോ ആർജ്ജിക്കുന്നത് സംബന്ധിച്ചുള്ള നിയമം വ്യവസ്ഥചെയ്യാത്തപക്ഷം, നിയമാനുസൃതം ആയിരിക്കുന്നതല്ല.]

(2) ഈ അനുച്ഛേദത്തിൽ—

[2][(ക) "സ്വത്ത് " എന്ന പദത്തിന്, ഏതെങ്കിലും തദ്ദേശ പ്രദേശത്തെ സംബന്ധിച്ച്, ആ പദത്തിനോ അതിൻെറ തദ്ദേശ തുല്യപദത്തിനോ ആ പ്രദേശത്തിൽ പ്രാബല്യത്തിലുള്ള ഭൂനടപ്പവകാശങ്ങളെ സംബന്ധിച്ച് നിലവിലുള്ള നിയമത്തിലെ അർത്ഥം തന്നെ ഉണ്ടായിരിക്കുന്നതും, അതിൽ—

(i) ഏതെങ്കിലും ജാഗീറും, ഇനാമും, മുആഫിയും അല്ലെങ്കിൽ അതുപോലെയുള്ള മററ് സഹായധനവും [3][തമിഴ്നാട്], കേരളം എന്നീ സംസ്ഥാനങ്ങളിലെ ഏതൊരു ജന്മം അവകാശവും;

(ii) റയ്തുവാരി സെററിൽമെന്റ് പ്രകാരം ധാരണം ചെയ്യപ്പെട്ട ഏത് ഭൂമിയും;

(iii) തരിശുഭൂമി, വനഭൂമി, മേച്ചിലിനുള്ള ഭൂമി അല്ലെങ്കിൽ ഭൂമി കൃഷി ചെയ്യുന്നവരുടെയും കർഷകതൊഴിലാളികളുടെയും ഗ്രാമീണ കൈത്തൊഴിലുകാരുടെയും കൈവശമുള്ള കെട്ടിടങ്ങളും മററ് പണിപ്പാടുകളും നിൽക്കുന്ന സ്ഥലങ്ങൾ എന്നിവ ഉൾപ്പെടെ കൃഷിയാവശ്യങ്ങൾക്കോ അവയ്ക്ക് സഹായകമായ ആവശ്യങ്ങൾക്കോ ധാരണം ചെയ്യുന്നതോ പാട്ടത്തിനു കൊടുത്തിട്ടുള്ളതോ ആയ ഏത് ഭൂമിയും,

കൂടി ഉൾപ്പെടുന്നതും ആകുന്നു.]

(ഖ) ഒരു സ്വത്തിനെ സംബന്ധിച്ച്, "അവകാശങ്ങൾ" എന്ന പദത്തിൽ ഒരു ഉടമസ്ഥനിലോ ഉപ ഉടമസ്ഥനിലോ കീഴ്ഉടമസ്ഥനിലോ നടപ്പവകാശക്കാരനിലോ [4][റയ്ത്തിലോ, കീഴ് റയ്ത്തിലോ] മററ് മദ്ധ്യവർത്തിയിലോ നിക്ഷിപ്തമായ ഏത് അവകാശങ്ങളും, ഭൂമിക്കരം സംബന്ധിച്ച ഏത് അവകാശങ്ങളും വിശേഷാവകാശങ്ങളും ഉൾപ്പെടുന്നതാണ്.]

[5][**31 ഖ. ചില ആക്ററുകളും റഗുലേഷനുകളും സാധൂകരിക്കൽ**—31 ക അനുച്ഛേദത്തിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധം ഒൻപതാം പട്ടികയിൽ നൽകിയിട്ടുള്ള ആക്ററുകളിലും റഗുലേഷനുകളിലും ഏതെങ്കിലുമോ, അവയിലെ വ്യവസ്ഥകളിൽ ഏതെങ്കിലുമോ, അങ്ങനെയുള്ള ആക്റ്റോ റഗുലേഷനോ വ്യവസ്ഥയോ ഈ ഭാഗത്തിലെ ഏതെങ്കിലും വ്യവസ്ഥകളാൽ നൽകിയിട്ടുള്ള ഏതെങ്കിലും അവകാശങ്ങളോട് പൊരുത്തപ്പെടാത്തതാണെന്നോ അവയെ എടുത്തുകളയുന്നു എന്നോ കുറയ്ക്കുന്നു എന്നോ ഉള്ള കാരണത്തിൻമേൽ അസാധുവാണെന്നോ എപ്പോഴെങ്കിലും അസാധുവായിരുന്നിട്ടുണ്ടെന്നോ കരുതപ്പെടുവാൻ പാടില്ലാത്തതും, അതിനു വിപരീതമായി ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ ഏതെങ്കിലും വിധി ന്യായമോ ഡിക്രിയോ ഉത്തരവോ ഉണ്ടായിരുന്നാൽ തന്നെയും മേൽപ്പറഞ്ഞ ഓരോ ആക്ററും റഗുലേഷനും, ക്ഷമതയുള്ള ഏതെങ്കിലും നിയമനിർമ്മാണമണ്ഡലത്തിന് അതിനെ റദ്ദാക്കുവാനോ ഭേദഗതി ചെയ്യുവാനോ ഉള്ള അധികാരത്തിന് വിധേയമായി, പ്രാബല്യത്തിൽ തുടരുന്നതും ആകുന്നു.]

---

1. 1964-ലെ ഭരണഘടന ( പതിനേഴാം ഭേദഗതി ) ആക്റ്റ്, 2-ാം വകുപ്പു പ്രകാരം ചേർത്തത്.
2. മേൽപ്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പു പ്രകാരം (ക) ഉപഖണ്ഡത്തിനു പകരം (പൂർവ്വകാല പ്രാബല്യത്തോടെ) ചേർത്തത്.
3. 1968-ലെ മദ്രാസ് സംസ്ഥാനം (പേര് മാററൽ) ആക്റ്റ്, 4-ാം വകുപ്പു പ്രകാരം "മദ്രാസ്" എന്ന വാക്കിനു പകരം ചേർത്തത് (14-1-1969 മുതൽ പ്രാബല്യം).
4. 1955-ലെ ഭരണഘടന (നാലാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പു പ്രകാരം (പൂർവ്വകാല പ്രാബല്യത്തോടെ) ചേർത്തത്.
5. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പു പ്രകാരം ചേർത്തത്.

[1] **[31 ഗ . ചില നിർദ്ദേശക തത്ത്വങ്ങൾ നടപ്പിൽ വരുത്തുന്ന നിയമങ്ങളെ ഒഴിവാക്കൽ**—13-ാം അനുച്ഛേദത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, [2] [IV-ാം ഭാഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള തത്ത്വങ്ങളിൽ എല്ലാമോ അവയിൽ ഏതെങ്കിലുമോ] സംപ്രാപ്തമാക്കുന്നതിനുള്ള രാഷ്ട്രനയം നടപ്പിൽ വരുത്തുന്ന യാതൊരു നിയമവും, അത് [3][14-ാം അനുച്ഛേദത്താലോ 19-ാം അനുച്ഛേദത്താലോ] നൽകിയിട്ടുള്ള ഏതെങ്കിലും അവകാശങ്ങളോട് പൊരുത്തപ്പെടാത്തതാണെന്നോ അവ എടുത്തുകളയുകയോ കുറയ്ക്കുകയോ ചെയ്യുന്നുവെന്നോ ഉള്ള കാരണത്താൽ അസാധുവാണെന്ന് കരുതപ്പെടുവാൻ പാടില്ലാത്തതും; * *എന്നാൽ അങ്ങനെയുള്ള നയം നടപ്പിൽ വരുത്തുവാനുള്ളതാണെന്ന ഒരു പ്രഖ്യാപനം അടങ്ങിയ യാതൊരു നിയമവും, അത് അങ്ങനെയുള്ള നയം നടപ്പിൽ വരുത്തുന്നില്ല എന്ന കാരണത്താൽ ഒരു കോടതിയിലും ചോദ്യം ചെയ്യപ്പെടാവുന്നതല്ല:*

എന്നാൽ, അങ്ങനെയുള്ള നിയമം ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയതാണെങ്കിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് ആ നിയമം സമർപ്പിച്ചിട്ട് അതിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കാത്തപക്ഷം ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾ അതിന് ബാധകമാകുന്നതല്ല. ]

[4] **31** ഘ. [രാജ്യവിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച നിയമങ്ങൾ ഒഴിവാക്കൽ.] 1977-ലെ ഭരണഘടന (നാല്പത്തി മൂന്നാം ഭേദഗതി ) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം13-4-1978 മുതൽ പ്രാബല്യത്തോടെ റദ്ദാക്കി.

## *ഭരണഘടനാസംബന്ധമായ പരിഹാര മാർഗ്ഗങ്ങൾക്കുള്ള അവകാശം*

**32. ഈ ഭാഗംവഴി നൽകിയിട്ടുള്ള അവകാശങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ**— (1) ഈ ഭാഗം വഴി നൽകിയിട്ടുള്ള അവകാശങ്ങൾ പ്രാവർത്തികമാക്കുന്നതിന് സുപ്രീം കോടതിയിൽ സമുചിതമായ നടപടികൾ മുഖേന അപേക്ഷിക്കുവാനുള്ള അവകാശത്തിന് ഉറപ്പ് നൽകിയിരിക്കുന്നു.

(2) ഈ ഭാഗം വഴി നൽകിയിട്ടുള്ള അവകാശങ്ങളിൽ ഏതെങ്കിലും പ്രാവർത്തികമാക്കുന്നതിന് നിർദ്ദേശങ്ങൾ അല്ലെങ്കിൽ ഉത്തരവുകൾ അല്ലെങ്കിൽ ഹേബിയസ്കോർപ്പസ്, മാൻഡമസ്, പ്രൊഹിബിഷൻ, ക്വോവാറന്റോ, സെർഷ്യോറൈറ്റ എന്നിവയുടെ സ്വഭാവത്തിലുള്ള റിട്ടുകൾ ഉൾപ്പെടെയുള്ള റിട്ടുകളിൽ സമുചിതമായത് ഏതോ അത് പുറപ്പെടുവിക്കുന്നതിന് സുപ്രീം കോടതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) (1)-ഉം (2)-ഉം ഖണ്ഡങ്ങൾ വഴി സുപ്രീം കോടതിക്ക് നൽകിയിട്ടുള്ള അധികാരങ്ങൾക്ക് ഭംഗം വരാത്ത വിധം (2)-ാം ഖണ്ഡപ്രകാരം സുപ്രീംകോടതിക്കു പ്രയോഗിക്കാവുന്ന എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ, മറ്റേതൊരു കോടതിയേയും അതിന്റെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ പ്രയോഗിക്കുന്നതിന് നിയമം മുഖേന പാർലമെന്റിന് അധികാരപ്പെടുത്താവുന്നതാണ്.

(4) ഈ ഭരണഘടനയിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒഴികെ ഈ അനുച്ഛേദം വഴി ഉറപ്പു നൽകിയിട്ടുള്ള അവകാശം നിറുത്തി വയ്ക്കുവാൻ പാടുള്ളതല്ല.

1. 1971-ലെ ഭരണഘടന (ഇരുപത്തഞ്ചാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പു പ്രകാരം ചേർത്തത് (20-4-1972 മുതൽ പ്രാബല്യം).
2. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം "39-ാം അനുച്ഛേദത്തിന്റെ (ഖ) ഖണ്ഡത്തിലോ (ഗ) ഖണ്ഡത്തിലോ പറഞ്ഞിട്ടുള്ള തത്ത്വങ്ങൾ"എന്നതിനുപകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം). സുപ്രീം കോടതി മിനർവ മിൽസ് മുതൽപേർ Vs യൂണിയൻ ഓഫ് ഇൻഡ്യ മുതൽപേർ (1980) 2 എസ്. സി. സി. 591 എന്ന കേസിൽ 4-ാം വകുപ്പ് അസാധുവായി പ്രഖ്യാപിച്ചു.
3. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 8-ാം വകുപ്പുപ്രകാരം "14-ാം അനുച്ഛേദം, 19-ാം അനുച്ഛേദം അല്ലെങ്കിൽ 31-ാം അനുച്ഛേദം" , എന്നതിന് പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

*. കേശവാനന്ദ ഭാരതി Vs ദി സ്റ്റേറ്റ് ഓഫ് കേരള (1973) സപ്ലിമെന്റ് എസ്. സി. ആർ. 1, എന്ന കേസിൽ അടിവരയിട്ട വ്യവസ്ഥ സുപ്രീം കോടതി അസാധുവായി പ്രഖ്യാപിച്ചു.

4. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

[1] [32 ക. 32-ാം അനുച്ഛേദത്തിൻ കീഴിലുള്ള നടപടികളിൽ സംസ്ഥാന നിയമങ്ങളുടെ ഭരണഘടനാ സാധുത പരിഗണിക്കേണ്ടതില്ലെന്ന്. ] 1977-ലെ ഭരണഘടന (നാൽപ്പത്തി മൂന്നാം ഭേദഗതി) ആകറ്റ്, 3-ാം വകുപ്പു പ്രകാരം (13-4-1978 മുതൽ പ്രാബല്യത്തോടെ ) റദ്ദാക്കി.

[2] [**33. ഈ ഭാഗം വഴി സേനകൾക്കും മററും നൽകിയിട്ടുള്ള അവകാശങ്ങൾ അവയുടെ ബാധകതയിൽ, രൂപഭേദപ്പെടുത്തുവാൻ പാർലമെൻറിനുള്ള അധികാരം**—ഈ ഭാഗം വഴി നൽകിയിട്ടുള്ള ഏതെങ്കിലും അവകാശങ്ങൾ,—

(ക) സായുധസേനയിലെ അംഗങ്ങൾക്കോ;

(ഖ) പൊതുസമാധാനം സംരക്ഷിക്കുന്നതിന് ഉത്തരവാദപ്പെട്ട സേനകളിലെ അംഗങ്ങൾക്കോ;

(ഗ) രഹസ്യവാർത്തകൾ ശേഖരിക്കുന്നതിനും രഹസ്യങ്ങൾ ചോർന്നുപോകുന്നതു തടയുന്നതിനുമായി രാഷ്ട്രം രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും കാര്യാലയത്തിലോ മററു സംഘടനയിലോ ഏർപ്പെടുത്തിയിട്ടുള്ള ആളുകൾക്കോ;

(ഘ) (ക) മുതൽ (ഗ) വരെയുള്ള ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും സേനകൾക്കോ കാര്യാലയത്തിനോ സംഘടനയ്ക്കോ വേണ്ടി സ്ഥാപിച്ചിട്ടുള്ള വാർത്താവിനിമയ പദ്ധതികളിലോ പദ്ധതികൾ സംബന്ധിച്ചോ ഏർപ്പെടുത്തിയിട്ടുള്ള ആളുകൾക്കോ,

ബാധകമാകുമ്പോൾ അവരുടെ ചുമതലകൾ വേണ്ടവിധം നിർവ്വഹിക്കുന്നതും അവരുടെ ഇടയിൽ അച്ചടക്കം നിലനിറുത്തുന്നതും ഉറപ്പുവരുത്തുന്നതിന് ആ അവകാശങ്ങൾ എത്രമാത്രം പരിമിതപ്പെടുത്തണമെന്നും റദ്ദാക്കണമെന്നും പാർലമെൻറിന് നിയമം വഴി നിശ്ചയിക്കാവുന്നതാണ്.]

**34. ഏതെങ്കിലും പ്രദേശത്ത് പട്ടാള നിയമം പ്രാബല്യത്തിലിരിക്കുമ്പോൾ ഈ ഭാഗം വഴി നൽകിയിട്ടുള്ള അവകാശങ്ങളിൻമേലുള്ള നിയന്ത്രണം**—ഈ ഭാഗത്ത്, ഇതിനു മുൻപുള്ള വ്യവസ്ഥകളിൽ എന്തുതന്നെ ആയിരുന്നാലും, പാർലമെന്റിന് നിയമം മുഖേന യൂണിയൻേറയോ ഒരു സംസ്ഥാനത്തിൻേറയോ സേവനത്തിലിരിക്കുന്ന ഏതൊരു ആളേയും മറേറതെങ്കിലും ആളേയും ഭാരതത്തിൻെറ ഭുപ്രദേശത്തിനുള്ളിൽ പട്ടാളനിയമം പ്രാബല്യത്തിലിരുന്ന ഏതെങ്കിലും പ്രദേശങ്ങളിൽ സമാധാനത്തിൻെറ സംരക്ഷണത്തിനോടോ പുനഃസ്ഥാപനത്തോടോ ബന്ധപ്പെട്ടതായി, അയാൾ ചെയ്തിട്ടുള്ള ഏതൊരു കൃത്യത്തെയും സംബന്ധിച്ച ബാദ്ധ്യതയിൽ നിന്ന് വിമുക്തനാക്കുകയോ, പട്ടാള നിയമ പ്രകാരം അങ്ങനെയുള്ള പ്രദേശത്ത് പുറപ്പെടുവിച്ച ഏതെങ്കിലും ശിക്ഷാ വിധിയേയും ഏൽപ്പിച്ച ശിക്ഷയേയും ഉത്തരവിട്ട കണ്ടുകെട്ടലിനെയും ചെയ്ത മററ് പ്രവൃത്തിയേയും സാധൂകരിക്കുകയോ ചെയ്യാവുന്നതാണ്.

**35. ഈ ഭാഗത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുവാനുള്ള നിയമനിർമ്മാണം**—ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും,—

(ക) (i) 16-ാം അനുച്ഛേദത്തിലെ (3)-ാം ഖണ്ഡം, 32-ാം അനുച്ഛേദത്തിലെ (3)-ാം ഖണ്ഡം, 33-ാം അനുച്ഛേദം, 34-ാം അനുച്ഛേദം എന്നിവ പ്രകാരം പാർലമെൻറ് ഉണ്ടാക്കുന്ന നിയമം മുഖേന വ്യവസ്ഥ ചെയ്യുന്ന വിഷയങ്ങളിൽ ഏതിനെ സംബന്ധിച്ചും;

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തി രണ്ടാം ഭേദഗതി) ആക്ററ്, 6-ാം വകുപ്പുപ്രകാരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).
2. 1984-ലെ ഭരണഘടന (അൻപതാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പു പ്രകാരം 33-ാം അനുച്ഛേദത്തിനു പകരം ചേർത്തത്.

(ii) ഈ ഭാഗം വഴി കുററങ്ങളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കൃത്യങ്ങൾക്ക് ശിക്ഷ നിർണ്ണയിക്കുവാനും ,

നിയമങ്ങൾ ഉണ്ടാക്കുവാൻ പാർലമെൻറിന് അധികാരം ഉണ്ടായിരിക്കുന്നതും ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന് അധികാരമുണ്ടായിരിക്കുന്നതല്ലാത്തതും; (ii)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള കൃത്യങ്ങൾക്ക് ശിക്ഷ നിർണ്ണയിക്കുവാനുള്ള നിയമങ്ങൾ ഈ ഭരണഘടന പ്രാബല്യത്തിൽ വന്നതിനുശേഷം കഴിയുന്നതും വേഗത്തിൽ പാർലമെൻറ് ഉണ്ടാക്കേണ്ടതും;

(ഖ) ഭാരതത്തിൻെറ ഭൂപ്രദേശത്തിന് (ക) ഖണ്ഡത്തിലെ (i)-ാംഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതിനെയെങ്കിലും സംബന്ധിച്ചോ ആ ഖണ്ഡത്തിലെ (ii)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും പ്രവൃത്തിക്കുള്ള ശിക്ഷ വ്യവസ്ഥപ്പെടുത്തിക്കൊണ്ടോ ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുൻപ് നിലവിലിരുന്ന ഏതൊരു നിയമവും അതിലെ നിബന്ധനകളും, 372-ാം അനുച്ഛേദപ്രകാരം അതിൽ വരുത്താവുന്ന ഏതെങ്കിലും അനുയോജനങ്ങൾക്കും രൂപഭേദങ്ങൾക്കും വിധേയമായി പാർലമെൻറ് വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുന്നതു വരെ, പ്രാബല്യത്തിൽ തുടരുന്നതാണ്.

*വിശദീകരണം*— ഈ അനുച്ഛേദത്തിൽ "പ്രാബല്യത്തിലുള്ള നിയമം" എന്ന പ്രയോഗത്തിന് 372-ാം അനുച്ഛേദത്തിലെ അർത്ഥം തന്നെ ഉണ്ടായിരിക്കുന്നതാണ്.

## ഭാഗം IV

# രാഷ്ട്ര നയത്തിൻെറ നിർദ്ദേശക തത്ത്വങ്ങൾ

**36. നിർവ്വചനം**—ഈ ഭാഗത്തിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, "രാഷ്ട്രം" എന്നതിന് III-ാം ഭാഗത്തിലുള്ള അർത്ഥംതന്നെ ഉണ്ടായിരിക്കുന്നതാണ്.

**37. ഈ ഭാഗത്തിൽ അടങ്ങിയിരിക്കുന്ന തത്ത്വങ്ങളുടെ പ്രയോഗം**—ഈ ഭാഗത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ ഏതെങ്കിലും കോടതിക്ക് നടപ്പാക്കാവുന്നതല്ല ; എന്നിരുന്നാലും അതിൽ പ്രതിപാദിച്ചിട്ടുള്ള തത്ത്വങ്ങൾ രാജ്യഭരണത്തിൽ മൗലികമായിരിക്കുന്നതും നിയമനിർമ്മാണത്തിൽ ഈ തത്ത്വങ്ങൾ പ്രയോഗിക്കുന്നത് രാഷ്ട്രത്തിൻെറ കർത്തവ്യം ആയിരിക്കുന്നതും ആകുന്നു.

**38. ജനങ്ങളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഒരു സാമൂഹ്യ വ്യവസ്ഥിതി രാഷ്ട്രം സംപ്രാപ്തമാക്കണമെന്ന്**—[1][ (1) ] സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി ദേശീയ ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളുടെയും അന്തസത്തയായിത്തീരുമാറുള്ള ഒരു സാമൂഹ്യവ്യവസ്ഥിതി കഴിയുന്നത്ര ഫലപ്രദമാകുംവണ്ണം സംപ്രാപ്തമാക്കുകയും സംരക്ഷിക്കുകയും ചെയ്തുകൊണ്ട് ജനങ്ങളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുവാൻ രാഷ്ട്രം യത്നിക്കേണ്ടതാണ്.

[2][ (2) വ്യക്തികളുടെ ഇടയിൽ മാത്രമല്ല വിഭിന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരും വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുമായ ജനവിഭാഗങ്ങളുടെ ഇടയിലും അവരുടെ വരുമാനത്തിലുള്ള അസമത്വങ്ങൾ കുറയ്ക്കുവാനും, പദവിയിലും സൗകര്യങ്ങളിലും അവസരങ്ങളിലും ഉള്ള അസമത്വങ്ങൾ ഇല്ലായ്മ ചെയ്യുവാനും രാഷ്ട്രം പ്രത്യേകിച്ച് യത്നിക്കേണ്ടതാണ്. ]

**39. രാഷ്ട്രം അനുവർത്തിക്കേണ്ട ചില നയതത്ത്വങ്ങൾ**-രാഷ്ട്രം, പ്രത്യേകിച്ച്—

(ക) പൗരൻമാർക്ക്, പുരുഷൻമാർക്കും സ്ത്രീകൾക്കും ഒരുപോലെ, മതിയായ ഉപജീവനോപായങ്ങൾക്ക് അവകാശം ഉണ്ടായിരിക്കുക ;

(ഖ) സമൂഹത്തിൻെറ ഭൗതികവിഭവങ്ങളുടെ ഉടമസ്ഥതയും നിയന്ത്രണവും പൊതുനൻമയ്ക്ക് ഏററവും ഉതകുന്ന വിധത്തിൽ വിതരണം ചെയ്യുക ;

(ഗ) സാമ്പത്തിക വ്യവസ്ഥയുടെ പ്രവർത്തനം പൊതുഹാനിക്കിടയാകത്തക്കവണ്ണം സ്വത്തിൻെറയും ഉല്പാദനോപാധികളുടെയും കേന്ദ്രീകരണം ഉണ്ടാകാതിരിക്കുക ;

(ഘ) തുല്യ ജോലിക്ക് പുരുഷൻമാർക്കും സ്ത്രീകൾക്കും തുല്യമായ വേതനം ഉണ്ടായിരിക്കുക ;

(ങ) തൊഴിലാളികളായ പുരുഷൻമാരുടെയും സ്ത്രീകളുടെയും ആരോഗ്യവും ശക്തിയും കുട്ടികളുടെ ഇളംപ്രായവും ദുർവിനിയോഗിക്കപ്പെടാതിരിക്കുകയും, പ്രായത്തിനോ ശക്തിക്കോ അനുയോജ്യമല്ലാത്ത പണികളിൽ പ്രവേശിക്കുവാൻ സാമ്പത്തികാവശ്യത്താൽ പൗരൻമാർ നിർബന്ധിതരാകാതിരിക്കുകയും ചെയ്യുക ;

[3][ (ച) കുട്ടികൾക്ക് ആരോഗ്യകരമായ രീതിയിലും സ്വാതന്ത്ര്യവും അന്തസ്സും ഉള്ള പരിതസ്ഥിതികളിലും വളരുവാൻ അവസരങ്ങളും സൗകര്യങ്ങളും നൽകുകയും, ചൂഷണത്തിൽ നിന്നും സാൻമാർഗ്ഗികവും ഭൗതികവുമായ പരിത്യജനത്തിൽ നിന്നും ബാല്യത്തെയും യൗവ്വനത്തേയും രക്ഷിക്കുകയും ചെയ്യുക, ]

എന്നിവ സംപ്രാപ്തമാക്കുന്നത് അതിൻെറ നയത്തിൻെറ ലക്ഷ്യമാക്കേണ്ടതാണ്.

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തി നാലാം ഭേദഗതി) ആക്റ്റ്, 9-ാം വകുപ്പുപ്രകാരം 38-ാം അനുച്ഛേദം ആ അനുച്ഛേദത്തിൻെറ 1-ാം ഖണ്ഡമായി അക്കമിട്ടു (20-6-1979 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 9-ാം വകുപ്പ് പ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
3. 1976-ലെ ഭരണഘടന (നാൽപ്പത്തി രണ്ടാം ഭേദഗതി) ആക്റ്റ്, 7-ാം വകുപ്പുപ്രകാരം (ച) ഖണ്ഡത്തിനു പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

[1][ **39 ക. തുല്യനീതിയും സൗജന്യ നിയമസഹായവും**—നിയമവ്യവസ്ഥയുടെ പ്രവർത്തനം തുല്യാവസരത്തിന്റെ അടിസ്ഥാനത്തിൽ നീതി പുലർത്തുന്നു എന്ന് രാഷ്ട്രം ഉറപ്പുവരുത്തേണ്ടതും, പ്രത്യേകിച്ചും, നീതി ലഭിക്കുന്നതിനുള്ള അവസരങ്ങൾ സാമ്പത്തികമോ മറ്റോ ആയ അവശതകൾ കാരണം ഏതെങ്കിലും പൗരനു നിഷേധിക്കപ്പെടുന്നില്ലെന്ന് സുനിശ്ചിതമാക്കുവാൻ, തക്കതായ നിയമനിർമ്മാണം വഴിയോ പദ്ധതി വഴിയോ മറ്റേതെങ്കിലും വഴിയോ, സൗജന്യ നിയമസഹായം ഏർപ്പെടുത്തേണ്ടതും ആകുന്നു.]

**40. ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കൽ**—ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കുവാൻ രാഷ്ട്രം നടപടി എടുക്കേണ്ടതും, സ്വയംഭരണത്തിന്റെ ഘടകങ്ങളായി അവയെ പ്രവർത്തനക്ഷമ മാക്കുന്നതിലേക്ക് ആവശ്യമാകാവുന്ന അങ്ങനെയുള്ള കഴിവുകളും അധികാരവും അവയ്ക്ക് നൽകേണ്ടതും ആകുന്നു.

**41. ചില അവസ്ഥകളിൽ ജോലിക്കും വിദ്യാഭ്യാസത്തിനും പൊതുസഹായത്തിനും ഉള്ള അവകാശം**—തൊഴിലില്ലായ്മ, വാർദ്ധക്യം, രോഗം, അംഗവൈകല്യം എന്നീ അവസ്ഥകളിലും അനർഹമായ ദാരിദ്ര്യം ഉണ്ടാകുന്ന മററ് അവസ്ഥകളിലും ജോലിക്കും വിദ്യാഭ്യാസത്തിനും പൊതുസഹായത്തിനും ഉള്ള അവകാശം ഉറപ്പ് വരുത്തുവാൻ രാഷ്ട്രം അതിന്റെ സാമ്പത്തികമായ കഴിവിന്റെയും വികസനത്തിന്റെയും പരിധിക്കുള്ളിൽ ഫലപ്രദമായ വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്.

**42. ജോലിക്ക് നീതിപൂർവ്വകവും മനുഷ്യോചിതവുമായ നിബന്ധനകൾക്കും, പ്രസവ സംബന്ധമായ ആശ്വാസത്തിനും വ്യവസ്ഥ**—ജോലിക്ക് നീതിപൂർവ്വകവും മനുഷ്യോചിതവുമായ നിബന്ധനകൾ ഉറപ്പുവരുത്തുന്നതിനും പ്രസവ സംബന്ധമായ ആശ്വാസത്തിനും രാഷ്ട്രം വ്യവസ്ഥ ചെയ്യേണ്ടതാണ്.

**43. തൊഴിലാളികൾക്ക് ഉപജീവനക്ഷമമായ വേതനം മുതലായവ**—രാഷ്ട്രം, അനുയോജ്യമായ നിയമനിർമ്മാണം വഴിയോ സാമ്പത്തിക സംവിധാനം വഴിയോ മറേറതെങ്കിലും വിധത്തിലോ കാർഷിക തൊഴിലാളികളോ വ്യാവസായിക തൊഴിലാളികളോ മററ് തരത്തിലുള്ള തൊഴിലാളികളോ ആയ എല്ലാ തൊഴിലാളികൾക്കും, ജോലി, ഉപജീവനക്ഷമമായ വേതനം, മാന്യമായ ജീവിത നിലവാരവും വിശ്രമവേളയുടെ പൂർണ്ണാനുഭവവും ഉറപ്പുവരുത്തുന്ന സേവനവ്യവസ്ഥകൾ, സാമൂഹികവും സാംസ്കാരികവുമായ അവസരങ്ങൾ, എന്നിവ ലഭ്യമാക്കുന്നതിന് യത്നിക്കേണ്ടതും, പ്രത്യേകിച്ചും രാഷ്ട്രം ഗ്രാമ പ്രദേശങ്ങളിൽ കുടിൽ വ്യവസായങ്ങളെ ഒററയ്ക്കും സഹകരണാടിസ്ഥാനത്തിലും അഭിവൃദ്ധിപ്പെടുത്തുവാൻ യത്നിക്കേണ്ടതും ആകുന്നു.

[2][ **43 ക. വ്യവസായങ്ങളുടെ നടത്തിപ്പിൽ തൊഴിലാളികളുടെ ഭാഗഭാഗിത്വം**—ഏതെങ്കിലും വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങളുടെയോ സ്ഥാപനങ്ങളുടെയോ മററു സംഘടനകളുടെയോ നടത്തിപ്പിൽ തൊഴിലാളികളുടെ ഭാഗഭാഗിത്വം സംപ്രാപ്തമാക്കുവാൻ രാഷ്ട്രം തക്കതായ നിയമനിർമ്മാണം വഴിയോ, മറേറതെങ്കിലും വഴിയോ, നടപടികൾ എടുക്കേണ്ടതാണ്. ]

**44. പൗരൻമാർക്ക് ഏകരൂപമായ സിവിൽ നിയമസംഹിത**—പൗരൻമാർക്ക് ഭാരതത്തിന്റെ ഭൂപ്രദേശം ഒട്ടാകെ ഏകരൂപമായ ഒരു സിവിൽ നിയമസംഹിത സംപ്രാപ്തമാക്കുവാൻ രാഷ്ട്രം യത്നിക്കേണ്ടതാണ്.

[3][**45. ആറു വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ശൈശവാരംഭത്തിൽത്തന്നെ പരിചരണത്തിനും വിദ്യാഭ്യാസത്തിനുമുള്ള വ്യവസ്ഥ.**—എല്ലാ കുട്ടികൾക്കും, അവർക്ക് ആറ് വയസ്സ് തികയുന്നതുവരെ ശൈശവാരംഭത്തിൽത്തന്നെ പരിചരണവും വിദ്യാഭ്യാസവും വ്യവസ്ഥ ചെയ്യുവാൻ രാഷ്ട്രം യത്നിക്കേണ്ടതാണ്.]

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 8-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്ററ്, 9-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
3. 2002-ലെ ഭരണഘടന (എൺപത്തിയാറാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.

**46. പട്ടികജാതികളുടെയും പട്ടികഗോത്രവർഗ്ഗങ്ങളുടെയും മററ് ദുർബല വിഭാഗങ്ങളുടെയും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താൽപര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ**—രാഷ്ട്രം, ജനങ്ങളിൽ ദുർബലവിഭാഗങ്ങളുടെ, പ്രത്യേകിച്ച് പട്ടികജാതികളുടെയും പട്ടിക ഗോത്രവർഗ്ഗങ്ങളുടെയും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താത്പര്യങ്ങളെ പ്രത്യേക ശ്രദ്ധയോടുകൂടി അഭിവൃദ്ധിപ്പെടുത്തേണ്ടതും, അവരെ സാമൂഹികമായ അനീതിയിൽ നിന്നും എല്ലാവിധത്തിലുമുള്ള ചൂഷണത്തിൽ നിന്നും രക്ഷിക്കേണ്ടതും ആകുന്നു.

**47. പോഷകാഹാരത്തിൻെറ നിലവാരവും ജീവിതത്തോതും ഉയർത്തുവാനും പൊതുജനാരോഗ്യം മെച്ചപ്പെടുത്തുവാനും രാഷ്ട്രത്തിനുള്ള കർത്തവ്യം**—രാഷ്ട്രം, അതിലെ ജനങ്ങളുടെ പോഷകാഹാരത്തിൻെറ നിലവാരവും ജീവിതത്തോതും ഉയർത്തുന്നതും, പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതും അതിൻെറ പ്രാഥമിക കർത്തവ്യങ്ങളിൽപ്പെടുന്നവയായി പരിഗണിക്കേണ്ടതും, പ്രത്യേകിച്ച് ഔഷധീയാവശ്യങ്ങൾക്കായല്ലാതെ ലഹരി പിടിപ്പിക്കുന്ന പാനീയങ്ങളുടെയും ആരോഗ്യത്തിന് ഹാനികരമായ മരുന്നുകളുടെയും ഉപഭോഗത്തിൻെറ നിരോധനം നടപ്പിൽ കൊണ്ടുവരുവാൻ, രാഷ്ട്രം യത്നിക്കേണ്ടതും ആകുന്നു.

**48. കൃഷിയും മൃഗസംരക്ഷണവും സംഘടിപ്പിക്കൽ**—രാഷ്ട്രം, കൃഷിയും മൃഗസംരക്ഷണവും ആധുനികവും ശാസ്ത്രീയവുമായ രീതിയിൽ സംഘടിപ്പിക്കുവാൻ യത്നിക്കേണ്ടതും, പ്രത്യേകിച്ച്, പശുക്കളുടെയും, കിടാങ്ങളുടെയും, കറക്കുന്നതോ ഭാരം വലിക്കുന്നതോ ആയ മററ് കന്നുകാലികളുടെയും ഇനങ്ങൾ നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും അവയുടെ കശാപ്പ് നിരോധിക്കുന്നതിനും നടപടികൾ എടുക്കേണ്ടതും ആകുന്നു.

[1] [ **48 ക. പരിസ്ഥിതി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും വനങ്ങളുടെയും വന്യജീവികളുടെയും പരിരക്ഷയും**—പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുവാനും, രാജ്യത്തിലെ വനങ്ങളെയും വന്യജീവികളെയും പരിരക്ഷിക്കുവാനും രാഷ്ട്രം യത്നിക്കേണ്ടതാണ്. ]

**49. ദേശീയ പ്രാധാന്യമുള്ള സ്മാരകങ്ങളുടെയും സ്ഥലങ്ങളുടെയും വസ്തുക്കളുടെയും സംരക്ഷണം**—കലാപരമായോ ചരിത്രപരമായോ താൽപര്യം ഉളവാക്കുന്നതും ദേശീയ പ്രാധാന്യമുള്ളതായി [2] [ പാർലമെൻറ് നിർമ്മിച്ചിട്ടുള്ള നിയമത്താലോ നിയമപ്രകാരമോ പ്രഖ്യാപിച്ചിട്ടുള്ളതും] ആയ ഓരോ സ്മാരകത്തെയും സ്ഥലത്തെയും വസ്തുവിനെയും, അതതു സംഗതിപോലെ, കൊള്ളയടിക്കുകയോ വിരൂപപ്പെടുത്തുകയോ നശിപ്പിക്കുകയോ നീക്കം ചെയ്യുകയോ വിക്രയം ചെയ്യുകയോ കയററുമതി ചെയ്യുകയോ ചെയ്യുന്നതിൽ നിന്ന് സംരക്ഷിക്കേണ്ടത് രാഷ്ട്രത്തിൻെറ കടമയാകുന്നു.

**50. നീതിന്യായമണ്ഡലത്തെ നിർവ്വാഹകമണ്ഡലത്തിൽ നിന്ന് വേർതിരിക്കൽ**—രാഷ്ട്രത്തിൻെറ പബ്ലിക് സർവ്വീസുകളിൽ നീതിന്യായ മണ്ഡലത്തെ നിർവ്വാഹക മണ്ഡലത്തിൽ നിന്ന് വേർതിരിക്കാൻ രാഷ്ട്രം നടപടി എടുക്കേണ്ടതാണ്.

**51. അന്താരാഷ്ട്രസമാധാനവും സുരക്ഷിതത്വവും അഭിവൃദ്ധിപ്പെടുത്തൽ**—രാഷ്ട്രം—

(ക) അന്താരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും അഭിവൃദ്ധിപ്പെടുത്തുന്നതിനും ;

(ഖ) രാഷ്ട്രങ്ങൾ തമ്മിൽ നീതിപൂർവ്വകവും ബഹുമാന്യവുമായ ബന്ധങ്ങൾ നിലനിർത്തുന്നതിനും ;

(ഗ) സംഘടിത ജനതകൾ പരസ്പരമുള്ള ഇടപാടുകളിൽ അന്താരാഷ്ട്ര നിയമത്തോടും സന്ധിബാദ്ധ്യതകളോടും ആദരവ് പുലർത്തുന്നതിനും ;

(ഘ) അന്താരാഷ്ട്ര തർക്കങ്ങൾ മാദ്ധ്യസ്ഥം വഴി ഒത്തുതീർപ്പാക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനും,

യത്നിക്കേണ്ടതാണ്.

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 10-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 27-ാം വകുപ്പുപ്രകാരം "പാർലമെൻറ് നിയമംവഴി പ്രഖ്യാപിച്ച" എന്നതിനുപകരം ചേർത്തത്.

## [1][ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51ക. മൗലിക കർത്തവ്യങ്ങൾ**—താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്—

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുകയും ചെയ്യുക ;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയ സമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക ;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക ;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക ;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിദ്ധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദ്ദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക ;

(ച) നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക ;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക ;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്ക്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക ;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അദ്ധ്വാനിക്കുക.]

[2][(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യബാലകനോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.]

---

[1] 1976–ലെ ഭരണ ഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 11–ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

[2] 2002–ലെ ഭരണ ഘടന (എൺപത്തിയാറാം ഭേദഗതി) ആക്റ്റ്, 4–ാം വകുപ്പുപ്രകാരം ചേർത്തത്.

# ഭാഗം V

# യൂണിയൻ

## അദ്ധ്യായം I—നിർവ്വാഹക മണ്ഡലം

### രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും

**52. ഭാരതത്തിൻെറ രാഷ്ട്രപതി**—ഭാരതത്തിന് ഒരു രാഷ്ട്രപതി ഉണ്ടായിരിക്കേണ്ടതാകുന്നു.

**53. യൂണിയൻെറ നിർവ്വാഹകാധികാരം**—(1) യൂണിയൻെറ നിർവ്വാഹകാധികാരം രാഷ്ട്രപതിയിൽ നിക്ഷിപ്തമായിരിക്കുന്നതും, ഈ ഭരണഘടനയനുസരിച്ച്, അദ്ദേഹം, നേരിട്ടോ തൻെറ കീഴിലുള്ള ഉദ്യോഗസ്ഥൻമാർ വഴിയോ പ്രയോഗിക്കേണ്ടതും ആകുന്നു.

(2) മുൻപറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗംവരാത്തവിധം യൂണിയൻെറ പ്രതിരോധസേനകളുടെ പരമാധിപത്യം രാഷ്ട്രപതിയിൽ നിക്ഷിപ്തമായിരിക്കുന്നതും അതിൻെറ പ്രയോഗം നിയമംവഴി ക്രമപ്പെടുത്തേണ്ടതുമാകുന്നു.

(3) ഈ അനുഛേദത്തിലെ യാതൊന്നും—

(ക) ഏതെങ്കിലും സംസ്ഥാനത്തെ സർക്കാരിനോ മററ് അധികാരസ്ഥാനത്തിനോ നിലവിലുള്ള ഏതെങ്കിലും നിയമംവഴി നൽകിയിട്ടുള്ള ഏതെങ്കിലും ചുമതലകൾ രാഷ്ട്രപതിക്ക് കൈമാറുന്നതോ ;

(ഖ) രാഷ്ട്രപതിയല്ലാതെയുള്ള അധികാരസ്ഥാനങ്ങൾക്ക് നിയമംവഴി ചുമതലകൾ നൽകുന്നതിൽനിന്ന് പാർലമെൻറിനെ തടയുന്നതോ,

ആയി കരുതപ്പെടാൻ പാടുള്ളതല്ല.

**54. രാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പ്**—രാഷ്ട്രപതിയെ—

(ക) പാർലമെൻറിൻെറ ഇരു സഭകളിലേക്കും തെരഞ്ഞെടുത്തിട്ടുള്ള അംഗങ്ങളും ;

(ഖ) സംസ്ഥാനങ്ങളിലെ നിയമസഭകളിലേക്ക് തെരഞ്ഞെടുത്തിട്ടുള്ള അംഗങ്ങളും;

അടങ്ങിയ ഒരു സമ്മതിദായക ഗണത്തിലെ അംഗങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്.

[1][*വിശദീകരണം*—ഈ അനുച്ഛേദത്തിലും 55-ാം അനുച്ഛേദത്തിലും "സംസ്ഥാനം" എന്നതിൽ ദേശീയതലസ്ഥാനപ്രദേശമായ ഡൽഹിയും യൂണിയൻ പ്രദേശമായ [2]പുതുച്ചേരിയും ഉൾപ്പെടുന്നു.]

**55. രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്ന രീതി**—(1) വിവിധ സംസ്ഥാനങ്ങൾക്ക് രാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പിലുള്ള പ്രാതിനിദ്ധ്യത്തിൻെറ തോതിന് പ്രായോഗികമാകുന്നിടത്തോളം ഐകരൂപ്യം ഉണ്ടായിരിക്കേണ്ടതാണ്.

(2) സംസ്ഥാനങ്ങൾക്കിടയിൽ അങ്ങനെയുള്ള ഐകരൂപ്യവും, അതുപോലെതന്നെ, മുഴുവൻ സംസ്ഥാനങ്ങളും യൂണിയനും തമ്മിൽ തുല്യതയും സംപ്രാപ്തമാക്കുന്നതിന്, പാർലമെൻറിലെയും ഓരോ സംസ്ഥാന നിയമസഭയിലെയും തെരഞ്ഞെടുക്കപ്പെട്ട ഓരോ അംഗത്തിനും അങ്ങനെയുള്ള തെരഞ്ഞെടുപ്പിൽ രേഖപ്പെടുത്താൻ അവകാശപ്പെട്ട വോട്ടുകളുടെ സംഖ്യ താഴെ ചേർത്തിരിക്കുന്ന രീതിയിൽ നിശ്ചയിക്കേണ്ടതാണ്:—

1. 1992-ലെ ഭരണ ഘടന (എഴുപതാം ഭേദഗതി) ആക്ററ് പ്രകാരം ചേർത്തത് (1-6-1995 മുതൽ പ്രാബല്യം).

2. 2006-ലെ പോണ്ടിച്ചേരി (പേരുമാറ്റൽ) ആക്ററ് (2006-ലെ 44), 3-ാം വകുപ്പു പ്രകാരം "പോണ്ടിച്ചേരി" എന്നതിനു പകരം ചേർത്തത് (1-10-2006 മുതൽ പ്രാബല്യം).

(ക) ഒരു സംസ്ഥാന നിയമസഭയിലെ തെരഞ്ഞെടുക്കപ്പെട്ട ഓരോ അംഗത്തിനും ആ സംസ്ഥാനത്തെ ജനസംഖ്യയെ, സഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ആകെ സംഖ്യകൊണ്ട് ഹരിച്ചുകിട്ടുന്ന ഹരണഫലത്തിൽ ആയിരത്തിൻെറ ഗുണിതങ്ങൾ എത്രയുണ്ടോ അത്രയും വോട്ടുകൾ ഉണ്ടായിരിക്കുന്നതാണ് ;

(ഖ) മേൽപ്പറഞ്ഞ ആയിരത്തിൻെറ ഗുണിതങ്ങൾ എടുത്തതിനുശേഷം വരുന്ന ശിഷ്ടം അഞ്ഞൂറിൽ കുറവല്ലെങ്കിൽ (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഓരോ അംഗത്തിൻെറയും വോട്ടുകളോട് ഒന്ന് കൂടി വർദ്ധിപ്പിക്കേണ്ടതാണ് ;

(ഗ) പാർലമെൻറിൻെറ ഇരുസഭകളിൽ ഒന്നിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഓരോ അംഗത്തിനും (ക)-യും (ഖ)-യും ഉപഖണ്ഡങ്ങൾ പ്രകാരം സംസ്ഥാനങ്ങളിലെ നിയമസഭകളിലെ അംഗങ്ങൾക്ക് തിരിച്ചുവച്ചിട്ടുള്ള വോട്ടുകളുടെ ആകെ സംഖ്യയെ പാർലമെൻറിൻെറ ഇരുസഭകളിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ആകെ സംഖ്യകൊണ്ട് ഹരിക്കുമ്പോൾ പകുതിയിൽ കൂടുതലുള്ള ഭിന്നസംഖ്യകളെ ഒന്ന് എന്ന് എണ്ണുകയും മറ്റു ഭിന്നസംഖ്യകളെ വിഗണിക്കുകയും ചെയ്താൽ കിട്ടുന്നിടത്തോളം എണ്ണം വോട്ടുകൾ ഉണ്ടായിരിക്കുന്നതാണ്.

(3) രാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പ്, കൈമാററം ചെയ്യാവുന്ന ഒറ്റവോട്ടുവഴി, ആനുപാതിക പ്രാതിനിദ്ധ്യസമ്പ്രദായം അനുസരിച്ച് നടത്തപ്പെടേണ്ടതും, അങ്ങനെയുള്ള തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുന്നത് രഹസ്യബാലറ്റ് വഴി ആയിരിക്കേണ്ടതും ആകുന്നു.

[1] [*വിശദീകരണം*—ഈ അനുച്ഛേദത്തിൽ ''ജനസംഖ്യ'' എന്ന പദത്തിന്, പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒടുവിൽ കഴിഞ്ഞ കാനേഷുമാരിയിൽ തിട്ടപ്പെടുത്തിയിട്ടുള്ള ജനസംഖ്യ എന്ന് അർത്ഥമാകുന്നു :

എന്നാൽ, പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒടുവിൽ കഴിഞ്ഞ കാനേഷുമാരിയെക്കുറിച്ചുള്ള ഈ വിശദീകരണത്തിലെ പരാമർശം, [2][2026]-ാം ആണ്ടിനുശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിയുടെ പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതുവരെ, 1971-ലെ കാനേഷുമാരിയെക്കുറിച്ചുള്ള പരാമർശമായി കരുതേണ്ടതാണ്.]

**56. രാഷ്ട്രപതിയുടെ ഉദ്യോഗ കാലാവധി**—(1) രാഷ്ട്രപതി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചുവർഷക്കാലം ഉദ്യോഗം വഹിക്കുന്നതാണ് :

എന്നാൽ—

(ക) രാഷ്ട്രപതിക്ക്, ഉപരാഷ്ട്രപതിയെ സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തൻെറ ഉദ്യോഗം രാജി വയ്ക്കാവുന്നതാണ് ;

(ഖ) രാഷ്ട്രപതിയെ, ഭരണഘടനയുടെ ലംഘനത്തിന് 61-ാം അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ആക്ഷേപവിചാരണ നടത്തി ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ് ;

(ഗ) രാഷ്ട്രപതി, അദ്ദേഹത്തിൻെറ കാലാവധി അവസാനിച്ചാലും അദ്ദേഹത്തിൻെറ പിൻഗാമി തൻെറ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെ ഉദ്യോഗം തുടർന്നു വഹിക്കുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിലെ പരിമിതി വ്യവസ്ഥയിലെ (ക) ഖണ്ഡപ്രകാരം ഉപരാഷ്ട്രപതിയെ സംബോധനം ചെയ്തുകൊണ്ടുള്ള ഏതെങ്കിലും രാജി അദ്ദേഹം ഉടനടി ലോകസഭയുടെ സ്പീക്കറെ അറിയിക്കേണ്ടതാണ്.

**57. വീണ്ടും തെരഞ്ഞടുക്കപ്പെടുവാനുള്ള അർഹത**—രാഷ്ട്രപതിയായി ഉദ്യോഗം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ആൾക്ക്, ഈ ഭരണഘടനയിലെ മററു വ്യവസ്ഥകൾക്ക് വിധേയമായി, വീണ്ടും ആ ഉദ്യോഗത്തിലേക്ക് തെരഞ്ഞടുക്കപ്പെടുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 12-ാംവകുപ്പുപ്രകാരം വിശദീകരണത്തിനുപകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

2. 2001-ലെ ഭരണഘടന (എൺപത്തിനാലാം ഭേദഗതി) ആക്റ്റ്, 2-ാംവകുപ്പുപ്രകാരം "2000" എന്നതിന് പകരം ചേർത്തത് .

**58. രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യതകൾ**—(1) യതൊരാളും, ആ ആൾ,

(ക) ഭാരതത്തിലെ ഒരു പൗരനല്ലാതിരിക്കുകയും,

(ഖ) മുപ്പത്തിയഞ്ച് വയസ്സ് തികഞ്ഞിട്ടില്ലാത്തവനായിരിക്കുകയും,

(ഗ) ലോകസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെടുവാൻ യോഗ്യതയില്ലാത്തവനായിരിക്കുകയും,

ചെയ്യുന്നപക്ഷം, രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുവാൻ അർഹനായിരിക്കുന്നതല്ല.

(2) ഒരാൾ, ആ ആൾ ഭാരത സർക്കാരിൻെറയോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ കീഴിലോ മേൽപ്പറഞ്ഞ സർക്കാരുകളിൽ ഏതിൻെറയെങ്കിലും നിയന്ത്രണത്തിന് വിധേയമായ ഏതെങ്കിലും തദ്ദേശ്യമോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും അധികാരസ്ഥാനത്തിൻെറയോ കീഴിൽ ആദായകരമായ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നുവെങ്കിൽ, രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുവാൻ അർഹനായിരിക്കുന്നതല്ല.

*വിശദീകരണം*—ഈ അനുച്ഛേദത്തിൻെറ ആവശ്യങ്ങൾക്ക്, ഒരാൾ, ആ ആൾ യൂണിയൻെറ രാഷ്ട്രപതിയോ ഉപരാഷ്ട്രപതിയോ ഏതെങ്കിലും സംസ്ഥാനത്തെ ഗവർണ്ണറോ [1]*** യൂണിയനിലെയോ ഏതെങ്കിലും സംസ്ഥാനത്തിലെയോ ഒരു മന്ത്രിയോ ആയിരിക്കുന്നു എന്ന കാരണത്താൽ മാത്രം, ആദായകരമായ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതായി കരുതപ്പെടുന്നതല്ല.

**59. രാഷ്ട്രപതിസ്ഥാനം സംബന്ധിച്ചുള്ള വ്യവസ്ഥകൾ**—(1) രാഷ്ട്രപതി, പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിലെയെങ്കിലുമോ ഏതെങ്കിലും സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിൻെറ ഒരു സഭയിലെയോ അംഗമായിരിക്കുവാൻ പാടില്ലാത്തതും, പാർലമെൻറിൻെറ ഇരു സഭകളിൽ ഏതിലെയെങ്കിലുമോ ഏതെങ്കിലും സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിൻെറ ഒരു സഭയിലെയോ ഒരംഗം രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുന്നുവെങ്കിൽ അദ്ദേഹം രാഷ്ട്രപതിയായി ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതിയിൽ ആ സഭയിലെ തൻെറ സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടുന്നതും ആകുന്നു.

(2) രാഷ്ട്രപതി ആദായകരമായ മറ്റേതെങ്കിലും ഉദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല.

(3) രാഷ്ട്രപതിക്ക്, വാടക കൊടുക്കാതെ തൻെറ ഔദ്യോഗിക വസതികൾ ഉപയോഗിക്കുന്നതിനു അവകാശമുണ്ടായിരിക്കുന്നതും, കൂടാതെ പാർലമെൻറ് നിയമം വഴി നിശ്ചയിക്കുന്ന അങ്ങനെയുള്ള വേതനത്തിനും ബത്തകൾക്കും വിശേഷാവകാശങ്ങൾക്കും, അതിലേക്ക് അപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ, രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള വേതനത്തിനും ബത്തകൾക്കും വിശേഷാവകാശങ്ങൾക്കും അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

(4) രാഷ്ട്രപതിയുടെ വേതനവും ബത്തകളും അദ്ദേഹത്തിൻെറ ഉദ്യോഗകാലാവധിക്കിടയിൽ കുറവു ചെയ്യുവാൻ പാടുള്ളതല്ല.

**60. രാഷ്ട്രപതിയുടെ ശപഥം അഥവാ പ്രതിജ്ഞ**—ഓരോ രാഷ്ട്രപതിയും രാഷ്ട്രപതിയായി പകരം ജോലി നോക്കുകയോ അല്ലെങ്കിൽ രാഷ്ട്രപതിയുടെ ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യുന്ന ഓരോ ആളും, ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് മുൻപ് ഭാരതത്തിൻെറ ചീഫ് ജസ്ററിസിൻെറയോ അദ്ദേഹത്തിൻെറ അസാന്നിദ്ധ്യത്തിൽ സുപ്രീംകോടതിയിൽ ലഭ്യമാകുന്ന പദവിയിൽ ഏററവും മുതിർന്ന ജഡ്ജിയുടെയോ സാന്നിദ്ധ്യത്തിൽ താഴെപ്പറയുന്ന ഫാറത്തിൽ ഒരു ശപഥമോ പ്രതിജ്ഞയോ ചെയ്ത് ഒപ്പ് വയ്ക്കേണ്ടതാണ്, അതായത്—

"ക ഖ ആയ ഞാൻ വിശ്വസ്ഥതയോടെ ഭാരതത്തിൻെറ രാഷ്ട്രപതിയുടെ ഉദ്യോഗം നിർവ്വഹിക്കും (അല്ലെങ്കിൽ രാഷ്ട്രപതിയുടെ ചുമതലകൾ നിർവ്വഹിക്കും) എന്നും എൻെറ കഴിവിൻെറ പരമാവധി ഭരണഘടനയും നിയമവും നിലനിറുത്തുകയും രക്ഷിക്കുകയും പാലിക്കുകയും ചെയ്യുമെന്നും ഭാരതത്തിലെ ജനങ്ങൾക്ക് സേവനം ചെയ്യുന്നതിനും അവർക്ക് ക്ഷേമം കൈവരുത്തുന്നതിനും സ്വയം അർപ്പിച്ചിരിക്കുന്നുവെന്നും ദൈവത്തിൻെറ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു."

[1] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "രാജപ്രമുഖൻ അല്ലെങ്കിൽ ഉപരാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

**61. രാഷ്ട്രപതിയുടെ ആക്ഷേപവിചാരണയ്ക്കുള്ള നടപടിക്രമം**—(1) ഒരു രാഷ്ട്രപതിയെ ഭരണഘടന ലംഘിച്ചതിന് ആക്ഷേപവിചാരണ നടത്തേണ്ടിവരുമ്പോൾ അതിനുള്ള ആരോപണം പാർലമെൻറിൻെറ ഇരുസഭകളിൽ ഏതെങ്കിലും ഒന്ന് ഉന്നയിക്കേണ്ടതാകുന്നു.

(2) അങ്ങനെയുള്ള യാതൊരു ആരോപണവും—

(ക) ആ ആരോപണം ഉന്നയിക്കുന്നതിനുള്ള നിർദ്ദേശം ഒരു പ്രമേയത്തിൽ അടങ്ങിയിരിക്കുകയും ആ പ്രമേയം അവതരിപ്പിക്കുവാനുള്ള തങ്ങളുടെ ഉദ്ദേശത്തെക്കുറിച്ച് ആ സഭയുടെ ആകെയുള്ള അംഗസംഖ്യയുടെ നാലിൽ ഒന്നിൽ കുറയാതെയുള്ള അംഗങ്ങൾ ഒപ്പിട്ട്, കുറഞ്ഞത് പതിന്നാല് ദിവസത്തെ രേഖാമൂലമായ നോട്ടീസ് കൊടുത്തതിനുശേഷം അവതരിപ്പിക്കുകയും ;

(ഖ) ആ സഭയുടെ ആകെ അംഗസംഖ്യയിൽ മൂന്നിൽ രണ്ടു ഭാഗത്തിൽ കുറയാതെയുള്ള ഭൂരിപക്ഷത്തോടുകൂടി ആ പ്രമേയം പാസ്സാക്കുകയും,

ചെയ്യാത്തപക്ഷം ഉന്നയിക്കാവുന്നതല്ല.

(3) ഒരു ആരോപണം പാർലമെൻറിൻെറ ഇരുസഭകളിൽ ഏതെങ്കിലും ഒന്നിൽ അപ്രകാരം ഉന്നയിച്ചിട്ടുള്ളപ്പോൾ മറേറ സഭ ആ ആരോപണത്തെപ്പററി അന്വേഷിക്കുകയോ അന്വേഷിപ്പിക്കുകയോ ചെയ്യേണ്ടതും, അങ്ങനെയുള്ള അന്വേഷണത്തിൽ സന്നിഹിതനാകുന്നതിനും പ്രതിനിധാനം ചെയ്യപ്പെടുന്നതിനും രാഷ്ട്രപതിക്ക് അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

(4) ആ അന്വേഷണത്തിൻെറ ഫലമായി, ആ ആരോപണം അന്വേഷിച്ചതോ അന്വേഷിപ്പിച്ചതോ ആയ സഭയുടെ ആകെ അംഗസംഖ്യയിൽ മൂന്നിൽ രണ്ടു ഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷം രാഷ്ട്രപതിക്ക് എതിരായി ഉന്നയിച്ചിട്ടുള്ള ആ ആരോപണം നിലനിർത്തിയിട്ടുള്ളതായി പ്രഖ്യാപിക്കുന്ന ഒരു പ്രമേയം പാസ്സാക്കുന്നുവെങ്കിൽ, അങ്ങനെയുള്ള പ്രമേയത്തിന്, ആ പ്രമേയം അപ്രകാരം പാസ്സാക്കുന്ന തീയതി മുതൽ, രാഷ്ട്രപതിയെ അദ്ദേഹത്തിൻെറ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യുക എന്ന ഫലം ഉണ്ടായിരിക്കുന്നതാണ്.

**62. രാഷ്ട്രപതിയുടെ ഉദ്യോഗത്തിലുള്ള ഒഴിവ് നികത്തുന്നതിന് തെരഞ്ഞെടുപ്പ് നടത്തുവാനുള്ള സമയവും യാദൃശ്ചികമായുള്ള ഒഴിവ് നികത്തുന്നതിനു തെരഞ്ഞെടുക്കപ്പെടുന്ന ആളുടെ ഉദ്യോഗ കാലാവധിയും** —(1) രാഷ്ട്രപതിയുടെ ഉദ്യോഗ കാലാവധി അവസാനിക്കുക നിമിത്തം ഉണ്ടാകുന്ന ഒഴിവ് നികത്തുവാനുള്ള തെരഞ്ഞെടുപ്പ്, ആ കാലാവധി അവസാനിക്കുന്നതിനു മുൻപ് പൂർത്തിയാക്കേണ്ടതാകുന്നു.

(2) രാഷ്ട്രപതിയുടെ ഉദ്യോഗത്തിൽ, അദ്ദേഹത്തിൻെറ മരണമോ രാജിയോ അല്ലെങ്കിൽ നീക്കം ചെയ്യപ്പെടലോ നിമിത്തമോ അല്ലെങ്കിൽ മററുവിധത്തിലോ, ഉണ്ടാകുന്ന ഒഴിവ് നികത്തുവാനുള്ള തെരഞ്ഞെടുപ്പ് ആ ഒഴിവ് ഉണ്ടായ തീയതിയ്ക്കുശേഷം, കഴിയുന്നതും വേഗം, യാതൊരു കാരണവശാലും ആറുമാസത്തിലധികം കഴിയാതെ, നടത്തേണ്ടതും, ആ ഒഴിവ് നികത്തുവാൻ തെരഞ്ഞെടുക്കപ്പെടുന്ന ആൾക്ക്, 56-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, അദ്ദേഹം തൻെറ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ പൂർണ്ണകാലാവധിയായ അഞ്ചുവർഷത്തേക്ക് ഉദ്യോഗം വഹിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

**63. ഭാരതത്തിൻെറ ഉപരാഷ്ട്രപതി**—ഭാരതത്തിന് ഒരു ഉപരാഷ്ട്രപതി ഉണ്ടായിരിക്കേണ്ടതാകുന്നു.

**64. ഉപരാഷ്ട്രപതി ഔദ്യോഗിക നിലയിൽ രാജ്യസഭയുടെ അദ്ധ്യക്ഷൻ ആയിരിക്കുമെന്ന്**—ഉപരാഷ്ട്രപതി ഔദ്യോഗികനിലയിൽ രാജ്യസഭയുടെ അദ്ധ്യക്ഷൻ ആയിരിക്കുന്നതും അദ്ദേഹം ആദായകരമായ മറേറതെങ്കിലും ഉദ്യോഗം വഹിക്കുവാൻ പാടില്ലാത്തതും ആകുന്നു :

എന്നാൽ, ഉപരാഷ്ട്രപതി, 65-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതിയായി ജോലിനോക്കുകയോ രാഷ്ട്രപതിയുടെ ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യുന്ന ഏതെങ്കിലും കാലത്ത്, രാജ്യസഭയുടെ അദ്ധ്യക്ഷൻ എന്ന നിലയിലുള്ള കർത്തവ്യങ്ങൾ അദ്ദേഹം നിർവ്വഹിക്കുവാൻ പാടില്ലാത്തതും, 97-ാം അനുച്ഛേദപ്രകാരം രാജ്യസഭയുടെ അദ്ധ്യക്ഷന് നൽകേണ്ട ഏതെങ്കിലും ശമ്പളത്തിനോ ബത്തകൾക്കോ അദ്ദേഹത്തിന് അവകാശം ഇല്ലാത്തതുമാകുന്നു.

**65. രാഷ്ട്രപതിയുടെ ഉദ്യോഗത്തിൽ യാദൃശ്ചികമായി ഉണ്ടാകുന്ന ഒഴിവുകളിലോ രാഷ്ട്രപതിയുടെ അസാന്നിദ്ധ്യത്തിലോ ഉപരാഷ്ട്രപതി രാഷ്ട്രപതിയായി ജോലി നോക്കുകയോ അദ്ദേഹത്തിൻറ ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യണമെന്ന്**—(1) രാഷ്ട്രപതിയുടെ ഉദ്യോഗത്തിൽ, അദ്ദേഹത്തിൻെറ മരണമോ രാജിയോ നിമിത്തമോ അദ്ദേഹത്തെ നീക്കം ചെയ്യുന്നത് നിമിത്തമോ മററു വിധത്തിലോ ഏതെങ്കിലും ഒഴിവുണ്ടാകുന്ന സന്ദർഭത്തിൽ ആ ഒഴിവ് നികത്തുവാൻ ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട പുതിയ രാഷ്ട്രപതി ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതിവരെ ഉപരാഷ്ട്രപതി രാഷ്ട്രപതിയായി ജോലിനോക്കേണ്ടതാണ്.

(2) അസാന്നിദ്ധ്യത്താലോ രോഗത്താലോ മറേറതെങ്കിലും കാരണത്താലോ രാഷ്ട്രപതിക്ക് തൻെറ ചുമതലകൾ നിർവ്വഹിക്കുവാൻ കഴിയാതെ വരുമ്പോൾ, രാഷ്ട്രപതി തൻെറ കർത്തവ്യങ്ങൾ വീണ്ടും ഏറെറടുക്കുന്ന തീയതിവരെ, അദ്ദേഹത്തിൻെറ ചുമതലകൾ ഉപരാഷ്ട്രപതി നിർവ്വഹിക്കേണ്ടതാണ്.

(3) ഉപരാഷ്ട്രപതിക്ക്, അദ്ദേഹം അപ്രകാരം രാഷ്ട്രപതിയായി ജോലിനോക്കുകയോ, രാഷ്ട്രപതിയുടെ ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യുന്ന കാലത്തും ആ കാലത്തെ സംബന്ധിച്ചും രാഷ്ട്രപതിയുടെ എല്ലാ അധികാരങ്ങളും ബാദ്ധ്യതയില്ലായ്മകളും ഉണ്ടായിരിക്കുന്നതും, പാർലമെൻറ് നിയമംവഴി നിശ്ചയിക്കുന്ന വിധത്തിലുള്ള വേതനത്തിനും ബത്തകൾക്കും വിശേഷാവകാശങ്ങൾക്കും അതിലേക്ക് അപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ, രണ്ടാം പട്ടികയിൽനിർദ്ദേശിച്ചിട്ടുള്ള വേതനത്തിനും ബത്തകൾക്കും വിശേഷാവകാശങ്ങൾക്കും അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

**66. ഉപരാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പ്**—(1) ഉപരാഷ്ട്രപതിയെ [1][പാർലമെന്റിൻെറ ഇരുസഭകളിലെയും അംഗങ്ങൾ അടങ്ങിയ ഒരു സമ്മതിദായകഗണത്തിലെ അംഗങ്ങൾ] കൈമാററം ചെയ്യാവുന്ന ഒററവോട്ടുവഴി ആനുപാതിക പ്രാതിനിദ്ധ്യസമ്പ്രദായമനുസരിച്ച് തെരഞ്ഞെടുക്കേണ്ടതും അങ്ങനെയുള്ള തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യുന്നത് രഹസ്യബാലററുവഴി ആയിരിക്കേണ്ടതും ആകുന്നു.

(2) ഉപരാഷ്ട്രപതി, പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിലെങ്കിലുമോ ഏതെങ്കിലും സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിൻെറ ഒരു സഭയിലോ അംഗമായിരിക്കുവാൻ പാടില്ലാത്തതും, പാർലമെൻറിൻെറ ഇരു സഭകളിൽ ഏതിലെയെങ്കിലുമോ ഏതെങ്കിലും സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിൻെറ ഒരു സഭയിലെയോ ഒരംഗം ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുന്നുവെങ്കിൽ, അദ്ദേഹം ഉപരാഷ്ട്രപതിയായി ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതിയിൽ ആ സഭയിലെ അംഗത്വം ഒഴിഞ്ഞതായി കരുതപ്പെടുന്നതും ആകുന്നു.

(3) യാതൊരാളും, അയാൾ—

(ക) ഭാരതത്തിലെ ഒരു പൗരനല്ലാതിരിക്കുകയും;

(ഖ) മുപ്പത്തിയഞ്ചു വയസ്സ് തികഞ്ഞിട്ടില്ലാത്ത ആളായിരിക്കുകയും;

(ഗ) രാജ്യസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെടുവാൻ യോഗ്യതയില്ലാത്ത ആളായിരിക്കുകയും ,

ചെയ്യുന്നപക്ഷം ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുവാൻ അർഹനായിരിക്കുന്നതല്ല.

(4) ഒരാൾ, ആ ആൾ ഭാരതസർക്കാരിൻെറയോ ഏതെങ്കിലും സംസ്ഥാന സർക്കാരിൻെറയോ കീഴിലോ മേൽപ്പറഞ്ഞ സർക്കാരുകളിൽ ഏതിന്റെയെങ്കിലും നിയന്ത്രണത്തിനു വിധേയമായ ഏതെങ്കിലും തദ്ദേശ്യമോ അല്ലെങ്കിൽ മററ് ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ കീഴിലോ ആദായകരമായ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നുവെങ്കിൽ, ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുവാൻ അർഹനായിരിക്കുന്നതല്ല.

---

1. 1961-ലെ ഭരണഘടന (പതിനൊന്നാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പു പ്രകാരം "പാർലമെന്റിന്റെ ഇരു സഭകളുടെയും ഒരു സംയുക്തയോഗത്തിൽ സമ്മേളിച്ചിട്ടുള്ള അംഗങ്ങൾ" എന്നതിനു പകരം ചേർത്തത്.

*വിശദീകരണം*—ഈ അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക്, ഒരാൾ, ആ ആൾ യൂണിയന്റെ രാഷ്ട്രപതിയോ ഉപരാഷ്ട്രപതിയോ ഏതെങ്കിലും സംസ്ഥാനത്തെ ഗവർണ്ണറോ [1]*** യൂണിയനിലെയോ ഏതെങ്കിലും സംസ്ഥാനത്തിലെയോ ഒരു മന്ത്രിയോ ആയിരിക്കുന്നു എന്ന കാരണത്താൽ മാത്രം, ആദായകരമായ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതായി കരുതപ്പെടുന്നതല്ല.

67. **ഉപരാഷ്ട്രപതിയുടെ ഉദ്യോഗകാലാവധി**—ഉപരാഷ്ട്രപതി, അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചുവർഷക്കാലം ഉദ്യോഗം വഹിക്കുന്നതാണ് :

എന്നാൽ—

(ക) ഉപരാഷ്ട്രപതിക്ക് രാഷ്ട്രപതിയെ സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ് ;

(ഖ) ഉപരാഷ്ട്രപതിയെ, രാജ്യസഭയിലെ അപ്പോഴുള്ള എല്ലാ അംഗങ്ങളുടെയും ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കുകയും ലോകസഭ അനുകൂലിക്കുകയും ചെയ്തിട്ടുള്ള ആ സഭയുടെ ഒരു പ്രമേയം വഴി അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ് ; എന്നാൽ ഈ ഖണ്ഡത്തിന്റെ ആവശ്യത്തിന് യാതൊരു പ്രമേയവും ആ പ്രമേയംഅവതരിപ്പിക്കാനുള്ള ഉദ്ദേശത്തെക്കുറിച്ച് കുറഞ്ഞത് പതിന്നാലു ദിവസത്തെ നോട്ടീസ് കൊടുത്തിട്ടില്ലാത്തപക്ഷം, അവതരിപ്പിക്കാൻ പാടുള്ളതല്ല ;

(ഗ) ഉപരാഷ്ട്രപതി, അദ്ദേഹത്തിന്റെ കാലാവധി അവസാനിച്ചാലും അദ്ദേഹത്തിന്റെ പിൻഗാമി തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെ ഉദ്യോഗം തുടർന്നു വഹിക്കുന്നതാണ്.

68. **ഉപരാഷ്ട്രപതിയുടെ ഉദ്യോഗത്തിലുള്ള ഒഴിവു നികത്തുന്നതിന് തെരഞ്ഞെടുപ്പ് നടത്തുവാനുള്ള സമയവും യാദൃശ്ചികമായുള്ള ഒഴിവുനികത്തുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന ആളുടെ ഉദ്യോഗകാലാവധിയും**—(1) ഉപരാഷ്ട്രപതിയുടെ ഉദ്യോഗ കാലാവധി അവസാനിക്കുക നിമിത്തം ഉണ്ടാകുന്ന ഒഴിവു നികത്തുവാനുള്ള തെരഞ്ഞെടുപ്പ് ആ കാലാവധി അവസാനിക്കുന്നതിനുമുൻപ് പൂർത്തിയാക്കേണ്ടതാണ്.

(2) ഉപരാഷ്ട്രപതിയുടെ ഉദ്യോഗത്തിൽ അദ്ദേഹത്തിന്റെ മരണമോ രാജിയോ അല്ലെങ്കിൽ നീക്കം ചെയ്യപ്പെടലോ നിമിത്തമോ അല്ലെങ്കിൽ മററു വിധത്തിലോ ഉണ്ടാകുന്ന ഒഴിവ് നികത്തുവാനുള്ള തെരഞ്ഞെടുപ്പ്, ആ ഒഴിവ് ഉണ്ടായതിനുശേഷം കഴിയുന്നതും വേഗം നടത്തേണ്ടതും, ആ ഒഴിവ് നികത്തുവാൻ തിരഞ്ഞെടുക്കപ്പെടുന്ന ആൾക്ക്, 67-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, അദ്ദേഹം തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ പൂർണ്ണ കാലാവധിയായ അഞ്ചുവർഷത്തേക്ക് ഉദ്യോഗം വഹിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

69. **ഉപരാഷ്ട്രപതിയുടെ ശപഥം അഥവാ പ്രതിജ്ഞ**—ഓരോ ഉപരാഷ്ട്രപതിയും അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുൻപ് രാഷ്ട്രപതിയുടെയോ അദ്ദേഹം അതിലേക്ക് നിയമിച്ചിട്ടുള്ള ഏതെങ്കിലും ആളുടെയോ മുൻപാകെ താഴെപ്പറയുന്ന ഫാറത്തിൽ ഒരു ശപഥമോ പ്രതിജ്ഞയോ ചെയ്ത് ഒപ്പ് വയ്ക്കേണ്ടതാകുന്നു, അതായത്—

"ക ഖ, ആയ ഞാൻ നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഇപ്പോൾ ഞാൻ ഏറെറടുക്കുവാൻ പോകുന്ന കർത്തവ്യം വിശ്വസ്തതയോടെ നിർവ്വഹിക്കുമെന്നും ഞാൻ ദൈവത്തിന്റെ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.".

---

[1] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "രാജപ്രമുഖൻ അല്ലെങ്കിൽ ഉപരാജപ്രമുഖൻ" എന്നീവാക്കുകൾ വിട്ടുകളഞ്ഞു.

**70. മററ് അപ്രതീക്ഷിത സന്ദർഭങ്ങളിൽ രാഷ്ട്രപതിയുടെ ചുമതലകളുടെ നിർവ്വഹണം**—ഈ അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും അപ്രതീക്ഷിത സന്ദർഭങ്ങളിൽ രാഷ്ട്രപതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന്, പാർലമെൻറിന് യുക്തമെന്നു അതു കരുതുന്ന അങ്ങനെയുള്ള വ്യവസ്ഥ ഉണ്ടാക്കാവുന്നതാണ്.

[1][**71. രാഷ്ട്രപതിയുടെയോ ഉപരാഷ്ട്രപതിയുടെയോ തെരഞ്ഞെടുപ്പ് സംബന്ധിച്ചതോ, അതിനോട് ബന്ധപ്പെട്ടതോ ആയ വിഷയങ്ങൾ**—(1) രാഷ്ട്രപതിയുടെയോ ഉപരാഷ്ട്രപതിയുടെയോ തെരഞ്ഞെടുപ്പിൽ നിന്നോ അതുമായി ബന്ധപ്പെട്ടോ ഉത്ഭവിക്കുന്ന എല്ലാ സംശയങ്ങളും തർക്കങ്ങളും സുപ്രീംകോടതി അന്വേഷണവിചാരണനടത്തി തീരുമാനിക്കേണ്ടതും അതിൻെറ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.

(2) രാഷ്ട്രപതിയോ ഉപരാഷ്ട്രപതിയോ ആയുള്ള ഒരാളുടെ തെരഞ്ഞെടുപ്പ് അസാധുവാണെന്ന് സുപ്രീംകോടതി പ്രഖ്യാപിക്കുന്നുവെങ്കിൽ, സുപ്രീംകോടതിയുടെ ആ തീരുമാനത്തിൻെറ തീയതിയിലോ അതിനുമുൻപോ രാഷ്ട്രപതിയുടെയോ, ഉപരാഷ്ട്രപതിയുടെയോ, അതതു സംഗതിപോലെ, ഉദ്യോഗത്തിൻെറ അധികാരങ്ങളുടെയും കർത്തവ്യങ്ങളുടെയും പ്രയോഗത്തിലും നിർവ്വഹണത്തിലും അദ്ദേഹം ചെയ്തിട്ടുള്ള കൃത്യങ്ങൾ ആ പ്രഖ്യാപനം നിമിത്തം അസാധുവാകുന്നതല്ല.

(3) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി, രാഷ്ട്രപതിയുടെയോ ഉപരാഷ്ട്രപതിയുടെയോ തെരഞ്ഞെടുപ്പു സംബന്ധിച്ചതോ അതിനോട് ബന്ധപ്പെട്ടതോ ആയ ഏതു വിഷയവും പാർലമെൻറിന് നിയമംവഴി ക്രമപ്പെടുത്താവുന്നതാണ്.

(4) രാഷ്ട്രപതിയോ ഉപരാഷ്ട്രപതിയോ ആയുള്ള ഒരാളുടെ തെരഞ്ഞെടുപ്പ്, അദ്ദേഹത്തെ തെരഞ്ഞെടുക്കുന്ന സമ്മതിദായകഗണത്തിലെ അംഗങ്ങളുടെ ഇടയിൽ ഏതെങ്കിലും ഒഴിവുണ്ട് എന്ന കാരണത്തിൻമേൽ, അതിന് കാരണം എന്തുതന്നെ ആയാലും ചോദ്യം ചെയ്യാവുന്നതല്ല.]

**72. ചില സംഗതികളിൽ മാപ്പ് മുതലായവ നൽകുവാനും ശിക്ഷാവിധികൾ നിറുത്തി വയ്ക്കുകയോ ഇളവുചെയ്യുകയോ ലഘൂകരിക്കുകയോ ചെയ്യുവാനും രാഷ്ട്രപതിക്കുള്ള അധികാരം**—(1) രാഷ്ട്രപതിക്ക്—

(ക) ശിക്ഷയോ ശിക്ഷാവിധിയോ ഒരു പട്ടാളക്കോടതിയുടേത് ആയിരിക്കുന്ന എല്ലാ സംഗതികളിലും ;

(ഖ) ശിക്ഷയോ ശിക്ഷാവിധിയോ യൂണിയൻെറ നിർവ്വാഹകാധികാരത്തിൻെറ വ്യാപ്തിയിലുള്ള ഒരു വിഷയത്തെ സംബന്ധിക്കുന്ന ഏതെങ്കിലും നിയമത്തിന് എതിരായുള്ള ഒരു കുററത്തിന് ആയിരിക്കുന്ന എല്ലാ സംഗതികളിലും ;

(ഗ) ശിക്ഷാവിധി ഒരു മരണശിക്ഷാവിധി ആയിരിക്കുന്ന എല്ലാ സംഗതികളിലും,

കുററത്തിന് മാപ്പു നൽകുന്നതിനും ശിക്ഷ താൽക്കാലികമായി നിറുത്തിവയ്ക്കുന്നതിനും വിളംബപ്പെടുത്തുന്നതിനും ഇളവു ചെയ്യുന്നതിനും അല്ലെങ്കിൽ ഏതെങ്കിലും കുററം സ്ഥാപിക്കപ്പെട്ട ഒരാളുടെ ശിക്ഷാവിധി നിറുത്തിവയ്ക്കുന്നതിനും ഇളവ് ചെയ്യുന്നതിനും ലഘൂകരിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിലെ (ക) ഉപഖണ്ഡത്തിലുള്ള യാതൊന്നും ഒരു പട്ടാളക്കോടതി പ്രസ്താവിച്ച ഒരു ശിക്ഷാവിധി നിറുത്തിവയ്ക്കുന്നതിനോ ഇളവ് ചെയ്യുന്നതിനോ ലഘൂകരിക്കുന്നതിനോ യൂണിയൻെറ സായുധസേനകളിലെ ഏതെങ്കിലും ഉദ്യോഗസ്ഥന് നിയമം വഴി നൽകിയിട്ടുള്ള അധികാരത്തെ ബാധിക്കുന്നതല്ല.

---

1. 1975-ലെ ഭരണഘടന (മുപ്പത്തി ഒൻപതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പും (10-8-1975 മുതൽ പ്രാബല്യം) 1978-ലെ ഭരണഘടന (നാല്പത്തിനാലാം ഭേദഗതി) ആക്റ്റ്, 10-ാം വകുപ്പും (20-6-1979 മുതൽ പ്രാബല്യം) പ്രകാരം 71-ാം അനുച്ഛേദം മേല്പറഞ്ഞ പ്രകാരം വായിക്കത്തക്കവിധം അനുക്രമമായി പകരം ചേർത്തത്.

(3) (1)-ാം ഖണ്ഡത്തിലെ (ഗ) ഉപഖണ്ഡത്തിലുള്ള യാതൊന്നും, ഒരു മരണശിക്ഷാവിധിയെ നിറുത്തിവയ്ക്കുവാനോ ഇളവുചെയ്യുവാനോ ലഘൂകരിക്കുവാനോ ഒരു സംസ്ഥാന ഗവർണ്ണർക്ക് [1]*** ആ സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം പ്രയോഗിക്കാവുന്ന അധികാരത്തെ ബാധിക്കുന്നതല്ല.

**73. യൂണിയൻെറ നിർവ്വാഹകാധികാരത്തിൻെറ വ്യാപ്തി**—(1) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി യൂണിയൻെറ നിർവ്വാഹകാധികാരം—

(ക) പാർലമെൻറിന് നിയമങ്ങൾ നിർമ്മിക്കുവാൻ അധികാരമുള്ള വിഷയങ്ങളെ സംബന്ധിച്ചിടത്തോളവും ;

(ഖ) ഏതെങ്കിലും സന്ധിയുടെയോ ഉടമ്പടിയുടെയോ ബലത്തിൽ ഭാരത സർക്കാരിന് പ്രയോഗിക്കാവുന്ന അവകാശങ്ങളുടെയും അധികാരത്തിൻെറയും അധികാരിതയുടെയും പ്രയോഗത്തോളവും,

വ്യാപിക്കുന്നതാണ്:

എന്നാൽ, (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള നിർവ്വാഹകാധികാരം [2]*** ഏതെങ്കിലും സംസ്ഥാനത്ത് ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിനുകൂടി നിയമങ്ങൾ നിർമ്മിക്കുവാൻ അധികാരമുള്ള വിഷയങ്ങളെ സംബന്ധിച്ചിടത്തോളം, ഈ ഭരണഘടനയിലോ പാർലമെൻറ് നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും നിയമത്തിലോ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിലൊഴികെ വ്യാപിക്കുന്നതല്ല.

(2) പാർലമെൻറ് മററു വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ ഒരു സംസ്ഥാനത്തിനും സംസ്ഥാനത്തെ ഏതൊരു ഉദ്യോഗസ്ഥനും അധികാരസ്ഥാനത്തിനും, ഈ അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, ആ സംസ്ഥാനത്തിനുവേണ്ടി നിയമങ്ങൾ നിർമ്മിക്കുവാൻ പാർലമെൻറിന് അധികാരമുള്ള വിഷയങ്ങളിൽ, ആ സംസ്ഥാനത്തിനോ അതിലെ ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ ഈ ഭരണഘടന പ്രാബല്യത്തിൽ വരുന്നതിനു തൊട്ടുമുൻപ് പ്രയോഗിക്കാമായിരുന്ന നിർവ്വാഹകാധികാരവും ചുമതലകളും തുടർന്നും പ്രയോഗിക്കാവുന്നതാണ്.

## *മന്ത്രിസഭ*

**74. രാഷ്ട്രപതിയെ സഹായിക്കുവാനും ഉപദേശിക്കുവാനും ഉള്ള മന്ത്രിസഭ**—[3][(1) രാഷ്ട്രപതിയെ സഹായിക്കുവാനും ഉപദേശിക്കുവാനും പ്രധാനമന്ത്രി തലവനായുള്ള ഒരു മന്ത്രിസഭ ഉണ്ടായിരിക്കേണ്ടതും രാഷ്ട്രപതി, തൻെറ ചുമതലകൾ നിർവ്വഹിക്കുന്നതിൽ, അങ്ങനെയുള്ള ഉപദേശമനുസരിച്ച് പ്രവർത്തിക്കേണ്ടതും ആകുന്നു :]

[4][ എന്നാൽ, രാഷ്ട്രപതിക്ക് അങ്ങനെയുള്ള ഉപദേശം പൊതുവായോ അല്ലാതെയോ പുനരാലോചിക്കുവാൻ മന്ത്രിസഭയോട് ആവശ്യപ്പെടാവുന്നതും അങ്ങനെയുള്ള പുനരാലോചനയ്ക്കു ശേഷം നൽകിയ ഉപദേശമനുസരിച്ച് രാഷ്ട്രപതി പ്രവർത്തിക്കേണ്ടതും ആകുന്നു.]

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.
2. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയുടെ ക ഭാഗം അല്ലെങ്കിൽ ഖ ഭാഗത്ത് പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.
3. 1976-ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 13-ാം വകുപ്പുപ്രകാരം (1)-ാം ഖണ്ഡത്തിനുപകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
4. 1978-ലെ ഭരണഘടന (നാല്പത്തിനാലാം ഭേദഗതി) ആക്റ്റ്, 11-ാം വകുപ്പുപ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

(2) മന്ത്രിമാർ രാഷ്ട്രപതിക്ക് എന്തെങ്കിലും ഉപദേശം നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്ത് ഉപദേശമാണ് നൽകിയത് എന്നുമുള്ള കാര്യം ഏതെങ്കിലും കോടതിയിൽ അന്വേഷണവിചാരണ ചെയ്യപ്പെടുവാൻ പാടുള്ളതല്ല.

**75. മന്ത്രിമാരെ സംബന്ധിച്ച മററു വ്യവസ്ഥകൾ**—(1) പ്രധാനമന്ത്രിയെ രാഷ്ട്രപതി നിയമിക്കേണ്ടതും, മററു മന്ത്രിമാരെ പ്രധാനമന്ത്രിയുടെ ഉപദേശത്തിൻമേൽ രാഷ്ട്രപതി നിയമിക്കേണ്ടതും ആകുന്നു.

[1][(1ക) മന്ത്രിസഭയിലെ മന്ത്രിമാരുടെ ആകെ എണ്ണം, പ്രധാനമന്ത്രി ഉൾപ്പെടെ, ലോകസഭയിലെ ആകെ അംഗങ്ങളുടെ പതിനഞ്ച് ശതമാനത്തിൽ കവിയാൻ പാടുള്ളതല്ല.

(1ഖ) പാർലമെന്റിന്റെ ഇരുസഭകളിലേതിലെങ്കിലും ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിൽപ്പെടുന്ന ഒരംഗം, പത്താം പട്ടികയിൽ രണ്ടാം ഖണ്ഡികയിൻ കീഴിൽ ആ സഭയിൽ ഒരു അംഗമായിരിക്കുന്നതിന് അയോഗ്യനാക്കപ്പെട്ട ആ ആൾ, അദ്ദേഹം അയോഗ്യനായ തീയതിയുടെ പ്രാരംഭം മുതൽ, അങ്ങനെയുള്ള അംഗമായുള്ള അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി അവസാനിക്കുമായിരുന്ന തീയതിവരെയോ അല്ലെങ്കിൽ അങ്ങനെയുള്ള കാലാവധി അവസാനിക്കുന്നതിന് മുൻപ് പാർലമെന്റിന്റെ ഇരുസഭകളിലേതിലേയ്ക്കെങ്കിലും ഏതെങ്കിലും തെരഞ്ഞെടുപ്പിൽ അദ്ദേഹം മത്സരിക്കുന്നപക്ഷം അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുന്ന തീയതി വരെയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത്, ആ കാലയളവ് വരെ, (1)-ാം ഖണ്ഡത്തിൻ കീഴിൽ മന്ത്രിയായി നിയമിക്കപ്പെടുന്നതിനും കൂടി അയോഗ്യനായിരിക്കുന്നതാണ്.]

(2) മന്ത്രിമാർ രാഷ്ട്രപതിക്ക് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കുന്നതാണ്.

(3) മന്ത്രിസഭ ലോകസഭയോട് കൂട്ടായി ഉത്തരവാദപ്പെട്ടിരിക്കേണ്ടതാകുന്നു.

(4) ഒരു മന്ത്രി, തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുൻപ് രാഷ്ട്രപതി, അദ്ദേഹത്തെക്കൊണ്ട് ഉദ്യോഗത്തെയും രഹസ്യപാലനത്തെയും സംബന്ധിക്കുന്ന ശപഥങ്ങൾ, അതിനുവേണ്ടി മൂന്നാം പട്ടികയിൽ കൊടുത്തിട്ടുള്ള ഫാറങ്ങളനുസരിച്ച്, ചെയ്യിക്കേണ്ടതാകുന്നു.

(5) തുടർച്ചയായുള്ള ഏതെങ്കിലും ആറുമാസക്കാലം പാർലമെൻറിൻെറ ഇരു സഭകളിൽ ഏതിലെയെങ്കിലും അംഗമല്ലാതിരിക്കുന്ന ഒരു മന്ത്രി ആ കാലാവധിയുടെ അവസാനം മന്ത്രി അല്ലാതായി തീരുന്നതാണ്.

(6) മന്ത്രിമാരുടെ ശമ്പളവും ബത്തകളും പാർലമെൻറ് അപ്പോഴപ്പോൾ നിയമംവഴി നിശ്ചയിക്കുന്ന പ്രകാരത്തിലായിരിക്കുന്നതും, പാർലമെൻറ് അപ്രകാരം നിശ്ചയിക്കുന്നതുവരെ, രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ആയിരിക്കുന്നതും ആകുന്നു.

## *ഭാരതത്തിൻെറ അറേറാർണി-ജനറൽ*

**76. ഭാരതത്തിൻെറ അറേറാർണി-ജനറൽ**—(1) സുപ്രീംകോടതിയിലെ ജഡ്ജിയായി നിയമിക്കുവാൻ യോഗ്യതയുള്ള ഒരാളെ ഭാരതത്തിൻെറ അറേറാർണി-ജനറലായി രാഷ്ട്രപതി നിയമിക്കേണ്ടതാണ്.

(2) രാഷ്ട്രപതി, അറേറാർണി-ജനറലിന് അപ്പോഴപ്പോൾ അയച്ചുകൊടുക്കുകയോ ഏൽപ്പിച്ചുകൊടുക്കുകയോ ചെയ്യുന്ന നിയമപരമായ വിഷയങ്ങളെക്കുറിച്ച് ഭാരതസർക്കാരിന് ഉപദേശം കൊടുക്കുകയും നിയമസ്വഭാവമുള്ള അത്തരം മററ് കർത്തവ്യങ്ങൾ അനുഷ്ഠിക്കുകയും, ഈ ഭരണഘടനയാലോ ഭരണഘടനപ്രകാരമോ ആ സമയത്ത് പ്രാബല്യത്തിലിരിക്കുന്ന മററ് ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ തന്നെ ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നത് അറേറാർണി-ജനറലിൻെറ കർത്തവ്യം ആയിരിക്കുന്നതാണ്.

---

1. 2003-ലെ ഭരണഘടന (തൊണ്ണൂറ്റി ഒന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ഉൾക്കൊള്ളിച്ചത്.

(3) അററോർണി-ജനറലിന് തന്റെ കർത്തവ്യങ്ങളുടെ അനുഷ്ഠാനത്തിൽ ഭാരതത്തിന്റെ ഭൂപ്രദേശത്തുള്ള എല്ലാ കോടതികളിലും കേൾക്കപ്പെടാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

(4) അററോർണി-ജനറൽ രാഷ്ട്രപതിക്ക് ഇഷ്ടമുള്ളിടത്തോളംകാലം ഉദ്യോഗം വഹിക്കുന്നതും, അദ്ദേഹത്തിന് രാഷ്ട്രപതി നിശ്ചയിക്കുന്ന വേതനം ലഭിക്കുന്നതും ആകുന്നു.

## സർക്കാർ കാര്യങ്ങളുടെ നടത്തിപ്പ്

**77. ഭാരത സർക്കാരിന്റെ കാര്യങ്ങളുടെ നടത്തിപ്പ്**—(1) ഭാരത സർക്കാരിന്റെ എല്ലാ നിർവ്വാഹക പ്രവർത്തിയും രാഷ്ട്രപതിയുടെ നാമത്തിൽ നടത്തുന്നതായി പ്രസ്താവിക്കേണ്ടതാണ്.

(2) രാഷ്ട്രപതിയുടെ നാമത്തിൽ ഉണ്ടാക്കുന്നതും ഒപ്പിട്ട് പുർത്തീകരിക്കുന്നതുമായ ഉത്തരവുകളും മററ് പ്രമാണങ്ങളും രാഷ്ട്രപതി *ഉണ്ടാക്കേണ്ട ചട്ടങ്ങളിൽ[1] നിർദ്ദേശിക്കുന്ന രീതിയിൽ പ്രമാണീകരിക്കേണ്ടതും അങ്ങനെ പ്രമാണീകരിച്ച ഒരു ഉത്തരവിന്റെയോ പ്രമാണത്തിന്റെയോ സാധുത, അത് രാഷ്ട്രപതി ഉണ്ടാക്കിയതോ ഒപ്പിട്ട് പുർത്തീകരിച്ചതോ ആയ ഒരു ഉത്തരവോ പ്രമാണമോ അല്ലെന്നുള്ള കാരണത്തിൻമേൽ ചോദ്യം ചെയ്യപ്പെടുവാൻ പാടില്ലാത്തതും ആകുന്നു.

(3) ഭാരത സർക്കാരിന്റെ കാര്യങ്ങളുടെ കൂടുതൽ സുകരമായ നടത്തിപ്പിനും ആ കാര്യങ്ങൾ മന്ത്രിമാർക്കിടയിൽ വിഭജിച്ചുകൊടുക്കുന്നതിനും രാഷ്ട്രപതി ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ്.

[1]* * * * * * *

**78. രാഷ്ട്രപതിയ്ക്ക് വിവരം നൽകുക മുതലായവ സംബന്ധിച്ച് പ്രധാനമന്ത്രിയുടെ കർത്തവ്യങ്ങൾ**—താഴെപ്പറയുന്നവ പ്രധാനമന്ത്രിയുടെ കർത്തവ്യങ്ങളായിരിക്കുന്നതാണ്—

(ക) യൂണിയന്റെ കാര്യങ്ങളുടെ നിർവ്വഹണത്തെയും നിയമനിർമ്മാണത്തിനുള്ള നിർദ്ദേശങ്ങളെയും സംബന്ധിച്ചുള്ള മന്ത്രിസഭയുടെ എല്ലാ തീരുമാനങ്ങളും രാഷ്ട്രപതിയെ അറിയിക്കുക;

(ഖ) യൂണിയന്റെ കാര്യങ്ങളുടെ നിർവ്വഹണത്തെയും നിയമനിർമ്മാണത്തിനുള്ള നിർദ്ദേശങ്ങളെയും സംബന്ധിച്ച് രാഷ്ട്രപതി ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുക ;

(ഗ) രാഷ്ട്രപതി ആവശ്യപ്പെടുന്നുവെങ്കിൽ, ഒരു മന്ത്രി തീരുമാനിച്ചതും എന്നാൽ മന്ത്രിസഭ പരിഗണിച്ചിട്ടില്ലാത്തതും ആയ ഏതൊരു വിഷയവും മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കുക.

---

*. 1958-ലെ ഭാരതഗസററ്, അസാധാരണം ഭാഗം II, വകുപ്പ് 3 (ii), പേജ് 1315-ലെ, അപ്പോഴപ്പോൾ ഭേദഗതി ചെയ്ത പ്രകാരമുള്ള 1958 നവംബർ 3-ാം തീയതിയിലെ വിജ്ഞാപനം നമ്പർ എസ്. ഓ .2297 കാണുക.

1. 1976-ലെ ഭരണഘടന (നാൽപത്തിരണ്ടാം ഭേദഗതി) ആക്ററ്, 14-ാം വകുപ്പുപ്രകാരം (4)-ാം ഖണ്ഡം ചേർക്കുകയും (3-1-1977 മുതൽ പ്രാബല്യം), 1978-ലെ ഭരണഘടന (നാൽപത്തിനാലാം ഭേദഗതി) ആക്ററ്, 12-ാം വകുപ്പുപ്രകാരം വിട്ടുകളയുകയും ചെയ്തു (20-6-1979 മുതൽ പ്രാബല്യം).

## അദ്ധ്യായം II—പാർലമെൻറ്

### സാമാന്യം

**79. പാർലമെൻറിൻെറ രൂപീകരണം**—യൂണിയന്, രാഷ്ട്രപതിയും യഥാക്രമം രാജ്യസഭയെന്നും ലോകസഭയെന്നും അറിയപ്പെടുന്ന രണ്ടുസഭകളും അടങ്ങുന്ന ഒരു പാർലമെൻറ് ഉണ്ടായിരിക്കേണ്ടതാകുന്നു.

**80. രാജ്യസഭയുടെ ഘടന**—(1) [1][ [2]***രാജ്യസഭ—]

(ക) (3)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ അനുസരിച്ച് രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്ന പന്ത്രണ്ട് അംഗങ്ങളും ;

(ഖ) സംസ്ഥാനങ്ങളുടെയും [3][യൂണിയൻ പ്രദേശങ്ങളുടെയും] ഇരുന്നൂററി മുപ്പത്തെട്ടിൽ കവിയാത്ത പ്രതിനിധികളും,

അടങ്ങിയതായിരിക്കുന്നതാണ്.

(2) രാജ്യസഭയിൽ, സംസ്ഥാനങ്ങളുടെയും [4][യൂണിയൻ പ്രദേശങ്ങളുടെയും] പ്രതിനിധികളാൽ നികത്തപ്പെടേണ്ട സ്ഥാനങ്ങൾ വിഭജിച്ചു കൊടുക്കുന്നത് അതിനുവേണ്ടി നാലാം പട്ടികയിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ചായിരിക്കേണ്ടതാണ്.

(3) (1)-ാം ഖണ്ഡത്തിലെ (ക) ഉപഖണ്ഡം അനുസരിച്ച് രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ താഴെ ചേർത്തിട്ടുള്ളതുപോലെയുള്ള വിഷയങ്ങളെ സംബന്ധിച്ച് പ്രത്യേക ജ്ഞാനമോ പ്രായോഗികപരിചയമോ ഉള്ള ആളുകൾ ആയിരിക്കേണ്ടതാണ്, അതായത് :—

സാഹിത്യം, ശാസ്ത്രം, കല, സാമൂഹ്യസേവനം എന്നിവ.

(4) [5]*** ഓരോ സംസ്ഥാനത്തിൻെറയും രാജ്യസഭയിലെ പ്രതിനിധികളെ, ആ സംസ്ഥാനത്തെ നിയമനിർമ്മാണ സഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ കൈമാററം ചെയ്യാവുന്ന ഒററ വോട്ടുവഴി ആനുപാതിക പ്രാതിനിദ്ധ്യ സമ്പ്രദായമനുസരിച്ച് തെരഞ്ഞെടുക്കേണ്ടതാണ്.

(5) [6][യൂണിയൻ പ്രദേശങ്ങളുടെ] രാജ്യസഭയിലെ പ്രതിനിധികളെ പാർലമെൻറ് നിയമം വഴി നിർണ്ണയിക്കുന്ന വിധത്തിൽ തെരഞ്ഞെടുക്കേണ്ടതാണ്.

---

1. 1974-ലെ ഭരണഘടന (മുപ്പത്തിയഞ്ചാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം "രാജ്യസഭ" എന്നതിനു പകരം ചേർത്തത് (1-3-1975 മുതൽ പ്രാബല്യം).
2. 1975-ലെ ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്ററ്, 5-ാം വകുപ്പുപ്രകാരം "പത്താം പട്ടിക 4-ാം ഖണ്ഡികയുടെ വ്യവസ്ഥകൾക്കുവിധേയമായി" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു (26-4-1975 മുതൽ പ്രാബല്യം).
3. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം കൂട്ടി ചേർത്തത്.
4. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം കൂട്ടി ചേർത്തത്.
5. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം " ഒന്നാം പട്ടികയുടെ ക ഭാഗത്തിൽ അല്ലെങ്കിൽ ഖ ഭാഗത്തിൽ പറഞ്ഞിട്ടുള്ള " എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.
6. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം "ഒന്നാം പട്ടികയിലെ ഗ എന്ന ഭാഗത്തിൽ പറഞ്ഞിട്ടുള്ള സംസ്ഥാനങ്ങൾ" എന്നതിനു പകരം ചേർത്തത്.

[1] [ 81. ലോകസഭയുടെ ഘടന —(1) [2] [ 331-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് [3] ****
വിധേയമായി,] ലോകസഭ—

(ക) സംസ്ഥാനങ്ങളിലെ പ്രാദേശികാടിസ്ഥാനത്തിലുള്ള നിയോജക മണ്ഡലങ്ങളിൽ നിന്ന് നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴി തെരഞ്ഞെടുക്കുന്ന [4][അഞ്ഞൂററി മുപ്പതിൽ] കവിയാതെയുള്ള അംഗങ്ങളും ;

(ഖ) യൂണിയൻ പ്രദേശങ്ങളെ പ്രതിനിധാനം ചെയ്യുന്നതിന് പാർലമെൻറ് നിയമംവഴി വ്യവസ്ഥ ചെയ്യുന്നരീതിയിൽ തെരഞ്ഞെടുക്കുന്ന [5][ ഇരുപതിൽ കവിയാതെ]യുള്ള അംഗങ്ങളും;

അടങ്ങിയിരിക്കുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിലെ (ക) ഉപഖണ്ഡത്തിൻെറ ആവശ്യങ്ങൾക്ക്,—

(ക) ഒരു സംസ്ഥാനത്തിനു തിരിച്ചുവച്ചിട്ടുള്ള സ്ഥാനങ്ങളുടെ സംഖ്യയും ആ സംസ്ഥാനത്തെ ജനസംഖ്യയും തമ്മിലുള്ള അംശബന്ധം, പ്രായോഗികമാകുന്നിടത്തോളം, എല്ലാ സംസ്ഥാനങ്ങൾക്കും ഒന്നു തന്നെ ആകത്തക്കവിധം അത്രയും സ്ഥാനങ്ങൾ ഓരോ സംസ്ഥാനത്തിനും ലോകസഭയിൽ തിരിച്ചു വയ്ക്കേണ്ടതും;

(ഖ) ഒരു നിയോജകമണ്ഡലത്തിലെ ജനസംഖ്യയും അതിന് തിരിച്ചു വയ്ക്കപ്പെട്ടിട്ടുള്ള സ്ഥാനങ്ങളുടെ സംഖ്യയും തമ്മിലുള്ള അംശബന്ധം, പ്രായോഗികമാകുന്നിടത്തോളം, ആ സംസ്ഥാനത്ത് ഒട്ടാകെ ഒന്നുതന്നെയാകത്തക്കവിധം ഓരോ സംസ്ഥാനത്തെയും പ്രാദേശിക നിയോജകമണ്ഡലങ്ങളിലായി വിഭജിക്കേണ്ടതും,

ആകുന്നു:

[6][എന്നാൽ, ഈ ഖണ്ഡത്തിൻെറ (ക) ഉപഖണ്ഡത്തിലെ വ്യവസ്ഥകൾ ഏതെങ്കിലും സംസ്ഥാനത്തിന് സ്ഥാനങ്ങൾ തിരിച്ചു വയ്ക്കുന്ന ആവശ്യത്തിലേക്ക് ആ സംസ്ഥാനത്തെ ജനസംഖ്യ ആറുദശലക്ഷത്തിൽ കവിയാത്തിടത്തോളം കാലം ബാധകമാകുന്നതല്ല.]

(3) ഈ അനുച്ഛേദത്തിൽ "ജനസംഖ്യ" എന്ന പദത്തിന് പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒടുവിൽ കഴിഞ്ഞ കാനേഷുമാരിയിൽ തിട്ടപ്പെടുത്തിയിട്ടുള്ള ജനസംഖ്യ എന്ന് അർത്ഥമാകുന്നു:

[7][എന്നാൽ, പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒടുവിൽ കഴിഞ്ഞ കാനേഷുമാരിയെക്കുറിച്ചുള്ള ഈ ഖണ്ഡത്തിലെ പരാമർശം [8][2026]-ാം ആണ്ടിനുശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിയെക്കുറിച്ചുള്ള പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതുവരെ,-

[8][(i) (2)-ാം ഖണ്ഡത്തിന്റെ (ക) ഉപഖണ്ഡത്തിനും ആ ഖണ്ഡത്തിന്റെ പരിമിതി വ്യവസ്ഥയുടെയും ആവശ്യങ്ങൾക്ക്, 1971-ലെ കാനേഷുമാരിയെക്കുറിച്ചുള്ള ഒരു പരാമർശമായും;

(ii) (2)-ാം ഖണ്ഡത്തിന്റെ (ഖ) ഉപഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക് [9][2001]-ലെ കാനേഷുമാരിയുടെ ഒരു പരാമർശമായും, കണക്കാക്കേണ്ടതാണ്.]

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം 81-ം, 82-ം അനുച്ഛേദങ്ങൾക്ക് പകരം ചേർത്തത്.
2. 1974-ലെ ഭരണഘടന (മുപ്പത്തഞ്ചാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം "331-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി" എന്നതിനു പകരം "331-ാം അനുച്ഛേദത്തിലേയും പത്താം പട്ടിക 4-ാം ഖണ്ഡികയിലേയും വ്യവസ്ഥകൾക്കു വിധേയമായി" എന്ന വാക്കുകളും അക്കങ്ങളും ചേർത്തിരിക്കുന്നു (1-3-1975 മുതൽ പ്രാബല്യം).
3. 1975-ലെ ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം "പത്താം പട്ടികയുടെ 4-ാം ഖണ്ഡികയും" എന്നീ വാക്കുകളും അക്കവും വിട്ടുകളഞ്ഞു (26-4-1975 മുതൽ പ്രാബല്യം).
4. 1987-ലെ ഗോവ, ദാമൻ, ദിയൂ പുനഃസംഘടനാ ആക്റ്റ് (1987-ലെ 18) 63-ാം വകുപ്പുപ്രകാരം "അഞ്ഞൂററി ഇരുപത്തഞ്ച് അംഗങ്ങൾ" എന്നതിനു പകരം ചേർത്തത് (30-5-1987 മുതൽ പ്രാബല്യം).
5. 1973-ലെ ഭരണഘടന (മുപ്പത്തൊന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പു പ്രകാരം "ഇരുപത്തഞ്ച് അംഗങ്ങൾ" എന്നതിനു പകരം ചേർത്തത്.
6. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം ചേർത്തത്.
7. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 15-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
8. 2001-ലെ ഭരണഘടന (എൺപത്തിനാലാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.
9. 2003-ലെ ഭരണഘടന (എൺപത്തിയേഴാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.

**82.** ഓരോ കാനേഷുമാരിക്കുശേഷവും പുനഃക്രമീകരണം—ഓരോ കാനേഷുമാരിയും പൂർത്തിയാകുമ്പോൾ, ലോകസഭയിൽ സംസ്ഥാനങ്ങൾക്കുള്ള സ്ഥാനങ്ങളുടെ വിഭജനവും പ്രാദേശിക നിയോജകമണ്ഡലങ്ങളായി ഓരോ സംസ്ഥാനത്തിന്റെ വിഭജനവും പാർലമെന്റ്, നിയമം വഴി നിശ്ചയിക്കുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്താലും അങ്ങനെയുള്ള രീതിയിലും, പുനഃക്രമീകരിക്കപ്പെടേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള പുനഃക്രമീകരണം അപ്പോൾ നിലവിലുള്ള സഭയുടെ പിരിച്ചുവിടൽ വരെ ലോകസഭയിലെ പ്രാതിനിദ്ധ്യത്തെ ബാധിക്കുന്നതല്ല :

[1][എന്നുമാത്രമല്ല, അങ്ങനെയുള്ള പുനഃക്രമീകരണം രാഷ്ട്രപതി ഉത്തരവു വഴി നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതും, അങ്ങനെയുള്ള പുനഃക്രമീകരണം പ്രാബല്യത്തിൽ വരുന്നതുവരെ സഭയിലേക്കുള്ള തെരഞ്ഞെടുപ്പ്, അങ്ങനെയുള്ള പുനഃക്രമീകരണത്തിനു മുൻപ് നിലവിലിരുന്ന പ്രാദേശിക നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ നടത്താവുന്നതുമാകുന്നു:

കൂടാതെ, [2][ഈ അനുച്ഛേദപ്രകാരമുള്ള—

(i) 1971-ലെ കാനേഷുമാരി അടിസ്ഥാനമായി പുനഃക്രമീകരിച്ചിട്ടുള്ള ലോക സഭയിൽ സംസ്ഥാനങ്ങൾക്കുള്ള സ്ഥാനങ്ങളുടെ വിഭജനവും;

(ii) [3][2001]-ലെ കാനേഷുമാരി അടിസ്ഥാനമാക്കി പുനഃക്രമീകരിച്ചേക്കാവുന്ന പ്രാദേശിക നിയോജക മണ്ഡലങ്ങളായി ഓരോ സംസ്ഥാനത്തിന്റെ വിഭജനവും]

[2][2026]-ാം ആണ്ടിനുശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിക്കുള്ള പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതുവരെ, പുനഃക്രമീകരിക്കേണ്ട ആവശ്യമില്ലാത്തതുമാകുന്നു.]

**83.** പാർലമെന്റിന്റെ സഭകളുടെ കാലാവധി—(1) രാജ്യസഭ പിരിച്ചുവിടലിനു വിധേയമാകുന്നതല്ലാത്തതും, എന്നാൽ ഓരോ രണ്ടാം വർഷവും അവസാനിച്ച് എത്രയും വേഗം അതിലെ അംഗങ്ങളിൽ മൂന്നിലൊന്നിനോട് കഴിയുന്നിടത്തോളം അടുത്തുവരുന്നത്ര അംഗങ്ങൾ, പാർലമെന്റ് നിയമം വഴി അതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകളനുസരിച്ച്, സ്ഥാനം ഒഴിയേണ്ടതും ആകുന്നു.

(2) ലോകസഭ, നേരത്തെ പിരിച്ചു വിട്ടിട്ടില്ലാത്തപക്ഷം അതിന്റെ ഒന്നാമത്തെ യോഗം ചേരുന്നതിന് നിശ്ചയിച്ചിരുന്ന തീയതി മുതൽ [4][അഞ്ചുവർഷത്തേക്ക്], എന്നാൽ ഒരിക്കലും അതിൽ കവിയാതെ, തുടരുന്നതും, മേൽപ്പറഞ്ഞ [4][അഞ്ചുവർഷക്കാലം] അവസാനിക്കുന്നത് സഭയുടെ ഒരു പിരിച്ചുവിടൽ ആയിത്തീരുന്നതും ആകുന്നു:

എന്നാൽ, ഒരു അടിയന്തിരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ, മേൽപ്പറഞ്ഞ കാലാവധി ഒരു തവണ ഒരു വർഷത്തിൽ കവിയാത്ത ഒരു കാലത്തേക്കും, യാതൊരു സംഗതിയിലും ആ വിളംബരം പ്രാബല്യത്തിലില്ലാതായതിനുശേഷം ആറുമാസക്കാലത്തിൽ കവിയാതെയും, നിയമം വഴി പാർലമെന്റിന് ദീർഘിപ്പിക്കാവുന്നതാണ്.

---

1. 1976-ലെ ഭരണഘടന (നാല്പത്തി രണ്ടാം ഭേദഗതി) ആക്റ്റ്, 16-ാം വകുപ്പുപ്രകാരം പകരം ചേർത്തത്. (3-1-1977 മുതൽ പ്രാബല്യം).
2. 2001-ലെ ഭരണഘടന (എൺപത്തിനാലാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.
3. 2003-ലെ ഭരണഘടന (എൺപത്തിയേഴാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.
4. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 13-ാം വകുപ്പുപ്രകാരം "ആറുവർഷത്തേയ്ക്ക്" എന്നതിനു പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം). 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 17-ാം വകുപ്പുപ്രകാരം ആദ്യമുണ്ടായിരുന്ന "അഞ്ചു വർഷത്തേക്ക്" എന്ന വാക്കുകൾക്ക് പകരം "ആറു വർഷത്തേക്ക്" എന്ന വാക്കുകൾ ചേർത്തിരുന്നു (3-1-1977 മുതൽ പ്രാബല്യം).

**84. പാർലമെൻറിലെ അംഗത്വത്തിനു വേണ്ട യോഗ്യത**—ഒരാൾ, പാർലമെൻറിലെ ഒരു സ്ഥാനം നികത്തുന്നതിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന്, ആ ആൾ—

[1][(ക) ഭാരതത്തിലെ ഒരു പൗരനായിരിക്കുകയും തെരഞ്ഞെടുപ്പ് കമ്മിഷൻ അതിലേക്ക് അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആളുടെ മുൻപാകെ മൂന്നാം പട്ടികയിൽ അതിനുവേണ്ടി ചേർത്തിട്ടുള്ള ഫാറം അനുസരിച്ച് ഒരു ശപഥമോ പ്രതിജ്ഞയോ ചെയ്ത് ഒപ്പുവയ്ക്കുകയും ;]

(ഖ) രാജ്യസഭയിലെ ഒരു സ്ഥാനത്തിന്റെ സംഗതിയിൽ മുപ്പത് വയസ്സിൽ കുറയാത്ത ആളും ലോകസഭയിലെ ഒരു സ്ഥാനത്തിന്റെ സംഗതിയിൽ ഇരുപത്തഞ്ച് വയസ്സിൽ കുറയാത്ത ആളും ആയിരിക്കുകയും ;

(ഗ) പാർലമെൻറ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമം വഴിയോ നിയമപ്രകാരമോ അതിലേക്ക് നിർണ്ണയിച്ചിട്ടുള്ള വേറെ യോഗ്യതകൾ ഉള്ള ആളായിരിക്കുകയും,

ചെയ്യാത്തപക്ഷം, യോഗ്യനായിരിക്കുന്നതല്ല.

[2] **[85. പാർലമെൻറിന്റെ സമ്മേളനങ്ങൾ നിറുത്തിവയ്ക്കലും പിരിച്ചുവിടലും**—(1) രാഷ്ട്രപതി, പാർലമെൻറിന്റെ ഓരോ സഭയേയും അപ്പോഴപ്പോൾ അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്ന സമയത്തും സ്ഥലത്തും യോഗം ചേരുന്നതിന് വിളിച്ചുകൂട്ടേണ്ടതും, എന്നാൽ അതിന്റെ ഒരു സമ്മേളനത്തിന്റെ അവസാനത്തെ ഉപവേശനത്തിനും അതിന്റെ അടുത്ത സമ്മേളനത്തിന്റെ ഒന്നാമത്തെ ഉപവേശനത്തിന് നിശ്ചയിക്കപ്പെടുന്ന തീയതിക്കും മദ്ധ്യേ ആറുമാസക്കാലത്തെ ഇട ഉണ്ടാകുവാൻ പാടില്ലാത്തതും ആകുന്നു.

(2) രാഷ്ട്രപതിക്ക് അപ്പോഴപ്പോൾ—

(ക) സഭകളുടേയോ ഇരുസഭകളിൽ ഏതിന്റെയെങ്കിലുമോ സമ്മേളനം അവസാനിപ്പിക്കാവുന്നതും ;

(ഖ) ലോകസഭ പിരിച്ചുവിടാവുന്നതും,

ആകുന്നു.]

**86. സഭകളെ അഭിസംബോധനം ചെയ്യുന്നതിനും അവയ്ക്ക് സന്ദേശം അയയ്ക്കുന്നതിനും രാഷ്ട്രപതിക്കുള്ള അവകാശം**—(1) രാഷ്ട്രപതിക്ക് പാർലമെൻറിന്റെ ഇരു സഭകളിൽ ഏതിനെയെങ്കിലുമോ ഒന്നിച്ച് സമ്മേളിച്ചിട്ടുള്ള ഇരുസഭകളേയുമോ അഭിസംബോധനം ചെയ്യാവുന്നതും അതിനുവേണ്ടി അംഗങ്ങളോട് ഹാജരാകുവാൻ ആവശ്യപ്പെടാവുന്നതും ആകുന്നു.

(2) രാഷ്ട്രപതിക്ക് പാർലമെൻറിൽ അപ്പോൾ നിലവിലിരിക്കുന്ന ഒരു ബില്ലിനെ സംബന്ധിച്ചോ അല്ലാതെയോ പാർലമെൻറിന്റെ ഇരു സഭകളിൽ ഏതിനെങ്കിലും സന്ദേശങ്ങൾ അയയ്ക്കാവുന്നതും, ഏത് സഭയ്ക്കാണോ അപ്രകാരം ഏതെങ്കിലും സന്ദേശം അയയ്ക്കുന്നത് ആ സഭ ആ സന്ദേശം വഴി പരിഗണനയ്ക്കെടുക്കണമെന്ന് ആവശ്യപ്പെടുന്ന ഏത് വിഷയവും സൗകര്യപ്പെടുന്നിടത്തോളം വേഗത്തിൽ പരിഗണിക്കേണ്ടതും ആകുന്നു.

**87. രാഷ്ട്രപതിയുടെ വിശേഷാൽ അഭിസംബോധനം**—(1) [3] [ലോകസഭയിലേക്കുള്ള ഓരോ പൊതു തെരഞ്ഞെടുപ്പിനും ശേഷമുള്ള ഒന്നാമത്തെ സമ്മേളനത്തിന്റെ തുടക്കത്തിലും, ഓരോ വർഷത്തെയും ഒന്നാമത്തെ സമ്മേളനത്തിന്റെ] തുടക്കത്തിലും രാഷ്ട്രപതി, ഒന്നിച്ചു സമ്മേളിച്ചിട്ടുള്ള പാർലമെൻറിന്റെ ഇരു സഭകളേയും അഭിസംബോധനം ചെയ്യേണ്ടതും പാർലമെൻറ് വിളിച്ചുകൂട്ടിയതിനുള്ള കാരണങ്ങൾ അതിനെ അറിയിക്കേണ്ടതും ആകുന്നു.

---

1. 1963-ലെ ഭരണഘടന (പതിനാറാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം (ക) ഖണ്ഡത്തിനു പകരം ചേർത്തത്.
2. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 6-ാം വകുപ്പുപ്രകാരം 85-ാം അനുച്ഛേദത്തിന് പകരം ചേർത്തത്.
3. മേൽപ്പറഞ്ഞ ആക്റ്റ്, 7-ാം വകുപ്പുപ്രകാരം "ഓരോ സമ്മേളനത്തിന്റെ" എന്നതിനു പകരം ചേർത്തത്.

(2) അങ്ങനെയുള്ള അഭിസംബോധനത്തിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് സമയം മാററി വയ്ക്കുന്നതിന് [1]*** ഇരുസഭകളിൽ ഓരോന്നിൻെറയും നടപടിക്രമം നിർണ്ണയിക്കുന്ന ചട്ടങ്ങൾ വഴി വ്യവസ്ഥ ചെയ്യേണ്ടതാണ്.

**88. സഭകളെ സംബന്ധിച്ച് മന്ത്രിമാരുടെയും അറ്റോർണി-ജനറലിൻെറയും അവകാശങ്ങൾ**—ഓരോ മന്ത്രിക്കും ഭാരതത്തിൻെറ അറ്റോർണി- ജനറലിനും, ഇരുസഭകളിൽ ഏതിലും, സഭകളുടെ സംയുക്ത ഉപവേശനത്തിലും, അദ്ദേഹത്തെ അംഗമാക്കി പേരു പറഞ്ഞിട്ടുള്ള പാർലമെൻറിൻെറ ഏത് സമിതിയിലും സംസാരിക്കുവാനും അവയുടെ നടപടികളിൽ മററുവിധത്തിൽ പങ്കെടുക്കുവാനും അവകാശമുണ്ടായിരിക്കുന്നതും, എന്നാൽ വോട്ടുചെയ്യുന്നതിന് ഈ അനുച്ഛേദത്തിൻെറ ബലത്തിൽ അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

## പാർലമെൻറിലെ ഉദ്യോഗസ്ഥൻമാർ

**89. രാജ്യസഭയിലെ അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും**—(1) ഭാരതത്തിൻെറ ഉപരാഷ്ട്രപതി ഔദ്യോഗിക നിലയിൽ രാജ്യസഭയുടെ അദ്ധ്യക്ഷനായിരിക്കുന്നതാണ്.

(2) രാജ്യസഭ, കഴിയുന്നതും വേഗം, ആ സഭയിലെ ഒരംഗത്തെ അതിൻെറ ഉപാദ്ധ്യക്ഷനായി തെരഞ്ഞെടുക്കേണ്ടതും, ഉപാദ്ധ്യക്ഷൻെറ ഉദ്യോഗം ഒഴിവാകുമ്പോഴെല്ലാം സഭ മറ്റൊരംഗത്തെ ഉപാദ്ധ്യക്ഷനായി തെരഞ്ഞെടുക്കേണ്ടതും ആകുന്നു.

**90. ഉപാദ്ധ്യക്ഷൻ ഉദ്യോഗത്തിൽനിന്ന് ഒഴിഞ്ഞുപോകുന്നതും രാജിവയ്ക്കുന്നതും നീക്കം ചെയ്യപ്പെടുന്നതും**—രാജ്യസഭയിൽ ഉപാദ്ധ്യക്ഷനായി ഉദ്യോഗം വഹിക്കുന്ന ഒരു അംഗം—

(ക) അദ്ദേഹം ആ സഭയിലെ ഒരു അംഗം അല്ലാതായിത്തീരുന്നുവെങ്കിൽ തൻെറ ഉദ്യോഗം ഒഴിയേണ്ടതാണ് ;

(ഖ) അദ്ദേഹത്തിന് ഏത് സമയത്തും അദ്ധ്യക്ഷനെ സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തൻെറ ഉദ്യോഗം രാജി വയ്ക്കാവുന്നതാണ് ;

(ഗ) അദ്ദേഹത്തെ ആ സഭയിലെ അപ്പോഴുള്ള എല്ലാ അംഗങ്ങളുടെയും ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കുന്ന ആ സഭയുടെ ഒരു പ്രമേയം വഴി തൻെറ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യാവുന്നതാണ് :

എന്നാൽ, (ഗ) ഖണ്ഡത്തിൻെറ ആവശ്യത്തിനുള്ള യാതൊരു പ്രമേയവും, ആ പ്രമേയം അവതരിപ്പിക്കാനുള്ള ഉദ്ദേശ്യത്തെക്കുറിച്ച് കുറഞ്ഞത് പതിന്നാല് ദിവസത്തെ നോട്ടീസ് കൊടുത്തിട്ടില്ലാത്തപക്ഷം, അവതരിപ്പിക്കുവാൻ പാടുള്ളതല്ല.

**91. ഉപാദ്ധ്യക്ഷനോ മറ്റൊരാൾക്കോ അദ്ധ്യക്ഷൻെറ ഉദ്യോഗത്തിൻെറ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനോ അദ്ധ്യക്ഷനായി പകരം ജോലിനോക്കുവാനോ ഉള്ള അധികാരം**—(1) അദ്ധ്യക്ഷൻെറ ഉദ്യോഗം ഒഴിവായിരിക്കുമ്പോഴും, ഉപരാഷ്ട്രപതി രാഷ്ട്രപതിയായി പകരം ജോലി നോക്കുകയോ രാഷ്ട്രപതിയുടെ ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യുന്ന കാലത്തും, ആ ഉദ്യോഗത്തിൻെറ കർത്തവ്യങ്ങൾ ഉപാദ്ധ്യക്ഷനും, ഉപാദ്ധ്യക്ഷൻെറ ഉദ്യോഗവും ഒഴിവായിരിക്കുന്നുവെങ്കിൽ ആ ആവശ്യത്തിലേയ്ക്ക് രാഷ്ട്രപതി നിയമിക്കുന്ന അങ്ങനെയുള്ള രാജ്യസഭാംഗവും നിർവ്വഹിക്കേണ്ടതാണ്.

(2) രാജ്യസഭയുടെ ഏതെങ്കിലും ഉപവേശനത്തിൽ, അദ്ധ്യക്ഷൻ സന്നിഹിതനല്ലെങ്കിൽ ഉപാദ്ധ്യക്ഷനോ, അദ്ദേഹം സന്നിഹിതനല്ലെങ്കിൽ ആ സഭയുടെ നടപടി ക്രമത്തെക്കുറിച്ചുള്ള ചട്ടങ്ങൾ വഴി നിശ്ചയിക്കാവുന്ന ആളോ, അങ്ങനെയുള്ള യാതൊരാളും സന്നിഹിതനല്ലെങ്കിൽ ആ സഭ നിശ്ചയിക്കാവുന്ന മറ്റൊരാളോ, അദ്ധ്യക്ഷനായി പകരം ജോലി നോക്കേണ്ടതാണ്.

---

[1] 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ് 7-ാംവകുപ്പുപ്രകാരം "സഭയുടെ മററു കാര്യങ്ങളേക്കാൾ അങ്ങനെയുള്ള ചർച്ചയ്ക്ക് മുൻഗണന നൽകുന്നതിനും" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

**92. അദ്ധ്യക്ഷൻ അല്ലെങ്കിൽ ഉപാദ്ധ്യക്ഷൻ , അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള ഒരു പ്രമേയം പരിഗണനയിലിരിക്കുമ്പോൾ അദ്ധ്യക്ഷത വഹിച്ചു കൂടെന്ന്**—(1) രാജ്യസഭയുടെ ഏതെങ്കിലും ഉപവേശനത്തിൽ, ഉപരാഷ്ട്രപതിയെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം പരിഗണനയിലിരിക്കുമ്പോൾ അദ്ധ്യക്ഷനോ, ഉപാദ്ധ്യക്ഷനെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം പരിഗണനയിലിരിക്കുമ്പോൾ ഉപാദ്ധ്യക്ഷനോ, അദ്ദേഹം സന്നിഹിതനാണെങ്കിലും, അദ്ധ്യക്ഷത വഹിക്കുവാൻ പാടില്ലാത്തതും, അങ്ങനെയുള്ള ഓരോ ഉപവേശനത്തിനും 91-ാം അനുച്ഛേദം (2)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ, അതതു സംഗതിപോലെ, അദ്ധ്യക്ഷന്റെയോ ഉപാദ്ധ്യക്ഷന്റെയോ അസാന്നിദ്ധ്യത്തിലുള്ള ഒരു ഉപവേശനം സംബന്ധിച്ച് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതും ആകുന്നു.

(2) ഉപരാഷ്ട്രപതിയെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം രാജ്യസഭയിൽ പരിഗണനയിലിരിക്കുമ്പോൾ അദ്ധ്യക്ഷന് ആ സഭയിൽ സംസാരിക്കുന്നതിനും മററുവിധത്തിൽ അതിന്റെ നടപടികളിൽ പങ്കെടുക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതും, എന്നാൽ 100-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, അങ്ങനെയുളള പ്രമേയത്തിൻമേലോ അങ്ങനെയുള്ള നടപടികൾക്കിടയിൽ മററേതെങ്കിലും വിഷയത്തിൻമേലോ വോട്ടു ചെയ്യുവാൻ അവകാശമുണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

**93. ലോകസഭയുടെ സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും**—ലോകസഭ, കഴിയുന്നതും വേഗം, ആ സഭയിലെ രണ്ട് അംഗങ്ങളെ യഥാക്രമം അതിന്റെ സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും ആയി തെരഞ്ഞെടുക്കേണ്ടതും, സ്പീക്കറുടെയോ ഡെപ്യൂട്ടി സ്പീക്കറുടെയോ ഉദ്യോഗം ഒഴിവാകുമ്പോഴെല്ലാം ആ സഭ മറ്റൊരു അംഗത്തെ, സ്പീക്കറോ ഡെപ്യൂട്ടി സ്പീക്കറോ ആയി, അതതു സംഗതിപോലെ, തെരഞ്ഞെടുക്കേണ്ടതും ആകുന്നു.

**94. സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും ഉദ്യോഗത്തിൽനിന്ന് ഒഴിഞ്ഞു പോകുന്നതും രാജിവയ്ക്കുന്നതും നീക്കം ചെയ്യപ്പെടുന്നതും**—ലോകസഭയുടെ സ്പീക്കറായോ ഡെപ്യൂട്ടി സ്പീക്കറായോ ഉദ്യോഗം വഹിക്കുന്ന ഒരു അംഗം—

(ക) അദ്ദേഹം ലോകസഭയിലെ ഒരംഗമല്ലാതായിത്തീരുന്നുവെങ്കിൽ, തന്റെ ഉദ്യോഗം ഒഴിയേണ്ടതാണ് ;

(ഖ) അദ്ദേഹത്തിന് ഏത് സമയത്തും ആ അംഗം സ്പീക്കറാണെങ്കിൽ ഡെപ്യൂട്ടി സ്പീക്കറെയും, ആ അംഗം ഡെപ്യൂട്ടി സ്പീക്കറാണെങ്കിൽ സ്പീക്കറെയും, സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ ഉദ്യോഗം രാജി വയ്ക്കാവുന്നതാണ് ;

(ഗ) അദ്ദേഹത്തെ ആ സഭയിലെ അപ്പോഴുള്ള എല്ലാ അംഗങ്ങളുടെയും ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കുന്ന ലോകസഭയുടെ ഒരു പ്രമേയം വഴി തന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യാവുന്നതാണ് :

എന്നാൽ, (ഗ) ഖണ്ഡത്തിന്റെ ആവശ്യത്തിനുളള യാതൊരു പ്രമേയവും, ആ പ്രമേയം അവതരിപ്പിക്കാനുളള ഉദ്ദേശ്യത്തെക്കുറിച്ച് കുറഞ്ഞത് പതിന്നാല് ദിവസത്തെ നോട്ടീസ് കൊടുത്തിട്ടില്ലാത്തപക്ഷം അവതരിപ്പിക്കുവാൻ പാടുള്ളതല്ല:

എന്നു മാത്രമല്ല, ലോകസഭ പിരിച്ചുവിടുമ്പോഴെല്ലാം, ആ പിരിച്ചുവിടലിനുശേഷമുള്ള ലോകസഭയുടെ ഒന്നാമത്തെ യോഗം ചേരുന്നതിന് തൊട്ടു മുൻപുവരെ സ്പീക്കർ തന്റെ ഉദ്യോഗം ഒഴിയുവാൻ പാടുള്ളതല്ല.

**95. ഡെപ്യൂട്ടി സ്പീക്കർക്കോ, മറ്റൊരാൾക്കോ സ്പീക്കറുടെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനോ സ്പീക്കറായി പകരം ജോലി നോക്കുവാനോ ഉള്ള അധികാരം**— (1) സ്പീക്കറുടെ ഉദ്യോഗം ഒഴിവായിരിക്കുമ്പോൾ ആ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ ഡെപ്യൂട്ടി സ്പീക്കറോ, ഡെപ്യൂട്ടി സ്പീക്കറുടെ ഉദ്യോഗവും ഒഴിവായിരിക്കുന്നുവെങ്കിൽ ആ ആവശ്യത്തിലേക്ക് രാഷ്ട്രപതി നിയമിക്കുന്ന ലോകസഭയിലെ അങ്ങനെയുള്ള അംഗമോ, നിർവ്വഹിക്കേണ്ടതാണ്.

(2) ലോകസഭയുടെ ഏതെങ്കിലും ഉപവേശനത്തിൽ സ്പീക്കർ സന്നിഹിതനല്ലെങ്കിൽ ഡെപ്യൂട്ടി സ്പീക്കറോ, അദ്ദേഹവും സന്നിഹിതനല്ലെങ്കിൽ ആ സഭയുടെ നടപടിക്രമത്തെക്കുറിച്ചുള്ള ചട്ടങ്ങൾ വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ആളോ, അങ്ങനെയുള്ള യാതൊരാളും സന്നിഹിതനല്ലെങ്കിൽ ആ സഭ നിശ്ചയിക്കാവുന്ന മറ്റൊരാളോ സ്പീക്കറായി പകരം ജോലി നോക്കേണ്ടതാണ്.

**96. സ്പീക്കർ അല്ലെങ്കിൽ ഡെപ്യൂട്ടി സ്പീക്കർ, അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള ഒരുപ്രമേയം പരിഗണനയിലിരിക്കുമ്പോൾ, അദ്ധ്യക്ഷത വഹിച്ചു കൂടെന്ന്**—(1) ലോകസഭയുടെ ഏതെങ്കിലും ഉപവേശനത്തിൽ സ്പീക്കറെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം പരിഗണനയിലിരിക്കുമ്പോൾ സ്പീക്കറോ, ഡെപ്യൂട്ടി സ്പീക്കറോ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം പരിഗണനയിലിരിക്കുമ്പോൾ ഡെപ്യൂട്ടി സ്പീക്കറോ, അദ്ദേഹം സന്നിഹിതനാണെങ്കിലും, അദ്ധ്യക്ഷതവഹിക്കാൻ പാടില്ലാത്തതും, അങ്ങനെയുള്ള ഓരോ ഉപവേശനത്തിനും 95-ാം അനുച്ഛേദം (2)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ, സ്പീക്കറുടെയോ ഡെപ്യൂട്ടി സ്പീക്കറുടെയോ, അതതു സംഗതിപോലെ, അസാന്നിദ്ധ്യത്തിലുള്ള ഒരു ഉപവേശനം സംബന്ധിച്ച് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതും ആകുന്നു.

(2) സ്പീക്കറെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം ലോകസഭയിൽ പരിഗണനയിലിരിക്കുമ്പോൾ ആ സഭയിൽ സംസാരിക്കുന്നതിനും മറ്റു വിധത്തിൽ അതിന്റെ നടപടികളിൽ പങ്കെടുക്കുന്നതിനും സ്പീക്കർക്ക് അവകാശമുണ്ടായിരിക്കുന്നതും, 100-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, അങ്ങനെയുള്ള പ്രമേയത്തിൻമേലോ അങ്ങനെയുള്ള നടപടികൾക്കിടയിൽ മറ്റേതെങ്കിലും വിഷയത്തിൻമേലോ വോട്ടുചെയ്യുവാനുള്ള അവകാശം, ആദ്യത്തെ പ്രാവശ്യം മാത്രം ഉണ്ടായിരിക്കുന്നതും എന്നാൽ വോട്ടുകൾ തുല്യമായി വരുന്ന സംഗതിയിൽ, ഇല്ലാതിരിക്കുന്നതും ആകുന്നു.

**97. അദ്ധ്യക്ഷന്റെയും ഉപാദ്ധ്യക്ഷന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും ശമ്പളങ്ങളും ബത്തകളും**—രാജ്യസഭയുടെ അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും ലോകസഭയുടെ സ്പീക്കർക്കും ഡെപ്യൂട്ടി സ്പീക്കർക്കും യഥാക്രമം പാർലമെന്റ് നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ശമ്പളങ്ങളും ബത്തകളും അതിലേക്ക് അപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതു വരെ രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള ശമ്പളങ്ങളും ബത്തകളും, കൊടുക്കേണ്ടതാണ്.

**98. പാർലമെന്റിന്റെ സെക്രട്ടേറിയറ്റ്**—(1) പാർലമെന്റിന്റെ ഓരോ സഭയ്ക്കും വെവ്വേറെ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥഗണം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും പാർലമെന്റിന്റെ ഇരു സഭകൾക്കും പൊതുവായി തസ്തികകൾ സൃഷ്ടിക്കുന്നതു തടയുന്നതായി വ്യാഖ്യാനിക്കാവുന്നതല്ല.

(2) പാർലമെന്റിന്റെ ഇരു സഭകളിൽ ഓരോന്നിന്റെയും സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥഗണത്തിലേക്ക് ആൾ ചേർക്കലും, അതിലേക്കു നിയമിക്കുന്നവരുടെ സേവന വ്യവസ്ഥകളും പാർലമെന്റിനു നിയമം വഴി ക്രമപ്പെടുത്താവുന്നതാണ്.

(3) പാർലമെന്റ് (2)-ാം ഖണ്ഡപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ, ലോകസഭയുടെ സ്പീക്കറോട് അല്ലെങ്കിൽ രാജ്യസഭയുടെ അദ്ധ്യക്ഷനോട്, അതതു സംഗതിപോലെ, ആലോചിച്ചതിനുശേഷം രാഷ്ട്രപതിക്ക് ലോകസഭയുടെയോ രാജ്യസഭയുടെയോ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥഗണത്തിലേക്ക് ആൾ ചേർക്കലും അതിലേക്കു നിയമിക്കുന്നവരുടെ സേവന വ്യവസ്ഥകളും ക്രമപ്പെടുത്തുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും അങ്ങനെയുണ്ടാക്കുന്ന ഏതു ചട്ടത്തിനും മേൽപ്പറഞ്ഞ ഖണ്ഡപ്രകാരം ഉണ്ടാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു.

## കാര്യങ്ങളുടെ നടത്തിപ്പ്

**99. അംഗങ്ങളുടെ ശപഥം അഥവാ പ്രതിജ്ഞ**—പാർലമെൻറിൻെറ ഇരുസഭകളിൽ ഓരോന്നിലെയും ഓരോ അംഗവും തൻെറ സ്ഥാനം സ്വീകരിക്കുന്നതിനുമുൻപ് രാഷ്ട്രപതിയുടെയോ അല്ലെങ്കിൽ അദ്ദേഹം അതിലേക്ക് നിയമിക്കുന്ന ഏതെങ്കിലും ആളുടെയോ മുൻപാകെ മൂന്നാം പട്ടികയിൽ അതിനുവേണ്ടി കൊടുത്തിട്ടുള്ള ഫാറം അനുസരിച്ച് ഒരു ശപഥം അഥവാ പ്രതിജ്ഞ ചെയ്തു ഒപ്പുവയ്ക്കേണ്ടതാണ്.

**100. സഭകളിൽ വോട്ടു ചെയ്യലും, ഒഴിവുകൾ ഉണ്ടായിരുന്നാലും പ്രവർത്തിക്കുവാൻ സഭകൾക്കുള്ള അധികാരവും കോറവും**—(1) ഈ ഭരണഘടനയിൽ മററുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളപ്പോൾ ഒഴികെ, ഇരു സഭകളിൽ ഓരോന്നിൻെറയും ഏതു ഉപവേശനത്തിലും അല്ലെങ്കിൽ സഭകളുടെ സംയുക്ത ഉപവേശനത്തിലും വരുന്ന എല്ലാ പ്രശ്നങ്ങളും സ്പീക്കറോ അല്ലെങ്കിൽ അദ്ധ്യക്ഷൻ അഥവാ സ്പീക്കറായി പകരം ജോലി നോക്കുന്ന ആളോ അല്ലാതെ, ഹാജരാകുകയും വോട്ടു ചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ വോട്ടുകളുടെ ഭൂരിപക്ഷം കൊണ്ട് തീരുമാനിക്കേണ്ടതാണ്.

അദ്ധ്യക്ഷനോ സ്പീക്കറോ അല്ലെങ്കിൽ അങ്ങനെ പകരം ജോലി നോക്കുന്ന ആളോ ആദ്യ അവസരത്തിൽ വോട്ടു ചെയ്യുവാൻ പാടില്ലാത്തതും, എന്നാൽ വോട്ടുകളുടെ തുല്യതയുടെ സംഗതിയിൽ ഒരു നിർണ്ണായക വോട്ട് ഉണ്ടായിരിക്കുന്നതും അത് അദ്ദേഹം പ്രയോഗിക്കേണ്ടതും ആകുന്നു.

(2) പാർലമെൻറിൻെറ ഇരു സഭകളിൽ ഓരോന്നിലും അതിലെ അംഗങ്ങളുടെ സ്ഥാനങ്ങളിൽ ഏതെങ്കിലും ഒഴിവ് ഉണ്ടായിരുന്നാൽ തന്നെയും പ്രവർത്തിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതും സഭയിൽ ഇരിക്കുകയോ വോട്ടു ചെയ്യുകയോ നടപടികളിൽ മററുവിധത്തിൽ പങ്കെടുക്കുകയോ ചെയ്യുവാൻ അവകാശമില്ലാതിരുന്ന ആരെങ്കിലും അപ്രകാരം ചെയ്തതായി പിന്നീട് വെളിപ്പെട്ടു എന്നിരുന്നാലും പാർലമെൻറിലെ ഏതു നടപടിയും സാധുവായിരിക്കുന്നതും ആകുന്നു.

(3) പാർലമെൻറ് നിയമംവഴി മററു വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ, പാർലമെൻറിന്റെ ഇരു സഭകളിൽ ഓരോന്നിനും യോഗം ചേരുന്നതിനാവശ്യമായ കോറം ആ സഭയിലെ അംഗങ്ങളുടെ ആകെ സംഖ്യയുടെ പത്തിലൊന്ന് ആയിരിക്കുന്നതാണ്.

(4) ഒരു സഭയുടെ ഒരു യോഗത്തിനിടയ്ക്ക് ഏതെങ്കിലും സമയത്ത് കോറം ഇല്ലാതെ വന്നാൽ, സഭ നീട്ടിവയ്ക്കുകയോ കോറം ഉണ്ടാകുന്നതുവരെ ആ യോഗം നിറുത്തിവയ്ക്കുകയോ ചെയ്യുന്നത് അദ്ധ്യക്ഷൻെറയോ സ്പീക്കറുടെയോ അല്ലെങ്കിൽ ആ നിലയിൽ പകരം ജോലി നോക്കുന്ന ആളുടെയോ കർത്തവ്യമായിരിക്കുന്നതാണ്.

## അംഗങ്ങളുടെ അയോഗ്യതകൾ

**101. സ്ഥാനങ്ങൾ ഒഴിവാക്കൽ**—(1) യാതൊരാളും പാർലമെൻറിൻെറ ഇരു സഭകളിലും അംഗമായിരിക്കുവാൻ പാടില്ലാത്തതും ഇരു സഭകളിലെയും അംഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ ഒരു സഭയിൽ അല്ലെങ്കിൽ മററേതിൽ ഉള്ള അയാളുടെ സ്ഥാനം ഒഴിയുന്നതിന് പാർലമെൻറ് നിയമം വഴി വ്യവസ്ഥ ചെയ്യേണ്ടതും ആകുന്നു.

(2) യാതൊരാളും പാർലമെൻറിലും [1] *** ഒരു സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലത്തിൻെറ ഒരു സഭയിലും കൂടി അംഗമായിരിക്കുവാൻ പാടില്ലാത്തതും, ഒരാൾ പാർലമെൻറിലെയും [2][ഒരു സംസ്ഥാനത്തെ] നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയിലെയും അംഗമായി തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ, രാഷ്ട്രപതി ഉണ്ടാക്കുന്ന ചട്ടങ്ങളിൽ * നിർദ്ദേശിച്ചിട്ടുള്ള കാലാവധിയുടെ അവസാനം, ആ ആൾ സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിൽ നിന്ന് തൻെറ സ്ഥാനം അതിന് മുൻപ് രാജി വച്ചിട്ടില്ലാത്തപക്ഷം, പാർലമെൻറിൽ ആ ആളുടെ സ്ഥാനം ഒഴിവാകുന്നതും ആകുന്നു.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയുടെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടു കളഞ്ഞു.

2. മേല്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അങ്ങനെയുള്ള ഒരു സംസ്ഥാനത്തെ" എന്നതിന് പകരം ചേർത്തത്.

*. 1950 ജനുവരി 26-ാം തീയതിയിലെ നിയമ മന്ത്രാലയത്തിൻെറ വിജ്ഞാപനം നം. എഫ്. 46/50-സി, ഭാരതഗസറ്റ്, അസാധാരണം പേജ് 678-ൽ പ്രസിദ്ധീകരിച്ച 1950-ലെ ഏകകാലിക അംഗത്വ നിരോധന ചട്ടങ്ങൾ കാണുക.

(3) പാർലമെൻറിൻെറ ഇരു സഭകളിൽ ഏതിലെയെങ്കിലും ഒരംഗം—

(ക) [1][102-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലോ (2)-ാം ഖണ്ഡത്തിലോ] പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനാകുകയോ ;

[2][(ഖ) അദ്ധ്യക്ഷനെയോ സ്പീക്കറെയോ, അതതു സംഗതിപോലെ, സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ സ്ഥാനം രാജി വയ്ക്കുകയും ആ ആളുടെ രാജി അദ്ധ്യക്ഷനോ സ്പീക്കറോ, അതതു സംഗതിപോലെ, സ്വീകരിക്കുകയും ചെയ്യുകയോ,]

ചെയ്താൽ, ആ ആളുടെ സ്ഥാനം അപ്പോൾ ഒഴിവാകുന്നതാണ്:

[3][എന്നാൽ, (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും രാജിയുടെ സംഗതിയിൽ, കിട്ടിയ വിവരത്തിൽ നിന്നോ മററുവിധത്തിലോ, തനിക്ക് യുക്തമെന്ന് തോന്നുന്ന അന്വേഷണ വിചാരണ ചെത്തതിനുശേഷവും, അങ്ങനെയുള്ള രാജി സ്വേച്ഛയാ ഉള്ളതോ യഥാർത്ഥമായതോ അല്ലെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അദ്ധ്യക്ഷനോ സ്പീക്കറോ, അതതു സംഗതിപോലെ, അങ്ങനെയുള്ള രാജി സ്വീകരിക്കാൻ പാടുള്ളതല്ല.]

(4) പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിലെയെങ്കിലും ഒരംഗം ആ സഭയുടെ അനുവാദം കൂടാതെ അതിൻെറ എല്ലാ യോഗങ്ങളിലും അറുപത് ദിവസക്കാലത്തേയ്ക്ക് അസന്നിഹിതനായിരുന്നാൽ ആ സഭയ്ക്ക് ആ ആളുടെ സ്ഥാനം ഒഴിവായതായി പ്രഖ്യാപിക്കാവുന്നതാണ്:

എന്നാൽ, മേൽപ്പറഞ്ഞ അറുപത് ദിവസക്കാലം കണക്കാക്കുമ്പോൾ ആ സഭയുടെ സമ്മേളനം അവസാനിപ്പിച്ചിരുന്നതോ തുടർച്ചയായി നാലു ദിവസത്തിലധികം നീട്ടിവച്ചിരുന്നതോ ആയ കാലയളവ് കണക്കിലെടുക്കാൻ പാടുള്ളതല്ല.

**102. അംഗത്വത്തിനുള്ള അയോഗ്യതകൾ**—(1) പാർലമെൻറിൻെറ ഇരു സഭകളിൽ ഏതിലെയെങ്കിലും ഒരു അംഗമായി തെരഞ്ഞെടുക്കപ്പെടുവാനും, ഒരു അംഗമായി ഇരിക്കുവാനും—

(ക) ഭാരത സർക്കാരിൻെറയോ ഏതെങ്കിലും സംസ്ഥാന സർക്കാരിൻെറയോ കീഴിൽ ഏതു ഉദ്യോഗം വഹിക്കുന്ന ആളെയാണോ അയോഗ്യനാക്കുകയില്ലെന്ന് പാർലമെൻറ് നിയമംവഴി പ്രഖ്യാപിച്ചിട്ടുള്ളത്, അങ്ങനെയുള്ള ഒരു ഉദ്യോഗമല്ലാതെ ആദായകരമായ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ;

(ഖ) ചിത്തഭ്രമം ഉള്ള ആളായിരിക്കുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിച്ചിരിക്കുകയും ചെയ്യുകയോ ;

(ഗ) ഒരു അവിമുക്ത നിർദ്ധനനായിരിക്കുകയോ ;

(ഘ) ഭാരതത്തിലെ ഒരു പൗരൻ അല്ലാതിരിക്കുകയോ, ഒരു വിദേശ രാജ്യത്തിൽ പൗരത്വം സ്വേച്ഛയാ ആർജ്ജിച്ചിരിക്കുകയോ ഒരു വിദേശ രാഷ്ട്രത്തിൽ കൂറോ വിധേയത്വമോ ഏതെങ്കിലും തരത്തിൽ അംഗീകരിച്ചിരിക്കുകയോ ;

(ങ) പാർലമെൻറ് ഉണ്ടാക്കിയ ഏതെങ്കിലും നിയമംവഴിയോ നിയമപ്രകാരമോ അപ്രകാരം അയോഗ്യനാക്കിയിരിക്കുകയോ ,

ചെയ്യുന്ന ഒരാൾ അയോഗ്യനാകുന്നതാണ്.

---

1. 1985-ലെ ഭരണ ഘടന (അൻപത്തി രണ്ടാം ഭേദഗതി) ആക്റ്റ് , 2-ാം വകുപ്പു പ്രകാരം "102-ാം അനുച്ഛേദത്തിന്റെ (1)-ാം ഖണ്ഡം" എന്നതിനു പകരം ചേർത്തത് (1-3-1985 മുതൽ പ്രാബല്യം).

2. 1974-ലെ ഭരണഘടന (മുപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പു പ്രകാരം (ഖ) ഉപഖണ്ഡം എന്നതിനു പകരം ചേർത്തത്.

3. മേല്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

[1][*വിശദീകരണം*—ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക്] യൂണിയന്റെയോ ഏതെങ്കിലും സംസ്ഥാനത്തിന്റെയോ ഒരു മന്ത്രിയാണെന്നുള്ള കാരണത്താൽമാത്രം ഒരാൾ ഭാരതസർക്കാരിന്റെയോ അഥവാ അങ്ങനെയുള്ള സംസ്ഥാനസർക്കാരിന്റെയോ കീഴിൽ ആദായകരമായ ഒരു ഉദ്യോഗം വഹിക്കുന്നതായി കരുതപ്പെടുന്നതല്ല.

[2][ (2) പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലെയെങ്കിലും ഒരു അംഗമായിരിക്കുന്നതിന് പത്താം പട്ടിക പ്രകാരം അയോഗ്യത കൽപ്പിച്ചിട്ടുള്ള ഒരാൾക്ക് അപ്രകാരം അംഗമായിരിക്കുവാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല. ]

[3][**103. അംഗങ്ങളുടെ അയോഗ്യതകൾ സംബന്ധിച്ച പ്രശ്നങ്ങളിൻമേലുള്ള തീരുമാനം**—(1) പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലെയെങ്കിലും ഒരു അംഗം 102-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനായിട്ടുണ്ടോ എന്നതിനെക്കുറിച്ച് ഏതെങ്കിലും പ്രശ്നം ഉൽഭവിക്കുന്നു എങ്കിൽ, ആ പ്രശ്നം രാഷ്ട്രപതിയുടെ തീരുമാനത്തിന് അയച്ചുകൊടുക്കേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.

(2) അങ്ങനെയുള്ള ഏതെങ്കിലും പ്രശ്നത്തിൻമേൽ ഏതെങ്കിലും തീരുമാനം നൽകുന്നതിനുമുൻപ് രാഷ്ട്രപതി തെരഞ്ഞെടുപ്പ് കമ്മീഷന്റെ അഭിപ്രായം നേടേണ്ടതും അങ്ങനെയുള്ള അഭിപ്രായമനുസരിച്ച് പ്രവർത്തിക്കേണ്ടതും ആകുന്നു.]

**104. 99-ാം അനുച്ഛേദപ്രകാരമുള്ള ശപഥമോ പ്രതിജ്ഞയോ ചെയ്യുന്നതിനുമുൻപോ യോഗ്യത ഇല്ലാതിരിക്കുമ്പോഴോ അയോഗ്യനായിരിക്കുമ്പോഴോ ഉപവേശിക്കുന്നതിനും വോട്ടുചെയ്യുന്നതിനുമുള്ള ശിക്ഷ**—ഒരാൾ 99-ാം അനുച്ഛേദത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച് പ്രവർത്തിക്കുന്നതിന് മുൻപായോ, താൻ പാർലമെന്റിലെ അംഗത്വത്തിന് യോഗ്യനല്ലെന്നോ അയോഗ്യനാണെന്നോ പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ വഴിതന്നെ അങ്ങനെയുള്ള അംഗമെന്ന നിലയിൽ ഉപവേശിക്കുകയോ വോട്ടുചെയ്യുകയോ ചെയ്യുന്നതിൽ നിന്നും നിരോധിച്ചിട്ടുണ്ടെന്നോ അറിഞ്ഞിരിക്കുമ്പോഴോ പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലെയെങ്കിലും അംഗമെന്ന നിലയിൽ ഉപവേശിക്കുകയോ വോട്ടുചെയ്യുകയോ ചെയ്യുന്നു എങ്കിൽ, അപ്രകാരം താൻ ഉപവേശിക്കുകയോ വോട്ടുചെയ്യുകയോ ചെയ്യുന്ന ഓരോ ദിവസത്തേക്കും യൂണിയന് ചെല്ലേണ്ട കടമെന്ന നിലയിൽ വസൂലാക്കേണ്ട അഞ്ഞൂറുരൂപ പിഴയ്ക്ക് ആ ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

## *പാർലമെന്റിന്റെയും അതിലെ അംഗങ്ങളുടെയും അധികാരങ്ങളും വിശേഷാവകാശങ്ങളും ബാദ്ധ്യതയില്ലായ്മകളും*

**105. പാർലമെന്റിന്റെ സഭകളുടെയും അവയിലെ അംഗങ്ങളുടെയും സമിതികളുടെയും അധികാരങ്ങൾ, വിശേഷാവകാശങ്ങൾ മുതലായവ**—(1) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്കും പാർലമെന്റിന്റെ നടപടിക്രമം നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും നിലവിലുള്ള ഉത്തരവുകൾക്കും വിധേയമായി പാർലമെന്റിൽ സംസാര സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

---

1. 1985-ലെ ഭരണഘടന (അൻപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം "(2) ഈ അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക്" എന്നതിന് പകരം ചേർത്തത് (1-3-1985 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം ചേർത്തത് (1-3-1985 മുതൽ പ്രാബല്യം).
3. 103-ാം അനുച്ഛേദം അനുക്രമമായി 1976-ലെ ഭരണഘടന (നാൽപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 20-ാം വകുപ്പുപ്രകാരവും 1978-ലെ ഭരണഘടന (നാൽപത്തിനാലാം ഭേദഗതി) ആക്റ്റ്, 14-ാം വകുപ്പുപ്രകാരവും പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

(2) പാർലമെൻറിലെ യാതൊരംഗവും, ആ ആൾ പാർലമെൻറിലോ അതിൻെറ ഏതെങ്കിലും സമിതിയിലോ പറഞ്ഞിട്ടുള്ള എന്തിനെയെങ്കിലുമോ നൽകിയിട്ടുള്ള ഏതെങ്കിലും വോട്ടിനെയോ സംബന്ധിച്ച് യാതൊരു കോടതി നടപടികൾക്കും വിധേയനല്ലാത്തതും, പാർലമെൻറിൻെറ ഇരു സഭകളിൽ ഏതെങ്കിലും ഒന്നിൻെറ അധികാരത്താലോ അധികാരത്തിൻ കീഴിലോ ഏതെങ്കിലും റിപ്പോർട്ടോ, പത്രമോ, വോട്ടുകളോ, നടപടികളോ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് യാതൊരാളും അപ്രകാരം വിധേയനാകുന്നതല്ലാത്തതും ആകുന്നു.

(3) മററ് കാര്യങ്ങളിൽ, പാർലമെൻറിൻെറ ഓരോ സഭയ്ക്കും ഓരോ സഭയിലെയും അംഗങ്ങൾക്കും സമിതികൾക്കും ഉള്ള അധികാരങ്ങളും വിശേഷാവകാശങ്ങളും ബാദ്ധ്യതയില്ലായ്മകളും അപ്പോഴപ്പോൾ പാർലമെൻറ് നിയമം വഴി നിർവ്വചിക്കുന്ന വിധം ഉള്ളവ ആയിരിക്കുന്നതും, അങ്ങനെ നിർവ്വചിക്കുന്നതുവരെ [1][1978-ലെ ഭരണഘടന (നാൽപത്തിനാലാം ഭേദഗതി ) ആക്ററ്, 15-ാം വകുപ്പ് പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുൻപ് ആ സഭയ്ക്കും അതിലെ അംഗങ്ങൾക്കും സമിതികൾക്കും ഉണ്ടായിരുന്നവ ആയിരിക്കുന്നതും ആകുന്നു.]

(4) പാർലമെൻറിൻെറ ഒരു സഭയിലോ അതിൻെറ ഏതെങ്കിലും സമിതിയിലോ സംസാരിക്കുന്നതിനും അതിൻെറ നടപടികളിൽ മററുവിധത്തിൽ പങ്കെടുക്കുന്നതിനും ഈ ഭരണഘടനയുടെ ബലത്തിൽ അവകാശമുള്ള ആളുകളെ സംബന്ധിച്ച് (1)-ം (2)-ം (3)-ം ഖണ്ഡങ്ങളിലെ വ്യവസ്ഥകൾ പാർലമെൻറിലെ അംഗങ്ങളെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

**106. അംഗങ്ങളുടെ ശമ്പളങ്ങളും ബത്തകളും**—പാർലമെൻറിൻെറ ഇരുസഭകളിൽ ഓരോന്നിലെയും അംഗങ്ങൾക്ക്, പാർലമെൻറ് നിയമം വഴി അപ്പോഴപ്പോൾ നിശ്ചയിക്കുന്ന ശമ്പളങ്ങളും ബത്തകളും, അതുസംബന്ധിച്ച് അപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുൻപ് ഇൻഡ്യാ ഡൊമിനിയൻെറ കോൺസ്ററിററ്യുവൻറ് അസംബ്ലിയിലെ അംഗങ്ങളുടെ സംഗതിയിൽ ബാധകമായിരുന്ന അങ്ങനെയുള്ള നിരക്കുകൾ അനുസരിച്ചും അങ്ങനെയുള്ള ഉപാധികളിൻമേലും ഉള്ള ബത്തകളും ലഭിക്കുന്നതിന്, അവകാശമുണ്ടായിരിക്കുന്നതാണ്.

## *നിയമനിർമ്മാണ നടപടിക്രമം*

**107. ബില്ലുകളുടെ അവതരണവും പാസ്സാക്കലും സംബന്ധിച്ച വ്യവസ്ഥകൾ**—(1) പണബില്ലുകളെയും മററ് ധനകാര്യ ബില്ലുകളെയും സംബന്ധിച്ച 109-ം 117-ം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ബിൽ പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിലെങ്കിലും ആരംഭിക്കാവുന്നതാണ്.

(2) 108-ം 109-ം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ബിൽ, ഭേദഗതി കൂടാതെയോ ഇരുസഭകളും അനുകൂലിക്കുന്ന അങ്ങനെയുള്ള ഭേദഗതികളോടുകൂടിയോ മാത്രം ഇരുസഭകളും അനുകൂലിച്ചിട്ടില്ലാത്തപക്ഷം, പാർലമെൻറിൽ സഭകൾ പാസ്സാക്കിയതായി കരുതുവാൻ പാടുള്ളതല്ല.

(3) പാർലമെൻറിൽ നിലവിലിരിക്കുന്ന ഒരു ബിൽ, സഭകളുടെ സമ്മേളനം അവസാനിപ്പിക്കൽ നിമിത്തം ലാപ്സാകുന്നതല്ല.

(4) ലോകസഭ പാസ്സാക്കാതെ രാജ്യസഭയിൽ നിലവിലിരിക്കുന്ന ഒരു ബിൽ ലോകസഭ പിരിച്ചുവിടുന്നതിൻമേൽ ലാപ്സാകുന്നതല്ല.

(5) ലോകസഭയിൽ നിലവിലിരിക്കുന്നതോ, ലോകസഭ പാസ്സാക്കി രാജ്യസഭയിൽ നിലവിലിരിക്കുന്നതോ ആയ ഒരു ബിൽ, 108-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ലോകസഭ പിരിച്ചുവിടുന്നതിൻമേൽ ലാപ്സാകുന്നതാണ്.

---

[1] 1978-ലെ ഭരണഘടന (നാൽപത്തിനാലാം ഭേദഗതി ) ആക്ററ്, 15-ാം വകുപ്പുപ്രകാരം ചില വാക്കുകൾക്ക് പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

**108. ചില സംഗതികളിൽ ഇരുസഭകളുടെയും സംയുക്ത ഉപവേശനം**—(1) ഒരു ബിൽ ഒരു സഭ പാസ്സാക്കുകയും മറേറ സഭയിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തതിനുശേഷം—

(ക) ആ ബിൽ മറേറ സഭ തിരസ്ക്കരിക്കുകയോ ;

(ഖ) ആ ബില്ലിൽ വരുത്തേണ്ട ഭേദഗതികളെപ്പററി സഭകൾ അവസാനം വിയോജിക്കുകയോ ;

(ഗ) മറേറ സഭയ്ക്ക് ആ ബിൽ കിട്ടിയ തീയതി മുതൽ ആ സഭയിൽ പാസ്സാക്കാതെ ആറുമാസത്തിലധികം കഴിഞ്ഞു പോവുകയോ ,

ചെയ്താൽ, ലോകസഭ പിരിച്ചുവിടുന്നത് നിമിത്തം ആ ബില്ല് ലാപ്സായിട്ടില്ലാത്തപക്ഷം രാഷ്ട്രപതിക്ക്, സഭകൾ ഉപവേശനത്തിലാണെങ്കിൽ സന്ദേശം മുഖേനയും ഉപവേശനത്തിലല്ലെങ്കിൽ പൊതുവിജ്ഞാപനം മുഖേനയും, ആ ബില്ലിനെപ്പററി പര്യാലോചിക്കുന്നതിനും അതിൻമേൽ വോട്ടുചെയ്യുന്നതിനും ഉള്ള ആവശ്യത്തിന് ഒരു സംയുക്ത ഉപവേശനമായി യോഗം ചേരുന്നതിന് അവയെ വിളിച്ചുകൂട്ടുവാനുള്ള തന്റെ ഉദ്ദേശ്യം അവയെ അറിയിക്കാവുന്നതാണ്:

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും ഒരു പണബില്ലിന് ബാധകമാകുന്നതല്ല.

(2) (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ളവിധം ഏതെങ്കിലും അങ്ങനെയുള്ള ആറുമാസക്കാലം കണക്കാക്കുന്നതിൽ, ആ ഖണ്ഡത്തിലെ (ഗ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സഭ സമ്മേളനം അവസാനിപ്പിച്ചിരുന്നതോ തുടർച്ചയായി നാലു ദിവസത്തിലധികം നീട്ടിവച്ചിരുന്നതോ ആയ ഏതെങ്കിലും കാലയളവ് കണക്കിലെടുക്കുവാൻ പാടുള്ളതല്ല.

(3) രാഷ്ട്രപതി, സഭകളെ, ഒരു സംയുക്ത ഉപവേശനമായി യോഗം ചേരുന്നതിന് വിളിച്ചുകൂട്ടുവാനുള്ള അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് (1)-ാം ഖണ്ഡപ്രകാരം വിജ്ഞാപനം നൽകിയിരിക്കുമ്പോൾ, ഇരുസഭകളിൽ ഒന്നും ആ ബില്ലിനെപ്പററിയുള്ള നടപടി തുടരുവാൻ പാടില്ലാത്തതും, എന്നാൽ രാഷ്ട്രപതിക്ക് തന്റെ വിജ്ഞാപനം പുറപ്പെടുവിച്ച തീയതിക്കുശേഷം ഏതു സമയത്തും, വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യത്തിന്, സഭകളെ ഒരു സംയുക്ത ഉപവേശനമായി യോഗം ചേരുന്നതിന് വിളിച്ചുകൂട്ടാവുന്നതും അദ്ദേഹം അപ്രകാരം ചെയ്യുന്നു എങ്കിൽ, സഭകൾ അതനുസരിച്ച് യോഗം ചേരേണ്ടതും ആകുന്നു.

(4) രണ്ട് സഭകളുടെയും ആ സംയുക്ത ഉപവേശനത്തിൽ സമ്മതിച്ച ഭേദഗതികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയോടുകൂടി ഇരുസഭകളിലെയും ഹാജരാകുകയും വോട്ടു ചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ ആകെ സംഖ്യയുടെ ഒരു ഭൂരിപക്ഷത്തോടുകൂടി ആ ബിൽ പാസ്സാക്കുകയാണെങ്കിൽ, ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് അത് ഇരുസഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്:

എന്നാൽ, ഒരു സംയുക്ത ഉപവേശനത്തിൽ—

(ക) ആ ബിൽ ഒരു സഭ പാസ്സാക്കിയിരിക്കുകയും മറേറ സഭ ഭേദഗതികളോടുകൂടി പാസ്സാക്കാതിരിക്കുകയും അത് ആരംഭിച്ച സഭയിലേക്ക് തിരിച്ച് അയയ്ക്കാതിരിക്കുകയും ചെയ്താൽ, അതു പാസ്സാക്കുന്നതിനുള്ള താമസത്താൽ ആവശ്യമായിത്തീർന്ന ഭേദഗതികൾ (ഏതെങ്കിലും ഉണ്ടെങ്കിൽ) അല്ലാതെ യാതൊരു ഭേദഗതിയും നിർദ്ദേശിക്കുവാൻ പാടില്ലാത്തതും ;

(ഖ) ആ ബിൽ അപ്രകാരം പാസ്സാക്കിയിരിക്കുകയും തിരിച്ച് അയച്ചിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ മുൻപറഞ്ഞ അങ്ങനെയുള്ള ഭേദഗതികളും സഭകൾ യോജിപ്പിലെത്തിയിട്ടില്ലാത്ത വിഷയങ്ങൾ സംബന്ധിച്ച് പ്രസക്തമായ അങ്ങനെയുള്ള മററ് ഭേദഗതികളും മാത്രം നിർദ്ദേശിക്കേണ്ടതും,

ഈ ഖണ്ഡപ്രകാരം ഏത് ഭേദഗതികൾ അനുവദിക്കാമെന്നതിനെക്കുറിച്ച് അദ്ധ്യക്ഷത വഹിക്കുന്ന ആളുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാകുന്നു.

(5) രാഷ്ട്രപതി, സഭകളെ ഒരു സംയുക്ത ഉപവേശനമായി യോഗം ചേരുവാൻ വിളിച്ചുകൂട്ടുവാനുള്ള അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചശേഷം ലോകസഭയുടെ പിരിച്ചുവിടൽ ഇടയ്ക്ക് സംഭവിച്ചാലും ഈ അനുച്ഛേദപ്രകാരം ഒരു സംയുക്ത ഉപവേശനം നടത്താവുന്നതും അതിൽവച്ച് ഒരു ബിൽ പാസ്സാക്കാവുന്നതും ആകുന്നു.

**109. പണബില്ലുകളെ സംബന്ധിച്ച വിശേഷ നടപടിക്രമം**—(1) ഒരു പണബിൽ രാജ്യസഭയിൽ അവതരിപ്പിക്കുവാൻ പാടുള്ളതല്ല.

(2) ഒരു പണബിൽ ലോകസഭ പാസ്സാക്കിയതിനുശേഷം അത് രാജ്യസഭയിലേക്ക് അതിന്റെ ശിപാർശകൾക്കുവേണ്ടി അയച്ചുകൊടുക്കേണ്ടതും, രാജ്യസഭ, അതിന് ആ ബിൽ കിട്ടിയ തീയതി മുതൽ പതിന്നാലു ദിവസക്കാലത്തിനുള്ളിൽ അതിന്റെ ശിപാർശകളോടുകൂടി ലോകസഭയിലേക്ക് തിരിച്ചയക്കേണ്ടതും, അപ്പോൾ ലോകസഭയ്ക്ക് രാജ്യസഭയുടെ ശിപാർശകൾ എല്ലാമോ അവയിൽ ഏതെങ്കിലുമോ സ്വീകരിക്കുകയോ അല്ലെങ്കിൽ തിരസ്ക്കരിക്കുകയോ ചെയ്യാവുന്നതും ആകുന്നു.

(3) ലോകസഭ, രാജ്യസഭയുടെ ശിപാർശകളിൽ ഏതെങ്കിലും സ്വീകരിക്കുന്നു എങ്കിൽ, രാജ്യസഭ ശിപാർശ ചെയ്തതും ലോകസഭ സ്വീകരിച്ചതുമായ ഭേദഗതികളോടുകൂടി ആ പണബിൽ ഇരുസഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്.

(4) രാജ്യസഭയുടെ ശിപാർശകളിൽ യാതൊന്നും ലോകസഭ സ്വീകരിക്കുന്നില്ലെങ്കിൽ, അത് ലോകസഭ പാസ്സാക്കിയ രൂപത്തിൽ, രാജ്യസഭ ശിപാർശ ചെയ്ത ഭേദഗതികൾ ഒന്നും കൂടാതെ, ആ പണബിൽ ഇരുസഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്.

(5) ലോകസഭ പാസ്സാക്കുകയും രാജ്യസഭയിലേക്ക് അതിന്റെ ശിപാർശകൾക്കുവേണ്ടി അയച്ചുകൊടുക്കുകയും ചെയ്ത ഒരു പണബിൽ, മേൽപ്പറഞ്ഞ പതിന്നാല് ദിവസക്കാലത്തിനുള്ളിൽ ലോകസഭയിലേക്ക് തിരിച്ചയക്കുന്നില്ലെങ്കിൽ, അത് ലോകസഭ പാസ്സാക്കിയ രൂപത്തിൽ മേൽപ്പറഞ്ഞ കാലാവധിയുടെ അവസാനം, ഇരുസഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്.

**110. "പണബില്ലു"കളുടെ നിർവ്വചനം**—(1) ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക്, ഒരു ബിൽ, അത്, താഴെ ചേർത്തിട്ടുള്ള എല്ലാ വിഷയങ്ങളെയുമോ അവയിൽ ഏതിനെയെങ്കിലുമോ സംബന്ധിക്കുന്ന വ്യവസ്ഥകൾ മാത്രം അടങ്ങുന്നതാണെങ്കിൽ, ഒരു പണബില്ലായി കരുതപ്പെടേണ്ടതാണ്, അതായത് :—

(ക) ഏതെങ്കിലും നികുതിയുടെ ചുമത്തൽ, നിറുത്തലാക്കൽ, ഇളവു ചെയ്യൽ, ഭേദപ്പെടുത്തൽ, അല്ലെങ്കിൽ ക്രമപ്പെടുത്തൽ ;

(ഖ) ഭാരത സർക്കാർ പണം കടം വാങ്ങുന്നതിന്റെയോ ഏതെങ്കിലും ഉറപ്പുകൊടുക്കുന്നതിന്റെയോ ക്രമപ്പെടുത്തൽ, അല്ലെങ്കിൽ ഭാരത സർക്കാർ ഏറെറടുത്തിട്ടുള്ളതോ ഏറെറടുക്കുവാ നുള്ളതോ ആയ ഏതെങ്കിലും ധനപരമായ ബാദ്ധ്യതകൾ സംബന്ധിച്ചുള്ള നിയമം ഭേദഗതി ചെയ്യൽ ;

(ഗ) ഭാരതത്തിന്റെ സഞ്ചിതനിധിയുടെയോ ആകസ്മികനിധിയുടെയോ സൂക്ഷിപ്പ്, അങ്ങനെയുള്ള ഏതെങ്കിലും നിധിയിൽ പണം അടയ്ക്കൽ അല്ലെങ്കിൽ അതിൽനിന്ന് പണം തിരിച്ചെടുക്കൽ ;

(ഘ) ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്നുള്ള പണത്തിന്റെ വിനിയോഗം ;

(ങ) ഏതെങ്കിലും ചെലവ് ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്നും നടത്തേണ്ട ചെലവാണെന്ന് പ്രഖ്യാപിക്കൽ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ചെലവിന്റെ തുക വർദ്ധിപ്പിക്കൽ ;

(ച) ഭാരതത്തിന്റെ സഞ്ചിതനിധിയുടെയോ ഭാരതത്തിന്റെ പൊതുക്കണക്കിന്റെയോ വകയിൽ പണം സ്വീകരിക്കൽ, അങ്ങനെയുള്ള പണം സൂക്ഷിക്കൽ, അല്ലെങ്കിൽ കൊടുക്കൽ, അല്ലെങ്കിൽ യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കണക്കുകൾ ആഡിററ് ചെയ്യൽ ;

(ഛ) (ക) മുതൽ (ച) വരെയുള്ള ഉപഖണ്ഡങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതിനോടെങ്കിലും ബന്ധപ്പെട്ട ഏതെങ്കിലും വിഷയം.

(2) ഒരു ബിൽ അത് പിഴകളോ പണം നൽകേണ്ട മററു ശിക്ഷകളോ ചുമത്തുവാനോ, ലൈസൻസുകൾക്കുവേണ്ടിയുള്ള ഫീസോ ചെയ്ത സേവനങ്ങൾക്കുവേണ്ടിയുള്ള ഫീസോ ആവശ്യപ്പെടുവാനോ അടയ്ക്കുവാനോ വ്യവസ്ഥ ചെയ്യുന്നു എന്ന് മാത്രമുള്ള കാരണത്താലോ, അത് ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ തദ്ദേശനികായമോ തദ്ദേശാവശ്യങ്ങൾക്കുവേണ്ടി ഏതെങ്കിലും നികുതി ചുമത്തുവാനോ, നിറുത്തലാക്കുവാനോ, ഇളവു ചെയ്യുവാനോ, ഭേദപ്പെടുത്തുവാനോ, ക്രമപ്പെടുത്തുവാനോ വ്യവസ്ഥ ചെയ്യുന്നു എന്നുള്ള കാരണത്താലോ ഒരു പണബില്ലായി കരുതാൻ പാടുള്ളതല്ല.

(3) ഒരു ബിൽ ഒരു പണബില്ലാണോ അല്ലയോ എന്ന ഏതെങ്കിലും പ്രശ്നം ഉത്ഭവിക്കുകയാണെങ്കിൽ, ലോകസഭയുടെ സ്പീക്കറുടെ അതിൻമേലുള്ള തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(4) ഓരോ പണബില്ലിൻമേലും, അത് 109-ാം അനുച്ഛേദപ്രകാരം രാജ്യസഭയിലേക്ക് അയച്ചുകൊടുക്കുമ്പോഴും 111-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതിയുടെ അനുമതിക്ക് സമർപ്പിക്കുമ്പോഴും ലോകസഭയുടെ സ്പീക്കറുടെ അത് ഒരു പണബില്ലാണെന്ന്, അദ്ദേഹം ഒപ്പിട്ട ഒരു സർട്ടിഫിക്കററ്, ദൃഢീകരിക്കേണ്ടതാണ്.

**111. ബില്ലുകൾക്ക് അനുമതി**—ഒരു ബിൽ പാർലമെൻറിന്റെ സഭകൾ പാസ്സാക്കിയാൽ അത് രാഷ്ട്രപതിക്ക് സമർപ്പിക്കേണ്ടതും, ആ ബില്ലിന് അദ്ദേഹം അനുമതി നൽകുന്നുവെന്നോ അല്ലെങ്കിൽ അതിന് അദ്ദേഹം അനുമതി നൽകുന്നില്ലെന്നോ രാഷ്ട്രപതി പ്രഖ്യാപിക്കേണ്ടതും ആകുന്നു:

എന്നാൽ, രാഷ്ട്രപതിക്ക്, ഒരു ബിൽ അത് ഒരു പണബിൽ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അനുമതിക്കായി സമർപ്പിച്ചതിനുശേഷം കഴിയുന്നതുംവേഗം, സഭകൾ ആ ബില്ലിനെയോ അതിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും വ്യവസ്ഥകളെയോ വീണ്ടും പരിഗണിക്കണമെന്നും, പ്രത്യേകിച്ച് അദ്ദേഹത്തിന്റെ സന്ദേശത്തിൽ ശിപാർശ ചെയ്യുന്ന ഏതെങ്കിലും ഭേദഗതികൾ വരുത്തുന്നതിന്റെ അഭിലഷണീയത പരിഗണിക്കണമെന്നും ഉള്ള ഒരു സന്ദേശത്തോടുകൂടി സഭകളിലേക്ക് ആ ബിൽ തിരിച്ച് അയയ്ക്കാവുന്നതും, ഒരു ബിൽ അപ്രകാരം തിരിച്ചയച്ചാൽ സഭകൾ ആ ബിൽ അതിൻപ്രകാരം വീണ്ടും പരിഗണിക്കേണ്ടതും, ഭേദഗതികളോടുകൂടിയോ അല്ലാതെയോ ആ സഭകൾ വീണ്ടും ആ ബിൽ പാസ്സാക്കുകയും രാഷ്ട്രപതിയുടെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ രാഷ്ട്രപതി അതിന് അനുമതി നൽകാതിരിക്കുവാൻ പാടില്ലാത്തതും ആകുന്നു.

## *ധനപരമായ വിഷയങ്ങളിലെ നടപടിക്രമം*

**112. വാർഷിക ധനവിവരപ്പത്രിക**—(1) രാഷ്ട്രപതി, ഓരോ സാമ്പത്തികവർഷം സംബന്ധിച്ചും, ഈ ഭാഗത്തിൽ, "വാർഷിക ധനവിവരപ്പത്രിക" എന്ന് പരാമർശിച്ചിട്ടുള്ള, ഭാരത സർക്കാരിന്റെ ആ വർഷത്തെ വരവ് ചെലവ് അടങ്കൽ പത്രിക പാർലമെൻറിന്റെ ഇരുസഭകളുടെയും മുൻപാകെ വയ്പിക്കേണ്ടതാണ്.

(2) വാർഷിക ധനവിവരപ്പത്രികയിൽ കൊള്ളിച്ചിട്ടുള്ള ചെലവിന്റെ അടങ്കലുകൾ—

(ക) ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് നടത്തേണ്ട ചെലവാണെന്ന് ഈ ഭരണഘടനയിൽ വിവരിച്ചിട്ടുള്ള ചെലവ് നടത്താൻ ആവശ്യമായ തുകകളും ;

(ഖ) ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് ചെലവാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള മററ് ചെലവ് നേരിടുന്നതിന് ആവശ്യമായ തുകകളും,

വെവ്വേറെ കാണിക്കേണ്ടതും, റവന്യു കണക്കിൽപ്പെടുന്ന ചെലവ് മററ് ചെലവിൽ നിന്ന് വേർതിരിച്ച് കാണിക്കേണ്ടതും ആകുന്നു.

(3) താഴെ ചേർത്തിട്ടുള്ള ചെലവുകൾ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് നടത്തേണ്ട ചെലവുകൾ ആയിരിക്കുന്നതാണ്—

(ക) രാഷ്ട്രപതിയുടെ വേതനങ്ങളും ബത്തകളും അദ്ദേഹത്തിന്റെ ഉദ്യോഗവുമായി ബന്ധപ്പെട്ട മററ് ചെലവുകളും ;

(ഖ) രാജ്യസഭയുടെ അദ്ധ്യക്ഷന്റെയും ഉപാദ്ധ്യക്ഷന്റെയും ലോകസഭാ സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും ശമ്പളങ്ങളും ബത്തകളും ;

(ഗ) പലിശയും നിക്ഷേപനിധി സംബന്ധിച്ച ചെലവുകളും, കടം വീട്ടുന്നതു സംബന്ധിച്ച ചെലവുകളും, കടമെടുപ്പിനെയും മുതലും പലിശയും അടച്ചുതീർക്കുന്നതിനുള്ള ഏർപ്പാടിനെയും കടം വീട്ടുന്നതിനെയും സംബന്ധിച്ച മററു ചെലവുകളും ഉൾപ്പെടെ ഭാരത സർക്കാരിന് ബാദ്ധ്യതയുള്ള കടസംബന്ധമായ ചെലവുകൾ ;

(ഘ) *(i)* സുപ്രീം കോടതിയിലെ ജഡ്ജിമാർക്കോ അവരെ സംബന്ധിച്ചോ കൊടുക്കേണ്ട ശമ്പളങ്ങളും ബത്തകളും പെൻഷനുകളും ;

*(ii)* ഫെഡറൽ കോടതിയിലെ ജഡ്ജിമാർക്കോ അവരെ സംബന്ധിച്ചോ കൊടുക്കേണ്ട പെൻഷനുകൾ ;

*(iii)* ഭാരതത്തിന്റെ ഭൂപ്രദേശത്തിൽ ഉൾപ്പെടുന്ന ഏതെങ്കിലും പ്രദേശത്തെ സംബന്ധിച്ച് അധികാരിത പ്രയോഗിക്കുന്നതോ ഈ ഭരണഘടനയുടെ പ്രാരംഭത്തിന് മുൻപ് ഏതെങ്കിലും സമയത്ത് [1][ഇൻഡ്യാ ഡൊമിനിയനിലെ ഒരു ഗവർണ്ണറുടെ പ്രവിശ്യയിൽ] ഉൾപ്പെട്ടിരുന്ന ഏതെങ്കിലും പ്രദേശത്തെ സംബന്ധിച്ച് അധികാരിത പ്രയോഗിച്ചിരുന്നതോ ആയ ഏതെങ്കിലും ഹൈക്കോടതിയിലെ ജഡ്ജിമാർക്കോ അവരെ സംബന്ധിച്ചോ കൊടുക്കേണ്ട പെൻഷനുകൾ ;

(ങ) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറലിനോ അദ്ദേഹത്തെ സംബന്ധിച്ചോ കൊടുക്കേണ്ട ശമ്പളവും ബത്തകളും പെൻഷനും ;

(ച) ഏതെങ്കിലും കോടതിയുടെയോ മാദ്ധ്യസ്ഥ ട്രിബ്യൂണലിന്റെയോ ഏതെങ്കിലും വിധിന്യായമോ ഡിക്രിയോ മാദ്ധ്യസ്ഥ തീരുമാനമോ അനുസരിച്ചുള്ള ബാദ്ധ്യത തീർക്കുന്നതിന് ആവശ്യമായ ഏതെങ്കിലും തുകകൾ ;

(ഛ) ഈ ഭരണഘടനയോ നിയമം വഴി പാർലമെന്റോ അങ്ങനെ നടത്തേണ്ട ചെലവായി പ്രഖ്യാപിച്ചിട്ടുള്ള മറേറതെങ്കിലും ചെലവ്.

**113. അടങ്കലുകൾ സംബന്ധിച്ച പാർലമെന്റിലെ നടപടിക്രമം**—(1) അടങ്കലുകളിൽ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് നടത്തേണ്ട ചെലവ് സംബന്ധിച്ചിടത്തോളമുള്ളവ പാർലമെന്റിന്റെ വോട്ടിന് സമർപ്പിക്കാൻ പാടില്ലാത്തതും, എന്നാൽ ഈ ഖണ്ഡത്തിലെ യാതൊന്നും പാർലമെന്റിന്റെ ഇരുസഭകളിൽ ഏതിലെങ്കിലും ആ അടങ്കലുകളിൽ ഏതിനെയെങ്കിലും പററിയുള്ള ചർച്ച തടയുന്നതായി വ്യാഖ്യാനിക്കുവാൻ പാടില്ലാത്തതും ആകുന്നു.

(2) മേൽപ്പറഞ്ഞ അടങ്കലുകളിൽ, മററ് ചെലവ് സംബന്ധിച്ചിടത്തോളമുള്ളവ, സഹായധനങ്ങൾക്കുള്ള അഭ്യർത്ഥനകളുടെ രൂപത്തിൽ ലോകസഭയിൽ സമർപ്പിക്കേണ്ടതും, ലോകസഭയ്ക്ക് ഏത് ധനാഭ്യർത്ഥനയ്ക്കും അനുമതി നൽകുവാനും അല്ലെങ്കിൽ അനുമതി നിഷേധിക്കുവാനും, അല്ലെങ്കിൽ ഒരു ധനാഭ്യർത്ഥനയിൽ നിർദ്ദേശിച്ചിട്ടുള്ള തുകയിൽ കുറവ് ചെയ്തുകൊണ്ട് അനുമതി നൽകുവാനും അധികാരമുണ്ടായിരിക്കുന്നതും ആകുന്നു.

(3) രാഷ്ട്രപതിയുടെ ശിപാർശയിൻമേലല്ലാതെ ഒരു സഹായധനത്തിനുള്ള യാതൊരു അഭ്യർത്ഥനയും നടത്തുവാൻ പാടുള്ളതല്ല.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയുടെ ക ഭാഗത്ത് പറഞ്ഞിട്ടുള്ള ആ സംസ്ഥാനത്തിന് സദൃശമായ ഒരു പ്രവിശ്യ " എന്നതിനു പകരം ചേർത്തത്.

**114.** ധനവിനിയോഗ ബില്ലുകൾ— (1) ലോകസഭ, 113-ാം അനുച്ഛേദപ്രകാരം സഹായധനങ്ങൾ നൽകിയതിനുശേഷം, കഴിയുന്നതുംവേഗം, ഭാരതത്തിൻെറ സഞ്ചിതനിധിയിൽ നിന്ന്—

(ക) ലോകസഭ അപ്രകാരം നൽകിയിട്ടുള്ള സഹായധനങ്ങളും ;

(ഖ) ഭാരതത്തിൻെറ സഞ്ചിതനിധിയിൽ നിന്ന് നടത്തേണ്ടതും, എന്നാൽ പാർലമെൻറിൻെറ മുൻപാകെ അതിനുമുൻപ് സമർപ്പിച്ചിട്ടുള്ള വിവരപ്പത്രികയിൽ കാണിച്ചിട്ടുള്ള തുകയിൽ ഒരു സംഗതിയിലും കവിയാത്തതും ആയ ചെലവും,

നേരിടുവാൻ വേണ്ടിവരുന്ന എല്ലാ പണത്തിൻെറയും വിനിയോഗത്തിന് വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ അവതരിപ്പിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും ബില്ലിന് പാർലമെൻറിൻെറ ഇരുസഭകളിൽ ഒന്നിലും അപ്രകാരം നൽകിയിട്ടുള്ള ഏതെങ്കിലും സഹായധനത്തിൻെറ തുക വ്യത്യാസപ്പെടുത്തുന്നതോ, ലക്ഷ്യം ഭേദപ്പെടുത്തുന്നതോ, അല്ലെങ്കിൽ ഭാരതത്തിൻെറ സഞ്ചിതനിധിയിൽനിന്നു നടത്തേണ്ട ഏതെങ്കിലും ചെലവിൻെറ തുക വ്യത്യാസപ്പെടുത്തുന്നതോ ആയ ഫലമുണ്ടാക്കുന്ന യാതൊരു ഭേദഗതിയും നിർദ്ദേശിക്കാൻ പാടില്ലാത്തതും, ഈ ഖണ്ഡപ്രകാരം ഒരു ഭേദഗതി അനുവദനീയമാണോ എന്നതിനെക്കുറിച്ച് അദ്ധ്യക്ഷത വഹിക്കുന്ന ആളുടെ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.

(3) 115-ഉം 116-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾ അനുസരിച്ച് പാസ്സാക്കിയ നിയമംവഴി ചെയ്തിട്ടുള്ള വിനിയോഗപ്രകാരമല്ലാതെ ഭാരതത്തിൻെറ സഞ്ചിതനിധിയിൽ നിന്ന് യാതൊരു പണവും പിൻവലിക്കാൻ പാടുള്ളതല്ല.

**115.** അനുപൂരകമായതോ കൂടുതലായുള്ളതോ അധികച്ചെലവിനുള്ളതോ ആയ സഹായധനങ്ങൾ— (1) രാഷ്ട്രപതി—

(ക) 114-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമംവഴി, നടപ്പു സാമ്പത്തിക വർഷത്തിലെ ഒരു പ്രത്യേക സേവനത്തിന് ചെലവു ചെയ്യുവാൻ അധികാരപ്പെടുത്തിയ സംഖ്യ ആ വർഷത്തെ ആവശ്യങ്ങൾക്ക് തികയാതെ വരുമ്പോഴോ, ആ വർഷത്തെ വാർഷിക ധനവിവരപ്പത്രികയിൽ ഉദ്ദേശിച്ചിട്ടില്ലാത്ത ഏതെങ്കിലും പുതിയ സേവനത്തിൻെറയും ആവശ്യത്തിലേയ്ക്ക് നടപ്പു സാമ്പത്തികവർഷം അനുപൂരകമോ കൂടുതലോ ആയ ചെലവിൻെറ ആവശ്യം ഉത്ഭവിച്ചിരിക്കുമ്പോഴോ ;

(ഖ) ഏതെങ്കിലും സേവനത്തിന് ഒരു സാമ്പത്തിക വർഷം ആ സേവനത്തിന് ആ വർഷത്തേയ്ക്ക് അനുവദിച്ചിട്ടുള്ളതിലും അധികമായ ഏതെങ്കിലും പണം ചെലവാക്കിയിട്ടുണ്ടെങ്കിലോ,

ആ ചെലവിൻെറ അടങ്കൽതുക കാണിക്കുന്ന മറെറാരു വിവരപ്പത്രിക പാർലമെൻറിൻെറ ഇരു സഭകളുടെയും മുൻപാകെ വയ്പിക്കുകയോ അങ്ങനെയുള്ള അധികച്ചെലവിലേയ്ക്കുള്ള ഒരു ധനാഭ്യർത്ഥന ലോകസഭയിൽ സമർപ്പിക്കുകയോ, അതതുസംഗതിപോലെ, ചെയ്യേണ്ടതാണ്.

(2) 112-ഉം, 113-ഉം, 114-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക്, അങ്ങനെയുള്ള ഏതെങ്കിലും വിവരപ്പത്രികയും, ചെലവും അല്ലെങ്കിൽ ധനാഭ്യർത്ഥനയും, കൂടാതെ ഭാരതത്തിൻെറ സഞ്ചിതനിധിയിൽ നിന്ന് അങ്ങനെയുള്ള ചെലവോ, അങ്ങനെയുള്ള ധനാഭ്യർത്ഥന അനുസരിച്ചുള്ള സഹായധനമോ നേരിടുന്നതിന് വേണ്ട പണത്തിൻെറ വിനിയോഗം അധികാരപ്പെടുത്തുവാൻ നിർമ്മിക്കുന്ന ഏതെങ്കിലും നിയമവും സംബന്ധിച്ച്, അവയ്ക്ക് വാർഷിക ധനവിവരപ്പത്രികയ്ക്കും അതിൽ പ്രസ്താവിച്ചിട്ടുള്ള ചെലവിന് അല്ലെങ്കിൽ ഒരു സഹായധനത്തിന് വേണ്ടിയുള്ള ധനാഭ്യർത്ഥനയ്ക്കും കൂടാതെ ഭാരതത്തിൻെറ സഞ്ചിതനിധിയിൽ നിന്ന് അങ്ങനെയുള്ള ചെലവോ സഹായധനമോ നേരിടുന്നതിന് വേണ്ട പണത്തിൻെറ വിനിയോഗം അധികാരപ്പെടുത്തുവാൻ നിർമ്മിക്കുന്ന നിയമവും സംബന്ധിച്ച് പ്രഭാവമുള്ളതുപോലെ, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

**116. കണക്കിൻമേലുള്ള വോട്ടുകളും ക്രെഡിററ് വോട്ടുകളും വിശേഷാൽ സഹായ ധനങ്ങളും**—(1) ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ ആയിരുന്നാലും, ലോകസഭയ്ക്ക്—

(ക) ഏതെങ്കിലും സാമ്പത്തിക വർഷത്തിന്റെ ഒരു ഭാഗത്തിനുള്ള അടങ്കൽ ചെലവ് സംബന്ധിച്ച് ഏതെങ്കിലും സഹായധനത്തിനുള്ള വോട്ടുചെയ്യലിന് 113-ാം അനുച്ഛേദത്തിൽ നിർണ്ണയിച്ചിട്ടുള്ള നടപടിയുടെ പൂർത്തീകരണവും ആ ചെലവ് സംബന്ധിച്ച് 114-ാം അനുച്ഛേദം അനുസരിച്ചുള്ള നിയമത്തിന്റെ പാസ്സാക്കലും നിലവിലിരിക്കുമ്പോൾ ആ സഹായധനം മുൻകൂറായി നൽകുവാനും ;

(ഖ) സേവനത്തിന്റെ വലിപ്പമോ അനിശ്ചിത സ്വഭാവമോ നിമിത്തം ഒരു വാർഷിക ധനവിവരപ്പത്രികയിൽ സാധാരണ നൽകുന്ന വിശദാംശങ്ങളോടുകൂടി ധനാഭ്യർത്ഥന വിവരിക്കാൻ കഴിയാതെ വരുമ്പോൾ, ഭാരതത്തിന്റെ വിഭവങ്ങളിൻമേലുള്ള അപ്രതീക്ഷിതമായ ഒരു ബാദ്ധ്യത നേരിടുന്നതിനുള്ള ഒരു സഹായധനം നൽകുവാനും ;

(ഗ) ഏതെങ്കിലും സാമ്പത്തിക വർഷത്തിലെ നടപ്പുസേവനത്തിന്റെ ഭാഗമാകാത്ത ഒരു വിശേഷാൽ സഹായധനം നൽകുവാനും,

അധികാരം ഉണ്ടായിരിക്കുന്നതും, പാർലമെന്റിന് മേൽപ്പറഞ്ഞ സഹായധനങ്ങൾ ഏത് ആവശ്യങ്ങൾക്കാണോ നൽകിയിട്ടുള്ളത് ആ ആവശ്യങ്ങൾക്ക് ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് പണം പിൻവലിക്കുന്നത് നിയമം വഴി അധികാരപ്പെടുത്തുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതും ആകുന്നു.

(2) 113-ഉം 114-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക്, (1)-ാം ഖണ്ഡപ്രകാരം ഏതെങ്കിലും സഹായധനം നൽകുന്നതിനെയും ആ ഖണ്ഡപ്രകാരം നിർമ്മിക്കുന്ന ഏതെങ്കിലും നിയമത്തെയും സംബന്ധിച്ച്, അവയ്ക്ക് വാർഷിക ധനവിവരപ്പത്രികയിൽ പ്രസ്താവിച്ചിട്ടുള്ള ഏതെങ്കിലും ചെലവ് സംബന്ധിച്ചുള്ള ഒരു സഹായധനം നൽകുന്നതിനെയും, അങ്ങനെയുള്ള ചെലവ് നേരിടുന്നതിന് ഭാരതത്തിന്റെ സഞ്ചിതനിധിയിൽനിന്നുള്ള പണത്തിന്റെ വിനിയോഗം അധികാരപ്പെടുത്തുവാൻ നിർമ്മിക്കുന്ന നിയമത്തെയും സംബന്ധിച്ച് പ്രഭാവമുള്ളതുപോലെ, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

**117. ധനകാര്യബില്ലുകളെക്കുറിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ**—(1) 110-ാം അനുച്ഛേദം (1)-ാം ഖണ്ഡം (ക) മുതൽ (ച) വരെയുള്ള ഉപഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഏതിനെങ്കിലും വ്യവസ്ഥ ചെയ്യുന്ന ഒരു ബില്ലോ ഭേദഗതിയോ രാഷ്ട്രപതിയുടെ ശിപാർശയിൻമേലല്ലാതെ അവതരിപ്പിക്കുവാനോ ഉന്നയിക്കുവാനോ പാടില്ലാത്തതും അങ്ങനെ വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ രാജ്യസഭയിൽ അവതരിപ്പിക്കുവാൻ പാടില്ലാത്തതും ആകുന്നു:

എന്നാൽ, ഏതെങ്കിലും നികുതി കുറവുചെയ്യുന്നതിനോ നിറുത്തൽ ചെയ്യുന്നതിനോ വ്യവസ്ഥ ചെയ്യുന്ന ഒരു ഭേദഗതി ഉന്നയിക്കുന്നതിന് യാതൊരു ശിപാർശയും ഈ ഖണ്ഡപ്രകാരം ആവശ്യമാകുന്നതല്ല.

(2) ഒരു ബില്ലോ ഭേദഗതിയോ, അത് പിഴകളോ പണം നൽകേണ്ട മററ് ശിക്ഷയോ ചുമത്തുവാനോ, ലൈസൻസിനുവേണ്ടിയുള്ള ഫീസോ, ചെയ്ത സേവനങ്ങൾക്കുവേണ്ടിയുള്ള ഫീസോ ആവശ്യപ്പെടുവാനോ അടയ്ക്കുവാനോ വ്യവസ്ഥ ചെയ്യുന്നു എന്നുമാത്രമുള്ള കാരണത്താലോ, അത് ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ നികായമോ തദ്ദേശാവശ്യങ്ങൾക്ക് ഏതെങ്കിലും നികുതി ചുമത്തുവാനോ, നിറുത്തലാക്കുവാനോ ഇളവു ചെയ്യുവാനോ മാററം വരുത്തുവാനോ ക്രമപ്പെടുത്തുവാനോ വ്യവസ്ഥ ചെയ്യുന്നു എന്നുള്ള കാരണത്താലോ, മുൻപറഞ്ഞ വിഷയങ്ങളിൽ ഏതിനെങ്കിലും വ്യവസ്ഥ ചെയ്യുന്നതായി കരുതാൻ പാടുള്ളതല്ല.

(3) ഒരു ബിൽ നിയമമാക്കി പ്രവർത്തനത്തിൽ കൊണ്ടുവരുമ്പോൾ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്നു ചെലവു നടത്തേണ്ടതായി വരുന്നിടത്ത്, പാർലമെന്റിന്റെ ഇരുസഭകളിൽ ഒന്നും, രാഷ്ട്രപതി ബില്ലിന്റെ പരിഗണന ആ സഭയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ടെങ്കിലല്ലാതെ, പാസ്സാക്കുവാൻ പാടുള്ളതല്ല.

## നടപടിക്രമം സാമാന്യമായി

**118. നടപടിക്രമത്തിൻെറ ചട്ടങ്ങൾ**—(1) പാർലമെൻറിൻെറ ഓരോ സഭയ്ക്കും അതിൻെറ നടപടിക്രമവും അതിൻെറ കാര്യങ്ങളുടെ നടത്തിപ്പും ഈ ഭരണഘടനയുടെ വ്യവസ്ഥകൾക്ക് വിധേയമായി ക്രമപ്പെടുത്തുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) (1)-ാം ഖണ്ഡപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നതുവരെ, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുൻപ് ഇൻഡ്യാ ഡൊമിനിയൻെറ നിയമനിർമ്മാണമണ്ഡലത്തെ സംബന്ധിച്ച് പ്രാബല്യത്തിലുണ്ടായിരുന്ന നടപടിക്രമത്തിൻെറ ചട്ടങ്ങൾക്കും നിലവിലിരുന്ന ഉത്തരവുകൾക്കും, അവയിൽ, രാജ്യസഭയുടെ അദ്ധ്യക്ഷനോ ലോകസഭയുടെ സ്പീക്കറോ, അതതുസംഗതിപോലെ, വരുത്തുന്ന അങ്ങനെയുള്ള രൂപഭേദങ്ങൾക്കും അനുയോജനങ്ങൾക്കും വിധേയമായി പാർലമെൻറിനെ സംബന്ധിച്ച് പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

(3) രാഷ്ട്രപതിക്ക്, രാജ്യസഭയുടെ അദ്ധ്യക്ഷനോടും ലോകസഭയുടെ സ്പീക്കറോടും ആലോചിച്ചതിനുശേഷം ഇരുസഭകളുടെയും സംയുക്ത ഉപവേശനങ്ങളെയും പരസ്പരമുള്ള ആശയവിനിമയങ്ങളെയും സംബന്ധിച്ച നടപടിക്രമത്തെക്കുറിച്ച്, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(4) ഇരുസഭകളുടെയും ഒരു സംയുക്ത ഉപവേശനത്തിൽ ലോകസഭയുടെ സ്പീക്കറോ, അദ്ദേഹത്തിൻെറ അസാന്നിദ്ധ്യത്തിൽ (3)-ാം ഖണ്ഡപ്രകാരം ഉണ്ടാക്കിയിട്ടുള്ള നടപടിക്രമത്തിൻെറ ചട്ടങ്ങൾ അനുസരിച്ച് നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ആളോ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

**119. പാർലമെൻറിലെ ധനപരമായ കാര്യങ്ങൾ സംബന്ധിച്ച നടപടിക്രമം നിയമംവഴി ക്രമപ്പെടുത്തൽ**—പാർലമെൻറിന്, ധനപരമായ കാര്യങ്ങളുടെ യഥാസമയപൂർത്തീകരണത്തിൻെറ ആവശ്യത്തിന്, ധനപരമായ ഏതെങ്കിലും വിഷയമോ ഭാരതത്തിൻെറ സഞ്ചിത നിധിയിൽ നിന്ന് പണം വിനിയോഗിക്കുന്നതിനുള്ള ഏതെങ്കിലും ബില്ലോ സംബന്ധിച്ച് പാർലമെൻറിൻെറ ഓരോ സഭയിലുമുള്ള നടപടിക്രമവും കാര്യങ്ങളുടെ നടത്തിപ്പും, നിയമംവഴി ക്രമപ്പെടുത്താവുന്നതും, അപ്രകാരം ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ, 118-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം പാർലമെൻറിൻെറ ഒരു സഭ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തോടോ ആ അനുച്ഛേദത്തിലെ (2)-ാം ഖണ്ഡപ്രകാരം പാർലമെൻറിനെ സംബന്ധിച്ച് പ്രഭാവമുള്ള ഏതെങ്കിലും ചട്ടത്തോടോ നിലവിലുള്ള ഉത്തരവിനോടോ പൊരുത്തപ്പെടാത്തിടത്തോളം അങ്ങനെയുള്ള വ്യവസ്ഥയ്ക്ക് അധിപ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു.

**120. പാർലമെൻറിൽ ഉപയോഗിക്കേണ്ട ഭാഷ**—(1) XVII-ാം ഭാഗത്തിൽ എന്തുതന്നെ ആയിരുന്നാലും, എന്നാൽ 348-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, പാർലമെൻറിലെ കാര്യങ്ങൾ ഹിന്ദിയിൽ അല്ലെങ്കിൽ ഇംഗ്ലീഷിൽ നടത്തേണ്ടതാകുന്നു :

എന്നാൽ, രാജ്യസഭയുടെ അദ്ധ്യക്ഷനോ ലോകസഭയുടെ സ്പീക്കർക്കോ അല്ലെങ്കിൽ ആ നിലയിൽ പകരം ജോലിനോക്കുന്ന ആൾക്കോ, അതതു സംഗതിപോലെ, ഹിന്ദിയിൽ അല്ലെങ്കിൽ ഇംഗ്ലീഷിൽ തൻെറ ആശയം വേണ്ടവിധം പ്രകടിപ്പിക്കുവാൻ കഴിവില്ലാത്ത ഏതെങ്കിലും അംഗത്തെ അയാളുടെ മാതൃഭാഷയിൽ സഭയെ അഭിസംബോധനം ചെയ്യുവാൻ അനുവദിക്കാവുന്നതാണ്.

(2) പാർലമെൻറ് നിയമംവഴി മററുപ്രകാരം വ്യവസ്ഥ ചെയ്യാത്തപക്ഷം ഈ അനുച്ഛേദത്തിന്, ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ പതിനഞ്ച് വർഷക്കാലം അവസാനിച്ചശേഷം "അല്ലെങ്കിൽ ഇംഗ്ലീഷിൽ" എന്ന പദങ്ങൾ, അതിൽനിന്ന് വിട്ടുകളഞ്ഞാലെന്നപോലെ പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

**121. പാർലമെൻറിലെ ചർച്ചയിൻമേലുള്ള നിയന്ത്രണം**—സുപ്രീംകോടതിയിലെയോ ഒരു ഹൈക്കോടതിയിലെയോ ഏതെങ്കിലും ജഡ്ജിയുടെ കർത്തവ്യങ്ങളുടെ നിർവ്വഹണത്തിലുള്ള അദ്ദേഹത്തിൻെറ പെരുമാററത്തെപ്പററി, ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ച് ആ ജഡ്ജിയെ നീക്കം ചെയ്യുവാൻ അപേക്ഷിച്ചുകൊണ്ട് രാഷ്ട്രപതിക്ക് ഒരു നിവേദനം സമർപ്പിക്കുവാൻ വേണ്ടിയുള്ള ഒരു ഉപക്ഷേപത്തിൻമേലല്ലാതെ, പാർലമെൻറിൽ ചർച്ച ഉണ്ടാകുവാൻ പാടുള്ളതല്ല.

**122. പാർലമെൻറിലെ നടപടികളെപ്പററി കോടതികൾ അന്വേഷണ വിചാരണ നടത്താൻ പാടില്ലെന്ന്**—(1) പാർലമെൻറിലെ ഏതെങ്കിലും നടപടികളുടെ സാധുത, നടപടിക്രമത്തിൽ ആരോപിച്ചിട്ടുള്ള ഏതെങ്കിലും ക്രമക്കേട് കാരണം, ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

(2) ഈ ഭരണഘടനയാലോ ഭരണഘടനപ്രകാരമോ പാർലമെൻറ് നടപടിക്രമം നിർണ്ണയിക്കുന്നതിനോ കാര്യങ്ങളുടെ നടത്തിപ്പിനോ ക്രമസമാധാനം പാലിക്കുന്നതിനോ ഉള്ള അധികാരങ്ങൾ നിക്ഷിപ്തമായി ലഭിച്ചിട്ടുള്ള പാർലമെൻറിലെ യാതൊരു ഉദ്യോഗസ്ഥനും, അംഗവും, ആ അധികാരങ്ങൾ പ്രയോഗിക്കുന്നതുസംബന്ധിച്ച് ഏതെങ്കിലും കോടതിയുടെ അധികാരിതയ്ക്ക് വിധേയനായിരിക്കുന്നതല്ല.

## അദ്ധ്യായം III—രാഷ്ട്രപതിയുടെ നിയമനിർമ്മാണാധികാരങ്ങൾ

**123. പാർലമെൻറിൻെറ ഒഴിവുകാലത്ത് ഓർഡിനൻസുകൾ പ്രഖ്യാപിക്കുന്നതിന് രാഷ്ട്രപതിക്കുള്ള അധികാരം**—(1) പാർലമെൻറിൻെറ ഇരുസഭകളും സമ്മേളനത്തിലായിരിക്കുമ്പോഴൊഴികെ, ഏതെങ്കിലും സമയത്ത് സത്വരനടപടിയെടുക്കുന്നത് ആവശ്യമാക്കിത്തീർക്കുന്ന പരിതഃസ്ഥിതികൾ ഉണ്ടെന്ന് രാഷ്ട്രപതിക്ക് ബോദ്ധ്യമാകുന്നുവെങ്കിൽ ആ പരിതഃസ്ഥിതികൾ ആവശ്യപ്പെടുന്നുവെന്ന് അദ്ദേഹത്തിന് തോന്നുന്ന അങ്ങനെയുള്ള ഓർഡിനൻസുകൾ പ്രഖ്യാപിക്കാവുന്നതാണ്.

(2) ഈ അനുച്ഛേദപ്രകാരം പ്രഖ്യാപിക്കുന്ന ഒരു ഓർഡിനൻസിന് പാർലമെൻറിൻെറ ഒരു ആക്ററിനുള്ള അതേ പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതാണ്, എന്നാൽ അങ്ങനെയുള്ള ഓരോ ഓർഡിനൻസും—

(ക) പാർലമെൻറിൻെറ ഇരു സഭകളുടെയും മുൻപാകെ വയ്ക്കേണ്ടതും, പാർലമെൻറിൻെറ പുനഃസമ്മേളനം മുതൽ ആറ് ആഴ്ച അവസാനിക്കുമ്പോഴോ, ആ കാലാവധി അവസാനിക്കുന്നതിനുമുമ്പ് അതിനെ നിരാകരിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ ഇരു സഭകളും പാസ്സാക്കുന്നുവെങ്കിൽ ആ പ്രമേയങ്ങളിൽ രണ്ടാമത്തേത് പാസ്സാക്കുമ്പോഴോ പ്രവർത്തനരഹിതമാകുന്നതും ;

(ഖ) രാഷ്ട്രപതിക്ക് ഏത് സമയത്തും പിൻവലിക്കാവുന്നതും,

ആകുന്നു.

*വിശദീകരണം*—പാർലമെൻറിൻെറ സഭകൾ വ്യത്യസ്ത തീയതികളിൽ പുനഃസമ്മേളിക്കുവാൻ വിളിച്ചുകൂട്ടുന്നുവെങ്കിൽ, ഈ ഖണ്ഡത്തിൻെറ ആവശ്യങ്ങൾക്ക്, ആറ് ആഴ്ചക്കാലം ആ തീയതികളിൽ ഒടുവിലത്തേതു മുതൽ കണക്കാക്കേണ്ടതാകുന്നു.

(3) ഈ അനുച്ഛേദപ്രകാരമുള്ള ഒരു ഓർഡിനൻസ്, ഈ ഭരണഘടനപ്രകാരം ഉണ്ടാക്കാൻ പാർലമെൻറിന് ക്ഷമതയില്ലാത്ത ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നു എങ്കിൽ, അങ്ങനെ ചെയ്യുന്നിടത്തോളം അത് അസാധുവായിരിക്കുന്നതാണ്.

[1]* * * * *

[1] (4)-ാം ഖണ്ഡം, 1975-ലെ ഭരണഘടന (മുപ്പത്തെട്ടാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം (മുൻകാല പ്രാബല്യത്തോടെ) ചേർക്കുകയും 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 16-ാം വകുപ്പു പ്രകാരം വിട്ടുകളയുകയും ചെയ്തു (20-6-1979 മുതൽ പ്രാബല്യം).

## അദ്ധ്യായം IV—യൂണിയൻ നീതിന്യായ മണ്ഡലം

**124. സുപ്രീം കോടതിയുടെ സ്ഥാപനവും സംവിധാനവും**—(1) ഭാരതത്തിൻെറ ചീഫ് ജസ്ററിസും പാർലമെൻറ് നിയമംവഴി ഒരു അധികസംഖ്യ നിശ്ചയിക്കുന്നതുവരെ ഏഴിൽ* കവിയാത്ത മററു ജഡ്ജിമാരും അടങ്ങുന്ന ഒരു സുപ്രീം കോടതി ഭാരതത്തിന് ഉണ്ടായിരിക്കേണ്ടതാണ്.

(2) സുപ്രീം കോടതിയിലെ ഓരോ ജഡ്ജിയെയും, സുപ്രീം കോടതിയിലെയും സംസ്ഥാന ഹൈക്കോടതികളിലെയും ഏതേതു ജഡ്ജിമാരുമായി, ഈ ആവശ്യത്തിന് ആലോചിക്കുന്നത് ആവശ്യമാണെന്ന് രാഷ്ട്രപതി കരുതുന്നുവോ അവരുമായി ആലോചിച്ചതിനുശേഷം, തൻെറ കൈയൊപ്പും മുദ്രയും വച്ച അധികാരപത്രം വഴി രാഷ്ട്രപതി നിയമിക്കേണ്ടതും അറുപത്തഞ്ചു വയസ്സ് തികയുന്നതുവരെ അദ്ദേഹം ഉദ്യോഗം വഹിക്കുന്നതും ആകുന്നു:

എന്നാൽ, ചീഫ് ജസ്ററിസ് അല്ലാതെയുള്ള ഒരു ജഡ്ജിയുടെ നിയമനത്തിൻെറ സംഗതിയിൽ എല്ലായ്പ്പോഴും ഭാരതത്തിൻെറ ചീഫ് ജസ്ററിസിനോട് ആലോചിക്കേണ്ടതാണ്:

എന്നുമാത്രമല്ല—

(ക) ഒരു ജഡ്ജിക്ക് രാഷ്ട്രപതിയെ സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തൻെറ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ് ;

(ഖ) ഒരു ജഡ്ജിയെ (4)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ അദ്ദേഹത്തിൻെറ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്.

[1][(2ക) സുപ്രീം കോടതിയിലെ ഒരു ജഡ്ജിയുടെ വയസ്സ്, പാർലമെൻറ് നിയമം വഴി വ്യവസ്ഥ ചെയ്യുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്താലും അങ്ങനെയുള്ള രീതിയിലും നിശ്ചയിക്കപ്പെടേണ്ടതാണ്.]

(3) സുപ്രീം കോടതിയിലെ ഒരു ജഡ്ജിയായി നിയമിക്കപ്പെടുന്ന ഒരാൾ ഭാരതത്തിലെ പൗരനായിരിക്കുകയും—

(ക) ചുരുങ്ങിയത് അഞ്ചുവർഷം ഒരു ഹൈക്കോടതിയിലോ തുടർച്ചയായി അങ്ങനെയുള്ള രണ്ടോ അതിലധികമോ കോടതികളിലോ ഒരു ജഡ്ജിയായിരിക്കുകയോ ;

(ഖ) ചുരുങ്ങിയത് പത്തുവർഷം ഒരു ഹൈക്കോടതിയിലോ തുടർച്ചയായി അങ്ങനെയുള്ള രണ്ടോ അതിലധികമോ കോടതികളിലോ ഒരു അഭിഭാഷകനായിരിക്കുകയോ ;

(ഗ) രാഷ്ട്രപതിയുടെ അഭിപ്രായത്തിൽ വിശിഷ്ടനായ ഒരു നിയമജ്ഞനായിരിക്കുകയോ,

അല്ലാത്തപക്ഷം യോഗ്യനായിരിക്കുന്നതല്ല.

*വിശദീകരണം* I—ഈ ഖണ്ഡത്തിൽ "ഹൈക്കോടതി" എന്നാൽ ഭാരതത്തിൻെറ ഭൂപ്രദേശത്ത് ഏതെങ്കിലും അധികാരിത പ്രയോഗിക്കുന്നതോ, ഈ ഭരണഘടനയുടെ പ്രാരംഭത്തിനു മുൻപ് ഏതെങ്കിലും സമയത്ത് അധികാരിത പ്രയോഗിച്ചിരുന്നതോ ആയ ഒരു ഹൈക്കോടതി എന്ന് അർത്ഥമാകുന്നു.

*വിശദീകരണം* II—ഈ ഖണ്ഡത്തിൻെറ ആവശ്യത്തിന് ഒരാൾ അഭിഭാഷകനായിരുന്നിട്ടുള്ള കാലം കണക്കാക്കുന്നതിൽ ഒരു അഭിഭാഷകനായതിനുശേഷം അയാൾ ജില്ലാ ജഡ്ജിയുടേതിൽ താഴെയല്ലാത്ത ഒരു ന്യായാധിപൻെറ ഉദ്യോഗം വഹിച്ചിട്ടുള്ള ഏതെങ്കിലും കാലയളവും കൂടി ഉൾപ്പെടുത്തേണ്ടതാണ്.

---

* ഇപ്പോൾ "ഇരുപത്തഞ്ച്", 1986-ലെ 22-ാം ആക്റ്റ്, 2-ാം വകുപ്പ് നോക്കുക.

1. 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

(4) സുപ്രീംകോടതിയിലെ ഒരു ജഡ്ജിയെ, തെളിയിച്ചിട്ടുള്ള ദുർവൃത്തിയോ അപ്രാപ്തിയോ കാരണമായി, പാർലമെൻറിൻെറ ഓരോ സഭയിലെയും ആകെ അംഗങ്ങളുടെ ഭൂരിപക്ഷവും ആ സഭയിൽ ഹാജരാകുകയും വോട്ടു ചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ടു ഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷവും പിൻതാങ്ങുന്നതും ആയ ഒരു നിവേദനം ഓരോ സഭയും അതേ സമ്മേളനത്തിൽതന്നെ രാഷ്ട്രപതിക്ക് സമർപ്പിച്ചശേഷം രാഷ്ട്രപതി പാസ്സാക്കുന്ന ഒരു ഉത്തരവിനാൽ അല്ലാതെ, അദ്ദേഹത്തിൻെറ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

(5) (4)-ാം ഖണ്ഡപ്രകാരം ഉള്ള ഒരു നിവേദനത്തിൻെറ സമർപ്പണത്തിനും ഒരു ജഡ്ജിയുടെ ദുർവൃത്തിയുടെയോ അപ്രാപ്തിയുടെയോ അന്വേഷണത്തിനും തെളിയിക്കലിനും വേണ്ട നടപടിക്രമം പാർലമെൻറിന് നിയമം വഴി ക്രമപ്പെടുത്താവുന്നതാണ്.

(6) സുപ്രീംകോടതിയിലെ ഒരു ജഡ്ജിയായി നിയമിക്കപ്പെടുന്ന ഓരോ ആളും, തൻെറ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനു മുൻപ് രാഷ്ട്രപതിയുടെയോ അദ്ദേഹം അതിലേക്ക് നിയമിച്ചിട്ടുള്ള ഏതെങ്കിലും ആളുടെയോ മുൻപാകെ മൂന്നാം പട്ടികയിൽ അതിനു വേണ്ടി ചേർത്തിട്ടുള്ള ഫാറത്തിൽ ഒരു ശപഥമോ പ്രതിജ്ഞയോ ചെയ്തു ഒപ്പുവയ്ക്കേണ്ടതാണ്.

(7) സുപ്രീംകോടതിയിലെ ഒരു ജഡ്ജിയായി ഉദ്യോഗം വഹിച്ചിട്ടുള്ള യാതൊരാളും ഭാരതത്തിൻെറ ഭൂപ്രദേശത്തിനകത്ത് ഏതെങ്കിലും കോടതിയിലോ, ഏതെങ്കിലും അധികാരസ്ഥാനത്തിൻെറ മുൻപാകെയോ, വാദിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

**125. ജഡ്ജിമാരുടെ ശമ്പളങ്ങൾ മുതലായവ**—[1][(1) സുപ്രീം കോടതിയിലെ ജഡ്ജിമാർക്ക് പാർലമെൻറ് നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ശമ്പളങ്ങൾ നൽകേണ്ടതും അതിലേയ്ക്ക് അപ്രകാരം വ്യവസ്ഥ ചെയ്യുന്നതുവരെ രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള ശമ്പളങ്ങൾ നൽകേണ്ടതും ആകുന്നു.]

(2) ഓരോ ജഡ്ജിക്കും, അപ്പോഴപ്പോൾ പാർലമെൻറ് ഉണ്ടാക്കുന്ന നിയമം വഴിയോ നിയമപ്രകാരമോ നിശ്ചയിക്കാവുന്ന വിധത്തിലുള്ള അങ്ങനെയുള്ള വിശേഷാവകാശങ്ങൾക്കും ബത്തകൾക്കും, അവധിയും പെൻഷനും സംബന്ധിച്ച അവകാശങ്ങൾക്കും, അപ്രകാരം നിശ്ചയിക്കുന്നതുവരെ രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള വിശേഷാവകാശങ്ങൾക്കും, ബത്തകൾക്കും, അവകാശങ്ങൾക്കും, അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഒരു ജഡ്ജിയുടെ വിശേഷാവകാശങ്ങളോ, ബത്തകളോ, അവധിയോ പെൻഷനോ സംബന്ധിച്ച അദ്ദേഹത്തിൻെറ അവകാശങ്ങളോ, അദ്ദേഹത്തിന്റെ നിയമനത്തിനുശേഷം അദ്ദേഹത്തിനു പ്രതികൂലമായി വ്യത്യാസപ്പെടുത്തുവാൻ പാടുള്ളതല്ല.

**126. പകരം ജോലി നോക്കുന്ന ചീഫ് ജസ്ററിസിൻെറ നിയമനം**—ഭാരതത്തിൻെറ ചീഫ് ജസ്ററിസിൻെറ ഉദ്യോഗം ഒഴിവായിരിക്കുമ്പോഴോ അസാന്നിദ്ധ്യം നിമിത്തമോ മററോ തൻെറ ഉദ്യോഗത്തിൻെറ കർത്തവ്യങ്ങൾ അനുഷ്ഠിക്കുവാൻ ചീഫ് ജസ്ററിസിനു കഴിയാതെ വരുമ്പോഴോ ആ ഉദ്യോഗത്തിൻെറ കർത്തവ്യങ്ങൾ അതിനുവേണ്ടി രാഷ്ട്രപതി ആ കോടതിയിലെ മററ് ജഡ്ജിമാരിൽ നിന്ന് നിയമിക്കുന്ന അങ്ങനെയുള്ള ഒരാൾ നിർവ്വഹിക്കേണ്ടതാണ്.

**127. അഡ്ഹോക്ക് ജഡ്ജിമാരുടെ നിയമനം**— (1) ഏതെങ്കിലും സമയം സുപ്രീംകോടതി ജഡ്ജിമാരുടെ ഒരു കോറം ആ കോടതിയുടെ ഏതെങ്കിലും സെഷൻ കൂടുന്നതിനോ തുടരുന്നതിനോ ലഭ്യമല്ലെന്നുണ്ടെങ്കിൽ ഭാരതത്തിൻെറ ചീഫ് ജസ്ററിസിന്, സുപ്രീംകോടതിയിലെ ഒരു ജഡ്ജിയായി നിയമിക്കുന്നതിന് യഥാവിധി യോഗ്യതയുള്ളതും ഭാരതത്തിൻെറ ചീഫ് ജസ്ററിസ് നാമനിർദ്ദേശം ചെയ്യുന്നതും ആയ ഒരു ഹൈക്കോടതിയിലെ ഒരു ജഡ്ജി ഒരു അഡ്ഹോക്ക് ജഡ്ജിയായി കോടതിയുടെ ഉപവേശനങ്ങളിൽ അവശ്യമാകാവുന്ന അങ്ങനെയുള്ള കാലത്തേക്ക് സന്നിഹിതനാകുന്നതിന്, രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള സമ്മതത്തോടും ബന്ധപ്പെട്ട ഹൈക്കോടതിയുടെ ചീഫ് ജസ്ററിസിനോട് ആലോചിച്ചതിനുശേഷവും, രേഖാമൂലം ആവശ്യപ്പെടാവുന്നതാണ്.

1. 1986-ലെ ഭരണഘടന (അൻപത്തിനാലാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം (1)-ാം ഖണ്ഡത്തിനു പകരം ചേർത്തത് (1-4-1986 മുതൽ പ്രാബല്യം).

(2) തന്റെ ഉദ്യോഗത്തിന്റെ മററ് കർത്തവ്യങ്ങളെക്കാൾ മുൻഗണന നൽകി, സുപ്രീംകോടതിയുടെ ഉപവേശനങ്ങളിൽ തന്റെ സാന്നിദ്ധ്യം ആവശ്യപ്പെടുന്ന സമയത്തും കാലത്തോളവും സന്നിഹിതനാകുന്നത് അപ്രകാരം നാമനിർദ്ദേശം ചെയ്ത ഒരു ജഡ്ജിയുടെ കർത്തവ്യമായിരിക്കുന്നതും, അങ്ങനെ സന്നിഹിതനാകുമ്പോൾ അദ്ദേഹത്തിന് സുപ്രീംകോടതിയിലെ ഒരു ജഡ്ജിയുടെ എല്ലാ അധികാരിതയും അധികാരങ്ങളും വിശേഷാവകാശങ്ങളും ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ജഡ്ജിയുടെ കർത്തവ്യങ്ങൾ അദ്ദേഹം നിർവ്വഹിക്കേണ്ടതും ആകുന്നു.

128. **സുപ്രീം കോടതിയുടെ ഉപവേശനങ്ങളിൽ ഉദ്യോഗത്തിൽ നിന്ന് വിരമിച്ച ജഡ്ജിമാരുടെ സാന്നിദ്ധ്യം**—ഈ അദ്ധ്യായത്തിൽ എന്തുതന്നെ ആയിരുന്നാലും, ഭാരതത്തിന്റെ ചീഫ് ജസ്ററിസിന് ഏതു സമയത്തും രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള സമ്മതത്തോടുകൂടി സുപ്രീംകോടതിയിലെയോ ഫെഡറൽ കോടതിയിലെയോ ഒരു ജഡ്ജിയുടെ ഉദ്യോഗം വഹിച്ചിട്ടുള്ള, [1][അല്ലെങ്കിൽ ഒരു ഹൈക്കോടതിയിലെ ഒരു ജഡ്ജിയുടെ ഉദ്യോഗം വഹിച്ചിരിക്കുകയും സുപ്രീംകോടതിയിലെ ഒരു ജഡ്ജിയായി നിയമിക്കുന്നതിന് യഥാവിധി യോഗ്യത ഉണ്ടായിരിക്കുകയും ചെയ്യുന്ന] ഏതെങ്കിലും ആളോട് സുപ്രീംകോടതിയിലെ ഒരു ജഡ്ജിയായി ഉപവേശിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവാൻ ആവശ്യപ്പെടാവുന്നതും അപ്രകാരം ആവശ്യപ്പെടുന്ന അങ്ങനെയുള്ള ഓരോ ആൾക്കും, ആ ആൾ അപ്രകാരം ഉപവേശിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ , രാഷ്ട്രപതി ഉത്തരവുവഴി നിശ്ചയിക്കാവുന്ന ബത്തകൾക്ക് അവകാശമുണ്ടായിരിക്കുന്നതും, ആ കോടതിയിലെ ഒരു ജഡ്ജിയുടെ എല്ലാ അധികാരിതയും അധികാരങ്ങളും വിശേഷാവകാശങ്ങളും ഉണ്ടായിരിക്കുന്നതും എന്നാൽ മററു വിധത്തിൽ അദ്ദേഹം ആ കോടതിയിലെ ഒരു ജഡ്ജിയായി കരുതപ്പെടുന്നതല്ലാത്തതും ആകുന്നു :

എന്നാൽ, ഈ അനുച്ഛേദത്തിലെ യാതൊന്നും മേൽപ്പറഞ്ഞ പ്രകാരമുള്ള അങ്ങനെയുള്ള ഏതെങ്കിലും ആളോട് ഒരു ജഡ്ജിയായി ഉപവേശിക്കുകയും പ്രവർത്തിക്കുകയും ചെയ്യാൻ അദ്ദേഹം സമ്മതിക്കാത്തപക്ഷം, അങ്ങനെ ചെയ്യുന്നതിന് ആവശ്യപ്പെടുന്നതായി കരുതപ്പെടുന്നതല്ല.

129. **സുപ്രീം കോടതി ഒരു റിക്കാർഡ് കോടതി ആയിരിക്കണമെന്ന്**—സുപ്രീംകോടതി ഒരു റിക്കാർഡ് കോടതി ആയിരിക്കേണ്ടതും അതിനു തന്നെ എതിരായുള്ള അലക്ഷ്യത്തിന് ശിക്ഷിക്കുവാനുള്ള അധികാരം ഉൾപ്പെടെ, അങ്ങനെയുള്ള ഒരു കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കേണ്ടതും ആകുന്നു.

130. **സുപ്രീം കോടതിയുടെ ആസ്ഥാനം**—സുപ്രീംകോടതി ഡൽഹിയിലോ രാഷ്ട്രപതിയുടെ അംഗീകാരത്തോടുകൂടി ഭാരതത്തിന്റെ ചീഫ് ജസ്ററിസ് അപ്പോഴപ്പോൾ നിശ്ചയിക്കുന്ന സ്ഥലത്തോ സ്ഥലങ്ങളിലോ ഉപവേശിക്കേണ്ടതാണ്.

131. **സുപ്രീം കോടതിയുടെ ആദ്യാധികാരിത**—ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി —

(ക) ഭാരത സർക്കാരും ഒന്നോ അതിലധികമോ സംസ്ഥാനങ്ങളും തമ്മിലുമോ ;

(ഖ) ഭാരത സർക്കാരും ഏതെങ്കിലും സംസ്ഥാനമോ സംസ്ഥാനങ്ങളോ ഒരു ഭാഗത്തും ഒന്നോ അതിലധികമോ മററു സംസ്ഥാനങ്ങൾ മറുഭാഗത്തും ആയോ ;

(ഗ) രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ തമ്മിലുമോ,

ഉണ്ടാകുന്ന ഏതു തർക്കത്തിലും, ആ തർക്കം നിയമ സംബന്ധമായ ഒരു അവകാശത്തിന്റെ അസ്തിത്വത്തെയോ വ്യാപ്തിയെയോ സംബന്ധിച്ച ഒരു പ്രശ്നം (അതു നിയമ സംബന്ധമോ വസ്തുതാ സംബന്ധമോ ആയാലും) ഉൾകൊള്ളുന്നുവെങ്കിൽ അത് ഉൾക്കൊള്ളുന്നിടത്തോളം സുപ്രീം കോടതിക്ക്, മറേറതു കോടതിയേയും ഒഴിവാക്കിക്കൊണ്ടുള്ള ആദ്യാധികാരിത ഉണ്ടായിരിക്കുന്നതാണ്:

[2][എന്നാൽ, മേൽപ്പറഞ്ഞ അധികാരിത, ഏതെങ്കിലും സന്ധിയിലോ കരാറിലോ സന്ധി നിയമത്തിലോ ഉടമ്പടിയിലോ സന്നദിലോ അതുപോലെയുള്ള മററു രേഖയിലോ നിന്ന് ഉത്ഭവിക്കുന്ന ഒരു തർക്കത്തിലേക്ക് അത്, ഈ ഭരണഘടനയുടെ പ്രാരംഭത്തിനുമുൻപ് ഏർപ്പെട്ടതോ ഒപ്പിട്ടു പൂർത്തീകരിച്ചതോ ആയതും അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം, പ്രവർത്തനത്തിൽ തുടരുന്നതോ അല്ലെങ്കിൽ അങ്ങനെയുള്ള ഒരു തർക്കത്തിലേക്ക് മേൽപ്പറഞ്ഞ അധികാരിത വ്യാപിക്കുന്നതല്ലെന്ന് അതിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതോ ആണെങ്കിൽ, വ്യാപിക്കുന്നതല്ല.]

1. 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പു പ്രകാരം ചേർത്തത്.
2. 1956 ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 5-ാം വകുപ്പു പ്രകാരം പരിമിതി വ്യവസ്ഥയ്ക്ക് പകരം ചേർത്തത്.

[1] 131 ക. [കേന്ദ്ര നിയമങ്ങളുടെ ഭരണഘടനാസാധുത സംബന്ധിച്ച പ്രശ്നങ്ങളിൻമേൽ സുപ്രീംകോടതിക്കുള്ള നിർവ്വാഹകാധികാരിത] 1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പു പ്രകാരം 13-4-1978 മുതൽ പ്രാബല്യത്തോടെ റദ്ദാക്കി.

**132. ചിലകേസ്സുകളിൽ ഹൈക്കോടതികളിൽ നിന്നുള്ള അപ്പീലുകളിൽ സുപ്രീം കോടതിയുടെ അപ്പീൽ അധികാരിത**—(1) ഭാരതത്തിൻെറ ഭൂപ്രദേശത്തുള്ള ഒരു ഹൈക്കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിൽ നിന്നോ ഡിക്രിയിൽ നിന്നോ അന്തിമ ഉത്തരവിൽ നിന്നോ, അത് സിവിലോ ക്രിമിനലോ അല്ലെങ്കിൽ മററു നടപടിയിലുള്ളതോ ആയാലും, ഈ ഭരണഘടനയുടെ വ്യാഖ്യാനം സംബന്ധിച്ച സാരവത്തായ ഒരു നിയമപ്രശ്നം ആ കേസ്സ് ഉൾക്കൊള്ളുന്നു എന്ന് [2][134ക അനുച്ഛേദപ്രകാരം ആ ഹൈക്കോടതി സാക്ഷ്യപ്പെടുത്തുന്നുവെങ്കിൽ] സുപ്രീം കോടതിയിൽ ഒരു അപ്പീൽ കൊടുക്കാവുന്നതാണ്.

[3]* * * * *

(3) അങ്ങനെയുള്ള ഒരു സാക്ഷ്യപത്രം കൊടുക്കുന്നിടത്ത്, [4]*** ആ കേസ്സിലെ ഏതു കക്ഷിക്കും മുൻ പറഞ്ഞ തരത്തിലുള്ള ഏതെങ്കിലും പ്രശ്നം തെററായി തീരുമാനിച്ചിട്ടുണ്ടെന്നുള്ള [4]*** കാരണത്തിൻമേൽ സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കാവുന്നതാണ്.

*വിശദീകരണം*—ഈ അനുച്ഛേദത്തിൻെറ ആവശ്യങ്ങൾക്ക്, "അന്തിമ ഉത്തരവ്" എന്ന പ്രയോഗത്തിൽ, ഒരു വിവാദവിഷയം അപ്പീൽവാദിക്ക് അനുകൂലമായി തീരുമാനിക്കുന്നതു കേസ്സിൻെറ അവസാന തീർപ്പിന് പര്യാപ്തമാകുന്നതായാൽ, ആ വിവാദവിഷയം തീരുമാനിക്കുന്ന ഒരു ഉത്തരവ് ഉൾപ്പെടുന്നതാണ്.

**133. സിവിൽവിഷയങ്ങൾ സംബന്ധിച്ച് ഹൈക്കോടതികളിൽ നിന്നുള്ള അപ്പീലുകളിൽ സുപ്രീം കോടതിയുടെ അപ്പീൽ അധികാരിത**—[5][(1) ഭാരതത്തിൻെറ ഭൂപ്രദേശത്തുള്ള ഒരു ഹൈക്കോടതിയുടെ ഒരു സിവിൽ നടപടിയിലെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ അല്ലെങ്കിൽ അന്തിമ ഉത്തരവിലോ നിന്ന്, ആ ഹൈക്കോടതി—

(ക) ആ കേസ്സ് പൊതുപ്രാധാന്യമുള്ളതും സാരവത്തായതുമായ ഒരു നിയമപ്രശ്നം ഉൾക്കൊള്ളുന്നുവെന്നും;

(ഖ) ഹൈക്കോടതിയുടെ അഭിപ്രായത്തിൽ മേൽപ്പറഞ്ഞ പ്രശ്നം സുപ്രീംകോടതി തീരുമാനിക്കേണ്ടത് ആവശ്യമാണെന്നും,

[6][134 ക അനുച്ഛേദപ്രകാരം സാക്ഷ്യപ്പെടുത്തുന്നുവെങ്കിൽ] സുപ്രീംകോടതിയിൽ ഒരു അപ്പീൽ കൊടുക്കാവുന്നതാണ്.]

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 23-ാം വകുപ്പു പ്രകാരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).
2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 17-ാം വകുപ്പുപ്രകാരം "ഹൈക്കോടതി സാക്ഷ്യപ്പെടുത്തുന്നുവെങ്കിൽ " എന്നതിനു പകരംചേർത്തത് (1-8-1979 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പുംപ്രകാരം (2)-ാം ഖണ്ഡം വിട്ടുകളഞ്ഞു (1-8-1979 മുതൽ പ്രാബല്യം).
4. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം ചില വാക്കുകൾ വിട്ടുകളഞ്ഞു (1-8-1979 മുതൽ പ്രാബല്യം).
5. 1972-ലെ ഭരണഘടന (മുപ്പതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പു പ്രകാരം 1-ാം ഖണ്ഡത്തിന് പകരം ചേർത്തത് (27-2-1973 മുതൽ പ്രാബല്യം).
6. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 18-ാം വകുപ്പുപ്രകാരം "ഹൈക്കോടതി സാക്ഷ്യപ്പെടുന്നുവെങ്കിൽ" എന്നതിന് പകരം ചേർത്തത് (1-8-1979 മുതൽ പ്രാബല്യം).

(2) 132-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, (1)-ാം ഖണ്ഡപ്രകാരം .സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കുന്ന ഏതെങ്കിലും കക്ഷിക്ക്, ഈ ഭരണഘടനയുടെ വ്യാഖ്യാനം സംബന്ധിച്ചുള്ള സാരവത്തായ ഒരു നിയമപ്രശ്നം തെററായി തീരുമാനിച്ചിട്ടുണ്ടെന്ന് അങ്ങനെയുള്ള അപ്പീലിൽ കാരണങ്ങളിൽ ഒന്നായി ഉന്നയിക്കാവുന്നതാണ്.

(3) ഈ അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും പാർലമെന്റ് നിയമം വഴി മററുവിധത്തിൽ വ്യവസ്ഥ ചെയ്യാത്തപക്ഷം, ഒരു ഹൈക്കോടതിയിലെ ഒരൊററ ജഡ്ജിയുടെ വിധിന്യായത്തിലോ ഡിക്രിയിലോ അല്ലെങ്കിൽ അന്തിമ ഉത്തരവിലോ നിന്നോ യാതൊരു അപ്പീലും സുപ്രീംകോടതിയിൽ കൊടുക്കാവുന്നതല്ല.

**134. ക്രിമിനൽ വിഷയങ്ങൾ സംബന്ധിച്ച് സുപ്രീംകോടതിയുടെ അപ്പീൽ അധികാരിത**—(1) ഭാരതത്തിൻെറ ഭൂപ്രദേശത്തുള്ള ഒരു ഹൈക്കോടതിയുടെ ഒരു ക്രിമിനൽ നടപടിയിലെ ഏതെങ്കിലും വിധിന്യായത്തിലോ അന്തിമ ഉത്തരവിലോ അല്ലെങ്കിൽ ശിക്ഷാവിധിയിലോ നിന്ന് ആ ഹൈക്കോടതി-

(ക) അപ്പീലിൻമേൽ, കുററാരോപണം ചെയ്തിട്ടുള്ള ഒരാളെ കുററ വിമുക്തനാക്കിക്കൊണ്ടുള്ള ഒരു ഉത്തരവ് മറിച്ചു വിധിക്കുകയും അയാൾക്ക് മരണശിക്ഷ വിധിക്കുകയും ചെയ്തിട്ടുണ്ടെങ്കിലോ ;

(ഖ) അതിന്റെ അധികാരിതയിൻകീഴിലുള്ള ഏതെങ്കിലും കോടതിയിൽ നിന്ന് ഏതെങ്കിലും കേസ്സ് അതിൻെറ തന്നെ മുമ്പാകെ വിചാരണ ചെയ്യുന്നതിനായി പിൻവലിക്കുകയും അങ്ങനെയുള്ള വിചാരണയിൽ കുററാരോപണം ചെയ്തിട്ടുള്ള ആളുടെമേൽ കുററസ്ഥാപനം ചെയ്ത് അയാൾക്ക് മരണശിക്ഷ വിധിക്കുകയും ചെയ്തിട്ടുണ്ടെങ്കിലോ ;

(ഗ) ആ കേസ്സ് സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കുന്നതിന് തക്കതായ ഒന്നാണെന്ന്, [1][134 ക അനുച്ഛേദപ്രകാരം സാക്ഷ്യപ്പെടുത്തുന്നുവെങ്കിലോ,]

സുപ്രീംകോടതിയിൽ ഒരു അപ്പീൽ കൊടുക്കാവുന്നതാണ് :

എന്നാൽ, (ഗ) ഉപഖണ്ഡപ്രകാരമുള്ള ഒരു അപ്പീൽ, അതിലേയ്ക്ക് 145-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം ഉണ്ടാക്കാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്കും ഹൈക്കോടതി ഏർപ്പെടുത്തുകയോ ആവശ്യപ്പെടുകയോ ചെയ്യാവുന്ന അങ്ങനെയുള്ള ഉപാധികൾക്കും വിധേയമായി, കൊടുക്കാവുന്നതാണ്.

(2) പാർലമെൻറിന് നിയമം വഴി, അങ്ങനെയുള്ള നിയമത്തിൽ നിർദ്ദേശിക്കാവുന്ന ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി ഭാരതത്തിൻെറ ഭൂപ്രദേശത്തുള്ള ഒരു ഹൈക്കോടതിയുടെ ഒരു ക്രിമിനൽ നടപടിയിലെ ഏതെങ്കിലും വിധിന്യായത്തിലോ അവസാന ഉത്തരവിലോ അല്ലെങ്കിൽ ശിക്ഷാ വിധിയിലോ നിന്ന് അപ്പീലുകൾ സ്വീകരിക്കുന്നതിനും കേൾക്കുന്നതിനും ഏതെങ്കിലും കൂടുതൽ അധികാരങ്ങൾ സുപ്രീംകോടതിക്ക് നൽകാവുന്നതാണ്.

[2]**[134 ക. സുപ്രീംകോടതിയിൽ അപ്പീൽകൊടുക്കുവാനുള്ള സാക്ഷ്യപത്രം**—132-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലോ 133-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലോ 134-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ളവിധം ഒരു വിധിന്യായമോ, ഡിക്രിയോ, അവസാന ഉത്തരവോ, അല്ലെങ്കിൽ ശിക്ഷാവിധിയോ പാസ്സാക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്യുന്ന ഏതൊരു ഹൈക്കോടതിയും,—

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 19-ാം വകുപ്പുപ്രകാരം "സാക്ഷ്യപ്പെടുത്തുന്നു" എന്നതിനുപകരം ചേർത്തത് (1-8-1979 മുതൽ പ്രാബല്യം).

2. മേൽപ്പറഞ്ഞ ആക്ററ്, 20-ാം വകുപ്പുപ്രകാരം ചേർത്തത് (1-8-1979 മുതൽ പ്രാബല്യം).

(ക) സ്വമേധയാ അങ്ങനെ ചെയ്യുന്നത് യുക്തമെന്ന് അതു കരുതുമ്പോഴും ;

(ഖ) അങ്ങനെയുള്ള വിധിന്യായമോ ഡിക്രിയോ, അന്തിമ ഉത്തരവോ അല്ലെങ്കിൽ ശിക്ഷാവിധിയോ പാസ്സാക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്തതിനുശേഷം ഉടനെ സങ്കടകക്ഷി നേരിട്ടോ അയാൾക്ക് വേണ്ടിയോ വാക്കാൽ അപേക്ഷിച്ചിട്ടുണ്ടെങ്കിലും,

132-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലോ, 133-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലോ, 134-ാം അനുച്ഛേദം (1)-ഖണ്ഡം (ഗ) ഉപഖണ്ഡത്തിലോ, അതതുസംഗതിപോലെ, പരാമർശിച്ചിരിക്കുന്ന രീതിയിലുള്ള ഒരു സാക്ഷ്യപത്രം ആ കേസ്സിനെ സംബന്ധിച്ച് നൽകാവുന്നതാണോ എന്ന പ്രശ്നം, അങ്ങനെ പാസ്സാക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്തശേഷം കഴിയുന്നത്ര വേഗം, തീർപ്പാക്കേണ്ടതാണ്.]

**135. നിലവിലിരിക്കുന്ന നിയമപ്രകാരം ഫെഡറൽ കോടതിക്കുള്ള അധികാരിതയും അധികാരങ്ങളും സുപ്രീംകോടതിക്ക് പ്രയോഗിക്കാമെന്ന്**—പാർലമെന്റ് നിയമം വഴി, മററുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ, 133-ാം അനുച്ഛേദത്തിലെയോ 134-ാം അനുച്ഛേദത്തിലെയോ വ്യവസ്ഥകൾ ബാധകമാകാത്ത ഏതെങ്കിലും വിഷയം സംബന്ധിച്ച് നിലവിലുള്ള ഏതെങ്കിലും നിയമപ്രകാരം ഈ ഭരണഘടനയുടെ പ്രാരംഭത്തിനു തൊട്ടുമുമ്പ് ആ വിഷയം സംബന്ധിച്ചുള്ള അധികാരിതയും അധികാരങ്ങളും പ്രയോഗിക്കേണ്ടിയിരുന്നത് ഫെഡറൽ കോടതി ആയിരുന്നുവെങ്കിൽ, ആ അധികാരിതയും അധികാരങ്ങളും കൂടി സുപ്രീംകോടതിക്ക് ഉണ്ടായിരിക്കുന്നതാണ്.

**136. അപ്പീലിന് സുപ്രീം കോടതിയുടെ പ്രത്യേകാനുമതി**—(1) ഈ അദ്ധ്യായത്തിൽ എന്തുതന്നെ ആയിരുന്നാലും, ഭാരതത്തിൻെറ ഭൂപ്രദേശത്തുള്ള ഏതെങ്കിലും കോടതിയോ ട്രിബ്യൂണലോ ഏതെങ്കിലും കാരണത്തിലോ വിഷയത്തിലോ പാസ്സാക്കിയതോ പുറപ്പെടുവിച്ചതോ ആയ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ തീരുമാനത്തിലോ ശിക്ഷാ വിധിയിലോ അല്ലെങ്കിൽ ഉത്തരവിലോ നിന്ന് അപ്പീൽ കൊടുക്കുന്നതിന്, സുപ്രീം കോടതിക്ക് സ്വവിവേകം ഉപയോഗിച്ച് പ്രത്യേകാനുമതി നൽകാവുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിലെ യാതൊന്നും സായുധസേനകളെ സംബന്ധിച്ചുള്ള ഏതെങ്കിലും നിയമത്തിലോ നിയമപ്രകാരമോ രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും കോടതിയോ ട്രിബ്യൂണലോ പാസ്സാക്കിയതോ പുറപ്പെടുവിച്ചതോ ആയ ഏതെങ്കിലും വിധിന്യായത്തിനോ തീരുമാനത്തിനോ ശിക്ഷാ വിധിക്കോ ഉത്തരവിനോ ബാധകമാകുന്നതല്ല.

**137. സുപ്രീംകോടതിയുടെ വിധിന്യായങ്ങളുടെയും ഉത്തരവുകളുടെയും റിവ്യൂ**—പാർലമെൻറ് നിർമ്മിക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കോ 145-ാം അനുച്ഛേദപ്രകാരം ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്കോ വിധേയമായി, സുപ്രീംകോടതിക്ക് അത് പ്രസ്താവിച്ച ഏതെങ്കിലും വിധിന്യായമോ അല്ലെങ്കിൽ പുറപ്പെടുവിച്ച ഉത്തരവോ റിവ്യൂ ചെയ്യുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**138. സുപ്രീംകോടതിയുടെ അധികാരിതയുടെ വിപുലീകരണം**—(1) സുപ്രീംകോടതിക്ക്, യൂണിയൻ ലിസ്ററിലെ ഏതെങ്കിലും വിഷയങ്ങളെ സംബന്ധിച്ച് , പാർലമെൻറ് നിയമം വഴി നൽകാവുന്ന അങ്ങനെയുള്ള കൂടുതൽ അധികാരിതയും അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

(2) സുപ്രീംകോടതിയ്ക്ക്, ഏതെങ്കിലും വിഷയം സംബന്ധിച്ച് ഭാരതസർക്കാരും ഏതെങ്കിലും സംസ്ഥാന സർക്കാരും പ്രത്യേക കരാർ വഴി നൽകാവുന്ന അങ്ങനെയുള്ള കൂടുതൽ അധികാരിതയും അധികാരങ്ങളും അങ്ങനെയുള്ള അധികാരിതയും അധികാരങ്ങളും സുപ്രീംകോടതി പ്രയോഗിക്കുന്നതിന് പാർലമെൻറ് നിയമം വഴി വ്യവസ്ഥ ചെയ്യുന്നുവെങ്കിൽ, ഉണ്ടായിരിക്കുന്നതാണ്.

**139. ചില റിട്ടുകൾ പുറപ്പെടുവിക്കുന്നതിനുള്ള അധികാരങ്ങൾ സുപ്രീം കോടതിക്ക് നൽകൽ**—പാർലമെൻറിന്, നിർദ്ദേശങ്ങളോ ഉത്തരവുകളോ അല്ലെങ്കിൽ ഹേബിയസ്കോർപ്പസ്, മാൻഡമസ്, പ്രൊഹിബിഷൻ, ക്വോവാറൻേറാ, സെർഷ്യോറേറൈ എന്നിവയുടെ സ്വഭാവത്തിലുള്ള റിട്ടുകൾ ഉൾപ്പെടെയുള്ള റിട്ടുകളോ, അവയിൽ ഏതെങ്കിലുമോ 32-ാം അനുച്ഛേദത്തിലെ (2)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ളവയല്ലാത്ത ഏതെങ്കിലും ആവശ്യങ്ങൾക്കുവേണ്ടി പുറപ്പെടുവിക്കുവാൻ, നിയമം വഴി, സുപ്രീംകോടതിയ്ക്ക് അധികാരം നൽകാവുന്നതാണ്.

[1][139 ക. ചില കേസ്സുകൾ മാററുന്നത്—[2][(1) സുപ്രീംകോടതിയുടെയും ഒന്നോ അതിലധികമോ ഹൈക്കോടതികളുടെയും മുമ്പാകെയും, അല്ലെങ്കിൽ രണ്ടോ അതിലധികമോ ഹൈക്കോടതികളുടെ മുമ്പാകെയും, ഒരുപോലെയുള്ളതോ മിക്കവാറും ഒരുപോലെയുള്ളതോ ആയ നിയമപ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന കേസ്സുകൾ നിലവിലുണ്ടെങ്കിൽ, സ്വാഭിപ്രായം അനുസരിച്ചോ അല്ലെങ്കിൽ ഭാരതത്തിന്റെ അറേറാർണി-ജനറലോ അങ്ങനെയുള്ള ഏതെങ്കിലും കേസ്സിലെ ഒരു കക്ഷിയോ സമർപ്പിക്കുന്ന അപേക്ഷയിൻമേലോ അങ്ങനെയുള്ള പ്രശ്നങ്ങൾ പൊതുപ്രാധാന്യമുള്ള പ്രശ്നങ്ങളാണെന്ന് സുപ്രീംകോടതിയ്ക്ക് ബോദ്ധ്യമാകുന്നപക്ഷം, ഹൈക്കോടതിയിലോ ഹൈക്കോടതികളിലോ നിലവിലിരിക്കുന്ന കേസ്സോ കേസ്സുകളോ പിൻവലിച്ച് ആ കേസ്സുകളെല്ലാം സുപ്രീംകോടതിതന്നെ തീർപ്പാക്കാവുന്നതാണ്:

എന്നാൽ, മേൽ പ്രസ്താവിച്ച നിയമപ്രശ്നങ്ങളിൻമേൽ സുപ്രീം കോടതി എടുത്ത തീർപ്പ് അടങ്ങിയ വിധിന്യായത്തിന്റെ ഒരു പകർപ്പ് സഹിതം അങ്ങനെ പിൻവലിച്ച കേസ്സ് ഏത് ഹൈക്കോടതിയിൽ നിന്നാണോ അത് പിൻവലിച്ചത് ആ ഹൈക്കോടതിക്ക് സുപ്രീംകോടതി തിരിച്ചയയ്ക്കേണ്ടതും, ഹൈക്കോടതി അത് കിട്ടുന്ന മുറയ്ക്ക് ആ വിധി ന്യായത്തിന് അനുസൃതമായി ആ കേസ്സ് തീർപ്പാക്കേണ്ടതും ആകുന്നു.]

(2) സുപ്രീം കോടതിക്ക്, അങ്ങനെ ചെയ്യുന്നത് നീതിയുടെ ലക്ഷ്യങ്ങൾ പ്രാപിക്കുന്നതിന് ഉചിതമെന്ന് അത് കരുതുന്നപക്ഷം, ഏതെങ്കിലും ഹൈക്കോടതിയുടെ മുമ്പാകെ നിലവിലിരിക്കുന്ന കേസ്സോ അപ്പീലോ മററു നടപടികളോ മറേറതെങ്കിലും ഹൈക്കോടതിയിലേക്ക് മാററാവുന്നതാണ്.]

**140. സുപ്രീം കോടതിക്കുള്ള സഹായകാധികാരങ്ങൾ**—പാർലമെൻറിന്, ഈ ഭരണഘടനയാലോ ഭരണഘടനപ്രകാരമോ സുപ്രീം കോടതിക്ക് നൽകിയിട്ടുള്ള അധികാരിത കൂടുതൽ ഫലപ്രദമായി പ്രയോഗിക്കുവാൻ അതിനെ ശക്തമാക്കുന്നതിന് ആവശ്യമാണെന്നോ അഭിലഷണീയമാണെന്നോ തോന്നുന്നതും ഈ ഭരണഘടനയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തതുമായ അനുപൂരകാധികാരങ്ങൾ, സുപ്രീം കോടതിക്ക് നൽകുവാൻ, നിയമം വഴി വ്യവസ്ഥ ചെയ്യാവുന്നതാണ്.

**141. സുപ്രീംകോടതി പ്രഖ്യാപിക്കുന്ന നിയമം എല്ലാ കോടതികൾക്കും ബാധകമാകുമെന്ന്**—സുപ്രീംകോടതി പ്രഖ്യാപിക്കുന്ന നിയമം ഭാരതത്തിന്റെ ഭൂപ്രദേശത്തുള്ള എല്ലാ കോടതികൾക്കും ബാധകമാകുന്നതാണ്.

**142. സുപ്രീം കോടതിയുടെ ഡിക്രികളും ഉത്തരവുകളും പ്രാവർത്തികമാക്കലും, വെളിപ്പെടുത്തൽ സംബന്ധിച്ച ഉത്തരവുകളും, മുതലായവ**—(1) സുപ്രീംകോടതിക്ക്, അതിന്റെ അധികാരികതയുടെ പ്രയോഗത്തിൽ, അതിന്റെ മുമ്പാകെ നിലവിലുള്ള ഏതെങ്കിലും കാരണത്തിലോ വിഷയത്തിലോ, പൂർണ്ണമായും നീതി നടത്തുന്നതിന് ആവശ്യമായ അങ്ങനെയുള്ള ഡിക്രി പാസ്സാക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യാവുന്നതും, അപ്രകാരം പാസ്സാക്കിയ ഏതെങ്കിലും ഡിക്രിയോ അപ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവോ പാർലമെൻറ് ഉണ്ടാക്കിയ ഏതെങ്കിലും നിയമം വഴിയോ അല്ലെങ്കിൽ നിയമപ്രകാരമോ നിർണ്ണയിക്കുന്ന വിധത്തിലും, അതിലേക്ക് അപ്രകാരം വ്യവസ്ഥ ചെയ്യുന്നതുവരെ രാഷ്ട്രപതി ഉത്തരവു* വഴി നിർണ്ണയിക്കുന്ന വിധത്തിലും, ഭാരതത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ എവിടെയും പ്രാവർത്തികമാക്കാവുന്നതും ആകുന്നു.

(2) പാർലമെൻറ് ഇതിലേക്ക് ഉണ്ടാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഭാരതത്തിന്റെ ഭൂപ്രദേശത്തെ മുഴുവൻ സംബന്ധിച്ച്, സുപ്രീം കോടതിക്ക്, ഏതെങ്കിലും ആളെ ഹാജരാക്കുവാനും ഏതെങ്കിലും രേഖ വെളിപ്പെടുത്തുകയോ ഹാജരാക്കുകയോ ചെയ്യുവാനും, അതിന്റെതന്നെ ഏതെങ്കിലും അലക്ഷ്യത്തെപ്പററി അന്വേഷണ വിചാരണ ചെയ്യുവാനും ശിക്ഷിക്കുവാനും വേണ്ടി ഏത് ഉത്തരവും പുറപ്പെടുവിക്കുന്നതിന് സമസ്തവും പ്രത്യേകവുമായ അധികാരം ഉണ്ടായിരിക്കുന്നതാണ്.

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 24-ാം വകുപ്പു പ്രകാരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).
2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 21-ാം വകുപ്പുപ്രകാരം (1) -ാം ഖണ്ഡത്തിന് പകരം ചേർത്തത് (1-8-1979 മുതൽ പ്രാബല്യം).

*. 1954-ലെ സുപ്രീം കോടതി (ഡിക്രികളും ഉത്തരവുകളും) നടപ്പാക്കൽ ഉത്തരവ് (സി. ഒ. 47) കാണുക.

**143. സുപ്രീംകോടതിയുമായി ആലോചിക്കുവാനുള്ള രാഷ്ട്രപതിയുടെ അധികാരം**—(1) നിയമത്തെയോ വസ്തുതയെയോ സംബന്ധിച്ച ഒരു പ്രശ്നം, അതിൻമേൽ സുപ്രീംകോടതിയുടെ അഭിപ്രായം ലഭിക്കുന്നത് ഉചിതമായിട്ടുള്ള അങ്ങനെയുള്ള സ്വഭാവത്തോടും അങ്ങനെയുള്ള പൊതുപ്രാധാന്യത്തോടും കൂടിയത്, ഉത്ഭവിച്ചിട്ടുണ്ടെന്നോ ഉത്ഭവിക്കാൻ ഇടയുണ്ടെന്നോ ഏതെങ്കിലും സമയം രാഷ്ട്രപതിക്ക് തോന്നുന്നുവെങ്കിൽ, അദ്ദേഹത്തിന് ആ പ്രശ്നം ആ കോടതിയുടെ പരിഗണനയ്ക്ക് അഭിപ്രായം ആരാഞ്ഞുകൊണ്ട് അയയ്ക്കാവുന്നതും, കോടതി യുക്തമെന്ന് അത് കരുതുന്ന അങ്ങനെയുള്ള വാദം കേൾക്കലിനുശേഷം, അതിൻമേലുള്ള അതിന്റെ അഭിപ്രായം രാഷ്ട്രപതിയെ അറിയിക്കാവുന്നതും ആകുന്നു.

(2) 131-ാം അനുച്ഛേദത്തിന്റെ, [1]***പരിമിതി വ്യവസ്ഥയിൽ എന്തുതന്നെ ആയിരുന്നാലും, [2][പ്രസ്തുത പരിമിതി വ്യവസ്ഥയിൽ] പറഞ്ഞ തരത്തിലുള്ള ഏതൊരു തർക്കവും രാഷ്ട്രപതിക്ക് സുപ്രീം കോടതിയുടെ അഭിപ്രായത്തിന് അയയ്ക്കാവുന്നതും, സുപ്രീം കോടതി യുക്തമെന്നു തോന്നുന്ന വാദം കേൾക്കലിനുശേഷം അതിൻമേലുള്ള അതിന്റെ അഭിപ്രായം രാഷ്ട്രപതിയെ അറിയിക്കേണ്ടതും ആകുന്നു.

**144. സിവിലും ജുഡീഷ്യലുമായ അധികാരസ്ഥാനങ്ങൾ സുപ്രീം കോടതിയ്ക്ക് സഹായകമായി പ്രവർത്തിക്കണമെന്ന്**—ഭാരതത്തിന്റെ ഭൂപ്രദേശത്തുള്ള സിവിലും ജുഡീഷ്യലും ആയ എല്ലാ അധികാരസ്ഥാനങ്ങളും സുപ്രീം കോടതിയ്ക്ക് സഹായകമായി പ്രവർത്തിക്കേണ്ടതാണ്.

[3]144 ക. [ നിയമങ്ങളുടെ ഭരണഘടനാ സാധുത സംബന്ധിച്ച പ്രശ്നങ്ങൾ തീർപ്പാക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ.] 1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പു പ്രകാരം (13-4-1978 മുതൽ പ്രാബല്യം) റദ്ദാക്കി.

**145. കോടതിയുടെ ചട്ടങ്ങൾ മുതലായവ**—(1) പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, സുപ്രീം കോടതിയ്ക്ക് രാഷ്ട്രപതിയുടെ അംഗീകാരത്തോടുകൂടി, അപ്പോഴപ്പോൾ ആ കോടതിയുടെ പ്രവർത്തനരീതിയും നടപടിക്രമവും സാമാന്യമായി ക്രമപ്പെടുത്തുന്നതിന്—

(ക) ആ കോടതി മുമ്പാകെ അഭിഭാഷകവൃത്തിയിൽ ഏർപ്പെടുന്ന ആളുകളെക്കുറിച്ചുള്ള ചട്ടങ്ങൾ ;

(ഖ) അപ്പീലുകളുടെ വാദംകേൾക്കലിനുള്ള നടപടിക്രമത്തെക്കുറിച്ചും, അപ്പീലുകൾ ആ കോടതിയിൽ ബോധിപ്പിക്കുന്നതിനുള്ള കാലാവധി ഉൾപ്പെടെ അപ്പീലുകളെ സംബന്ധിച്ചുള്ള മററു കാര്യങ്ങളെക്കുറിച്ചും ഉള്ള ചട്ടങ്ങൾ ;

(ഗ) III-ാം ഭാഗത്തിൽ നൽകിയിട്ടുള്ള അവകാശങ്ങളിലേതെങ്കിലും പ്രാവർത്തികമാക്കുന്നതിന് ആ കോടതിയിലെ നടപടികളെക്കുറിച്ചുള്ള ചട്ടങ്ങൾ ;

[4][(ഗഗ) [5][139 ക അനുച്ഛേദ] പ്രകാരമുള്ള കോടതിയിലെ നടപടികൾ സംബന്ധിച്ചുള്ള ചട്ടങ്ങൾ ;]

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "(1)-ാം ഖണ്ഡത്തിലെ" എന്നീ അക്കവും ബ്രാക്കററുകളും വാക്കും വിട്ടുകളഞ്ഞു.
2. മേൽപ്പറഞ്ഞ ആക്റ്റും, വകുപ്പും പട്ടികയും പ്രകാരം "പ്രസ്തുതഖണ്ഡം" എന്നതിനുപകരം ചേർത്തത്.
3. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 25-ാം വകുപ്പുപ്രകാരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).
4. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 26-ാം വകുപ്പുപ്രകാരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).
5. 1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 6-ാം വകുപ്പുപ്രകാരം "131 ക യും 139 ക യും അനുച്ഛേദങ്ങൾ"ക്കുപകരം ചേർത്തത് (13-4-1978 മുതൽ പ്രാബല്യം).

(ഘ) 134-ാം അനുച്ഛേദം (1)-ാം ഖണ്ഡം (ഗ) ഉപഖണ്ഡപ്രകാരം അപ്പീലുകൾ സ്വീകരിക്കുന്നതു സംബന്ധിച്ച ചട്ടങ്ങൾ ;

(ങ) ആ കോടതി പ്രസ്താവിച്ച ഏതെങ്കിലും വിധിന്യായമോ പുറപ്പെടുവിച്ച ഉത്തരവോ, റിവ്യൂ ചെയ്യാവുന്നത് ഏത് ഉപാധികൾക്ക് വിധേയമായാണെന്നും അങ്ങനെയുള്ള റിവ്യൂവിനുവേണ്ട അപേക്ഷകൾ, കോടതിയിൽ ഏത് സമയത്തിനുള്ളിൽ കൊടുത്തിരിക്കണമെന്നതുൾപ്പെടെ അങ്ങനെയുള്ള റിവ്യൂവിന്റെ നടപടി ക്രമത്തെയും കുറിച്ചുള്ള ചട്ടങ്ങൾ ;

(ച) കോടതിയിലെ ഏതെങ്കിലും നടപടികളുടെയോ അവയുമായി ബന്ധപ്പെട്ടതോ ആയ ചെലവുകളെയും അതിലുള്ള നടപടികൾ സംബന്ധിച്ച് ചുമത്തുന്ന ഫീസുകളെയും കുറിച്ചുള്ള ചട്ടങ്ങൾ ;

(ഛ) ജാമ്യം അനുവദിക്കുന്നതു സംബന്ധിച്ച ചട്ടങ്ങൾ ;

(ജ) നടപടികൾ നിറുത്തിവയ്ക്കുന്നതു സംബന്ധിച്ച ചട്ടങ്ങൾ ;

(ഝ) നിസ്സാരമോ ശല്യമുണ്ടാക്കുന്നതോ കാലവിളംബത്തിനുവേണ്ടി കൊണ്ടുവന്നതോ ആണെന്ന് കോടതിക്ക് തോന്നുന്ന ഏതെങ്കിലും അപ്പീലിന്റെ സമ്മറി തീർപ്പിന് വ്യവസ്ഥ ചെയ്യുന്ന ചട്ടങ്ങൾ;

(ഞ) 317-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള അന്വേഷണ വിചാരണകളുടെ നടപടിക്രമത്തെക്കുറിച്ചുള്ള ചട്ടങ്ങൾ,

എന്നിവ ഉൾപ്പെടെ ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) [1][(3)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് [3]***] വിധേയമായി ഈ അനുച്ഛേദപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങളിൽ, ഏതെങ്കിലും ആവശ്യത്തിന് ഉപവിഷ്ടരാകേണ്ട ജഡ്ജിമാരുടെ ഏററവും ചുരുങ്ങിയ എണ്ണം നിജപ്പെടുത്തുകയും സിംഗിൾ ജഡ്ജിമാരുടെയും ഡിവിഷൻ കോടതികളുടെയും അധികാരങ്ങൾക്ക് വ്യവസ്ഥ ചെയ്യുകയും ചെയ്യാവുന്നതാണ്.

(3) ഈ ഭരണഘടനയുടെ വ്യാഖ്യാനത്തെക്കുറിച്ച് സാരവത്തായ ഒരു പ്രശ്നം ഉൾക്കൊള്ളുന്ന ഏതെങ്കിലും കേസ്സ് തീരുമാനിക്കുന്ന ആവശ്യത്തിനായോ 143-ാം അനുച്ഛേദപ്രകാരമുള്ള ഏതെങ്കിലും അഭിപ്രായമാരായലിന്റെ വാദംകേൾക്കുന്ന ആവശ്യത്തിനായോ ഉപവിഷ്ടരാകേണ്ട ജഡ്ജിമാരുടെ [2][ [3]*** ഏററവും കുറഞ്ഞ എണ്ണം] അഞ്ച് ആയിരിക്കുന്നതാണ് :

എന്നാൽ, ഈ അദ്ധ്യായത്തിലെ, 132-ാം അനുച്ഛേദത്തിലല്ലാത്ത, ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരം ഒരു അപ്പീൽ കേൾക്കുന്ന കോടതി അഞ്ചിൽ കുറവായ ജഡ്ജിമാർ അടങ്ങിയതായിരിക്കുകയും, ആ അപ്പീലിന്റെ വാദം കേൾക്കലിനിടയിൽ ആ അപ്പീൽ ഈ ഭരണഘടനയുടെ വ്യാഖ്യാനത്തെക്കുറിച്ചുള്ള സാരവത്തായ ഒരു നിയമപ്രശ്നം ഉൾക്കൊള്ളുന്നുണ്ടെന്നും അതിന്റെ തീർപ്പ് ആ അപ്പീലിന്റെ തീർച്ചയ്ക്ക് ആവശ്യമാണെന്നും ആ കോടതിയ്ക്ക് ബോദ്ധ്യമാവുകയും ചെയ്താൽ, അങ്ങനെയുള്ള കോടതി അങ്ങനെയുള്ള ഒരു പ്രശ്നം ഉൾക്കൊള്ളുന്ന ഏതെങ്കിലും കേസ്സ് തീരുമാനിക്കേണ്ട ആവശ്യത്തിലേക്ക് ഈ ഖണ്ഡത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിധത്തിൽ രൂപീകരിച്ച ഒരു കോടതിയ്ക്ക് ആ പ്രശ്നം അഭിപ്രായത്തിന് അയയ്ക്കേണ്ടതും ആ അഭിപ്രായം കിട്ടുന്നതിൻമേൽ അങ്ങനെയുള്ള അഭിപ്രായത്തിന് അനുരൂപമായി ആ അപ്പീൽ തീർച്ച ചെയ്യേണ്ടതും ആകുന്നു.

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 26-ാം വകുപ്പുപ്രകാരം "(3)-ാം ഖണ്ഡത്തിന്റെ വ്യവസ്ഥകൾ" എന്നതിനുപകരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).

2. 1977-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 26-ാം വകുപ്പുപ്രകാരം "ഏറ്റവും കുറഞ്ഞ എണ്ണം "എന്നതിനു പകരം "144ക അനുച്ഛേദത്തിലെ വ്യവസ്ഥകൾക്കു വിധേയമായി, ഏറ്റവും കുറഞ്ഞ എണ്ണം" എന്ന വാക്കുകളും, അക്കങ്ങളും ചേർത്തു (1-2-1977 മുതൽ പ്രാബല്യം).

3. 1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 6-ാം വകുപ്പുപ്രകാരം "144ക അനുച്ഛേദത്തിലെ വ്യവസ്ഥകൾക്കു വിധേയമായി" എന്ന വാക്കുകളും അക്കങ്ങളും വിട്ടുകളഞ്ഞു. (13-4-1978 മുതൽ പ്രാബല്യം).

(4) യാതൊരു വിധിന്യായവും തുറന്ന കോടതിയിൽ വച്ചല്ലാതെ സുപ്രീം കോടതിയിൽ പ്രസ്താവിക്കുവാൻ പാടില്ലാത്തതും, തുറന്ന കോടതിയിൽ വച്ചുതന്നെ പ്രസ്താവിച്ച ഒരഭിപ്രായം അനുസരിച്ചല്ലാതെ 143-ാം അനുച്ഛേദപ്രകാരം യാതൊരു റിപ്പോർട്ടും കൊടുക്കാൻ പാടില്ലാത്തതും ആകുന്നു.

(5) യാതൊരു വിധിന്യായവും അങ്ങനെയുള്ള യാതൊരു അഭിപ്രായവും കേസ്സിൻെറ വാദംകേൾക്കലിന് സന്നിഹിതരായിട്ടുള്ള ജഡ്ജിമാരിൽ ഭൂരിപക്ഷത്തിൻെറ യോജിപ്പോടുകൂടിയല്ലാതെ സുപ്രീം കോടതി പ്രസ്താവിക്കുവാൻ പാടില്ലാത്തതും, എന്നാൽ ഈ ഖണ്ഡത്തിലെ യാതൊന്നും, വിയോജിക്കുന്ന ഒരു ജഡ്ജിയെ, വിസമ്മതിച്ചുകൊണ്ടുള്ള ഒരു വിധിന്യായമോ അഭിപ്രായമോ പ്രസ്താവിക്കുന്നതിൽ നിന്ന് തടയുന്നതായി കരുതുവാൻ പാടില്ലാത്തതും ആകുന്നു.

**146. സുപ്രീം കോടതിയിലെ ഉദ്യോഗസ്ഥൻമാരും കീഴ്ജീവനക്കാരും ചെലവുകളും**—(1)സുപ്രീം കോടതിയിലെ ഉദ്യോഗസ്ഥൻമാരുടെയും കീഴ്ജീവനക്കാരുടെയും നിയമനങ്ങൾ ഭാരതത്തിൻെറ ചീഫ് ജസ്ററിസോ ആ കോടതിയിലെ അദ്ദേഹം നിർദ്ദേശിക്കുന്ന അങ്ങനെയുള്ള മററു ജഡ്ജിയോ ഉദ്യോഗസ്ഥനോ നടത്തേണ്ടതാണ് :

എന്നാൽ, രാഷ്ട്രപതിക്ക്, ചട്ടംവഴി, ആ ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള സംഗതികളിൽ ആ കോടതിയോട് ബന്ധപ്പെട്ട ഏതെങ്കിലും ഉദ്യോഗത്തിലേക്ക് ആ കോടതിയോട് മുമ്പുതന്നെ ബന്ധമില്ലാതിരുന്ന യാതൊരാളേയും യൂണിയൻ പബ്ളിക്ക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ചശേഷമല്ലാതെ നിയമിക്കുവാൻ പാടുള്ളതല്ലെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(2) പാർലമെൻറ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, സുപ്രീം കോടതിയിലെ ഉദ്യോഗസ്ഥൻമാരുടെയും കീഴ്ജീവനക്കാരുടെയും സേവന വ്യവസ്ഥകൾ ഭാരതത്തിൻെറ ചീഫ് ജസ്ററിസോ ആ ആവശ്യത്തിലേക്ക് വേണ്ടി ചട്ടങ്ങൾ ഉണ്ടാക്കുവാൻ ഭാരതത്തിൻെറ ചീഫ് ജസ്ററിസ് അധികാരപ്പെടുത്തുന്ന ആ കോടതിയിലെ മററൊരു ജഡ്ജിയോ ഉദ്യോഗസ്ഥനോ ഉണ്ടാക്കുന്ന ചട്ടങ്ങളിൽ നിർണ്ണയിക്കാവുന്ന വിധം ആയിരിക്കേണ്ടതാണ് :

എന്നാൽ, ഈ ഖണ്ഡപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക്, അവ ശമ്പളങ്ങളെയോ ബത്തകളെയോ അവധിയെയോ പെൻഷനുകളെയോ സംബന്ധിക്കുന്നിടത്തോളം, രാഷ്ട്രപതിയുടെ അംഗീകാരം ആവശ്യമായിരിക്കുന്നതാണ്.

(3) സുപ്രീം കോടതിയുടെ ഭരണച്ചെലവുകൾ, ആ കോടതിയിലെ ഉദ്യോഗസ്ഥൻമാർക്കും കീഴ്ജീവനക്കാർക്കും കൊടുക്കേണ്ടതോ അവരെ സംബന്ധിച്ചതോ ആയ എല്ലാ ശമ്പളങ്ങളും ബത്തകളും പെൻഷനുകളും ഉൾപ്പെടെ ഭാരതത്തിൻെറ സഞ്ചിതനിധിയിൽ നിന്ന് നടത്തേണ്ടതും ആ കോടതി സ്വീകരിക്കുന്ന ഏതെങ്കിലും ഫീസോ മററ് പണമോ ആ നിധിയുടെ ഭാഗമായിത്തീരുന്നതും ആകുന്നു.

**147. വ്യാഖ്യാനം**—ഈ അദ്ധ്യായത്തിലും VI-ാം ഭാഗത്തിലെ V-ാം അദ്ധ്യായത്തിലും, ഈ ഭരണഘടനയുടെ വ്യാഖ്യാനം സംബന്ധിച്ച സാരവത്തായ ഏതെങ്കിലും നിയമപ്രശ്നത്തെക്കുറിച്ചുള്ള പരാമർശങ്ങളിൽ 1935-ലെ ഗവൺമെൻറ് ഓഫ് ഇൻഡ്യാ ആക്ററിൻെറയോ (ആ ആക്ററിനെ ഭേദഗതി ചെയ്യുന്നതോ അനുപൂരകമാക്കുന്നതോ ആയ ഏതെങ്കിലും നിയമം ഉൾപ്പെടെ) അല്ലെങ്കിൽ ഏതെങ്കിലും ഓർഡർ-ഇൻ-കൗൺസിലിൻെറയോ അതിൻകീഴിലുണ്ടാക്കിയ ഉത്തരവിൻെറയോ അല്ലെങ്കിൽ 1947-ലെ ഇൻഡ്യൻ ഇൻഡിപ്പെൻഡൻസ് ആക്ററിൻെറയോ അതിൻ കീഴിലുണ്ടാക്കിയ ഏതെങ്കിലും ഉത്തരവിൻെറയോ വ്യാഖ്യാനം സംബന്ധിച്ച് സാരവത്തായ ഏതെങ്കിലും നിയമപ്രശ്നത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ഉൾപ്പെടുന്നതായി കരുതേണ്ടതാണ്.

## അദ്ധ്യായം V—ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ– ജനറൽ

**148.** ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറൽ—(1) രാഷ്ട്രപതി കൈയൊപ്പും മുദ്രയുംവച്ച അധികാരപത്രം വഴി നിയമിക്കുന്ന ഭാരതത്തിന്റെ ഒരു കംപ്ട്രോളർ ആൻഡ് ആഡിററർ - ജനറൽ ഉണ്ടായിരിക്കേണ്ടതും, സുപ്രീം കോടതിയിലെ ഒരു ജഡ്ജിയെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യാവുന്ന അതേ വിധത്തിലും അതേ കാരണങ്ങൾക്കും മാത്രം അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതും ആകുന്നു.

(2) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറലായി നിയമനം ലഭിക്കുന്ന ഓരോ ആളും തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് രാഷ്ട്രപതിയുടെയോ അദ്ദേഹം അതിലേക്ക് നിയമിച്ചിട്ടുള്ള ഏതെങ്കിലും ആളുടെയോ മുമ്പാകെ മൂന്നാം പട്ടികയിൽ അതിനുവേണ്ടി ചേർത്തിട്ടുള്ള ഫാറത്തിൽ ഒരു ശപഥമോ പ്രതിജ്ഞയോ ചെയ്തു ഒപ്പുവയ്ക്കേണ്ടതാണ്.

(3) കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറലിന്റെ ശമ്പളവും മററു സേവന വ്യവസ്ഥകളും പാർലമെന്റ് നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള വിധത്തിലായിരിക്കേണ്ടതും, അപ്രകാരം നിശ്ചയിക്കുന്നതുവരെ അവ രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള വിധത്തിലായിരിക്കുന്നതും ആകുന്നു:

എന്നാൽ, കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറലിന്റെ ശമ്പളമോ, അവധി, പെൻഷൻ, ഉദ്യോഗത്തിൽനിന്നും വിരമിക്കാനുള്ള വയസ്സ് എന്നിവ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ അവകാശങ്ങളോ നിയമനത്തിനുശേഷം അദ്ദേഹത്തിന് പ്രതികൂലമായി വ്യത്യാസപ്പെടുത്തുവാൻ പാടുള്ളതല്ല.

(4) കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറലിന് ഉദ്യോഗത്തിൽ നിന്ന് വിരമിച്ചതിനുശേഷം ഭാരത സർക്കാരിന്റെ കീഴിലോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെ കീഴിലോ വീണ്ടും ഉദ്യോഗത്തിൽ പ്രവേശിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

(5) ഈ ഭരണഘടനയിലെയും പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി ഇൻഡ്യാ ആഡിററ് അക്കൗണ്ട്സ് ഡിപ്പാർട്ടുമെന്റിൽ സേവനം അനുഷ്ഠിക്കുന്ന ആളുകളുടെ സേവന വ്യവസ്ഥകളും കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറലിന്റെ ഭരണാധികാരങ്ങളും കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറലുമായി ആലോചിച്ചശേഷം രാഷ്ട്രപതി ഉണ്ടാക്കുന്ന അങ്ങനെയുള്ള ചട്ടങ്ങളിൽ നിർണ്ണയിക്കാവുന്നവിധം ആയിരിക്കേണ്ടതാകുന്നു.

(6) കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറലിന്റെ ആഫീസിൽ സേവനമനുഷ്ഠിക്കുന്ന ആളുകൾക്കോ അവരെ സംബന്ധിച്ചോ കൊടുക്കുന്ന എല്ലാ ശമ്പളങ്ങളും ബത്തകളും പെൻഷനുകളും ഉൾപ്പെടെ ആ ഓഫീസിന്റെ ഭരണച്ചെലവുകൾ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്നു നടത്തേണ്ടതാണ്.

**149. കംപ്ട്രോളർ ആൻഡ് ആഡിററർ - ജനറലിൻെറ കർത്തവ്യങ്ങളും അധികാരങ്ങളും**—കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറൽ, യൂണിയൻെറയും സംസ്ഥാനങ്ങളുടെയും മറേറതെങ്കിലും അധികാരസ്ഥാനത്തിൻെറയും അല്ലെങ്കിൽ നികായത്തിൻെറയും കണക്കുകൾ സംബന്ധിച്ച് പാർലമെൻറ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കർത്തവ്യങ്ങൾ അനുഷ്ഠിക്കേണ്ടതും അങ്ങനെയുള്ള അധികാരങ്ങൾ പ്രയോഗിക്കേണ്ടതും, അതിലേക്ക് അപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ യൂണിയൻെറയും സംസ്ഥാനങ്ങളുടെയും കണക്കുകൾ സംബന്ധിച്ച് ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുൻപ് യഥാക്രമം ഇൻഡ്യാ ഡൊമിനിയൻെറയും പ്രവിശ്യകളുടെയും കണക്കുകൾ സംബന്ധിച്ച് ഭാരതത്തിൻെറ ആഡിററർ-ജനറലിന് നൽകിയിരുന്ന അങ്ങനെയുള്ള കർത്തവ്യങ്ങൾ അനുഷ്ഠിക്കേണ്ടതും അല്ലെങ്കിൽ പ്രയോഗിക്കാമായിരുന്ന അങ്ങനെയുള്ള അധികാരങ്ങൾ പ്രയോഗിക്കേണ്ടതും ആകുന്നു.

[1][**150. യൂണിയൻെറയും സംസ്ഥാനങ്ങളുടെയും കണക്കുകൾ സൂക്ഷിക്കേണ്ട രൂപം**—യൂണിയൻെറയും സംസ്ഥാനങ്ങളുടെയും കണക്കുകൾ, ഭാരതത്തിൻെറ കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറലിൻെറ [2][ഉപദേശത്തിൻമേൽ ] രാഷ്ട്രപതി നിർണ്ണയിക്കാവുന്ന രൂപത്തിൽ സൂക്ഷിക്കേണ്ടതാണ്.]

**151. ആഡിററ് റിപ്പോർട്ടുകൾ**—(1) യൂണിയൻെറ കണക്കുകൾ സംബന്ധിച്ച ഭാരതത്തിൻെറ കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറലിൻെറ റിപ്പോർട്ടുകൾ രാഷ്ട്രപതിക്ക് സമർപ്പിക്കേണ്ടതും അദ്ദേഹം അവ പാർലമെൻറിൻെറ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതും ആകുന്നു.

(2) ഒരു സംസ്ഥാനത്തിൻെറ കണക്കുകൾ സംബന്ധിച്ച ഭാരതത്തിൻെറ കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറലിൻെറ റിപ്പോർട്ടുകൾ ആ സംസ്ഥാനത്തെ ഗവർണ്ണർക്ക് [3]*** സമർപ്പിക്കേണ്ടതും അദ്ദേഹം അവ ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിൻെറ മുമ്പാകെ വയ്പിക്കേണ്ടതും ആകുന്നു.

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 27-ാം വകുപ്പുപ്രകാരം 150-ാം അനുച്ഛേദത്തിനുപകരം ചേർത്തത് (1-4-1977 മുതൽ പ്രാബല്യം).
2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 22-ാം വകുപ്പുപ്രകാരം " കൂടിയാലോചനയ്ക്ക് ശേഷം" എന്നതിനുപകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
3. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീവാക്കുകൾ വിട്ടുകളഞ്ഞു.

3/2543/2005

# ഭാഗം VI

## [1]*** സംസ്ഥാനങ്ങൾ

### അദ്ധ്യായം I—സാമാന്യം

**152.** നിർവ്വചനം—ഈ ഭാഗത്തിൽ, സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, "സംസ്ഥാനം" [2][എന്ന പദത്തിൽ ജമ്മു-കാശ്മീർ സംസ്ഥാനം ഉൾപ്പെടുന്നതല്ല.]

### അദ്ധ്യായം II—നിർവ്വാഹകമണ്ഡലം

### ഗവർണ്ണർ

**153.** സംസ്ഥാനങ്ങളിലെ ഗവർണ്ണർമാർ—ഓരോ സംസ്ഥാനത്തിനും ഒരു ഗവർണ്ണർ ഉണ്ടായിരിക്കേണ്ടതാണ്:

[3][എന്നാൽ, ഈ അനുച്ഛേദത്തിലെ യാതൊന്നും ഒരാളെത്തന്നെ രണ്ടോ അതിലധികമോ സംസ്ഥാനങ്ങളുടെ ഗവർണ്ണറായി നിയമിക്കുന്നതിനെ തടയുന്നതല്ല].

**154.** സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരം —(1) സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരം ഗവർണ്ണറിൽ നിക്ഷിപ്തമായിരിക്കുന്നതും, ഈ ഭരണഘടനയനുസരിച്ച് അദ്ദേഹം നേരിട്ടോ തന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻമാർ മുഖേനയോ പ്രയോഗിക്കേണ്ടതും ആകുന്നു.

(2) ഈ അനുച്ഛേദത്തിലെ യാതൊന്നും—

(ക) മറേറതെങ്കിലും അധികാരസ്ഥാനത്തിന് നിലവിലുള്ള ഏതെങ്കിലും നിയമംവഴി നൽകിയിട്ടുള്ള ഏതെങ്കിലും ചുമതലകൾ ഗവർണ്ണർക്ക് കൈമാറുന്നതായി കരുതപ്പെടുവാൻ പാടുള്ളതോ;

(ഖ) ഗവർണ്ണറുടെ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിന് നിയമം വഴി ചുമതലകൾ നൽകുന്നതിൽനിന്ന് പാർലമെന്റിനെയോ ആ സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലത്തെയോ തടയുന്നതോ,

അല്ല.

**155.** ഗവർണ്ണറുടെ നിയമനം—ഒരു സംസ്ഥാനത്തെ ഗവർണ്ണറെ രാഷ്ട്രപതി, അദ്ദേഹത്തിന്റെ കൈയൊപ്പും മുദ്രയും വച്ച അധികാരപത്രം വഴി, നിയമിക്കേണ്ടതാണ്.

**156.** ഗവർണ്ണറുടെ ഉദ്യോഗകാലാവധി —(1) ഗവർണ്ണർ, രാഷ്ട്രപതിക്ക് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കുന്നതാണ്.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിലെ ക ഭാഗത്തിലെ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.
2. മേൽപ്പറഞ്ഞ ആക്റ്റ് 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിലെ ക ഭാഗത്തിൽ പറഞ്ഞിട്ടുള്ള ഒരു സംസ്ഥാനം എന്നർത്ഥമാകുന്ന" എന്നതിനു പകരം ചേർത്തത്.
3. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 6-ാം വകുപ്പുപ്രകാരം ചേർത്തത്.

(2) ഗവർണ്ണർക്ക് രാഷ്ട്രപതിയെ സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(3) ഈ അനുച്ഛേദത്തിലെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ഗവർണ്ണർ അദ്ദേഹം തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചുവർഷക്കാലം ഉദ്യോഗം വഹിക്കുന്നതാണ്:

എന്നാൽ, ഒരു ഗവർണ്ണർ തന്റെ കാലാവധി അവസാനിച്ചാലും അദ്ദേഹത്തിന്റെ പിൻഗാമി ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെ ഉദ്യോഗം തുടർന്നു വഹിക്കുന്നതാണ്.

**157. ഗവർണ്ണറായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതകൾ**—യാതൊരാളും അയാൾ ഭാരതത്തിലെ ഒരു പൗരനായിരിക്കുകയും അയാൾക്ക് മുപ്പത്തഞ്ചു വയസ്സ് പൂർത്തിയായിരിക്കുകയും ചെയ്യാത്തപക്ഷം, ഗവർണ്ണറായി നിയമിക്കപ്പെടുവാൻ അർഹനായിരിക്കുന്നതല്ല.

**158. ഗവർണ്ണറുടെ ഉദ്യോഗത്തിന്റെ വ്യവസ്ഥകൾ**—(1) ഗവർണ്ണർ പാർലമെൻറിന്റെ ഇരുസഭകളിൽ ഏതിലെങ്കിലുമോ, ഒന്നാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയിലെയോ അംഗമായിരിക്കുവാൻ പാടില്ലാത്തതും, പാർലമെൻറിന്റെ ഇരുസഭകളിൽ ഏതിലെയെങ്കിലുമോ അങ്ങനെയുള്ള ഏതെങ്കിലും സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയിലെയോ ഒരംഗം ഗവർണ്ണറായി നിയമിക്കപ്പെടുന്നുവെങ്കിൽ, അദ്ദേഹം ഗവർണ്ണറായി ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി ആ സഭയിലെ തന്റെ സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടുന്നതും ആകുന്നു.

(2) ഗവർണ്ണർ ആദായകരമായ മറേറതെങ്കിലും ഉദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല.

(3) ഗവർണ്ണർക്ക്, വാടക കൊടുക്കാതെ തന്റെ ഔദ്യോഗിക വസതികൾ ഉപയോഗിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും, കൂടാതെ പാർലമെന്റ് നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള വേതനങ്ങൾക്കും ബത്തകൾക്കും വിശേഷാവകാശങ്ങൾക്കും, അതിലേക്ക് അപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ, രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള വേതനങ്ങൾക്കും ബത്തകൾക്കും വിശേഷാവകാശങ്ങൾക്കും, അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

[1][(3എ) ഒരാൾ തന്നെ രണ്ടോ അതിലധികമോ സംസ്ഥാനങ്ങളുടെ ഗവർണ്ണറായി നിയമിക്കപ്പെടുമ്പോൾ ആ ഗവർണ്ണർക്ക് കൊടുക്കേണ്ട വേതനങ്ങളും ബത്തകളും രാഷ്ട്രപതി ഉത്തരവുവഴി നിശ്ചയിക്കാവുന്ന അനുപാതത്തിൽ ആ സംസ്ഥാനങ്ങൾക്കിടയിൽ വിഭജിച്ചുകൊടുക്കേണ്ടതാണ്.]

(4) ഗവർണ്ണറുടെ വേതനങ്ങളും ബത്തകളും അദ്ദേഹത്തിന്റെ ഉദ്യോഗ കാലാവധിക്കിടയിൽ കുറവു ചെയ്യുവാൻ പാടുള്ളതല്ല.

**159. ഗവർണ്ണറുടെ ശപഥം അഥവാ പ്രതിജ്ഞ**—ഓരോ ഗവർണ്ണറും, ഗവർണ്ണറുടെ ചുമതലകൾ നിർവ്വഹിക്കുന്ന ഓരോ ആളും, തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് മുമ്പ്, ആ സംസ്ഥാനം സംബന്ധിച്ച് അധികാരിത പ്രയോഗിക്കുന്ന ഹൈക്കോടതിയിലെ ചീഫ് ജസ്ററിസിന്റെയോ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ആ കോടതിയിലെ ലഭ്യമായ ഏററവും മുതിർന്ന ജഡ്ജിയുടെയോ സാന്നിദ്ധ്യത്തിൽ, താഴെപ്പറയുന്ന ഫാറത്തിൽ ഒരു ശപഥമോ പ്രതിജ്ഞയോ ചെയ്ത് ഒപ്പുവയ്ക്കേണ്ടതാകുന്നു, അതായത്—

"ക. ഖ., ആയ ഞാൻ വിശ്വസ്തതയോടെ ....................(സംസ്ഥാനത്തിന്റെ പേര്) സംസ്ഥാനത്തെ ഗവർണ്ണറുടെ ഉദ്യോഗം നിർവ്വഹിക്കും (അല്ലെങ്കിൽ ഗവർണ്ണറുടെ ചുമതലകൾ നിർവ്വഹിക്കും) എന്നും, എന്റെ കഴിവിന്റെ പരമാവധി ഭരണഘടനയെയും നിയമത്തെയും നിലനിർത്തുകയും സംരക്ഷിക്കുകയും പാലിക്കുകയും ചെയ്യുമെന്നും............(സംസ്ഥാനത്തിന്റെ പേര്) സംസ്ഥാനത്തെ ജനങ്ങൾക്ക് സേവനം ചെയ്യുന്നതിനും അവർക്ക് ക്ഷേമം കൈവരുത്തുന്നതിനും സ്വയം അർപ്പിച്ചിരിക്കുന്നുവെന്നും

ഞാൻ ദൈവത്തിന്റെ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.".

[1] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 7-ാം വകുപ്പുപ്രകാരം ചേർത്തത്.

**160. ചില അപ്രതീക്ഷിത സന്ദർഭങ്ങളിൽ ഗവർണ്ണറുടെ ചുമതലകളുടെ നിർവ്വഹണം**— ഈ അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും അപ്രതീക്ഷിത സന്ദർഭത്തിൽ ഒരു സംസ്ഥാനത്തെ ഗവർണ്ണറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് രാഷ്ട്രപതിക്ക് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള വ്യവസ്ഥ ഉണ്ടാക്കാവുന്നതാണ്.

**161. ചില സംഗതികളിൽ മാപ്പ് മുതലായവ നൽകുവാനും ശിക്ഷാവിധി നിറുത്തിവയ്ക്കുകയോ ഇളവുചെയ്യുകയോ ലഘൂകരിക്കുകയോ ചെയ്യുവാനും ഗവർണ്ണർക്കുള്ള അധികാരം**—ഒരു സംസ്ഥാനത്തെ ഗവർണ്ണർക്ക്, ആ സംസ്ഥാനത്തിൻെറ നിർവ്വാഹകാധികാരത്തിൻെറ വ്യാപ്തിയിലുള്ള ഒരു വിഷയം സംബന്ധിച്ച ഏതെങ്കിലും നിയമത്തിന് എതിരായി ഏതെങ്കിലും കുററം സ്ഥാപിക്കപ്പെട്ട ഒരാളുടെ ശിക്ഷയ്ക്ക് മാപ്പ് നൽകുന്നതിനും ശിക്ഷ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിനും വിളംബപ്പെടുത്തുന്നതിനും ഇളവു ചെയ്യുന്നതിനും അല്ലെങ്കിൽ ശിക്ഷാവിധി നിറുത്തിവയ്ക്കുന്നതിനും ഇളവു ചെയ്യുന്നതിനും ലഘൂകരിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

**162. സംസ്ഥാനത്തിൻെറ നിർവ്വാഹകാധികാരത്തിൻെറ വ്യാപ്തി**—ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു സംസ്ഥാനത്തിൻെറ നിർവ്വാഹകാധികാരം ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന് നിയമം ഉണ്ടാക്കാൻ അധികാരമുള്ള വിഷയങ്ങളോളം വ്യാപിക്കുന്നതാണ്:

എന്നാൽ, ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിനും പാർലമെൻറിനും നിയമങ്ങൾ ഉണ്ടാക്കാൻ അധികാരമുള്ള ഏതു വിഷയത്തിലും ആ സംസ്ഥാനത്തിൻെറ നിർവ്വാഹകാധികാരം, ഈ ഭരണഘടനയിലോ പാർലമെൻറ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്തിലോ യൂണിയനോ അതിൻെറ അധികാരസ്ഥാനങ്ങൾക്കോ പ്രകടമായി നൽകിയിട്ടുള്ള നിർവ്വാഹകാധികാരത്തിന് വിധേയവും അതിൻെറ അധികാരത്താൽ ക്ളിപ്തവും, ആയിരിക്കുന്നതാണ്.

## മന്ത്രിസഭ

**163. ഗവർണ്ണറെ സഹായിക്കുവാനും ഉപദേശിക്കുവാനും മന്ത്രിസഭ**—(1) ഈ ഭരണഘടനയാലോ ഭരണഘടനപ്രകാരമോ ഗവർണ്ണർ സ്വവിവേകം ഉപയോഗിച്ച് നിർവ്വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള ചുമതലകളോ, അവയിൽ ഏതെങ്കിലുമോ ഒഴികെയുള്ള അദ്ദേഹത്തിൻെറ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അദ്ദേഹത്തെ സഹായിക്കുവാനും ഉപദേശിക്കുവാനും മുഖ്യമന്ത്രി തലവനായുള്ള ഒരു മന്ത്രിസഭ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഏതെങ്കിലും വിഷയം ഈ ഭരണഘടനയാലോ ഭരണഘടനപ്രകാരമോ ഗവർണ്ണർ സ്വവിവേകം ഉപയോഗിച്ച് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള ഒരു വിഷയം ആണോ അല്ലയോ എന്നതു സംബന്ധിച്ച് ഏതെങ്കിലും പ്രശ്നം ഉത്ഭവിച്ചാൽ, ഗവർണ്ണർ സ്വവിവേകം ഉപയോഗിച്ച് ചെയ്യുന്ന തീരുമാനം അന്തിമമായിരിക്കുന്നതും, ഗവർണ്ണർ ചെയ്യുന്ന എന്തിൻെറയെങ്കിലും സാധുത, അദ്ദേഹം സ്വവിവേകം ഉപയോഗിച്ച് ചെയ്യേണ്ടിയിരുന്നു എന്നോ ഇല്ലെന്നോ ഉള്ള കാരണത്തിൻമേൽ ചോദ്യം ചെയ്യപ്പെടുവാൻ പാടില്ലാത്തതുമാകുന്നു.

(3) മന്ത്രിമാർ, ഗവർണ്ണർക്ക് എന്തെങ്കിലും ഉപദേശം നൽകിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ എന്ത് ഉപദേശമാണ് നൽകിയതെന്നും ഉള്ള പ്രശ്നം ഏതെങ്കിലും കോടതിയിൽ അന്വേഷണ വിചാരണ ചെയ്യപ്പെടുവാൻ പാടുള്ളതല്ല.

**164. മന്ത്രിമാരെ സംബന്ധിച്ച മററു വ്യവസ്ഥകൾ**—(1) മുഖ്യമന്ത്രിയെ ഗവർണ്ണർ നിയമിക്കേണ്ടതും, മററു മന്ത്രിമാരെ മുഖ്യമന്ത്രിയുടെ ഉപദേശത്തിൻമേൽ ഗവർണ്ണർ നിയമിക്കേണ്ടതും, മന്ത്രിമാർ ഗവർണ്ണർക്ക് ഇഷ്ടമുള്ളിടത്തോളംകാലം ഉദ്യോഗം വഹിക്കുന്നതും ആകുന്നു:

എന്നാൽ, [1][ഛത്തീസ്ഗഡ്, ജാർഘണ്ഡ്,] മദ്ധ്യപ്രദേശ്, ഒറീസ്സാ എന്നീ സംസ്ഥാനങ്ങളിൽ ഗോത്രവർഗ്ഗക്കാരുടെ ക്ഷേമത്തിൻെറ ചുമതല വഹിക്കുവാൻ ഒരു മന്ത്രി ഉണ്ടായിരിക്കേണ്ടതും അദ്ദേഹത്തിന് പട്ടികജാതികളുടെയും പിന്നോക്കവിഭാഗങ്ങളുടെയും ക്ഷേമത്തിൻെറയോ മററ് ഏതെങ്കിലും ജോലിയുടെയോ ചുമതലകൂടി വഹിക്കാവുന്നതും ആകുന്നു.

[2][(1 ക) ഒരു സംസ്ഥാനത്തെ മന്ത്രിസഭയിലെ മന്ത്രിമാരുടെ ആകെ എണ്ണം മുഖ്യമന്ത്രി ഉൾപ്പെടെ, ആ സംസ്ഥാനത്തിന്റെ നിയമസഭയിലെ ആകെ അംഗങ്ങളുടെ പതിനഞ്ച് ശതമാനത്തിൽ കവിയാൻ പാടുള്ളതല്ല:

എന്നാൽ, ഒരു സംസ്ഥാനത്തെ മന്ത്രിമാരുടെ എണ്ണം മുഖ്യമന്ത്രി ഉൾപ്പെടെ, പന്ത്രണ്ടിൽ കുറയാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, ഭരണഘടന (തൊണ്ണൂറ്റി ഒന്നാം ഭേദഗതി) ആക്റ്റ്, 2003-ന്റെ പ്രാരംഭത്തിൽ ഏതെങ്കിലും സംസ്ഥാനത്തെ മന്ത്രിസഭയിലെ മന്ത്രിമാരുടെ ആകെ എണ്ണം മുഖ്യമന്ത്രി ഉൾപ്പെടെ, മേൽപ്പറഞ്ഞ പതിനഞ്ച് ശതമാനമോ അല്ലെങ്കിൽ ഒന്നാം പരിമിതി വ്യവസ്ഥയിൽ നിർദ്ദേശിച്ചിട്ടുള്ള എണ്ണത്തിലോ, അതതു സംഗതിപോലെ, കവിയുന്നിടത്ത് രാഷ്ട്രപതി പൊതുവിജ്ഞാപനം വഴി നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതി * മുതൽ ആറുമാസത്തിനുള്ളിൽ ആ സംസ്ഥാനത്തെ മന്ത്രിമാരുടെ ആകെ എണ്ണം ഈ ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് അനുരൂപമാക്കികൊണ്ടുവരേണ്ടതാണ്.

(1 ഖ) ഒരു സംസ്ഥാനത്തെ നിയമസഭയിലേയോ അല്ലെങ്കിൽ നിയമസമിതി ഉള്ള ഒരു സംസ്ഥാനത്തെ നിയമ നിർമ്മാണ മണ്ഡലത്തിലെ ഇരു സഭകളിലേതിലെങ്കിലും ഏതെങ്കിലും രാഷ്ട്രീയകക്ഷിയിൽപ്പെടുന്ന ഒരംഗം, പത്താം പട്ടികയിൽ 2-ാം ഖണ്ഡികയിൻകീഴിൽ ആ സഭയിലെ ഒരു അംഗമായിരിക്കുന്നതിന് അയോഗ്യനാക്കപ്പെട്ട ആ ആൾ, അദ്ദേഹം അയോഗ്യനായ തീയതിയുടെ പ്രാരംഭം മുതൽ അങ്ങനെയുള്ള അംഗമായുള്ള അദ്ദേഹത്തിന്റെ ഉദ്യോഗ കാലാവധി അവസാനിക്കുമായിരുന്ന തീയതിവരെയോ അല്ലെങ്കിൽ അങ്ങനെയുള്ള കാലാവധി അവസാനിക്കുന്നതിന് മുൻപ് സംസ്ഥാനത്തെ നിയമസഭയിലേക്കോ അല്ലെങ്കിൽ നിയമസമിതി ഉള്ള സംസ്ഥാനത്തെ നിയമ നിർമ്മാണ മണ്ഡലത്തിലെ ഇരു സഭകളിലേതിലേക്കെങ്കിലും ഏതെങ്കിലും തെരഞ്ഞെടുപ്പിൽ അദ്ദേഹം മത്സരിക്കുന്നപക്ഷം അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുന്ന തീയതിവരെയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത്, ആ കാലയളവ് വരെ, 1-ാം ഖണ്ഡത്തിൻ കീഴിൽ മന്ത്രിയായി നിയമിക്കപ്പെടുന്നതിനുംകൂടി അയോഗ്യനായിരിക്കുന്നതാണ്.]

(2) മന്ത്രിസഭ സംസ്ഥാനത്തെ നിയമസഭയോട് കൂട്ടായി ഉത്തരവാദപ്പെട്ടിരിക്കേണ്ടതാണ്.

(3) ഒരു മന്ത്രി, തൻെറ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുമ്പ്, ഗവർണ്ണർ അദ്ദേഹത്തെക്കൊണ്ട് ഉദ്യോഗത്തെയും, രഹസ്യപാലനത്തെയും സംബന്ധിക്കുന്ന ശപഥങ്ങൾ, അതിനുവേണ്ടി മൂന്നാംപട്ടികയിൽ കൊടുത്തിട്ടുള്ള ഫാറങ്ങളനുസരിച്ച്, ചെയ്യിക്കേണ്ടതാകുന്നു.

(4) തുടർച്ചയായുള്ള ഏതെങ്കിലും ആറുമാസക്കാലം സംസ്ഥാനത്ത നിയമനിർമ്മാണ മണ്ഡലത്തിലെ അംഗമല്ലാതിരിക്കുന്ന ഒരു മന്ത്രി ആ കാലത്തിൻെറ അവസാനം ഒരു മന്ത്രിയല്ലാതായി തീരുന്നതാണ്.

(5) മന്ത്രിമാരുടെ ശമ്പളങ്ങളും ബത്തകളും, സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം അപ്പോഴപ്പോൾ നിയമംവഴി നിശ്ചയിക്കുന്ന പ്രകാരത്തിലുള്ളവ ആയിരിക്കുന്നതും, ആ സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം അപ്രകാരം നിശ്ചയിക്കുന്നതുവരെ, രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ആയിരിക്കുന്നതും ആകുന്നു.

---

1. 2006-ലെ ഭരണഘടന (തൊണ്ണൂറ്റിനാലാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "ബീഹാർ" എന്നതിനു പകരം ചേർത്തത്.
2. 2003-ലെ ഭരണഘടന (തൊണ്ണൂറ്റിഒന്നാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ഉൾക്കൊള്ളിച്ചത്.
*. 7-1-2004: 7-1-2004-ലെ എസ്. ഒ. 21 (ങ) നമ്പർ വിജ്ഞാപന പ്രകാരം.

## സംസ്ഥാനത്തിൻെറ അഡ്വക്കേററ്-ജനറൽ

**165. സംസ്ഥാനത്തിൻെറ അഡ്വക്കേററ്-ജനറൽ**—(1) ഓരോ സംസ്ഥാനത്തിൻെറയും ഗവർണ്ണർ ഒരു ഹൈക്കോടതിയിലെ ജഡ്ജിയായി നിയമിക്കപ്പെടുവാൻ യോഗ്യതയുള്ള ഒരാളെ, ആ സംസ്ഥാനത്തിൻെറ അഡ്വക്കേററ്-ജനറലായി നിയമിക്കേണ്ടതാണ്.

(2) അഡ്വക്കേററ്-ജനറലിന് അപ്പോഴപ്പോൾ ഗവർണ്ണർ അയച്ചുകൊടുക്കുകയോ ഏൽപ്പിക്കുകയോ ചെയ്യുന്ന അങ്ങനെയുള്ള നിയമപരമായ വിഷയങ്ങളെക്കുറിച്ച് ആ സംസ്ഥാനത്തിൻെറ സർക്കാരിന് ഉപദേശം കൊടുക്കുകയും, നിയമ സ്വഭാവമുള്ള അത്തരം മററ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ഈ ഭരണഘടനയാലോ ഭരണഘടനപ്രകാരമോ ആ സമയം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമത്താലോ നിയമപ്രകാരമോ നൽകിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നത് അഡ്വക്കേററ്-ജനറലിൻെറ കർത്തവ്യമായിരിക്കുന്നതാണ്.

(3) അഡ്വക്കേററ്-ജനറൽ, ഗവർണ്ണർക്ക് ഇഷ്ടമുള്ളിടത്തോളംകാലം ഉദ്യോഗം വഹിക്കുന്നതും, ഗവർണ്ണർ നിശ്ചയിക്കുന്ന അങ്ങനെയുള്ള വേതനം അദ്ദേഹത്തിന് ലഭിക്കുന്നതും ആകുന്നു.

## സർക്കാർ കാര്യങ്ങളുടെ നടത്തിപ്പ്

**166. ഒരു സംസ്ഥാനത്തിലെ സർക്കാരിൻെറ കാര്യങ്ങളുടെ നടത്തിപ്പ്**—(1) ഒരു സംസ്ഥാനത്തിലെ സർക്കാരിൻെറ എല്ലാ നിർവ്വാഹകപ്രവൃത്തിയും ഗവർണ്ണറുടെ നാമത്തിൽ ചെയ്യുന്നതായി പ്രസ്താവിച്ചിരിക്കേണ്ടതാണ്.

(2) ഗവർണ്ണറുടെ നാമത്തിൽ ഉണ്ടാക്കുന്നതും ഒപ്പിട്ടു പൂർത്തീകരിക്കുന്നതുമായ ഉത്തരവുകളും മററ് പ്രമാണങ്ങളും, ഗവർണ്ണർ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ പ്രമാണീകരിക്കേണ്ടതും, അങ്ങനെ പ്രമാണീകരിച്ച ഒരു ഉത്തരവിൻെറയോ പ്രമാണത്തിൻെറയോ സാധുതയെ അത് ഗവർണ്ണർ ഉണ്ടാക്കിയതോ ഒപ്പിട്ട് പൂർത്തീകരിച്ചതോ ആയ ഒരു ഉത്തരവോ പ്രമാണമോ അല്ലെന്നുള്ള കാരണത്തിൻമേൽ ചോദ്യം ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

(3) സംസ്ഥാന സർക്കാരിൻെറ കാര്യങ്ങൾ കൂടുതൽ സുകരമായി നടത്തുന്നതിനും, ഈ ഭരണഘടനയാലോ ഭരണഘടനപ്രകാരമോ ഗവർണ്ണർ സ്വവിവേകം ഉപയോഗിച്ച് പ്രവർത്തിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ അല്ലാത്തിടത്തോളം, മേൽപ്പറഞ്ഞ കാര്യങ്ങൾ മന്ത്രിമാർക്കിടയിൽ വിഭജിച്ചു കൊടുക്കുന്നതിനും, ഗവർണ്ണർ ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ്.

[1] * * * * *

**167. ഗവർണ്ണർക്കു വിവരം നൽകുക മുതലായവ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ കർത്തവ്യങ്ങൾ**—താഴെപ്പറയുന്നവ ഓരോ സംസ്ഥാനത്തിൻെറയും മുഖ്യമന്ത്രിയുടെ കർത്തവ്യങ്ങളായിരിക്കുന്നതാണ്—

(ക) സംസ്ഥാനത്തിൻെറ കാര്യങ്ങളുടെ നിർവ്വഹണത്തെയും നിയമനിർമ്മാണത്തിനുള്ള നിർദ്ദേശങ്ങളെയും സംബന്ധിച്ചുള്ള മന്ത്രിസഭയുടെ എല്ലാ തീരുമാനങ്ങളും സംസ്ഥാനത്തിൻെറ ഗവർണ്ണറെ അറിയിക്കുക;

(ഖ) സംസ്ഥാനത്തിൻെറ കാര്യങ്ങളുടെ നിർവ്വഹണത്തെയും നിയമനിർമ്മാണത്തിനുള്ള നിർദ്ദേശങ്ങളെയും സംബന്ധിച്ച് ഗവർണ്ണർ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുക ;

(ഗ) ഗവർണ്ണർ അപ്രകാരം ആവശ്യപ്പെടുന്നുവെങ്കിൽ, ഒരു മന്ത്രി തീരുമാനമെടുത്തതും എന്നാൽ മന്ത്രിസഭ പരിഗണിച്ചിട്ടില്ലാത്തതുമായ ഏതെങ്കിലും വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കു സമർപ്പിക്കുക.

---

[1] (4)-ാം ഖണ്ഡം 1976-ലെ ഭരണഘടന (നാൽപ്പത്തി രണ്ടാം ഭേദഗതി) ആക്റ്റ്, 22-ാം വകുപ്പുപ്രകാരം ഉൾപ്പെടുത്തുകയും (3-1-1977 മുതൽ പ്രാബല്യം), 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 23-ാം വകുപ്പു പ്രകാരം വിട്ടുകളയുകയും ചെയ്തു (20-6-1979 മുതൽ പ്രാബല്യം).

## അദ്ധ്യായം III—സംസ്ഥാന നിയമനിർമ്മാണമണ്ഡലം

### സാമാന്യം

**168. സംസ്ഥാനങ്ങളിലെ നിയമനിർമ്മാണമണ്ഡലങ്ങളുടെ രൂപീകരണം**—(1) ഓരോ സംസ്ഥാനത്തിനും, ഗവർണ്ണറും,—

(ക) [1] *** ബീഹാർ, [2] *** [3-4] ***. [5] [മഹാരാഷ്ട്ര], [6] [കർണ്ണാടക], [7] *** [8] [ഉത്തർപ്രദേശ്] എന്നീ സംസ്ഥാനങ്ങളിൽ രണ്ടു സഭകളും;

(ഖ) മററു സംസ്ഥാനങ്ങളിൽ, ഒരു സഭയും,

അടങ്ങുന്ന ഒരു നിയമനിർമ്മാണമണ്ഡലം ഉണ്ടായിരിക്കേണ്ടതാണ്.

(2) ഒരു സംസ്ഥാനത്ത് നിയമനിർമ്മാണമണ്ഡലത്തിന് രണ്ടു സഭകളുള്ളിടത്ത് ഒന്ന് നിയമസമിതിയെന്നും മറേറത് നിയമസഭയെന്നും അറിയപ്പെടേണ്ടതും ഒരു സഭ മാത്രമുള്ളിടത്ത്, അത് നിയമസഭയെന്ന് അറിയപ്പെടേണ്ടതും ആകുന്നു.

**169. സംസ്ഥാനങ്ങളിൽ നിയമസമിതികൾ നിറുത്തലാക്കുകയോ സൃഷ്ടിക്കുകയോ ചെയ്യൽ**—(1) 168-ാം അനുച്ഛേദത്തിൽ എന്തു തന്നെ ആയിരുന്നാലും, പാർലമെൻറിന്, അങ്ങനെയുള്ള നിയമസമിതിയുള്ള ഒരു സംസ്ഥാനത്ത് ആ നിയമസമിതി നിറുത്തലാക്കുന്നതിനോ, അങ്ങനെയുള്ള നിയമസമിതിയില്ലാത്ത ഒരു സംസ്ഥാനത്ത് അങ്ങനെയുള്ള ഒരു സമിതി സൃഷ്ടിക്കുന്നതിനോ, ആ സംസ്ഥാനത്ത് നിയമസഭ ആകെയുള്ള അംഗങ്ങളുടെ ഭൂരിപക്ഷത്തോടും, ഹാജരാകുകയും, വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ടിൽ കുറയാത്ത ഭൂരിപക്ഷത്തോടും കൂടി ആ അർത്ഥത്തിൽ ഒരു പ്രമേയം പാസ്സാക്കുന്നു എങ്കിൽ, നിയമംവഴി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതു നിയമത്തിലും, ആ നിയമത്തിന്റെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുവാൻ വേണ്ടിടത്തോളം ഈ ഭരണഘടന ഭേദഗതി ചെയ്യേണ്ടതിലേക്കുള്ള വ്യവസ്ഥകൾ അടങ്ങിയിരിക്കേണ്ടതും, പാർലമെൻറ് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള അനുപൂരകവും സാന്ദർഭികവും അനന്തരഫലവും ആയ വ്യവസ്ഥകൾകൂടി അടങ്ങിയിരിക്കാവുന്നതും ആകുന്നു.

---

1. 1985-ലെ ആന്ധ്രപ്രദേശ് നിയമസമിതി (നിറുത്തലാക്കൽ) ആക്ററ്, 4-ാം വകുപ്പുപ്രകാരം "ആന്ധ്രപ്രദേശ് " എന്ന വാക്ക് വിട്ടുകളഞ്ഞു (1-6-1985 മുതൽ പ്രാബല്യം).
2. "ബോംബെ" എന്ന വാക്ക് 1960-ലെ ബോംബെ പുനഃസംഘടനാ ആക്ററ് (1960-ലെ 11) 20-ാം വകുപ്പുപ്രകാരം വിട്ടുകളഞ്ഞു (1-5-1960 മുതൽ പ്രാബല്യം).
3. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ് 8(2) വകുപ്പുപ്രകാരം "മദ്ധ്യപ്രദേശ് " എന്നീ വാക്കുകൾ ഈ ഉപഖണ്ഡത്തിൽ കൂട്ടിച്ചേർക്കുന്നതിന് തീയതി നിശ്ചയിച്ചിട്ടില്ല.
4. 1986-ലെ തമിഴ്നാട് നിയമസമിതി (നിറുത്തലാക്കൽ) ആക്ററ് (1986-ലെ 40) 4-ാം വകുപ്പുപ്രകാരം "തമിഴ്നാട് " എന്നീ വാക്കുകൾ വിട്ടുകളഞ്ഞു (1-11-1986 മുതൽ പ്രാബല്യം).
5. 1960-ലെ ബോംബെ പുനഃസംഘടനാ ആക്ററ് (1960-ലെ 11) 20-ാം വകുപ്പുപ്രകാരം ചേർത്തത് (1-5-1960 മുതൽ പ്രാബല്യം) .
6. 1973-ലെ മൈസൂർ സംസ്ഥാനം (പേരുമാററൽ) ആക്ററ് (1973-ലെ 31) 4-ാം വകുപ്പുപ്രകാരം 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 8(1) വകുപ്പുപ്രകാരം "മൈസൂർ " എന്നുചേർത്തിരുന്നതിനുപകരം ചേർത്തത് (1-11-1973 മുതൽ പ്രാബല്യം).
7. 1969-ലെ പഞ്ചാബ് നിയമസമിതി (നിറുത്തലാക്കൽ) ആക്ററ് (1969-ലെ 46) 4-ാം വകുപ്പുപ്രകാരം, "പഞ്ചാബ് "എന്ന വാക്ക് വിട്ടുകളഞ്ഞു (7-1-1970 മുതൽ പ്രാബല്യം).
8. 1969-ലെ പശ്ചിമ ബംഗാൾ നിയമസമിതി (നിറുത്തലാക്കൽ) ആക്ററ് (1969-ലെ 20) 4-ാം വകുപ്പുപ്രകാരം, "ഉത്തർപ്രദേശും പശ്ചിമ ബംഗാളും " എന്നിവയ്ക്ക് പകരം ചേർത്തത് (1-8-1969 മുതൽ പ്രാബല്യം).

(3) മേൽപ്പറഞ്ഞ പ്രകാരമുള്ള യാതൊരു നിയമവും 368-ാം അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക് ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതപ്പെടുന്നതല്ല.

[1][170. **നിയമസഭകളുടെ ഘടന**—(1) 333-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഓരോ സംസ്ഥാനത്തെയും നിയമസഭ ആ സംസ്ഥാനത്തിലെ പ്രാദേശിക നിയോജകമണ്ഡലങ്ങളിൽ നിന്ന് നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴി തെരഞ്ഞെടുക്കുന്ന അഞ്ഞൂറിൽ കവിയാതെയും അറുപതിൽ കുറയാതെയുമുള്ള, അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്.

(2) (1)-ാം ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക്, ഓരോ സംസ്ഥാനത്തെയും, ഓരോ നിയോജകമണ്ഡലത്തിലെ ജനസംഖ്യയും അതിന് തിരിച്ചുവച്ചിട്ടുള്ള സ്ഥാനങ്ങളുടെ സംഖ്യയും തമ്മിലുള്ള അംശബന്ധം, പ്രായോഗികമാകുന്നിടത്തോളം ആ സംസ്ഥാനത്ത് ഒട്ടാകെ ഒന്നുതന്നെ ആകത്തക്കവിധത്തിൽ, പ്രാദേശിക നിയോജകമണ്ഡലങ്ങളായി വിഭജിക്കേണ്ടതാണ്.

[2][*വിശദീകരണം*—ഈ ഖണ്ഡത്തിൽ "ജനസംഖ്യ" എന്നപദത്തിന്, പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള, ഒടുവിൽ കഴിഞ്ഞ കാനേഷുമാരിയിൽ തിട്ടപ്പെടുത്തിയ ജനസംഖ്യ എന്ന് അർത്ഥമാകുന്നു :

എന്നാൽ, പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒടുവിൽ കഴിഞ്ഞ കാനേഷുമാരിയെക്കുറിച്ചുള്ള ഈ വിശദീകരണത്തിലെ പരാമർശം [3][2026]-ാം ആണ്ടിനുശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിക്കുള്ള പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതുവരെ, [4][2001]-ലെ കാനേഷുമാരിയെക്കുറിച്ചുള്ള പരാമർശമായി കരുതേണ്ടതാണ്. ]

(3) ഓരോ കാനേഷുമാരിയും പൂർത്തിയാകുമ്പോൾ ഓരോ സംസ്ഥാനത്തെയും നിയമസഭയിലെ ആകെയുള്ള സ്ഥാനങ്ങളുടെ എണ്ണവും, ഓരോ സംസ്ഥാനവും പ്രാദേശിക നിയോജക മണ്ഡലങ്ങളായി വിഭജിച്ചിട്ടുള്ളതും, പാർലമെന്റ്, നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള അധികാര സ്ഥാനത്താലും അങ്ങനെയുള്ള രീതിയിലും പുനഃക്രമീകരിക്കപ്പെടേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള പുനഃക്രമീകരണം അപ്പോൾ നിലവിലുള്ള സഭയുടെ പിരിച്ചുവിടൽവരെ നിയമസഭയിലെ പ്രാതിനിധ്യത്തെ ബാധിക്കുന്നതല്ല:]

[5][എന്നുമാത്രമല്ല, അങ്ങനെയുള്ള പുനഃക്രമീകരണം, രാഷ്ട്രപതി ഉത്തരവുവഴി നിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതും, അങ്ങനെയുള്ള പുനഃക്രമീകരണം പ്രാബല്യത്തിൽ വരുന്നതു വരെ നിയമസഭയിലേക്കുള്ള ഏതു തെരഞ്ഞെടുപ്പും, അങ്ങനെയുള്ള പുനഃക്രമീകരണത്തിന് മുമ്പ് നിലവിലിരുന്ന പ്രാദേശിക നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ നടത്താവുന്നതും ആകുന്നു :

കൂടാതെ, [6][ഈ ഖണ്ഡപ്രകാരമുള്ള—

(i) 1971-ലെ കാനേഷുമാരി പുനഃക്രമീകരിച്ചിട്ടുള്ള ഓരോ സംസ്ഥാനത്തേയും നിയമസഭയിലെ ആകെയുള്ള സ്ഥാനങ്ങളുടെ എണ്ണവും;

(ii) [7][2001]-ലെ കാനേഷുമാരി അടിസ്ഥാനമാക്കി പുനഃക്രമീകരിച്ചേക്കാവുന്ന അങ്ങനെയുള്ള സംസ്ഥാനത്തെ പ്രാദേശിക നിയോജക മണ്ഡലങ്ങളായുള്ള വിഭജനവും] [3][2026]-ാം ആണ്ടിനുശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിക്കുള്ള പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതുവരെ, പുനഃക്രമീകരിക്കേണ്ട ആവശ്യം ഇല്ലാത്തതും ആകുന്നു.]

---

[1] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 9-ാം വകുപ്പുപ്രകാരം 170-ാം അനുച്ഛേദത്തിനുപകരം ചേർത്തത്.

[2] 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പുപ്രകാരം വിശദീകരണത്തിനുപകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

[3] 2001-ലെ ഭരണഘടന (എൺപത്തി നാലാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.

[4] 2003-ലെ ഭരണഘടന (എൺപത്തി ഏഴാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.

[5] 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് , 29-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

[6] 2001-ലെ ഭരണഘടന (എൺപത്തി നാലാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.

[7] 2003-ലെ ഭരണഘടന (എൺപത്തി ഏഴാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.

**171. നിയമസമിതികളുടെ ഘടന**—(1) നിയമസമിതിയുള്ള ഒരു സംസ്ഥാനത്ത്, ആ സമിതിയിലെ അംഗങ്ങളുടെ ആകെയുള്ള സംഖ്യ ആ സംസ്ഥാനത്തെ നിയമസഭയിലെ അംഗങ്ങളുടെ ആകെയുള്ള സംഖ്യയുടെ [1][മൂന്നിലൊന്നിൽ] കവിയുവാൻ പാടുള്ളതല്ല:

എന്നാൽ, ഒരു സംസ്ഥാനത്തെ നിയമസമിതിയിലുള്ള അംഗങ്ങളുടെ ആകെ സംഖ്യ ഒരു സംഗതിയിലും നാൽപ്പതിൽ കുറയുവാൻ പാടുള്ളതല്ല.

(2) പാർലമെൻറ് നിയമംവഴി മററു വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ, ഒരു സംസ്ഥാനത്തിലെ നിയമ സമിതിയുടെ ഘടന (3)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ആയിരിക്കേണ്ടതാണ്.

(3) ഒരു സംസ്ഥാനത്തിലെ നിയമസമിതിയിലെ അംഗങ്ങളുടെ ആകെ എണ്ണത്തിൽ-

(ക) മൂന്നിലൊന്നിനോട് കഴിയുന്നത്ര അടുത്തു വരുന്ന ഭാഗം, സംസ്ഥാനത്തെ മുനിസിപ്പാലിററികളിലെയും ജില്ലാ ബോർഡുകളിലെയും, പാർലമെൻറ് നിയമം വഴി നിർദ്ദേശിക്കുന്ന അങ്ങനെയുള്ള മററ് തദ്ദേശാധികാര സ്ഥാനങ്ങളിലെയും അംഗങ്ങൾ അടങ്ങുന്ന സമ്മതിദായക സംഘങ്ങൾ തെരഞ്ഞെടുക്കേണ്ടതും ;

(ഖ) പന്ത്രണ്ടിലൊന്നിനോട് കഴിയുന്നത്ര അടുത്തു വരുന്ന ഭാഗം, ആ സംസ്ഥാനത്തു താമസിക്കുന്നവരും ഭാരതത്തിൻെറ ഭൂപ്രദേശത്തുള്ള ഏതെങ്കിലും സർവ്വകലാശാലയിലെ ബിരുദധാരിയായി കുറഞ്ഞത് മൂന്നുവർഷം കഴിയുകയോ, പാർലമെൻറ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ അങ്ങനെയുള്ള ഏതെങ്കിലും സർവ്വകലാശാലയിലെ ഒരു ബിരുദധാരിയുടേതിന് തുല്യമായി നിർണ്ണയിച്ചിട്ടുള്ള യോഗ്യത ഉള്ളവരായി കുറഞ്ഞത് മൂന്നുവർഷം കഴിയുകയോ ചെയ്തിട്ടുള്ളവരും ആയ ആളുകൾ അടങ്ങുന്ന സമ്മതിദായക സംഘങ്ങൾ തെരഞ്ഞെടുക്കേണ്ടതും ;

(ഗ) പന്ത്രണ്ടിലൊന്നിനോട് കഴിയുന്നത്ര അടുത്തുവരുന്ന ഭാഗം, പാർലമെൻറ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ നിർണ്ണയിച്ചിട്ടുള്ള, ആ സംസ്ഥാനത്തെ ഒരു സെക്കൻഡറി വിദ്യാലയത്തേക്കാൾ താഴ്ന്ന നിലയിലുള്ളതല്ലാത്ത, അങ്ങനെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുറഞ്ഞതു മൂന്നു വർഷം അദ്ധ്യാപനത്തിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾ അടങ്ങുന്ന സമ്മതിദായക സംഘങ്ങൾ തെരഞ്ഞെടുക്കേണ്ടതും ;

(ഘ) മൂന്നിലൊന്നിനോട് കഴിയുന്നത്ര അടുത്തുവരുന്ന ഭാഗം, ആ സംസ്ഥാനത്തെ നിയമസഭയിലെ അംഗങ്ങൾ ആ സഭയിലെ അംഗങ്ങളല്ലാത്ത ആളുകളുടെ ഇടയിൽ നിന്ന് തെരഞ്ഞെടുക്കേണ്ടതും ;

(ങ) ബാക്കി , (5)-ാം ഖണ്ഡത്തിലെ വ്യവസ്ഥകളനുസരിച്ച് ഗവർണ്ണർ നാമനിർദ്ദേശം ചെയ്യേണ്ടതും,

ആകുന്നു.

(4) (3)-ാം ഖണ്ഡത്തിലെ (ക) യും (ഖ) യും (ഗ) യും ഉപഖണ്ഡങ്ങൾ പ്രകാരം തെരഞ്ഞെടുക്കേണ്ട അംഗങ്ങളെ പാർലമെൻറ് ഉണ്ടാക്കിയിട്ടുള്ള നിയമത്താലോ നിയമപ്രകാരമോ നിർണ്ണയിച്ചിട്ടുള്ള അങ്ങനെയുള്ള പ്രാദേശിക നിയോജക മണ്ഡലങ്ങളിൽ നിന്ന് തെരഞ്ഞെടുക്കേണ്ടതും മേൽപ്പറഞ്ഞ ഉപഖണ്ഡങ്ങൾ പ്രകാരവും മേൽപ്പറഞ്ഞ ഖണ്ഡത്തിലെ (ഘ) ഉപഖണ്ഡപ്രകാരവും ഉള്ള തെരഞ്ഞെടുപ്പുകൾ കൈമാററം ചെയ്യാവുന്ന ഒററവോട്ടുവഴി ആനുപാതിക പ്രാതിനിദ്ധ്യസമ്പ്രദായം അനുസരിച്ച് നടത്തേണ്ടതും ആകുന്നു.

(5) (3)-ാം ഖണ്ഡം (ങ) ഉപഖണ്ഡപ്രകാരം ഗവർണ്ണർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ, താഴെ ചേർത്തിട്ടുള്ളതുപോലെയുള്ള വിഷയങ്ങൾ സംബന്ധിച്ച് പ്രത്യേക ജ്ഞാനമോ പ്രായോഗിക പരിചയമോ ഉള്ള ആളുകൾ ആയിരിക്കേണ്ടതാണ്, അതായത്:—

സാഹിത്യം, ശാസ്ത്രം, കല, സഹകരണപ്രസ്ഥാനം, സാമൂഹ്യസേവനം.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്,10-ാം വകുപ്പു പ്രകാരം " നാലിലൊന്നിൽ " എന്നതിനു പകരം ചേർത്തത്.

**172. സംസ്ഥാന നിയമ നിർമ്മാണമണ്ഡലങ്ങളുടെ കാലാവധി**–(1) ഓരോ സംസ്ഥാനത്തെയും നിയമസഭ, നേരത്തെ പിരിച്ചുവിടാത്ത പക്ഷം, അതിൻെറ ഒന്നാമത്തെ യോഗം ചേരുന്നതിന് നിശ്ചയിച്ചിട്ടുള്ള തീയതി മുതൽ [1][അഞ്ചുവർഷത്തേക്ക്] എന്നാൽ ഒരിക്കലും, അതിൽ കവിയാതെ, തുടരുന്നതും മേൽപ്പറഞ്ഞ അഞ്ചുവർഷക്കാലം അവസാനിക്കുന്നത് സഭയുടെ ഒരു പിരിച്ചുവിടലായി തീരുന്നതും ആകുന്നു :

എന്നാൽ, ഒരു അടിയന്തിരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ, മേൽപ്പറഞ്ഞ കാലാവധി ഒരു തവണ ഒരു വർഷത്തിൽ കവിയാത്ത ഒരു കാലത്തേക്കും, യാതൊരുസംഗതിയിലും ആ വിളംബരം പ്രാബല്യത്തിൽ ഇല്ലാതായതിനുശേഷം ആറു മാസക്കാലത്തിൽ കവിയാതെയും, നിയമംവഴി പാർലമെൻറിന് ദീർഘിപ്പിക്കാവുന്നതാണ്.

(2) ഒരു സംസ്ഥാനത്തിലെ നിയമ സമിതി പിരിച്ചുവിടലിനു വിധേയമാകുന്നതല്ലാത്തതും, എന്നാൽ ഓരോ രണ്ടാം വർഷത്തിൻെറയും അവസാനത്തിൽ കഴിയുന്നതും വേഗം അതിലെ മൂന്നിലൊന്നിനോടു കഴിയുന്നിടത്തോളം അടുത്തുവരുന്നത്ര അംഗങ്ങൾ, പാർലമെൻറ് നിയമം വഴി അതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകളനുസരിച്ച്, സ്ഥാനം ഒഴിയേണ്ടതും ആകുന്നു.

**173. സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിലെ അംഗത്വത്തിന് വേണ്ട യോഗ്യത**–ഒരാൾ ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിലെ ഒരു സ്ഥാനം നികത്തുന്നതിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന്, ആ ആൾ—

[2][(ക) ഭാരതത്തിലെ ഒരു പൗരനായിരിക്കുകയും, തെരഞ്ഞെടുപ്പു കമ്മീഷൻ അതിനുവേണ്ടി അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആളുടെ മുമ്പാകെ മൂന്നാം പട്ടികയിൽ അതിനുവേണ്ടി ചേർത്തിട്ടുള്ള ഫാറം അനുസരിച്ച് ഒരു ശപഥമോ പ്രതിജ്ഞയോ ചെയ്തു ഒപ്പു വയ്ക്കുകയും ;]

(ഖ) നിയമസഭയിലെ ഒരു സ്ഥാനത്തിൻെറ സംഗതിയിൽ, ഇരുപത്തഞ്ച് വയസ്സിൽ കുറയാത്ത ആളും, നിയമ സമിതിയിലെ ഒരു സ്ഥാനത്തിൻെറ സംഗതിയിൽ, മുപ്പതു വയസ്സിൽ കുറയാത്ത ആളും ആയിരിക്കുകയും ;

(ഗ) പാർലമെൻറ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ അതിലേക്ക് നിർണ്ണയിച്ചിട്ടുള്ള വേറെ യോഗ്യതകൾ ഉള്ള ആളായിരിക്കുകയും,

ചെയ്യാത്തപക്ഷം യോഗ്യനായിരിക്കുന്നതല്ല.

[3][**174. സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിൻെറ സമ്മേളനങ്ങളും സമ്മേളനം അവസാനിപ്പിക്കലും പിരിച്ചു വിടലും**–(1) ഗവർണ്ണർ, സംസ്ഥാനത്തിൻെറ നിയമനിർമ്മാണ മണ്ഡലത്തിലെ സഭയെയോ സഭകളിൽ ഓരോന്നിനെയുമോ അപ്പോഴപ്പോൾ അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്ന സമയത്തും സ്ഥലത്തും യോഗം ചേരുന്നതിന് വിളിച്ചുകൂട്ടേണ്ടതും, എന്നാൽ അതിൻെറ ഒരു സമ്മേളനത്തിൻെറ അവസാനത്തെ ഉപവേശനത്തിനും അതിൻെറ അടുത്ത സമ്മേളനത്തിൻെറ ഒന്നാമത്തെ ഉപവേശനത്തിന് നിശ്ചയിക്കുന്ന തീയതിക്കും മദ്ധ്യേ ആറുമാസക്കാലത്തെ ഇട ഉണ്ടാകുവാൻ പാടില്ലാത്തതും ആകുന്നു.

(2) ഗവർണ്ണർക്ക് അപ്പോഴപ്പോൾ—

(ക) സഭയുടെയോ ഇരുസഭകളിൽ ഏതിൻെറയെങ്കിലുമോ സമ്മേളനം അവസാനിപ്പിക്കാവുന്നതും ;

(ഖ) നിയമസഭ പിരിച്ചുവിടാവുന്നതും,

ആകുന്നു.]

---

1. 1978-ലെ ഭരണ ഘടന (നാൽപ്പത്തി നാലാം ഭേദഗതി ) ആക്ററ്, 24-ാം വകുപ്പുപ്രകാരം "ആറുവർഷം" എന്നതിനു പകരം ചേർത്തത് (6-9-1979 മുതൽ പ്രാബല്യം). 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 30-ാം വകുപ്പുപ്രകാരം ആദ്യം ഉണ്ടായിരുന്ന "അഞ്ചുവർഷം" എന്ന വാക്കുകൾക്കുപകരം "ആറുവർഷം" എന്ന വാക്കുകൾ ചേർത്തു (3-1-1977 മുതൽ പ്രാബല്യം).

2. 1963-ലെ ഭരണഘടന (പതിനാറാം ഭേദഗതി) ആക്ററ്, 4-ാം വകുപ്പുപ്രകാരം (ക) ഖണ്ഡത്തിനുപകരം ചേർത്തത്.

3. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്ററ്, 8-ാം വകുപ്പുപ്രകാരം 174-ാം അനുച്ഛേദത്തിനു പകരം ചേർത്തത്.

**175. സഭയെയോ സഭകളെയോ അഭിസംബോധനം ചെയ്യുന്നതിനും അവയിലേക്ക് സന്ദേശങ്ങൾ അയയ്ക്കുന്നതിനും ഗവർണ്ണർക്കുള്ള അവകാശം**-(1) ഗവർണ്ണർക്ക് നിയമസഭയെയോ, ഒരു നിയമസമിതിയുള്ള സംസ്ഥാനത്തിന്റെ സംഗതിയിൽ, സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലത്തിന്റെ ഇരുസഭകളിൽ ഏതിനെയെങ്കിലുമോ, ഒന്നിച്ച് സമ്മേളിച്ചിട്ടുള്ള ഇരു സഭകളെയുമോ, അഭിസംബോധനം ചെയ്യാവുന്നതും, അതിനുവേണ്ടി അംഗങ്ങളോട് ഹാജരാകുവാൻ ആവശ്യപ്പെടാവുന്നതും ആകുന്നു.

(2) ഗവർണ്ണർക്ക്, സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിൽ അപ്പോൾ നിലവിലിരിക്കുന്ന ഒരു ബില്ലിനെ സംബന്ധിച്ചോ അല്ലാതെയോ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭയിലേക്കോ സഭകളിലേക്കോ സന്ദേശങ്ങൾ അയയ്ക്കാവുന്നതും അപ്രകാരം ഏതെങ്കിലും സന്ദേശം ഏത് സഭയ്ക്കാണോ അയയ്ക്കുന്നത് ആ സഭ, ആ സന്ദേശം വഴി പരിഗണനയ്ക്ക് എടുക്കണമെന്ന് ആവശ്യപ്പെടുന്ന ഏതു വിഷയവും സൗകര്യപ്പെടുന്നിടത്തോളം വേഗത്തിൽ പരിഗണിക്കേണ്ടതും ആകുന്നു.

**176. ഗവർണ്ണറുടെ വിശേഷാൽ അഭിസംബോധനം**—(1) [1][നിയമസഭയിലേക്കുള്ള ഓരോ പൊതു തെരഞ്ഞെടുപ്പിനും ശേഷമുള്ള ഒന്നാമത്തെ സമ്മേളനത്തിന്റെ തുടക്കത്തിലും, ഓരോ വർഷത്തെയും ഒന്നാമത്തെ സമ്മേളനത്തിന്റെ] തുടക്കത്തിലും, ഗവർണ്ണർ, നിയമസഭയേയോ, ഒരു നിയമ സമിതിയുള്ള സംസ്ഥാനത്തിന്റെ സംഗതിയിൽ, ഒന്നിച്ച് സമ്മേളിച്ചിട്ടുള്ള ഇരുസഭകളെയുമോ അഭിസംബോധനം ചെയ്യേണ്ടതും, നിയമനിർമ്മാണമണ്ഡലത്തെ, അതിനെ വിളിച്ചുകൂട്ടിയതിനുള്ള കാരണങ്ങൾ അറിയിക്കേണ്ടതും ആകുന്നു.

(2) അങ്ങനെയുള്ള അഭിസംബോധനത്തിൽ [2]*** പരാമർശിക്കുന്ന വിഷയങ്ങളുടെ ചർച്ചയ്ക്ക് സമയം തിരിച്ചു വയ്ക്കുന്നതിന് സഭയുടെയോ ഇരു സഭകളിൽ ഓരോന്നിന്റെയുമോ നടപടിക്രമം നിർണ്ണയിക്കുന്ന ചട്ടങ്ങൾ വഴി വ്യവസ്ഥ ചെയ്യേണ്ടതാണ്.

**177. സഭകളെ സംബന്ധിച്ച് മന്ത്രിമാരുടെയും അഡ്വക്കേറ്റ്-ജനറലിന്റെയും അവകാശങ്ങൾ**— ഓരോ മന്ത്രിക്കും ഒരു സംസ്ഥാനത്തിന്റെ അഡ്വക്കേറ്റ്–ജനറലിനും സംസ്ഥാനത്തെ നിയമസഭയിലോ, ഒരു നിയമസമിതിയുള്ള ഒരു സംസ്ഥാനത്തിന്റെ സംഗതിയിൽ ഇരു സഭകളിലുമോ സംസാരിക്കുവാനും അതിന്റെയോ അവയുടെയോ നടപടികളിൽ മററുവിധത്തിൽ പങ്കെടുക്കുവാനും, അദ്ദേഹം ഒരു അംഗമായി പേരു പറയപ്പെടാവുന്ന നിയമനിർമ്മാണമണ്ഡലത്തിലെ ഏതെങ്കിലും സമിതിയിൽ, സംസാരിക്കുവാനും അതിന്റെ നടപടികളിൽ മററുവിധത്തിൽ പങ്കെടുക്കുവാനും അവകാശം ഉണ്ടായിരിക്കുന്നതും, എന്നാൽ വോട്ടു ചെയ്യുന്നതിന് ഈ അനുച്ഛേദത്തിന്റെ ബലത്തിൽ അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

## *സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിലെ ഉദ്യോഗസ്ഥൻമാർ*

**178. നിയമസഭയുടെ സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും**—ഒരു സംസ്ഥാനത്തിലെ ഓരോ നിയമസഭയും ആ സഭയിലെ രണ്ട് അംഗങ്ങളെ കഴിയുന്നതും വേഗം, യഥാക്രമം അതിന്റെ സ്പീക്കറായും ഡെപ്യൂട്ടിസ്പീക്കറായും തെരഞ്ഞെടുക്കേണ്ടതും സ്പീക്കറുടെയോ ഡെപ്യൂട്ടി സ്പീക്കറുടെയോ ഉദ്യോഗം ഒഴിവാകുമ്പോഴെല്ലാം ആ സഭ മറെറാരംഗത്തെ സ്പീക്കറായോ ഡെപ്യൂട്ടി സ്പീക്കറായോ, അതതു സംഗതിപോലെ, തെരഞ്ഞെടുക്കേണ്ടതും ആകുന്നു.

**179. സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും ഉദ്യോഗത്തിൽ നിന്നു ഒഴിഞ്ഞുപോകുന്നതും രാജിവയ്ക്കുന്നതും നീക്കം ചെയ്യപ്പെടുന്നതും**—ഒരു നിയമസഭയുടെ സ്പീക്കറായോ ഡെപ്യൂട്ടി സ്പീക്കറായോ ഉദ്യോഗം വഹിക്കുന്ന ഒരംഗം—

(ക) അദ്ദേഹം ആ സഭയിലെ ഒരംഗമല്ലാതായിത്തീരുന്നുവെങ്കിൽ, തന്റെ ഉദ്യോഗം ഒഴിയേണ്ടതാണ്;

---

1 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 9-ാം വകുപ്പു പ്രകാരം "ഓരോ സമ്മേളനത്തിനും" എന്നതിനുപകരം ചേർത്തത്.

2 മേൽപ്പറഞ്ഞ ആക്ററും വകുപ്പും പ്രകാരം "സഭയുടെ മററു നടപടികളിൻമേലുള്ള അങ്ങനെയുള്ള ചർച്ചയുടെ കീഴ്വഴക്കത്തിനുവേണ്ടിയും" എന്നീ വാക്കുകൾ വിട്ടു കളഞ്ഞു.

(ഖ) അദ്ദേഹത്തിന് ഏതു സമയത്തും ആ അംഗം സ്പീക്കറാണെങ്കിൽ ഡെപ്യൂട്ടി സ്പീക്കറെയും, ആ അംഗം ഡെപ്യൂട്ടി സ്പീക്കറാണെങ്കിൽ സ്പീക്കറെയും, സംബോധനം ചെയ്ത്, സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്;

(ഗ) അദ്ദേഹത്തെ ആ സഭയിലെ അപ്പോഴുള്ള എല്ലാ അംഗങ്ങളുടെയും ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കുന്ന ആ സഭയുടെ ഒരു പ്രമേയം വഴി തന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, (ഗ) ഖണ്ഡത്തിന്റെ ആവശ്യത്തിനുള്ള യാതൊരു പ്രമേയവും, ആ പ്രമേയം അവതരിപ്പിക്കുന്നതിനുള്ള ഉദ്ദേശ്യത്തെക്കുറിച്ച് കുറഞ്ഞത് പതിന്നാലുദിവസത്തെ നോട്ടീസ് കൊടുത്തിട്ടില്ലാത്തപക്ഷം, അവതരിപ്പിക്കുവാൻ പാടുള്ളതല്ല :

എന്നുമാത്രമല്ല, ആ സഭ പിരിച്ചുവിടുമ്പോഴെല്ലാം, ആ പിരിച്ചുവിടലിനുശേഷമുള്ള നിയമസഭയുടെ ഒന്നാമത്തെ യോഗം ചേരുന്നതിന് തൊട്ടുമുമ്പുവരെ സ്പീക്കർ തന്റെ ഉദ്യോഗം ഒഴിയുവാൻ പാടുള്ളതല്ല.

**180. ഡെപ്യൂട്ടി സ്പീക്കർക്കോ മറ്റൊരാൾക്കോ സ്പീക്കറുടെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനോ സ്പീക്കറായി പകരം ജോലി നോക്കുവാനോ ഉള്ള അധികാരം**—(1) സ്പീക്കറുടെ ഉദ്യോഗം ഒഴിവായിരിക്കുമ്പോൾ ആ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ ഡെപ്യൂട്ടി സ്പീക്കറോ, ഡെപ്യൂട്ടി സ്പീക്കറുടെ ഉദ്യോഗവും ഒഴിവായിരിക്കുന്നുവെങ്കിൽ ആ ആവശ്യത്തിലേക്ക് ഗവർണ്ണർ നിയമിക്കുന്ന നിയമസഭയിലെ അങ്ങനെയുള്ള അംഗമോ, നിർവ്വഹിക്കേണ്ടതാണ്.

(2) നിയമസഭയുടെ ഏതെങ്കിലും ഉപവേശനത്തിൽ സ്പീക്കർ സന്നിഹിതനല്ലെങ്കിൽ ഡെപ്യൂട്ടി സ്പീക്കറോ, അദ്ദേഹവും സന്നിഹിതനല്ലെങ്കിൽ ആ സഭയുടെ നടപടിക്രമത്തെക്കുറിച്ചുള്ള ചട്ടങ്ങൾ വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ആളോ, അങ്ങനെയുള്ള യാതൊരാളും സന്നിഹിതനല്ലെങ്കിൽ ആ സഭ നിശ്ചയിക്കുന്ന മറ്റൊരാളോ സ്പീക്കറായി പകരം ജോലി നോക്കേണ്ടതാണ്.

**181. സ്പീക്കർ അല്ലെങ്കിൽ ഡെപ്യൂട്ടി സ്പീക്കർ, അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള ഒരു പ്രമേയം പരിഗണനയിലിരിക്കുമ്പോൾ, അദ്ധ്യക്ഷത വഹിച്ചുകൂടെന്ന്**—(1) നിയമസഭയുടെ ഏതെങ്കിലും ഉപവേശനത്തിൽ, സ്പീക്കറെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം പരിഗണനയിലിരിക്കുമ്പോൾ സ്പീക്കറോ, ഡെപ്യൂട്ടി സ്പീക്കറെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം പരിഗണനയിലിരിക്കുമ്പോൾ ഡെപ്യൂട്ടി സ്പീക്കറോ, അദ്ദേഹം സന്നിഹിതനാണെങ്കിലും, അദ്ധ്യക്ഷത വഹിക്കുവാൻ പാടില്ലാത്തതും, അങ്ങനെയുള്ള ഓരോ ഉപവേശനത്തിനും 180-ാം അനുച്ഛേദം (2)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ, സ്പീക്കറുടെയോ ഡെപ്യൂട്ടി സ്പീക്കറുടെയോ, അതതു സംഗതിപോലെ, അസാന്നിദ്ധ്യത്തിലുള്ള ഒരു ഉപവേശനം സംബന്ധിച്ച് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതും ആകുന്നു.

(2) സ്പീക്കറെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം നിയമസഭയിൽ പരിഗണനയിലിരിക്കുമ്പോൾ, ആ സഭയിൽ സംസാരിക്കുന്നതിനും മററു വിധത്തിൽ അതിന്റെ നടപടികളിൽ പങ്കെടുക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതും, 189-ാം അനുച്ഛേദത്തിൽ എന്തു തന്നെ ആയിരുന്നാലും, അങ്ങനെയുള്ള പ്രമേയത്തിൻമേലോ അങ്ങനെയുള്ള നടപടികൾക്കിടയിൽ മറേറതെങ്കിലും വിഷയത്തിൻമേലോ വോട്ടു ചെയ്യുവാനുള്ള അവകാശം, ആദ്യത്തെ പ്രാവശ്യം മാത്രം ഉണ്ടായിരിക്കുന്നതും എന്നാൽ വോട്ടുകൾ തുല്യമായി വരുന്ന സംഗതിയിൽ, ഇല്ലാതിരിക്കുന്നതും ആകുന്നു.

**182. നിയമസമിതിയുടെ അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും**—നിയമസമിതി ഉള്ള ഓരോ സംസ്ഥാനത്തേയും അങ്ങനെയുള്ള സമിതി, കഴിയുന്നതും വേഗം, ആ സമിതിയിലെ രണ്ട് അംഗങ്ങളെ യഥാക്രമം അതിന്റെ അദ്ധ്യക്ഷനായും ഉപാദ്ധ്യക്ഷനായും തെരഞ്ഞെടുക്കേണ്ടതും, അദ്ധ്യക്ഷന്റെയോ ഉപാദ്ധ്യക്ഷന്റെയോ ഉദ്യോഗം ഒഴിവാകുമ്പോഴെല്ലാം സമിതി മറ്റൊരംഗത്തെ, അദ്ധ്യക്ഷനായോ ഉപാദ്ധ്യക്ഷനായോ, അതതുസംഗതിപോലെ, തെരഞ്ഞെടുക്കേണ്ടതും ആകുന്നു.

**183. അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും ഉദ്യോഗം ഒഴിഞ്ഞുപോകുന്നതും രാജിവയ്ക്കുന്നതും നീക്കം ചെയ്യപ്പെടുന്നതും**—ഒരു നിയമസമിതിയുടെ അദ്ധ്യക്ഷനായോ ഉപാദ്ധ്യക്ഷനായോ ഉദ്യോഗം വഹിക്കുന്ന ഒരംഗം—

(ക) അദ്ദേഹം ആ സമിതിയിലെ ഒരംഗമല്ലാതായിത്തീരുന്നുവെങ്കിൽ, തന്റെ ഉദ്യോഗം ഒഴിയേണ്ടതാണ് ;

(ഖ) അദ്ദേഹത്തിന്, ഏത് സമയത്തും ആ അംഗം അദ്ധ്യക്ഷനാണെങ്കിൽ ഉപാദ്ധ്യക്ഷനെയും, ആ അംഗം ഉപാദ്ധ്യക്ഷനാണെങ്കിൽ അദ്ധ്യക്ഷനെയും, സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്;

(ഗ) അദ്ദേഹത്തെ ആ സമിതിയിലെ അപ്പോഴുള്ള എല്ലാ അംഗങ്ങളുടെയും ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കുന്ന ആ സമിതിയുടെ ഒരു പ്രമേയംവഴി തന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ് :

എന്നാൽ, (ഗ) ഖണ്ഡത്തിന്റെ ആവശ്യത്തിനുള്ള യാതൊരു പ്രമേയവും, ആ പ്രമേയം അവതരിപ്പിക്കാനുള്ള ഉദ്ദേശ്യത്തെക്കുറിച്ച് കുറഞ്ഞത് പതിന്നാലു ദിവസത്തെ നോട്ടീസ് കൊടുത്തിട്ടില്ലാത്തപക്ഷം അവതരിപ്പിക്കുവാൻ പാടുള്ളതല്ല.

**184. ഉപാദ്ധ്യക്ഷനോ മറ്റൊരാൾക്കോ അദ്ധ്യക്ഷന്റെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനോ അദ്ധ്യക്ഷനായി പകരം ജോലി നോക്കുവാനോ ഉള്ള അധികാരം**—(1) അദ്ധ്യക്ഷന്റെ ഉദ്യോഗം ഒഴിവായിരിക്കുമ്പോൾ ആ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ ഉപാദ്ധ്യക്ഷനോ, ഉപാദ്ധ്യക്ഷന്റെ ഉദ്യോഗവും ഒഴിവായിരിക്കുന്നുവെങ്കിൽ ആ ആവശ്യത്തിലേക്ക് ഗവർണ്ണർ നിയമിക്കുന്ന ആ നിയമസമിതിയിലെ അങ്ങനെയുള്ള അംഗമോ നിർവ്വഹിക്കേണ്ടതാണ്.

(2) നിയമസമിതിയുടെ ഏതെങ്കിലും ഉപവേശനത്തിൽ അദ്ധ്യക്ഷൻ സന്നിഹിതനല്ലെങ്കിൽ ഉപാദ്ധ്യക്ഷനോ, അദ്ദേഹവും സന്നിഹിതനല്ലെങ്കിൽ ആ സമിതിയുടെ നടപടിക്രമത്തെക്കുറിച്ചുള്ള ചട്ടങ്ങൾ വഴി നിശ്ചയിക്കുന്ന അങ്ങനെയുള്ള ആളോ, അങ്ങനെയുള്ള യാതൊരാളും സന്നിഹിതനല്ലെങ്കിൽ ആ സമിതി നിശ്ചയിക്കുന്ന മറ്റൊരാളോ, അദ്ധ്യക്ഷനായി പകരം ജോലി നോക്കേണ്ടതാണ്.

**185. അദ്ധ്യക്ഷൻ അല്ലെങ്കിൽ ഉപാദ്ധ്യക്ഷൻ, അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള ഒരു പ്രമേയം പരിഗണനയിലിരിക്കുമ്പോൾ, അദ്ധ്യക്ഷതവഹിച്ചുകൂടെന്ന്**—(1) നിയമസമിതിയുടെ ഏതെങ്കിലും ഉപവേശനത്തിൽ, അദ്ധ്യക്ഷനെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം പരിഗണനയിലിരിക്കുമ്പോൾ അദ്ധ്യക്ഷനോ, ഉപാദ്ധ്യക്ഷനെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം പരിഗണനയിലിരിക്കുമ്പോൾ ഉപാദ്ധ്യക്ഷനോ, അദ്ദേഹം സന്നിഹിതനാണെങ്കിലും, അദ്ധ്യക്ഷത വഹിക്കുവാൻ പാടില്ലാത്തതും, അങ്ങനെയുള്ള ഓരോ ഉപവേശനത്തിനും 184-ാം അനുച്ഛേദം (2)-ാം ഖണ്ഡത്തിലുള്ള വ്യവസ്ഥകൾ, അദ്ധ്യക്ഷന്റെയോ ഉപാദ്ധ്യക്ഷന്റെയോ, അതതുസംഗതിപോലെ, അസാന്നിദ്ധ്യത്തിലുള്ള ഒരു ഉപവേശനംസംബന്ധിച്ച് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതും ആകുന്നു.

(2) അദ്ധ്യക്ഷന്, അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം നിയമസമിതിയിൽ പരിഗണനയിലിരിക്കുമ്പോൾ, ആ സമിതിയിൽ സംസാരിക്കുന്നതിനും മററു വിധത്തിൽ അതിന്റെ നടപടികളിൽ പങ്കെടുക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതും, 189-ാം അനുച്ഛേദത്തിൽ എന്തുതന്നെയായിരുന്നാലും അങ്ങനെയുള്ള പ്രമേയത്തിൻമേലോ അങ്ങനെയുള്ള നടപടികൾക്കിടയിൽ മറേറതെങ്കിലും വിഷയത്തിൻമേലോ വോട്ടുചെയ്യുവാനുള്ള അവകാശം, ആദ്യത്തെ പ്രാവശ്യം മാത്രം ഉണ്ടായിരിക്കുന്നതും, എന്നാൽ വോട്ടുകൾ തുല്യമായി വരുന്ന സംഗതിയിൽ, ഇല്ലാതിരിക്കുന്നതും ആകുന്നു.

**186. സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും അദ്ധ്യക്ഷൻെറയും ഉപാദ്ധ്യക്ഷൻെറയും ശമ്പളങ്ങളും ബത്തകളും**—നിയമസഭയുടെ സ്പീക്കർക്കും ഡെപ്യൂട്ടി സ്പീക്കർക്കും നിയമസമിതിയുടെ അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം നിയമം വഴി യഥാക്രമം നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ശമ്പളങ്ങളും ബത്തകളും, അതിലേക്ക് അപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള ശമ്പളങ്ങളും ബത്തകളും കൊടുക്കേണ്ടതാണ്.

**187. സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിൻെറ സെക്രട്ടേറിയററ്**—(1) ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയ്ക്കോ അഥവാ ഓരോ സഭയ്ക്കുമോ വെവ്വേറെ സെക്രട്ടറിയേററ് ഉദ്യോഗസ്ഥഗണം ഉണ്ടായിരിക്കേണ്ടതാണ് :

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും നിയമസമിതിയുള്ള ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ സംഗതിയിൽ, അങ്ങനെയുള്ള നിയമനിർമ്മാണമണ്ഡലത്തിൻെറ ഇരു സഭകൾക്കും പൊതുവായി തസ്തികകൾ സൃഷ്ടിക്കുന്നതിനെ തടയുന്നതായി കരുതാൻ പാടുള്ളതല്ല.

(2) ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിന് ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയുടെയോ സഭകളുടെയോ സെക്രട്ടേറിയററ് ഉദ്യോഗ ഗണത്തിലേക്ക് ആൾ ചേർക്കലും, അതിലേക്ക് നിയമിക്കുന്നവരുടെ സേവനവ്യവസ്ഥകളും, നിയമം വഴി ക്രമപ്പെടുത്താവുന്നതാണ് .

(3) സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം (2)-ാം ഖണ്ഡപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ, നിയമസഭയുടെ സ്പീക്കറോട് അല്ലെങ്കിൽ നിയമസമിതിയുടെ അദ്ധ്യക്ഷനോട്, അതതു സംഗതിപോലെ, ആലോചിച്ചതിനുശേഷം ഗവർണ്ണർക്ക് ആ സഭയുടെയോ ആ സമിതിയുടെയോ സെക്രട്ടേറിയററ് ഉദ്യോഗസ്ഥഗണത്തിലേക്ക് ആൾ ചേർക്കലും അതിലേക്ക് നിയമിക്കുന്നവരുടെ സേവന വ്യവസ്ഥകളും ക്രമപ്പെടുത്തുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും, അങ്ങനെ ഉണ്ടാക്കുന്ന ഏതു ചട്ടത്തിനും മേൽപ്പറഞ്ഞ ഖണ്ഡപ്രകാരം ഉണ്ടാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു.

## കാര്യങ്ങളുടെ നടത്തിപ്പ്

**188. അംഗങ്ങളുടെ ശപഥം അഥവാ പ്രതിജ്ഞ**— ഒരു സംസ്ഥാനത്തിൻെറ നിയമസഭയിലെയോ നിയമ സമിതിയിലെയോ ഓരോ അംഗവും തൻെറ സ്ഥാനം സ്വീകരിക്കുന്നതിന് മുമ്പ് ഗവർണ്ണറുടെയോ അദ്ദേഹം അതിലേക്ക് നിയമിക്കുന്ന ആളുടെയോ മുമ്പാകെ മൂന്നാം പട്ടികയിൽ അതിനുവേണ്ടി കൊടുത്തിട്ടുള്ള ഫാറം അനുസരിച്ച് ഒരു ശപഥം അഥവാ പ്രതിജ്ഞ ചെയ്ത് ഒപ്പ് വയ്ക്കേണ്ടതാണ്.

**189. സഭകളിൽ വോട്ടു ചെയ്യലും ഒഴിവുകളുണ്ടായിരുന്നാലും പ്രവർത്തിക്കുവാൻ സഭയ്ക്കുള്ള അധികാരവും കോറവും**—(1) ഈ ഭരണഘടനയിൽ മററുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളപ്പോൾ ഒഴികെ, ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിലെ ഒരു സഭയുടെ ഏതെങ്കിലും ഉപവേശനത്തിൽ, വരുന്ന എല്ലാ പ്രശ്നങ്ങളും, സ്പീക്കറോ അല്ലെങ്കിൽ അദ്ധ്യക്ഷനോ അഥവാ ആ നിലയിൽ പകരം ജോലിനോക്കുന്ന ആളോ അല്ലാതെ, ഹാജരാകുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ വോട്ടുകളുടെ ഭൂരിപക്ഷം കൊണ്ട് തീരുമാനിക്കേണ്ടതാണ്.

സ്പീക്കറോ അദ്ധ്യക്ഷനോ അല്ലെങ്കിൽ അങ്ങനെ പകരം ജോലിനോക്കുന്ന ആളോ ആദ്യവസരത്തിൽ വോട്ടു ചെയ്യുവാൻ പാടില്ലാത്തതും, എന്നാൽ വോട്ടുകളുടെ തുല്യതയുടെ സംഗതിയിൽ ഒരു നിർണ്ണായക വോട്ട് ഉണ്ടായിരിക്കുന്നതും അത് പ്രയോഗിക്കേണ്ടതും ആകുന്നു.

(2) ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിലെ ഒരു സഭയ്ക്ക് അതിൻെറ അംഗങ്ങളുടെ സ്ഥാനങ്ങളിൽ ഏതെങ്കിലും ഒഴിവ് ഉണ്ടായിരുന്നാൽ തന്നെയും പ്രവർത്തിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതും, സഭയിൽ ഇരിക്കുകയോ വോട്ടു ചെയ്യുകയോ നടപടികളിൽ മററുവിധത്തിൽ പങ്കെടുക്കുകയോ ചെയ്യുവാൻ അവകാശമില്ലാതിരുന്ന ആരെങ്കിലും അപ്രകാരം ചെയ്തതായി പിന്നീട് വെളിപ്പെട്ടു എന്നിരുന്നാലും ഒരു സംസ്ഥാനത്തിൻെറ നിയമ നിർമ്മാണമണ്ഡലത്തിലെ ഏതു നടപടിയും സാധുവായിരിക്കുന്നതും ആകുന്നു.

(3) ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം നിയമം വഴി മററുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ ആ സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിൻെറ ഒരു സഭയുടെ ഒരു യോഗം ചേരുന്നതിന് ആവശ്യമുള്ള കോറം, പത്ത് അംഗങ്ങൾ അല്ലെങ്കിൽ ആ സഭയിലെ അംഗങ്ങളുടെ ആകെ സംഖ്യയുടെ പത്തിലൊന്ന് ഇവയിൽ ഏതാണോ കൂടുതൽ അത് ആയിരിക്കുന്നതാണ്.

(4) ഒരു സംസ്ഥാനത്തിൻെറ നിയമസഭയുടെയോ നിയമ സമിതിയുടെയോ ഒരു യോഗത്തിനിടയ്ക്ക് ഏതെങ്കിലും സമയത്ത് കോറം ഇല്ലാതെ വന്നാൽ സഭ നീട്ടിവയ്ക്കുകയോ കോറം ഉണ്ടാകുന്നതുവരെ ആ യോഗം നിറുത്തിവയ്ക്കുകയോ ചെയ്യുന്നത് സ്പീക്കറുടെയോ അദ്ധ്യക്ഷൻെറയോ അല്ലെങ്കിൽ ആ നിലയിൽ പകരം ജോലിനോക്കുന്ന ആളുടെയോ കർത്തവ്യമായിരിക്കുന്നതാണ്.

## അംഗങ്ങളുടെ അയോഗ്യതകൾ

**190. സ്ഥാനങ്ങൾ ഒഴിവാക്കൽ**—(1) യാതൊരാളും ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണ മണ്ഡലത്തിൻെറ ഇരു സഭകളിലും അംഗമായിരിക്കുവാൻ പാടില്ലാത്തതും, ഇരുസഭകളിലെയും അംഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ ഒരു സഭയിൽ അല്ലെങ്കിൽ മറേറ സഭയിൽ ഉള്ള അയാളുടെ സ്ഥാനം ഒഴിയുന്നതിന് ആ സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം നിയമം വഴി വ്യവസ്ഥ ചെയ്യേണ്ടതും ആകുന്നു.

(2) യാതൊരാളും ഒന്നാംപട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള രണ്ടോ അതിലധികമോ സംസ്ഥാനങ്ങളുടെ നിയമനിർമ്മാണമണ്ഡലങ്ങളിൽ അംഗമായിരിക്കുവാൻ പാടില്ലാത്തതും, ഒരാൾ അങ്ങനെയുള്ള രണ്ടോ അതിലധികമോ സംസ്ഥാനങ്ങളുടെ നിയമനിർമ്മാണമണ്ഡലങ്ങളിൽ അംഗമായി തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ, രാഷ്ട്രപതി ഉണ്ടാക്കുന്ന ചട്ടങ്ങളിൽ* നിർദ്ദേശിച്ചിട്ടുള്ള കാലാവധിയുടെ അവസാനം ആ സംസ്ഥാനങ്ങളിൽ ഒന്നിലൊഴികെയുള്ള നിയമനിർമ്മാണ മണ്ഡലങ്ങളിലെ അയാളുടെ സ്ഥാനം അതിന് മുമ്പ് രാജിവച്ചിട്ടില്ലാത്തപക്ഷം,അങ്ങനെയുള്ള എല്ലാ സംസ്ഥാന നിയമനിർമ്മാണമണ്ഡലങ്ങളിലെയും ആ ആൾക്കുള്ള സ്ഥാനം ഒഴിവാകുന്നതും ആകുന്നു.

(3) ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിൻെറ ഒരു സഭയിലെ ഒരംഗം—

(ക) [1][191-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലോ (2)-ാംഖണ്ഡത്തിലോ] പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനാകുകയോ;

[2][(ഖ) സ്പീക്കറെയോ അദ്ധ്യക്ഷനെയോ, അതതു സംഗതിപോലെ, സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തൻെറ സ്ഥാനം രാജിവയ്ക്കുകയും, അദ്ദേഹത്തിന്റെ രാജി സ്പീക്കറോ അദ്ധ്യക്ഷനോ, അതതുസംഗതി പോലെ, സ്വീകരിക്കുകയും ചെയ്യുകയോ,]

ചെയ്താൽ, അദ്ദേഹത്തിൻെറ സ്ഥാനം അപ്പോൾ ഒഴിവാകുന്നതാണ്:

[3][എന്നാൽ, (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും രാജിയുടെ സംഗതിയിൽ, കിട്ടിയ വിവരത്തിൽ നിന്നും മററു വിധത്തിലും, തനിക്കു യുക്തമെന്നു തോന്നുന്ന അന്വേഷണ വിചാരണ ചെയ്തതിനുശേഷവും, സ്പീക്കർക്കോ അദ്ധ്യക്ഷനോ, അതതു സംഗതിപോലെ, അങ്ങനെയുള്ള രാജി സ്വേച്ഛയാ ഉള്ളതോ യഥാർത്ഥമായതോ അല്ലെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അങ്ങനെയുള്ള രാജി സ്വീകരിക്കാൻ പാടുള്ളതല്ല.]

---

*. നിയമമന്ത്രാലയത്തിൻെറ 1950 ജനുവരി 26-ാം തീയതിയിലെ എഫ്. 46/50-സി, നമ്പർ വിജ്ഞാപനം ഭാരതഗസററ് അസാധാരണം പേജ് 678-ൽ പ്രസിദ്ധീകരിച്ച 1950-ലെ ഒരേ സമയത്തുള്ള അംഗത്വം നിരോധിക്കൽ ചട്ടങ്ങൾ കാണുക.

1. 1985-ലെ ഭരണഘടന ( അൻപത്തിരണ്ടാം ഭേദഗതി) ആക്ററ്, 4-ാം വകുപ്പു പ്രകാരം "191-ാം അനുച്ഛേദത്തിൻെറ(1)-ാം ഖണ്ഡത്തിനു" പകരം ചേർത്തത് (1-3-1985 മുതൽ പ്രാബല്യം).

2. 1974-ലെ ഭരണ ഘടന (മുപ്പത്തിമൂന്നാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം (ഖ) ഖണ്ഡത്തിനുപകരം ചേർത്തത്.

3. മേൽപ്പറഞ്ഞ ആക്ററ്, 3-ാം വകുപ്പുപ്രകാരം ചേർത്തത്.

(4) ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിൻെറ ഒരു സഭയിലെ ഒരംഗം ആ സഭയുടെ അനുവാദം കൂടാതെ അതിൻെറ എല്ലാ യോഗങ്ങളിലും അറുപത് ദിവസക്കാലത്തേക്ക് അസന്നിഹിതനായിരുന്നാൽ ആ സഭയ്ക്ക് ആ ആളുടെ സ്ഥാനം ഒഴിവായതായി പ്രഖ്യാപിക്കാവുന്നതാണ്:

എന്നാൽ, മേൽപ്പറഞ്ഞ അറുപത് ദിവസക്കാലം കണക്കാക്കുമ്പോൾ ആ സഭയുടെ സമ്മേളനം അവസാനിച്ചിരുന്നതോ തുടർച്ചയായി നാലുദിവസത്തിലധികം നീട്ടിവച്ചിരുന്നതോ ആയ കാലം കണക്കിലെടുക്കുവാൻ പാടുള്ളതല്ല.

**191. അംഗത്വത്തിനുള്ള അയോഗ്യതകൾ**—(1) ഒരു സംസ്ഥാനത്തിൻെറ നിയമസഭയിലെയോ നിയമസമിതിയിലെയോ ഒരംഗമായി തെരഞ്ഞെടുക്കപ്പെടുവാനും ഒരംഗമായിരിക്കുവാനും—

(ക) ഭാരതസർക്കാരിൻെറയോ ഒന്നാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും സംസ്ഥാനത്തെ സർക്കാരിൻെറയോ കീഴിൽ ഏതു ഉദ്യോഗം വഹിക്കുന്ന ആളെ ആണോ അയോഗ്യനാക്കുകയില്ലെന്ന് ആ സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം നിയമം വഴി പ്രഖ്യാപിച്ചിട്ടുള്ളത്, അങ്ങനെയുള്ള ഒരു ഉദ്യോഗമല്ലാതെ ആദായകരമായ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ;

(ഖ) ചിത്തഭ്രമമുള്ള ആളായിരിക്കുകയും, ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിച്ചിരിക്കുകയും ചെയ്യുകയോ ;

(ഗ) ഒരു അവിമുക്ത നിർദ്ധനനായിരിക്കുകയോ;

(ഘ) ഭാരതത്തിലെ ഒരു പൗരനല്ലാതിരിക്കുകയോ, ഒരു വിദേശരാഷ്ട്രത്തിൽ പൗരത്വം സ്വമേധയാ ആർജ്ജിച്ചിരിക്കുകയോ ഒരു വിദേശരാഷ്ട്രത്തോടു കൂറോ വിധേയത്വമോ ഏതെങ്കിലും തരത്തിൽ അംഗീകരിച്ചിരിക്കുകയോ;

(ങ) പാർലമെൻറ് ഉണ്ടാക്കിയ ഏതെങ്കിലും നിയമംവഴിയോ നിയമപ്രകാരമോ അപ്രകാരം അയോഗ്യനാക്കിയിരിക്കുകയോ,

ചെയ്യുന്ന ഒരാൾ അയോഗ്യനാകുന്നതാണ്.

[1][*വിശദീകരണം*—ഈ ഖണ്ഡത്തിൻെറ ആവശ്യങ്ങൾക്ക്], യൂണിയൻെറയോ ഒന്നാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും സംസ്ഥാനത്തിൻെറയോ ഒരു മന്ത്രിയാണെന്നുള്ള കാരണത്താൽ മാത്രം ഒരാൾ ഭാരതസർക്കാരിൻെറയോ അഥവാ അങ്ങനെയുള്ള സംസ്ഥാന സർക്കാരിൻെറയോ കീഴിൽ ആദായകരമായ ഒരു ഉദ്യോഗം വഹിക്കുന്നതായി കരുതപ്പെടുന്നതല്ല.

[2][(2) ഒരു സംസ്ഥാനത്തിൻെറ നിയമസഭയിലോ നിയമസമിതിയിലോ ഒരു അംഗമായിരിക്കുന്നതിന് പത്താം പട്ടിക പ്രകാരം അയോഗ്യത കൽപ്പിച്ചിട്ടുള്ള ഒരാൾക്ക് അപ്രകാരം അംഗമായിരിക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.]

[3][**192. അംഗങ്ങളുടെ അയോഗ്യതകൾ സംബന്ധിച്ച പ്രശ്നങ്ങളിൻമേലുള്ള തീരുമാനം**—(1) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയിലെ ഒരംഗം 191-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയമായിട്ടുണ്ടോ എന്നതിനെക്കുറിച്ച് ഏതെങ്കിലും പ്രശ്നം ഉത്ഭവിക്കുന്നുവെങ്കിൽ, ആ പ്രശ്നം ഗവർണ്ണറുടെ തീരുമാനത്തിന് അയച്ചുകൊടുക്കേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.

1. 1985-ലെ ഭരണഘടന (അൻപത്തി രണ്ടാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം "(2) ഈ അനുച്ഛേദത്തിൻെറ ആവശ്യങ്ങൾക്ക് " എന്നതിന് പകരം ചേർത്തത് (1-3-1985 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം ചേർത്തത് (1-3-1985 മുതൽ പ്രാബല്യം).
3. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 33-ാം വകുപ്പും (3-1-1977 മുതൽ പ്രാബല്യം), 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 25-ാം വകുപ്പും പ്രകാരം 192-ാം അനുച്ഛേദം അനുക്രമമായി മുകളിൽ വായിക്കുന്ന പ്രകാരം പകരം ചേർത്തു (20-6-1979 മുതൽ പ്രാബല്യം).

(2) അങ്ങനെയുള്ള ഏതെങ്കിലും പ്രശ്നത്തിൻമേൽ ഏതെങ്കിലും തീരുമാനം നൽകുന്നതിനു മുമ്പ്, ഗവർണ്ണർ തെരഞ്ഞെടുപ്പുകമ്മീഷന്റെ അഭിപ്രായം നേടേണ്ടതും അങ്ങനെയുള്ള അഭിപ്രായം അനുസരിച്ച് പ്രവർത്തിക്കേണ്ടതും ആകുന്നു.]

**193. 188-ാം അനുച്ഛേദപ്രകാരമുള്ള ശപഥമോ പ്രതിജ്ഞയോ ചെയ്യുന്നതിനു മുമ്പോ, യോഗ്യത ഇല്ലാതിരിക്കുമ്പോഴോ, അയോഗ്യനായിരിക്കുമ്പോഴോ ഉപവേശിക്കുന്നതിനും വോട്ടു ചെയ്യുന്നതിനുമുള്ള ശിക്ഷ**—ഒരാൾ 188-ാം അനുച്ഛേദത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച് പ്രവർത്തിക്കുന്നതിനു മുമ്പായോ, ഒരു സംസ്ഥാനത്തിന്റെ നിയമസഭയിലെയോ നിയമസമിതിയിലെയോ അംഗത്വത്തിന് താൻ യോഗ്യനല്ലെന്നോ അയോഗ്യനാണെന്നോ പാർലമെന്റോ ആ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലമോ ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾവഴി, തന്നെ അങ്ങനെയുള്ള അംഗമെന്ന നിലയിൽ ഉപവേശിക്കുകയോ വോട്ടു ചെയ്യുകയോ ചെയ്യുന്നതിൽനിന്ന് നിരോധിച്ചിട്ടുണ്ടെന്നോ അറിഞ്ഞിരിക്കുമ്പോഴോ, ആ സംസ്ഥാനത്തെ നിയമസഭയിലെയോ നിയമസമിതിയിലെയോ അംഗമെന്ന നിലയിൽ ഉപവേശിക്കുകയോ വോട്ടു ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ, അപ്രകാരം താൻ ഉപവേശിക്കുകയോ വോട്ടു ചെയ്യുകയോ ചെയ്യുന്ന ഓരോ ദിവസത്തേക്കും, ആ സംസ്ഥാനത്തിനു ചെല്ലേണ്ട കടമെന്ന നിലയിൽ വസൂലാക്കേണ്ട അഞ്ഞൂറ് രൂപ പിഴയ്ക്ക് ആ ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

## *സംസ്ഥാന നിയമനിർമ്മാണമണ്ഡലങ്ങളുടെയും അവയിലെ അംഗങ്ങളുടെയും അധികാരങ്ങളും വിശേഷാവകാശങ്ങളും ബാദ്ധ്യതയില്ലായ്മകളും*

**194. നിയമനിർമ്മാണമണ്ഡലങ്ങളുടെ സഭകളുടെയും അവയിലെ അംഗങ്ങളുടെയും സമിതികളുടെയും അധികാരങ്ങൾ, വിശേഷവകാശങ്ങൾ മുതലായവ**—(1) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്കും നിയമനിർമ്മാണമണ്ഡലത്തിന്റെ നടപടിക്രമം നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും നിലവിലുള്ള ഉത്തരവുകൾക്കും വിധേയമായി ഓരോ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിലും സംസാര സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

(2) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിലെ യാതൊരംഗവും, ആ ആൾ നിയമനിർമ്മാണമണ്ഡലത്തിലോ അതിന്റെ ഏതെങ്കിലും സമിതിയിലോ പറഞ്ഞിട്ടുള്ള എന്തിനെയെങ്കിലുമോ നൽകിയിട്ടുള്ള ഏതെങ്കിലും വോട്ടിനെയോ സംബന്ധിച്ച് യാതൊരു കോടതി നടപടികൾക്കും വിധേയനല്ലാത്തതും, അങ്ങനെയുള്ള ഒരു നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയുടെ അധികാരത്താലോ അധികാരത്തിൻകീഴിലോ ഏതെങ്കിലും റിപ്പോർട്ടോ പത്രമോ വോട്ടുകളോ നടപടികളോ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്, യാതൊരാളും അപ്രകാരം വിധേയനാകുന്നതല്ലാത്തതും ആകുന്നു.

(3) മറ്റു കാര്യങ്ങളിൽ, ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയ്ക്കും അങ്ങനെയുള്ള നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയിലെ അംഗങ്ങൾക്കും സമിതികൾക്കും ഉള്ള അധികാരങ്ങളും വിശേഷാവകാശങ്ങളും ബാദ്ധ്യതയില്ലായ്മകളും അപ്പോഴപ്പോൾ ആ നിയമനിർമ്മാണമണ്ഡലം നിയമംവഴി നിർവ്വചിക്കുന്നവിധം ഉള്ളവ ആയിരിക്കുന്നതും, അങ്ങനെ നിർവ്വചിക്കുന്നതുവരെ [1][1978-ലെ ഭരണഘടന (നാല്പത്തിനാലാം ഭേദഗതി) ആക്റ്റ്, 26-ാം വകുപ്പ് പ്രാബല്യത്തിൽ വരുന്നതിനു തൊട്ടുമുമ്പ് ആ സഭയ്ക്കും അതിലെ അംഗങ്ങൾക്കും സമിതികൾക്കും ഉണ്ടായിരുന്നവ ആയിരിക്കുന്നതും ആകുന്നു.]

(4) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയിലോ അതിന്റെ ഏതെങ്കിലും സമിതിയിലോ സംസാരിക്കുന്നതിനും അതിന്റെ നടപടികളിൽ മററു വിധത്തിൽ പങ്കെടുക്കുന്നതിനും ഈ ഭരണഘടനയുടെ ബലത്തിൽ അവകാശമുള്ള ആളുകളെ സംബന്ധിച്ച് (1)-ഉം (2)-ഉം (3)-ഉം ഖണ്ഡങ്ങളിലെ വ്യവസ്ഥകൾ, ആ നിയമനിർമ്മാണമണ്ഡലത്തിലെ അംഗങ്ങളെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതാണ്.

---

[1]. 1978-ലെ ഭരണഘടന (നാല്പത്തിനാലാം ഭേദഗതി) ആക്റ്റ്, 26-ാം വകുപ്പുപ്രകാരം ചില വാക്കുകൾക്കു പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

**195. അംഗങ്ങളുടെ ശമ്പളങ്ങളും ബത്തകളും**—ഒരു സംസ്ഥാനത്തിന്റെ നിയമസഭയിലെയും നിയമസമിതിയിലെയും അംഗങ്ങൾക്ക് ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം നിയമം വഴി അപ്പോഴപ്പോൾ നിശ്ചയിക്കുന്ന ശമ്പളങ്ങളും ബത്തകളും, അതു സംബന്ധിച്ച് അപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ, ഈ ഭരണഘടനയുടെ പ്രാരംഭത്തിനുതൊട്ടുമുമ്പ് തൽസ്ഥാനത്തുണ്ടായിരുന്ന പ്രവിശ്യയുടെ നിയമസഭയിലെ അംഗങ്ങളുടെ സംഗതിയിൽ ബാധകമായിരുന്ന അങ്ങനെയുള്ള നിരക്കുകൾ അനുസരിച്ചും അങ്ങനെയുള്ള ഉപാധികളിൻമേലും ഉള്ള ശമ്പളങ്ങളും ബത്തകളും ലഭിക്കുന്നതിന്, അവകാശമുണ്ടായിരിക്കുന്നതാണ്.

## *നിയമനിർമ്മാണ നടപടിക്രമം*

**196. ബില്ലുകളുടെ അവതരിപ്പിക്കലും പാസ്സാക്കലും സംബന്ധിച്ച വ്യവസ്ഥകൾ**—(1) പണ ബില്ലുകളെയും മററ് ധനകാര്യ ബില്ലുകളെയും സംബന്ധിച്ച 198-ഉം 207-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ബിൽ നിയമസമിതിയുള്ള ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിന്റെ ഇരുസഭകളിൽ ഏതിലെങ്കിലും ആരംഭിക്കാവുന്നതാണ്.

(2) 197-ഉം 198-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ബിൽ ഭേദഗതി കൂടാതെയോ, ഇരു സഭകളും അനുകൂലിക്കുന്ന അങ്ങനെയുള്ള ഭേദഗതികളോടുകൂടിയോ മാത്രം, ഇരുസഭകളും അനുകൂലിക്കാത്തപക്ഷം നിയമസമിതിയുള്ള ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിന്റെ സഭകൾ പാസ്സാക്കിയതായി കരുതുവാൻ പാടുള്ളതല്ല.

(3) ഒരുസംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിൽ നിലവിലിരിക്കുന്ന ഒരു ബിൽ, അതിന്റെ സഭയുടെയോ സഭകളുടെയോ സമ്മേളനം അവസാനിപ്പിക്കൽ നിമിത്തം ലാപ്സാകുന്നതല്ല.

(4) ഒരു സംസ്ഥാനത്തിന്റെ നിയമസഭ പാസ്സാക്കാതെ, നിയമസമിതിയിൽ നിലവിലിരിക്കുന്ന ഒരു ബിൽ ആ സഭ പിരിച്ചുവിടുന്നതിൻമേൽ, ലാപ്സാകുന്നതല്ല.

(5) ഒരുസംസ്ഥാനത്തിന്റെ നിയമസഭയിൽ നിലവിലിരിക്കുന്നതോ ആ നിയമസഭ പാസ്സാക്കി നിയമസമിതിയിൽ നിലവിലിരിക്കുന്നതോ ആയ ഒരു ബിൽ നിയമസഭ പിരിച്ചുവിടുന്നതിൻമേൽ, ലാപ്സാകുന്നതാണ്.

**197. പണബില്ലുകൾ ഒഴികെയുള്ള ബില്ലുകൾ സംബന്ധിച്ച് നിയമസമിതിയുടെ അധികാരങ്ങളിൻമേലുള്ള നിയന്ത്രണം**—(1) നിയമസമിതിയുള്ള ഒരു സംസ്ഥാനത്തിന്റെ നിയമസഭ ഒരു ബിൽ പാസ്സാക്കുകയും അത് നിയമസമിതിയിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തതിനുശേഷം—

(ക) ആ ബിൽ സമിതി തിരസ്കരിക്കുകയോ ;

(ഖ) ആ ബിൽ സമിതിയുടെ മുമ്പാകെ വച്ച തീയതി മുതൽ മൂന്നു മാസത്തിലധികം കാലം അത് ആ ബിൽ പാസ്സാക്കാതെ കഴിഞ്ഞുപോവുകയോ ;

(ഗ) ആ ബിൽ നിയമസഭ അനുകൂലിക്കാത്ത ഭേദഗതികളോടുകൂടി സമിതി പാസ്സാക്കുകയോ,

ചെയ്താൽ നിയമസഭയ്ക്ക് അതിന്റെ നടപടിയെ ക്രമപ്പെടുത്തുന്ന ചട്ടങ്ങൾക്ക് വിധേയമായി, ആ ബിൽ ആ സമ്മേളനത്തിൽ തന്നെയോ പിന്നീടുള്ള ഏതെങ്കിലും സമ്മേളനത്തിലോ നിയമസമിതി വരുത്തിയിട്ടുള്ളതോ നിർദ്ദേശിച്ചിട്ടുള്ളതോ അനുകൂലിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ഭേദഗതികളുണ്ടെങ്കിൽ അവയോടുകൂടിയോ അല്ലാതെയോ വീണ്ടും പാസ്സാക്കാവുന്നതും, അതിനു ശേഷം അപ്രകാരം പാസ്സാക്കിയ നിലയിൽ ആ ബിൽ നിയമസമിതിക്ക് അയച്ചുകൊടുക്കാവുന്നതും ആകുന്നു.

(2) ഒരു ബിൽ നിയമസഭ രണ്ടാം പ്രാവശ്യം അപ്രകാരം പാസ്സാക്കുകയും നിയമസമിതിക്ക് അയച്ചുകൊടുക്കുകയും ചെയ്തതിനുശേഷം—

(ക) ആ ബിൽ സമിതി തിരസ്കരിക്കുകയോ ;

(ഖ) ആ ബിൽ സമിതിയുടെ മുമ്പാകെ വച്ച തീയതി മുതൽ ഒരു മാസത്തിലധികം കാലം അത് ആ ബിൽ പാസ്സാക്കാതെ കഴിഞ്ഞുപോവുകയോ ;

(ഗ) ആ ബിൽ നിയമസഭ അനുകൂലിക്കാത്ത ഭേദഗതികളോടുകൂടി സമിതി പാസ്സാക്കുകയോ,

ചെയ്താൽ, നിയമസഭ അത് രണ്ടാം പ്രാവശ്യം പാസ്സാക്കിയ രൂപത്തിൽ, നിയമസമിതി വരുത്തിയതോ നിർദ്ദേശിച്ചതോ ആയതും നിയമസഭ അനുകൂലിച്ചിട്ടുള്ളതും ആയ ഏതെങ്കിലും ഭേദഗതികളുണ്ടെങ്കിൽ അവയോടുകൂടി, ആ ബിൽ ആ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭകൾ പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്.

(3) ഈ അനുച്ഛേദത്തിലെ യാതൊന്നും ഒരു പണബില്ലിന് ബാധകമാകുന്നതല്ല.

**198. പണബില്ലുകളെ സംബന്ധിച്ച വിശേഷ നടപടിക്രമം**—(1) ഒരു പണബിൽ ഒരു നിയമസമിതിയിൽ അവതരിപ്പിക്കുവാൻ പാടുള്ളതല്ല.

(2) ഒരു പണബിൽ നിയമസമിതിയുള്ള ഒരു സംസ്ഥാനത്തെ നിയമസഭ പാസ്സാക്കിയശേഷം, അത് നിയമസമിതിയിലേക്ക് അതിന്റെ ശിപാർശകൾക്കുവേണ്ടി അയച്ചുകൊടുക്കേണ്ടതും, നിയമസമിതി ആ ബിൽ കിട്ടിയ തീയതി മുതൽ പതിന്നാലു ദിവസക്കാലത്തിനുള്ളിൽ അതിന്റെ ശിപാർശകളോടുകൂടി നിയമസഭയിലേക്ക് തിരിച്ചയയ്ക്കേണ്ടതും, അപ്പോൾ നിയമസഭയ്ക്ക് നിയമസമിതിയുടെ ശിപാർശകൾ എല്ലാമോ അവയിൽ ഏതെങ്കിലുമോ സ്വീകരിക്കുകയോ അല്ലെങ്കിൽ തിരസ്കരിക്കുകയോ ചെയ്യാവുന്നതും ആകുന്നു.

(3) നിയമസഭ, നിയമസമിതിയുടെ ശിപാർശകളിൽ ഏതെങ്കിലും സ്വീകരിക്കുന്നുവെങ്കിൽ, നിയമസമിതി ശിപാർശ ചെയ്തതും നിയമസഭ സ്വീകരിച്ചതും ആയ ഭേദഗതികളോടുകൂടി ആ പണബിൽ ഇരുസഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്.

(4) നിയമസമിതിയുടെ ശിപാർശകളിൽ യാതൊന്നും നിയമസഭ സ്വീകരിക്കുന്നില്ലെങ്കിൽ, അത് നിയമസഭ പാസ്സാക്കിയ രൂപത്തിൽ, നിയമസമിതി ശിപാർശ ചെയ്ത ഭേദഗതികൾ ഒന്നും കൂടാതെ, ആ പണബിൽ ഇരുസഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്.

(5) നിയമസഭ പാസ്സാക്കുകയും നിയമസമിതിയിലേക്ക് അതിന്റെ ശിപാർശകൾക്കുവേണ്ടി അയച്ചുകൊടുക്കുകയും ചെയ്ത ഒരു പണബിൽ, മേൽപ്പറഞ്ഞ പതിന്നാല് ദിവസക്കാലത്തിനുള്ളിൽ നിയമസഭയിലേക്ക് തിരിച്ചയയ്ക്കുന്നില്ലെങ്കിൽ, നിയമസഭ പാസ്സാക്കിയ രൂപത്തിൽ മേൽപ്പറഞ്ഞ കാലാവധിയുടെ അവസാനം അത് ഇരുസഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്.

**199. "പണബില്ലു"കളുടെ നിർവ്വചനം**—(1) ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക്, ഒരു ബിൽ, അത് താഴെ ചേർത്തിട്ടുള്ള എല്ലാ വിഷയങ്ങളെയുമോ അവയിൽ ഏതിനെയെങ്കിലുമോ സംബന്ധിക്കുന്ന വ്യവസ്ഥകൾ മാത്രം അടങ്ങുന്നതാണെങ്കിൽ, ഒരു പണബില്ലായി കരുതപ്പെടേണ്ടതാണ്, അതായത്:—

(ക) ഏതെങ്കിലും നികുതിയുടെ ചുമത്തൽ, നിറുത്തലാക്കൽ, ഇളവു ചെയ്യൽ, ഭേദപ്പെടുത്തൽ അല്ലെങ്കിൽ ക്രമപ്പെടുത്തൽ ;

(ഖ) സംസ്ഥാനം പണം കടം വാങ്ങുന്നതിന്റെയോ ഏതെങ്കിലും ഉറപ്പു കൊടുക്കുന്നതിന്റെയോ ക്രമപ്പെടുത്തൽ അല്ലെങ്കിൽ സംസ്ഥാനം ഏറ്റെടുത്തിട്ടുള്ളതോ ഏറ്റെടുക്കുവാനുള്ളതോ ആയ ഏതെങ്കിലും ധനപരമായ ബാദ്ധ്യതകൾ സംബന്ധിച്ചുള്ള നിയമം ഭേദഗതി ചെയ്യൽ ;

(ഗ) സംസ്ഥാനത്തിന്റെ സഞ്ചിതനിധിയുടെയോ ആകസ്മികനിധിയുടെയോ സൂക്ഷിപ്പ്, അങ്ങനെയുള്ള ഏതെങ്കിലും നിധിയിൽ പണം അടയ്ക്കൽ, അല്ലെങ്കിൽ അതിൽ നിന്നും പണം തിരിച്ചെടുക്കൽ ;

(ഘ) സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നുള്ള പണത്തിന്റെ വിനിയോഗം ;

(ങ) ഏതെങ്കിലും ചെലവ് സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും നടത്തേണ്ട ചെലവാണെന്ന് പ്രഖ്യാപിക്കൽ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ചെലവിന്റെ തുക വർദ്ധിപ്പിക്കൽ;

(ച) സംസ്ഥാനത്തിന്റെ സഞ്ചിതനിധിയുടെയോ, സംസ്ഥാനത്തിന്റെ പൊതുക്കണക്കിന്റെയോ വകയിൽ പണം സ്വീകരിക്കൽ, അങ്ങനെയുള്ള പണം സൂക്ഷിക്കൽ, അല്ലെങ്കിൽ കൊടുക്കൽ;

(ഛ) (ക) മുതൽ (ച) വരെയുള്ള ഉപഖണ്ഡങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതിനോടെങ്കിലും ബന്ധപ്പെട്ട ഏതെങ്കിലും വിഷയം.

(2) ഒരു ബിൽ അതു പിഴകളോ പണം നൽകേണ്ട മററു ശിക്ഷകളോ ചുമത്തുവാനോ, ലൈസൻസുകൾക്കുവേണ്ടിയുള്ള ഫീസോ ചെയ്ത സേവനങ്ങൾക്കുവേണ്ടിയുള്ള ഫീസോ ആവശ്യപ്പെടുവാനോ അടയ്ക്കുവാനോ വ്യവസ്ഥ ചെയ്യുന്നു എന്നുമാത്രമുള്ള കാരണത്താലോ, അത് ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ തദ്ദേശനികായമോ തദ്ദേശാവശ്യങ്ങൾക്കുവേണ്ടി ഏതെങ്കിലും നികുതി ചുമത്തുവാനോ, നിറുത്തലാക്കുവാനോ, ഇളവ് ചെയ്യുവാനോ, ഭേദപ്പെടുത്തുവാനോ, ക്രമപ്പെടുത്തുവാനോ വ്യവസ്ഥ ചെയ്യുന്നു എന്നുള്ള കാരണത്താലോ ഒരു പണബില്ലായി കരുതുവാൻ പാടുള്ളതല്ല.

(3) നിയമസമിതിയുള്ള ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിൽ അവതരിപ്പിച്ചിട്ടുള്ള ഒരു ബിൽ ഒരു പണബില്ലാണോ അല്ലയോ എന്ന ഏതെങ്കിലും പ്രശ്നം ഉത്ഭവിക്കുകയാണെങ്കിൽ അതിൻമേൽ അങ്ങനെയുള്ള സംസ്ഥാനത്തിന്റെ നിയമസഭയുടെ സ്പീക്കറുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(4) ഓരോ പണബില്ലിൻമേലും, അത് 198-ാം അനുച്ഛേദപ്രകാരം നിയമസമിതിയിലേക്ക് അയച്ചുകൊടുക്കുമ്പോഴും, അത് 200-ാം അനുച്ഛേദപ്രകാരം ഗവർണ്ണറുടെ അനുമതിക്ക് സമർപ്പിക്കുമ്പോഴും, നിയമസഭയുടെ സ്പീക്കറുടെ, അത് ഒരു പണബില്ലാണെന്ന് , അദ്ദേഹം ഒപ്പിട്ട ഒരു സർട്ടിഫിക്കററ്, ദൃഢീകരിക്കേണ്ടതാണ്.

**200. ബില്ലുകൾക്ക് അനുമതി**—ഒരു ബിൽ സംസ്ഥാനത്തിന്റെ നിയമസഭ പാസ്സാക്കുകയോ നിയമസമിതിയുള്ള ഒരു സംസ്ഥാനത്തിന്റെ സംഗതിയിൽ ആ സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലത്തിന്റെ ഇരുസഭകളും പാസ്സാക്കുകയോ ചെയ്താൽ, അത് ഗവർണ്ണർക്ക് സമർപ്പിക്കേണ്ടതും, ആ ബില്ലിന് താൻ അനുമതി നൽകുന്നുവെന്നോ അല്ലെങ്കിൽ അതിന് താൻ അനുമതി നൽകുന്നില്ലെന്നോ, അല്ലെങ്കിൽ ആ ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് നീക്കിവച്ചിരിക്കുന്നുവെന്നോ ഗവർണ്ണർ പ്രഖ്യാപിക്കേണ്ടതും ആകുന്നു :

എന്നാൽ, ഗവർണ്ണർക്ക്, ഒരു ബിൽ, അത് ഒരു പണബിൽ അല്ലെങ്കിൽ, അദ്ദേഹത്തിന്റെ അനുമതിക്കായി സമർപ്പിച്ചതിനുശേഷം കഴിയുന്നതും വേഗം, സഭയോ സഭകളോ ആ ബില്ലിനെയോ അതിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും വ്യവസ്ഥകളെയോ വീണ്ടും പരിഗണിക്കണമെന്നും, പ്രത്യേകിച്ച്, അദ്ദേഹത്തിന്റെ സന്ദേശത്തിൽ ശിപാർശ ചെയ്യുന്ന ഏതെങ്കിലും ഭേദഗതികൾ വരുത്തുന്നതിന്റെ അഭിലഷണീയത പരിഗണിക്കണമെന്നും ഉള്ള ഒരു സന്ദേശത്തോടുകൂടി, ആ ബിൽ തിരിച്ചയക്കാവുന്നതും, ഒരു ബിൽ അപ്രകാരം തിരിച്ചയച്ചാൽ ആ സഭയോ സഭകളോ ആ ബിൽ അതനുസരിച്ച് വീണ്ടും പരിഗണിക്കേണ്ടതും, ആ ബിൽ ഭേദഗതിയോടുകൂടിയോ അല്ലാതെയോ ആ സഭയോ സഭകളോ വീണ്ടും പാസ്സാക്കുകയും ഗവർണ്ണറുടെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ ഗവർണ്ണർ അതിന് അനുമതി നൽകാതിരിക്കുവാൻ പാടില്ലാത്തതുമാകുന്നു :

എന്നുമാത്രമല്ല, ഗവർണ്ണറുടെ അഭിപ്രായത്തിൽ ഏതെങ്കിലും ബിൽ, അത് നിയമമായിത്തീർന്നു എങ്കിൽ ഈ ഭരണഘടന ഏതു സ്ഥാനം നികത്തുവാനാണോ ഹൈക്കോടതിയെ രൂപപ്പെടുത്തിയിട്ടുള്ളത് അതിനെ അപകടത്തിലാക്കത്തക്കവിധം ആ കോടതിയുടെ അധികാരങ്ങളിൽ കുറവ് വരുത്തുന്നു എങ്കിൽ അതിന് അനുമതി നൽകുവാൻ പാടില്ലാത്തതും, രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കേണ്ടതും ആകുന്നു .

**201. പരിഗണനയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ബില്ലുകൾ**—ഒരു ബിൽ, രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി ഒരു ഗവർണ്ണർ നീക്കിവയ്ക്കുന്നതായാൽ രാഷ്ട്രപതി ആ ബില്ലിന് താൻ അനുമതി നൽകുന്നുവെന്നോ അല്ലെങ്കിൽ അതിന് താൻ അനുമതി നൽകുന്നില്ലെന്നോ പ്രഖ്യാപിക്കേണ്ടതാണ് :

എന്നാൽ, ആ ബിൽ ഒരു പണബില്ലല്ലെങ്കിൽ, രാഷ്ട്രപതിക്ക് ഗവർണ്ണറോട്, ആ ബിൽ, സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ, സഭയിലേക്കോ സഭകളിലേക്കോ, അതതു സംഗതിപോലെ, 200-ാം അനുച്ഛേദത്തിന്റെ ഒന്നാം പരിമിതിവ്യവസ്ഥയിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ഒരു സന്ദേശത്തോടുകൂടി തിരിച്ചയയ്ക്കുവാൻ നിർദ്ദേശിക്കാവുന്നതും, ഒരു ബിൽ അപ്രകാരം തിരിച്ചയയ്ക്കുമ്പോൾ ആ സഭയോ സഭകളോ അതിനെ ആ സന്ദേശം കിട്ടിയ തീയതി മുതൽ ആറുമാസക്കാലത്തിനുള്ളിൽ, അതിൻപ്രകാരം വീണ്ടും പരിഗണിക്കേണ്ടതും, വീണ്ടും ആ സഭയോ സഭകളോ ഭേദഗതിയോടുകൂടിയോ അല്ലാതെയോ അത് പാസ്സാക്കുകയാണെങ്കിൽ രാഷ്ട്രപതിക്ക് അദ്ദേഹത്തിന്റെ പരിഗണനയ്ക്കായി വീണ്ടും അത് സമർപ്പിക്കേണ്ടതും ആകുന്നു.

## ധനപരമായ വിഷയങ്ങളിലെ നടപടിക്രമം

**202. വാർഷിക ധനവിവരപ്പത്രിക**—(1) ഗവർണ്ണർ, ഓരോ സാമ്പത്തികവർഷം സംബന്ധിച്ചും, ഈ ഭാഗത്തിൽ, "വാർഷിക ധനവിവരപ്പത്രിക" എന്നു പരാമർശിച്ചിട്ടുള്ള, സംസ്ഥാനത്തിൻെറ ആ വർഷത്തെ വരവുചെലവു അടങ്കൽപ്പത്രിക സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയുടെയോ സഭകളുടെയോ മുൻപാകെ വയ്പ്പിക്കേണ്ടതാണ്.

(2) വാർഷിക ധനവിവരപ്പത്രികയിൽ കൊള്ളിച്ചിട്ടുള്ള ചെലവിൻെറ അടങ്കലുകൾ—

(ക) ആ സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽനിന്ന് നടത്തേണ്ട ചെലവാണെന്ന് ഈ ഭരണഘടനയിൽ വിവരിച്ചിട്ടുള്ള ചെലവു നടത്താൻ ആവശ്യമായ തുകകളും;

(ഖ) ആ സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽ നിന്ന് ചെലവാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള മററു ചെലവു നേരിടുന്നതിന് ആവശ്യമായ തുകകളും,

വെവ്വേറെ കാണിക്കേണ്ടതും, റവന്യൂ കണക്കിൽപ്പെടുന്ന ചെലവ് മററു ചെലവിൽ നിന്ന് വേർതിരിച്ച് കാണിക്കേണ്ടതും ആകുന്നു.

(3) താഴെ ചേർത്തിട്ടുള്ള ചെലവുകൾ ഒരോ സംസ്ഥാനത്തിൻെറയും സഞ്ചിത നിധിയിൽ നിന്നു നടത്തേണ്ട ചെലവുകൾ ആയിരിക്കുന്നതാണ്—

(ക) ഗവർണ്ണറുടെ വേതനങ്ങളും ബത്തകളും അദ്ദേഹത്തിൻെറ ഉദ്യോഗവുമായി ബന്ധപ്പെട്ട മറ്റു ചെലവുകളും;

(ഖ) നിയമസഭയുടെ സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും കൂടാതെ നിയമസമിതിയുള്ള ഒരു സംസ്ഥാനത്തിൻെറ സംഗതിയിൽ, ആ നിയമസമിതിയുടെ അദ്ധ്യക്ഷൻെറയും ഉപാദ്ധ്യക്ഷൻെറയും ശമ്പളങ്ങളും ബത്തകളും;

(ഗ) പലിശയും നിക്ഷേപനിധി സംബന്ധിച്ച ചെലവുകളും കടം വീട്ടുന്നത് സംബന്ധിച്ച ചെലവുകളും, കടമെടുപ്പിനെയും മുതലും പലിശയും അടച്ചുതീർക്കുന്നതിനുള്ള ഏർപ്പാടിനെയും കടം വീട്ടുന്നതിനെയും സംബന്ധിച്ച മറ്റു ചെലവുകളും ഉൾപ്പെടെ ആ സംസ്ഥാനത്തിനു ബാദ്ധ്യതയുള്ള കടം സംബന്ധമായ ചെലവുകളും ;

(ഘ) ഏതെങ്കിലും ഹൈക്കോടതിയിലെ ജഡ്ജിമാരുടെ ശമ്പളങ്ങളും ബത്തകളും സംബന്ധിച്ച ചെലവുകളും ;

(ങ) ഏതെങ്കിലും കോടതിയുടെയോ മാദ്ധ്യസ്ഥട്രിബ്യൂണലിൻെറയോ ഏതെങ്കിലും വിധിന്യായമോ ഡിക്രിയോ മാദ്ധ്യസ്ഥതീരുമാനമോ അനുസരിച്ചുള്ള ബാദ്ധ്യതകൾ തീർക്കുന്നതിന് ആവശ്യമായ ഏതെങ്കിലും തുകകൾ;

(ച) ഈ ഭരണഘടനയോ നിയമം വഴി ആ സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലമോ അങ്ങനെ നടത്തേണ്ട ചെലവായി പ്രഖ്യാപിച്ചിട്ടുള്ള മറേറതെങ്കിലും ചെലവുകൾ.

**203. അടങ്കലുകൾ സംബന്ധിച്ച നിയമനിർമ്മാണമണ്ഡലത്തിലെ നടപടിക്രമം**—(1) അടങ്കലുകളിൽ ഒരു സംസ്ഥാനത്തിൻെറ സഞ്ചിത നിധിയിൽനിന്നു നടത്തേണ്ട ചെലവ് സംബന്ധിച്ചിടത്തോളമുള്ളവ, നിയമസഭയുടെ വോട്ടിന് സമർപ്പിക്കുവാൻ പാടില്ലാത്തതും, എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും നിയമനിർമ്മാണമണ്ഡലത്തിൽ ആ അടങ്കലുകളിൽ ഏതിനെയെങ്കിലും പറ്റിയുള്ള ചർച്ച തടയുന്നതായി വ്യാഖ്യാനിക്കാൻ പാടില്ലാത്തതുമാകുന്നു.

(2) മേൽപ്പറഞ്ഞ അടങ്കലുകളിൽ മററു ചെലവു സംബന്ധിച്ചിടത്തോളമുള്ളവ, സഹായധനങ്ങൾക്കുള്ള അഭ്യർത്ഥനകളുടെ രൂപത്തിൽ നിയമസഭയിൽ സമർപ്പിക്കേണ്ടതും, നിയമസഭയ്ക്ക് ഏതു ധനാഭ്യർത്ഥനയ്ക്കും അനുമതി നൽകുവാനും അല്ലെങ്കിൽ അനുമതി നിഷേധിക്കുവാനും അല്ലെങ്കിൽ ഒരു ധനാഭ്യർത്ഥനയിൽ നിർദ്ദേശിച്ചിട്ടുള്ള തുകയിൽ കുറവു ചെയ്തുകൊണ്ട് അനുമതി നൽകുവാനും അധികാരം ഉണ്ടായിരിക്കുന്നതും ആകുന്നു.

(3) ഗവർണ്ണറുടെ ശിപാർശയിൻമേലല്ലാതെ ഒരു സഹായധനത്തിനുള്ള യാതൊരു അഭ്യർത്ഥനയും നടത്തുവാൻ പാടുള്ളതല്ല.

**204. ധനവിനിയോഗ ബില്ലുകൾ**—(1) നിയമസഭ, 203-ാം അനുച്ഛേദപ്രകാരം സഹായധനങ്ങൾ നൽകിയതിനുശേഷം കഴിയുന്നതും വേഗം സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽ നിന്ന്—

(ക) നിയമസഭ അപ്രകാരം നൽകിയിട്ടുള്ള സഹായധനങ്ങളും;

(ഖ) ആ സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽനിന്ന് നടത്തേണ്ടതും, എന്നാൽ ആ സഭയുടെയോ സഭകളുടെയോ മുമ്പാകെ അതിനു മുമ്പ് സമർപ്പിച്ചിട്ടുള്ള വിവരപ്പത്രികയിൽ കാണിച്ചിട്ടുള്ള തുകയിൽ ഒരു സംഗതിയിലും കവിയാത്തതും ആയ ചെലവും,

നേരിടുവാൻ വേണ്ടിവരുന്ന എല്ലാ പണത്തിൻെറയും വിനിയോഗത്തിന് വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ അവതരിപ്പിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും ബില്ലിന് സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയിലോ ഇരുസഭകളിൽ ഏതിലെങ്കിലുമോ അപ്രകാരം നൽകിയിട്ടുള്ള ഏതെങ്കിലും സഹായ ധനത്തിൻെറ തുക വ്യത്യാസപ്പെടുത്തുന്നതോ, ലക്ഷ്യം ഭേദപ്പെടുത്തുന്നതോ, അല്ലെങ്കിൽ ആ സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽ നിന്ന് നടത്തേണ്ട ഏതെങ്കിലും ചെലവിൻെറ തുക വ്യത്യാസപ്പെടുത്തുന്നതോ ആയ ഫലമുണ്ടാക്കുന്ന യാതൊരു ഭേദഗതിയും നിർദ്ദേശിക്കുവാൻ പാടില്ലാത്തതും, ഈ ഖണ്ഡപ്രകാരം ഒരു ഭേദഗതി അനുവദനീയമാണോ എന്നതിനെക്കുറിച്ച് അദ്ധ്യക്ഷത വഹിക്കുന്ന ആളുടെ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.

(3) 205-ഉം 206-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ അനുച്ഛേദ ത്തിലെ വ്യവസ്ഥകൾ അനുസരിച്ച് പാസ്സാക്കിയ നിയമം വഴി ചെയ്തിട്ടുള്ള വിനിയോഗ പ്രകാരമല്ലാതെ, സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽനിന്ന് യാതൊരു പണവും പിൻവലിക്കാൻ പാടുള്ളതല്ല.

**205. അനുപൂരകമായതോ കൂടുതലായുള്ളതോ അധികച്ചെലവിനുള്ളതോ ആയ സഹായധനങ്ങൾ**—(1) ഗവർണ്ണർ—

(ക) 204-ാം അനുച്ഛേദത്തിലെ വ്യവസ്ഥകളനുസരിച്ച് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമം വഴി, നടപ്പു സാമ്പത്തികവർഷത്തിലെ ഒരു പ്രത്യേക സേവനത്തിന് ചെലവു ചെയ്യുവാൻ അധികാരപ്പെടുത്തിയ സംഖ്യ ആ വർഷത്തെ ആവശ്യങ്ങൾക്ക് തികയാതെ വരുമ്പോഴോ, ആ വർഷത്തെ വാർഷിക ധനവിവരപ്പത്രികയിൽ ഉദ്ദേശിച്ചിട്ടില്ലാത്ത ഏതെങ്കിലും പുതിയ സേവനത്തിൻെറ ആവശ്യത്തിലേക്ക് നടപ്പു സാമ്പത്തിക വർഷം അനുപൂരകമോ കൂടുതലോ ആയ ചെലവിൻെറ ആവശ്യം ഉത്ഭവിച്ചിരിക്കുമ്പോഴോ ;

(ഖ) ഏതെങ്കിലും സേവനത്തിന് ഒരു സാമ്പത്തിക വർഷം ആ സേവനത്തിന് ആ വർഷത്തേക്ക് അനുവദിച്ചിട്ടുള്ളതിലും അധികമായ ഏതെങ്കിലും പണം ചെലവാക്കിയിട്ടുണ്ടെങ്കിലോ,

ആ ചെലവിൻെറ അടങ്കൽത്തുക കാണിക്കുന്ന മറെറാരു വിവരപ്പത്രിക ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയുടെയോ സഭകളുടെയോ മുമ്പാകെ വയ്പ്പിക്കുകയോ അങ്ങനെയുള്ള അധികച്ചെലവിലേക്കുള്ള ഒരു ധനാഭ്യർത്ഥന ആ സംസ്ഥാനത്തിൻെറ നിയമസഭയിൽ സമർപ്പിക്കുകയോ, അതതു സംഗതിപോലെ, ചെയ്യേണ്ടതാണ്.

(2) 202-ഉം 203-ഉം 204-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് അങ്ങനെയുള്ള ഏതെങ്കിലും വിവരപ്പത്രികയും ചെലവും അല്ലെങ്കിൽ ധനാഭ്യർത്ഥനയും കൂടാതെ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്ന് അങ്ങനെയുള്ള ചെലവോ, അങ്ങനെയുള്ള ധനാഭ്യർത്ഥന അനുസരിച്ചുള്ള സഹായധനമോ നേരിടുന്നതിന് വേണ്ട പണത്തിന്റെ വിനിയോഗം അധികാരപ്പെടുത്തുവാൻ നിർമ്മിക്കുന്ന ഏതെങ്കിലും നിയമവും സംബന്ധിച്ച്, അവയ്ക്ക് വാർഷിക ധനവിവരപ്പത്രികയ്ക്കും അതിൽ പ്രസ്താവിച്ചിട്ടുള്ള ചെലവിന് അല്ലെങ്കിൽ ഒരു സഹായധനത്തിന് വേണ്ടിയുള്ള ഒരു ധനാഭ്യർത്ഥനയ്ക്കും കൂടാതെ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് അങ്ങനെയുള്ള ചെലവോ സഹായധനമോ നേരിടുന്നതിനുവേണ്ട പണത്തിന്റെ വിനിയോഗം അധികാരപ്പെടുത്തുവാൻ നിർമ്മിക്കുന്ന നിയമവും സംബന്ധിച്ച് പ്രഭാവമുള്ളതുപോലെ, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

**206. കണക്കിൻമേലുള്ള വോട്ടുകളും ക്രഡിററ് വോട്ടുകളും വിശേഷാൽ സഹായ ധനങ്ങളും**— (1) ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ ആയിരുന്നാലും, ഒരു സംസ്ഥാനത്തിന്റെ നിയമസഭയ്ക്ക്—

(ക) ഏതെങ്കിലും സാമ്പത്തിക വർഷത്തിന്റെ ഒരു ഭാഗത്തിനുള്ള അടങ്കൽ ചെലവു സംബന്ധിച്ച് ഏതെങ്കിലും സഹായധനത്തിനുള്ള വോട്ട് ചെയ്യലിന് 203-ാം അനുച്ഛേദത്തിൽ നിർണ്ണയിച്ചിട്ടുള്ള നടപടിയുടെ പൂർത്തീകരണവും ആ ചെലവ് സംബന്ധിച്ച് 204-ാം അനുച്ഛേദം അനുസരിച്ചുള്ള നിയമത്തിന്റെ പാസ്സാക്കലും നിലവിലിരിക്കുമ്പോൾ ആ സഹായധനം മുൻകൂറായി നൽകുവാനും;

(ഖ) സേവനത്തിന്റെ വലിപ്പമോ അനിശ്ചിത സ്വഭാവമോ നിമിത്തം ഒരു വാർഷിക ധനവിവരപ്പത്രികയിൽ സാധാരണ നൽകുന്ന വിശദാംശങ്ങളോടുകൂടി ധനാഭ്യർത്ഥന വിവരിക്കാൻ കഴിയാതെ വരുമ്പോൾ, സംസ്ഥാനത്തിന്റെ വിഭവങ്ങളിൻമേലുള്ള അപ്രതീക്ഷിതമായ ഒരു ബാദ്ധ്യത നേരിടുന്നതിനുള്ള ഒരു സഹായധനം നൽകുവാനും;

(ഗ) ഏതെങ്കിലും സാമ്പത്തിക വർഷത്തിലെ നടപ്പ് സേവനത്തിന്റെ ഭാഗമാകാത്ത ഒരു വിശേഷാൽ സഹായധനം നൽകുവാനും,

അധികാരം ഉണ്ടായിരിക്കുന്നതും, ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന് മേൽപ്പറഞ്ഞ സഹായധനങ്ങൾ ഏതു ആവശ്യങ്ങൾക്കാണോ നൽകിയിട്ടുള്ളത് ആ ആവശ്യങ്ങൾക്ക് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പണം പിൻവലിക്കുന്നത് നിയമം വഴി അധികാരപ്പെടുത്തുന്നതിനും, അധികാരം ഉണ്ടായിരിക്കുന്നതും ആകുന്നു.

(2) 203-ഉം 204-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക്, (1)-ാം ഖണ്ഡപ്രകാരം ഏതെങ്കിലും സഹായധനം നൽകുന്നതിനെയും ആ ഖണ്ഡപ്രകാരം നിർമ്മിക്കുന്ന ഏതെങ്കിലും നിയമത്തെയും സംബന്ധിച്ച് അവയ്ക്ക് വാർഷിക ധനവിവരപ്പത്രികയിൽ പ്രസ്താവിച്ചിട്ടുള്ള ഏതെങ്കിലും ചെലവ് സംബന്ധിച്ചുള്ള ഒരു സഹായധനം നൽകുന്നതിനെയും, അങ്ങനെയുള്ള ചെലവ് നേരിടുന്നതിന് സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നുള്ള പണത്തിന്റെ വിനിയോഗം അധികാരപ്പെടുത്തുവാൻ നിർമ്മിക്കുന്ന നിയമത്തെയും സംബന്ധിച്ച് പ്രഭാവമുള്ളതുപോലെ, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

**207. ധനകാര്യ ബില്ലുകളെക്കുറിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ**—(1) 199-ാം അനുച്ഛേദം (1)-ാം ഖണ്ഡം (ക) മുതൽ (ച) വരെയുള്ള ഉപഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഏതിനെങ്കിലും വ്യവസ്ഥ ചെയ്യുന്ന ഒരു ബില്ലോ ഭേദഗതിയോ ഗവർണ്ണറുടെ ശിപാർശയിൻമേലല്ലാതെ അവതരിപ്പിക്കുവാനോ ഉന്നയിക്കുവാനോ പാടില്ലാത്തതും അങ്ങനെ വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ നിയമസമിതിയിൽ അവതരിപ്പിക്കുവാൻ പാടില്ലാത്തതുമാകുന്നു:

എന്നാൽ, ഏതെങ്കിലും നികുതി കുറവു ചെയ്യുന്നതിനോ നിറുത്തൽ ചെയ്യുന്നതിനോ വ്യവസ്ഥ ചെയ്യുന്ന ഒരു ഭേദഗതി ഉന്നയിക്കുന്നതിന് യാതൊരു ശിപാർശയും ഈ ഖണ്ഡപ്രകാരം ആവശ്യമാകുന്നതല്ല.

(2) ഒരു ബില്ലോ ഭേദഗതിയോ, അത് പിഴകളോ പണം നൽകേണ്ട മററു ശിക്ഷയോ ചുമത്തുവാനോ. ലൈസൻസിനും ചെയ്ത സേവനങ്ങൾക്കും ഫീസ് ആവശ്യപ്പെടുവാനോ അടയ്ക്കുവാനോ വ്യവസ്ഥ ചെയ്യുന്നു എന്നു മാത്രമുള്ള കാരണത്താലോ, അത് ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ നികായമോ തദ്ദേശാവശ്യങ്ങൾക്ക് ഏതെങ്കിലും നികുതി ചുമത്തുവാനോ നിറുത്തലാക്കുവാനോ ഇളവ് ചെയ്യുവാനോ ഭേദപ്പെടുത്തുവാനോ ക്രമപ്പെടുത്തുവാനോ വ്യവസ്ഥ ചെയ്യുന്നു എന്നുള്ള കാരണത്താലോ, മുൻപറഞ്ഞ വിഷയങ്ങളിൽ ഏതിനെങ്കിലും വ്യവസ്ഥ ചെയ്യുന്നതായി കരുതാൻ പാടുള്ളതല്ല.

(3) ഒരു ബിൽ നിയമമാക്കി പ്രവർത്തനത്തിൽ കൊണ്ടുവരുമ്പോൾ സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽ നിന്ന് ചെലവ് നടത്തേണ്ടതായി വരുന്നിടത്ത്, സംസ്ഥാനത്തിൻെറ നിയമനിർമ്മാണ മണ്ഡലത്തിന്റെ ഒരു സഭയും, ഗവർണ്ണർ ബില്ലിൻെറ പരിഗണന ആ സഭയ്ക്കു ശിപാർശ ചെയ്തിട്ടുണ്ടെങ്കിലല്ലാതെ പാസ്സാക്കുവാൻ പാടുള്ളതല്ല.

## *നടപടിക്രമം സാമാന്യമായി*

**208. നടപടിക്രമത്തിൻെറ ചട്ടങ്ങൾ**—(1) ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണ മണ്ഡലത്തിൻെറ ഒരു സഭയ്ക്ക് ഈ ഭരണഘടനയുടെ വ്യവസ്ഥകൾക്കു വിധേയമായി, അതിന്റെ നടപടിക്രമവും അതിന്റെ കാര്യങ്ങളുടെ നടത്തിപ്പും ക്രമപ്പെടുത്തുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) (1)-ാം ഖണ്ഡപ്രകാരം ചട്ടങ്ങൾഉണ്ടാക്കുന്നതുവരെ, ഈ ഭരണഘടനയുടെ പ്രാരംഭത്തിനു തൊട്ടുമുമ്പ് തൽസ്ഥാനത്തുണ്ടായിരുന്ന പ്രവിശ്യയുടെ നിയമനിർമ്മാണമണ്ഡലത്തെ സംബന്ധിച്ച് പ്രാബല്യത്തിലുണ്ടായിരുന്ന നടപടിക്രമത്തിൻെറ ചട്ടങ്ങൾക്കും നിലവിലിരുന്ന ഉത്തരവുകൾക്കും, അവയിൽ, നിയമസഭയുടെ സ്പീക്കറോ നിയമസമിതിയുടെ അദ്ധ്യക്ഷനോ, അതതുസംഗതിപോലെ, വരുത്തുന്ന അങ്ങനെയുള്ള രൂപഭേദങ്ങൾക്കും അനുയോജനങ്ങൾക്കും വിധേയമായി ആ സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തെ സംബന്ധിച്ച് പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

(3) നിയമസമിതിയുള്ള ഒരു സംസ്ഥാനത്തെ ഗവർണ്ണർക്ക്, നിയമസഭയുടെ സ്പീക്കറോടും നിയമസമിതിയുടെ അദ്ധ്യക്ഷനോടും ആലോചിച്ചതിനുശേഷം ഇരു സഭകളുടെയും പരസ്പരമുള്ള ആശയവിനിമയങ്ങൾ സംബന്ധിച്ച നടപടിക്രമത്തെക്കുറിച്ച്, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

**209. സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിലെ ധനപരമായ കാര്യങ്ങൾ സംബന്ധിച്ച നടപടിക്രമം നിയമം വഴി ക്രമപ്പെടുത്തൽ**—ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിന്, ധനപരമായ കാര്യങ്ങളുടെ യഥാസമയ പൂർത്തീകരണത്തിൻെറ ആവശ്യത്തിന്, ധനപരമായ ഏതെങ്കിലും വിഷയമോ ആ സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽ നിന്ന്. പണം വിനിയോഗിക്കുന്നതിനുള്ള ഏതെങ്കിലും ബില്ലോ സംബന്ധിച്ച് ആ സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയിലെയോ സഭകളിലെയോ നടപടിക്രമവും കാര്യങ്ങളുടെ നടത്തിപ്പും നിയമം വഴി ക്രമപ്പെടുത്താവുന്നതും, അപ്രകാരം ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ, 208-ാം അനുച്ഛേദം(1)-ാം ഖണ്ഡപ്രകാരം സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലത്തിന്റെ സഭയോ ഇരു സഭകളിൽ ഏതെങ്കിലുമോ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തോടോ ആ അനുച്ഛേദത്തിലെ (2)-ാം ഖണ്ഡപ്രകാരം ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തെ സംബന്ധിച്ച് പ്രഭാവമുള്ള ഏതെങ്കിലും ചട്ടത്തോടോ നിലവിലുള്ള ഉത്തരവിനോടോ പൊരുത്തപ്പെടാത്തിടത്തോളം അങ്ങനെയുള്ള വ്യവസ്ഥയ്ക്ക് അധിപ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു.

**210. നിയമനിർമ്മാണമണ്ഡലത്തിൽ ഉപയോഗിക്കേണ്ട ഭാഷ**—(1) XVII-ാം ഭാഗത്തിൽ എന്തുതന്നെ ആയിരുന്നാലും, എന്നാൽ 348-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിലെ കാര്യങ്ങൾ ആ സംസ്ഥാനത്തെ ഔദ്യോഗിക ഭാഷയിലോ ഭാഷകളിലോ അല്ലെങ്കിൽ ഹിന്ദിയിലോ ഇംഗ്ലീഷിലോ നടത്തേണ്ടതാകുന്നു:

എന്നാൽ, നിയമസഭയുടെ സ്പീക്കർക്കോ നിയമസമിതിയുടെ അദ്ധ്യക്ഷനോ അല്ലെങ്കിൽ ആ നിലയിൽ പകരം ജോലി നോക്കുന്ന ആൾക്കോ, അതതു സംഗതിപോലെ, മേൽപ്പറഞ്ഞ ഭാഷകളിൽ ഒന്നിലും തൻെറ ആശയം വേണ്ടവിധം പ്രകടിപ്പിക്കുവാൻ കഴിവില്ലാത്ത ഏതെങ്കിലും അംഗത്തെ, അയാളുടെ മാതൃഭാഷയിൽ സഭയെ അഭിസംബോധനം ചെയ്യാൻ അനുവദിക്കാവുന്നതാണ്.

(2) സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം നിയമം വഴി മററു പ്രകാരം വ്യവസ്ഥ ചെയ്യാത്തപക്ഷം, ഈ അനുച്ഛേദത്തിന്, ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ പതിനഞ്ച് വർഷക്കാലം അവസാനിച്ചശേഷം "ഇംഗ്ലീഷിലോ" എന്ന പദം അതിൽ നിന്ന് വിട്ടുകളഞ്ഞാലെന്നപോലെ പ്രഭാവം ഉണ്ടായിരിക്കുന്നതാണ്:

[1] [എന്നാൽ, [2] [ഹിമാചൽപ്രദേശ്, മണിപ്പൂർ, മേഘാലയ, ത്രിപുര എന്നീ സംസ്ഥാനങ്ങളിലെ നിയമനിർമ്മാണമണ്ഡലങ്ങൾ] സംബന്ധിച്ച്, ഈ ഖണ്ഡത്തിന്, അതിൽ വരുന്ന "പതിനഞ്ചു വർഷം" എന്ന വാക്കുകൾക്കു പകരം "ഇരുപത്തഞ്ചു വർഷം" എന്ന വാക്കുകൾ ചേർത്തിരുന്നാൽ എന്നപോലെ പ്രഭാവം ഉണ്ടായിരിക്കുന്നതാണ്:]

[3] [എന്നു മാത്രമല്ല, [4] [[5] [അരുണാചൽപ്രദേശ്, ഗോവ , മിസ്സോറാം] എന്നീ സംസ്ഥാനങ്ങളിലെ നിയമനിർമ്മാണമണ്ഡലം] സംബന്ധിച്ച് ഈ ഖണ്ഡത്തിന്, അതിൽ വരുന്ന "പതിനഞ്ചു വർഷം" എന്ന വാക്കുകൾക്കു പകരം "നാല്പതു വർഷം" എന്ന വാക്കുകൾ ചേർത്തിരുന്നാൽ എന്നപോലെ പ്രഭാവമുണ്ടായിരിക്കുന്നതാണ്.]

**211. നിയമനിർമ്മാണമണ്ഡലത്തിലെ ചർച്ചയിൻമേലുള്ള നിയന്ത്രണം—** സുപ്രീം കോടതിയിലെയോ ഒരു ഹൈക്കോടതിയിലെയോ ഏതെങ്കിലും ജഡ്ജിയുടെ കർത്തവ്യങ്ങളുടെ നിർവ്വഹണത്തിലുള്ള അദ്ദേഹത്തിൻെറ പെരുമാററത്തെപ്പററി ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിൽ യാതൊരു ചർച്ചയും ഉണ്ടാകുവാൻ പാടുള്ളതല്ല.

**212. നിയമനിർമ്മാണമണ്ഡലത്തിലെ നടപടികളെപ്പററി കോടതികൾ അന്വേഷണ വിചാരണ നടത്താൻ പാടില്ലെന്ന്**—(1) ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിലെ ഏതെങ്കിലും നടപടികളുടെ സാധുത നടപടിക്രമത്തിൽ ആരോപിച്ചിട്ടുള്ള ഏതെങ്കിലും ക്രമക്കേട് കാരണം, ചോദ്യം ചെയ്യുവാൻ പാടുള്ളതല്ല.

(2) ഈ ഭരണഘടനയാലോ ഭരണഘടന പ്രകാരമോ നിയമനിർമ്മാണമണ്ഡലത്തിൽ നടപടിക്രമം നിർണ്ണയിക്കുന്നതിനോ കാര്യങ്ങളുടെ നടത്തിപ്പിനോ ക്രമസമാധാനം പാലിക്കുന്നതിനോ ഉള്ള അധികാരങ്ങൾ നിക്ഷിപ്തമായിട്ടുള്ള ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിലെ യാതൊരു ഉദ്യോഗസ്ഥനും അംഗവും ആ അധികാരങ്ങൾ പ്രയോഗിക്കുന്നതു സംബന്ധിച്ച് ഏതെങ്കിലും കോടതിയുടെ അധികാരിതയ്ക്ക് വിധേയനായിരിക്കുന്നതല്ല.

---

[1] 1970-ലെ ഹിമാചൽപ്രദേശ് സംസ്ഥാന ആക്ററ് (1970-ലെ 53) 46-ാം വകുപ്പുപ്രകാരം ചേർത്തത് (25-1-1971 മുതൽ പ്രാബല്യം).

[2] 1971-ലെ വടക്കുകിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്ററ് (1971-ലെ 81) 71-ാം വകുപ്പു പ്രകാരം "ഹിമാചൽപ്രദേശ് സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം" എന്നതിനുപകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).

[3] 1986-ലെ മിസോറാം സംസ്ഥാന ആക്ററ് (1986-ലെ 34) 39-ാം വകുപ്പു പ്രകാരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).

[4] 1986-ലെ അരുണാചൽപ്രദേശ് സംസ്ഥാന ആക്ററ് (1986-ലെ 69) 42-ാം വകുപ്പു പ്രകാരം "മിസോറാം സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം" എന്നതിനുപകരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).

[5] 1987-ലെ ഗോവാ, ദാമൻ, ദിയു പുനഃസംഘടനാ ആക്ററ് (1987-ലെ 18) 63-ാം വകുപ്പു പ്രകാരം "അരുണാചൽ പ്രദേശ്, മിസ്സോറാം" എന്നതിനു പകരം ചേർത്തത് (30-5-1987 മുതൽ പ്രാബല്യം).

## അദ്ധ്യായം IV—ഗവർണ്ണറുടെ നിയമനിർമ്മാണാധികാരം

**213. നിയമനിർമ്മാണമണ്ഡലത്തിന്റെ ഒഴിവുകാലത്ത് ഓർഡിനൻസുകൾ പ്രഖ്യാപിക്കുന്നതിന് ഗവർണ്ണർക്കുള്ള അധികാരം**—(1) ഒരു സംസ്ഥാനത്തിന്റെ നിയമസഭ സമ്മേളന ത്തിലായിരിക്കുമ്പോളൊഴികെ, അല്ലെങ്കിൽ ഒരു സംസ്ഥാനത്ത് നിയമസമിതി ഉള്ളിടത്ത് നിയമനിർമ്മാണമണ്ഡലത്തിന്റെ ഇരുസഭകളും സമ്മേളനത്തിലായിരിക്കുമ്പോളൊഴികെ ഏതെങ്കിലും സമയത്ത് സത്വര നടപടിയെടുക്കുന്നത് ആവശ്യമാക്കിത്തീർക്കുന്ന പരിതഃസ്ഥിതികൾ ഉണ്ടെന്ന് ഗവർണ്ണർക്ക് ബോദ്ധ്യമാകുന്നുവെങ്കിൽ, ആ പരിതഃസ്ഥിതികൾ ആവശ്യപ്പെടുന്നുവെന്ന് തനിക്ക് തോന്നുന്ന അങ്ങനെയുള്ള ഓർഡിനൻസുകൾ അദ്ദേഹത്തിന് പ്രഖ്യാപിക്കാവുന്നതാണ് :

എന്നാൽ, ഗവർണ്ണർ, രാഷ്ട്രപതിയുടെ നിർദ്ദേശം കൂടാതെ അങ്ങനെയുള്ള ഏതെങ്കിലും ഓർഡിനൻസ്—

(ക) അതേ വ്യവസ്ഥകൾ അടങ്ങിയിട്ടുള്ള ഒരു ബില്ല് നിയമനിർമ്മാണമണ്ഡലത്തിൽ അവതരിപ്പിക്കുവാൻ ഈ ഭരണഘടനപ്രകാരം രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമായിരുന്നുവെങ്കിലോ ;

(ഖ) അതേ വ്യവസ്ഥകൾ അടങ്ങിയിട്ടുള്ള ഒരു ബില്ല് രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് നീക്കിവയ്ക്കുന്നത് ആവശ്യമാണെന്ന് അദ്ദേഹം കരുതുമായിരുന്നുവെങ്കിലോ ;

(ഗ) അതേ വ്യവസ്ഥകൾ അടങ്ങിയിട്ടുള്ള ആ സംസ്ഥാനത്തിലെ നിയമനിർമ്മാണ മണ്ഡലത്തിന്റെ ഒരു ആക്റ്റ്, രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവച്ചിട്ട്, അതിന് രാഷ്ട്രപതിയുടെ അനുമതി ലഭിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഈ ഭരണഘടനപ്രകാരം അസാധുവാകുമായിരുന്നുവെങ്കിലോ,

പ്രഖ്യാപിക്കുവാൻ പാടുള്ളതല്ല.

(2) ഈ അനുച്ഛേദപ്രകാരം പ്രഖ്യാപിക്കുന്ന ഒരു ഓർഡിനൻസിന് ഗവർണ്ണറുടെ അനുമതി സിദ്ധിച്ചിട്ടുള്ള സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു ആക്റ്റിനുള്ള പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതാണ്, എന്നാൽ അങ്ങനെയുള്ള ഓരോ ഓർഡിനൻസും—

(ക) ആ സംസ്ഥാനത്തിന്റെ നിയമസഭയുടെ മുമ്പാകെയോ, അല്ലെങ്കിൽ ആ സംസ്ഥാനത്ത് ഒരു നിയമസമിതിയുണ്ടെങ്കിൽ ഇരുസഭകളുടെയും മുമ്പാകെയോ, വയ്ക്കേണ്ടതും നിയമനിർമ്മാണമണ്ഡലത്തിന്റെ പുനഃസമ്മേളനം മുതൽ ആറ് ആഴ്ച അവസാനിക്കുമ്പോഴോ, ആ കാലാവധി അവസാനിക്കുന്നതിന് മുമ്പ് അതിനെ നിരാകരിച്ചു കൊണ്ടുള്ള ഒരു പ്രമേയം ആ നിയമസഭ പാസ്സാക്കുകയും, നിയമസമിതി ഉണ്ടെങ്കിൽ അത് അനുകൂലിക്കുകയും ചെയ്യുകയോ ചെയ്യുന്നപക്ഷം, ആ പ്രമേയം പാസ്സാക്കുമ്പോഴോ നിയമസമിതി ആ പ്രമേയം അനുകൂലിക്കുമ്പോഴോ, അതതു സംഗതിപോലെ, പ്രവർത്തന രഹിതമാകുന്നതും ;

(ഖ) ഗവർണ്ണർക്ക് ഏതു സമയത്തും പിൻവലിക്കാവുന്നതും,

ആകുന്നു.

*വിശദീകരണം*—ഒരു നിയമസമിതിയുള്ള സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭകൾ വ്യത്യസ്ത തീയതികളിൽ പുനഃസമ്മേളിക്കുവാൻ വിളിച്ചുകൂട്ടുന്നുവെങ്കിൽ, ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക്, ആറാഴ്ചക്കാലം ആ തീയതികളിൽ ഒടുവിലത്തേത് മുതൽ കണക്കാക്കേണ്ടതാകുന്നു.

(3) ഈ അനുച്ഛേദപ്രകാരമുള്ള ഒരു ഓർഡിനൻസ് വഴി, സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലം ഉണ്ടാക്കി ഗവർണ്ണർ അനുമതി നൽകുന്ന ഒരു നിയമത്തിൽ വ്യവസ്ഥ ചെയ്താൽ സാധുവാകാത്ത ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നുവെങ്കിൽ അങ്ങനെ ചെയ്യുന്നിടത്തോളം ആ ഓർഡിനൻസ് അസാധുവായിരിക്കുന്നതാണ് :

എന്നാൽ, സമവർത്തി ലിസ്ററിൽ എണ്ണിപ്പറഞ്ഞിട്ടുള്ള ഒരു വിഷയം സംബന്ധിച്ച പാർലമെന്റിന്റെ ഒരു ആക്ററിനോ, നിലവിലുള്ള നിയമത്തിനോ വിരുദ്ധമായതും ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു ആക്ററിന്റെ പ്രഭാവത്തെ സംബന്ധിച്ച ഈ ഭരണഘടനയിലെ വ്യവസ്ഥകളുടെ ആവശ്യങ്ങൾക്ക്, രാഷ്ട്രപതിയുടെ നിർദ്ദേശം അനുസരിച്ച് ഈ അനുച്ഛേദപ്രകാരം പ്രഖ്യാപിക്കുന്ന ഒരു ഓർഡിനൻസ് രാഷ്ട്രപതിയുടെപരിഗണനയ്ക്കായി നീക്കിവച്ചതും അദ്ദേഹം അനുമതി നൽകിയതുമായ ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു ആക്ററായി കരുതപ്പെടുന്നതാണ്.

[1]* * * * * * * * *

## അദ്ധ്യായം V—സംസ്ഥാനങ്ങളിലെ ഹൈക്കോടതികൾ

**214. സംസ്ഥാനങ്ങൾക്കുള്ള ഹൈക്കോടതികൾ—**[2]*** ഓരോ സംസ്ഥാനത്തിനും ഒരു ഹൈക്കോടതി ഉണ്ടായിരിക്കേണ്ടതാണ്.

[3]* * * * * * * * *

**215. ഹൈക്കോടതികൾ റിക്കാർഡ് കോടതികൾ ആയിരിക്കണമെന്ന്—**ഓരോ ഹൈക്കോടതിയും ഒരു റിക്കാർഡ് കോടതി ആയിരിക്കേണ്ടതും അതിനുതന്നെ എതിരായുള്ള അലക്ഷ്യത്തിന് ശിക്ഷിക്കുവാനുള്ള അധികാരം ഉൾപ്പെടെ, അങ്ങനെയുള്ള ഒരു കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കേണ്ടതും ആകുന്നു.

**216. ഹൈക്കോടതികളുടെ സംവിധാനം—**ഓരോ ഹൈക്കോടതിയും, ഒരു ചീഫ് ജസ്ററിസും, നിയമിക്കുന്നത് ആവശ്യമാണെന്ന് രാഷ്ട്രപതിക്ക് അപ്പോഴപ്പോൾ തോന്നുന്ന മററ് ജഡ്ജിമാരും അടങ്ങിയതായിരിക്കേണ്ടതാണ്.

[4]* * * * * * * * *

**217. ഒരു ഹൈക്കോടതിയിലെ ജഡ്ജിയുടെ നിയമനവും ഉദ്യോഗ വ്യവസ്ഥകളും—**(1) ഒരു ഹൈക്കോടതിയിലെ ഓരോ ജഡ്ജിയേയും, ഭാരതത്തിന്റെ ചീഫ് ജസ്ററിസുമായും സംസ്ഥാനത്തിന്റെ ഗവർണ്ണറുമായും, ചീഫ് ജസ്ററിസ് ഒഴികെയുള്ള ഒരു ജഡ്ജിയുടെ നിയമനത്തിന്റെ സംഗതിയിൽ ആ ഹൈക്കോടതിയിലെ ചീഫ് ജസ്ററിസുമായും ആലോചിച്ചതിനുശേഷം, തന്റെ കൈയൊപ്പും മുദ്രയും വച്ച അധികാരപത്രം വഴി രാഷ്ട്രപതി നിയമിക്കേണ്ടതും [5][ഒരു അഡീഷണൽ ജഡ്ജിയുടെയോ പകരം ജോലി നോക്കുന്ന ജഡ്ജിയുടെയോ സംഗതിയിൽ 224-ാം അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരവും മററ് ഏതു സംഗതിയിലും അദ്ദേഹത്തിന് [6][ അറുപത്തിരണ്ട് വയസ്സ് ] തികയുന്നതുവരെയും അദ്ദേഹം ഉദ്യോഗം വഹിക്കേണ്ടതും ആകുന്നു ]:

എന്നാൽ—

(ക) ഒരു ജഡ്ജിയ്ക്ക് രാഷ്ട്രപതിയെ സംബോധന ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ് ;

---

1. 1975-ലെ ഭരണഘടന (മുപ്പത്തെട്ടാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പു പ്രകാരം (മുൻകാല പ്രാബല്യത്തോടെ) (4)-ാം ഖണ്ഡം ഉൾപ്പെടുത്തുകയും 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 27-ാം വകുപ്പു പ്രകാരം വിട്ടുകളയുകയും ചെയ്തു (20-6-1979 മുതൽ പ്രാബല്യം).
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയുംപ്രകാരം ബ്രാക്കററുകളും "(1)" എന്ന അക്കവും വിട്ടുകളഞ്ഞു.
3. മേൽപ്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം (2)-ം (3)-ം ഖണ്ഡങ്ങൾ വിട്ടുകളഞ്ഞു.
4. മേൽപ്പറഞ്ഞ ആക്റ്റ്, 11-ാം വകുപ്പു പ്രകാരം പരിമിതി വ്യവസ്ഥ വിട്ടുകളഞ്ഞു.
5. മേൽപ്പറഞ്ഞ ആക്റ്റ്, 12-ാം വകുപ്പു പ്രകാരം "അറുപതുവയസ്സ് തികയുന്നതുവരെ അദ്ദേഹം ഉദ്യോഗം വഹിക്കേണ്ടതാകുന്നു " എന്നതിന് പകരം ചേർത്തത്.
6. 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം "അറുപതുവയസ്സ് " എന്നതിന് പകരം ചേർത്തത്.

(ഖ) ഒരു ജഡ്ജിയെ തൻെറ ഉദ്യോഗത്തിൽ നിന്ന്, സുപ്രീംകോടതിയിലെ ഒരു ജഡ്ജിയെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുന്നതിന് 124-ാം അനുച്ഛേദം (4)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധം, രാഷ്ട്രപതിക്ക് നീക്കം ചെയ്യാവുന്നതാണ്;

(ഗ) ഒരു ജഡ്ജിയുടെ ഉദ്യോഗം അദ്ദേഹത്തെ രാഷ്ട്രപതി, സുപ്രീംകോടതിയിലെ ഒരു ജഡ്ജിയായി നിയമിക്കുന്നതിനാലോ അല്ലെങ്കിൽ അദ്ദേഹത്തെ ഭാരതത്തിൻെറ ഭൂപ്രദേശത്തിനുള്ളിൽ മറേറതെങ്കിലും ഹൈക്കോടതിയിലേക്ക് രാഷ്ട്രപതി മാററുന്നതിനാലോ ഒഴിവാകുന്നതാണ്.

(2) ഒരാൾ ഒരു ഹൈക്കോടതിയിലെ ജഡ്ജിയായി നിയമിക്കപ്പെടുന്നതിന് ആ ആൾ ഭാരതത്തിലെ ഒരു പൗരനായിരിക്കുകയും-

(ക) ചുരുങ്ങിയത് പത്തുവർഷം ഭാരതത്തിൻെറ ഭൂപ്രദേശത്ത് ഒരു ജുഡിഷ്യൽ ഉദ്യോഗം വഹിച്ചിട്ടുണ്ടായിരിക്കുകയോ ;

(ഖ) ചുരുങ്ങിയത് പത്തുവർഷം [1]*** ഒരു ഹൈക്കോടതിയിലെയോ, തുടർച്ചയായി അങ്ങനെയുള്ള രണ്ടോ അതിലധികമോ കോടതികളിലെയോ ഒരു അഭിഭാഷക നായിരുന്നിരിക്കുകയോ,

[2]* * * * * * * * * * * *

ചെയ്യുകയും ചെയ്യാത്തപക്ഷം, യോഗ്യനായിരിക്കുന്നതല്ല.

*വിശദീകരണം*—ഈ ഖണ്ഡത്തിൻെറ ആവശ്യങ്ങൾക്ക്—

[3][(ക) ഭാരതത്തിൻെറ ഭൂപ്രദേശത്ത് ഒരാൾ ജുഡിഷ്യൽ ഉദ്യോഗം വഹിച്ചിരുന്ന കാലം കണക്കാക്കുന്നതിൽ, അദ്ദേഹം ഏതെങ്കിലും ജുഡിഷ്യൽ ഉദ്യോഗം വഹിച്ചതിനുശേഷം ഒരു ഹൈക്കോടതിയിൽ അദ്ദേഹം അഭിഭാഷകൻ ആയിരുന്നതോ അല്ലെങ്കിൽ ഒരു ട്രിബ്യൂണലിലെ അംഗത്തിൻെറ ഉദ്യോഗമോ അല്ലെങ്കിൽ യൂണിയൻെറയോ ഒരു സംസ്ഥാനത്തിൻെറയോ കീഴിൽ നിയമത്തിൽ പ്രത്യേക ജ്ഞാനം ആവശ്യമായ ഏതെങ്കിലും തസ്തികയോ വഹിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും കാലവും ഉൾപ്പെടുത്തേണ്ടതാണ്;]

[4][(കക)] ഒരാൾ ഒരു ഹൈക്കോടതിയിലെ അഭിഭാഷകനായി ഇരുന്നിട്ടുള്ള കാലം കണക്കാക്കുന്നതിൽ അദ്ദേഹം ഒരു അഭിഭാഷകനായതിനുശേഷം അദ്ദേഹം [5][ജുഡിഷ്യലുദ്യോഗമോ അല്ലെങ്കിൽ ഒരു ട്രിബ്യൂണലിലെ അംഗത്തിൻെറ ഉദ്യോഗമോ അല്ലെങ്കിൽ ഒരംഗമായോ യൂണിയൻെറയോ ഒരു സംസ്ഥാനത്തിൻെറയോ കീഴിൽ നിയമത്തിൽ പ്രത്യേക ജ്ഞാനം ആവശ്യമായ എതെങ്കിലും തസ്തികയോ വഹിച്ചിട്ടുള്ള] ഏതെങ്കിലും കാലവും ഉൾപ്പെടുത്തേണ്ടതാണ് .

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ് 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സംസ്ഥാനത്തിലെ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

2. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 36-ാം വകുപ്പു പ്രകാരം "അല്ലെങ്കിൽ" എന്ന വാക്കും (ഗ) ഉപഖണ്ഡവും ഉൾപ്പെടുത്തുകയും (3-1-1977 മുതൽ പ്രാബല്യം). 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 28-ാം വകുപ്പുപ്രകാരം വിട്ടുകളയുകയും ചെയ്തു (20-6-1979 മുതൽ പ്രാബല്യം).

3. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 28-ാം വകുപ്പുപ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

4. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം (ക) ഖണ്ഡം (കക) ഖണ്ഡമായി അക്ഷരം മാററി (20-6-1979 മുതൽ പ്രാബല്യം).

5. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 36-ാം വകുപ്പുപ്രകാരം "ജുഡിഷ്യൽ ഉദ്യോഗം വഹിച്ചിരിക്കുകയോ" എന്നതിനുപകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

(ഖ) ഒരാൾ ഭാരതത്തിൻെറ ഭൂപ്രദേശത്ത് ജുഡീഷ്യലുദ്യോഗം വഹിച്ചിട്ടുള്ളതോ ഒരു ഹൈക്കോടതിയിലെ അഭിഭാഷകനായിരുന്നിട്ടുള്ളതോ ആയ കാലം കണക്കാക്കുന്നതിൽ, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് മുമ്പ്, 1935-ലെ ഗവൺമെൻറ് ഓഫ് ഇൻഡ്യാ ആക്ററിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരമുള്ള ഭാരതത്തിനുള്ളിൽ 1947 ആഗസ്ററ് പതിനഞ്ചാം തീയതിക്കു മുമ്പ് ഉൾപ്പെട്ടിരുന്ന ഏതെങ്കിലും പ്രദേശത്ത് ജുഡീഷ്യലുദ്യോഗം വഹിച്ചിട്ടുള്ളതോ അങ്ങനെയുള്ള ഏതെങ്കിലും പ്രദേശത്ത് ഏതെങ്കിലും ഹൈക്കോടതിയിൽ ഒരു അഭിഭാഷകനായി ഇരുന്നിട്ടുള്ളതോ ആയ ഏതെങ്കിലും കാലവും, അതതു സംഗതിപോലെ, ഉൾപ്പെടുത്തേണ്ടതാണ്.

[1][(3) ഒരു ഹൈക്കോടതിയിലെ ജഡ്ജിയുടെ വയസ്സിനെക്കുറിച്ച് ഏതെങ്കിലും പ്രശ്നം ഉത്ഭവിക്കുന്നുവെങ്കിൽ, ആ പ്രശ്നം രാഷ്ട്രപതി ഭാരതത്തിൻെറ ചീഫ് ജസ്ററിസുമായി ആലോചിച്ചശേഷം തീരുമാനിക്കേണ്ടതും രാഷ്ട്രപതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.]

**218. സുപ്രീംകോടതിയെ സംബന്ധിക്കുന്ന ചില വ്യവസ്ഥകൾ ഹൈക്കോടതിക്ക് ബാധകമാക്കൽ**—124-ാം അനുച്ഛേദം (4)-ഉം (5)-ഉം ഖണ്ഡങ്ങളിലെ വ്യവസ്ഥകൾ അവ സുപ്രീം കോടതിയെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ, സുപ്രീംകോടതിയെപ്പററിയുള്ള പരാമർശങ്ങൾക്കു പകരം ഹൈക്കോടതിയെപ്പററിയുള്ള പരാമർശങ്ങൾ ചേർത്താൽ ഹൈക്കോടതിയെ സംബന്ധിച്ചും ബാധകമാകുന്നതാണ്.

**219. ഹൈക്കോടതികളിലെ ജഡ്ജിമാരുടെ ശപഥം അഥവാ പ്രതിജ്ഞ**—[2] *** ഒരു ഹൈക്കോടതിയിലെ ജഡ്ജിയായി നിയമിക്കുന്ന ഓരോ ആളും ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനു മുമ്പ് ആ സംസ്ഥാനത്തെ ഗവർണ്ണറുടെയോ അല്ലെങ്കിൽ അദ്ദേഹം അതിനായി നിയമിച്ചിട്ടുള്ള ഏതെങ്കിലും ആളുടെയോ മുമ്പാകെ, മൂന്നാം പട്ടികയിൽ അതിനുവേണ്ടി ചേർത്തിട്ടുള്ള ഫാറത്തിൽ ഒരു ശപഥം അഥവാ പ്രതിജ്ഞ ചെയ്ത് ഒപ്പു വയ്ക്കേണ്ടതാണ്.

[3][ **220. ഒരു സ്ഥിരം ജഡ്ജി ആയിരുന്ന ശേഷം അഭിഭാഷകവൃത്തിയിലേർപ്പെടുന്നതിൻമേൽ നിയന്ത്രണം**—ഈ ഭരണഘടനയുടെ പ്രാരംഭത്തിനുശേഷം, ഒരു ഹൈക്കോടതിയിലെ ഒരു സ്ഥിരം ജഡ്ജിയായി ഉദ്യോഗം വഹിച്ചിട്ടുള്ള യാതൊരാളും, സുപ്രീം കോടതിയിലും മററു ഹൈക്കോടതികളിലും ഒഴികെ, ഭാരതത്തിലെ ഏതെങ്കിലും കോടതിയിലോ ഏതെങ്കിലും അധികാരസ്ഥാനത്തിൻെറ മുമ്പാകെയോ, വാദിക്കുകയോ പ്രതിനിധാനം ചെയ്യുകയോ ചെയ്യുവാൻ പാടുള്ളതല്ല.

*വിശദീകരണം*—ഈ അനുച്ഛേദത്തിൽ "ഹൈക്കോടതി" എന്ന പ്രയോഗത്തിൽ 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററിൻെറ * പ്രാരംഭത്തിനു മുമ്പ് നിലവിലിരുന്ന പ്രകാരമുള്ള ഒന്നാം പട്ടികയിലെ ഖ ഭാഗത്തിൽ പറഞ്ഞിട്ടുള്ള ഒരു സംസ്ഥാനത്തെ ഹൈക്കോടതി ഉൾപ്പെടുന്നതല്ല.]

**221. ജഡ്ജിമാരുടെ ശമ്പളങ്ങൾ മുതലായവ**—[4][(1) ഓരോ ഹൈക്കോടതിയിലേയും ജഡ്ജിമാർക്ക് പാർലമെൻറ് നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ശമ്പളങ്ങൾ നൽകേണ്ടതും അതിലേക്ക് അപ്രകാരം വ്യവസ്ഥ ചെയ്യുന്നതുവരെ രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള ശമ്പളങ്ങൾ നൽകേണ്ടതും ആകുന്നു.]

(2) ഓരോ ജഡ്ജിക്കും, അപ്പോഴപ്പോൾ പാർലമെൻറ് ഉണ്ടാക്കുന്ന നിയമംവഴിയോ നിയമപ്രകാരമോ നിശ്ചയിക്കാവുന്ന വിധത്തിലുള്ള അങ്ങനെയുള്ള ബത്തകൾക്കും, അവധിയും പെൻഷനും സംബന്ധിച്ച അവകാശങ്ങൾക്കും, അപ്രകാരം നിശ്ചയിക്കുന്നതുവരെ, രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള ബത്തകൾക്കും അവകാശങ്ങൾക്കും അവകാശമുണ്ടായിരിക്കുന്നതാണ് :

---

1. 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്ററ്, 4-ാം വകുപ്പുപ്രകാരം (പൂർവ്വകാല പ്രാബല്യത്തോടുകൂടി) ചേർത്തത്.
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒരു സംസ്ഥാനത്തിലെ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.
3. മേൽപ്പറഞ്ഞ അക്ററ്, 13-ാം വകുപ്പുപ്രകാരം 220-ാം അനുച്ഛേദത്തിന് പകരം ചേർത്തത്.

*. 1956 നവംബർ 1-ാം തീയതി.

4. 1986-ലെ ഭരണഘടന (അൻപത്തിനാലാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം (2)-ാം ഖണ്ഡത്തിനുപകരം ചേർത്തത് (1-4-1986 മുതൽ പ്രാബല്യം).

എന്നാൽ, ഒരു ജഡ്ജിയുടെ ബത്തകളോ അദ്ദേഹത്തിൻെറ അവധിയോ പെൻഷനോ സംബന്ധിച്ച അവകാശങ്ങളോ, അദ്ദേഹത്തിൻെറ നിയമനത്തിനുശേഷം അദ്ദേഹത്തിന് പ്രതികൂലമായി വ്യത്യാസപ്പെടുത്തുവാൻ പാടുള്ളതല്ല.

**222. ഒരു ഹൈക്കോടതിയിൽ നിന്ന് മറ്റൊന്നിലേക്കുള്ള ഒരു ജഡ്ജിയുടെ സ്ഥലം മാററം**—(1) രാഷ്ട്രപതിക്ക്, ഭാരതത്തിൻെറ ചീഫ് ജസ്ററിസുമായി ആലോചിച്ചശേഷം ഒരു ജഡ്ജിയെ ഒരു ഹൈക്കോടതിയിൽ നിന്ന് [1] * * * മറ്റേതെങ്കിലും ഹൈക്കോടതിയിലേക്ക് സ്ഥലം മാററാവുന്നതാണ്.

[2][(2) ഒരു ജഡ്ജിയെ അപ്രകാരം സ്ഥലം മാററിയിട്ടുള്ളപ്പോഴോ സ്ഥലംമാററുമ്പോഴോ, 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്ററിൻെറ പ്രാരംഭത്തിനുശേഷം മറ്റേ ഹൈക്കോടതിയിലെ ജഡ്ജിയായി അദ്ദേഹം സേവനം അനുഷ്ഠിക്കുന്ന കാലത്ത് അദ്ദേഹത്തിൻെറ ശമ്പളത്തിന് പുറമേ, പാർലമെൻറ് നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള നഷ്ടപരിഹാരബത്തയും, അപ്രകാരം നിശ്ചയിക്കുന്നതുവരെ രാഷ്ട്രപതി ഉത്തരവുവഴി നിജപ്പെടുത്താവുന്ന അങ്ങനെയുള്ള നഷ്ടപരിഹാരബത്തയും, ലഭിക്കുവാൻ അദ്ദേഹത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്.]

**223. പകരം ജോലി നോക്കുന്ന ചീഫ് ജസ്ററിസിൻെറ നിയമനം**—ഒരു ഹൈക്കോടതിയിലെ ചീഫ് ജസ്ററിസിൻെറ ഉദ്യോഗം ഒഴിവായിരിക്കുമ്പോഴോ അസാന്നിദ്ധ്യം നിമിത്തമോ മററോ തൻെറ ഉദ്യോഗത്തിൻെറ കർത്തവ്യങ്ങൾ അനുഷ്ഠിക്കുവാൻ ചീഫ് ജസ്ററിസിന് കഴിയാതെ വരുമ്പോഴോ, ആ ഉദ്യോഗത്തിൻെറ കർത്തവ്യങ്ങൾ അതിനുവേണ്ടി രാഷ്ട്രപതി ആ കോടതിയിലെ മററു ജഡ്ജിമാരിൽ നിന്ന് നിയമിക്കുന്ന അങ്ങനെയുള്ള ഒരാൾ നിർവ്വഹിക്കേണ്ടതാണ്.

[3][**224. അഡീഷണൽ ജഡ്ജിമാരുടെയും പകരം ജോലിനോക്കുന്ന ജഡ്ജിമാരുടെയും നിയമനം**—(1) ഒരു ഹൈക്കോടതിയുടെ കാര്യങ്ങളിലുള്ള ഏതെങ്കിലും താൽക്കാലികമായ വർദ്ധനകാരണമോ അല്ലെങ്കിൽ അതിലെ ജോലിക്കുടിശ്ശിക കാരണമോ, ആ ഹൈക്കോടതിയിലെ ജഡ്ജിമാരുടെ എണ്ണം തൽക്കാലത്തേയ്ക്ക് വർദ്ധിപ്പിക്കണമെന്ന് രാഷ്ട്രപതിക്ക് തോന്നുന്നുവെങ്കിൽ, യഥാവിധി യോഗ്യതയുള്ള ആളുകളെ രാഷ്ട്രപതിക്ക്, അദ്ദേഹം നിർദ്ദേശിക്കാവുന്ന രണ്ട് വർഷത്തിൽ കവിയാത്ത അങ്ങനെയുള്ള കാലത്തേക്ക് അഡീഷണൽ ജഡ്ജിമാരായി നിയമിക്കാവുന്നതാണ്.

(2) ഒരു ഹൈക്കോടതിയിലെ ചീഫ് ജസ്ററിസ് അല്ലാത്ത ഏതെങ്കിലും ജഡ്ജിക്ക് അസാന്നിദ്ധ്യത്താലോ മറേറതെങ്കിലും കാരണത്താലോ അദ്ദേഹത്തിൻെറ ഔദ്യോഗിക കർത്തവ്യങ്ങൾ അനുഷ്ഠിക്കുവാൻ കഴിയാതെ വരികയോ അല്ലെങ്കിൽ അദ്ദേഹത്തെ തൽക്കാലത്തേക്ക് ചീഫ് ജസ്ററിസായി പകരം ജോലി നോക്കുന്നതിന് നിയമിച്ചിരിക്കുകയോ ചെയ്തിരിക്കുമ്പോൾ രാഷ്ട്രപതിക്ക്, യഥാവിധി യോഗ്യതയുള്ള ഒരാളെ, സ്ഥിരം ജഡ്ജി തൻെറ കർത്തവ്യങ്ങൾ വീണ്ടും ഏറെറടുക്കുന്നതുവരെ, ആ കോടതിയിലെ ഒരു ജഡ്ജിയായി പകരം ജോലി നോക്കുവാൻ നിയമിക്കാവുന്നതാണ്.

(3) ഒരു ഹൈക്കോടതിയിലെ അഡീഷണൽ ജഡ്ജിയോ പകരം ജോലി നോക്കുന്ന ജഡ്ജിയോ ആയി നിയമിച്ചിട്ടുള്ള യാതൊരാളും [4][അറുപത്തിരണ്ടു വയസ്സ്] തികഞ്ഞതിനുശേഷം ഉദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല.]

[5][**224 ക. ഹൈക്കോടതികളുടെ ഉപവേശനങ്ങളിൽ ഉദ്യോഗത്തിൽനിന്ന് വിരമിച്ച ജഡ്ജിമാരുടെ നിയമനം**—ഈ അദ്ധ്യായത്തിൽ എന്തുതന്നെ ആയിരുന്നാലും, ഏതെങ്കിലും ഒരു സംസ്ഥാനത്തെ ഹൈക്കോടതിയിലെ ചീഫ് ജസ്ററിസിന്, ഏതു സമയത്തും, രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള സമ്മതത്തോടുകൂടി, ആ കോടതിയിലേയോ മററ് ഏതെങ്കിലും ഹൈക്കോടതിയിലേയോ ഒരു ജഡ്ജിയായി ഉദ്യോഗം വഹിച്ചിട്ടുള്ള ഏതെങ്കിലും ആളോട്, ആ സംസ്ഥാനത്തെ ഹൈക്കോടതിയിലെ ഒരു ജഡ്ജിയായി

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 14-ാം വകുപ്പുപ്രകാരം "ഭാരതത്തിൻെറ ഭൂപ്രദേശത്തിനുള്ളിലെ" എന്ന വാക്കുകൾ വിട്ടുകളഞ്ഞു.
2. 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്ററ്, 5-ാം വകുപ്പുപ്രകാരം ചേർത്തത്. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 14-ാം വകുപ്പുപ്രകാരം ആദ്യം ഉണ്ടായിരുന്ന (2)-ാം ഖണ്ഡം വിട്ടുകളഞ്ഞിരുന്നു.
3. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 15-ാം വകുപ്പുപ്രകാരം 224-ാം അനുച്ഛേദത്തിനു പകരം ചേർത്തത്.
4. 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്ററ്, 6-ാം വകുപ്പുപ്രകാരം "അറുപതുവയസ്സ്" എന്നതിന് പകരം ചേർത്തത്.
5. മേൽപ്പറഞ്ഞ ആക്ററ് 7-ാം വകുപ്പുപ്രകാരം ചേർത്തത്.

ഉപവേശിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവാൻ ആവശ്യപ്പെടാവുന്നതും, അപ്രകാരം ആവശ്യപ്പെടുന്ന അങ്ങനെയുള്ള ഓരോ ആൾക്കും, ആ ആൾ അപ്രകാരം ഉപവേശിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ, രാഷ്ട്രപതി ഉത്തരവുവഴി നിശ്ചയിക്കാവുന്ന ബത്തകൾക്ക് അവകാശമുണ്ടായിരിക്കുന്നതും, ആ ഹൈക്കോടതിയിലെ ഒരു ജഡ്ജിയുടെ എല്ലാ അധികാരിതയും അധികാരങ്ങളും വിശേഷാവകാശങ്ങളും ഉണ്ടായിരിക്കുന്നതും എന്നാൽ മററു വിധത്തിൽ അദ്ദേഹം ആ ഹൈക്കോടതിയിലെ ഒരു ജഡ്ജിയായി കരുതപ്പെടുന്നതല്ലാത്തതുമാകുന്നു :

എന്നാൽ, ഈ അനുച്ഛേദത്തിലെ യാതൊന്നും മേൽപ്പറഞ്ഞ പ്രകാരമുള്ള അങ്ങനെയുള്ള ഏതെങ്കിലും ആളോട് ആ ഹൈക്കോടതിയിലെ ഒരു ജഡ്ജിയായി ഉപവേശിക്കുകയും പ്രവർത്തിക്കുകയും ചെയ്യാൻ അദ്ദേഹം സമ്മതിക്കാത്തപക്ഷം അങ്ങനെ ചെയ്യുന്നതിന് ആവശ്യപ്പെടുന്നതായി കരുതപ്പെടുന്നതല്ല.]

**225. നിലവിലുള്ള ഹൈക്കോടതികളുടെ അധികാരിത**—ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്കും, സമുചിത നിയമനിർമ്മാണമണ്ഡലം ഈ ഭരണഘടന വഴി ആ നിയമനിർമ്മാണ മണ്ഡലത്തിന് നൽകിയിട്ടുള്ള അധികാരങ്ങളുടെ ബലത്തിൽ ഉണ്ടാക്കുന്ന നിയമങ്ങളിലെ വ്യവസ്ഥകൾക്കും വിധേയമായി, നിലവിലുള്ള ഏതെങ്കിലും ഹൈക്കോടതിയുടെയും അധികാരിതയും അതു നടപ്പാക്കുന്ന നിയമവും, കോടതിയുടെ ചട്ടങ്ങൾ ഉണ്ടാക്കുവാനും ആ കോടതിയുടെയും ഒററയ്ക്കോ ഡിവിഷൻ കോടതികളായോ ഉപവേശിക്കുന്ന അതിലെ അംഗങ്ങളുടെയും ഉപവേശനങ്ങൾ ക്രമപ്പെടുത്തുവാനും ഉള്ള ഏതെങ്കിലും അധികാരം ഉൾപ്പെടെ, നീതി നടത്തിപ്പ് സംബന്ധിച്ച് അതിലെ ജഡ്ജിമാർക്ക് യഥാക്രമമുള്ള അധികാരങ്ങളും, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഉണ്ടായിരുന്നവ തന്നെ ആയിരിക്കുന്നതാണ്:

[1][എന്നാൽ, റവന്യൂവുമായോ അത് പിരിക്കുന്നതു സംബന്ധിച്ച് ഉത്തരവായതോ ചെയ്തതോ ആയ ഏതെങ്കിലും പ്രവൃത്തിയുമായോ ബന്ധപ്പെട്ട ഏതെങ്കിലും വിഷയം സംബന്ധിച്ച് ഹൈക്കോടതികളിൽ ഏതിൻെറയെങ്കിലും ആദ്യാധികാരിതയുടെ പ്രയോഗം ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഏതെങ്കിലും നിയന്ത്രണത്തിന് വിധേയമായിരുന്നുവെങ്കിൽ ആ നിയന്ത്രണം അങ്ങനെയുള്ള അധികാരിതയുടെ പ്രയോഗത്തിന് മേലാൽ ബാധകമാകുന്നതല്ല. ]

[2][**226. ചില റിട്ടുകൾ പുറപ്പെടുവിക്കുവാൻ ഹൈക്കോടതികൾക്കുള്ള അധികാരം**—(1) 32-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും [3]*** ഓരോ ഹൈക്കോടതിക്കും ഏതെല്ലാം ഭൂപ്രദേശങ്ങൾ സംബന്ധിച്ച് അത് അധികാരിത പ്രയോഗിക്കുന്നുവോ, അവിടെയെല്ലാം, III-ാം ഭാഗത്തിൽ നൽകിയിട്ടുള്ള അവകാശങ്ങളിൽ ഏതും പ്രാവർത്തികമാക്കുന്നതിനും, മറേറതെങ്കിലും ആവശ്യത്തിനുവേണ്ടിയും, ആ ഭൂപ്രദേശത്തുള്ള ഏതെങ്കിലും ആൾക്കും അധികാരസ്ഥാനത്തിനും സമുചിതമായ സംഗതികളിൽ ഏതെങ്കിലും സർക്കാരിനും ഉൾപ്പെടെ, നിർദ്ദേശങ്ങളോ ഉത്തരവുകളോ [4][*ഹേബിയസ് കോർപ്പസ്, മാൻഡമസ്, പ്രൊഹിബിഷൻ, ക്വോവാറൻേറാ, സെർഷ്യോറേറൈ* എന്നിവയുടെ സ്വഭാവത്തിലുള്ള റിട്ടുകളോ അവയിൽ ഏതെങ്കിലുമോ] പുറപ്പെടുവിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.]

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പുപ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം). ആദ്യം ഉണ്ടായിരുന്ന പരിമിതി വ്യവസ്ഥ 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 37-ാം വകുപ്പു പ്രകാരം വിട്ടുകളഞ്ഞിരുന്നു (1-2-1977 മുതൽ പ്രാബല്യം).

2. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 38-ാം വകുപ്പുപ്രകാരം, 226-ാം അനുച്ഛേദത്തിനുപകരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).

3. 1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്ററ്, 7-ാം വകുപ്പുപ്രകാരം "എന്നാൽ 131 ക യും 226 ക യും അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി" എന്ന വാക്കുകളും അക്കങ്ങളും അക്ഷരങ്ങളും വിട്ടുകളഞ്ഞു (13-4-1978 മുതൽ പ്രബല്യം).

4. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 30-ാം വകുപ്പുപ്രകാരം "ഹേബിയസ് കോർപ്പസ്, മാൻഡമസ്, പ്രൊഹിബിഷൻ ,ക്വോവാറൻേറാ, സെർഷ്യോറേറൈ അല്ലെങ്കിൽ അവയിൽ ഏതെങ്കിലുമോ" എന്നീ വാക്കുകളിൽ തുടങ്ങുന്നതും "അങ്ങനെയുള്ള നിയമസാധുതയില്ലായ്മ സാരവത്തായ നീതിയുടെ പരാജയത്തിൽ കലാശിച്ചു" എന്നീ വാക്കുകളിൽ അവസാനിക്കുന്നതുമായ ഭാഗത്തിന് പകരം ചേർത്തത് (1-8-1979 മുതൽ പ്രാബല്യം).

(2) ഏതെങ്കിലും സർക്കാരിനോ അധികാരസ്ഥാനത്തിനോ ആൾക്കോ എതിരായി നിർദ്ദേശങ്ങളോ ഉത്തരവുകളോ റിട്ടുകളോ പുറപ്പെടുവിക്കുവാൻ (1)-ാം ഖണ്ഡത്തിൽ നൽകിയിട്ടുള്ള അധികാരം, ആ അധികാരം പ്രയോഗിക്കാൻ ഇടയാക്കുന്ന വ്യവഹാരകാരണം പൂർണ്ണമായോ ഭാഗികമായോ ഉൽഭവിച്ച ഭൂപ്രദേശത്ത്, ആ ഭൂപ്രദേശത്ത് അധികാരിത പ്രയോഗിക്കുന്ന ഏതൊരു ഹൈക്കോടതിക്കും ആ സർക്കാരിൻെറയോ അധികാരസ്ഥാനത്തിൻെറയോ ആസ്ഥാനം അഥവാ ആ ആളുടെ വാസസ്ഥലം ആ ഭൂപ്രദേശത്തിനുള്ളിൽ അല്ലെങ്കിൽത്തന്നെയും, പ്രയോഗിക്കാവുന്നതാണ്.

[1][(3) (1)-ാം ഖണ്ഡപ്രകാരമുള്ള ഒരു ഹർജിയിൻമേലോ അതിനോടു ബന്ധപ്പെട്ട ഏതെങ്കിലും നടപടികളിലോ നിരോധനാജ്ഞയുടെയോ, നിർത്തിവയ്ക്കലിൻെറയോ രൂപത്തിലോ മറേറതെങ്കിലും രീതിയിലോ, ഒരു ഇടക്കാല ഉത്തരവ്,—

(ക) അങ്ങനെയുള്ള ഹർജിയുടെയും അങ്ങനെയുള്ള ഇടക്കാല ഉത്തരവിനു വേണ്ടിയുള്ള വാദത്തെ പിൻതാങ്ങുന്ന എല്ലാ രേഖകളുടെയും പകർപ്പുകൾ അങ്ങനെയുള്ള കക്ഷിക്ക് കൊടുക്കാതെയും ;

(ഖ) അങ്ങനെയുള്ള കക്ഷിക്ക് കേൾക്കപ്പെടുവാനുള്ള അവസരം നൽകാതെയും,

ഏത് കക്ഷിക്കെതിരായിട്ടാണോ പുറപ്പെടുവിച്ചിട്ടുള്ളത്, ആ കക്ഷി അങ്ങനെയുള്ള ഉത്തരവ് ദുർബലപ്പെടുത്തുന്നതിനുവേണ്ടി ഹൈക്കോടതിക്ക് ഒരു അപേക്ഷ നൽകുകയും അങ്ങനെയുള്ള അപേക്ഷയുടെ ഒരു പകർപ്പ് ഏത് കക്ഷിക്ക് അനുകൂലമായിട്ടാണോ അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ആ കക്ഷിക്കോ അങ്ങനെയുള്ള കക്ഷിയുടെ വക്കീലിനോ നൽകുകയും ചെയ്യുന്നിടത്ത്, അപേക്ഷ ലഭിച്ച തീയതി അല്ലെങ്കിൽ അങ്ങനെയുള്ള അപേക്ഷയുടെ പകർപ്പ് നൽകപ്പെട്ട തീയതി, അതിൽ ഏതാണോ ഒടുവിലത്തേത്, ആ തീയതി മുതൽ രണ്ടാഴ്ചക്കാലത്തിനകവും, അല്ലെങ്കിൽ ആ കാലാവധിയുടെ ഒടുവിലത്തെ ദിവസം ഹൈക്കോടതിക്ക് ഒഴിവു ദിവസം ആണെങ്കിൽ പിന്നീട് കോടതി തുറന്നു പ്രവർത്തിക്കുന്ന ദിവസം അവസാനിക്കുന്നതിനു മുമ്പും ഹൈക്കോടതി ആ അപേക്ഷ തീർപ്പാക്കേണ്ടതും അങ്ങനെ തീർപ്പാക്കാത്തപക്ഷം ആ ഇടക്കാല ഉത്തരവ് ആ കാലാവധിക്കുശേഷം അല്ലെങ്കിൽ, അതതു സംഗതിപോലെ, മേൽപ്പറഞ്ഞ പ്രകാരം പിന്നീട് കോടതി തുറന്നു പ്രവർത്തിക്കുന്ന ദിവസത്തിനുശേഷം ദുർബലപ്പെടുന്നതാണ്. ]

[2][ (4) ഈ അനുച്ഛേദത്താൽ ഒരു ഹൈക്കോടതിക്ക് നൽകുന്ന അധികാരം 32-ാം അനുച്ഛേദം (2)-ാം ഖണ്ഡത്തിൽ സുപ്രീംകോടതിക്ക് നൽകിയിരിക്കുന്ന അധികാരത്തിനു ന്യൂനത വരുത്തുന്നതല്ല.

[3]**226** ക. [*226-ാം അനുച്ഛേദത്തിൻ കീഴിലുള്ള നടപടികളിൽ കേന്ദ്രനിയമങ്ങളുടെ ഭരണഘടന സാധുത പരിഗണിക്കേണ്ടതില്ലെന്ന്*] 1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്ററ്, 8-ാം വകുപ്പുപ്രകാരം റദ്ദാക്കി. (13-4-1978 മുതൽ പ്രാബല്യം).

**227. ഹൈക്കോടതിക്ക് എല്ലാ കോടതികളുടെയും മേൽ മേൽനോട്ടത്തിനുള്ള അധികാരം**— [4][(1) ഓരോ ഹൈക്കോടതിക്കും, അത് ഏതെല്ലാം ഭൂപ്രദേശങ്ങളെ സംബന്ധിച്ച് അധികാരിത പ്രയോഗിക്കുന്നുവോ, അവിടെയെല്ലാം ഉള്ള എല്ലാ കോടതികളുടെയും ട്രിബ്യൂണലുകളുടെയും മേൽ മേൽനോട്ടം ഉണ്ടായിരിക്കുന്നതാകുന്നു. ]

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 30-ാം വകുപ്പുപ്രകാരം (3), (4), (5), (6) എന്നീ ഖണ്ഡങ്ങൾക്ക് പകരം ചേർത്തത് (1-8-1979 മുതൽ പ്രാബല്യം).

2. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം (7)-ാം ഖണ്ഡം (4)-ാം ഖണ്ഡമായി മാററി അക്കമിട്ടു (1-8-1979 മുതൽ പ്രാബല്യം).

3. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 39-ാം വകുപ്പുപ്രകാരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).

4. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 40-ാം വകുപ്പും (1-2-1977 മുതൽ പ്രാബല്യം) 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 31-ാം വകുപ്പുംപ്രകാരം (1)-ാം ഖണ്ഡം അനുക്രമമായി മുകളിൽ വായിക്കുന്ന പ്രകാരം പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

(2) മുൻപറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധം, ഹൈക്കോടതിക്ക്—

(ക) അങ്ങനെയുള്ള കോടതികളിൽ നിന്ന് വിവരപ്പത്രിക ആവശ്യപ്പെടുകയും ;

(ഖ) അങ്ങനെയുള്ള കോടതികളുടെ പ്രവർത്തനരീതിയും നടപടികളും ക്രമപ്പെടുത്തുന്നതിന് സാമാന്യമായ ചട്ടങ്ങൾ ഉണ്ടാക്കുകയും, പുറപ്പെടുവിക്കുകയും, ഫാറങ്ങൾ നിർണ്ണയിക്കുകയും ;

(ഗ) അങ്ങനെയുള്ള ഏതെങ്കിലും കോടതികളിലെ ഉദ്യോഗസ്ഥൻമാർ സൂക്ഷിക്കേണ്ട പുസ്തകങ്ങളും ഉൾകുറിപ്പുകളും കണക്കുകളും ഏത് ഫാറങ്ങളിലായിരിക്കണമെന്ന് നിർണ്ണയിക്കുകയും,

ചെയ്യാവുന്നതാണ്.

(3) അങ്ങനെയുള്ള കോടതികളിലെ ഷെറിഫിനും എല്ലാ ഗുമസ്ഥൻമാർക്കും ഉദ്യോഗസ്ഥൻമാർക്കും അവയിൽ വ്യവഹരിക്കുന്ന അറേറാർണികൾക്കും അഭിഭാഷകർക്കും വക്കീലൻമാർക്കും അനുവദിക്കേണ്ട ഫീസിൻെറ പട്ടികയും ഹൈക്കോടതിക്ക് നിശ്ചയിക്കാവുന്നതാണ്:

എന്നാൽ, (2)-ാം ഖണ്ഡമോ (3)-ാം ഖണ്ഡമോ പ്രകാരം ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങളും നിർണ്ണയിക്കുന്ന ഫാറങ്ങളും നിശ്ചയിക്കുന്ന പട്ടികയും തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളുമായി പൊരുത്തപ്പെടാത്തവ ആയിരിക്കാൻ പാടില്ലാത്തതും അവയ്ക്ക് ഗവർണ്ണറുടെ മുൻകൂട്ടിയുള്ള അംഗീകാരം ആവശ്യമായിരിക്കുന്നതും ആകുന്നു.

(4) ഈ അനുച്ഛേദത്തിലെ യാതൊന്നും, സായുധസേനകളെ സംബന്ധിക്കുന്ന ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിൻെറയോ മേൽ ഒരു ഹൈക്കോടതിക്ക് മേൽനോട്ടത്തിനുള്ള അധികാരം നൽകുന്നതായി കരുതാൻ പാടുള്ളതല്ല.

[1]* * * * * * * * * * * *

**228. ചില കേസ്സുകൾ ഹൈക്കോടതിയിലേക്ക് മാററുന്നത്**—ഹൈക്കോടതിക്ക് അതിൻെറ കീഴിലുള്ള ഒരു കോടതിയിൽ നിലവിലിരിക്കുന്ന ഒരു കേസ്സ് ഈ ഭരണഘടനയുടെ വ്യാഖ്യാനത്തെക്കുറിച്ചുള്ള സാരവത്തായ ഒരു നിയമപ്രശ്നം ഉൾക്കൊള്ളുന്നുണ്ടെന്നും അതിൻെറ തീർപ്പ് ആ കേസ്സിൻെറ തീർച്ചയ്ക്ക് ആവശ്യമാണെന്നും ബോദ്ധ്യമായാൽ, [2][അത് ആ കേസ്സ് പിൻവലിക്കേണ്ടതും, [3]*** അതിന്-]

(ക) സ്വയം ആ കേസ്സ് തീർച്ചചെയ്യാവുന്നതും ; അല്ലെങ്കിൽ

(ഖ) മേൽപ്പറഞ്ഞ നിയമപ്രശ്നം തീർപ്പാക്കാവുന്നതും, ആ പ്രശ്നത്തിൻമേലുള്ള വിധിന്യായത്തിൻെറ ഒരു പകർപ്പുസഹിതം, ആ കേസ്സ് ഏത് കോടതിയിൽ നിന്നാണോ അപ്രകാരം പിൻവലിച്ചത് അതിലേക്ക് തിരിച്ചയയ്ക്കാവുന്നതും, പ്രസ്തുത കോടതി അത് കിട്ടുന്നതിൻമേൽ ആ വിധിന്യായത്തിന് അനുസൃതമായി ആ കേസ്സ് തീർച്ച ചെയ്യുവാൻ നടപടി എടുക്കേണ്ടതും,

ആകുന്നു.

---

[1] 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 40-ാം വകുപ്പുപ്രകാരം (5)-ാം ഖണ്ഡം ചേർക്കുകയും (1-2-1977മുതൽ പ്രാബല്യം) 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 31-ാം വകുപ്പുപ്രകാരം വിട്ടുകളയുകയും ചെയ്തു (20-6-1979 മുതൽ പ്രാബല്യം).

[2] 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 41-ാം വകുപ്പുപ്രകാരം "അത് ആ കേസ്സ് പിൻവലിക്കേണ്ടതും, അതിന്" പകരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).

[3] 1977-ലെ ഭരണഘടന (നാൽപ്പത്തി മൂന്നാം ഭേദഗതി) ആക്ററ്, 9-ാം വകുപ്പുപ്രകാരം "131 ക അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും വിട്ടുകളഞ്ഞു (13-4-1978 മുതൽ പ്രാബല്യം).

[1] [228 ക. സംസ്ഥാന നിയമങ്ങളുടെ ഭരണഘടനാ സാധുത സംബന്ധിച്ച് പ്രശ്നങ്ങൾ തീർപ്പാക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ] 1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 10-ാം വകുപ്പുപ്രകാരം റദ്ദാക്കി (13-4-1978 മുതൽ പ്രാബല്യം).

**229. ഹൈക്കോടതികളിലെ ഉദ്യോഗസ്ഥന്മാരും കീഴ്ജീവനക്കാരും ചെലവുകളും**— (1) ഒരു ഹൈക്കോടതിയിലെ ഉദ്യോഗസ്ഥന്മാരുടെയും കീഴ്ജീവനക്കാരുടെയും നിയമനങ്ങൾ ആ കോടതിയിലെ ചീഫ് ജസ്ററിസോ ആ കോടതിയിലെ അദ്ദേഹം നിർദ്ദേശിക്കുന്ന അങ്ങനെയുള്ള മററ് ജഡ്ജിയോ ഉദ്യോഗസ്ഥനോ നടത്തേണ്ടതാണ്:

എന്നാൽ, [2] *** ആ സംസ്ഥാനത്തെ ഗവർണ്ണർക്ക്, ചട്ടംവഴി, ആ ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള സംഗതികളിൽ ആ കോടതിയോട് ബന്ധപ്പെട്ട ഏതെങ്കിലും ഉദ്യോഗത്തിലേയ്ക്ക്, ആ കോടതിയോട് മുമ്പുതന്നെ ബന്ധമില്ലാതിരുന്ന യാതൊരാളെയും സംസ്ഥാനത്തെ പബ്ളിക്ക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ച ശേഷമല്ലാതെ നിയമിക്കാൻ പാടുള്ളതല്ലെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(2) സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ഹൈക്കോടതിയിലെ ഉദ്യോഗസ്ഥൻമാരുടെയും കീഴ്ജീവനക്കാരുടെയും സേവനവ്യവസ്ഥകൾ, ആ കോടതിയിലെ ചീഫ് ജസ്ററിസോ ആ ആവശ്യത്തിലേയ്ക്ക് വേണ്ടി ചട്ടങ്ങൾ ഉണ്ടാക്കുവാൻ ചീഫ് ജസ്ററിസ് അധികാരപ്പെടുത്തുന്ന ആ കോടതിയിലെ മറെറാരു ജഡ്ജിയോ ഉദ്യോഗസ്ഥനോ ഉണ്ടാക്കുന്ന ചട്ടങ്ങളിൽ നിർണ്ണയിക്കാവുന്ന വിധം ആയിരിക്കേണ്ടതാണ് :

എന്നാൽ, ഈ ഖണ്ഡപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക്, അവ ശമ്പളങ്ങളെയോ ബത്തകളെയോ അവധിയെയോ പെൻഷനുകളെയോ സംബന്ധിക്കുന്നിടത്തോളം, [2] *** ആ സംസ്ഥാനത്തെ ഗവർണ്ണറുടെ അംഗീകാരം ആവശ്യമായിരിക്കുന്നതാണ്.

(3) ഒരു ഹൈക്കോടതിയുടെ ഭരണച്ചെലവുകൾ, ആ കോടതിയിലെ ഉദ്യോഗസ്ഥൻമാർക്കും കീഴ്ജീവനക്കാർക്കും കൊടുക്കേണ്ടതോ അവരെ സംബന്ധിച്ചതോ ആയ എല്ലാ ശമ്പളങ്ങളും ബത്തകളും പെൻഷനുകളും ഉൾപ്പെടെ, ആ സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽനിന്ന് നടത്തേണ്ടതും, ആ കോടതി സ്വീകരിക്കുന്ന ഏതെങ്കിലും ഫീസോ മററു പണമോ ആ നിധിയുടെ ഭാഗമായിത്തീരുന്നതും ആകുന്നു.

[3] [**230. ഹൈക്കോടതികളുടെ അധികാരിത യൂണിയൻ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കൽ**—(1) പാർല മെൻറിനു നിയമം വഴി ഒരു ഹൈക്കോടതിയുടെ അധികാരിത ഏതെങ്കിലും യൂണിയൻ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കുകയോ അല്ലെങ്കിൽ ഒരു ഹൈക്കോടതിയുടെ അധികാരിത ഏതെങ്കിലും യൂണിയൻ പ്രദേശത്തു നിന്ന് ഒഴിവാക്കുകയോ ചെയ്യാവുന്നതാണ്.

(2) ഒരു സംസ്ഥാനത്തെ ഹൈക്കോടതി ഒരു യൂണിയൻ പ്രദേശത്തെ സംബന്ധിച്ച് അധികാരിത പ്രയോഗിക്കുമ്പോൾ,—

(ക) ഈ ഭരണഘടനയിലെ യാതൊന്നും ആ അധികാരിത വർദ്ധിപ്പിക്കുവാനോ പരിമിതപ്പെടുത്തുവാനോ നിറുത്തലാക്കുവാനോ ആ സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലത്തെ അധികാരപ്പെടുത്തുന്നതായി വ്യാഖ്യാനിക്കാൻ പാടില്ലാത്തതും;

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 42-ാം വകുപ്പുപ്രകാരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഹൈക്കോടതിയുടെ മുഖ്യസ്ഥാനം ഉള്ളിടത്ത് " എന്നീവാക്കുകൾ വിട്ടുകളഞ്ഞു.
3. ആദ്യം ഉണ്ടായിരുന്ന 230-ഉം 231-ഉം 232-ഉം അനുച്ഛേദങ്ങൾക്കു പകരം 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 16-ാം വകുപ്പു പ്രകാരം ചേർത്തത്.

(ഖ) 227-ാം അനുച്ഛേദത്തിലെ ഗവർണ്ണറെപ്പററിയുള്ള പരാമർശം, ആ പ്രദേശത്തെ കീഴ്ക്കോടതികൾക്കുവേണ്ടിയുള്ള ഏതെങ്കിലും ചട്ടങ്ങളെയും ഫാറങ്ങളെയും പട്ടികകളെയും സംബന്ധിച്ചിടത്തോളം, രാഷ്ട്രപതിയെക്കുറിച്ചുള്ള ഒരു പരാമർശമായി വ്യാഖ്യാനിക്കേണ്ടതും, ആകുന്നു.

**231. രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്ക് ഒരു പൊതുഹൈക്കോടതി സ്ഥാപിക്കൽ**—(1) ഈ അദ്ധ്യായത്തിൽ ഇതിനു മുമ്പുള്ള വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പാർലമെൻറിന് നിയമം വഴി രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്കുവേണ്ടിയോ രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്കും ഒരു യൂണിയൻ പ്രദേശത്തിനും വേണ്ടിയോ, ഒരു പൊതു ഹൈക്കോടതി സ്ഥാപിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും ഹൈക്കോടതിയെ സംബന്ധിച്ച്,—

(ക) 217-ാം അനുച്ഛേദത്തിലെ സംസ്ഥാനത്തിൻെറ ഗവർണ്ണറെപ്പററിയുള്ള പരാമർശത്തിന്, ആ ഹൈക്കോടതി അധികാരിത പ്രയോഗിക്കുന്ന എല്ലാ സംസ്ഥാനങ്ങളുടെയും ഗവർണ്ണർമാരെക്കുറിച്ചുള്ള പരാമർശമായി വ്യാഖ്യാനിക്കേണ്ടതാണ്;

(ഖ) 227-ാം അനുച്ഛേദത്തിലെ ഗവർണ്ണറെപ്പററിയുള്ള പരാമർശം, കീഴ്ക്കോടതികൾക്കുള്ള ചട്ടങ്ങളെയും ഫാറങ്ങളെയും പട്ടികകളെയും സംബന്ധിച്ചിടത്തോളം ആ കീഴ്ക്കോടതികൾ സ്ഥിതിചെയ്യുന്ന സംസ്ഥാനത്തെ ഗവർണ്ണറെപ്പററിയുള്ള പരാമർശമായി വ്യാഖ്യാനിക്കേണ്ടതാണ്;

(ഗ) 219-ഉം 229-ഉം അനുച്ഛേദങ്ങളിലെ സംസ്ഥാനത്തെപ്പററിയുള്ള പരാമർശങ്ങൾ ആ ഹൈക്കോടതിയുടെ മുഖ്യ ആസ്ഥാനം ഏത് സംസ്ഥാനത്താണോ ആ സംസ്ഥാനത്തെക്കുറിച്ചുള്ള പരാമർശമായി വ്യാഖ്യാനിക്കേണ്ടതാണ്:

എന്നാൽ, ആ മുഖ്യ ആസ്ഥാനം ഒരു യൂണിയൻ പ്രദേശത്താണെങ്കിൽ, 219-ഉം 229-ഉം അനുച്ഛേദങ്ങളിലെ ഗവർണ്ണറെയും പബ്ളിക് സർവ്വീസ് കമ്മിഷനെയും നിയമനിർമ്മാണ മണ്ഡലത്തെയും സംസ്ഥാനത്തിൻെറ സഞ്ചിതനിധിയെയുംപററിയുള്ള പരാമർശങ്ങളെ യഥാക്രമം രാഷ്ട്രപതിയെയും യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷനെയും പാർലമെൻറിനെയും ഭാരതത്തിൻെറ സഞ്ചിതനിധിയെയും പററിയുള്ള പരാമർശങ്ങളായി വ്യാഖ്യാനിക്കേണ്ടതാണ്.]

1* * * * * * * *

1. 1956–ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 16-ാം വകുപ്പുപ്രകാരം 232-ാം അനുച്ഛേദം വിട്ടുകളഞ്ഞു.

## അദ്ധ്യായം VI—കീഴ്ക്കോടതികൾ

**233. ജില്ലാ ജഡ്ജിമാരുടെ നിയമനം**—(1) ഏതെങ്കിലും സംസ്ഥാനത്തെ ജില്ലാ ജഡ്ജിമാരായി ആളുകളുടെ നിയമനവും പോസ്ററിങ്ങും ഉദ്യോഗക്കയററവും ആ സംസ്ഥാനത്തെ ഗവർണ്ണർ, അങ്ങനെയുള്ള സംസ്ഥാനം സംബന്ധിച്ച് അധികാരിത പ്രയോഗിക്കുന്ന ഹൈക്കോടതിയുമായി ആലോചിച്ച് നടത്തേണ്ടതാണ്.

(2) മുമ്പുതന്നെ യൂണിയൻെറയോ സംസ്ഥാനത്തിൻെറയോ സേവനത്തിലല്ലാതിരുന്ന ഒരാൾക്ക്, ഏഴു വർഷത്തിൽ കുറയാതെ ഒരു അഭിഭാഷകനോ പ്ളീഡറോ ആയിരുന്നിരിക്കുകയും നിയമനത്തിനായി ആ ആളെ ആ ഹൈക്കോടതി ശിപാർശ ചെയ്തിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ മാത്രമെ, ഒരു ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളു.

[1][**233 ക. ചില ജില്ലാ ജഡ്ജിമാരുടെ നിയമനങ്ങളുടെയും അവർ പ്രസ്താവിച്ച വിധി ന്യായങ്ങൾ മുതലായവയുടെയും സാധൂകരണം**—ഏതെങ്കിലും കോടതിയുടെ വിധിന്യായമോ വിധിയോ ഉത്തരവോ എന്തുതന്നെ ആയിരുന്നാലും,—

(ക) 1966-ലെ ഭരണഘടന (ഇരുപതാം ഭേദഗതി) ആക്ററിൻെറ പ്രാരംഭത്തിനുമുമ്പ് ഏതെങ്കിലും സമയം 233-ാം അനുച്ഛേദത്തിലെയോ 235-ാം അനുച്ഛേദത്തിലെയോ വ്യവസ്ഥകൾ അനുസരിച്ചല്ലാതെ മററുവിധത്തിൽ ചെയ്തിട്ടുള്ള—

(i) ഒരു സംസ്ഥാനത്തെ ജുഡീഷ്യൽ സർവ്വീസിൽ മുമ്പുതന്നെയുള്ള ഏതെങ്കിലും ആളുടെയോ അല്ലെങ്കിൽ ഏഴു വർഷത്തിൽ കുറയാത്തകാലം ഒരു അഭിഭാഷകനോ പ്ലീഡറോ ആയിരുന്നിട്ടുള്ള ഏതെങ്കിലും ആളുടെയോ, ആ സംസ്ഥാനത്തെ ഒരു ജില്ലാ ജഡ്ജിയായുള്ള യാതൊരു നിയമനവും ,

(ii) അങ്ങനെയുള്ള ഏതെങ്കിലും ആളുടെ ജില്ലാ ജഡ്ജിയായുള്ള പോസ്ററിങ്ങും ഉദ്യോഗക്കയററവും സ്ഥലം മാററവും,

അങ്ങനെയുള്ള നിയമനവും പോസ്ററിങ്ങും ഉദ്യോഗക്കയററവും സ്ഥലം മാററവും മേൽപ്പറഞ്ഞ വ്യവസ്ഥകൾ അനുസരിച്ചല്ല എന്ന കാരണത്താൽ മാത്രം നിയമവിരുദ്ധമോ അസാധുവോ ആണെന്നോ, എപ്പോഴെങ്കിലും നിയമവിരുദ്ധമോ അസാധുവോ ആയിരുന്നുവെന്നോ കരുതപ്പെടുന്നതല്ല.

(ഖ) 233-ാം അനുച്ഛേദത്തിലെയോ 235-ാം അനുച്ഛേദത്തിലെയോ വ്യവസ്ഥകൾ അനുസരിച്ചല്ലാതെ മററുവിധത്തിൽ ഏതെങ്കിലും സംസ്ഥാനത്തെ ഒരു ജഡ്ജിയായി നിയമിച്ചിരിക്കുകയോ പോസ്ററ് ചെയ്തിരിക്കുകയോ ഉദ്യോഗക്കയററം നൽകിയിരിക്കുകയോ സ്ഥലം മാററിയിരിക്കുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും ആളോ ആ ആളുടെ മുമ്പാകെയോ 1966-ലെ ഭരണഘടന (ഇരുപതാം ഭേദഗതി) ആക്ററിൻെറ പ്രാരംഭത്തിനു മുമ്പ് പ്രയോഗിച്ച യാതൊരു അധികാരിതയും പാസ്സാക്കിയതോ പുറപ്പെടുവിച്ചതോ ആയ യാതൊരു വിധിന്യായവും ഡിക്രിയും ശിക്ഷാവിധിയും ഉത്തരവും, ചെയ്ത യാതൊരു കൃത്യവും എടുത്ത യാതൊരു നടപടിയും, അങ്ങനെയുള്ള നിയമനമോ പോസ്ററിങ്ങോ ഉദ്യോഗക്കയററമോ സ്ഥലം മാററമോ മേൽപ്പറഞ്ഞ വ്യവസ്ഥകൾ അനുസരിച്ചല്ല എന്ന കാരണത്താൽ മാത്രം, നിയമവിരുദ്ധമോ അസാധുവോ ആണെന്നോ എപ്പോഴെങ്കിലും നിയമവിരുദ്ധമോ അസാധുവോ ആയിരുന്നു എന്നോ കരുതപ്പെടുന്നതല്ല.]

[1] 1966-ലെ ഭരണഘടന (ഇരുപതാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പു പ്രകാരം ചേർത്തത്.

**234. ജില്ലാ ജഡ്ജിമാരായല്ലാതെ ജുഡീഷ്യൽ സർവ്വീസിൽ ആൾ ചേർക്കൽ**—ജില്ലാ ജഡ്ജിമാരായല്ലാതെ ഒരു സംസ്ഥാനത്തെ ജുഡീഷ്യൽ സർവ്വീസിലേക്കുള്ള ആളുകളുടെ നിയമനം ആ സംസ്ഥാനത്തെ ഗവർണ്ണർ സംസ്ഥാന പബ്ളിക്സർവ്വീസ് കമ്മിഷനുമായും അങ്ങനെയുള്ള സംസ്ഥാനത്തെ സംബന്ധിച്ച് അധികാരിത പ്രയോഗിക്കുന്ന ഹൈക്കോടതിയുമായും ആലോചിച്ച ശേഷം, അതിലേക്ക് അദ്ദേഹം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ അനുസരിച്ച്, നടത്തേണ്ടതാണ്.

**235. കീഴ്ക്കോടതികളുടെ മേലുള്ള നിയന്ത്രണം**—ഒരു സംസ്ഥാനത്തെ ജുഡീഷ്യൽ സർവ്വീസിൽപ്പെട്ടവരും ജില്ലാ ജഡ്ജിയുടെ തസ്തികയ്ക്ക് താഴെയുള്ള ഏതെങ്കിലും തസ്തിക വഹിക്കുന്നവരുമായ ആളുകളുടെ പോസ്ററിങ്ങും ഉദ്യോഗക്കയററവും അവർക്ക് അവധി അനുവദിക്കലും ഉൾപ്പെടെ ജില്ലാ കോടതികളുടെയും അവയ്ക്ക് കീഴിലുള്ള കോടതികളുടെയും മേലുള്ള നിയന്ത്രണം ഹൈക്കോടതിയിൽ നിക്ഷിപ്തമായിരിക്കുന്നതും, എന്നാൽ ഈ അനുച്ഛേദത്തിലെ യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും ആളിൽ നിന്ന് അദ്ദേഹത്തിന്റെ സേവനവ്യവസ്ഥകളെ ക്രമപ്പെടുത്തുന്ന നിയമപ്രകാരം അദ്ദേഹത്തിനുണ്ടായിരിക്കാവുന്ന ഏതെങ്കിലും അപ്പീലവകാശം എടുത്തുകളയുന്നതായോ അങ്ങനെയുള്ള നിയമപ്രകാരം നിർണ്ണയിച്ചിട്ടുള്ള സേവനവ്യവസ്ഥകൾ അനുസരിച്ചല്ലാതെ മററു വിധത്തിൽ അദ്ദേഹത്തിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഹൈക്കോടതിയെ അധികാരപ്പെടുത്തുന്നതായോ വ്യാഖ്യാനിക്കാൻ പാടില്ലാത്തതും ആകുന്നു.

**236. വ്യാഖ്യാനം**— ഈ അദ്ധ്യായത്തിൽ—

(ക) "ജില്ലാജഡ്ജി" എന്ന പ്രയോഗം ഒരു സിററി സിവിൽ കോടതിയിലെ ജഡ്ജിയും അഡീഷണൽ ജില്ലാ ജഡ്ജിയും ജോയിൻറ് ജില്ലാ ജഡ്ജിയും അസിസ്ററൻറ് ജില്ലാ ജഡ്ജിയും ഒരു സ്മാൾ കോസ് കോടതിയിലെ ചീഫ് ജഡ്ജിയും ചീഫ് പ്രസിഡൻസി മജിസ്ട്രേട്ടും അഡീഷണൽ ചീഫ് പ്രസിഡൻസി മജിസ്ട്രേട്ടും സെഷൻസ് ജഡ്ജിയും അഡീഷണൽ സെഷൻസ് ജഡ്ജിയും അസിസ്ററൻറ് സെഷൻസ് ജഡ്ജിയും ഉൾപ്പെട്ടതാണ്.

(ഖ) "ജുഡീഷ്യൽ സർവ്വീസ്" എന്ന പ്രയോഗത്തിന് ജില്ലാ ജഡ്ജിയുടെ തസ്തികയും ജില്ലാ ജഡ്ജിയുടെ തസ്തികയ്ക്ക് താഴെയുള്ള മററു സിവിൽ ജുഡീഷ്യൽ തസ്തികകളും നികത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ആളുകൾ മാത്രം ഉൾക്കൊള്ളുന്ന ഒരു സർവ്വീസ് എന്ന് അർത്ഥമാകുന്നു.

**237. ചില വിഭാഗത്തിലോ വിഭാഗങ്ങളിലോപെട്ട മജിസ്ട്രേട്ടുമാർക്ക് ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ബാധകമാക്കൽ**—ഗവർണ്ണർക്ക്, പൊതുവിജ്ഞാപനം വഴി, ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളും അവയ്ക്ക് കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളും ആ സംസ്ഥാനത്തെ ജുഡീഷ്യൽ സർവ്വീസിൽ നിയമിച്ചിട്ടുള്ള ആളുകൾക്ക് ബാധകമാകുന്നതുപോലെ, അദ്ദേഹം അതിലേക്ക് നിശ്ചിയിക്കുന്ന അങ്ങനെയുള്ള തീയതി മുതൽ, വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള ഒഴിവാക്കലുകൾക്കും രൂപഭേദങ്ങൾക്കും വിധേയമായി, സംസ്ഥാനത്തെ ഏതു വിഭാഗത്തിൽപ്പെട്ട മജിസ്ട്രേട്ടുമാർക്കും ബാധകമാകുമെന്ന് നിർദ്ദേശിക്കാവുന്നതാണ്.

## ഭാഗം VII

238. *[ഒന്നാം പട്ടിക ഖ ഭാഗത്തിലെ സംസ്ഥാനങ്ങൾ ] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം റദ്ദാക്കി.*

## ഭാഗം VIII

# [1] [ യൂണിയൻ പ്രദേശങ്ങൾ ]

[2] [ **239. യൂണിയൻ പ്രദേശങ്ങളുടെ ഭരണം**— (1) പാർലമെൻറ് നിയമംവഴി മററുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നിടത്തൊഴികെ, ഓരോ യൂണിയൻ പ്രദേശവും രാഷ്ട്രപതി അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്നിടത്തോളം അദ്ദേഹം നിർദ്ദേശിക്കാവുന്ന ഉദ്യോഗപ്പേരോടുകൂടി നിയമിക്കുന്ന ഒരു അഡ്മിനിസ്ട്രേററർവഴി പ്രവർത്തിച്ചുകൊണ്ട്, ഭരിക്കേണ്ടതാകുന്നു.

(2) VI-ാം ഭാഗത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രാഷ്ട്രപതിക്ക് ഒരു സംസ്ഥാനത്തെ ഗവർണ്ണറെ ആ സംസ്ഥാനത്തോട് ചേർന്നുകിടക്കുന്ന ഒരു യൂണിയൻ പ്രദേശത്തെ അഡ്മിനിസ്ട്രേറററായി നിയമിക്കാവുന്നതും ഒരു ഗവർണ്ണറെ അപ്രകാരം നിയമിക്കുന്നതായാൽ, അദ്ദേഹം, അങ്ങനെയുള്ള അഡ്മിനിസ്ട്രേററർ എന്ന നിലയിലുള്ള തൻെറ ചുമതലകൾ തൻെറ മന്ത്രിസഭയെ ആശ്രയിക്കാതെ നിർവ്വഹിക്കേണ്ടതും ആകുന്നു.

[3] [ **239 ക. ചില യൂണിയൻ പ്രദേശങ്ങൾക്ക് തദ്ദേശ നിയമനിർമ്മാണമണ്ഡലങ്ങളോ മന്ത്രിസഭയോ അല്ലെങ്കിൽ രണ്ടുമോ സൃഷ്ടിക്കൽ**—(1) പാർലമെൻറിന് നിയമം വഴി [5] [ പുതുച്ചേരി യൂണിയൻ പ്രദേശത്തിനുവേണ്ടി ][4]—

(ക) ആ യൂണിയൻ പ്രദേശത്തെ നിയമനിർമ്മാണമണ്ഡലമായി പ്രവർത്തിക്കുന്നതിന് തെരഞ്ഞെടുത്തതോ ഭാഗികമായി നാമനിർദ്ദേശം ചെയ്തതും ഭാഗികമായി തെരഞ്ഞെടുത്തതും ആയതോ, ആയ ഒരു നികായമോ, അല്ലെങ്കിൽ

(ഖ) ഒരു മന്ത്രിസഭയോ,

അല്ലെങ്കിൽ രണ്ടുമോ, ഓരോ സംഗതിയിലും, ആ നിയമത്തിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സംവിധാനത്തോടും അധികാരങ്ങളോടും ചുമതലകളോടും കൂടി സൃഷ്ടിക്കാവുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിധത്തിലുള്ള ഏതെങ്കിലും നിയമം അതിൽ ഈ ഭരണഘടന ഭേദഗതി ചെയ്യുന്നതോ ഭേദഗതി ചെയ്യുന്ന ഫലം ഉളവാക്കുന്നതോ ആയ ഏതെങ്കിലും വ്യവസ്ഥ അടങ്ങിയിരുന്നാലും, 368-ാം അനുച്ഛേദത്തിൻെറ ആവശ്യങ്ങൾക്ക് ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതപ്പെടാൻ പാടുള്ളതല്ല. ]

[6] [ **239 കക. ഡൽഹിയെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ**—(1) 1991-ലെ ഭരണഘടന (അറുപത്തൊൻപതാം ഭേദഗതി) ആക്ററിൻെറ പ്രാരംഭത്തീയതി മുതൽ യൂണിയൻ പ്രദേശമായ ഡൽഹിയെ ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹി (ഇതിനുശേഷം ഈ ഭാഗത്തിൽ ദേശീയ തലസ്ഥാനപ്രദേശമെന്നാണ് പരാമർശിക്കപ്പെടുക ) എന്ന് പറയപ്പെടേണ്ടതും 239-ാം അനുച്ഛേദ ത്തിൻകീഴിൽ നിയമിക്കപ്പെടുന്ന അതിൻെറ അഡ്മിനിസ്ട്രേററെ ലഫ്ററനൻറ് ഗവർണ്ണർ എന്ന് പേർ പറയേണ്ടതുമാണ്.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി ) ആക്ററ്, 17-ാം വകുപ്പുപ്രകാരം "ഒന്നാം പട്ടികയിലെ ഗ ഭാഗത്തിലെ സംസ്ഥാനങ്ങൾ" എന്ന ശീർഷകത്തിന് പകരം ചേർത്തത്.
2. മേൽപ്പറഞ്ഞ ആക്ററ്, 17-ാം വകുപ്പുപ്രകാരം 239-ഉം 240-ഉം അനുച്ഛേദങ്ങൾക്കുപകരം ചേർത്തത്.
3. 1962-ലെ ഭരണഘടന (പതിന്നാലാം ഭേദഗതി) ആക്ററ്, 4-ാം വകുപ്പുപ്രകാരം ചേർത്തത്.
4. 1987-ലെ ഗോവ, ദാമൻ, ദിയു, പുനഃസംഘടന ആക്ററ് (1987-ലെ 18) 63-ാം വകുപ്പുപ്രകാരം "ഗോവ, ദാമൻ, ദിയു, പോണ്ടിച്ചേരി എന്നീ യൂണിയൻ പ്രദേശങ്ങളിൽ ഏതെങ്കിലും" എന്നതിന് പകരം ചേർത്തത് (30-5-1987 മുതൽ പ്രാബല്യം).
5. 2006-ലെ പോണ്ടിച്ചേരി (പേരുമാറ്റൽ) ആക്റ്റ് (2006-ലെ 44), 4-ാം വകുപ്പുപ്രകാരം "പോണ്ടിച്ചേരി" എന്നതിന് പകരം ചേർത്തത് (1-10-2006 മുതൽ പ്രാബല്യം).
6. 1991-ലെ ഭരണഘടന (അറുപത്തൊൻപതാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

(2) (ക) ദേശീയ തലസ്ഥാന പ്രദേശത്തിന് ഒരു നിയമസഭ ഉണ്ടായിരിക്കേണ്ടതും അങ്ങനെയുള്ള സഭയിലെ സ്ഥാനങ്ങൾ ദേശീയ തലസ്ഥാന പ്രദേശത്തിലെ പ്രാദേശിക നിയോജക മണ്ഡലങ്ങളിൽ നിന്നും നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴി നികത്തേണ്ടതുമാണ്.

(ഖ) നിയമസഭയിലെ മൊത്തം സ്ഥാനങ്ങളുടെ എണ്ണവും പട്ടികജാതികൾക്കുവേണ്ടി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണവും ദേശീയതലസ്ഥാന പ്രദേശത്തിൻെറ പ്രാദേശിക നിയോജകമണ്ഡലങ്ങളായുള്ള വിഭജനവും (അങ്ങനെയുള്ള വിഭജനത്തിൻെറ അടിസ്ഥാനം ഉൾപ്പെടെ) നിയമസഭയുടെ പ്രവർത്തനം സംബന്ധിച്ചുള്ള മറെറല്ലാ സംഗതികളും പാർലമെൻറ് ഉണ്ടാക്കുന്ന നിയമംവഴി ക്രമപ്പെടുത്തേണ്ടതാണ്.

(ഗ) 324 മുതൽ 327-വരെയും 329-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾ, ഒരു സംസ്ഥാനം സംബന്ധിച്ച് ഒരു സംസ്ഥാനത്തെ നിയമസഭയ്ക്കും അതിലെ അംഗങ്ങൾക്കും ബാധകമാകുന്നതുപോലെ, യഥാക്രമം, ദേശീയതലസ്ഥാന പ്രദേശത്തിനും അവിടത്തെ നിയമസഭയ്ക്കും അതിലെ അംഗങ്ങൾക്കും ബാധകമാകുന്നതും 326-ഉം 329-ഉം അനുച്ഛേദങ്ങളിലെ "സമുചിത നിയമനിർമ്മാണമണ്ഡല"ത്തെക്കുറിച്ചുള്ള ഏതെങ്കിലും പരാമർശം, പാർലമെൻറിനെക്കുറിച്ചുള്ള ഒരു പരാമർശമായി കരുതപ്പെടേണ്ടതുമാണ്.

(3) (ക) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി, നിയമസഭയ്ക്ക് സംസ്ഥാനലിസ്ററിലോ സമവർത്തിലിസ്ററിലോ, എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങളിലേതെങ്കിലും സംബന്ധിച്ച്, സംസ്ഥാനലിസ്ററിലെ 1, 2, 18 എന്നീ ഉൾക്കുറിപ്പുകളെ സംബന്ധിച്ചും പ്രസ്തുത 1, 2, 18 എന്നീ ഉൾക്കുറിപ്പുകളെ സംബന്ധിക്കുന്നിടത്തോളം 64, 65, 66 എന്നീ ഉൾക്കുറിപ്പുകളെ സംബന്ധിച്ചും ഉള്ള വിഷയങ്ങളൊഴികെ, യൂണിയൻ പ്രദേശങ്ങൾക്ക് അങ്ങനെയുള്ള സംഗതി ബാധകമാകാവുന്നിടത്തോളം ദേശീയ തലസ്ഥാന പ്രദേശം മുഴുവനുമോ അതിലെ ഏതെങ്കിലും ഭാഗത്തേയ്ക്കോ നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(ഖ) (ക) ഉപഖണ്ഡത്തിലെ യാതൊന്നും, ഈ ഭരണഘടനയിൻ കീഴിൽ ഒരു യൂണിയൻ പ്രദേശത്തിനോ അതിലെ ഏതെങ്കിലും ഭാഗത്തിനോവേണ്ടി ഏതെങ്കിലും വിഷയം സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള പാർലമെൻറിൻെറ അധികാരങ്ങൾക്ക് ഭംഗം വരുത്തുന്നതല്ല.

(ഗ) ഏതെങ്കിലും വിഷയം സംബന്ധിച്ച് നിയമസഭ ഉണ്ടാക്കിയിട്ടുള്ള ഒരു നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ, ആ വിഷയം സംബന്ധിച്ച് പാർലമെൻറ് ഉണ്ടാക്കിയ നിയമത്തിലെയോ അത് പാസ്സാക്കിയത് നിയമസഭ ഉണ്ടാക്കിയ നിയമത്തിന് മുമ്പായാലും പിമ്പായാലും നിയമസഭ ഉണ്ടാക്കിയ നിയമമല്ലാത്ത നേരത്തെയുള്ള ഒരു നിയമത്തിലെയോ വ്യവസ്ഥയുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ, അപ്പോൾ രണ്ട് സംഗതിയിലും പാർലമെൻറ് ഉണ്ടാക്കിയ നിയമത്തിനോ അല്ലെങ്കിൽ, അതതു സംഗതിപോലെ, അങ്ങനെ നേരത്തെയുള്ള നിയമത്തിനോ പ്രാബല്യമുണ്ടായിരിക്കുന്നതും നിയമസഭ ഉണ്ടാക്കിയ നിയമം പൊരുത്തക്കേടിൻെറ വ്യാപ്തിയോളം അസാധുവായിരിക്കുന്നതുമാകുന്നു :

എന്നാൽ, നിയമസഭ ഉണ്ടാക്കിയ അങ്ങനെയുള്ള ഏതെങ്കിലും നിയമം രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കുകയും അതിന് അദ്ദേഹത്തിൻെറ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള നിയമത്തിന് ദേശീയ തലസ്ഥാനപ്രദേശത്ത് പ്രാബല്യമുണ്ടായിരിക്കുന്നതാണ്:

എന്നുമാത്രമല്ല, ഈ ഉപഖണ്ഡത്തിലെ യാതൊന്നും, അതേ വിഷയം സംബന്ധിച്ച് നിയമസഭ അപ്രകാരം ഉണ്ടാക്കിയ നിയമത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ, അതു ഭേദഗതി ചെയ്യുകയോ, വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്ന ഒരു നിയമം ഉൾപ്പെടെ, ഏതെങ്കിലും നിയമം ഏതെങ്കിലും സമയം ഉണ്ടാക്കുന്നതിൽ നിന്ന് പാർലമെൻറിനെ തടയുന്നതല്ല.

(4) ഏതെല്ലാം വിഷയങ്ങൾ സംബന്ധിച്ചാണോ നിയമം ഉണ്ടാക്കുവാൻ നിയമസഭയ്ക്ക് അധികാരമുള്ളത് ആ വിഷയങ്ങൾ സംബന്ധിച്ച് ലെഫ്ററനൻറ് ഗവർണ്ണറുടെ ചുമതലകൾ, ഏതെങ്കിലും നിയമത്താലോ, നിയമത്തിൻകീഴിലോ തൻെറ വിവേകം ഉപയോഗിച്ച് നിർവ്വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളിടത്തോളമൊഴികെ, നിർവ്വഹിക്കുന്നതിൽ അദ്ദേഹത്തെ സഹായിക്കുവാനും ഉപദേശിക്കുവാനുമായി മുഖ്യമന്ത്രി തലവനായുള്ള നിയമസഭയിലെ മൊത്തം അംഗങ്ങളുടെ പത്ത് ശതമാനത്തിൽ കവിയാത്ത അംഗങ്ങളുള്ള ഒരു മന്ത്രിസഭ ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, ലഫ്ററനൻറ് ഗവർണ്ണറും അദ്ദേഹത്തിൻെറ മന്തിമാരും തമ്മിൽ ഏതെങ്കിലും കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടാകുന്ന സംഗതിയിൽ, ലഫ്ററനൻറ് ഗവർണ്ണർ തീരുമാനത്തിനുവേണ്ടി അത് രാഷ്ട്രപതിക്ക് അഭിപ്രായമാരാഞ്ഞുകൊണ്ട് അയയ്ക്കേണ്ടതും, അതിൻമേൽ രാഷ്ട്രപതി, എടുക്കുന്ന തീരുമാനത്തിനനുസൃതമായി പ്രവർത്തിക്കേണ്ടതും, അങ്ങനെ തീരുമാനിക്കുന്നതുവരെ ലഫ്ററനൻറ് ഗവർണ്ണർക്ക്, തൻെറ അഭിപ്രായത്തിൽ ഉടൻ നടപടി എടുക്കേണ്ട തരത്തിൽ സംഗതി അടിയന്തിരമായിരിക്കുന്നിടത്ത്, ഏതൊരു സംഗതിയിലും, അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള നടപടി എടുക്കുന്നതിനോ നിർദ്ദേശം നൽകുന്നതിനോ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(5) മുഖ്യമന്ത്രിയെ രാഷ്ട്രപതി നിയമിക്കേണ്ടതും മററ് മന്ത്രിമാരെ മുഖ്യമന്ത്രിയുടെ ഉപദേശത്തിൻമേൽ രാഷ്ട്രപതി നിയമിക്കേണ്ടതും മന്ത്രിമാർ രാഷ്ട്രപതിക്ക് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കുന്നതുമാണ്.

(6) മന്ത്രിസഭ നിയമസഭയോട് കൂട്ടായി ഉത്തരവാദപ്പെട്ടിരിക്കുന്നതാണ്.

[1][(7) (ക) പാർലമെൻറിന്, നിയമം വഴി മുൻപറഞ്ഞ ഖണ്ഡങ്ങളിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്കു പ്രഭാവം നൽകുന്നതിനോ അവയ്ക്ക് അനുപൂരകമോ അവയ്ക്ക് സാന്ദർഭികമോ അവയുടെ അനന്തരഫലമായുള്ളതോ ആയ എല്ലാ സംഗതികൾക്കും വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

(ഖ) (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചതുപോലുള്ള ഏതെങ്കിലും നിയമം, അതിൽ ഈ ഭരണഘടന ഭേദഗതി ചെയ്യുന്നതിനോ ഭേദഗതി ചെയ്യുന്ന ഫലം ഉളവാക്കുന്നതോ ആയ ഏതെങ്കിലും വ്യവസ്ഥകൾ അടങ്ങിയിരുന്നാലും, 368-ാം അനുച്ഛേദത്തിൻെറ ആവശ്യങ്ങൾക്ക് ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതപ്പെടാൻ പാടുള്ളതല്ല.]

(8) 239 ഖ അനുച്ഛേദത്തിലെ വ്യവസ്ഥകൾ, കഴിയുന്നിടത്തോളം, [2][പുതുച്ചേരി] യൂണിയൻ പ്രദേശവും, അഡ്മിനിസ്ട്രേററും അതിൻെറ നിയമസഭയും സംബന്ധിച്ച് അവ ബാധകമാകുന്നിടത്തോളം യഥാക്രമം ദേശീയ തലസ്ഥാനപ്രദേശവും ലഫ്ററനൻറ് ഗവർണ്ണറും നിയമസഭയും സംബന്ധിച്ച് ബാധകമാകുന്നതും, ആ അനുച്ഛേദത്തിലെ "239 ക അനുച്ഛേദം (1)-ാം ഖണ്ഡ"ത്തെക്കുറിച്ചുള്ള ഏതൊരു പരാമർശവും, അതതു സംഗതിപോലെ, ഈ അനുച്ഛേദത്തെയോ അല്ലെങ്കിൽ 239 ക ഖ അനുച്ഛേദത്തെയോ കുറിച്ചുള്ള പരാമർശമായി കരുതപ്പെടേണ്ടതുമാണ്.

**239 ക ഖ. ഭരണഘടനായന്ത്രം പരാജയപ്പെട്ടാലുള്ള വ്യവസ്ഥകൾ**—ലഫ്ററനൻറ് ഗവർണ്ണറിൽനിന്ന് ഒരു റിപ്പോർട്ട് കിട്ടിയതിൻമേലോ മററു വിധത്തിലോ രാഷ്ട്രപതിക്ക് —

(ക) 239 ക ക അനുച്ഛേദത്തിലെയോ ആ അനുച്ഛേദത്തിനനുസൃതമായി ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിലെയോ വ്യവസ്ഥകളനുസരിച്ച് ദേശീയ തലസ്ഥാന പ്രദേശത്തിൻെറ ഭരണം നടത്തിക്കൊണ്ട് പോകുവാൻ കഴിയാത്ത സ്ഥിതിവിശേഷം ഉത്ഭവിച്ചിട്ടുണ്ടെന്നോ; അല്ലെങ്കിൽ

(ഖ) ദേശീയ തലസ്ഥാന പ്രദേശത്തിൻെറ ശരിയായ ഭരണനിർവ്വഹണത്തിന് അങ്ങനെ ചെയ്യുന്നത് ആവശ്യമോ യുക്തമോ ആണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം, രാഷ്ട്രപതിക്ക് ഉത്തരവുവഴി 239 ക ക അനുച്ഛേദത്തിലെ ഏതെങ്കിലും വ്യവസ്ഥയുടെയോ ആ അനുച്ഛേദത്തിനനുസൃതമായി

1. 1992-ലെ ഭരണഘടന (എഴുപതാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം "(7)" നു പകരം ചേർത്തത് (21-12-1991 മുതൽ പ്രാബല്യം).

2. 2006-ലെ പോണ്ടിച്ചേരി (പേരുമാറ്റൽ) ആക്ററ്, (2006-ലെ 44) 4-ാം വകുപ്പ് പ്രകാരം "പോണ്ടിച്ചേരി" എന്നതിന് പകരം ചേർത്തത് (11-10-2006 മുതൽ പ്രാബല്യം).

ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്തിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകളുടെയോ പ്രവർത്തനം അങ്ങനെയുള്ള നിയമത്തിൽ നിർദ്ദേശിക്കാവുന്ന കാലയളവിലേയ്ക്കും, അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായും, നിർത്തിവയ്ക്കാവുന്നതും 239-ാം അനുച്ഛേദത്തിലെയും 239 ക ക അനുച്ഛേദത്തിലെയും വ്യവസ്ഥകൾക്കനുസൃതമായി ദേശീയ തലസ്ഥാനപ്രദേശത്തിന്റെ ഭരണം നടത്തുവാൻ ആവശ്യമോ യുക്തമോ എന്ന് അദ്ദേഹത്തിനു തോന്നുന്ന സാന്ദർഭികവും അനന്തര ഫലമായുള്ളതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതുമാണ്].

[1] **[239 ഖ. നിയമനിർമ്മാണമണ്ഡലത്തിന്റെ ഒഴിവുകാലത്ത് ഓർഡിനൻസുകൾ പ്രഖ്യാപിക്കുന്നതിന് അഡ്മിനിസ്ട്രേററർക്കുള്ള അധികാരം**—(1) [2][പുതുച്ചേരി യൂണിയൻ പ്രദേശത്തെ] നിയമനിർമ്മാണമണ്ഡലം സമ്മേളനത്തിലായിരിക്കുമ്പോളൊഴികെ, ഏതെങ്കിലും സമയം സത്വര നടപടി എടുക്കുന്നത് ആവശ്യമാക്കിത്തീർക്കുന്ന പരിതഃസ്ഥിതികൾ ഉണ്ടെന്ന് അഡ്മിനി സ്ട്രേററർക്ക് ബോദ്ധ്യമാകുന്നുവെങ്കിൽ, ആ പരിതഃസ്ഥിതികൾ ആവശ്യപ്പെടുന്നുവെന്ന് അദ്ദേഹത്തിന് തോന്നുന്ന അങ്ങനെയുള്ള ഓർഡിനൻസുകൾ പ്രഖ്യാപിക്കാവുന്നതാണ് :

എന്നാൽ, രാഷ്ട്രപതിയിൽനിന്ന് അതിലേക്കുള്ള നിർദ്ദേശങ്ങൾ വാങ്ങിയശേഷമല്ലാതെ അങ്ങനെയുള്ള യാതൊരു ഓർഡിനൻസും അഡ്മിനിസ്ട്രേററർ പ്രഖ്യാപിക്കുവാൻപാടുള്ളതല്ല :

എന്നുമാത്രമല്ല, മേൽപ്പറഞ്ഞ നിയമനിർമ്മാണമണ്ഡലം പിരിച്ചുവിടുകയോ, അതിന്റെ പ്രവർത്തനം 239 ക അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിധത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം എടുത്ത ഏതെങ്കിലും നടപടി കാരണം നിറുത്തി വച്ചിരിക്കുകയോ ചെയ്തിരിക്കുമ്പോൾ, അഡ്മിനിസട്രേററർ അങ്ങനെയുള്ള പിരിച്ചുവിടലിന്റെയോ നിറുത്തിവയ്ക്കലിന്റെയോ കാലത്ത് യാതൊരു ഓർഡിനൻസും പ്രഖ്യാപിക്കുവാൻ പാടുള്ളതല്ല.

(2) രാഷ്ട്രപതിയിൽ നിന്നുള്ള നിർദ്ദേശത്തെത്തുടർന്ന് ഈ അനുച്ഛേദപ്രകാരം പ്രഖ്യാപിക്കുന്ന ഒരു ഓർഡിനൻസ് , ആ യൂണിയൻ പ്രദേശത്തെ നിയമനിർമ്മാണമണ്ഡലം, 239ക അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിധത്തിലുള്ള ഏതെങ്കിലും നിയമത്തിൽ അടങ്ങിയിരിക്കുന്ന അതിലേക്കുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി യഥാവിധി ഉണ്ടാക്കിയിട്ടുള്ള ഒരു ആക്ററായി കരുതപ്പെടുന്നതും എന്നാൽ അങ്ങനെയുള്ള ഓരോ ഓർഡിനൻസും—

(ക) ആ യൂണിയൻ പ്രദേശത്തെ നിയമനിർമ്മാണമണ്ഡലം മുമ്പാകെ വയ്ക്കേണ്ടതും, നിയമനിർമ്മാണമണ്ഡലത്തിന്റെ പുനഃസമ്മേളനം മുതൽ ആറ് ആഴ്ച അവസാനി ക്കുമ്പോഴോ, ആ കാലാവധി അവസാനിക്കുന്നതിനു മുമ്പ് അത് നിരാകരിച്ചു കൊണ്ടുള്ള ഒരു പ്രമേയം നിയമനിർമ്മാണമണ്ഡലം പാസ്സാക്കുന്നുവെങ്കിൽ ആ പ്രമേയം പാസ്സാക്കുമ്പോഴോ, പ്രവർത്തനരഹിതമാകുന്നതും;

(ഖ) രാഷ്ട്രപതിയിൽനിന്ന് അതിലേക്കുള്ള നിർദ്ദേശം വാങ്ങിയശേഷം അഡ്മിനി സ്ട്രേററർക്ക് ഏതു സമയത്തും പിൻവലിക്കാവുന്നതും,

ആകുന്നു.

(3) ഈ അനുച്ഛേദ പ്രകാരമുള്ള ഒരു ഓർഡിനൻസ് , ആ യൂണിയൻ പ്രദേശത്തെ നിയമനിർമ്മാണമണ്ഡലം 239 ക അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിധത്തിലുള്ള ഏതെങ്കിലും നിയമത്തിൽ അടങ്ങിയിരിക്കുന്ന അതിലേക്കുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി ഉണ്ടാക്കിയ ഒരു ആക്ററിൽ നിയമമാക്കിയിരുന്നുവെങ്കിൽ സാധുവാകില്ലാതിരുന്ന എന്തിനെങ്കിലും വ്യവസ്ഥ ചെയ്യുന്നു എങ്കിൽ അങ്ങനെ ചെയ്യുന്നിടത്തോളം അത് അസാധുവായിരിക്കുന്നതാണ്.]

---

1. 1971-ലെ ഭരണഘടന (ഇരുപത്തേഴാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (30-12-1971 മുതൽ പ്രാബല്യം).
2. 1987-ലെ ഗോവ, ദാമൻ, ദിയു പുനഃസംഘടനാ ആക്ററ് (1987-ലെ 18), 63-ാം വകുപ്പുപ്രകാരം "239ക അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു യൂണിയൻ പ്രദേശം" എന്നതിനു പകരം ചേർത്തത് (30-5-1987 മുതൽ പ്രാബല്യം).
3. 2006-ലെ പോണ്ടിച്ചേരി (പേര് മാററൽ) ആക്ററ് (2006-ലെ 44), 4-ാം വകുപ്പുപ്രകാരം " പോണ്ടിച്ചേരി " എന്നതിനു പകരം ചേർത്തത് (1-10-2006 മുതൽ പ്രാബല്യം).

[1]*   *   *   *   *   *   *

**240. ചില യൂണിയൻ പ്രദേശങ്ങൾക്കുവേണ്ടി റഗുലേഷനുകൾ ഉണ്ടാക്കുവാൻ രാഷ്ട്രപതിക്കുള്ള അധികാരം** —(1) രാഷ്ട്രപതിക്ക് —

(ക) ആൻഡമാനും നിക്കോബാറും ദ്വീപുകൾ;

[2] [(ഖ) ലക്ഷദ്വീപ്;]

[3] [(ഗ) ദാദ്രായും നാഗർഹവേലിയും;]

[4] [(ഘ) ദാമൻ-ദിയൂ;]

[5] [(ങ) പുതുച്ചേരി;]

[6]*   *   *

[7]*   *   *

എന്നീ യൂണിയൻ പ്രദേശങ്ങളിൽ സമാധാനം, പുരോഗതി, സൽഭരണം എന്നിവ ലഭ്യമാക്കാൻ റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്:

[8] [എന്നാൽ, [9][യൂണിയൻ പ്രദേശമായ [5] [പുതുച്ചേരി] ] ഒരു നിയമനിർമ്മാണമണ്ഡലമായി പ്രവർത്തിക്കുന്നതിന് 239 ക അനുച്ഛേദപ്രകാരം ഒരു നികായം സൃഷ്ടിച്ചുകഴിഞ്ഞാൽ, ആ യൂണിയൻ പ്രദേശത്തിന്റെ സമാധാനത്തിനും പുരോഗതിക്കും സൽഭരണത്തിനും ഉള്ള യാതൊരു റഗുലേഷനും രാഷ്ട്രപതി, ആ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒന്നാമത്തെ യോഗത്തിന് നിശ്ചയിച്ചിട്ടുള്ള തീയതി മുതൽ ഉണ്ടാക്കുവാൻ പാടുള്ളതല്ല:]

[10] [എന്നുമാത്രമല്ല, യൂണിയൻ പ്രദേശമായ [5] [പുതുച്ചേരി] യുടെ നിയമനിർമ്മാണമണ്ഡലമായി പ്രവർത്തിക്കുന്ന നികായം പിരിച്ചു വിടുകയോ, അങ്ങനെയുള്ള നിയമനിർമ്മാണമണ്ഡലം എന്ന നിലയിലുള്ള ആ നികായത്തിന്റെ പ്രവർത്തനം 239 ക അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിധത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം എടുത്ത ഏതെങ്കിലും നടപടി കാരണം നിറുത്തിവച്ചിരിക്കുകയോ ചെയ്യുമ്പോൾ, രാഷ്ട്രപതിക്ക് അങ്ങനെയുള്ള പിരിച്ചുവിടലിന്റെയോ നിറുത്തിവയ്ക്കലിന്റെയോ കാലത്ത് ആ യൂണിയൻ പ്രദേശത്തിന്റെ സമാധാനത്തിനും പുരോഗതിക്കും സൽഭരണത്തിനും റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.]

---

1. 1975-ലെ ഭരണഘടന (മുപ്പത്തെട്ടാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പു പ്രകാരം (4)-ാം ഖണ്ഡം മുൻകാല പ്രാബല്യത്തോടെ ചേർത്തത് 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 32-ാം വകുപ്പുപ്രകാരം വിട്ടുകളഞ്ഞു (20-6-1979 മുതൽ പ്രാബല്യം).

2. 1973-ലെ ലക്ഷദ്വീപ്, മിനിക്കോയ്, അമീൻദിവി ദ്വീപുകൾ (പേര് മാററൽ) ആക്റ്റ് (1973-ലെ 34), 4-ാം വകുപ്പുപ്രകാരം (ഖ) ഉൾക്കുറിപ്പിനു പകരം ചേർത്തത് (1-11-1973 മുതൽ പ്രാബല്യം).

3. 1961-ലെ ഭരണഘടന (പത്താം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത്.

4. 1987-ലെ ഗോവ, ദാമൻ, ദിയൂ പുനഃസംഘടന ആക്റ്റ് (1987-ലെ 18), 63-ാം വകുപ്പുപ്രകാരം (ഘ) ഉൾക്കുറിപ്പിനു പകരം ചേർത്തത് (30-5-1987 മുതൽ പ്രാബല്യം). (ഘ) ഉൾക്കുറിപ്പ് 1962-ലെ ഭരണഘടന (പന്ത്രണ്ടാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തിരുന്നു.

5. 2006-ലെ പോണ്ടിച്ചേരി (പേരുമാറ്റൽ) ആക്റ്റ്, (2006-ലെ 44) 4-ാം വകുപ്പുപ്രകാരം "പോണ്ടിച്ചേരി" എന്നതിനു പകരം (1-10-2006 മുതൽ പ്രാബല്യം).

6. 1986-ലെ മിസ്സോറാം സംസ്ഥാന ആക്റ്റ് (1986-ലെ 34) 39-ാം വകുപ്പുപ്രകാരം മിസ്സോറാമിനെ സംബന്ധിച്ച (ച) ഉൾക്കുറിപ്പ് വിട്ടുകളഞ്ഞു (20-2-1987 മുതൽ പ്രാബല്യം).

7. 1986-ലെ അരുണാചൽപ്രദേശ് സംസ്ഥാന ആക്റ്റ് (1986-ലെ 69), 42-ാം വകുപ്പുപ്രകാരം അരുണാചൽപ്രദേശിനെ സംബന്ധിച്ച (ഛ) ഉൾക്കുറിപ്പ് വിട്ടുകളഞ്ഞു (20-2-1987 മുതൽ പ്രാബല്യം).

8. 1962-ലെ ഭരണഘടന (പതിന്നാലാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പു പ്രകാരം ചേർത്തത്.

9. 1971-ലെ ഭരണഘടന (ഇരുപത്തേഴാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം "ഗോവാ, ദാമൻ, ദിയൂ, യൂണിയൻ പ്രദേശങ്ങൾ അല്ലെങ്കിൽ പോണ്ടിച്ചേരി" എന്നതിനു പകരം ചേർത്തത് (15-2-1972 മുതൽ പ്രാബല്യം).

10. 1971-ലെ ഭരണഘടന (ഇരുപത്തേഴാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത് (15-2-1972 മുതൽ പ്രാബല്യം).

(2) അപ്രകാരം ഉണ്ടാക്കിയ ഏതു റഗുലേഷനും, ആ സമയം ആ യൂണിയൻ പ്രദേശത്തിന് ബാധകമായ, പാർലമെൻറ് ഉണ്ടാക്കിയ ഏതെങ്കിലും ആക്ററിനെയോ [1][മറേറതെങ്കിലും നിയമത്തെയോ] റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതും, രാഷ്ട്രപതി റഗുലേഷൻ പ്രഖ്യാപിക്കുമ്പോൾ, അതിന് ആ പ്രദേശത്തിനു ബാധകമാകുന്ന പാർലമെൻറിൻെറ ഒരു ആക്ററിൻെറ അതേ പ്രാബല്യവും ഫലവും ഉണ്ടായിരിക്കുന്നതും ആകുന്നു.]

**241. യൂണിയൻ പ്രദേശങ്ങൾക്കു ഹൈക്കോടതികൾ**—(1) പാർലമെൻറിന്, നിയമം വഴി, ഒരു [2][യൂണിയൻ പ്രദേശത്തിന്] ഒരു ഹൈക്കോടതി സംവിധാനം ചെയ്യുകയോ, [3] [അങ്ങനെയുള്ള ഏതെങ്കിലും പ്രദേശത്തെ] ഏതെങ്കിലും കോടതിയെ ഈ ഭരണഘടനയുടെ എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് ഒരു ഹൈക്കോടതിയായി പ്രഖ്യാപിക്കുകയോ, ചെയ്യാവുന്നതാണ്.

(2) പാർലമെൻറ് നിയമം വഴി വ്യവസ്ഥ ചെയ്യാവുന്ന അങ്ങനെയുള്ള രൂപഭേദങ്ങൾക്കോ ഒഴിവാക്കലുകൾക്കോ വിധേയമായി, VI-ാം ഭാഗത്തിലെ V-ാം അദ്ധ്യായത്തിലുള്ള വ്യവസ്ഥകൾ 214-ാം അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള ഒരു ഹൈക്കോടതിയെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ, (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഓരോ ഹൈക്കോടതിയെ സംബന്ധിച്ചും ബാധകമാകുന്നതാണ്.

[4] [(3) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്കും, സമുചിത നിയമനിർമ്മാണമണ്ഡലം, ആ നിയമനിർമ്മാണമണ്ഡലത്തിന് ഈ ഭരണഘടനയാലോ ഭരണഘടനപ്രകാരമോ നൽകിയിട്ടുള്ള അധികാരങ്ങളുടെ ബലത്തിൽ നിർമ്മിച്ച ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കും വിധേയമായി, 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററിൻെറ പ്രാരംഭത്തിനു തൊട്ടുമുമ്പ് ഏതെങ്കിലും യൂണിയൻ പ്രദേശത്തെ സംബന്ധിച്ച് അധികാരിത പ്രയോഗിച്ചിരുന്ന ഓരോ ഹൈക്കോടതിയും അങ്ങനെയുള്ള പ്രാരംഭത്തിനുശേഷവും ആ പ്രദേശത്തെ സംബന്ധിച്ച് അങ്ങനെയുള്ള അധികാരിത പ്രയോഗിക്കുന്നത് തുടരേണ്ടതാണ്.

(4) ഈ അനുച്ഛേദത്തിലെ യാതൊന്നും ഒരു സംസ്ഥാനത്തെ ഹൈക്കോടതിയുടെ അധികാരിത ഏതെങ്കിലും യൂണിയൻ പ്രദേശത്തേക്കോ അതിൻെറ ഭാഗത്തേക്കോ വ്യാപിപ്പിക്കുവാനോ അതിനെ അധികാരിതയിൽ നിന്ന് ഒഴിവാക്കുവാനോ പാർലമെൻറിനുള്ള അധികാരത്തിന് ന്യൂനത വരുത്തുന്നതല്ല.]

**242.** [*കൂർഗ്.*] *1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം റദ്ദാക്കി.*

1. 1971-ലെ ഭരണഘടന (ഇരുപത്തേഴാം ഭേദഗതി) ആക്ററ്, 4-ാം വകുപ്പുപ്രകാരം "നിലവിലുള്ള ഏതെങ്കിലും നിയമത്തിൽ" എന്നതിനു പകരം ചേർത്തത് (15-2-1972 മുതൽ പ്രാബല്യം).
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിലെ ഗ ഭാഗത്ത് പറഞ്ഞിട്ടുള്ള സംസ്ഥാനം" എന്നതിനു പകരം ചേർത്തത്.
3. മേൽപ്പറഞ്ഞ ആക്ററ് 29-ാം വകുപ്പും പട്ടികയും പ്രകാരം "അങ്ങനെയുള്ള സംസ്ഥാനം" എന്നതിനു പകരം ചേർത്തത്.
4. മേൽപ്പറഞ്ഞ ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം (3)-ം (4)-ം ഖണ്ഡങ്ങൾക്ക് പകരം ചേർത്തത്.

## [1][ഭാഗം IX

## പഞ്ചായത്തുകൾ

**243. നിർവ്വചനങ്ങൾ**—ഈ ഭാഗത്തിൽ , സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം ,—

(ക) "ജില്ല" എന്നാൽ ഒരു സംസ്ഥാനത്തിലെ ഒരു ജില്ല എന്നർത്ഥമാകുന്നു ;

(ഖ) "ഗ്രാമസഭ" എന്നാൽ വില്ലേജുതല പഞ്ചായത്തു പ്രദേശത്തിലുൾപ്പെട്ട ഒരു വില്ലേജ് സംബന്ധിച്ച സമ്മതിദായക പട്ടികയിൽ രജിസ്ററർ ചെയ്തിട്ടുള്ള ആളുകൾ ഉൾപ്പെട്ട നികായം എന്നർത്ഥമാകുന്നു ;

(ഗ) "മദ്ധ്യതലം" എന്നാൽ ഒരു സംസ്ഥാനത്തിൻെറ ഗവർണ്ണർ ഈ ഭാഗത്തിൻെറ ആവശ്യങ്ങൾക്ക്, വില്ലേജ് തലത്തിനും ജില്ലാ തലത്തിനുമിടയ്ക്ക് മദ്ധ്യതലമായി , പൊതു വിജ്ഞാപനം വഴി , നിർദ്ദേശിക്കുന്ന തലം എന്നർത്ഥമാകുന്നു ;

(ഘ)"പഞ്ചായത്ത്"എന്നാൽ 243 ഖ അനുച്ഛേദത്തിൻ കീഴിൽ ഗ്രാമപ്രദേശങ്ങൾക്കു വേണ്ടി രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണസ്ഥാപനം (എന്തു പേർ പറഞ്ഞാലും) എന്നർത്ഥമാകുന്നു ;

(ങ) "പഞ്ചായത്തു പ്രദേശം" എന്നാൽ ഒരു പഞ്ചായത്തിൻെറ പ്രാദേശികാതിർത്തിയിൽപ്പെട്ട പ്രദേശം എന്നർത്ഥമാകുന്നു ;

(ച) "ജനസംഖ്യ" എന്നാൽ തൊട്ടടുത്തു കഴിഞ്ഞ കാനേഷുമാരിയിൽ പ്രസക്ത കണക്കുകൾ പ്രസിദ്ധപ്പെടുത്തി തിട്ടപ്പെടുത്തിയ പ്രകാരമുള്ള ജനസംഖ്യ എന്നർത്ഥമാകുന്നു ;

(ഛ) "വില്ലേജ്" എന്നാൽ ഈ ഭാഗത്തിൻെറ ആവശ്യങ്ങൾക്ക് ഗവർണ്ണർ പൊതുവിജ്ഞാപനം വഴി ഒരു വില്ലേജായി നിർദ്ദേശിക്കുന്ന ഒരു വില്ലേജ് എന്നർത്ഥമാകുന്നതും അതിൽ അപ്രകാരം നിർദ്ദേശിക്കുന്ന വില്ലേജുകളുടെ സമൂഹവും ഉൾപ്പെടുന്നതാകുന്നു.

**243 ക. ഗ്രാമസഭ**—ഒരു ഗ്രാമസഭയ്ക്ക് വില്ലേജ്തലത്തിൽ ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണ മണ്ഡലം നിയമം വഴി വ്യവസ്ഥ ചെയ്യുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കാവുന്നതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കാവുന്നതുമാണ്.

**243 ഖ. പഞ്ചായത്തുകളുടെ രൂപീകരണം**— (1) ഓരോ സംസ്ഥാനത്തും വില്ലേജ് തലത്തിലും, മദ്ധ്യതലത്തിലും, ജില്ലാതലത്തിലും ഈ ഭാഗത്തിലെ വ്യവസ്ഥകൾക്കനുസൃതമായി പഞ്ചായത്തുകൾ രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഖണ്ഡത്തിലെന്തുതന്നെയായിരുന്നാലും , ഇരുപതു ലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള ഒരു സംസ്ഥാനത്ത് മധ്യതലത്തിൽ പഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല.

**243 ഗ. പഞ്ചായത്തുകളുടെ ഘടന**—(1) ഈ ഭാഗത്തിലെ വ്യവസ്ഥകൾക്കു വിധേയമായി , ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിന്, നിയമം വഴി, പഞ്ചായത്തുകളുടെ ഘടന സംബന്ധിച്ച് വ്യവസ്ഥകളുണ്ടാക്കാവുന്നതാണ് :

എന്നാൽ, ഏത് തലത്തിലും, ഒരു പ്രാദേശികാതിർത്തിയിൽപ്പെട്ട പ്രദേശത്തെ ജനസംഖ്യയും തെരഞ്ഞെടുപ്പുവഴി നികത്തേണ്ട അങ്ങനെയുള്ള പഞ്ചായത്തിലെ സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അംശബന്ധം , പ്രായോഗികമാകുന്നിടത്തോളം , സംസ്ഥാനത്തൊട്ടാകെ ഒരുപോലെയായിരിക്കേണ്ടതാണ്.

---

1. 1992-ലെ ഭരണഘടന (എഴുപത്തിമൂന്നാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (1-6-1993 മുതൽ പ്രാബല്യം). 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പുപ്രകാരം ആദ്യം ഉണ്ടായിരുന്ന IX-ാം ഭാഗം റദ്ദാക്കിയിരിക്കുന്നു.

(2) ഒരു പഞ്ചായത്തിലെ എല്ലാ സ്ഥാനങ്ങളും ആ പഞ്ചായത്തു പ്രദേശത്തെ പ്രാദേശിക നിയോജകമണ്ഡലങ്ങളിൽ നിന്ന് നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴി തെരഞ്ഞെടുക്കപ്പെട്ട ആളുകളെക്കൊണ്ട് നികത്തേണ്ടതും ഈ ആവശ്യത്തിന്, ഓരോ നിയോജകമണ്ഡലത്തിലെ ജനസംഖ്യയും അതിന് തിരിച്ചു വച്ചിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അംശബന്ധം, പ്രയോഗികമാകുന്നിടത്തോളം, പഞ്ചായത്തു പ്രദേശമൊട്ടാകെ ഒരുപോലെയാകത്തക്കവിധം ഓരോ പഞ്ചായത്തു പ്രദേശത്തെയും പ്രാദേശികാടിസ്ഥാനത്തിലുള്ള നിയോജകമണ്ഡലങ്ങളായി വിഭജിക്കേണ്ടതുമാണ്.

(3) ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിന്—

(ക) മദ്ധ്യതലത്തിലുള്ള പഞ്ചായത്തുകളിൽ, വില്ലേജുതലത്തിലുള്ള പഞ്ചായത്തുകളുടെയും, അല്ലെങ്കിൽ, മദ്ധ്യതലത്തിലുള്ള പഞ്ചായത്തുകളില്ലാത്ത ഏതെങ്കിലും സംസ്ഥാനത്തിൻെറ സംഗതിയിൽ , ജില്ലാതലത്തിലുള്ള പഞ്ചായത്തുകളിലേയും ചെയർപേഴ്സൺമാരുടെയും;

(ഖ) ജില്ലാതലത്തിലുള്ള പഞ്ചായത്തുകളിൽ, മദ്ധ്യതലത്തിലുള്ള പഞ്ചായത്തുകളിലെ ചെയർപേഴ്സൺമാരുടെയും ;

(ഗ) വില്ലേജുതലമല്ലാത്ത തലത്തിലുള്ള പഞ്ചായത്തു പ്രദേശത്തിൽ മുഴുവനായോ ഭാഗികമായോ വ്യാപിക്കുന്ന നിയോജകമണ്ഡലങ്ങളെ പ്രതിനിധാനം ചെയ്യുന്ന അങ്ങനെയുള്ള പഞ്ചായത്തിലെ ലോകസഭയിലെ അംഗങ്ങളുടെയും സംസ്ഥാനത്തിൻെറ നിയമസഭയിലെ അംഗങ്ങളുടെയും;

(ഘ) രാജ്യസഭാംഗങ്ങളും സംസ്ഥാനത്തിൻെറ നിയമസമിതി അംഗങ്ങളും—

(i) മദ്ധ്യതലത്തിലുള്ള പഞ്ചായത്തിൽ, മദ്ധ്യതലത്തിലുള്ള ഒരു പഞ്ചായത്തു പ്രദേശത്തും;

(ii) ജില്ലാതലത്തിലുള്ള പഞ്ചായത്തിൽ, ജില്ലാതലത്തിലുള്ള പഞ്ചായത്തു പ്രദേശത്തും,

സമ്മതിദായകരായി രജിസ്ററർ ചെയ്യപ്പെട്ടിട്ടുള്ളിടത്ത് അവരുടെയും പ്രാതിനിധ്യത്തിന്, നിയമം വഴി, വ്യവസ്ഥ ചെയ്യാവുന്നതാണ്.

(4) ഒരു പഞ്ചായത്തിൻെറ ചെയർപേഴ്സണും പഞ്ചായത്തിൻെറ മററംഗങ്ങൾക്കും, അവർ ആ പഞ്ചായത്തു പ്രദേശത്തെ പ്രാദേശിക നിയോജകമണ്ഡലങ്ങളിൽ നിന്ന് നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴി തെരഞ്ഞെടുക്കപ്പെട്ടവരായാലുമല്ലെങ്കിലും, ആ പഞ്ചായത്തുകളുടെ യോഗങ്ങളിൽ വോട്ട് രേഖപ്പെടുത്തുവാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

(5) (ക) വില്ലേജ്തലത്തിലുള്ള പഞ്ചായത്തിൻെറ ചെയർപേഴ്സൺ, ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം, നിയമം വഴി, വ്യവസ്ഥ ചെയ്യാവുന്ന അങ്ങനെയുള്ള രീതിയിൽ തെരഞ്ഞെടുക്കപ്പെടേണ്ടതും :

(ഖ) മദ്ധ്യതലത്തിലുള്ളതോ ജില്ലാതലത്തിലുള്ളതോ ആയ ഒരു പഞ്ചായത്തിൻെറ ചെയർപേഴ്സൺ, അതിൻെറ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാലും, അവരുടെയിടയിൽനിന്നും തെരഞ്ഞെടുക്കപ്പെടേണ്ടതുമാണ്.

**243ഘ. സ്ഥാനങ്ങൾ സംവരണം ചെയ്യൽ**—(1) ഓരോ പഞ്ചായത്തിലും—

(ക) പട്ടികജാതികൾക്കും ;

(ഖ) പട്ടികഗോത്രവർഗ്ഗങ്ങൾക്കും,

സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതും അപ്രകാരം സംവരണം ചെയ്യുന്ന സ്ഥാനങ്ങളുടെ എണ്ണത്തിന് ആ പഞ്ചായത്തിൽ നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴി നികത്തേണ്ട ആകെ സ്ഥാനങ്ങളുടെ എണ്ണവുമായുള്ള അനുപാതം , ആ പഞ്ചായത്തു പ്രദേശത്തെ പട്ടികജാതികളുടെ അല്ലെങ്കിൽ ആ പഞ്ചായത്ത് പ്രദേശത്തെ പട്ടിക ഗോത്രവർഗ്ഗങ്ങളുടെ ജനസംഖ്യ, ആ പ്രദേശത്തെ മൊത്തം ജനസംഖ്യയുടെ ഏതനുപാതത്തിലാണോ , കഴിയുന്നിടത്തോളം അടുത്തുവരുന്ന അതേ അനുപാതത്തിലായിരിക്കേണ്ടതും അങ്ങനെയുള്ള സ്ഥാനങ്ങൾ ആ പഞ്ചായത്തിലെ വിവിധ നിയോജകമണ്ഡലങ്ങൾക്ക്, ആവർത്തന ക്രമമനുസരിച്ച് തിരിച്ചുവയ്ക്കേണ്ടതുമാകുന്നു.

(2) (1)-ാം ഖണ്ഡത്തിൻ കീഴിൽ സംവരണം ചെയ്യുന്ന ആകെ സ്ഥാനങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്നിൽ കുറയാതെ പട്ടികജാതികളിലോ, അതതു സംഗതിപോലെ , പട്ടികഗോത്രവർഗ്ഗങ്ങളിലോ ഉൾപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ടതാണ്.

(3) ഓരോ പഞ്ചായത്തിലും നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴി നികത്തേണ്ട സ്ഥാനങ്ങളുടെ ആകെ എണ്ണത്തിന്റെ മൂന്നിലൊന്നിൽ കുറയാതെ (പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗങ്ങളിലും ഉൾപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണമുൾപ്പെടെ) സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതും അങ്ങനെയുള്ള സ്ഥാനങ്ങൾ ഒരു പഞ്ചായത്തിലെ വിവിധ നിയോജകമണ്ഡലങ്ങൾക്ക് ആവർത്തനക്രമമനുസരിച്ച് തിരിച്ചുവയ്ക്കേണ്ടതുമാകുന്നു.

(4) വില്ലേജുതലത്തിലോ, മറേറതെങ്കിലും തലത്തിലോ ഉള്ള പഞ്ചായത്തുകളിലെ ചെയർപേഴ്സൺ പദവികൾ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും, സ്ത്രീകൾക്കും, ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലം, നിയമം വഴി വ്യവസ്ഥ ചെയ്യുന്ന രീതിയിൽ സംവരണം ചെയ്യേണ്ടതാണ് :

എന്നാൽ, പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും ഏതെങ്കിലും സംസ്ഥാനത്ത് ഓരോ തലത്തിലുമുള്ള പഞ്ചായത്തിൽ സംവരണം ചെയ്യുന്ന ചെയർപേഴ്സൺ പദവികളുടെ എണ്ണത്തിന് ഓരോ തലത്തിലും ആ പഞ്ചായത്തിൽ നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴി നികത്തേണ്ട ആകെ സ്ഥാനങ്ങളുടെ എണ്ണവുമായുള്ള അനുപാതം, സംസ്ഥാനത്തെ പട്ടികജാതികളുടെ അല്ലെങ്കിൽ പട്ടികഗോത്ര വർഗ്ഗങ്ങളുടെ ജനസംഖ്യ, ആ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ ഏതനുപാത ത്തിലാണോ, കഴിയുന്നിടത്തോളം അടുത്തു വരുന്ന അതേ അനുപാതത്തിലായിരി ക്കേണ്ടതാണ്:

എന്നുമാത്രമല്ല, ഓരോ തലത്തിലുമുള്ള പഞ്ചായത്തുകളിലെ ചെയർപേഴ്സൺ പദവികളുടെ ആകെ സ്ഥാനങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്നിൽ കുറയാത്തവ സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതാണ് :

കൂടാതെ, ഈ ഖണ്ഡത്തിൻ കീഴിൽ സംവരണം ചെയ്യുന്ന സ്ഥാനങ്ങൾ ഓരോ തലത്തിലുള്ള വിവിധ പഞ്ചായത്തുകൾക്ക് ആവർത്തനക്രമമനുസരിച്ച് തിരിച്ചു വയ്ക്കേണ്ടതാണ് .

(5) (1)-ഉം (2)-ഉം ഖണ്ഡങ്ങൾക്കുകീഴിൽ സ്ഥാനങ്ങളുടെ സംവരണവും (4)-ാം ഖണ്ഡത്തിൻ കീഴിൽ ചെയർപേഴ്സൺ പദവികളുടെ സംവരണവും (സ്ത്രീകൾക്കുള്ള സംവരണം അല്ലാത്തത്) 334-ാം അനുച്ഛേദത്തിൽ നിർദ്ദേശിച്ചിട്ടുള്ള കാലയളവ് അവസാനിക്കുന്നതോടെ പ്രഭാവശൂന്യമായി തീരുന്നതാണ്.

(6) ഈ ഭാഗത്തിലെ യാതൊന്നും, പിന്നോക്ക വിഭാഗപൗരന്മാർക്കനുകൂലമായി ഏതെങ്കിലും പഞ്ചായത്തിൽ സ്ഥാനങ്ങളും ഏതു തലത്തിലുള്ള പഞ്ചായത്തുകളിലും ചെയർപേഴ്സൺ പദവികളും സംവരണം ചെയ്യുന്നതിനോ അല്ലെങ്കിൽ എന്തെങ്കിലും വ്യവസ്ഥയുണ്ടാക്കുന്നതിൽ നിന്നോ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തെ തടയുന്നതല്ല.

**243 ങ. പഞ്ചായത്തുകളുടെ കാലദൈർഘ്യം മുതലായവ**—(1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ, നേരത്തെതന്നെ പിരിച്ചുവിടാത്തപക്ഷം ഓരോ പഞ്ചായത്തും, അതിന്റെ ആദ്യയോഗത്തിന് നിശ്ചയിച്ച തീയതി മുതൽ അഞ്ചുവർഷത്തേക്ക് തുടരുന്നതും അതിനപ്പുറം തുടരുന്നതല്ലാത്തതുമാകുന്നു.

(2) തൽസമയം പ്രാബല്യത്തിലുള്ള ഏതു നിയമത്തിന്റെയും യാതൊരു ഭേദഗതിക്കും, അങ്ങനെയുള്ള ഭേദഗതിക്കു തൊട്ടുമുൻപ് പ്രവർത്തിച്ചിരുന്ന ഏതു തലത്തിലുള്ള പഞ്ചായത്തിന്റെയും (1)-ാം ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള അതിന്റെ കാലദൈർഘ്യം അവസാനിക്കുന്നതുവരെ പിരിച്ചുവിടലിനു കാരണമാകുന്ന പ്രഭാവമുണ്ടായിരിക്കുന്നതല്ല .

(3) ഒരു പഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് —

(ക) (1)-ാം ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള അതിന്റെ കാലദൈർഘ്യം അവസാനിക്കുന്നതിനു മുമ്പ് ;

(ഖ) അതിൻെറ പിരിച്ചുവിടൽത്തീയതി മുതൽ ആറുമാസക്കാലയളവ് അവസാനിക്കുന്നതിന് മുമ്പ്,

പൂർത്തീകരിക്കേണ്ടതാണ് :

എന്നാൽ, പിരിച്ചുവിടപ്പെട്ട പഞ്ചായത്ത് തുടരുമായിരുന്ന കാലയളവിൻെറ അവശേഷിക്കുന്ന ഭാഗം ആറുമാസത്തിൽ കുറവായിട്ടുള്ളിടത്ത്, അങ്ങനെയുള്ള കാലയളവിലേക്ക് പഞ്ചായത്ത് രൂപീകരിക്കുന്നതിന് ഈ ഖണ്ഡത്തിൻ കീഴിൽ യാതൊരു തെരഞ്ഞെടുപ്പും നടത്തേണ്ടതില്ല.

(4) കാലദൈർഘ്യം അവസാനിക്കുന്നതിനു മുമ്പ് ഒരു പഞ്ചായത്ത് പിരിച്ചുവിട്ടതിൻമേൽ രൂപീകരിക്കപ്പെടുന്ന ഒരു പഞ്ചായത്ത് അപ്രകാരം പിരിച്ചുവിട്ടിട്ടില്ലായിരുന്നെങ്കിൽ, പിരിച്ചുവിടപ്പെട്ട പഞ്ചായത്ത് (1) -ാം ഖണ്ഡത്തിൻ കീഴിൽ ഏതു കാലയളവിലേക്ക് തുടരുമായിരുന്നുവോ, ആ കാലയളവിൻെറ അവശേഷിക്കുന്നിടത്തോളം മാത്രം തുടരുന്നതാണ്.

**243 ച. അംഗത്വത്തിനുള്ള അയോഗ്യതകൾ**—(1) ഏതൊരാളും—

(ക) ബന്ധപ്പെട്ട സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിലേക്കുള്ള തെരഞ്ഞെടുപ്പുകൾക്കുള്ള ആവശ്യങ്ങൾക്ക് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താലോ അതിൻകീഴിലോ അപ്രകാരം അയോഗ്യനാക്കപ്പെടുന്നപക്ഷം:

എന്നാൽ യാതൊരാളെയും, അയാൾക്ക് ഇരുപത്തിയൊന്നു വയസ്സു തികഞ്ഞിട്ടുണ്ടെങ്കിൽ അയാൾക്ക് ഇരുപത്തിയഞ്ചുവയസ്സിൽ കുറവേയുള്ളൂ എന്ന കാരണത്തിൻമേൽ അയോഗ്യനാക്കാവുന്നതല്ല.

(ഖ) ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ ഏതെങ്കിലും നിയമത്താലോ അതിൻകീഴിലോ അപ്രകാരം അയോഗ്യനാക്കപ്പെട്ടിട്ടുള്ളപക്ഷം,

ഒരു പഞ്ചായത്തിൻെറ അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനോ അംഗമായിരിക്കുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്.

(2) ഒരു പഞ്ചായത്തിലെ ഏതെങ്കിലും അംഗം (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനായിട്ടുണ്ടോ എന്ന പ്രശ്നമുദിക്കുന്നപക്ഷം, ആ പ്രശ്നം ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലം, നിയമംവഴി, വ്യവസ്ഥ ചെയ്യുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിൻെറ തീരുമാനത്തിന്, അപ്രകാരം വ്യവസ്ഥ ചെയ്യുന്ന രീതിയിൽ വിടേണ്ടതാണ്.

**243 ഛ. പഞ്ചായത്തുകളുടെ അധികാരങ്ങളും, അധികാരശക്തിയും ഉത്തരവാദിത്വങ്ങളും**—ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിധേയമായി, ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലം, പഞ്ചായത്തുകൾ സ്വയംഭരണസ്ഥാപനങ്ങളെന്ന നിലയിൽ പ്രവർത്തിക്കാൻ അവയെ പ്രാപ്തമാക്കുന്നതിന്, നിയമം വഴി, ആവശ്യമായ അങ്ങനെയുള്ള അധികാരങ്ങളും അധികാരശക്തിയും നൽകാവുന്നതും, അങ്ങനെയുള്ള നിയമത്തിൽ, അതിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്കു വിധേയമായി,

(ക) സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും പദ്ധതി തയ്യാറാക്കൽ;

(ഖ) അവയെ ഏൽപ്പിക്കാവുന്ന, പതിനൊന്നാം പട്ടികയിൽ ചേർത്തിട്ടുള്ള സംഗതികളുൾപ്പെടെ, സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കുമുള്ള പദ്ധതികൾ നടപ്പാക്കൽ,

എന്നിവ സംബന്ധിച്ച് പഞ്ചായത്തുകൾക്ക് ഉചിതതലത്തിൽ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വിട്ടുകൊടുക്കുന്നതിനുള്ള വ്യവസ്ഥകളടങ്ങിയിരിക്കാവുന്നതുമാണ്.

**243 ജ. പഞ്ചായത്തുകൾക്ക് നികുതി ചുമത്താനുള്ള അധികാരങ്ങളും പഞ്ചായത്തുകളുടെ നിധികളും**—ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലം, നിയമംവഴി, ആ നിയമത്തിൽ നിർദ്ദേശിക്കാവുന്ന വിധം—

(ക) അങ്ങനെയുള്ള നടപടിക്രമമനുസരിച്ചും അങ്ങനെയുള്ള പരിമിതികൾക്കു വിധേയമായും അങ്ങനെയുള്ള നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസും ചുമത്തുന്നതിനും വസൂലാക്കുന്നതിനും വിനിയോഗിക്കുന്നതിനും ഒരു പഞ്ചായത്തിനെ അധികാരപ്പെടുത്തുകയും;

(ഖ) അങ്ങനെയുള്ള ആവശ്യങ്ങൾക്കും അങ്ങനെയുള്ള നിബന്ധനകൾക്കും പരിമിതികൾക്കും വിധേയമായി പഞ്ചായത്തിന്, സംസ്ഥാന സർക്കാർ ചുമത്തുകയും വസൂലാക്കുകയും ചെയ്യുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസും നീക്കിവയ്ക്കുകയും;

(ഗ) സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്ന് പഞ്ചായത്തുകൾക്ക് അങ്ങനെയുള്ള ഔദ്യോഗിക സഹായധനങ്ങൾ നൽകുന്നതിനു വ്യവസ്ഥ ചെയ്യുകയും;

(ഘ) യഥാക്രമം, പഞ്ചായത്തുകളാലോ പഞ്ചായത്തുകൾക്ക് വേണ്ടിയോ സ്വീകരിക്കപ്പെടുന്ന എല്ലാ പണവും വരവ് വയ്ക്കുന്നതിന് അങ്ങനെയുള്ള നിധികൾ രൂപീകരിക്കുന്നതിനും അവയിൽ നിന്ന് അങ്ങനെയുള്ള പണം പിൻവലിക്കുന്നതിനും വ്യവസ്ഥ ചെയ്യുകയും,

ചെയ്യാവുന്നതാണ്.

**243 ഝ. സാമ്പത്തികസ്ഥിതി റിവ്യൂ ചെയ്യുന്നതിന് ധനകാര്യക്കമ്മീഷന്റെ രൂപീകരണം**—(1) ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണർ, ആകുന്നിടത്തോളം വേഗത്തിൽ, 1992-ലെ ഭരണഘടന (എഴുപത്തിമൂന്നാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭംമുതൽ ഒരു വർഷത്തിനുള്ളിലും അതിനുശേഷം ഓരോ അഞ്ചുവർഷക്കാലം അവസാനിക്കുമ്പോഴും, പഞ്ചായത്തുകളുടെ സാമ്പത്തികസ്ഥിതി റിവ്യൂ ചെയ്യുന്നതിനും—

(ക) *(i)* സംസ്ഥാനം ചുമത്താവുന്നതും ഈ ഭാഗത്തിൻകീഴിൽ സംസ്ഥാനവും പഞ്ചായത്തുകളുമായി ഭാഗിക്കാവുന്നതുമായ നികുതികളുടെയും തീരുവകളുടെയും ചുങ്കങ്ങളുടെയും ഫീസിന്റെയും അററവരവുകൾ അവ തമ്മിൽ വീതിക്കലും അങ്ങനെയുള്ള വരവുകളിൽ അതാതിനുള്ള വിഹിതങ്ങൾ എല്ലാ തലത്തിലുമുള്ള പഞ്ചായത്തുകൾക്കിടയിൽ വിഭജിക്കലും ;

*(ii)* പഞ്ചാത്തുകൾക്ക് നീക്കിവയ്ക്കാവുന്നതും അവയ്ക്ക് വിനിയോഗിക്കാവുന്നതുമായ നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസും നിശ്ചയിക്കലും;

*(iii)* സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് പഞ്ചായത്തുകൾക്കുള്ള ഔദ്യോഗിക സഹായധനങ്ങളെ നിയന്ത്രിക്കുന്ന തത്വങ്ങളും;

(ഖ) പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികളും;

(ഗ) ഗവർണ്ണർ പഞ്ചായത്തുകളുടെ സാമ്പത്തിക ഭദ്രതയുടെ താത്പര്യങ്ങൾക്ക് ധനകാര്യക്കമ്മീഷന് വിടുന്ന മററു ഏതുകാര്യവും,

സംബന്ധിച്ച് ഗവർണ്ണർക്ക് ശിപാർശകൾ സമർപ്പിക്കുന്നതിനും ധനകാര്യക്കമ്മീഷൻ രൂപീകരിക്കേണ്ടതാണ്.

(2) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം, നിയമം വഴി, കമ്മീഷന്റെ ഘടനയും അതിന്റെ അംഗങ്ങളായി നിയമിക്കപ്പെടുന്നതിനാവശ്യമായ യോഗ്യതകളും അവരെ തെരഞ്ഞെടുക്കുന്നതിനുള്ള രീതിയും സംബന്ധിച്ച് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) കമ്മീഷന് അതിൻെറ നടപടിക്രമം നിർണ്ണയിക്കാവുന്നതും അതിൻെറ ചുമതലുകളുടെ നിർവ്വഹണത്തിൽ കമ്മീഷന് സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം, നിയമം വഴി, അതിനു നൽകുന്ന അങ്ങനെയുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്.

(4) ഈ അനുച്ഛേദത്തിൻ കീഴിൽ കമ്മീഷൻ നൽകുന്ന ഓരോ ശിപാർശയും അതിൻമേൽ എടുത്തിട്ടുള്ള നടപടി സംബന്ധിച്ച വിശദീകരണ വിവരക്കുറിപ്പുസഹിതം ഗവർണ്ണർ സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിനു മുൻപാകെ വയ്പ്പിക്കേണ്ടതാണ്.

**243 ഞ. പഞ്ചായത്തുകളുടെ അക്കൗണ്ടുകളുടെ ആഡിററ്**—പഞ്ചായത്തുകളുടെ അക്കൗണ്ടുകളുടെ പരിപാലനവും അങ്ങനെയുള്ള അക്കൗണ്ടുകളുടെ ആഡിററും സംബന്ധിച്ച് സംസ്ഥാനത്തിൻെറ നിയമ നിർമ്മാണമണ്ഡലത്തിന് നിയമം വഴി, വ്യവസ്ഥകളുണ്ടാക്കാവുന്നതാണ്.

**243 ട. പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ**—(1) പഞ്ചായത്തുകളിലേക്കുള്ള എല്ലാ തെരഞ്ഞെടുപ്പുകൾക്കുമുള്ള സമ്മതിദായകപട്ടികകൾ തയ്യാറാക്കുന്നതിൻെറയും തെരഞ്ഞെടുപ്പുകളുടെ നടത്തിപ്പിൻെറയും മേൽനോട്ടവും നിർദ്ദേശവും നിയന്ത്രണവും, ഗവർണ്ണർ നിയമിക്കേണ്ട സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ അടങ്ങിയ ഒരു സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിൻെറ വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണറുടെ സേവന വ്യവസ്ഥകളും ഉദ്യോഗ കാലാവധിയും ഗവർണ്ണർ ചട്ടംവഴി നിർണ്ണയിക്കാവുന്ന പ്രകാരമായിരിക്കുന്നതാണ് :

എന്നാൽ, ഒരു ഹൈക്കോടതിയിലെ ജഡ്ജിയെ ഏതു രീതിയിലും ഏതു കാരണങ്ങളിൻമേലും ആണ് നീക്കം ചെയ്യാവുന്നത് അതേ രീതിയിലും കാരണങ്ങളിൻമേലുമല്ലാതെ, സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണറെ നീക്കം ചെയ്യാവുന്നതല്ലാത്തതും, നിയമനത്തിനുശേഷം സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണറുടെ സേവനവ്യവസ്ഥകൾ അദ്ദേഹത്തിന് പ്രതികൂലമായി വ്യത്യാസപ്പെടുത്താവുന്നതല്ലാത്തതുമാകുന്നു.

(3) (1)-ാം ഖണ്ഡം സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനു നൽകുന്ന ചുമതലകളുടെ നിർവ്വഹണത്തിന്, സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ അഭ്യർത്ഥിക്കുമ്പോൾ, ഒരു സംസ്ഥാനത്തിൻെറ ഗവർണ്ണർ , സംസ്ഥാന തെരഞ്ഞെടുപ്പുകമ്മീഷന് ആവശ്യമായ അങ്ങനെയുള്ള ഉദ്യോഗസ്ഥഗണത്തെ ലഭ്യമാക്കേണ്ടതാണ്.

(4) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിന് പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ സംബന്ധിച്ചുള്ളതോ അതുമായി ബന്ധപ്പെട്ടതോ ആയ എല്ലാ കാര്യങ്ങൾക്കും, നിയമം വഴി, വ്യവസ്ഥയുണ്ടാക്കാവുന്നതാണ്.

**243 ഠ. യൂണിയൻ പ്രദേശങ്ങൾക്കുള്ള ബാധകത**—ഈ ഭാഗത്തിലെ വ്യവസ്ഥകൾ യൂണിയൻ പ്രദേശങ്ങൾക്ക് ബാധകമാകുന്നതും ഒരു യൂണിയൻ പ്രദേശത്തിനുള്ള അവയുടെ ബാധകതയിൽ ഒരു സംസ്ഥാനത്തിൻെറ ഗവർണ്ണറെക്കുറിച്ചുള്ള പരാമർശങ്ങൾ, 239-ാം അനുച്ഛേദത്തിൻ കീഴിൽ നിയമിക്കപ്പെട്ട ഒരു യൂണിയൻ പ്രദേശത്തിൻെറ അഡ്മിനിസ്ട്രേററെക്കുറിച്ചുള്ള പരാമർശങ്ങളായിരുന്നാലെന്നപോലെയും, ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തെയോ നിയമസഭയെയോ സംബന്ധിച്ച പരാമർശങ്ങൾ, നിയമസഭയുള്ള ഒരു യൂണിയൻ പ്രദേശം സംബന്ധിച്ച് , ആ നിയമസഭയെക്കുറിച്ചുള്ള പരാമർശങ്ങളായിരുന്നാലെന്നപോലെയും, ആ വ്യവസ്ഥകൾക്കു പ്രഭാവം ഉണ്ടായിരിക്കുന്നതാണ് :

എന്നാൽ രാഷ്ട്രപതി, പൊതുവിജ്ഞാപനംവഴി, ഈ ഭാഗത്തിലെ വ്യവസ്ഥകൾ ഏതെങ്കിലും യൂണിയൻ പ്രദേശത്തിനോ അതിൻെറ ഏതെങ്കിലും ഭാഗത്തിനോ അദ്ദേഹം പ്രസ്തുത വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന ഒഴിവാക്കലുകൾക്കും രൂപഭേദപ്പെടുത്തലുകൾക്കും വിധേയമായി, ബാധകമാകുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

**243 ഡ. ചില പ്രദേശങ്ങൾക്ക് ഈ ഭാഗം ബാധകമാകുന്നതല്ലെന്ന്**—(1) ഈ ഭാഗത്തിലെ യാതൊന്നും 244-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള പട്ടിക പ്രദേശങ്ങൾക്കും (2)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഗോത്ര വർഗ്ഗപ്രദേശങ്ങൾക്കും ബാധകമാകുന്നതല്ല.

(2) ഈ ഭാഗത്തിലെ യാതൊന്നും—

(ക) നാഗാലാൻഡ്, മേഘാലയ, മിസ്സോറാം സംസ്ഥാനങ്ങൾക്കും ;

(ഖ) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ ജില്ലാ കൗൺസിലുകൾ നിലവിലുള്ള മണിപ്പൂർ സംസ്ഥാനത്തെ മലമ്പ്രദേശങ്ങൾക്കും,

ബാധകമാകുന്നതല്ല.

(3) ഈ ഭാഗത്തിലെ യാതൊന്നും—

(ക) ജില്ലാ തലത്തിലുള്ള പഞ്ചായത്തുകൾ സംബന്ധിച്ച് തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ ഡാർജിലിംഗ് ഗൂർഖാഹിൽ കൗൺസിൽ നിലവിലുള്ള പശ്ചിമബംഗാൾ സംസ്ഥാനത്തെ ഡാർജിലിംഗ് ജില്ലയിലെ മലമ്പ്രദേശങ്ങൾക്ക് ബാധകമാകുന്നതല്ല ;

(ഖ) അങ്ങനെയുള്ള നിയമത്തിൻ കീഴിൽ രൂപീകരിക്കപ്പെട്ട ഡാർജിലിംഗ് ഗൂർഖാഹിൽ കൗൺസിലിന്റെ ചുമതലകളെയോ അധികാരങ്ങളെയോ ബാധിക്കുന്നതായി കരുതാൻ പാടുള്ളതല്ല.

[1][(3 ക) 243 ഘ അനുച്ഛേദത്തിലെ പട്ടികജാതികൾക്കുവേണ്ടിയുള്ള സ്ഥാനങ്ങളുടെ സംവരണത്തെ സംബന്ധിച്ച യാതൊന്നും അരുണാചൽ പ്രദേശ് സംസ്ഥാനത്തിന് ബാധകമാകുന്നതല്ല.]

(4) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും,—

(ക) (2)-ാം ഖണ്ഡം (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം, നിയമംവഴി, ആ സംസ്ഥാനത്തിലേക്ക് (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള പ്രദേശങ്ങളൊഴികെ, വല്ലതുമുണ്ടെങ്കിൽ, ആ സംസ്ഥാനത്തെ നിയമസഭ, ആ സഭയുടെ ആകെ അംഗത്വത്തിൽ ഭൂരിപക്ഷത്തോടും, ആ സഭയിൽ ഹാജരായി വോട്ടു ചെയ്യുന്ന അംഗങ്ങളിൽ മൂന്നിൽ രണ്ടിൽ കുറയാത്ത ഭൂരിപക്ഷത്തോടുംകൂടി ആ അർത്ഥത്തിൽ ഒരു പ്രമേയം പാസ്സാക്കുന്നപക്ഷം, ഈ ഭാഗം വ്യാപിപ്പിക്കാവുന്നതാണ്;

(ഖ) പാർലമെന്റ്, നിയമംവഴി, (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള പ്രദേശങ്ങളിലേക്കും, ഈ ഭാഗത്തിലെ വ്യവസ്ഥകൾ, അങ്ങനെയുള്ള നിയമത്തിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഒഴിവാക്കലുകൾക്കും രൂപഭേദപ്പെടുത്തലുകൾക്കും വിധേയമായി വ്യാപിപ്പിക്കാവുന്നതും, അങ്ങനെയുള്ള യാതൊരു നിയമവും, 368-ാം അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക്, ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതപ്പെടാവുന്നതല്ല.

**243 ഢ. നിലവിലുള്ള നിയമങ്ങളും പഞ്ചായത്തുകളും തുടരുമെന്ന്**—ഈ ഭാഗത്തിലെന്തു തന്നെയായിരുന്നാലും, 1992-ലെ ഭരണഘടന (എഴുപത്തി മൂന്നാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുൻപ് പഞ്ചായത്തുകളെ സംബന്ധിച്ച് ഒരു സംസ്ഥാനത്ത് പ്രാബല്യത്തിലിരുന്നതും, ഈ ഭാഗത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതുമായ ഏതെങ്കിലും നിയമത്തിന്റെ, ഏതു വ്യവസ്ഥയും ക്ഷമതയുള്ള നിയമനിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മററധികാരസ്ഥാനമോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നതുവരെ അല്ലെങ്കിൽ അങ്ങനെയുള്ള പ്രാരംഭംമുതൽ ഒരു വർഷം അവസാനിക്കുന്നതുവരെ, ഇവയിലേതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ, പ്രാബല്യത്തിൽ തുടരുന്നതാണ് :

---

[1] 2000-ലെ ഭരണഘടന (എൺപത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

എന്നാൽ, അങ്ങനെയുള്ള പ്രാരംഭത്തിനു തൊട്ടുമുൻപ് നിലവിലുള്ള എല്ലാ പഞ്ചായത്തുകളും ആ സംസ്ഥാനത്തെ നിയമസഭയോ നിയമസമിതിയുള്ള സംസ്ഥാനത്തിന്റെ സംഗതിയിൽ, ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഓരോ സഭയും, ആ അർത്ഥത്തിൽ പാസ്സാക്കിയ പ്രമേയപ്രകാരം, നേരത്തെതന്നെ പിരിച്ചുവിടപ്പെടാത്തപക്ഷം, അവയുടെ കാലദൈർഘ്യം അവസാനിക്കുന്നതുവരെ തുടരുന്നതാണ് .

**243ണ. തെരഞ്ഞെടുപ്പു വിഷയങ്ങളിൽ കോടതികളുടെ ഇടപെടലിന് വിലക്ക്**—ഈ ഭരണഘടനയിലെന്തുതന്നെയായിരുന്നാലും,—

(ക) നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയിക്കലോ അങ്ങനെയുള്ള നിയോജകമണ്ഡലങ്ങൾക്ക് സ്ഥാനങ്ങൾ തിരിച്ചുവയ്ക്കലോ സംബന്ധിച്ച്, 243 ട അനുച്ഛേദത്തിൻ കീഴിലുണ്ടാക്കിയതോ ഉണ്ടാക്കിയതായി കരുതപ്പെടുന്നതോ ആയ ഏതു നിയമത്തിന്റെയും സാധുത യാതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടാവുന്നതല്ല ;

(ഖ) ഏതെങ്കിലും പഞ്ചായത്തിലേക്കുള്ള യാതൊരു തെരഞ്ഞെടുപ്പും ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലമുണ്ടാക്കിയ ഏതെങ്കിലും നിയമത്താലോ അതിൻകീഴിലോ വ്യവസ്ഥ ചെയ്യപ്പെടുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനു മുമ്പാകെയും അങ്ങനെയുള്ള രീതിയിലും ബോധിപ്പിക്കപ്പെട്ട ഒരു ഹർജി മുഖാന്തരമല്ലാതെ ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

## [1][ഭാഗം IX ക

## മുനിസിപ്പാലിററികൾ

**243 ത . നിർവ്വചനങ്ങൾ**— ഈ ഭാഗത്തിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "കമ്മിററി" എന്നാൽ 243ധ അനുച്ഛേദത്തിൻ കീഴിൽ രൂപീകരിക്കപ്പെട്ട ഒരു കമ്മിററി എന്നർത്ഥമാകുന്നു;

(ഖ) "ജില്ല" എന്നാൽ ഒരു സംസ്ഥാനത്തിലെ ഒരു ജില്ല എന്നർത്ഥമാകുന്നു ;

(ഗ) "മഹാനഗരപ്രദേശം" എന്നാൽ പത്തുലക്ഷമോ അതിൽ കൂടുതലോ ജനസംഖ്യയുള്ളതും, ഒരു ജില്ലയിലോ കൂടുതൽ ജില്ലകളിലോ ഉൾപ്പെടുന്നതും, രണ്ടോ അതിൽ കൂടുതലോ മുനിസിപ്പാലിററികളോ പഞ്ചായത്തുകളോ അടങ്ങിയതുമായ ഒരു പ്രദേശം അല്ലെങ്കിൽ ഈ ഭാഗത്തിന്റെ ആവശ്യങ്ങൾക്ക് ഗവർണ്ണർ, മഹാനഗര പ്രദേശമായി പൊതു വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന മററു സമീപപ്രദേശങ്ങൾ എന്നർത്ഥമാകുന്നു ;

(ഘ) "മുനിസിപ്പൽ പ്രദേശം" എന്നാൽ ഒരു മുനിസിപ്പാലിററിയുടെ, ഗവർണ്ണർ വിജ്ഞാപനംചെയ്യുന്ന പ്രകാരമുള്ള, അധീനപ്രദേശമെന്നർത്ഥമാകുന്നു;

(ങ) "മുനിസിപ്പാലിററി" എന്നാൽ 243 ഥ അനുച്ഛേദത്തിൻകീഴിൽ രൂപീകരിക്കപ്പെടുന്ന ഒരു സ്വയംഭരണ സ്ഥാപനമെന്നർത്ഥമാകുന്നു;

(ച) "പഞ്ചായത്ത്" എന്നാൽ 243 ഖ അനുച്ഛേദത്തിൻ കീഴിൽ രൂപീകരിക്കപ്പെടുന്ന ഒരു പഞ്ചായത്ത് എന്നർത്ഥമാകുന്നു;

(ഛ) "ജനസംഖ്യ" എന്നാൽ തൊട്ടടുത്തു കഴിഞ്ഞ കാനേഷുമാരിയിൽ പ്രസക്ത കണക്കുകൾ പ്രസിദ്ധപ്പെടുത്തി തിട്ടപ്പെടുത്തിയ പ്രകാരമുള്ള ജനസംഖ്യ എന്നർത്ഥമാകുന്നു.

---

1. 1992-ലെ ഭരണഘടന (എഴുപത്തിനാലാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (1-6-1993 മുതൽ പ്രാബല്യം).

**243 ഥ. മുനിസിപ്പാലിററികളുടെ രൂപീകരണം**—(1) ഓരോ സംസ്ഥാനത്തും,—

(ക) ഒരു പരിവർത്തക പ്രദേശത്തിന്, അതായത്, ഒരു ഗ്രാമ പ്രദേശം എന്ന നിലയിൽ നിന്ന് ഒരു നഗരപ്രദേശമെന്ന നിലയിലേക്ക് പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പ്രദേശം, ഒരു നഗരപഞ്ചായത്തും (എന്തു പേർ പറഞ്ഞാലും);

(ഖ) ഒരു ചെറിയ നഗരപ്രദേശത്തിന് ഒരു മുനിസിപ്പൽ കൗൺസിലും;

(ഗ) ഒരു വലിയ നഗരപ്രദേശത്തിന് ഒരു മുനിസിപ്പൽ കോർപ്പറേഷനും,

ഈ ഭാഗത്തിലെ വ്യവസ്ഥകൾക്കനുസൃതമായി രൂപീകരിക്കേണ്ടതാണ് :

എന്നാൽ, ഗവർണ്ണർ പൊതുവിജ്ഞാപനം വഴി, ഏതെങ്കിലും പ്രദേശത്തിന്റെ വ്യാപ്തിയും ആ പ്രദേശത്തുള്ള ഏതെങ്കിലും വ്യാവസായിക സ്ഥാപനം നല്കുന്നതോ നൽകാൻ ഉദ്ദേശിക്കുന്നതോ ആയ മുനിസിപ്പൽ സേവനങ്ങളും, അദ്ദേഹം യുക്തമെന്നു കരുതുന്ന മററു സംഗതികളും കണക്കിലെടുത്തുകൊണ്ട്, ഒരു വ്യാവസായികപട്ടണമായി നിർദ്ദേശിക്കാവുന്ന നഗരപ്രദേശത്തോ അതിന്റെ ഏതെങ്കിലും ഭാഗത്തോ ഈ ഖണ്ഡത്തിൻകീഴിൽ ഒരു മുനിസിപ്പാലിററി രൂപീകരിക്കാവുന്നതല്ല.

(2) ഈ അനുച്ഛേദത്തിൽ ഒരു "പരിവർത്തക പ്രദേശം", "ഒരു ചെറിയ നഗരപ്രദേശം" അല്ലെങ്കിൽ "ഒരു വലിയ നഗരപ്രദേശം" എന്നാൽ ആ പ്രദേശത്തെ ജനസംഖ്യയും അവിടത്തെ ജനസാന്ദ്രതയും തദ്ദേശസ്വയംഭരണത്തിന് ഉളവാകുന്ന റവന്യൂവും കാർഷികേതരപ്രവർത്തനങ്ങളിലുള്ള തൊഴിൽ ശതമാനവും, സാമ്പത്തികപ്രാധാന്യവും അല്ലെങ്കിൽ യുക്തമെന്ന് അദ്ദേഹം കരുതുന്ന മററു സംഗതികളും കണക്കിലെടുത്തുകൊണ്ട്, ഗവർണ്ണർ ഈ ഭാഗത്തിന്റെ ആവശ്യങ്ങൾക്ക് പൊതുവിജ്ഞാപനം വഴി, നിർദ്ദേശിക്കാവുന്ന പ്രദേശമെന്നർത്ഥമാകുന്നു.

**243 ദ. മുനിസിപ്പാലിററികളുടെ ഘടന**—(1) (2)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരമൊഴികെ, മുനിസിപ്പാലിററിയിലെ എല്ലാ സ്ഥാനങ്ങളും മുനിസിപ്പൽ പ്രദേശത്തെ പ്രാദേശിക നിയോജകമണ്ഡലങ്ങളിൽനിന്ന് നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴി തെരഞ്ഞെടുക്കപ്പെടുന്ന ആളുകളെക്കൊണ്ട് നികത്തേണ്ടതും, ഈ ആവശ്യത്തിന് ഓരോ മുനിസിപ്പൽ പ്രദേശവും, വാർഡുകളെന്നറിയപ്പെടേണ്ട പ്രാദേശിക നിയോജകമണ്ഡലങ്ങളായി വിഭജിക്കേണ്ടതുമാണ്.

(2) ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം, നിയമംവഴി —

(ക) ഒരു മുനിസിപ്പാലിററിയിൽ—

(i) മുനിസിപ്പൽ ഭരണത്തിൽ പ്രത്യേക പരിജ്ഞാനമോ പരിചയമോ ഉള്ള ആളുകളുടെയും;

(ii) മുനിസിപ്പൽ പ്രദേശം മുഴുവനായോ ഭാഗികമായോ ഉൾപ്പെടുന്ന നിയോജകമണ്ഡലങ്ങളെ പ്രതിനിധാനം ചെയ്യുന്ന ലോകസഭാംഗങ്ങളുടെയും നിയമസഭാംഗങ്ങളുടെയും;

(iii) മുനിസിപ്പൽ പ്രദേശത്തിനകത്ത് സമ്മതിദായകരായി രജിസ്ററർ ചെയ്തിട്ടുള്ള രാജ്യ സഭാംഗങ്ങളുടെയും സംസ്ഥാനത്തെ നിയമസമിതിയിലെ അംഗങ്ങളുടെയും;

(iv) 243 ധ അനുച്ഛേദം (5)-ാം ഖണ്ഡത്തിൻകീഴിൽ രൂപീകരിക്കപ്പെട്ട കമ്മിററികളിലെ ചെയർപേഴ്സൻമാരുടെയും, പ്രാതിനിധ്യത്തിനും:

എന്നാൽ, (i)-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളയാളുകൾക്ക് മുനിസിപ്പാലിററിയുടെ യോഗങ്ങളിൽ വോട്ടു ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതല്ല;

(ഖ) ഒരു മുനിസിപ്പാലിററിയുടെ ചെയർപേഴ്സനെ തെരഞ്ഞെടുക്കുന്നതിനുള്ള രീതിക്കും,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

**243 ധ. വാർഡുകമ്മിററികൾ മുതലായവയുടെ രൂപീകരണവും ഘടനയും**—(1) മൂന്നുലക്ഷമോ അതിൽ കൂടുതലോ ജനസംഖ്യയുള്ള ഒരു മുനിസിപ്പാലിററിയുടെ അധീനപ്രദേശത്ത് ഒന്നോ അതിൽ കൂടുതലോ വാർഡുകൾ അടങ്ങിയ വാർഡുകമ്മിററികൾ രൂപീകരിക്കേണ്ടതാണ്.

(2) ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം—

(ക) ഒരു വാർഡ്കമ്മിററിയുടെ ഘടനയും അധീനപ്രദേശവും ;

(ഖ) ഒരു വാർഡ്കമ്മിററിയിലെ സ്ഥാനങ്ങൾ നികത്തേണ്ട രീതിയും,

സംബന്ധിച്ച്, നിയമംവഴി, വ്യവസ്ഥയുണ്ടാക്കാവുന്നതാണ്.

(3) ഒരു വാർഡ്കമ്മിററിയുടെ അധീനപ്രദേശത്തിനകത്തുള്ള ഒരു വാർഡിനെ പ്രതിനിധാനം ചെയ്യുന്ന ഒരു മുനിസിപ്പാലിററിയിലെ ഒരംഗം, ആ കമ്മിററിയിലെ അംഗമായിരിക്കുന്നതാണ്.

(4) ഒരു വാർഡുകമ്മിററിയിൽ—

(ക) ഒരു വാർഡ് അടങ്ങിയിട്ടുള്ളിടത്ത്, മുനിസിപ്പാലിററിയിൽ ആ വാർഡിനെ പ്രതിനിധാനം ചെയ്യുന്ന അംഗം ; അല്ലെങ്കിൽ

(ഖ) രണ്ടോ അതിൽ കൂടുതലോ വാർഡുകളടങ്ങിയിട്ടുള്ളിടത്ത്, മുനിസിപ്പാലിററിയിൽ അങ്ങനെയുള്ള വാർഡുകളെ പ്രതിനിധാനം ചെയ്യുന്നവരും വാർഡുകമ്മിററിയംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവരുമായ അംഗങ്ങളിലൊരാൾ,

ആ കമ്മിററിയുടെ ചെയർപേഴ്സണായിരിക്കുന്നതാണ്.

(5) ഈ അനുച്ഛേദത്തിലെ യാതൊന്നും, വാർഡുകമ്മററികൾക്ക് പുറമെയുള്ള കമ്മിററികൾ രൂപീകരിക്കാൻ ഏതെങ്കിലും വ്യവസ്ഥയുണ്ടാക്കുന്നതിൽ നിന്ന് ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തെ തടസ്സപ്പെടുത്തുന്നതായിക്കരുതപ്പെടാവുന്നതല്ല.

**243ന. സ്ഥാനങ്ങൾ സംവരണം ചെയ്യൽ**—(1) ഓരോ മുനിസിപ്പാലിററിയിലും പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതും അപ്രകാരം സംവരണം ചെയ്യുന്ന സ്ഥാനങ്ങളുടെ എണ്ണത്തിന് ആ മുനിസിപ്പാലിററിയിൽ നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴി നികത്തേണ്ട ആകെ സ്ഥാനങ്ങളുടെ എണ്ണവുമായുള്ള അനുപാതം, ആ മുനിസിപ്പൽ പ്രദേശത്തെ പട്ടികജാതികളുടെ അല്ലെങ്കിൽ ആ മുനിസിപ്പൽ പ്രദേശത്തെ പട്ടികഗോത്രവർഗ്ഗങ്ങളുടെ ജനസംഖ്യ, ആ പ്രദേശത്തെ മൊത്തം ജനസംഖ്യയുടെ ഏതനുപാതത്തിലാണോ, കഴിയുന്നിടത്തോളം അടുത്തുവരുന്ന അതേ അനുപാതത്തിലായിരിക്കേണ്ടതും അങ്ങനെയുള്ള സ്ഥാനങ്ങൾ ഒരു മുനിസിപ്പാലിററിയിലെ വിവിധ നിയോജകമണ്ഡലങ്ങൾക്ക്, ആവർത്തനക്രമമനുസരിച്ച് തിരിച്ചുവയ്ക്കേണ്ടതുമാകുന്നു.

(2) (1)-ാം ഖണ്ഡത്തിൻ കീഴിൽ സംവരണം ചെയ്യുന്ന സ്ഥാനങ്ങളുടെ ആകെ എണ്ണത്തിൻെറ മൂന്നിലൊന്നിൽ കുറയാത്തവ പട്ടികജാതികളിലോ, അതതുസംഗതിപോലെ, പട്ടികഗോത്രവർഗ്ഗങ്ങളിലോ ഉൾപ്പെടുന്ന സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതാണ്.

(3) ഓരോ മുനിസിപ്പാലിററിയിലും നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴി നികത്തേണ്ട സ്ഥാനങ്ങളുടെ ആകെ എണ്ണത്തിൻെറ മൂന്നിലൊന്നിൽ കുറയാത്തവ (പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗങ്ങളിലും ഉൾപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണമുൾപ്പെടെ) സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതും അങ്ങനെയുള്ള സ്ഥാനങ്ങൾ ഒരു മുനിസിപ്പാലിററിയിലെ വിവിധ നിയോജകമണ്ഡലങ്ങൾക്ക് ആവർത്തനക്രമത്തിൽ തിരിച്ചുവയ്ക്കേണ്ടതുമാണ്.

(4) മുനിസിപ്പാലിററികളിൽ ചെയർപേഴ്സൺ പദവി പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും സ്ത്രീകൾക്കും, ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം, നിയമം വഴി, വ്യവസ്ഥ ചെയ്യാവുന്ന അങ്ങനെയുള്ള രീതിയിൽ സംവരണം ചെയ്യേണ്ടതാണ്.

(5) (1)-ഉം (2)-ഉം ഖണ്ഡങ്ങൾക്ക് കീഴിലുള്ള സ്ഥാനങ്ങളുടെ സംവരണവും (4)-ാം ഖണ്ഡത്തിൻകീഴിലുള്ള ചെയർപേഴ്സൺ പദവിയുടെ സംവരണവും (സ്ത്രീകൾക്കുള്ള സംവരണമല്ലാത്തത്) 334-ാം അനുച്ഛേദത്തിൽ നിർദ്ദേശിച്ചിട്ടുള്ള കാലയളവ് അവസാനിക്കുന്നതോടെ പ്രഭാവരഹിതമായിത്തീരുന്നതാണ്.

(6) ഈ ഭാഗത്തിലെ യാതൊന്നും, പിന്നോക്ക വിഭാഗത്തിൽപ്പെട്ട പൗരൻമാർക്കനുകൂലമായി ഏതെങ്കിലും മുനിസിപ്പാലിററിയിൽ സ്ഥാനങ്ങളും അല്ലെങ്കിൽ മുനിസിപ്പാലിററികളിൽ ചെയർപേഴ്സൺ പദവിയും സംവരണം ചെയ്യുന്നതിന് ഏതെങ്കിലും വ്യവസ്ഥയുണ്ടാക്കുന്നതിൽനിന്ന് ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തെ തടയുന്നതല്ല.

**243 പ. മുനിസിപ്പാലിററികളുടെ കാലദൈർഘ്യം മുതലായവ**—(1) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ നേരത്തെതന്നെ പിരിച്ചുവിടപ്പെടാത്തപക്ഷം ഓരോ മുനിസിപ്പാലിററിയും, അതിൻെറ ആദ്യയോഗത്തിന് നിശ്ചയിച്ച തീയതി മുതൽ അഞ്ചുവർഷത്തേക്ക് തുടരുന്നതും അതിനപ്പുറം തുടരുന്നതല്ലാത്തതുമാകുന്നു :

എന്നാൽ, പിരിച്ചുവിടുന്നതിന് മുമ്പ് മുനിസിപ്പാലിററിക്ക്, കേൾക്കപ്പെടുവാൻ ന്യായമായ അവസരം നൽകേണ്ടതാണ്.

(2) തൽസമയം പ്രാബല്യത്തിലുള്ള ഏതു നിയമത്തിൻെറയും യാതൊരു ഭേദഗതിക്കും , അങ്ങനെയുള്ള ഭേദഗതിക്ക് തൊട്ട്മുമ്പ് പ്രവർത്തിച്ചിരുന്ന, ഏതു തലത്തിലുമുള്ള മുനിസിപ്പാലിററിയുടെയും, (1)-ാം ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള അതിൻെറ കാലദൈർഘ്യം അവസാനിക്കുന്നതുവരെ, പിരിച്ചുവിടലിന് കാരണമാകുന്ന പ്രഭാവമുണ്ടായിരിക്കുന്നതല്ല.

(3) ഒരു മുനിസിപ്പാലിററി രൂപീകരിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ്,—

(ക) (1)-ാം ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള അതിൻെറ കാലദൈർഘ്യം അവസാനിക്കുന്നതിന് മുമ്പ് ;

(ഖ) അതിൻെറ പിരിച്ചുവിടൽ തീയതി മുതൽ ആറുമാസക്കാലയളവ് അവസാനിക്കുന്നതിന് മുമ്പ്,

പൂർത്തീകരിക്കേണ്ടതാണ് :

എന്നാൽ, പിരിച്ചുവിടപ്പെട്ട മുനിസിപ്പാലിററി തുടരുമായിരുന്ന കാലയളവിൻെറ അവശേഷിക്കുന്ന ഭാഗം ആറുമാസത്തിൽ കുറവായിട്ടുള്ളിടത്ത്, അങ്ങനെയുള്ള കാലയളവിലേക്ക് മുനിസിപ്പാലിററി രൂപീകരിക്കുന്നതിന് ഈ ഖണ്ഡത്തിൻ കീഴിൽ യാതൊരു തെരഞ്ഞെടുപ്പും നടത്തേണ്ടതില്ല.

(4) കാലദൈർഘ്യം അവസാനിക്കുന്നതിന് മുമ്പ് ഒരു മുനിസിപ്പാലിററി പിരിച്ചുവിടപ്പെട്ടതിൻമേൽ രൂപീകരിക്കപ്പെട്ട ഒരു മുനിസിപ്പാലിററി, അപ്രകാരം അതു പിരിച്ചുവിടപ്പെട്ടില്ലായിരുന്നുവെങ്കിൽ, പിരിച്ചുവിടപ്പെട്ട മുനിസിപ്പാലിററി (1)-ാം ഖണ്ഡത്തിൻ കീഴിൽ ഏതു കാലയളവിലേക്ക് തുടരുമായിരിന്നുവോ, ആ കാലയളവിൻെറ അവശേഷിക്കുന്നിടത്തോളം മാത്രം തുടരുന്നതാണ്.

**243ഫ. അംഗത്വത്തിനുള്ള അയോഗ്യതകൾ**—(1) ഏതൊരാളും—

(ക) ബന്ധപ്പെട്ട സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പുകൾക്കുള്ള ആവശ്യങ്ങൾക്ക്, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താലോ അതിൻ കീഴിലോ അപ്രകാരം അയോഗ്യനാക്കപ്പെടുന്നപക്ഷം :

എന്നാൽ യാതൊരാളെയും, അയാൾക്ക് ഇരുപത്തിയൊന്ന് വയസ്സ് തികഞ്ഞിട്ടുണ്ടെങ്കിൽ, അയാൾക്ക് ഇരുപത്തിയഞ്ചു വയസ്സിൽ കുറവേയുള്ളു എന്ന കാരണത്തിൻമേൽ, അയോഗ്യനാക്കാവുന്നതല്ല ;

(ഖ) ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ ഏതെങ്കിലും നിയമത്താലോ അതിൻകീഴിലോ അപ്രകാരം അയോഗ്യനാക്കപ്പെട്ടിട്ടുള്ള പക്ഷം, ഒരു മുനിസിപ്പാലിററിയുടെ അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനോ അംഗമായിരിക്കുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്.

(2) ഒരു മുനിസിപ്പാലിററിയിലെ ഏതെങ്കിലും അംഗം, (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനായിട്ടുണ്ടോ എന്ന പ്രശ്നമുദിക്കുന്നപക്ഷം, ആ പ്രശ്നം ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലം, നിയമംവഴി, വ്യവസ്ഥ ചെയ്യുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിൻെറ തീരുമാനത്തിന്, അപ്രകാരം വ്യവസ്ഥ ചെയ്യുന്ന രീതിയിൽ വിടേണ്ടതാണ്.

**243 ബ. മുനിസിപ്പാലിററികൾ മുതലായവയുടെ അധികാരങ്ങളും അധികാരശക്തിയും ഉത്തരവാദിത്വങ്ങളും**—ഈ ഭരണ ഘടനയിലെ വ്യവസ്ഥകൾക്കു വിധേയമായി, ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലം, നിയമം വഴി—

(ക) മുനിസിപ്പാലിററികൾ സ്വയംഭരണ സ്ഥാപനങ്ങളെന്ന നിലയിൽ പ്രവർത്തിക്കാൻ അവയെ പ്രാപ്തമാക്കുന്നതിനാവശ്യമായ അങ്ങനെയുള്ള അധികാരങ്ങളും അധികാരശക്തിയും നൽകാവുന്നതും അങ്ങനെയുള്ള നിയമത്തിൽ, അതിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായി—

(i) സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും പദ്ധതികൾ തയ്യാറാക്കലും ;

(ii) അവയെ ഏൽപ്പിക്കാവുന്ന, പന്ത്രണ്ടാം പട്ടികയിൽ എണ്ണിപ്പറഞ്ഞിട്ടുള്ള സംഗതികൾ സംബന്ധിച്ചവയുൾപ്പെടെയുള്ള ചുമതലകളുടെ നിർവ്വഹണവും പദ്ധതികളുടെ നടപ്പാക്കലും;

സംബന്ധിച്ച് മുനിസിപ്പാലിററികൾക്ക് അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വിട്ടുകൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ അടങ്ങിയിരിക്കാവുന്നതും,

(ഖ) പന്ത്രണ്ടാം പട്ടികയിൽ എണ്ണിപ്പറഞ്ഞിട്ടുള്ള സംഗതികൾ സംബന്ധിച്ചുള്ളവയുൾപ്പെടെ, കമ്മിററികൾക്ക് നൽകപ്പെട്ടിട്ടുള്ള ഉത്തരവാദിത്വങ്ങൾ നിറവേററുന്നതിന് .അവയെ പ്രാപ്തമാക്കുന്നതിനാവശ്യമായ അങ്ങനെയുള്ള അധികാരങ്ങളും അധികാരശക്തിയും കമ്മിററികൾക്കു നൽകാവുന്നതും ,

ആണ്.

**243 ഭ. മുനിസിപ്പാലിററികൾക്ക് നികുതി ചുമത്താനുള്ള അധികാരവും മുനിസിപ്പാലിററികളുടെ നിധികളും**—ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലം, നിയമംവഴി, ആ നിയമത്തിൽ നിർദ്ദേശിക്കാവുന്ന—

(ക) അങ്ങനെയുള്ള നടപടിക്രമമനുസരിച്ചും അങ്ങനെയുള്ള പരിധികൾക്കു വിധേയമായും നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസും ചുമത്തുന്നതിനും വസൂലാക്കുന്നതിനും വിനിയോഗിക്കുന്നതിനും ഒരു മുനിസിപ്പാലിററിയെ അധികാരപ്പെടുത്തുകയും ;

(ഖ) സംസ്ഥാന സർക്കാർ ചുമത്തുകയും വസൂലാക്കുകയും ചെയ്യുന്ന അങ്ങനെയുള്ള നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസും അങ്ങനെയുള്ള ആവശ്യങ്ങൾക്കും അങ്ങനെയുള്ള നിബന്ധനകൾക്കും പരിധികൾക്കും വിധേയമായും ഒരു മുനിസിപ്പാലിററിക്ക് നീക്കിവയ്ക്കുകയും ;

(ഗ) സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽനിന്ന് മുനിസിപ്പാലിററികൾക്ക് അങ്ങനെയുള്ള ഔദ്യോഗിക സഹായധനങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്യുകയും ;

(ഘ) യഥാക്രമം, മുനിസിപ്പാലിററികളാലോ മുനിസിപ്പാലിററികൾക്കു വേണ്ടിയോ സ്വീകരിക്കപ്പെടുന്ന എല്ലാ തുകകളും വരവു വയ്ക്കുന്നതിന് നിധികൾ ഏർപ്പെടുത്തുന്നതിനും അവയിൽനിന്ന് അങ്ങനെയുള്ള തുകകൾ പിൻവലിക്കുന്നതിനു കൂടിയും വ്യവസ്ഥ ചെയ്യുകയും

ചെയ്യാവുന്നതാണ്.

**243 മ. ധനകാര്യക്കമ്മീഷൻ**—(1) 243 ഝ അനുച്ഛേദത്തിൻ കീഴിൽ രൂപീകരിക്കപ്പെട്ട ധനകാര്യക്കമ്മീഷൻ മുനിസിപ്പാലിററികളുടെ സാമ്പത്തിക സ്ഥിതി കൂടി പുനഃപരിശോധിക്കേണ്ടതും—

(ക) (i) സംസ്ഥാനം ചുമത്താവുന്നതും ഈ ഭാഗത്തിൻ കീഴിൽ സംസ്ഥാനവും മുനിസിപ്പാലിററികളുമായി പങ്കിടാവുന്നതുമായ നികുതികളുടെയും തീരുവകളുടെയും ചുങ്കങ്ങളുടെയും ഫീസിൻെറയും അററവരവുകൾ അവ തമ്മിൽ വീതിക്കലും അങ്ങനെയുള്ള വരവുകളിൽ അതാതിനുള്ള വിഹിതങ്ങൾ എല്ലാതലങ്ങളിലുമുള്ള മുനിസിപ്പാലിററികൾക്കിടയിൽ വിഭജിക്കലും ;

(ii) മുനിസിപ്പാലിററികൾക്ക് നീക്കിവയ്ക്കാവുന്നതും അവ വിനിയോഗിക്കാവുന്നതുമായ നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസും നിശ്ചയിക്കലും ;

(iii) സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽനിന്ന് മുനിസിപ്പാലിററികൾക്കുള്ള ഔദ്യോഗിക സഹായധനങ്ങളും നിയന്ത്രിക്കുന്ന തത്വങ്ങളും ;

(ഖ) മുനിസിപ്പാലിററികളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ;

(ഗ) ഗവർണ്ണർ മുനിസിപ്പാലിററികളുടെ സാമ്പത്തിക ഭദ്രതയുടെ താത്പര്യങ്ങൾക്ക് ധനകാര്യക്കമ്മീഷനു വിടുന്ന മറേറതു കാര്യവും ,

സംബന്ധിച്ച് ഗവർണ്ണർക്ക് ശിപാർശകൾ നൽകേണ്ടതുമാണ്.

(2) ഈ അനുച്ഛേദത്തിൻ കീഴിൽ കമ്മീഷൻ നൽകുന്ന ഓരോ ശിപാർശയും അതിൻമേലെടുത്തിട്ടുള്ള നടപടി സംബന്ധിച്ച് വിശദീകരണ വിവരക്കുറിപ്പ് സഹിതം, ഗവർണ്ണർ സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിനു മുൻപാകെ വയ്പിക്കേണ്ടതാണ്.

**243 യ. മുനിസിപ്പാലിററികളുടെ അക്കൗണ്ടുകളുടെ ആഡിററ്**—മുനിസിപ്പാലിററികളുടെ അക്കൗണ്ടുകളുടെ പരിപാലനവും അങ്ങനെയുള്ള അക്കൗണ്ടുകളുടെ ആഡിററും സംബന്ധിച്ച് ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിന്, നിയമം വഴി, വ്യവസ്ഥകളുണ്ടാക്കാവുന്നതാണ്.

**243 യ ക. മുനിസിപ്പാലിററികളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ**—(1) മുനിസിപ്പാലിററികളിലേക്കുള്ള എല്ലാ തെരഞ്ഞെടുപ്പുകൾക്കുമുള്ള സമ്മതിദായക പട്ടികകൾ തയ്യാറാക്കുന്നതിൻെറയും തെരഞ്ഞെടുപ്പുകളുടെ നടത്തിപ്പിൻെറയും മേൽനോട്ടവും നിർദ്ദേശവും നിയന്ത്രണവും 243 ട അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്നതാണ് ;

(2) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിധേയമായി, ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണ മണ്ഡലത്തിന് മുനിസിപ്പാലിററികളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ സംബന്ധിച്ചുള്ളതോ അതുമായി ബന്ധപ്പെട്ടതോ ആയ എല്ലാ കാര്യങ്ങൾക്കും, നിയമം വഴി, വ്യവസ്ഥയുണ്ടാക്കാവുന്നതാണ്.

**243 യ ഖ. യൂണിയൻ പ്രദേശങ്ങൾക്കുള്ള ബാധകത**—ഈ ഭാഗത്തിലെ വ്യവസ്ഥകൾ യൂണിയൻ പ്രദേശങ്ങൾക്ക് ബാധകമാകുന്നതും ഒരു യൂണിയൻ പ്രദേശത്തിനുള്ള അവയുടെ ബാധകതയിൽ, ഒരു സംസ്ഥാനത്തെ ഗവർണ്ണറെക്കുറിച്ചുള്ള പരാമർശങ്ങൾ, 239-ാം അനുച്ഛേദത്തിൻ കീഴിൽ നിയമിക്കപ്പെട്ട ഒരു യൂണിയൻ പ്രദേശത്തിൻെറ അഡ്മിനിസ്ട്രേററെക്കുറിച്ചുള്ള പരാമർശങ്ങളായിരുന്നാലെന്ന പോലെയും, ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തെയോ നിയമസഭയെയോ സംബന്ധിച്ച പരാമർശങ്ങൾ, നിയമസഭയുള്ള ഒരു യൂണിയൻ പ്രദേശം സംബന്ധിച്ച്, ആ നിയമസഭയെക്കുറിച്ചുള്ള പരാമർശങ്ങളായിരുന്നാലെന്നപോലെയും, ആ വ്യവസ്ഥകൾക്ക് പ്രഭാവമുണ്ടായിരിക്കുന്നതാണ് :

എന്നാൽ, രാഷ്ട്രപതി, പൊതുവിജ്ഞാപനം വഴി, ഈ ഭാഗത്തിലെ വ്യവസ്ഥകൾ, ഏതെങ്കിലും യൂണിയൻ പ്രദേശത്തിനോ അതിൻെറ ഭാഗത്തിനോ, അദ്ദേഹം പ്രസ്തുത വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന ഒഴിവാക്കലുകൾക്കും, രൂപഭേദപ്പെടുത്തലുകൾക്കും വിധേയമായി ബാധകമാകുന്നതാണെന്നു നിർദ്ദേശിക്കാവുന്നതാണ്.

**243 യ ഗ. ചില പ്രദേശങ്ങൾക്ക് ഈ ഭാഗം ബാധകമാകുന്നതല്ലെന്ന്**—(1) ഈ ഭാഗത്തിലെ യാതൊന്നും 244-ാം അനുച്ഛേദം, (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള പട്ടിക പ്രദേശങ്ങൾക്കും (2)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഗോത്രവർഗ്ഗ പ്രദേശങ്ങൾക്കും ബാധകമാകുന്നതല്ല.

(2) ഈ ഭാഗത്തിലെ യാതൊന്നും പശ്ചിമ ബംഗാൾ സംസ്ഥാനത്തെ ഡാർജിലിംഗ് ജില്ലയിലെ മലമ്പ്രദേശങ്ങളിൽ തൽസമയം നിലവിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ രൂപീകരിക്കപ്പെട്ട ഡാർജിലിംഗ് ഗൂർഖാ ഹിൽ കൗൺസിലിൻെറ ചുമതലകളെയും അധികാരങ്ങളെയും ബാധിക്കുന്നതായി കണക്കാക്കാൻ പാടുള്ളതല്ല.

(3) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, പാർലമെൻറ് നിയമം വഴി, അങ്ങനെയുള്ള നിയമത്തിൽ നിർദ്ദേശിക്കാവുന്ന ഒഴിവാക്കലുകൾക്കും രൂപഭേദപ്പെടുത്തലുകൾക്കും വിധേയമായി ഈ ഭാഗത്തിലെ വ്യവസ്ഥകൾ (1)-ാംഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള പട്ടിക പ്രദേശങ്ങളിലേക്കും ഗോത്രവർഗ്ഗപ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കാവുന്നതും അങ്ങനെയുള്ള യാതൊരു നിയമവും 368-ാം അനുച്ഛേദത്തിൻെറ ആവശ്യങ്ങൾക്ക് ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതാൻ പാടില്ലാത്തതുമാകുന്നു.

**243 യ ഘ. ജില്ലാ ആസൂത്രണത്തിനുള്ള കമ്മിററി**—(1) ഓരോ സംസ്ഥാനത്തും ജില്ലാതലത്തിൽ, ആ ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിററികളും തയ്യാറാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും ജില്ലയ്ക്കു മുഴുവനായിട്ടുള്ള വികസന പദ്ധതിയുടെ ഒരു കരട് തയ്യാറാക്കുന്നതിനും ജില്ലാ ആസൂത്രണക്കമ്മിററി രൂപീകരിക്കേണ്ടതാണ്.

(2) ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം, നിയമം വഴി,—

(ക) ജില്ലാ ആസൂത്രണക്കമ്മിററികളുടെ ഘടന ;

(ഖ) അങ്ങനെയുള്ള കമ്മിററികളിലെ സ്ഥാനങ്ങൾ നികത്തേണ്ട രീതി :

എന്നാൽ, അങ്ങനെയുള്ള കമ്മിററിയിലെ അംഗങ്ങളുടെ ആകെ എണ്ണത്തിൽ അഞ്ചിൽ നാലിൽ കുറയാത്ത അംഗങ്ങൾ ജില്ലാതലത്തിലുള്ള പഞ്ചായത്തിലെയും ജില്ലയിലെ മുനിസിപ്പാലിററികളിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാലും അവരുടെയിടയിൽ നിന്നും ജില്ലയിലെ, ഗ്രാമപ്രദേശങ്ങളിലെയും നഗര പ്രദേശങ്ങളിലെയും, ജനസംഖ്യകൾ തമ്മിലുള്ള അംശബന്ധത്തിന് ആനുപാതികമായി തെരഞ്ഞെടുക്കപ്പെടേണ്ടതാണ് ;

(ഗ) അങ്ങനെയുള്ള കമ്മിററികൾക്ക് നീക്കിവയ്ക്കാവുന്ന ജില്ലാ ആസൂത്രണം സംബന്ധിച്ച ചുമതലകൾ ;

(ഘ) അങ്ങനെയുള്ള കമ്മററികളുടെ ചെയർപേഴ്ണ്മാരെ തെരഞ്ഞെടുക്കുന്നതിനുള്ള രീതി,

എന്നിവ സംബന്ധിച്ച വ്യവസ്ഥകളുണ്ടാക്കാവുന്നതാണ്.

(3) ഓരോ ജില്ലാ ആസൂത്രണ കമ്മിററിയും കരടുവികസന പദ്ധതി തയ്യാറാക്കുന്നതിൽ—

(ക) (i) സ്ഥല സൗകര്യംസംബന്ധിച്ച് ആസൂത്രണം, ജലവും മററു ഭൗതികവും പ്രകൃതിജന്യവുമായ വിഭവങ്ങളും പങ്കിടുന്നത്, അടിസ്ഥാനസൗകര്യങ്ങളുടെ ഏകോപിതവികസനം, പരിസ്ഥിതി സംരക്ഷണം എന്നിവയുൾപ്പെടെ, പഞ്ചായത്തുകൾക്കും മുനിസിപ്പാലിററികൾക്കും പൊതു താൽപ്പര്യമുള്ള സംഗതികളും ;

(ii) ധനപരമോ മററു വിധത്തിലുള്ളതോ ആയ ലഭ്യമായ വിഭവങ്ങളുടെ വ്യാപ്തിയും തരവും,

പരിഗണിക്കേണ്ടതാണ്.

(ഖ) ഗവർണ്ണർ, ഉത്തരവു വഴി, നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സ്ഥാപനങ്ങളും സംഘടനകളുമായി ആലോചിക്കേണ്ടതാണ്.

(4) ഓരോ ജില്ലാ ആസൂത്രണ കമ്മിററിയുടെയും ചെയർപേഴ്സൺ, അങ്ങനെയുള്ള കമ്മിററി ശിപാർശ ചെയ്തപ്രകാരമുള്ള വികസന പദ്ധതി സംസ്ഥാന സർക്കാരിനയയ്ക്കേണ്ടതാണ്.

***243 യ ങ. മഹാനഗര ആസൂത്രണത്തിനുള്ള കമ്മിററി**—(1) ഓരോ മഹാനഗര പ്രദേശത്തും ആ മഹാനഗര പ്രദേശത്തിന് മുഴുവനായി ഒരു കരട് വികസന പദ്ധതി തയ്യാറാക്കുന്നതിന് ഒരു മഹാനഗര ആസൂത്രണ കമ്മിററി രൂപീകരിക്കേണ്ടതാണ്.

(2) ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം, നിയമം വഴി—

(ക) മഹാനഗര ആസൂത്രണക്കമ്മിററികളുടെ ഘടന ;

(ഖ) അങ്ങനെയുള്ള കമ്മിററികളിലെ സ്ഥാനങ്ങൾ നികത്തേണ്ട രീതി :

* 2001 നവംബർ 12-ാം തീയതിയിലെ എസ്. ഒ. 1125 (ഇ) പ്രകാരം 243 യ ങ അനുച്ഛേദത്തിലെ വ്യവസ്ഥകൾ ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിക്ക് ബാധകമാകുന്നതല്ല.

എന്നാൽ, അങ്ങനെയുള്ള കമ്മിററിയിലെ അംഗങ്ങളുടെ മൂന്നിൽ രണ്ടിൽ കുറയാത്ത അംഗങ്ങൾ മഹാനഗരപ്രദേശത്തെ മുനിസിപ്പാലിററികളുടെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാലും അവരുടെയിടയിൽനിന്നും, മഹാനഗര പ്രദേശത്തെ പഞ്ചായത്തുകളുടെ ചെയർപേഴ്സൺമാരാലും അവരുടെയിടയിൽ നിന്നും ആ പ്രദേശത്തെ മുനിസിപ്പാലിററികളുടെയും പഞ്ചായത്തുകളുടെയും ജനസംഖ്യകൾ തമ്മിലുള്ള അംശബന്ധത്തിന് ആനുപാതികമായി തെരഞ്ഞെടുക്കപ്പെടേണ്ടതാണ്;

(ഗ) അങ്ങനെയുള്ള കമ്മിററികളെ ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമെന്ന് കരുതപ്പെടാവുന്ന അങ്ങനെയുള്ള കമ്മിററികളിൽ ഭാരത സർക്കാരിൻെറയും സംസ്ഥാന സർക്കാരിൻെറയും അങ്ങനെയുള്ള സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പ്രാതിനിധ്യം ;

(ഘ) അങ്ങനെയുള്ള കമ്മിററികളെ ഏൽപ്പിക്കാവുന്ന, മഹാനഗരപ്രദേശത്തിനുവേണ്ടിയുള്ള ആസൂത്രണവും ഏകോപനവും സംബന്ധിച്ച ചുമതലകൾ ;

(ങ) അങ്ങനെയുള്ള കമ്മററികളുടെ ചെയർപേഴ്സൺമാരെ തെരഞ്ഞെടുക്കേണ്ട രീതി,

എന്നിവ സംബന്ധിച്ച് വ്യവസ്ഥയുണ്ടാക്കാവുന്നതാണ്.

(3) ഓരോ മഹാനഗര ആസൂത്രണ കമ്മിററിയും കരട് വികസന പദ്ധതി തയ്യാറാക്കുന്നതിൽ,—

(ക) (i) മഹാനഗര പ്രദേശത്തെ മുനിസിപ്പാലിററികളും പഞ്ചായത്തുകളും തയ്യാറാക്കിയിട്ടുള്ള പദ്ധതികളും ;

(ii) ഏകോപിത സ്ഥല സൗകാര്യാസൂത്രണം, ജലവും മററ് ഭൗതികവും പ്രകൃതിദത്തവുമായ വിഭവങ്ങൾ പങ്കിടുന്നത്, അടിസ്ഥാന സൗകര്യങ്ങളുടെ ഏകോപിത വികസനം പരിസ്ഥിതി സംരക്ഷണം എന്നിവയുൾപ്പെടെ മുനിസിപ്പാലിററികൾക്കും പഞ്ചായത്തുകൾക്കും പൊതുതാത്പര്യമുള്ള സംഗതികളും ;

(iii) ഭാരത സർക്കാരും സംസ്ഥാന സർക്കാരും നിജപ്പെടുത്തിയിട്ടുള്ള, സർവോപരിയായുള്ള ലക്ഷ്യങ്ങളും മുൻഗണനാക്രമങ്ങളും ;

(iv) ഭാരത സർക്കാരിൻെറയും സംസ്ഥാന സർക്കാരിൻെറയും ഏജൻസികൾ മഹാനഗര പ്രദേശത്ത് നടത്താൻ സാദ്ധ്യതയുള്ള നിക്ഷേപങ്ങളുടെ വ്യാപ്തിയും സ്വഭാവവും ധനപരമായോ മററു വിധത്തിലോ ഉള്ള മററു ലഭ്യമായ വിഭവങ്ങളും,

പരിഗണിക്കേണ്ടതാണ് ;

(ഖ) ഗവർണ്ണർ, ഉത്തരവു വഴി, നിർദ്ദേശിക്കാവുന്ന, സ്ഥാപനങ്ങളും സംഘടനകളുമായി കൂടിയാലോചിക്കേണ്ടതാണ്.

(4) ഓരോ മഹാനഗര ആസൂത്രണ കമ്മിററിയുടെയും ചെയർപേഴ്സൺ, അങ്ങനെയുള്ള കമ്മിററി ശിപാർശ ചെയ്ത പ്രകാരമുള്ള വികസന പദ്ധതി സംസ്ഥാന സർക്കാരിനയച്ചു കൊടുക്കേണ്ടതാണ്.

**243 യ ച. നിലവിലുള്ള നിയമങ്ങളും മുനിസിപ്പാലിററികളും തുടരുമെന്ന്**—ഈ ഭാഗത്തിൽ എന്തുതന്നെയായിരുന്നാലും 1992-ലെ ഭരണഘടന (എഴുപത്തിനാലാം ഭേദഗതി) ആക്ററിൻെറ പ്രാരംഭത്തിന് തൊട്ടുമുമ്പ്, മുനിസിപ്പാലിററികളെ സംബന്ധിച്ച് ഒരു സംസ്ഥാനത്ത് പ്രാബല്യത്തിലിരുന്നതും, ഈ ഭാഗത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമായതുമായ, ഏതെങ്കിലും നിയമത്തിൻെറ, ഏതു വ്യവസ്ഥയും ക്ഷമതയുള്ള നിയമനിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മററ് അധികാരസ്ഥാനമോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നതുവരെയോ അങ്ങനെയുള്ള പ്രാരംഭം മുതൽ ഒരു വർഷം അവസാനിക്കുന്നതുവരെയോ, ഇവയിലേതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ, പ്രാബല്യത്തിൽ തുടരുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള പ്രാരംഭത്തിനു തൊട്ടുമുമ്പ് നിലവിലുള്ള എല്ലാ മുനിസിപ്പാലിററികളും, ആ സംസ്ഥാനത്തെ നിയമസഭയോ, നിയമസമിതിയുള്ള സംസ്ഥാനത്തിൻെറ സംഗതിയിൽ, ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിൻെറ ഓരോ സഭയും, ആ അർത്ഥത്തിൽ പാസ്സാക്കിയ പ്രമേയപ്രകാരം നേരത്തെതന്നെ പിരിച്ചുവിടപ്പെടാത്തപക്ഷം, അവയുടെ കാലദൈർഘ്യം അവസാനിക്കുന്നതുവരെ തുടരുന്നതാണ്.

**243. യ ഛ. തെരഞ്ഞെടുപ്പുവിഷയങ്ങളിൽ കോടതികളുടെ ഇടപെടലിന് വിലക്ക്**-ഈ ഭരണഘടനയിലെന്തുതന്നെയായിരുന്നാലും,—

(ക) നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയിക്കലോ അങ്ങനെയുള്ള നിയോജക മണ്ഡലങ്ങൾക്ക് സ്ഥാനങ്ങൾ തിരിച്ചു വയ്ക്കലോ സംബന്ധിച്ച്, 243 യ ച അനുച്ഛേദത്തിൻകീഴിലുണ്ടാക്കിയതോ ഉണ്ടാക്കിയതായി കരുതപ്പെടുന്നതോ ആയ ഏതു നിയമത്തിൻെറയും, സാധുത യാതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടാവുന്നതല്ല;

(ഖ) ഏതെങ്കിലും മുനിസിപ്പാലിററിയിലേക്കുള്ള യാതൊരു തെരഞ്ഞെടുപ്പും, ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലമുണ്ടാക്കിയ ഏതെങ്കിലും നിയമത്താലോ അതിൻകീഴിലോ വ്യവസ്ഥചെയ്യപ്പെടുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനു മുമ്പാകെയും അങ്ങനെയുള്ള രീതിയിലും ബോധിപ്പിക്കപ്പെട്ട ഒരു ഹർജി മുഖാന്തരമല്ലാതെ ചോദ്യം ചെയ്യപ്പെടാവുന്നതല്ല.]

## ഭാഗം X

# പട്ടിക-ഗോത്രവർഗ്ഗ പ്രദേശങ്ങൾ

**244. പട്ടികപ്രദേശങ്ങളുടെയും ഗോത്രവർഗ്ഗപ്രദേശങ്ങളുടെയും ഭരണം**—(1) അഞ്ചാം പട്ടികയിലെ വ്യവസ്ഥകൾ, [1][ആസ്സാം, [2][[3][മേഘാലയ, ത്രിപുര, മിസ്സോറാം] ] എന്നീ സംസ്ഥാനങ്ങൾ] അല്ലാതെയുള്ള [4]*** ഏതൊരു സംസ്ഥാനത്തിലെയും പട്ടികപ്രദേശങ്ങളുടെയും പട്ടികഗോത്രവർഗ്ഗപ്രദേശങ്ങളുടെയും ഭരണത്തിനും നിയന്ത്രണത്തിനും ബാധകമാകുന്നതാണ്.

(2) ആറാം പട്ടികയിലെ വ്യവസ്ഥകൾ, [1][ആസ്സാം, [2][[5][മേഘാലയ, ത്രിപുര, മിസ്സോറാം] ] എന്നീ സംസ്ഥാനങ്ങളിലെ] ഗോത്രവർഗ്ഗപ്രദേശങ്ങളുടെ ഭരണത്തിന് ബാധകമാകുന്നതാണ്.

[6][**244 ക. ആസ്സാമിലെ ചില ഗോത്രവർഗ്ഗപ്രദേശങ്ങൾ അടങ്ങിയ ഒരു സ്വയംഭരണ സംസ്ഥാനത്തിന്റെ രൂപീകരണവും അതിനുവേണ്ടി തദ്ദേശ നിയമനിർമ്മാണമണ്ഡലത്തിന്റെയോ, മന്ത്രിസഭയുടെയോ രണ്ടിന്റെയുമോ സൃഷ്ടിയും**—(1) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, പാർലമെന്റിന് നിയമംവഴി ആസ്സാം സംസ്ഥാനത്തിനുള്ളിൽ, ആറാം പട്ടികയിലെ 20-ാം ഖണ്ഡികയോടൊപ്പം കൊടുത്തിട്ടുള്ള പട്ടികയുടെ [7][I-ാം ഭാഗത്ത്] നിർദ്ദേശിച്ചിട്ടുള്ള ഗോത്രവർഗ്ഗപ്രദേശങ്ങൾ മുഴുവനുമോ അവയിൽ ഏതെങ്കിലുമോ അടങ്ങുന്ന ഒരു സ്വയംഭരണ സംസ്ഥാനം (അങ്ങനെയുള്ള പ്രദേശങ്ങൾ മാത്രം ഉൾക്കൊള്ളുന്നതോ അല്ലാതെയോ) രൂപീകരിക്കാവുന്നതും അതിനായി അങ്ങനെയുള്ള ഓരോ പ്രദേശത്തിന്റെയും സംഗതിയിലും ആ നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള വിധത്തിലുള്ള സംവിധാനത്തോടും അധികാരങ്ങളോടും ചുമതലകളോടും കൂടി—

(ക) ആ സ്വയംഭരണ സംസ്ഥാനത്തിനു വേണ്ടിയുള്ള നിയമനിർമ്മാണമണ്ഡലമായി പ്രവർത്തിക്കുന്നതിന് തെരഞ്ഞെടുത്തതോ അല്ലെങ്കിൽ ഭാഗികമായി നാമനിർദ്ദേശം ചെയ്തതും ഭാഗികമായി തെരഞ്ഞെടുത്തതും ആയതോ ആയ ഒരു നികായമോ ,

(ഖ) ഒരു മന്ത്രിസഭയോ ,

അല്ലെങ്കിൽ രണ്ടുമോ സൃഷ്ടിക്കാവുന്നതും ആകുന്നു.

(2) പ്രത്യേകിച്ച് (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏത് നിയമത്തിലും,—

---

1. 1971-ലെ വടക്കുകിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ് (1971-ലെ 81), 71-ാം വകുപ്പുപ്രകാരം "ആസ്സാം സംസ്ഥാനം" എന്നതിനു പകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).
2. 1984-ലെ ഭരണഘടന (നാൽപത്തി ഒൻപതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "മേഘാലയയും" എന്നതിനു പകരം ചേർത്തത് (1-4-1985 മുതൽ പ്രാബല്യം).
3. 1986-ലെ മിസ്സോറാം സംസ്ഥാന ആക്റ്റ് (1986-ലെ 34), 39-ാം വകുപ്പു പ്രകാരം "മേഘാലയയും ത്രിപുരയും" എന്നതിനുപകരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).
4. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിലെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.
5. 1986-ലെ മിസ്സോറാം സംസ്ഥാന ആക്റ്റ് (1986-ലെ 34), 39-ാം വകുപ്പു പ്രകാരം "മേഘാലയ, ത്രിപുര, യൂണിയൻ പ്രദേശമായ മിസ്സോറാം" എന്നതിന് പകരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).
6. 1969-ലെ ഭരണഘടന (ഇരുപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.
7. 1971-ലെ വടക്കുകിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ്, 71-ാം വകുപ്പുപ്രകാരം " ക ഭാഗം" എന്നതിനു പകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).

(ക) ആ സ്വയംഭരണ സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിന് സംസ്ഥാന ലിസ്ററിലോ സമവർത്തിലിസ്ററിലോ പറഞ്ഞിട്ടുള്ള ഏതു വിഷയങ്ങൾ സംബന്ധിച്ച് ആ സംസ്ഥാനത്തിന് മുഴുവനുമോ അതിൻെറ ഏതെങ്കിലും ഭാഗത്തിനോ ആയി, ആസ്സാം സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തെ ഒഴിവാക്കിക്കൊണ്ടോ അല്ലാതെയോ, നിയമങ്ങൾ നിർമ്മിക്കുവാൻ അധികാരം ഉണ്ടെന്നു നിർദ്ദേശിക്കാവുന്നതും ;

(ഖ) ആ സ്വയംഭരണ സംസ്ഥാനത്തിൻെറ നിർവ്വാഹകാധികാരത്തിൻെറ വ്യാപ്തിക്കുള്ളിൽ വരുന്ന വിഷയങ്ങൾ നിർവ്വചിക്കാവുന്നതും ;

(ഗ) ആസ്സാം സംസ്ഥാനം പിരിക്കുന്ന ഏതെങ്കിലും നികുതിയിൽ നിന്നുള്ള വരവ് ആ സ്വയംഭരണ സംസ്ഥാനത്തിൻേറതായി കണക്കാക്കാവുന്നിടത്തോളം, അത് ആ സംസ്ഥാനത്തിനു തിരിച്ചുവയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതും ;

(ഘ) ഈ ഭരണഘടനയിലെ അനുച്ഛേദങ്ങളിലെ ഒരു സംസ്ഥാനത്തെക്കുറിച്ചുള്ള ഏതൊരു പരാമർശത്തിലും ആ സ്വയംഭരണ സംസ്ഥാനത്തെക്കുറിച്ചുള്ള പരാമർശം കൂടി ഉൾപ്പെടുന്നതായി കണക്കാക്കണമെന്ന് വ്യവസ്ഥ ചെയ്യാവുന്നതും;

(ങ) ആവശ്യമെന്നു തോന്നുന്ന അങ്ങനെയുള്ള അനുപൂരകവും സാന്ദർഭികവും അനന്തരഫലമായുള്ളതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതും,

ആകുന്നു.

(3) മേൽപ്പറഞ്ഞ വിധമുള്ള ഏതെങ്കിലും നിയമത്തിൻെറ ഒരു ഭേദഗതിക്ക്, ആ ഭേദഗതി (2)-ാം ഖണ്ഡം (ക) ഉപഖണ്ഡത്തിലോ (ഖ) ഉപഖണ്ഡത്തിലോ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഏതിനെയെങ്കിലും സംബന്ധിച്ചതായിരിക്കുന്നിടത്തോളം, പാർലമെൻറിൻെറ ഇരുസഭകളിൽ ഓരോന്നിലും ഹാജരാകുകയും വോട്ടു ചെയ്യുകയും ചെയ്യുന്ന അംഗങ്ങളിൽ മൂന്നിൽ രണ്ടുഭാഗത്തിൽ കുറയാതെയുള്ളവർ അനുകൂലിച്ച് അതു പാസ്സാക്കാത്തപക്ഷം പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

(4) ഈ അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള യാതൊരു നിയമവും, അതിൽ ഈ ഭരണഘടന ഭേദഗതി ചെയ്യുന്നതോ ഭേദഗതി ചെയ്യുന്ന ഫലം ഉളവാക്കുന്നതോ ആയ ഏതെങ്കിലും വ്യവസ്ഥ അടങ്ങിയിരുന്നാൽതന്നെയും, 368-ാം അനുച്ഛേദത്തിൻെറ ആവശ്യങ്ങൾക്ക് ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതപ്പെടുവാൻ പാടുള്ളതല്ല.]

## ഭാഗം XI

## യൂണിയനും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധങ്ങൾ

### അദ്ധ്യായം I—നിയമനിർമ്മാണപരമായ ബന്ധങ്ങൾ

### *നിയമനിർമ്മാണപരമായ അധികാരങ്ങളുടെ വിഭജനം*

**245. പാർലമെൻറും സംസ്ഥാനങ്ങളുടെ നിയമനിർമ്മാണമണ്ഡലങ്ങളും ഉണ്ടാക്കുന്ന നിയമങ്ങളുടെ വ്യാപ്തി**—(1) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി, പാർലമെൻറിന്, ഭാരതത്തിൻെറ ഭൂപ്രദേശത്തിന് മുഴുവനുമോ ഏതെങ്കിലും ഭാഗത്തിനോ വേണ്ടി നിയമങ്ങൾ ഉണ്ടാക്കാവുന്നതും, ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിന് ആ സംസ്ഥാനത്തിനു മുഴുവനുമോ ഏതെങ്കിലും ഭാഗത്തിനോ വേണ്ടി നിയമങ്ങൾ ഉണ്ടാക്കാവുന്നതും ആകുന്നു.

(2) പാർലമെൻറ് ഉണ്ടാക്കുന്ന യാതൊരു നിയമവും, അതിന് ദേശാതിർത്തിയ്ക്കപ്പുറം പ്രാബല്യം ഉണ്ടാകുമെന്ന കാരണത്തിൻമേൽ, അസാധുവാണെന്നു കരുതപ്പെടുന്നതല്ല.

**246. പാർലമെൻറും സംസ്ഥാനങ്ങളിലെ നിയമനിർമ്മാണമണ്ഡലങ്ങളും ഉണ്ടാക്കുന്ന നിയമങ്ങളുടെ വിഷയം**—(1) (2)-ഉം (3)-ഉം ഖണ്ഡങ്ങളിൽ എന്തുതന്നെ ആയിരുന്നാലും, ഏഴാംപട്ടികയിലെ (ഈ ഭരണഘടനയിൽ "യൂണിയൻ ലിസ്ററ്" എന്ന് പരാമർശിച്ചിട്ടുള്ള) ലിസ്ററ് I-ൽ എണ്ണിപറഞ്ഞിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് നിയമം ഉണ്ടാക്കുവാൻ പാർലമെൻറിനു അനന്യാധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) 3-ാം ഖണ്ഡത്തിൽ എന്തുതന്നെ ആയിരുന്നാലും പാർലമെൻറിനും, കൂടാതെ (1)-ാം ഖണ്ഡത്തിന് വിധേയമായി, [1]*** ഏതെങ്കിലും സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിലും ഏഴാം പട്ടികയിലെ, (ഈ ഭരണഘടനയിൽ "സമവർത്തി ലിസ്ററ്" എന്നു പരാമർശിച്ചിട്ടുള്ള ) ലിസ്ററ് III-ൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഏതും സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) (1)-ഉം (2)-ഉം ഖണ്ഡങ്ങൾക്കു വിധേയമായി, [1]*** ഏതെങ്കിലും സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്, ഏഴാം പട്ടികയിലെ (ഈ ഭരണഘടനയിൽ "സംസ്ഥാന ലിസ്ററ്" എന്ന് പരാമർശിച്ചിട്ടുള്ള) ലിസ്ററ് II-ൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് , അങ്ങനെയുള്ള സംസ്ഥാനത്തിനോ അതിൻെറ ഏതെങ്കിലും ഭാഗത്തിനോ വേണ്ടി നിയമങ്ങൾ ഉണ്ടാക്കുവാൻ അനന്യാധികാരം ഉണ്ടായിരിക്കുന്നതാണ്.

(4) പാർലമെൻറിന് ഭാരതത്തിൻെറ ഭൂപ്രദേശത്ത് [2][ ഒരു സംസ്ഥാനത്തിൽ ] ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ഭാഗത്തിനുവേണ്ടി ഏതെങ്കിലും വിഷയം സംബന്ധിച്ച്, അങ്ങനെയുള്ള വിഷയം സംസ്ഥാന ലിസ്ററിൽ എണ്ണിപ്പറഞ്ഞിട്ടുള്ള ഒരു വിഷയമായിരുന്നാലും, നിയമങ്ങൾ ഉണ്ടാക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

---

[1] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിലെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള " എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.

[2] മേൽപ്പറഞ്ഞ ആക്ററ് 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിലെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ" എന്നതിനു പകരം ചേർത്തത്.

**247. ചില അഡീഷണൽ കോടതികളുടെ സ്ഥാപനത്തിന് വ്യവസ്ഥ ചെയ്യുവാൻ പാർലമെൻറിനുള്ള അധികാരം**—ഈ അദ്ധ്യായത്തിൽ എന്തുതന്നെ ആയിരുന്നാലും, പാർലമെൻറ് ഉണ്ടാക്കുന്ന നിയമങ്ങളുടെയോ യൂണിയൻ ലിസ്ററിൽ എണ്ണിപ്പറഞ്ഞിട്ടുള്ള ഒരു വിഷയം സംബന്ധിച്ച് നിലവിലുള്ള ഏതെങ്കിലും നിയമങ്ങളുടെയോ മെച്ചപ്പെട്ട നിർവ്വഹണത്തിനുവേണ്ടി അഡീഷണൽ കോടതികൾ സ്ഥാപിക്കുവാൻ പാർലമെൻറിന് നിയമം വഴി വ്യവസ്ഥ ചെയ്യാവുന്നതാണ്.

**248. നിയമനിർമ്മാണത്തിനുള്ള അവശേഷിക്കുന്ന അധികാരങ്ങൾ**—(1) സമവർത്തി ലിസ്ററിലോ സംസ്ഥാന ലിസ്ററിലോ എണ്ണിപ്പറഞ്ഞിട്ടില്ലാത്ത ഏതെങ്കിലും വിഷയം സംബന്ധിച്ച് ഏതെങ്കിലും നിയമം നിർമ്മിക്കുവാൻ പാർലമെൻറിന് അനന്യാധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള അധികാരം, ആ രണ്ടു ലിസ്ററുകളിൽ ഒന്നിലും എണ്ണിപ്പറഞ്ഞിട്ടില്ലാത്ത ഒരു നികുതി ചുമത്തുന്ന ഏതെങ്കിലും നിയമം ഉണ്ടാക്കുന്നതിനുള്ള അധികാരവും ഉൾപ്പെടുന്നതാണ്.

**249. സംസ്ഥാന ലിസ്ററിലെ ഒരു വിഷയം സംബന്ധിച്ച് ദേശീയ താത്പര്യത്തിനുവേണ്ടി നിയമം ഉണ്ടാക്കുവാൻ പാർലമെൻറിനുള്ള അധികാരം**—(1) ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ ആയിരുന്നാലും, ഹാജരാകുകയും വോട്ടു ചെയ്യുകയും ചെയ്യുന്ന അംഗങ്ങളിൽ മൂന്നിൽ രണ്ടു ഭാഗത്തിൽ കുറയാതെയുള്ളവർ പിൻതാങ്ങിയ പ്രമേയംവഴി, ആ പ്രമേയത്തിൽ നിർദ്ദേശിച്ചിട്ടുള്ളതും സംസ്ഥാന ലിസ്ററിൽ എണ്ണിപ്പറഞ്ഞിട്ടുള്ളതുമായ ഏതെങ്കിലും വിഷയം സംബന്ധിച്ച് പാർലമെൻറ് നിയമങ്ങൾ ഉണ്ടാക്കേണ്ടത് ദേശീയ താത്പര്യത്തിന് ആവശ്യമോ യുക്തമോ ആണെന്ന് രാജ്യസഭ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ, ആ പ്രമേയം പ്രാബല്യത്തിലിരിക്കുമ്പോൾ ആ വിഷയം സംബന്ധിച്ച് ഭാരതത്തിൻെറ ഭൂപ്രദേശത്തിന് മുഴുവനുമോ ഏതെങ്കിലും ഭാഗത്തിനോ വേണ്ടി പാർലമെൻറ് നിയമം ഉണ്ടാക്കുന്നത് നിയമാനുസൃതം ആയിരിക്കുന്നതാണ്.

(2) (1)-ാം ഖണ്ഡപ്രകാരം പാസ്സാക്കിയ ഒരു പ്രമേയം, അതിൽ നിർദ്ദേശിക്കാവുന്ന ഒരു വർഷത്തിൽ കവിയാത്ത അങ്ങനെയുള്ള കാലത്തേക്ക് പ്രാബല്യത്തിലിരിക്കുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും പ്രമേയം പ്രാബല്യത്തിൽ തുടരുന്നത് അംഗീകരിച്ചുകൊണ്ടുള്ള ഒരു പ്രമേയം, (1)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ പാസ്സാക്കുന്നപക്ഷം, അങ്ങനെ പാസ്സാക്കുമ്പോഴൊക്കെ ആ പ്രമേയം ഈ ഖണ്ഡപ്രകാരം മററുവിധത്തിൽ പ്രാബല്യത്തിലില്ലാതാകുമായിരുന്ന തീയതി മുതൽ ഒരു വർഷക്കാലത്തേക്കുകൂടി പ്രാബല്യത്തിൽ തുടരുന്നതാണ്.

(3) (1)-ാം ഖണ്ഡപ്രകാരമുള്ള ഒരു പ്രമേയം പാസ്സാക്കിയില്ലായിരുന്നുവെങ്കിൽ നിയമം ഉണ്ടാക്കുവാൻ പാർലമെൻറിന് ക്ഷമത ഇല്ലാതാകുമായിരുന്നിടത്ത്, പാർലമെൻറ് ഉണ്ടാക്കിയ ഒരു നിയമത്തിന്, ആ ക്ഷമതയില്ലായ്മയുടെ വ്യാപ്തിയോളം, ആ പ്രമേയം പ്രാബല്യത്തിലില്ലാതായതിനു ശേഷം ആറുമാസക്കാലം അവസാനിക്കുന്നതിൻമേൽ, മേൽപ്പറഞ്ഞ കാലം അവസാനിക്കും മുമ്പ് ചെയ്തതോ ചെയ്യാൻ വിട്ടുപോയതോ ആയ കാര്യങ്ങൾ സംബന്ധിച്ചൊഴികെ, പ്രാബല്യം ഇല്ലാതാകുന്നതാണ്.

**250. ഒരു അടിയന്തിരാവസ്ഥാവിളംബരം പ്രാബല്യത്തിലുണ്ടെങ്കിൽ സംസ്ഥാന ലിസ്ററിലെ ഏതു വിഷയം സംബന്ധിച്ചും നിയമം ഉണ്ടാക്കുവാൻ പാർലമെൻറിനുള്ള അധികാരം**—(1) ഈ അദ്ധ്യായത്തിൽ എന്തുതന്നെ ആയിരുന്നാലും, ഒരു അടിയന്തിരാവസ്ഥാവിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ പാർലമെൻറിന്, സംസ്ഥാന ലിസ്ററിൽ എണ്ണിപ്പറഞ്ഞിട്ടുള്ള ഏതു വിഷയം സംബന്ധിച്ചും, ഭാരതത്തിൻെറ ഭൂപ്രദേശത്തിനു മുഴുവനുമോ ഏതെങ്കിലും ഭാഗത്തിനോ വേണ്ടി നിയമം ഉണ്ടാക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) ഒരു അടിയന്തിരാവസ്ഥാവിളംബരം പുറപ്പെടുവിച്ചിട്ടില്ലായിരുന്നുവെങ്കിൽ നിയമം ഉണ്ടാക്കുവാൻ പാർലമെൻറിന് ക്ഷമതയില്ലാതാകുമായിരുന്നിടത്ത്, പാർലമെൻറ് ഉണ്ടാക്കിയ ഒരു നിയമത്തിന്, ആ ക്ഷമതയില്ലായ്മയുടെ വ്യാപ്തിയോളം, ആ വിളംബരം പ്രാബല്യത്തിലില്ലാതായതിനുശേഷം ആറുമാസക്കാലം അവസാനിക്കുന്നതിൻമേൽ, മേൽപ്പറഞ്ഞ കാലം അവസാനിക്കും മുമ്പ് ചെയ്തതോ ചെയ്യാൻ വിട്ടുപോയതോ ആയ കാര്യങ്ങൾ സംബന്ധിച്ചൊഴികെ, പ്രാബല്യം ഇല്ലാതാകുന്നതാണ്.

**251. 249-ഉം 250-ഉം അനുച്ഛേദങ്ങൾ പ്രകാരം പാർലമെൻറ് ഉണ്ടാക്കിയ നിയമങ്ങളും സംസ്ഥാനങ്ങളുടെ നിയമനിർമ്മാണമണ്ഡലങ്ങൾ ഉണ്ടാക്കിയ നിയമങ്ങളും തമ്മിലുള്ള പൊരുത്തമില്ലായ്മ**—249-ഉം 250-ഉം അനുച്ഛേദങ്ങളിലെ യാതൊന്നും ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിന്, ഈ ഭരണഘടനപ്രകാരം ഉണ്ടാക്കുവാൻ അധികാരമുള്ള ഏതെങ്കിലും നിയമം ഉണ്ടാക്കുവാനുള്ള അധികാരത്തെ നിയന്ത്രിക്കുന്നതല്ലാത്തതും, എന്നാൽ ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കുന്ന ഒരു നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ പാർലമെൻറിന്, മേൽപ്പറഞ്ഞ രണ്ട് അനുച്ഛേദങ്ങളിൽ ഏതെങ്കിലും പ്രകാരം ഉണ്ടാക്കുവാൻ അധികാരമുള്ളതും പാർലമെൻറ് ഉണ്ടാക്കിയതുമായ ഒരു നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ, പാർലമെൻറ് ഉണ്ടാക്കിയ നിയമത്തിന് അത് പാസ്സാക്കിയത് സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ നിയമത്തിന് മുമ്പായാലും പിമ്പായാലും, അധിപ്രഭാവം ഉണ്ടായിരിക്കുന്നതും സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ നിയമത്തിന് ആ പൊരുത്തക്കേടിൻെറ വ്യാപ്തിയോളം, എന്നാൽ പാർലമെൻറ് ഉണ്ടാക്കിയ നിയമത്തിന് പ്രഭാവം ഉണ്ടായിരിക്കുന്നത് തുടരുന്ന കാലത്തോളം മാത്രം പ്രാബല്യം ഇല്ലാതിരിക്കുന്നതും ആകുന്നു.

**252. രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്കുവേണ്ടി സമ്മതത്തോടുകൂടി നിയമം ഉണ്ടാക്കുവാൻ പാർലമെൻറിനുള്ള അധികാരവും അങ്ങനെയുള്ള നിയമം മറേറതെങ്കിലും സംസ്ഥാനം സ്വീകരിക്കുന്നതും**—(1) രണ്ടോ അതിലധികമോ സംസ്ഥാനങ്ങളിലെ നിയമനിർമ്മാണ മണ്ഡലങ്ങൾക്ക് 249-ഉം 250-ഉം അനുച്ഛേദങ്ങളിൽ വ്യവസ്ഥപ്പെടുത്തിയവിധം ഒഴികെ പാർലമെൻറിന് സംസ്ഥാനങ്ങൾക്കുവേണ്ടി നിയമങ്ങൾ ഉണ്ടാക്കുവാൻ അധികാരം ഇല്ലാത്ത വിഷയങ്ങളിലേതെങ്കിലും അങ്ങനെയുള്ള സംസ്ഥാനങ്ങളിൽ പാർലമെൻറ് നിയമംവഴി ക്രമപ്പെടുത്തേണ്ടത് അഭിലഷണീയമാണെന്ന് തോന്നുകയും ആ അർത്ഥത്തിൽ പ്രമേയങ്ങൾ ആ സംസ്ഥാനങ്ങളിലെ നിയമനിർമ്മാണ മണ്ഡലങ്ങളുടെ എല്ലാ സഭകളും പാസ്സാക്കുകയും ചെയ്യുന്നുവെങ്കിൽ, അതനുസരിച്ച് ആ വിഷയം ക്രമപ്പെടുത്തുന്നതിലേക്ക് പാർലമെൻറ് ഒരു ആക്ററ് പാസ്സാക്കുന്നത് നിയമാനുസൃതമായിരിക്കുന്നതും, അപ്രകാരം പാസ്സാക്കുന്ന ഏതെങ്കിലും ആക്ററ് അങ്ങനെയുള്ള സംസ്ഥാനങ്ങൾക്കും, മററ് ഏതെങ്കിലും സംസ്ഥാനത്തിൻെറ നിയമനിർമ്മാണ മണ്ഡലത്തിൻെറ സഭയോ രണ്ടു സഭകൾ ഉള്ളിടത്ത് സഭകളിൽ ഓരോന്നുമോ, അതിലേക്കു പാസ്സാക്കുന്ന പ്രമേയംവഴി ആക്ററ് പിന്നീട് അത് സ്വീകരിക്കുന്നതായാൽ, ആ സംസ്ഥാനത്തിനും ബാധകമായിരിക്കുന്നതും ആകുന്നു.

(2) പാർലമെൻറ് അപ്രകാരം പാസ്സാക്കുന്ന ഏതെങ്കിലും ആക്ററ്, അതുപോലെയുള്ള രീതിയിൽ പാസ്സാക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്ന പാർലമെൻറിൻെറ ഒരു ആക്ററുകൊണ്ട് ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതും, എന്നാൽ അത് ബാധകമാകുന്ന ഏതെങ്കിലും സംസ്ഥാനത്തെ സംബന്ധിച്ച് ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിൻെറ ഒരു ആക്ററുവഴി ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുവാൻ പാടില്ലാത്തതും ആകുന്നു.

**253. അന്താരാഷ്ട്രക്കരാറുകൾക്ക് പ്രഭാവം നൽകുന്നതിനുള്ള നിയമനിർമ്മാണം**—ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ ആയിരുന്നാലും, പാർലമെൻറിന് മറേറതെങ്കിലും രാജ്യവുമായോ രാജ്യങ്ങളുമായോ ഉള്ള ഒരു സന്ധിയോ കരാറോ ഉടമ്പടിയോ, അല്ലെങ്കിൽ ഏതെങ്കിലും അന്താരാഷ്ട്ര സമ്മേളനത്തിലോ സംഘത്തിലോ മററു നികായത്തിലോ വച്ചു എടുത്ത ഏതെങ്കിലും തീരുമാനമോ നടപ്പാക്കുന്നതിന് ഭാരതത്തിൻെറ മുഴുവൻ ഭൂപ്രദേശത്തിനോ അതിൻെറ ഏതെങ്കിലും ഭാഗത്തിനോവേണ്ടി നിയമം ഉണ്ടാക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

**254. പാർലമെൻറ് ഉണ്ടാക്കുന്ന നിയമങ്ങളും സംസ്ഥാനങ്ങളുടെ നിയമനിർമ്മാണമണ്ഡലങ്ങൾ ഉണ്ടാക്കുന്ന നിയമങ്ങളും തമ്മിലുള്ള പൊരുത്തമില്ലായ്മ**—(1) ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ ഒരു നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ, നിയമം ഉണ്ടാക്കുവാൻ പാർലമെൻറിന് ക്ഷമതയുള്ളതും പാർലമെൻറ് ഉണ്ടാക്കിയിട്ടുള്ളതുമായ ഒരു നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയ്ക്കോ സമവർത്തി ലിസ്ററിൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഒന്നിനെ സംബന്ധിച്ച് നിലവിലുള്ള ഏതെങ്കിലും നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയ്ക്കോ

വിരുദ്ധമാണെങ്കിൽ, അപ്പോൾ, (2)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, പാർലമെൻറ് ഉണ്ടാക്കിയ നിയമത്തിന്, അത് പാസ്സാക്കിയത് അങ്ങനെയുള്ള സംസ്ഥാനത്തിൻെറ നിയമനിർമ്മാണ മണ്ഡലം ഉണ്ടാക്കിയ നിയമത്തിന് മുമ്പായാലും പിമ്പായാലും, അല്ലെങ്കിൽ നിലവിലുള്ള നിയമത്തിന്, അതതുസംഗതിപോലെ, അധിപ്രഭാവം ഉണ്ടായിരിക്കുന്നതും, സംസ്ഥാനത്തിൻെറ നിയമ നിർമ്മാണമണ്ഡലം ഉണ്ടാക്കിയ നിയമം ആ വൈരുദ്ധ്യത്തിൻെറ വ്യാപ്തിയോളം അസാധു വായിരിക്കുന്നതും ആകുന്നു.

(2) സമവർത്തിലിസ്ററിൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഒന്നിനെ സംബന്ധിച്ച്, [1] * * * ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയിട്ടുള്ള ഒരു നിയമം, പാർലമെൻറ് മുമ്പ് ഉണ്ടാക്കിയിട്ടുള്ള ഒരു നിയമത്തിലെയോ ആ വിഷയം സംബന്ധിച്ച് നിലവിലുള്ള ഒരു നിയമത്തിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഏതെങ്കിലും വ്യവസ്ഥ ഉൾക്കൊള്ളുന്നതായാൽ, അപ്പോൾ, അങ്ങനെയുള്ള സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം അപ്രകാരം ഉണ്ടാക്കിയ നിയമത്തിന്, അത് രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കുകയും, അതിന് അദ്ദേഹ ത്തിൻെറ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, ആ സംസ്ഥാനത്ത് അധിപ്രഭാവ മുണ്ടായിരിക്കുന്നതാണ് :

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും, അതേവിഷയം സംബന്ധിച്ച്, സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം അപ്രകാരം ഉണ്ടാക്കിയ നിയമത്തിൽ കൂട്ടിച്ചേർക്കുകയോ, ഭേദഗതി വരുത്തുകയോ, വ്യത്യാസം വരുത്തുകയോ അല്ലെങ്കിൽ നിയമം റദ്ദാക്കുകയോ ചെയ്യുന്ന ഒരു നിയമം ഉൾപ്പെടെ ഏതെങ്കിലും നിയമം ഏത് സമയത്തും ഉണ്ടാക്കുന്നതിൽ നിന്നും പാർലമെൻറിനെ തടയുന്നതല്ല.

**255. ശിപാർശകളും മുൻകൂട്ടിയുള്ള അനുമതികളും സംബന്ധിച്ച ആവശ്യകതകൾ നടപടിക്രമം സംബന്ധിച്ചവ മാത്രമായി കരുതണമെന്ന്**—പാർലമെൻറിൻെറയോ [1] * * * ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിൻെറയോ യാതൊരു ആക്ററും, അങ്ങനെയുള്ള ഏതെങ്കിലും ആക്ററിലെ യാതൊരു വ്യവസ്ഥയും, ഈ ഭരണഘടനയാൽ ആവശ്യമായ ഏതെങ്കിലും ശിപാർശയോ മുൻകൂട്ടിയുള്ള അനുമതിയോ ലഭിച്ചിട്ടില്ലെന്ന കാരണത്താൽ മാത്രം,—

(ക) ആവശ്യമായ ആ ശിപാർശ ഗവർണ്ണറുടേതായിരിക്കുന്നിടത്ത്, ഗവർണ്ണറോ അല്ലെങ്കിൽ രാഷ്ട്രപതിയോ;

(ഖ) ആവശ്യമായ ആ ശിപാർശ രാജപ്രമുഖൻേറതായിരിക്കുന്നിടത്ത് രാജപ്രമുഖനോ, അല്ലെങ്കിൽ രാഷ്ട്രപതിയോ;

(ഗ) ആവശ്യമായ ആ ശിപാർശയോ മുൻകൂട്ടിയുള്ള അനുമതിയോ രാഷ്ട്രപതിയുടേ തായിരിക്കുന്നിടത്ത്, രാഷ്ട്രപതിയോ,

ആ ആക്റ്റിന് അനുമതി നൽകിയിട്ടുണ്ടെങ്കിൽ, അസാധുവാകുന്നതല്ല.

---

[1] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിലെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള "എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.

# അദ്ധ്യായം II—ഭരണപരമായ ബന്ധങ്ങൾ

## സാമാന്യം

**256. സംസ്ഥാനങ്ങളുടെയും യൂണിയന്റെയും കടപ്പാട്**— ഓരോ സംസ്ഥാനത്തിന്റെയും നിർവ്വാഹകാധികാരം, ആ സംസ്ഥാനത്തിന് ബാധകമായ, പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള നിയമങ്ങളും നിലവിലുള്ള ഏതെങ്കിലും നിയമങ്ങളും അനുസരിക്കുന്നത് സുനിശ്ചിതമാകത്തക്കവിധം പ്രയോഗിക്കേണ്ടതും, ആ ആവശ്യത്തിന് വേണ്ടതാണെന്ന് ഭാരതസർക്കാരിന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ ഒരു സംസ്ഥാനത്തിന് നൽകുന്നതിലേക്ക് യൂണിയന്റെ നിർവ്വാഹകാധികാരം വ്യാപിക്കുന്നതും ആകുന്നു.

**257. ചില സംഗതികളിൽ സംസ്ഥാനങ്ങളുടെ മേൽ യൂണിയന്റെ നിയന്ത്രണം**—(1) ഓരോ സംസ്ഥാനത്തിന്റെയും നിർവ്വാഹകാധികാരം യൂണിയന്റെ നിർവ്വാഹകാധികാരത്തിന്റെ പ്രയോഗത്തിന് വിഘാതമുണ്ടാക്കുകയോ ഭംഗം വരുത്തുകയോ ചെയ്യാത്തവിധം പ്രയോഗിക്കേണ്ടതും ആ ആവശ്യത്തിന് വേണ്ടതാണെന്ന് ഭാരതസർക്കാരിന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ ഒരു സംസ്ഥാനത്തിന് നൽകുന്നതിലേക്ക് യൂണിയന്റെ നിർവ്വാഹകാധികാരം വ്യാപിക്കുന്നതും ആകുന്നു.

(2) ദേശീയമോ സൈനികമോ ആയ പ്രാധാന്യം ഉള്ളവ എന്ന് നിർദ്ദേശത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ഗതാഗതമാർഗ്ഗങ്ങളുടെ നിർമ്മാണത്തെയും സംരക്ഷണത്തെയും പററി ഒരു സംസ്ഥാനത്തിന് നിർദ്ദേശങ്ങൾ നൽകുന്നതിലേക്ക് കൂടി യൂണിയന്റെ നിർവ്വാഹകാധികാരം വ്യാപിക്കുന്നതാകുന്നു:

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും രാജപാതകളെയോ ജലമാർഗ്ഗങ്ങളെയോ ദേശീയ രാജപാതകളോ ദേശീയ ജലമാർഗ്ഗങ്ങളോ ആയി പ്രഖ്യാപിക്കുവാൻ പാർലമെന്റിനുള്ള അധികാരത്തെയോ, അപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള രാജപാതകളെയോ ജലമാർഗ്ഗങ്ങളെയോ സംബന്ധിച്ച് യൂണിയനുള്ള അധികാരത്തെയോ നാവിക-കര-വൈമാനിക സേനകളുടെ വകയായുള്ള നിർമ്മാണങ്ങളെ സംബന്ധിച്ച അതിന്റെ ചുമതലകളുടെ ഭാഗമെന്ന നിലയിൽ ഗതാഗതമാർഗ്ഗങ്ങൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുവാൻ യൂണിയനുള്ള അധികാരത്തെയോ നിയന്ത്രിക്കുന്നതായി കരുതുവാൻ പാടുള്ളതല്ല.

(3) യൂണിയന്റെ നിർവ്വാഹകാധികാരം, ഒരു സംസ്ഥാനത്തിന് ആ സംസ്ഥാനത്തിനുള്ളിലുള്ള റെയിൽവേയുടെ രക്ഷയ്ക്കുവേണ്ടി എടുക്കേണ്ട നടപടികളെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിലേക്കുകൂടി വ്യാപിക്കുന്നതാകുന്നു.

(4) ഏതെങ്കിലും ഗതാഗതമാർഗ്ഗത്തിന്റെ നിർമ്മാണമോ സംരക്ഷണമോ സംബന്ധിച്ച് (2)-ാം ഖണ്ഡപ്രകാരമോ, അല്ലെങ്കിൽ ഏതെങ്കിലും റെയിൽവേയുടെ രക്ഷയ്ക്കുവേണ്ടി എടുക്കേണ്ട നടപടികൾ സംബന്ധിച്ച് (3)-ാം ഖണ്ഡപ്രകാരമോ, ഒരു സംസ്ഥാനത്തിന് നല്കിയിട്ടുള്ള ഏതെങ്കിലും നിർദ്ദേശം നിറവേറ്റുന്നതിൽ, അങ്ങനെയുള്ള നിർദ്ദേശം നൽകപ്പെട്ടിരുന്നില്ലെങ്കിൽ ആ സംസ്ഥാനത്തിന്റെ സാധാരണഗതിയിലുള്ള കൃത്യങ്ങളുടെ നിർവ്വഹണത്തിൽ ചെലവിടേണ്ടിവരുമായിരുന്നതിൽ അധികമായ ചെലവുകൾ നേരിടേണ്ടിവന്നിട്ടുള്ളിടത്ത്, ആ സംസ്ഥാനത്തിന് അപ്രകാരം നേരിടേണ്ടിവന്ന അധിക ച്ചെലവുകൾ സംബന്ധിച്ച് അന്യോന്യം സമ്മതിക്കുന്നതോ, സമ്മതത്തിന്റെ അഭാവത്തിൽ ഭാരതത്തിന്റെ ചീഫ് ജസ്റ്റിസ് നിയമിക്കുന്ന ഒരു മദ്ധ്യസ്ഥൻ നിശ്ചയിക്കുന്നതോ ആയ തുക ഭാരതസർക്കാർ ആ സംസ്ഥാനത്തിന് കൊടുക്കേണ്ടതാണ്.

[1]257 ക. [യൂണിയന്റെ സായുധസേനകളെയും മറ്റു സേനകളെയും വിട്ടുകൊടുത്ത് സംസ്ഥാനങ്ങളെ സഹായിക്കുന്നത്.] 1978-ലെ ഭരണഘടന (നാൽപത്തിനാലാം ഭേദഗതി ) അക്റ്റ്, 33-ാം വകുപ്പുപ്രകാരം റദ്ദാക്കി (20-6-1979 മുതൽ പ്രാബല്യം).

**258. ചില സംഗതികളിൽ സംസ്ഥാനങ്ങൾക്ക് അധികാരങ്ങളും മറ്റും നൽകുവാൻ യൂണിയനുള്ള അധികാരം**—(1) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, രാഷ്ട്രപതിക്ക്, ഒരു സംസ്ഥാനത്തെ സർക്കാരിന്റെ സമ്മതത്തോടുകൂടി ആ സർക്കാരിനെയോ അതിന്റെ ഉദ്യോഗസ്ഥൻ മാരെയോ യൂണിയന്റെ നിർവ്വാഹകാധികാരം വ്യാപിക്കുന്ന ഏതെങ്കിലും വിഷയം സംബന്ധിച്ച ചുമതലകൾ സോപാധികമായോ നിരുപാധികമായോ ഏൽപ്പിക്കാവുന്നതാണ്.

(2) പാർലമെൻറ് ഉണ്ടാക്കിയിട്ടുള്ളതും ഏതെങ്കിലും സംസ്ഥാനത്തിന് ബാധകമാകുന്നതും ആയ ഒരു നിയമത്തിന്, ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന് നിയമം ഉണ്ടാക്കുവാൻ അധികാര മില്ലാത്ത ഒരു വിഷയം സംബന്ധിച്ചതാണ് ആ നിയമം എന്നിരുന്നാലും, ആ സംസ്ഥാനത്തിനോ അതിൻെറ ഉദ്യോഗസ്ഥൻമാർക്കോ അധികാരസ്ഥാനങ്ങൾക്കോ അധികാരങ്ങൾ നൽകുകയോ അതിൻെറയോ അവരുടെയോ മേൽ കർത്തവ്യങ്ങൾ ചുമത്തുകയോ, അല്ലെങ്കിൽ അധികാരങ്ങൾ നൽകുന്നതിനും കർത്തവ്യങ്ങൾ ചുമത്തുന്നതിനും അതിനെ അല്ലെങ്കിൽ അവരെ അധികാരപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(3) ഈ അനുച്ഛേദത്തിൻെറ ബലത്തിൽ, അധികാരങ്ങളും കർത്തവ്യങ്ങളും ഒരു സംസ്ഥാനത്തിനോ അതിൻെറ ഉദ്യോഗസ്ഥൻമാർക്കോ അധികാരസ്ഥാനങ്ങൾക്കോ നൽകുകയോ, അല്ലെങ്കിൽ അതിൻെറയോ അവരുടെയോ മേൽ ചുമത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ആ അധികാരങ്ങളുടെയും കർത്തവ്യങ്ങളുടെയും പ്രയോഗത്തോട് ബന്ധപ്പെട്ട് ആ സംസ്ഥാനത്തിന് നേരിടേണ്ടി വന്നിട്ടുള്ള ഭരണസംബന്ധമായ അധികച്ചെലവുകൾ സംബന്ധിച്ച് സമ്മതിക്കാവുന്നതോ സമ്മതത്തിൻെറ അഭാവത്തിൽ ഭാരതത്തിൻെറ ചീഫ് ജസ്ററിസ് നിയമിക്കുന്ന ഒരു മദ്ധ്യസ്ഥൻ നിശ്ചയിക്കാവുന്നതോ ആയ അങ്ങനെയുള്ള തുക ഭാരതസർക്കാർ ആ സംസ്ഥാനത്തിന് കൊടുക്കേണ്ടതാണ്.

[2][**258 ക. യൂണിയനെ ചുമതലകൾ ഏൽപ്പിക്കുവാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം**— ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, ഒരു സംസ്ഥാനത്തിൻെറ ഗവർണ്ണർക്ക് ഭാരതസർക്കാരിൻെറ സമ്മതത്തോടു കൂടി ആ സർക്കാരിനെയോ അതിൻെറ ഉദ്യോഗസ്ഥൻമാരെയോ ആ സംസ്ഥാനത്തിൻെറ നിർവ്വാഹകാധികാരം വ്യാപിക്കുന്ന ഏതെങ്കിലും വിഷയം സംബന്ധിച്ചുള്ള ചുമതലകൾ, സോപാധികമായോ നിരുപാധികമായോ, ഏൽപ്പിക്കാവുന്നതാണ്.]

**259.** [ഒന്നാം പട്ടിക ഖ ഭാഗത്തിലെ സംസ്ഥാനങ്ങളിലെ സായുധസേനകൾ.] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം റദ്ദാക്കി.

**260. ഭാരതത്തിന് പുറത്തുള്ള ഭൂപ്രദേശങ്ങളെ സംബന്ധിച്ച് യൂണിയനുള്ള അധികാരിത**—ഭാരത സർക്കാരിന് ഭാരതത്തിൻെറ ഭൂപ്രദേശത്തിൻെറ ഭാഗമല്ലാത്ത ഏതെങ്കിലും ഭൂപ്രദേശത്തെ സർക്കാരു മായുള്ള ഉടമ്പടി വഴി അങ്ങനെയുള്ള ഭൂപ്രദേശത്തെ സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള നിർവ്വാഹകമോ നിയമനിർമ്മാണപരമോ നീതിന്യായപരമോ ആയ ഏതെങ്കിലും ചുമതലകൾ ഏറ്റെടുക്കാവുന്നതും, എന്നാൽ അങ്ങനെയുള്ള ഓരോ ഉടമ്പടിയും വിദേശീയ അധികാരിതയുടെ പ്രയോഗം സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള ഏതു നിയമത്തിനും വിധേയവും അവയാൽ നിയന്ത്രിതവും ആയിരിക്കുന്നതാണ്.

**261. പൊതുകൃത്യങ്ങളും രേഖകളും നീതിന്യായ നടപടികളും**—(1) യൂണിയൻെറയും ഓരോ സംസ്ഥാനത്തിൻെറയും പൊതുകൃത്യങ്ങൾക്കും രേഖകൾക്കും നീതിന്യായ നടപടികൾക്കും ഭാരതത്തിൻെറ ഭൂപ്രദേശത്ത് എല്ലായിടത്തും പൂർണ്ണമായ വിശ്വാസ്യതയും മാന്യതയും കൽപ്പിക്കേണ്ടതാണ്.

1. 1976-ലെ ഭരണഘടന (നാൽപത്തിരണ്ടാം ഭേദഗതി) ആക്ററ്, 43-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 18-ാം വകുപ്പുപ്രകാരം ചേർത്തത്.

(2) (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള കൃത്യങ്ങളും രേഖകളും നടപടികളും തെളിയിക്കുന്നതിനും അവയുടെ പ്രഭാവം നിശ്ചയിക്കുന്നതിനും ഉള്ള രീതിയും അതിനുള്ള ഉപാധികളും പാർലമെൻറ് ഉണ്ടാക്കുന്ന നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(3) ഭാരതത്തിൻെറ ഭൂപ്രദേശത്തിൻെറ ഏത് ഭാഗത്തും ഉള്ള സിവിൽ കോടതികൾ പ്രസ്താവിച്ചതോ പുറപ്പെടുവിച്ചതോ ആയ അന്തിമ വിധിന്യായങ്ങൾ അല്ലെങ്കിൽ ഉത്തരവുകൾ ആ ഭൂപ്രദേശത്തിനകത്ത് എവിടെയും നിയമാനുസൃതം നടത്താവുന്നത് ആയിരിക്കുന്നതാണ്.

## *ജലം സംബന്ധിച്ച തർക്കങ്ങൾ*

**262. അന്തർ-സംസ്ഥാന നദികളിലെയോ അന്തർ-സംസ്ഥാന നദീതടങ്ങളിലെയോ ജലം സംബന്ധിച്ച തർക്കങ്ങളുടെ ന്യായ നിർണ്ണയം**— (1) പാർലമെൻറിന്, ഏതെങ്കിലും അന്തർ-സംസ്ഥാന നദിയുടെയോ, നദീതടത്തിൻെറയോ ജലത്തിൻെറ ഉപയോഗമോ, വിതരണമോ അല്ലെങ്കിൽ അവയിലെ ജലത്തിൻെറ നിയന്ത്രണമോ സംബന്ധിച്ച ഏതെങ്കിലും തർക്കത്തിൻെറയോ പരാതിയുടെയോ ന്യായനിർണ്ണയത്തിന്, നിയമം വഴി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, പാർലമെൻറിന്, (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും തർക്കമോ പരാതിയോ സംബന്ധിച്ച് സുപ്രീംകോടതിയോ മറേറതെങ്കിലും കോടതിയോ അധികാരിത പ്രയോഗിച്ചുകൂടെന്ന് നിയമം വഴി വ്യവസ്ഥ ചെയ്യാവുന്നതാണ്.

## *സംസ്ഥാനങ്ങൾക്കിടയിൽ ഏകോപനം*

**263. ഒരു അന്തർ-സംസ്ഥാന സമിതിയെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ**—രാഷ്ട്രപതിക്ക് ഏതെങ്കിലും സമയത്ത്—

(ക) സംസ്ഥാനങ്ങൾക്കിടയിൽ ഉത്ഭവിച്ചിട്ടുള്ള തർക്കങ്ങളെക്കുറിച്ച് അന്വേഷണവിചാരണ നടത്തുവാനും ഉപദേശിക്കുവാനും ;

(ഖ) സംസ്ഥാനങ്ങളിൽ ചിലതിനോ എല്ലാററിലുമോ, അല്ലെങ്കിൽ യൂണിയനും ഒന്നോ അതിലധികമോ സംസ്ഥാനങ്ങൾക്കോ പൊതുവിൽ താത്പര്യമുള്ള വിഷയങ്ങൾ അന്വേഷിക്കുവാനും ചർച്ചചെയ്യുവാനും ;

(ഗ) അങ്ങനെയുള്ള ഏതെങ്കിലും വിഷയത്തിൻമേൽ ശിപാർശകളും, പ്രത്യേകിച്ച് ആ വിഷയം സംബന്ധിച്ചുള്ള നയത്തിൻെറയും പ്രവൃത്തിയുടെയും മെച്ചപ്പെട്ട ഏകോപനത്തിനു വേണ്ടിയുള്ള ശിപാർശകളും, സമർപ്പിക്കുവാനും,

ഉള്ള കർത്തവ്യം ഭരമേൽപ്പിച്ചിട്ടുള്ള ഒരു സമിതിയുടെ സ്ഥാപനം വഴി പൊതുതാത്പര്യങ്ങൾക്ക് പ്രയോജനപ്പെടുമെന്ന് തോന്നുന്നുവെങ്കിൽ, രാഷ്ട്രപതി ഉത്തരവുവഴി അങ്ങനെയുള്ള ഒരു സമിതി രൂപീകരിക്കുകയും അത് നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളുടെ സ്വഭാവവും അതിൻെറ ഘടനയും നടപടിക്രമവും നിർവ്വചിക്കുകയും ചെയ്യുന്നത് നിയമാനുസൃതം ആയിരിക്കുന്നതാണ്.

# ഭാഗം XII
# ധനകാര്യവും വസ്തുവും കരാറുകളും വ്യവഹാരങ്ങളും

## അദ്ധ്യായം I—ധനകാര്യം
## സാമാന്യം

[1][264. വ്യാഖ്യാനം—ഈ ഭാഗത്തിൽ "ധനകാര്യക്കമ്മീഷൻ" എന്നാൽ 280-ാം അനുച്ഛേദപ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു ധനകാര്യക്കമ്മീഷൻ എന്ന് അർത്ഥമാകുന്നു.]

**265. നിയമത്തിന്റെ അധികാരം മുഖേനയല്ലാതെ നികുതികൾ ചുമത്തരുതെന്ന്**— നിയമത്തിന്റെ അധികാരം മുഖേനയല്ലാതെ യാതൊരു നികുതിയും ചുമത്തുകയോ പിരിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

**266. ഭാരതത്തിന്റെയും സംസ്ഥാനങ്ങളുടെയും സഞ്ചിതനിധികളും പൊതുക്കണക്കുകളും**—(1) 267-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്കും സംസ്ഥാനങ്ങൾക്ക് ചില നികുതികളുടെയും തീരുവകളുടെയും അററവരവ് മുഴുവനുമോ അതിന്റെ ഭാഗമോ തിരിച്ചുവയ്ക്കുന്നത് സംബന്ധിച്ച് ഈ അദ്ധ്യായത്തിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി, ഭാരത സർക്കാരിന് ലഭിക്കുന്ന എല്ലാ റവന്യുകളും ആ സർക്കാർ ട്രഷറി ബില്ലുകൾ പുറപ്പെടുവിച്ചോ കടമെടുപ്പുകളാലോ അർത്ഥോപായ മുൻകുറുകളാലോ എടുക്കുന്ന എല്ലാ കടങ്ങളും, കടങ്ങളുടെ തിരിച്ചടയ്ക്കലിൽ ആ സർക്കാരിന് ലഭിക്കുന്ന എല്ലാ പണവും "ഭാരതത്തിന്റെ സഞ്ചിതനിധി" എന്നു പേര് പറയാവുന്ന ഒരു സഞ്ചിതനിധിയായിത്തീരുന്നതും, ഒരു സംസ്ഥാന സർക്കാരിന് ലഭിക്കുന്ന എല്ലാ റവന്യുകളും, ആ സർക്കാർ ട്രഷറി ബില്ലുകൾ പുറപ്പെടുവിച്ചോ കടമെടുപ്പുകളാലോ അർത്ഥോപായ മുൻകുറുകളാലോ എടുക്കുന്ന എല്ലാ കടങ്ങളും, കടങ്ങളുടെ തിരിച്ചടയ്ക്കലിൽ ആ സർക്കാരിന് ലഭിക്കുന്ന എല്ലാ പണവും "സംസ്ഥാനത്തിന്റെ സഞ്ചിതനിധി" എന്നു പേര് പറയാവുന്ന ഒരു സഞ്ചിതനിധിയായിത്തീരുന്നതും ആകുന്നു.

(2) ഭാരത സർക്കാരോ ഭാരത സർക്കാരിനു വേണ്ടിയോ അല്ലെങ്കിൽ ഒരു സംസ്ഥാനത്തിന്റെ സർക്കാരോ സംസ്ഥാനത്തിന്റെ സർക്കാരിനു വേണ്ടിയോ ലഭിക്കുന്ന മററെല്ലാ പൊതുപ്പണവും ഭാരതത്തിന്റെ പൊതുക്കണക്കിലോ ആ സംസ്ഥാനത്തിന്റെ പൊതുക്കണക്കിലോ, അതതു സംഗതി പോലെ, വരവുവയ്ക്കേണ്ടതാണ്.

(3) ഭാരതത്തിന്റെ സഞ്ചിത നിധിയിൽ നിന്നോ ഒരു സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നോ യാതൊരു പണവും നിയമം അനുസരിച്ചും ഈ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആവശ്യങ്ങൾക്കും രീതിയിലും ഒഴികെ വിനിയോഗിക്കുവാൻ പാടുള്ളതല്ല.

**267. ആകസ്മികനിധി**—(1) പാർലമെന്റിന് നിയമംവഴി "ഭാരതത്തിന്റെ ആകസ്മികനിധി" എന്നു പേര് പറയാവുന്ന ഒരു മുൻകൂർ തുകയുടെ സ്വഭാവത്തോടുകൂടിയ ഒരു ആകസ്മികനിധി സ്ഥാപിക്കാവുന്നതും അതിൽ അങ്ങനെയുള്ള നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തുകകൾ അപ്പോഴപ്പോൾ അടയ്ക്കേണ്ടതും, അപ്രതീക്ഷിതമായ ചെലവു നേരിടേണ്ട ആവശ്യങ്ങൾക്ക്, അങ്ങനെയുള്ള ചെലവ് 115-ാം അനുച്ഛേദമോ 116-ാം അനുച്ഛേദമോ പ്രകാരം പാർലമെന്റ് നിയമം വഴി അധികാരപ്പെടുത്തുന്നതുവരെ അങ്ങനെയുള്ള നിധിയിൽ നിന്ന് മുൻകുറുകൾ നൽകുന്നതിന് രാഷ്ട്രപതിക്ക് കഴിയത്തക്കവിധം ആ നിധി അദ്ദേഹത്തിന്റെ അധീനതയിൽ വയ്ക്കേണ്ടതും, ആകുന്നു.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം 264-ാം അനുച്ഛേദത്തിനു പകരം ചേർത്തത്.

(2) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന് നിയമംവഴി ഒരു മുൻകൂർ തുകയുടെ സ്വഭാവത്തോടുകൂടിയ "സംസ്ഥാനത്തിന്റെ ആകസ്മികനിധി" എന്നു പേര് പറയാവുന്ന ഒരു ആകസ്മികനിധി സ്ഥാപിക്കാവുന്നതും, അതിൽ അങ്ങനെയുള്ള നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തുകകൾ അപ്പോഴപ്പോൾ അടയ്ക്കേണ്ടതും, അപ്രതീക്ഷിതമായ ചെലവുനേരിടേണ്ട ആവശ്യങ്ങൾക്ക്, അങ്ങനെയുള്ള ചെലവ് 205-ാം അനുച്ഛേദമോ 206-ാം അനുച്ഛേദമോ പ്രകാരം സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം നിയമം വഴി അധികാരപ്പെടുത്തുന്നതുവരെ അങ്ങനെയുള്ള നിധിയിൽനിന്ന് മുൻകൂറുകൾ നൽകുന്നതിന് ഗവർണ്ണർക്ക് [1] *** കഴിയത്തക്കവിധം ആ നിധി അദ്ദേഹത്തിന്റെ അധീനതയിൽ വയ്ക്കേണ്ടതും, ആകുന്നു.

## *യൂണിയനും സംസ്ഥാനങ്ങൾക്കും ഇടയിൽ റവന്യൂകളുടെ വിതരണം*

**268. യൂണിയൻ ചുമത്തുന്നതും എന്നാൽ സംസ്ഥാനങ്ങൾ പിരിക്കുന്നതും വിനിയോഗിക്കുന്നതുമായ തീരുവകൾ**—(1) യൂണിയൻ ലിസ്ററിൽ പറഞ്ഞിട്ടുള്ള അങ്ങനെയുള്ള സ്ററാമ്പ് തീരുവകളും ഔഷധീയവും ചമയസംബന്ധവുമായ തയ്യാറിപ്പുകളിൻമേലുള്ള അങ്ങനെയുള്ള എക്സൈസ് തീരുവകളും ഭാരതസർക്കാർ ചുമത്തേണ്ടതും, എന്നാൽ—

(ക) ഏതെങ്കിലും [2][യൂണിയൻ പ്രദേശത്തിനുള്ളിൽ] അങ്ങനെയുള്ള തീരുവകൾ ചുമത്താവുന്ന സംഗതിയിൽ, ഭാരതസർക്കാരും,

(ഖ) മററുസംഗതികളിൽ, അങ്ങനെയുള്ള തീരുവകൾ ഏതു സംസ്ഥാനങ്ങൾക്കുള്ളിലാണോ ചുമത്താവുന്നത്, യഥാക്രമം ആ സംസ്ഥാനങ്ങളും,

പിരിക്കേണ്ടതാണ്.

(2) ഏതെങ്കിലും സംസ്ഥാനത്തിനുള്ളിൽ ചുമത്താവുന്ന അങ്ങനെയുള്ള ഏതെങ്കിലും തീരുവയിൽ നിന്ന് ഏതെങ്കിലും സാമ്പത്തിക വർഷത്തിലെ വരവുകൾ ഭാരതത്തിന്റെ സഞ്ചിതനിധിയുടെ ഭാഗമാകുന്നതല്ലാത്തതും എന്നാൽ, ആ സംസ്ഥാനത്തിന് ഏൽപ്പിച്ചുകൊടുക്കേണ്ടതും ആകുന്നു.

[3]**[268. ക യൂണിയൻ ചുമത്തുകയും യൂണിയനും സംസ്ഥാനങ്ങളും കൂടി പിരിച്ചെടുക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നതായ സേവന നികുതി**—(1) സേവനങ്ങളിൻമേലുള്ള നികുതികൾ ഭാരതസർക്കാർ ചുമത്തേണ്ടതും അങ്ങനെയുള്ള നികുതി ഭാരതസർക്കാരും സംസ്ഥാനങ്ങളും കൂടി (2)-ാം ഖണ്ഡികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പിരിച്ചെടുക്കുകയും വകകൊള്ളിക്കുകയും ചെയ്യേണ്ടതാണ്.

(2) ഏതെങ്കിലും സാമ്പത്തിക വർഷത്തിൽ (1)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ പ്രകാരം ചുമത്തപ്പെടുന്ന അങ്ങനെയുള്ള ഏതൊരു നികുതിയിൽ നിന്നുള്ള വരവും, പിരിച്ചെടുക്കലിനും വകകൊള്ളിക്കലിനുമായി പാർലമെന്റ് നിയമം മുഖേന നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള തത്വങ്ങൾക്കനുസൃതമായി—

(ക) ഭാരത സർക്കാരും സംസ്ഥാനങ്ങളും പിരിച്ചെടുക്കേണ്ടതും;

(ഖ) ഭാരത സർക്കാരും സംസ്ഥാനങ്ങളും വകകൊള്ളിക്കേണ്ടതും,

ആകുന്നു.]

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.
2. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയുടെ ഗ ഭാഗത്തു പറഞ്ഞിട്ടുള്ള സംസ്ഥാനം" എന്നതിനുപകരം ചേർത്തത്.
3. 2003-ലെ ഭരണഘടന (എൺപത്തിയെട്ടാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പു പ്രകാരം ഉൾക്കൊള്ളിച്ചത്.

**269. യൂണിയൻ ചുമത്തുന്നതും പിരിക്കുന്നതും എന്നാൽ സംസ്ഥാനങ്ങൾക്കു തിരിച്ചു വയ്ക്കുന്നതുമായ നികുതികൾ**—[1][(1) സാധനങ്ങൾ വിൽക്കുന്നതിൻമേലോ വാങ്ങുന്നതിൻമേലോ ഉള്ള നികുതികളും ചരക്കുകയറ്റി അയയ്ക്കുന്നതിൻമേലുള്ള നികുതകളും ഭാരത സർക്കാർ ചുമത്തുകയും പിരിക്കുകയും ചെയ്യേണ്ടതും എന്നാൽ (2)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ 1996 ഏപ്രിൽ 1-ാം തീയതിയിലോ അതിനുശേഷമോ സംസ്ഥാനങ്ങൾക്ക് ഏൽപ്പിച്ചുകൊടുക്കേണ്ടതും ഏൽപ്പിച്ചുകൊടുത്തതായി കരുതപ്പെടേണ്ടതും ആകുന്നു.

*വിശദീകരണം.*—ഈ ഖണ്ഡത്തിലെ ആവശ്യങ്ങൾക്കായി,—

(ക) "സാധനങ്ങൾ വാങ്ങുന്നതിൻമേലോ വിൽക്കുന്നതിൻമേലോ ഉള്ള നികുതികൾ" എന്ന പദപ്രയോഗത്തിന് വർത്തമാനപത്രങ്ങൾ അല്ലാതെയുള്ള സാധനങ്ങൾ വിൽക്കുന്നതിന്മേലോ, വാങ്ങുന്നതിന്മേലോ അങ്ങനെയുള്ള വിൽപ്പനയോ വാങ്ങലോ അന്തർ സംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിൽ ഉണ്ടാകുന്നിടത്ത്, ഉള്ള നികുതികൾ എന്നർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ഖ) "ചരക്കുകൾ കയറ്റി അയയ്ക്കുന്നതിന്മേലുള്ള നികുതികൾ" എന്ന പദപ്രയോഗത്തിന് ചരക്കുകൾ കയറ്റി അയയ്ക്കുന്നതിന്മേൽ (അങ്ങനെ കയറ്റി അയച്ചത് കയറ്റി അയയ്ക്കുന്ന ആൾക്കായാലും വേറെ ഏതെങ്കിലും ആൾക്കായാലും) അങ്ങനെയുള്ള കയറ്റി അയയ്ക്കകൽ അന്തർ സംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിൽ ഉണ്ടാകുന്നിടത്ത്, ഉള്ള നികുതികൾ എന്ന് അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും നികുതിയിൽ നിന്ന് ഏതെങ്കിലും സാമ്പത്തികവർഷത്തിലെ അററവരവുകൾ ആ വരവുകൾ യൂണിയൻ പ്രദേശങ്ങളുടെതായി കൽപിക്കപ്പെടാവുന്ന വരവുകളെ കുറിക്കുന്നിടത്തോളം ഒഴികെ, ഭാരതത്തിൻെറ സഞ്ചിതനിധിയുടെ ഭാഗമാകുന്നതല്ലാത്തതും എന്നാൽ ആ വർഷം ഏതെല്ലാം സംസ്ഥാനങ്ങൾക്കകത്താണോ ആ നികുതി ചുമത്താവുന്നത് ആ സംസ്ഥാനങ്ങൾക്ക് തിരിച്ച് വയ്ക്കേണ്ടതും, പാർലമെൻറ് നിയമം വഴി രൂപീകരിക്കുന്ന വിതരണതത്ത്വങ്ങൾ അനുസരിച്ച് ആ സംസ്ഥാനങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെടേണ്ടതും ആകുന്നു.]

[2][(3) [3][ചരക്കുകളുടെ വിൽപ്പനയോ വാങ്ങലോ കയററിഅയയ്ക്കലോ] എപ്പോഴാണ് അന്തർ സംസ്ഥാന വ്യാപാരത്തിൻെറയോ വാണിജ്യത്തിൻെറയോ ഇടയ്ക്കു ഉണ്ടാകുന്നത് എന്ന് നിശ്ചയിക്കുന്നതിനുള്ള തത്ത്വങ്ങൾ പാർലമെൻറിന് നിയമം വഴി രൂപീകരിക്കാവുന്നതാണ്.]

[4][**270. യൂണിയനും സംസ്ഥാനങ്ങൾക്കും ഇടയിൽ ചുമത്തുന്നതും വിതരണം ചെയ്യുന്നതുമായ നികുതികൾ**—(1) 268-ഉം, [5][268-ക-യും] 269-ഉം അനുഛേദങ്ങളിൽ യഥാക്രമം പരാമർശിച്ചിട്ടുള്ള തീരുവകളും നികുതികളും ഒഴികെ, യൂണിയൻ ലിസ്റ്റിൽ പരാമർശിച്ചിട്ടുള്ള എല്ലാ നികുതികളും തീരുവകളും 271-ാം അനുഛേദത്തിൽ പരാമർശിച്ചിട്ടുള്ള നികുതികളിലും തീരുവകളിലും മേലുള്ള സർചാർജ്ജും പാർലമെന്റ് ഉണ്ടാക്കിയ ഏതെങ്കിലും നിയമ പ്രകാരം പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി ചുമത്തുന്ന ഏതെങ്കിലും സെസ്സും ഭാരത സർക്കാർ ചുമത്തുകയും പിരിക്കുകയും ചെയ്യേണ്ടതും യൂണിയനും സംസ്ഥാനങ്ങൾക്കും ഇടയിൽ (2)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ വിതരണം ചെയ്യപ്പെടേണ്ടതും ആകുന്നു.

---

1. 2000-ലെ ഭരണഘടന (എൺപതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം പകരം ചേർത്തത്.
2. 1956-ലെ ഭരണഘടന (ആറാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം ചേർത്തത്.
3. 1982-ലെ ഭരണഘടന (നാൽപ്പത്താറാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "ചരക്കുകളുടെ വിൽപ്പനയോ വാങ്ങലോ" എന്നതിനുപകരം ചേർത്തത്.
4. 2000-ലെ ഭരണഘടന (എൺപതാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം പകരം ചേർത്തത്.
5. 2003-ലെ ഭരണഘടന (എൺപത്തിയെട്ടാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം പകരം ചേർത്തത്.

(2) ഏതെങ്കിലും സാമ്പത്തികവർഷത്തെ അങ്ങനെയുള്ള ഏതെങ്കിലും നികുതിയുടേയോ തീരുവയുടേയോ അററവരവുകളുടെ നിർണ്ണയിക്കപ്പെടാവുന്നത്ര ശതമാനം ഭാരതത്തിൻെറ സഞ്ചിതനിധിയുടെ ഭാഗമാകുന്നതല്ലാത്തതും എന്നാൽ ആ നികുതിയോ തീരുവയോ ആ വർഷം ഏത് സംസ്ഥാനങ്ങൾക്കകത്താണോ ചുമത്തുന്നത് ആ സംസ്ഥാനങ്ങൾക്ക് തിരിച്ച് വയ്ക്കേണ്ടതും, (3)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള സമയം മുതൽക്കും ആ സംസ്ഥാനങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെടേണ്ടതും ആകുന്നു.

(3) ഈ അനുച്ഛേദത്തിൽ "നിർണ്ണയിക്കപ്പെട്ട" എന്നാൽ—

(i) ഒരു ധനകാര്യക്കമ്മീഷൻ രൂപീകരിക്കപ്പെടുന്നതുവരെ, ഉത്തരവുവഴി രാഷ്ട്രപതിയാൽ നിർണ്ണയിക്കപ്പെട്ട എന്നും,

(ii) ഒരു ധനകാര്യക്കമ്മീഷൻ രൂപീകരിക്കപ്പെട്ടതിനുശേഷം, ധനകാര്യക്കമ്മീഷൻെറ ശിപാർശകൾ കണക്കിലെടുത്തതിനുശേഷം ഉത്തരവുവഴി രാഷ്ട്രപതിയാൽ നിർണ്ണയിക്കപ്പെട്ട എന്നും,

അർത്ഥമാകുന്നതാണ്.

**271. യൂണിയൻെറ ആവശ്യങ്ങൾക്കായി ചില തീരുവകളിൻമേലും നികുതികളിൻമേലും ഉള്ള സർച്ചാർജ്ജ്**—269-ഉം 270-ഉം അനുച്ഛേദങ്ങളിൽ എന്തുതന്നെ ആയിരുന്നാലും, യൂണിയൻെറ ആവശ്യങ്ങൾക്കായി പാർലമെൻറിന് ഏതു സമയത്തും ആ അനുച്ഛേദങ്ങളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും തീരുവകളോ, നികുതികളോ, ഒരു സർച്ചാർജായി വർദ്ധിപ്പിക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും സർച്ചാർജ്ജിൽ നിന്നുള്ള മുഴുവൻ വരവുകളും ഭാരതത്തിൻെറ സഞ്ചിതനിധിയുടെ ഭാഗം ആയിരിക്കുന്നതും ആകുന്നു.

**272. [യൂണിയൻ ചുമത്തുകയും പിരിക്കുകയും ചെയ്യുന്നതും യൂണിയനും സംസ്ഥാനങ്ങൾക്കും ഇടയിൽ വിതരണം ചെയ്യുന്നതുമായ നികുതികൾ]**—2000-ലെ ഭരണഘടന (ഭേദഗതി) എൺപതാം ആക്റ്റ്, 4-ാം വകുപ്പു പ്രകാരം വിട്ടുകളഞ്ഞു. (9-6-2006 മുതൽ പ്രാബല്യം).

**273. ചണത്തിൻമേലും ചണോൽപ്പന്നങ്ങളിൻമേലും ഉള്ള കയററുമതി തീരുവയ്ക്ക് പകരമുള്ള സഹായധനം**—(1) ആസ്സാം, ബീഹാർ, ഒറീസ്സാ, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങൾക്ക് ചണത്തിൻമേലും ചണോൽപ്പന്നങ്ങളിൻമേലുമുള്ള കയററുമതി തീരുവയുടെ അററവരവുകളുടെ ഏതെങ്കിലും ഭാഗം ഓരോ വർഷവും തിരിച്ചുവയ്ക്കുന്നതിനു പകരം, ആ സംസ്ഥാനങ്ങളിലെ റവന്യൂകൾക്ക് ഔദ്യോഗികസഹായധനമായി ഓരോവർഷവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള തുകകൾ ഭാരതത്തിൻെറ സഞ്ചിതനിധിയിൻമേൽ ചുമത്തേണ്ടതാണ്.

(2) അപ്രകാരം നിർണ്ണയിച്ചിട്ടുള്ള തുകകൾ, ഭാരതസർക്കാർ ചണത്തിൻമേലും ചണോൽപ്പന്നങ്ങളിൻമേലും ഉള്ള കയററുമതി തീരുവ ചുമത്തുന്നതു തുടരുന്നകാലം, അല്ലെങ്കിൽ ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ പത്തുവർഷം, ഇവയിൽ ഏതാണ് ആദ്യം അവസാനിക്കുന്നത് അതുവരെ, ഭാരതത്തിൻെറ സഞ്ചിതനിധിയിൻമേൽ ചുമത്തുന്നത് തുടരേണ്ടതാണ്.

(3) ഈ അനുച്ഛേദത്തിൽ "നിർണ്ണയിച്ചിട്ടുള്ള" എന്ന പ്രയോഗത്തിന് 270-ാം അനുച്ഛേദത്തിലുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

**274. സംസ്ഥാനങ്ങൾക്ക് താത്പര്യമുള്ള നികുതി ചുമത്തലിനെ ബാധിക്കുന്ന ബില്ലുകൾക്ക് രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള ശിപാർശ വേണമെന്ന്**—(1) സംസ്ഥാനങ്ങൾക്ക് താത്പര്യമുള്ള ഏതെങ്കിലും നികുതിയോ തീരുവയോ ചുമത്തുന്നതോ, വ്യത്യാസപ്പെടുത്തുന്നതോ, അല്ലെങ്കിൽ ഭാരതത്തിലെ ആദായനികുതി സംബന്ധിച്ചുള്ള നിയമങ്ങളുടെ ആവശ്യങ്ങൾക്കായി നിർവ്വചിച്ചിട്ടുള്ള "കാർഷികാദായം" എന്ന പ്രയോഗത്തിൻെറ അർത്ഥം വ്യത്യാസപ്പെടുത്തുന്നതോ അല്ലെങ്കിൽ ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകൾ ഏതെങ്കിലും പ്രകാരം സംസ്ഥാനങ്ങൾക്ക് പണം വിതരണം ചെയ്യുന്നതിൻെറയോ ചെയ്യാവുന്നതിൻെറയോ തത്ത്വങ്ങളെ ബാധിക്കുന്നതോ, അല്ലെങ്കിൽ ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകൾ അനുസരിച്ച് യൂണിയൻെറ ആവശ്യങ്ങൾക്കായി ഏതെങ്കിലും സർച്ചാർജ്ജ് ചുമത്തുന്നതോ ആയ യാതൊരു ബില്ലും ഭേദഗതിയും രാഷ്ട്രപതിയുടെ ശിപാർശയിൻമേൽ ഒഴികെ പാർലമെൻറിൻെറ ഇരുസഭകളിൽ ഒന്നിലും അവതരിപ്പിക്കുവാനോ ഉന്നയിക്കുവാനോ പാടുള്ളതല്ല.

(2) ഈ അനുച്ഛേദത്തിൽ "സംസ്ഥാനങ്ങൾക്ക് താത്പര്യമുള്ള നികുതിയോ തീരുവയോ" എന്ന പ്രയോഗത്തിന്—

(ക) ഏത് നികുതിയുടെയോ തീരുവയുടെയോ മുഴുവൻ അററവരവോ അതിൻെറ ഭാഗമോ ആണ് ഏതെങ്കിലും സംസ്ഥാനത്തിന് തിരിച്ചുവച്ചിട്ടുള്ളത്, അങ്ങനെയുള്ള ഒരു നികുതിയോ തീരുവയോ ; അല്ലെങ്കിൽ

(ഖ) ഏതു നികുതിയുടെയോ തീരുവയുടെയോ അററവരവിനെ പരാമർശിച്ചാണ് ഏതെങ്കിലും സംസ്ഥാനത്തിന് ഭാരതത്തിൻെറ സഞ്ചിതനിധിയിൽ നിന്ന് തത്സമയം തുകകൾ നൽകേണ്ടതായുള്ളത്, അങ്ങനെയുള്ള ഒരു നികുതിയോ തീരുവയോ,

എന്ന് അർത്ഥമാകുന്നു.

**275. യൂണിയനിൽ നിന്ന് ചില സംസ്ഥാനങ്ങൾക്കുള്ള സഹായധനങ്ങൾ**—(1) പാർലമെൻറ് നിയമം വഴി വ്യവസ്ഥചെയ്യാവുന്ന അങ്ങനെയുള്ള തുകകൾ, സഹായം ആവശ്യമാണെന്ന് പാർലമെൻറ് നിശ്ചയിക്കാവുന്ന അങ്ങനെയുള്ള സംസ്ഥാനങ്ങളുടെ റവന്യൂകൾക്ക് ഔദ്യോഗിക സഹായധനങ്ങളായി, ഓരോ വർഷവും ഭാരതത്തിൻെറ സഞ്ചിതനിധിയിൻമേൽ ചുമത്തേണ്ടതും വിഭിന്ന സംസ്ഥാനങ്ങൾക്ക് വിഭിന്ന തുകകൾ നിജപ്പെടുത്താവുന്നതും ആകുന്നു :

എന്നാൽ, ഒരു സംസ്ഥാനത്തെ പട്ടികഗോത്രവർഗ്ഗങ്ങളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്ന ആവശ്യത്തിലേക്കോ, അല്ലെങ്കിൽ അതിലെ പട്ടികപ്രദേശങ്ങളുടെ ഭരണനിലവാരം ആ സംസ്ഥാനത്തെ ശേഷമുള്ള പ്രദേശങ്ങളുടെ ഭരണനിലവാരത്തിലേക്ക് ഉയർത്തുവാനോ വേണ്ടി, ഭാരത സർക്കാരിൻെറ അംഗീകാരത്തോടുകൂടി ആ സംസ്ഥാനം ഏറെറടുക്കുന്ന വികസനപദ്ധതികളുടെ ചെലവുകൾ നേരിടുവാൻ ആ സംസ്ഥാനത്തെ ശക്തമാക്കുന്നതിന് ആവശ്യമായ അങ്ങനെയുള്ള മൂലധനവും ആവർത്തകത്തുകകളും ഭാരതത്തിന്റെ സഞ്ചിതനിധിയിൽനിന്ന് ആ സംസ്ഥാനത്തിൻെറ റവന്യൂകൾക്ക് ഔദ്യോഗിക സഹായധനങ്ങളായി നൽകേണ്ടതാണ് :

എന്നുമാത്രമല്ല, ഭാരതത്തിൻെറ സഞ്ചിതനിധിയിൽനിന്ന് ആസ്സാം സംസ്ഥാനത്തിന്റെ റവന്യൂകൾക്ക് ഔദ്യോഗിക സഹായധനങ്ങളായി—

(ക) ആറാം പട്ടികയിലെ 20-ാം ഖണ്ഡികയോട് അനുബന്ധിച്ചുള്ള പട്ടികയുടെ [1][ I-ാം ഭാഗത്ത് ] പറഞ്ഞിട്ടുള്ള ഗോത്രവർഗ്ഗപ്രദേശങ്ങളുടെ ഭരണം സംബന്ധിച്ച് ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പുള്ള രണ്ടു വർഷക്കാലത്തെ റവന്യൂകളിൽ കവിഞ്ഞുള്ള ശരാശരി അധികച്ചെലവിനു തുല്യവും;

(ഖ) മേൽപ്പറഞ്ഞ പ്രദേശങ്ങളുടെ ഭരണനിലവാരം ആ സംസ്ഥാനത്തെ ശേഷമുള്ള പ്രദേശങ്ങളുടെ ഭരണനിലവാരത്തിലേക്ക് ഉയർത്തുവാൻ വേണ്ടി ഭാരത സർക്കാരിൻെറ അംഗീകാരത്തോടുകൂടി ആ സംസ്ഥാനം ഏറെറടുക്കുന്ന വികസന പദ്ധതികളുടെ ചെലവുകൾക്ക് തുല്യവും,

ആയ മൂലധനവും ആവർത്തകവുമായ തുകകൾ നൽകേണ്ടതാണ്.

[2][(1ക) 244ക അനുച്ഛേദപ്രകാരം സ്വയംഭരണ സംസ്ഥാനം രൂപീകരിക്കുന്ന തോടെയും അതു മുതൽക്കും ,

(i) (1)-ാം ഖണ്ഡത്തിലെ രണ്ടാം പരിമിതി വ്യവസ്ഥയിലെ (ക) ഖണ്ഡപ്രകാരം നൽകേണ്ട ഏതെങ്കിലും തുകകൾ, അതിൽ പരാമർശിച്ചിട്ടുള്ള ഗോത്രവർഗ്ഗപ്രദേശങ്ങളെ യെല്ലാം ആ സ്വയംഭരണ സംസ്ഥാനം ഉൾക്കൊള്ളുന്നുവെങ്കിൽ, ആ സ്വയംഭരണ സംസ്ഥാനത്തിന് നൽകേണ്ടതും, ആ സ്വയംഭരണ സംസ്ഥാനം ആ ഗോത്രവർഗ്ഗപ്രദേശ ങ്ങളിൽ ചിലതിനെ മാത്രം ഉൾക്കൊള്ളുന്നുവെങ്കിൽ രാഷ്ട്രപതി ഉത്തരവു വഴി നിർദ്ദേശിക്കാവുന്നവിധം ആസ്സാം സംസ്ഥാനത്തിനും ആ സ്വയംഭരണ സംസ്ഥാനത്തിനും ആയി വീതിക്കേണ്ടതും ആകുന്നു;

---

1. 1971-ലെ വടക്കുകിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്ററ് (1971-ലെ 81), 71-ാം വകുപ്പുപ്രകാരം "ക ഭാഗം" എന്നതിനുപകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).

2. 1969-ലെ ഭരണഘടന (ഇരുപത്തിരണ്ടാം ഭേദഗതി) ആക്ററ്, 3-ാംവകുപ്പു പ്രകാരം ചേർത്തത്.

(ii) ഭാരതത്തിൻെറ സഞ്ചിതനിധിയിൽനിന്ന്, ആ സ്വയംഭരണ സംസ്ഥാനത്തിൻെറ റവന്യൂകൾക്ക് ഔദ്യോഗിക സഹായധനമായി ആ സംസ്ഥാനത്തിൻെറ ഭരണ നിലവാരം ആസ്സാം സംസ്ഥാനത്തെ ശേഷമുള്ള ഭാഗത്തിൻെറ ഭരണനിലവാരത്തിലേക്ക് ഉയർത്തുവാനുള്ള ആവശ്യത്തിന് ഭാരതസർക്കാരിൻെറ അംഗീകാരത്തോടുകൂടി ആ സ്വയംഭരണ സംസ്ഥാനം ഏറെറടുക്കുന്ന വികസനപദ്ധതികളുടെ ചെലവുകൾക്ക് തുല്യമായ മൂലധനവും ആവർത്തകവുമായ തുകകൾ നൽകേണ്ടതാണ്.]

(2) (1)-ാം ഖണ്ഡപ്രകാരം പാർലമെൻറ് വ്യവസ്ഥയുണ്ടാക്കുന്നതുവരെ, ആ ഖണ്ഡപ്രകാരം പാർലമെൻറിന് നൽകിയിട്ടുള്ള അധികാരങ്ങൾ രാഷ്ട്രപതിക്ക് ഉത്തരവുവഴി പ്രയോഗിക്കാവുന്നതും, ഈ ഖണ്ഡപ്രകാരം രാഷ്ട്രപതി പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിന്, പാർലമെൻറ് അപ്രകാരം ഉണ്ടാക്കുന്ന ഏതെങ്കിലും വ്യവസ്ഥകൾക്ക് വിധേയമായി, പ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു:

എന്നാൽ, ഒരു ധനകാര്യക്കമ്മീഷൻ രൂപീകരിച്ചതിനുശേഷം, ആ ധനകാര്യക്കമ്മീഷൻെറ ശിപാർശകൾ പരിഗണിച്ചതിനുശേഷമല്ലാതെ രാഷ്ട്രപതി ഈ ഖണ്ഡപ്രകാരം യാതൊരുത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

**276. വൃത്തികൾ, വ്യാപാരങ്ങൾ, പ്രവൃത്തികൾ, ജീവനങ്ങൾ എന്നിവയിൻമേലുള്ള നികുതികൾ**—(1) 246-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും , വൃത്തികളോ വ്യാപാരങ്ങളോ പ്രവൃത്തികളോ ജീവനങ്ങളോ സംബന്ധിച്ച് ഒരു സംസ്ഥാനത്തിൻെറയോ അല്ലെങ്കിൽ അതിനുള്ളിലുള്ള ഒരു മുനിസിപ്പാലിററിയുടെയോ ജില്ലാബോർഡിൻെറയോ തദ്ദേശബോർഡിൻെറയോ അല്ലെങ്കിൽ മററ് തദ്ദേശാധികാരസ്ഥാനത്തിൻെറയോ ഗുണത്തിനായുള്ള നികുതികൾ സംബന്ധിച്ച് ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ യാതൊരു നിയമവും അത് ആദായത്തിൻമേലുള്ള ഒരു നികുതി സംബന്ധിച്ചാണ് എന്ന കാരണത്തിൻമേൽ അസാധുവാകുന്നതല്ല.

(2) ഏതെങ്കിലും ഒരാളെ സംബന്ധിച്ച്, സംസ്ഥാനത്തിനോ അല്ലെങ്കിൽ സംസ്ഥാനത്തെ ഏതെങ്കിലും ഒരു മുനിസിപ്പാലിററിക്കോ ജില്ലാബോർഡിനോ തദ്ദേശബോർഡിനോ അല്ലെങ്കിൽ മററ് തദ്ദേശാധികാരസ്ഥാനത്തിനോ വൃത്തികൾ, വ്യാപാരങ്ങൾ, പ്രവൃത്തികൾ, ജീവനങ്ങൾ എന്നിവയിൻമേൽ നികുതിയായി കൊടുക്കേണ്ട മൊത്ത സംഖ്യ പ്രതിവർഷം [1][രണ്ടായിരത്തി അഞ്ചൂറുരൂപ]യിൽ കവിയുവാൻ പാടുള്ളതല്ല.

[2] * * * * * * *

(3) വൃത്തികൾ, വ്യാപാരങ്ങൾ, പ്രവൃത്തികൾ, ജീവനങ്ങൾ എന്നിവയിൻമേലുള്ള നികുതികൾ സംബന്ധിച്ച് മുൻപറഞ്ഞ വിധം നിയമങ്ങൾ ഉണ്ടാക്കുവാൻ ഒരു സംസ്ഥാനത്തിൻെറ നിയമ നിർമ്മാണമണ്ഡലത്തിനുള്ള അധികാരം, വൃത്തികൾ, വ്യാപാരങ്ങൾ , പ്രവൃത്തികൾ, ജീവനങ്ങൾ എന്നിവയിൽനിന്ന് ഉത്ഭവിക്കുന്നതോ ലഭിക്കുന്നതോ ആയ ആദായത്തിൻമേലുള്ള നികുതികളെ സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കുവാൻ പാർലമെൻറിനുള്ള അധികാരത്തെ ഏതെങ്കിലും വിധം പരിമിതപ്പെടുത്തുന്നതായി കരുതുവാൻ പാടുള്ളതല്ല.

**277. ഒഴിവാക്കലുകൾ**—ഏതെങ്കിലും സംസ്ഥാനത്തെ സർക്കാരോ അല്ലെങ്കിൽ ഏതെങ്കിലും മുനിസിപ്പാലിററിയോ മററ് തദ്ദേശാധികാരസ്ഥാനമോ നികായമോ, ആ സംസ്ഥാനത്തിൻെറയോ അല്ലെങ്കിൽ മുനിസിപ്പാലിററിയുടെയോ ജില്ലയുടെയോ മററു തദ്ദേശപ്രദേശത്തിൻെറയോ ആവശ്യങ്ങൾക്കുവേണ്ടി ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുൻപ് നിയമാനുസരണം ചുമത്തി വന്നിരുന്ന ഏതെങ്കിലും നികുതികളോ, തീരുവകളോ സെസ്സുകളോ, അല്ലെങ്കിൽ ഫീസുകളോ ആ നികുതികളോ തീരുവകളോ സെസ്സുകളോ അല്ലെങ്കിൽ ഫീസുകളോ യൂണിയൻ ലിസ്ററിൽ പറഞ്ഞിട്ടുള്ളവയാണെന്നിരുന്നാലും, പാർലമെൻറ് നിയമം വഴി മറിച്ച് വ്യവസ്ഥയുണ്ടാക്കുന്നതുവരെ, തുടർന്നും ചുമത്താവുന്നതും അതേ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതും ആകുന്നു.

[1] 1988-ലെ ഭരണഘടന (അറുപതാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം "ഇരുന്നൂററി അൻപതു" രൂപ എന്നതിന് പകരം ചേർത്തത്.

[2] മേൽപ്പറഞ്ഞ ആക്ററ്, 2-ാം വകുപ്പുപ്രകാരം പരിമിതി വ്യവസ്ഥ വിട്ടുകളഞ്ഞു.

**278.** *[ധനപരമായ ചില വിഷയങ്ങളിൽ ഒന്നാം പട്ടികയുടെ ഖ ഭാഗത്തിലെ സംസ്ഥാനങ്ങളുമായുള്ള കരാറ്.] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം റദ്ദാക്കി.*

**279. "അററവരവുകളു"ടെ കണക്കുകൂട്ടൽ മുതലായവ**—(1) ഈ അദ്ധ്യായത്തിലെ മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ "അററവരവുകൾ" എന്നതിന് ഏതെങ്കിലും നികുതിയോ തീരുവയോ സംബന്ധിച്ച് അവയിൽ നിന്നുള്ള വരവുകളിൽ, പിരിക്കുവാനുള്ള ചെലവ് കഴിച്ചുള്ളത് എന്നർത്ഥമായിരിക്കുന്നതും, ആ വ്യവസ്ഥകളുടെ ആവശ്യങ്ങൾക്ക് ഏതെങ്കിലും പ്രദേശത്തുള്ളതോ ഉള്ളതായി കൽപ്പിക്കാവുന്നതോ ആയ ഏതെങ്കിലും നികുതിയിൽ നിന്നോ തീരുവയിൽ നിന്നോ അല്ലെങ്കിൽ ഏതെങ്കിലും നികുതിയുടെയോ തീരുവയുടെയോ ഏതെങ്കിലും ഭാഗത്തിൽനിന്നോ ഉള്ള അററവരവുകൾ ഭാരതത്തിൻെറ കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറൽ തിട്ടപ്പെടുത്തേണ്ടതും സാക്ഷ്യപ്പെടുത്തേണ്ടതും അദ്ദേഹത്തിൻെറ സർട്ടിഫിക്കററ് അന്തിമമായിരിക്കുന്നതും ആകുന്നു.

(2) മുൻപറഞ്ഞതിനും ഈ അദ്ധ്യായത്തിലെ പ്രകടമായ മററു വ്യവസ്ഥകൾക്ക് വിധേയമായും, പാർലമെൻറ് ഉണ്ടാക്കുന്ന ഒരു നിയമത്തിലോ അല്ലെങ്കിൽ രാഷ്ട്രപതിയുടെ ഒരു ഉത്തരവിലോ, ഈ ഭാഗപ്രകാരം ഏതെങ്കിലും സംസ്ഥാനത്തിന് ഏതെങ്കിലും തീരുവയിൽ നിന്നോ നികുതിയിൽ നിന്നോ ഉള്ള വരവുകൾ തിരിച്ചുവയ്ക്കുന്നതോ, തിരിച്ചുവയ്ക്കാവുന്നതോ ആയ ഏതെങ്കിലും സംഗതിയിൽ, വരവുകൾ കണക്കുകൂട്ടേണ്ട രീതിയെപ്പററിയും, ഏത് സമയം മുതൽക്കും ഏത് സമയത്ത് ഏത് രീതിയിലും ആണ് ഏതെങ്കിലും പണം കൊടുക്കേണ്ടത് എന്നതിനെപ്പററിയും ഒരു സാമ്പത്തിക വർഷത്തിനും മറെറാരു സാമ്പത്തിക വർഷത്തിനും ഇടയ്ക്ക് ക്രമപ്പെടുത്തുന്നതിനുവേണ്ടിയും സാന്ദർഭികമോ സഹായകമോ ആയ മറേറതെങ്കിലും വിഷയങ്ങൾക്ക് വേണ്ടിയും വ്യവസ്ഥ ചെയ്യാവുന്നതാണ്.

**280. ധനകാര്യക്കമ്മീഷൻ**—(1) ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ രണ്ടുവർഷത്തിനകവും അതിനുശേഷം ഓരോ അഞ്ചാം വർഷത്തിൻെറയും അവസാനവും, അല്ലെങ്കിൽ അതിനുമുൻപ് ആവശ്യമാണെന്ന് രാഷ്ട്രപതി കരുതുന്ന സമയത്ത് രാഷ്ട്രപതി നിയമിക്കുന്ന ഒരു അദ്ധ്യക്ഷനും മററ് നാല് അംഗങ്ങളും അടങ്ങുന്ന ഒരു ധനകാര്യക്കമ്മീഷൻ രാഷ്ട്രപതി ഉത്തരവ് വഴി രൂപീകരിക്കേണ്ടതാണ്.

(2) കമ്മീഷനിൽ അംഗങ്ങളായി നിയമിക്കുന്നതിന് ആവശ്യമായ യോഗ്യതകളും അവരെ തെരഞ്ഞെടുക്കേണ്ട രീതിയും പാർലമെൻറിന് നിയമംവഴി നിശ്ചയിക്കാവുന്നതാണ്.

(3) രാഷ്ട്രപതിക്ക്—

(ക) ഈ അദ്ധ്യായപ്രകാരം യൂണിയനും സംസ്ഥാനങ്ങൾക്കുമിടയിൽ ഭാഗിക്കേണ്ടതോ, ഭാഗിക്കാവുന്നതോ ആയ നികുതികളുടെ അററവരവുകൾ അവയ്ക്കിടയിൽ വീതിക്കുന്നതിനെയും, സംസ്ഥാനങ്ങൾക്കിടയിൽ അങ്ങനെയുള്ള വരവുകളുടെ യഥാക്രമമായ ഓഹരികൾ വിഭജിച്ചുകൊടുക്കുന്നതിനെയും ;

(ഖ) ഭാരതത്തിൻെറ സഞ്ചിതനിധിയിൽ നിന്ന് സംസ്ഥാനങ്ങളുടെ റവന്യൂകൾക്കുള്ള ഔദ്യോഗിക സഹായധനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള തത്ത്വങ്ങളെയും ;

[1][(ഖഖ) സംസ്ഥാനത്തിൻെറ ധനകാര്യക്കമ്മീഷൻെറ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പഞ്ചായത്തുകളുടെ വിഭവങ്ങളിലെ കുറവ് പരിഹരിക്കാൻ ഒരു സംസ്ഥാനത്തിൻെറ സഞ്ചിതനിധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ;]

[2][(ഗ) സംസ്ഥാനത്തിൻെറ ധനകാര്യക്കമ്മീഷൻെറ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുനിസിപ്പാലിററികളുടെ വിഭവങ്ങളുടെ കുറവ് പരിഹരിക്കാൻ ഒരു സംസ്ഥാനത്തിൻെറ സഞ്ചിതനിധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ; ]

[3][(ഘ)] രാഷ്ട്രപതി ധനകാര്യ ഭദ്രതയുടെ താത്പര്യങ്ങൾക്കായി കമ്മീഷൻെറ അഭിപ്രായത്തിന് അയയ്ക്കുന്ന മറേറതെങ്കിലും വിഷയത്തെയും ,

കുറിച്ച് ശിപാർശകൾ സമർപ്പിക്കുന്നത് കമ്മീഷൻെറ കർത്തവ്യമായിരിക്കുന്നതാണ്.

---

1. 1992-ലെ ഭരണഘടന (എഴുപത്തിമൂന്നാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (24-4-1993 മുതൽ പ്രാബല്യം).
2. 1992-ലെ ഭരണഘടന (എഴുപത്തിനാലാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (1-6-1993 മുതൽ പ്രാബല്യം).
3. 1992-ലെ ഭരണഘടന (എഴുപത്തിനാലാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം (ഗ) ഉപഖണ്ഡം (ഘ) ഉപഖണ്ഡമായി അക്ഷരം മാററി (1-6-1993 മുതൽ പ്രാബല്യം).

(4) കമ്മീഷൻ അതിൻെറ നടപടിക്രമം നിശ്ചയിക്കേണ്ടതും അതിൻെറ ചുമതലകളുടെ നിർവ്വഹണത്തിൽ പാർലമെൻറ് നിയമംവഴി അവർക്ക് നൽകുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും ആകുന്നു.

**281. ധനകാര്യക്കമ്മീഷൻെറ ശിപാർശകൾ**—രാഷ്ട്രപതി, ഈ ഭരണഘടനയിലെ വ്യവസ്ഥകൾ പ്രകാരം ധനകാര്യക്കമ്മീഷൻ ചെയ്ത ഏതൊരു ശിപാർശയും അതിൻമേൽ എടുത്തിട്ടുള്ള നടപടിയെക്കുറിച്ച് വിശദീകരണ രൂപത്തിലുള്ള ഒരു വിവരക്കുറിപ്പോടുകൂടി, പാർലമെൻറിൻെറ ഓരോ സഭയുടെയും മുൻപാകെ വയ്പിക്കേണ്ടതാണ്.

## *പലവക ധനകാര്യവ്യവസ്ഥകൾ*

**282. യൂണിയനോ ഒരു സംസ്ഥാനത്തിനോ അതിൻെറ റവന്യൂകളിൽ നിന്ന് നടത്താവുന്ന ചെലവ്**— യൂണിയനോ ഒരു സംസ്ഥാനത്തിനോ ഏതെങ്കിലും പൊതു ആവശ്യത്തിനുവേണ്ടി, ആ ആവശ്യം സംബന്ധിച്ച് പാർലമെൻറിനോ ആ സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിനോ, അതതു സംഗതിപോലെ, നിയമങ്ങൾ ഉണ്ടാക്കാവുന്നതല്ല, എന്നിരുന്നാലും, ഏതെങ്കിലും സഹായധനങ്ങൾ നൽകാവുന്നതാണ്.

**283. സഞ്ചിതനിധികളുടെയും ആകസ്മികനിധികളുടെയും പൊതുക്കണക്കിൽ വരവു വയ്ക്കുന്ന പണത്തിൻെറയും സൂക്ഷിപ്പ് മുതലായവ**—(1) ഭാരതത്തിൻെറ സഞ്ചിതനിധികളുടെയും ഭാരതത്തിൻെറ ആകസ്മിക നിധിയുടെയും സൂക്ഷിപ്പും, ആ നിധികളിൽ പണം അടയ്ക്കുന്നതും അവയിൽനിന്ന് പണം പിൻവലിക്കുന്നതും, ഭാരതത്തിൻെറ സർക്കാരോ സർക്കാരിനുവേണ്ടിയോ സ്വീകരിക്കുന്ന പൊതുപ്പണത്തിൽ അങ്ങനെയുള്ള നിധികളിൽ വരവ് വച്ചിട്ടില്ലാത്തവയുടെ സൂക്ഷിപ്പും, ഭാരതത്തിൻെറ പൊതുക്കണക്കിൽ അവ അടയ്ക്കുന്നതും അങ്ങനെയുള്ള കണക്കിൽനിന്ന് പണം പിൻവലിക്കുന്നതും, മുൻപറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ടതോ അവയ്ക്ക് സഹായകമോ ആയ മറ്റെല്ലാ വിഷയങ്ങളും പാർലമെൻറ് ഉണ്ടാക്കുന്ന നിയമംവഴി ക്രമപ്പെടുത്തേണ്ടതും അതിലേക്ക് അപ്രകാരം വ്യവസ്ഥ ചെയ്യുന്നതുവരെ രാഷ്ട്രപതി ഉണ്ടാക്കുന്ന ചട്ടങ്ങൾവഴി ക്രമപ്പെടുത്തേണ്ടതും ആകുന്നു.

(2) ഒരു സംസ്ഥാനത്തിൻെറ സഞ്ചിതനിധിയുടെയും ഒരു സംസ്ഥാനത്തിൻെറ ആകസ്മിക നിധിയുടെയും സൂക്ഷിപ്പും, ആ നിധികളിൽ പണം അടയ്ക്കുന്നതും അവയിൽനിന്ന് പണം പിൻവലിക്കുന്നതും, ആ സംസ്ഥാനത്തിൻെറ സർക്കാരോ സർക്കാരിനുവേണ്ടിയോ സ്വീകരിക്കുന്ന പൊതുപ്പണത്തിൽ അങ്ങനെയുള്ള നിധികളിൽ വരവ് വച്ചിട്ടില്ലാത്തവയുടെ സൂക്ഷിപ്പും, ആ സംസ്ഥാനത്തിൻെറ പൊതുക്കണക്കിൽ അവ അടയ്ക്കുന്നതും അങ്ങനെയുള്ള കണക്കിൽനിന്ന് പണം പിൻവലിക്കുന്നതും, മുൻപറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ടതോ അവയ്ക്ക് സഹായകമോ ആയ മറ്റെല്ലാ വിഷയങ്ങളും ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കുന്ന നിയമംവഴി ക്രമപ്പെടുത്തേണ്ടതും അതിലേക്ക് അപ്രകാരം വ്യവസ്ഥ ചെയ്യുന്നതുവരെ ആ സംസ്ഥാനത്തെ ഗവർണ്ണർ [1]*** ഉണ്ടാക്കുന്ന ചട്ടങ്ങൾവഴി ക്രമപ്പെടുത്തേണ്ടതും ആകുന്നു.

**284. വ്യവഹാര കക്ഷികളുടെ നിക്ഷേപങ്ങളുടെയും പൊതുജീവനക്കാരോ കോടതികളോ സ്വീകരിക്കുന്ന മററ് പണത്തിൻെറയും സൂക്ഷിപ്പ്**—

(ക) ഭാരതത്തിൻെറ സർക്കാരോ ഒരു സംസ്ഥാനത്തിൻെറ സർക്കാരോ, അതത് സംഗതിപോലെ, സംഭരിക്കുന്നതോ സ്വീകരിക്കുന്നതോ ആയ റവന്യൂകളോ പൊതുപ്പണമോ അല്ലാതെ, യൂണിയൻെറയോ ആ സംസ്ഥാനത്തിൻെറയോ കാര്യങ്ങൾ സംബന്ധിച്ച് ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനാലോ ഉദ്യോഗസ്ഥൻെറ പക്കലോ അദ്ദേഹത്തിൻെറ അങ്ങനെയുള്ള നിലയിൽ, അല്ലെങ്കിൽ

---

[1] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി ) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

(ഖ) ഏതെങ്കിലും കാരണത്തിൻെറയോ വിഷയത്തിൻെറയോ കണക്കിൻെറയോ ആളുകളുടെയോ പേരിൽ ഭാരതത്തിൻെറ ഭൂപ്രദേശത്തിനകത്തുള്ള ഏതെങ്കിലും കോടതിയാലോ കോടതിയിലോ,

സ്വീകരിക്കപ്പെട്ടിട്ടുള്ളതോ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതോ ആയ എല്ലാപണവും ഭാരതത്തിൻെറ പൊതുക്കണക്കിലോ ആ സംസ്ഥാനത്തിൻെറ പൊതുക്കണക്കിലോ, അതതുസംഗതിപോലെ, അടയ്ക്കേണ്ടതാണ്.

**285. സംസ്ഥാന നികുതി ചുമത്തലിൽ നിന്ന് യൂണിയൻെറ വസ്തുവകകളെ ഒഴിവാക്കൽ**—(1) യൂണിയൻെറ വസ്തുവകകൾ, പാർലമെൻറ് നിയമം വഴി മററുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നിടത്തോളം ഒഴികെ, ഒരു സംസ്ഥാനമോ ഒരു സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും അധികാരസ്ഥാനമോ ചുമത്തുന്ന എല്ലാ നികുതികളിൽ നിന്നും ഒഴിവായിരിക്കുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിലെ യാതൊന്നും, പാർലമെൻറ് നിയമംവഴി മററുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ, യൂണിയൻെറ ഏതെങ്കിലും വസ്തുവകകളിൻമേൽ, ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് അങ്ങനെയുള്ള വസ്തുവകകൾ ഏതെങ്കിലും നികുതിക്ക് വിധേയമായിരിക്കുകയോ അഥവാ വിധേയമാണെന്ന നിലയിൽ പെരുമാറിപ്പോന്നിരിക്കുകയോ ചെയ്തിരുന്നാൽ സംസ്ഥാനത്ത് ആ നികുതി ചുമത്തുന്നത് തുടരുന്നിടത്തോളംകാലം ആ നികുതി ചുമത്തുന്നതിൽ നിന്ന് ഒരു സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും അധികാരസ്ഥാനത്തെ തടയുന്നതല്ല.

**286. സാധനങ്ങൾ വാങ്ങുന്നതിൻമേലോ വിൽക്കുന്നതിൻമേലോ നികുതിചുമത്തുന്നതു സംബന്ധിച്ച നിയന്ത്രണം**—(1) ഒരു സംസ്ഥാനത്തെ യാതൊരു നിയമവും, സാധനങ്ങൾ വിൽക്കുന്നതിൻമേലോ വാങ്ങുന്നതിൻമേലോ അങ്ങനെയുള്ള വിൽപ്പനയോ വാങ്ങലോ—

(ക) ആ സംസ്ഥാനത്തിനു പുറത്തോ ; അല്ലെങ്കിൽ

(ഖ) ഭാരതത്തിൻെറ ഭൂപ്രദേശത്തിനുള്ളിലേയ്ക്ക് സാധനങ്ങളുടെ ഇറക്കുമതിയുടെയോ പുറത്തേയ്ക്ക് സാധനങ്ങളുടെ കയററുമതിയുടെയോ ഇടയിലോ,

നടക്കുന്നിടത്ത് ഒരു നികുതി ചുമത്തുകയോ ചുമത്തുന്നതിനു അധികാരപ്പെടുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

[1]* * * * * * *

[2] [ (2) സാധനങ്ങൾ വാങ്ങുന്നതും വിൽക്കുന്നതും (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വിധം നടക്കുന്നത് എപ്പോഴാണ് എന്ന് നിശ്ചയിക്കുന്നതിനുള്ള തത്ത്വങ്ങൾ പാർലമെൻറിന് നിയമംവഴി രൂപീകരിക്കാവുന്നതാണ്.

[3] [ (3) ഒരു സംസ്ഥാനത്തിലെ ഏതെങ്കിലും നിയമം, അത്,—

(ക) അന്തർ സംസ്ഥാന വ്യാപാരത്തിലോ അന്തർ സംസ്ഥാന വാണിജ്യത്തിലോ വിശേഷ പ്രാധാന്യം ഉള്ളതാണെന്ന് പാർലമെൻറ് നിയമംവഴി പ്രഖ്യാപിച്ചിട്ടുള്ള സാധനങ്ങളുടെ വിൽപ്പനയിൻമേലോ വാങ്ങലിൻമേലോ ഒരു നികുതി ; അല്ലെങ്കിൽ

(ഖ) സാധനങ്ങളുടെ വിൽപ്പനയിൻമേലോ വാങ്ങലിൻമേലോ ഒരു നികുതി, 366-ാം അനുച്ഛേദം (29 ക) ഖണ്ഡം (ഖ) ഉപഖണ്ഡത്തിലോ (ഗ) ഉപഖണ്ഡത്തിലോ (ഘ) ഉപഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള സ്വഭാവത്തോടുകൂടിയ ഒരു നികുതി,

---

1. 1956-ലെ ഭരണഘടന (ആറാം ഭേദഗതി ) ആക്ററ്, 4-ാം വകുപ്പുപ്രകാരം (1)-ാം ഖണ്ഡത്തിൻെറ വിശദീകരണം വിട്ടുകളഞ്ഞു.
2. 1956-ലെ ഭരണഘടന (ആറാം ഭേദഗതി) ആക്ററ്, 4-ാം വകുപ്പുപ്രകാരം (2)-ം (3)-ം ഖണ്ഡങ്ങൾക്കുപകരം ചേർത്തത്.
3. 1982-ലെ ഭരണഘടന (നാൽപത്താറാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം (3)-ാം ഖണ്ഡത്തിനു പകരം ചേർത്തത്.

ചുമത്തുകയോ ചുമത്തുവാൻ അധികാരപ്പെടുത്തുകയോ ചെയ്യുന്നിടത്തോളം, ആ നികുതിയുടെ ചുമത്തൽ രീതിയും, നിരക്കുകളും മററ് സാന്ദർഭിക സംഗതികളും സംബന്ധിച്ച് പാർലമെൻറ് നിയമംവഴി നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായിരിക്കുന്നതാണ്.] ]

**287. വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളിൽനിന്ന് ഒഴിവാക്കൽ**—പാർലമെൻറ് നിയമംവഴി മററുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നിടത്തോളം ഒഴികെ, ഒരു സംസ്ഥാനത്തെ യാതൊരു നിയമവും,—

(ക) ഭാരത സർക്കാർ ഉപയോഗിക്കുന്നതോ ഭാരത സർക്കാരിൻെറ ഉപഭോഗത്തിനായി ആ സർക്കാരിന് വിൽക്കുന്നതോ ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും റെയിൽവേയുടെ നിർമ്മാണത്തിലോ സംരക്ഷണത്തിലോ പ്രവർത്തനത്തിലോ ഭാരതസർക്കാരോ ആ റെയിൽവേ പ്രവർത്തിപ്പിക്കുന്ന ഒരു റെയിൽവേ കമ്പനിയോ ഉപയോഗിക്കുന്നതോ, ഏതെങ്കിലും റെയിൽവേയുടെ നിർമ്മാണത്തിലോ സംരക്ഷണത്തിലോ പ്രവർത്തനത്തിലോ ഉള്ള ഉപയോഗത്തിനായി ആ സർക്കാരിനോ അങ്ങനെയുള്ള ഏതെങ്കിലും റെയിൽവേ കമ്പനിക്കോ വിൽക്കുന്നതോ,

ആയ വിദ്യുച്ഛക്തിയുടെ (അത് ഒരു സർക്കാർ ഉൽപ്പാദിപ്പിച്ചതായാലും മററ് ആളുകൾ ഉൽപ്പാദിപ്പിച്ചതായാലും ) ഉപയോഗത്തിൻമേലോ വിൽപ്പനയിൻമേലോ ഉള്ള ഒരു നികുതി ചുമത്താനോ ചുമത്താൻ അധികാരപ്പെടുത്താനോ പാടുള്ളതല്ലാത്തതും, വിദ്യുച്ഛക്തിയുടെ വിൽപ്പനയിൻമേൽ ഒരു നികുതി ചുമത്തുന്നതോ ചുമത്തുവാൻ അധികാരപ്പെടുത്തുന്നതോ ആയ ഏതെങ്കിലും നിയമം, ഭാരതസർക്കാരിൻെറ ഉപയോഗത്തിനുവേണ്ടി ആ സർക്കാരിനോ അല്ലെങ്കിൽ ഏതെങ്കിലും റെയിൽവേയുടെ നിർമ്മാണത്തിലോ സംരക്ഷണത്തിലോ പ്രവർത്തനത്തിലോ ഉള്ള ഉപയോഗത്തിനുവേണ്ടി മുൻപറഞ്ഞ വിധമുള്ള ഏതെങ്കിലും റെയിൽവേ കമ്പനിക്കോ, വിൽക്കുന്ന വിദ്യുച്ഛക്തിയുടെ വില, വിദ്യുച്ഛക്തിയുടെ ഒരു ഗണ്യഭാഗത്തിൻെറ മററ് ഉപഭോക്താക്കളിൽ നിന്ന് വസൂലാക്കുന്ന വിലയെ അപേക്ഷിച്ച് നികുതിയുടെ തുകയോളം കുറവായിരിക്കുമെന്ന് ഉറപ്പുവരുത്തേണ്ടതും ആകുന്നു.

**288. ചില സംഗതികളിൽ വെള്ളമോ വിദ്യുച്ഛക്തിയോ സംബന്ധിച്ച് സംസ്ഥാനങ്ങൾ, നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കൽ**—(1) രാഷ്ട്രപതി ഉത്തരവുവഴി മററു വിധത്തിൽ വ്യവസ്ഥ ചെയ്യുന്നിടത്തോളം ഒഴികെ, ഈ ഭരണഘടനയുടെ പ്രാരംഭത്തിനു തൊട്ടുമുമ്പ് നിലവിലിരുന്ന ഒരു സംസ്ഥാനത്തിൻെറ യാതൊരു നിയമവും ഏതെങ്കിലും അന്തർസംസ്ഥാന നദിയെയോ നദീതടത്തെയോ നിയന്ത്രിക്കുന്നതിനോ വികസിപ്പിക്കുന്നതിനോ വേണ്ടി നിലവിലുള്ള ഏതെങ്കിലും നിയമമോ പാർലമെൻറ് ഉണ്ടാക്കിയ ഏതെങ്കിലും നിയമമോ വഴി സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും അധികാരസ്ഥാനം സംഭരിക്കുകയോ ഉൽപ്പാദിപ്പിക്കുകയോ ഉപയോഗിക്കുകയോ വിതരണം ചെയ്യുകയോ വിൽക്കുകയോ ചെയ്യുന്ന ഏതെങ്കിലും വെള്ളമോ വിദ്യുച്ഛക്തിയോ സംബന്ധിച്ച് ഒരു നികുതി ചുമത്തുകയോ ചുമത്തുവാൻ അധികാരപ്പെടുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

*വിശദീകരണം*— ഈ ഖണ്ഡത്തിൽ "ഒരു സംസ്ഥാനത്തിൻെറ നിലവിലുള്ള നിയമം" എന്ന പ്രയോഗത്തിൽ ഈ ഭരണഘടനയുടെ പ്രാരംഭത്തിനുമുമ്പ് പാസ്സാക്കിയതോ ഉണ്ടാക്കിയതോ ആയതും മുമ്പ് റദ്ദാക്കിയിട്ടില്ലാത്തതും ആയ ഒരു സംസ്ഥാനത്തിൻെറ നിയമം, അത് അല്ലെങ്കിൽ അതിൻെറ ഭാഗങ്ങൾ ഒട്ടുംതന്നെ, അല്ലെങ്കിൽ പ്രത്യേക പ്രദേശങ്ങളിൽ അപ്പോൾ പ്രാബല്യത്തിലില്ല എന്നിരുന്നാലും, ഉൾപ്പെടുന്നതാണ്.

(2) ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിന്, (1)-ാം ഖണ്ഡത്തിൽ പറഞ്ഞ തരത്തിലുള്ള ഏതെങ്കിലും നികുതി, നിയമം വഴി ചുമത്തുകയോ ചുമത്താൻ അധികാരപ്പെടുത്തുകയോ ചെയ്യാവുന്നതും, എന്നാൽ അങ്ങനെയുള്ള യാതൊരു നിയമത്തിനും, അത് രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് നീക്കിവച്ചതിനുശേഷം അദ്ദേഹത്തിൻെറ അനുമതി ലഭിക്കാത്തപക്ഷം, യാതൊരു പ്രഭാവവും ഉണ്ടായിരിക്കുന്നതല്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും നിയമം ആ നിയമപ്രകാരം ഏതെങ്കിലും അധികാരസ്ഥാനം ഉണ്ടാക്കുന്ന ചട്ടങ്ങളാലോ ഉത്തരവുകളാലോ അങ്ങനെയുള്ള നികുതിയുടെ നിരക്കും മററു സാന്ദർഭിക സംഗതികളും നിജപ്പെടുത്താൻ വ്യവസ്ഥ ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള ഏതെങ്കിലും ചട്ടമോ ഉത്തരവോ ഉണ്ടാക്കുന്നതിന് രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള സമ്മതം ലഭിക്കണമെന്ന് ആ നിയമം വ്യവസ്ഥ ചെയ്യേണ്ടതും ആകുന്നു.

**289. യൂണിയന്റെ നികുതിചുമത്തലിൽ നിന്ന് ഒരു സംസ്ഥാനത്തിന്റെ വസ്തുവകകളെയും ആദായത്തെയും ഒഴിവാക്കൽ**—(1) ഒരു സംസ്ഥാനത്തിന്റെ വസ്തുവകകളും ആദായവും യൂണിയന്റെ നികുതി ചുമത്തലിൽ നിന്ന് ഒഴിവായിരിക്കുന്നതാണ്.

(2) ഒരു സംസ്ഥാനത്തിന്റെ സർക്കാരോ സർക്കാരിനുവേണ്ടിയോ നടത്തുന്ന ഏതെങ്കിലും തരം വ്യാപാരമോ ബിസിനസ്സോ അതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവർത്തനങ്ങളോ അല്ലെങ്കിൽ അങ്ങനെയുള്ള വ്യാപാരത്തിന്റെയോ ബിസിനസ്സിന്റെയോ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതെങ്കിലും വസ്തുവകകളോ അതുമായി ബന്ധപ്പെട്ടു ലഭിക്കുന്നതോ ഉത്ഭവിക്കുന്നതോ ആയ ഏതെങ്കിലും ആദായമോ സംബന്ധിച്ച് പാർലമെന്റ്, നിയമംവഴി, എന്തെങ്കിലും വ്യവസ്ഥ ചെയ്യുന്നുവെങ്കിൽ, അങ്ങനെ ചെയ്യുന്നിടത്തോളം ഏതെങ്കിലും നികുതി ചുമത്തുകയോ ചുമത്തുവാൻ അധികാരപ്പെടുത്തുകയോ ചെയ്യുന്നതിൽനിന്ന് (1)-ാം ഖണ്ഡത്തിലെ യാതൊന്നും യൂണിയനെ തടയുന്നതല്ല.

(3) (2)-ാം ഖണ്ഡത്തിലെ യാതൊന്നും പാർലമെന്റ്, നിയമംവഴി, സർക്കാരിന്റെ സാധാരണ ചുമതലകൾക്ക് സാന്ദർഭികമാണെന്ന് പ്രഖ്യാപിക്കുന്ന ഏതെങ്കിലും വ്യാപാരത്തിനോ ബിസിനസ്സിനോ അല്ലെങ്കിൽ ഏതെങ്കിലും തരം വ്യാപാരത്തിനോ ബിസിനസ്സിനോ ബാധകമാകുന്നതല്ല.

**290. ചില ചെലവുകളും പെൻഷനും സംബന്ധിച്ച ക്രമപ്പെടുത്തൽ**—ഈ ഭരണഘടനയിലെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും കോടതിയുടെയോ കമ്മീഷന്റെയോ ചെലവുകളും, ഈ ഭരണഘടനയുടെ പ്രാരംഭത്തിനുമുമ്പ് ഭാരതത്തിൽ ബ്രിട്ടീഷ് രാജാധികാരത്തിന് കീഴിലോ അല്ലെങ്കിൽ അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം, യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കാര്യങ്ങളുമായി ബന്ധപ്പെട്ട് സേവനം അനുഷ്ഠിച്ചിട്ടുള്ള ഒരാൾക്കോ, ആ ആളെ സംബന്ധിച്ചോ കൊടുക്കേണ്ട പെൻഷനും ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്നോ നടത്തേണ്ട ചെലവായിരിക്കുന്നിടത്ത്—

(ക) ഭാരതത്തിന്റെ സഞ്ചിതനിധിയിൽനിന്നു ചെലവു നടത്തേണ്ട സംഗതിയിൽ, ആ കോടതിയോ കമ്മീഷനോ ഒരു സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങളിലേതെങ്കിലും നിറവേററുന്നുണ്ടെങ്കിലോ അല്ലെങ്കിൽ ആ ആൾ ഒരു സംസ്ഥാനത്തിന്റെ കാര്യങ്ങൾ സംബന്ധിച്ച് പൂർണ്ണമായോ ഭാഗികമായോ സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിലോ; അല്ലെങ്കിൽ,

(ഖ) ഒരു സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നു ചെലവു നടത്തേണ്ട സംഗതിയിൽ, ആ കോടതിയോ കമ്മീഷനോ യൂണിയന്റെയോ മററൊരു സംസ്ഥാനത്തിന്റെയോ പ്രത്യേക ആവശ്യങ്ങളിൽ ഏതെങ്കിലും നിറവേററുന്നുണ്ടെങ്കിലോ അല്ലെങ്കിൽ ആ ആൾ യൂണിയന്റെയോ മററൊരു സംസ്ഥാനത്തിന്റെയോ കാര്യങ്ങൾ സംബന്ധിച്ച് പൂർണ്ണമായോ ഭാഗികമായോ സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിലോ,

ആ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൻമേലോ അല്ലെങ്കിൽ ഭാരതത്തിന്റെ സഞ്ചിതനിധിയിൻമേലോ, അല്ലെങ്കിൽ മറേറ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൻമേലോ, അതതുസംഗതിപോലെ, ആ ചെലവുകളും പെൻഷനും സംബന്ധിച്ച് അന്യോന്യം സമ്മതിക്കുന്നതോ സമ്മതത്തിന്റെ അഭാവത്തിൽ ഭാരതത്തിന്റെ ചീഫ് ജസ്ററിസ് നിയമിക്കുന്ന ഒരു മദ്ധ്യസ്ഥൻ നിശ്ചയിക്കുന്നതോ ആയ അങ്ങനെയുള്ള അംശദായം ബാദ്ധ്യതപ്പെട്ടിരിക്കുന്നതും അങ്ങനെയുള്ള സഞ്ചിതനിധിയിൽനിന്ന് നൽകപ്പെടേണ്ടതും ആകുന്നു.

[1][**290 ക. ചില ദേവസ്വം നിധികളിലേക്ക് വർഷന്തോറും പണം കൊടുക്കുന്നത്**—ഓരോ വർഷവും നാല്പത്താറുലക്ഷത്തിഅൻപതിനായിരം രൂപ കേരള സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൻമേൽ ബാദ്ധ്യതപ്പെട്ടിരിക്കുന്നതും അതിൽ നിന്നു തിരുവിതാംകൂർ ദേവസ്വം നിധിയിലേക്ക് നൽകപ്പെടേണ്ടതും, ഓരോ വർഷവും പതിമൂന്നുലക്ഷത്തിഅൻപതിനായിരം രൂപ [2] [തമിഴ്നാട്] സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൻമേൽ ബാദ്ധ്യതപ്പെട്ടിരിക്കുന്നതും അതിൽനിന്ന് 1956 നവംബർ ഒന്നാം ദിവസം ആ സംസ്ഥാനത്തേക്ക് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുനിന്ന് കൈമാററം ചെയ്ത ഭൂപ്രദേശങ്ങളിലെ ഹിന്ദുക്ഷേത്രങ്ങളുടെയും ആരാധനാസ്ഥലങ്ങളുടെയും സംരക്ഷണത്തിന് ആ സംസ്ഥാനത്തു സ്ഥാപിച്ചിട്ടുള്ള ദേവസ്വം നിധിയിലേക്ക് നൽകപ്പെടേണ്ടതും ആകുന്നു.]

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 19-ാം വകുപ്പുപ്രകാരം ചേർത്തത്.
2. 1968-ലെ മദ്രാസ് സംസ്ഥാനം (പേരുമാററൽ) ആക്ററ് (1968-ലെ 53), 4-ാം വകുപ്പുപ്രകാരം "മദ്രാസ്" എന്നതിനു പകരം ചേർത്തത് (14-4-1969 മുതൽ പ്രാബല്യം).

**291.** *[ഭരണാധികാരികളുടെ പ്രിവിപഴ്സ് തുകകൾ.] 1971-ലെ ഭരണഘടന (ഇരുപത്താറാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം റദ്ദാക്കി.*

## അദ്ധ്യായം II—കടമെടുപ്പ്

**292. ഭാരത സർക്കാരിന്റെ കടമെടുപ്പ്**—പാർലമെന്റ് അപ്പോഴപ്പോൾ നിയമംവഴി നിജപ്പെടുത്താവുന്ന പരിധികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അങ്ങനെയുള്ള പരിധികൾക്കുള്ളിൽ ഭാരതത്തിന്റെ സഞ്ചിതനിധിയുടെ ഈടിൻമേൽ കടമെടുക്കുന്നതിലേക്കും അപ്രകാരം നിജപ്പെടുത്തിയ അങ്ങനെയുള്ള ഏതെങ്കിലും പരിധികളുണ്ടെങ്കിൽ, അതിനുള്ളിൽ ഉറപ്പുകൾ നൽകുന്നതിലേക്കും യൂണിയന്റെ നിർവ്വാഹകാധികാരം വ്യാപിക്കുന്നതാണ്.

**293. സംസ്ഥാനങ്ങളുടെ കടമെടുപ്പ്**—(1) ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്കു വിധേയമായി, ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം അപ്പോഴപ്പോൾ നിയമം വഴി നിജപ്പെടുത്താവുന്ന പരിധികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അങ്ങനെയുള്ള പരിധികൾക്കുള്ളിൽ, സംസ്ഥാനത്തിന്റെ സഞ്ചിതനിധിയുടെ ഈടിൻമേൽ, ഭാരതത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ കടമെടുക്കുന്നതിലേക്കും അപ്രകാരം നിജപ്പെടുത്തിയ അങ്ങനെയുള്ള ഏതെങ്കിലും പരിധികളുണ്ടെങ്കിൽ, അതിനുള്ളിൽ ഉറപ്പുകൾ നൽകുന്നതിലേക്കും ഒരു സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരം വ്യാപിക്കുന്നതാണ്.

(2) ഭാരതസർക്കാരിന്, പാർലമെന്റ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തിലോ നിയമപ്രകാരമോ വ്യവസ്ഥ ചെയ്യുന്ന അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായി ഏതെങ്കിലും സംസ്ഥാനത്തിന് കടം കൊടുക്കുകയോ, അല്ലെങ്കിൽ 292-ാം അനുച്ഛേദപ്രകാരം നിജപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും പരിധികൾ കവിയാത്തിടത്തോളം, ഏതെങ്കിലും സംസ്ഥാനം എടുത്തിട്ടുള്ള കടങ്ങൾ സംബന്ധിച്ച് ഉറപ്പുകൾ നൽകുകയോ ചെയ്യാവുന്നതും, അങ്ങനെയുള്ള കടങ്ങൾ കൊടുക്കുന്നതിന് ആവശ്യമുള്ള ഏതെങ്കിലും തുകകൾ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ ബാദ്ധ്യതപ്പെട്ടിരിക്കുന്നതും ആകുന്നു.

(3) ഒരു സംസ്ഥാനത്തിന്, ഭാരത സർക്കാരോ അതിന്റെ മുൻഗാമി സർക്കാരോ, ആ സംസ്ഥാനത്തിന് നൽകിയിട്ടുള്ള ഒരു കടത്തിന്റെയോ അല്ലെങ്കിൽ ഭാരത സർക്കാരോ അതിന്റെ മുൻഗാമി സർക്കാരോ ഉറപ്പ് നൽകിയിട്ടുള്ള ഒരു കടത്തിന്റെയോ ഏതെങ്കിലും ഭാഗം അപ്പോഴും കൊടുത്തു തീർക്കേണ്ടതായിട്ടുണ്ടെങ്കിൽ ഭാരതസർക്കാരിന്റെ സമ്മതം കൂടാതെ ഏതെങ്കിലും കടം എടുക്കാവുന്നതല്ല.

(4) ചുമത്തുന്നത് യുക്തമെന്ന് ഭാരതസർക്കാർ കരുതാവുന്ന അങ്ങനെയുള്ള ഉപാധികൾ വല്ലതുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമായി (3)-ാം ഖണ്ഡപ്രകാരമുള്ള ഒരു സമ്മതം നൽകാവുന്നതാണ്.

## അദ്ധ്യായം III—സ്വത്ത്, കരാറുകൾ, അവകാശങ്ങൾ, ബാദ്ധ്യതകൾ, കടപ്പാടുകൾ, വ്യവഹാരങ്ങൾ

**294. ചില സംഗതികളിൽ സ്വത്ത്, ആസ്തികൾ, അവകാശങ്ങൾ, ബാദ്ധ്യതകൾ, കടപ്പാടുകൾ എന്നിവയ്ക്കുള്ള പിൻതുടർച്ചാവകാശം**—ഈ ഭരണഘടനയുടെ പ്രാരംഭം മുതൽക്ക്, ഈ ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ്, പാകിസ്ഥാൻ ഡൊമിനിയനോ പശ്ചിമ ബംഗാൾ, പൂർവ്വ ബംഗാൾ, പശ്ചിമ പഞ്ചാബ്, പൂർവ്വ പഞ്ചാബ് എന്നീ പ്രവിശ്യകളോ സൃഷ്ടിച്ചതുകാരണം ഉണ്ടാക്കിയിട്ടുള്ളതോ ഉണ്ടാക്കേണ്ടതോ ആയ ഏതെങ്കിലും ക്രമപ്പെടുത്തലിന് വിധേയമായി—

(ക) അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് ഇൻഡ്യാ ഡൊമിനിയൻ സർക്കാരിന്റെ ആവശ്യങ്ങൾക്ക് വേണ്ടി ചക്രവർത്തിയിൽ നിക്ഷിപ്തമായിരുന്ന എല്ലാ സ്വത്തുക്കളും, ആസ്തികളും അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് ഓരോ ഗവർണ്ണർ-പ്രവിശ്യയിലേയും സർക്കാരിന്റെ ആവശ്യങ്ങൾക്കുവേണ്ടി ചക്രവർത്തിയിൽ നിക്ഷിപ്തമായിരുന്ന എല്ലാ സ്വത്തുക്കളും, ആസ്തികളും യഥാക്രമം യൂണിയനിലും തൽസ്ഥാനത്തുള്ള സംസ്ഥാനത്തിലും നിക്ഷിപ്തമാകുന്നതും,

(ഖ) ഇൻഡ്യാ ഡൊമിനിയൻ സർക്കാരിന്റെയും ഓരോ ഗവർണ്ണർ-പ്രവിശ്യയിലെ സർക്കാരിന്റെയും എല്ലാ അവകാശങ്ങളും ബാദ്ധ്യതകളും കടപ്പാടുകളും, അവ ഏതെങ്കിലും കരാറിൽ നിന്നോ മററുവിധത്തിലോ ഉത്ഭവിച്ചിട്ടുള്ളവയായാലും യഥാക്രമം ഭാരത സർക്കാരിന്റെയും തൽസ്ഥാനത്തുള്ള ഓരോ സംസ്ഥാനത്തിന്റെയും അവകാശങ്ങളും ബാദ്ധ്യതകളും കടപ്പാടുകളും ആയിരിക്കുന്നതും,

ആകുന്നു.

**295. മററു സംഗതികളിൽ സ്വത്ത്, ആസ്തികൾ, അവകാശങ്ങൾ, ബാദ്ധ്യതകൾ, കടപ്പാടുകൾ എന്നിവയ്ക്കുള്ള പിൻതുടർച്ചാവകാശം**—(1) ഈ ഭരണഘടനയുടെ പ്രാരംഭം മുതൽക്ക്—

(ക) അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് ഒന്നാം പട്ടികയിലെ ഖ ഭാഗത്ത് പറഞ്ഞിട്ടുള്ള ഒരു സംസ്ഥാനത്തിന്റെ തൽസ്ഥാനീയമായ ഏതെങ്കിലും നാട്ടുരാജ്യത്തിൽ നിക്ഷിപ്തമായിരുന്ന എല്ലാ സ്വത്തുക്കളും, ആസ്തികളും, അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് അങ്ങനെയുള്ള സ്വത്തുക്കളും, ആസ്തികളും കൈവശം വച്ചുകൊണ്ടിരുന്നത് ഏതാവശ്യങ്ങൾക്കുവേണ്ടിയാണോ , ആ ആവശ്യങ്ങൾ അതിനുശേഷം യൂണിയൻ ലിസ്ററിൽ എണ്ണിപ്പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഷയങ്ങൾ സംബന്ധിച്ച് യൂണിയന്റെ ആവശ്യങ്ങളാകുന്നതാണെങ്കിൽ, യൂണിയനിൽ നിക്ഷിപ്തമാകുന്നതും ;

(ഖ) ഒന്നാം പട്ടികയിലെ ഖ ഭാഗത്ത് പറഞ്ഞിട്ടുള്ള ഒരു സംസ്ഥാനത്തിന്റെ തൽസ്ഥാനീയമായ ഏതെങ്കിലും നാട്ടുരാജ്യത്തിലെ സർക്കാരിന്റെ എല്ലാ അവകാശങ്ങളും ബാദ്ധ്യതകളും കടപ്പാടുകളും, അവ ഏതെങ്കിലും കരാറിൽ നിന്നോ മററു വിധത്തിലോ ഉത്ഭവിച്ചിട്ടുള്ളവയായാലും, അങ്ങനെയുള്ള പ്രാരംഭത്തിന് മുമ്പ് അങ്ങനെയുള്ള അവകാശങ്ങൾ ആർജ്ജിക്കുകയും അങ്ങനെയുള്ള ബാദ്ധ്യതകൾക്കോ കടപ്പാടുകൾക്കോ പാത്രമാവുകയും ചെയ്തിട്ടുള്ളത്, ഏതാവശ്യങ്ങൾക്കുവേണ്ടിയാണോ ആ ആവശ്യങ്ങൾ അതിനുശേഷം യൂണിയൻ ലിസ്ററിൽ എണ്ണിപ്പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഷയങ്ങൾ സംബന്ധിച്ച് ഭാരതസർക്കാരിന്റെ ആവശ്യങ്ങളാകുന്നതാണെങ്കിൽ ഭാരതസർക്കാരിന്റെ അവകാശങ്ങളും, ബാദ്ധ്യതകളും, കടപ്പാടുകളും ആയിരിക്കുന്നതും,

അത് ഭാരത സർക്കാർ ആ സംസ്ഥാനത്തെ സർക്കാരുമായി അതു സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള ഉടമ്പടികൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

(2) മുൻപറഞ്ഞതിന് വിധേയമായി ഒന്നാം പട്ടികയിലെ ഖ ഭാഗത്ത് പറഞ്ഞിട്ടുള്ള ഓരോ സംസ്ഥാനത്തിൻെറയും സർക്കാർ, ഈ ഭരണഘടനയുടെ പ്രാരംഭം മുതൽക്ക് (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ളതല്ലാതെയുള്ള എല്ലാ സ്വത്തുക്കളും, ആസ്തികളും എല്ലാ അവകാശങ്ങളും ബാദ്ധ്യതകളും കടപ്പാടുകളും സംബന്ധിച്ച്, അവ ഏതെങ്കിലും കരാറിൽനിന്നോ മററു വിധത്തിലോ ഉത്ഭവിച്ചിട്ടുള്ളവയായാലും, തൽസ്ഥാനത്തുള്ള നാട്ടുരാജ്യസർക്കാരിൻെറ പിൻതുടർച്ചാവകാശി ആയിരിക്കുന്നതാണ്.

**296. അന്യം നിന്നോ കാലഹരണം കൊണ്ടോ ഉടമയില്ലാത്ത നിലയിലോ ലഭിക്കുന്ന വസ്തു**—ഇതിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ളതിന് വിധേയമായി, ഈ ഭരണഘടന പ്രവർത്തനത്തിൽ വന്നിട്ടില്ലായിരുന്നുവെങ്കിൽ ഭാരതത്തിൻെറ ഭൂപ്രദേശത്തുള്ള ഏതെങ്കിലും വസ്തു ചക്രവർത്തിക്കോ ഒരു നാട്ടുരാജ്യത്തിൻെറ ഭരണാധികാരിക്കോ, അതതു സംഗതിപോലെ, അന്യം നിന്നതു കൊണ്ടോ കാലഹരണം കൊണ്ടോ അവകാശമുള്ള ഉടമസ്ഥൻെറ അഭാവം മൂലം ഉടമയില്ലാത്ത വസ്തു എന്ന നിലയിലോ ലഭിക്കുമായിരുന്നുവെങ്കിൽ, അത് ഒരു സംസ്ഥാനത്തിനകത്ത് സ്ഥിതി ചെയ്യുന്ന വസ്തുവാണെങ്കിൽ ആ സംസ്ഥാനത്തിലും മറേറതെങ്കിലും സംഗതിയിൽ യൂണിയനിലും നിക്ഷിപ്തമാകുന്നതാണ്:

എന്നാൽ, ഏതെങ്കിലും വസ്തു ചക്രവർത്തിക്കോ ഒരു നാട്ടുരാജ്യത്തിൻെറ ഭരണാധികാരിക്കോ അപ്രകാരം ലഭിക്കുമായിരുന്ന തീയതിക്ക് അത് ഭാരതസർക്കാരിൻെറയോ ഒരു സംസ്ഥാന സർക്കാരിൻെറയോ കൈവശത്തിലോ നിയന്ത്രണത്തിലോ ആയിരുന്നുവെങ്കിൽ, അത് അപ്പോൾ ഏത് ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവരികയോ കൈവശം വയ്ക്കുകയോ ചെയ്തിരുന്നുവോ, ആ ആവശ്യങ്ങൾ യൂണിയൻെറതോ ഒരു സംസ്ഥാനത്തിൻെറതോ ആയിരുന്നത് എന്നതനുസരിച്ച്, യൂണിയനിലോ ആ സംസ്ഥാനത്തിലോ നിക്ഷിപ്തമാകുന്നതാണ്.

*വിശദീകരണം*-ഈ അനുച്ഛേദത്തിൽ " ഭരണാധികാരി " എന്നും " നാട്ടുരാജ്യം " എന്നും ഉള്ള പ്രയോഗങ്ങൾക്ക് 363-ാം അനുച്ഛേദത്തിലെ അർത്ഥം തന്നെ ഉണ്ടായിരിക്കുന്നതാണ്.

[1][**297. പ്രാദേശിക ജലാതിർത്തിയിലോ കോൺടിനെൻറൽ ഷെൽഫിനോ ഉള്ളിൽ സ്ഥിതി ചെയ്യുന്ന മൂല്യമുള്ള സാധനങ്ങളും അനന്യ സാമ്പത്തികമേഖലയുടെ വിഭവങ്ങളും യൂണിയനിൽ നിക്ഷിപ്തമാകുമെന്ന്**—(1) ഭാരതത്തിൻെറ പ്രാദേശിക ജലാതിർത്തിയുടെയോ കോണ്ടിനെൻറൽ ഷെൽഫിൻെറയോ അനന്യ സാമ്പത്തിക മേഖലയുടെയോ ഉള്ളിലായി സമുദ്രത്തിനടിയിൽ കിടക്കുന്ന എല്ലാ ഭൂമികളും ഖനിജങ്ങളും മൂല്യമുള്ള മററ് സാധനങ്ങളും യൂണിയനിൽ നിക്ഷിപ്തമാകുന്നതും, യൂണിയൻെറ ആവശ്യങ്ങൾക്കായി കൈവശംവയ്ക്കേണ്ടതും ആകുന്നു.

(2) ഭാരതത്തിൻെറ അനന്യ സാമ്പത്തിക മേഖലയിലെ മററെല്ലാ വിഭവങ്ങളും യൂണിയനിൽ നിക്ഷിപ്തമാകുന്നതും, യൂണിയൻെറ ആവശ്യങ്ങൾക്കായി കൈവശം വയ്ക്കേണ്ടതും ആകുന്നു.

(3) ഭാരതത്തിൻെറ പ്രാദേശിക ജലാതിർത്തിയുടെയും കോൺടിനെൻറൽ ഷെൽഫിൻെറയും അനന്യ സാമ്പത്തിക മേഖലയുടെയും മററ് സമുദ്ര മേഖലയുടെയും അതിർത്തികൾ പാർലമെൻറ്, ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ അപ്പോഴപ്പോൾ നിർദ്ദേശിക്കാവുന്ന വിധം ആയിരിക്കുന്നതാണ്.]

[2][ **298. വ്യാപാരം മുതലായവ നടത്തുന്നതിനുള്ള അധികാരം**—യൂണിയൻെറയും ഓരോ സംസ്ഥാനത്തിൻെറയും നിർവ്വാഹകാധികാരം, ഏതെങ്കിലും വ്യാപാരമോ ബിസിനസ്സോ നടത്തുന്നതിലേക്കും, വസ്തുവിൻെറ ആർജ്ജനം, കൈവശം വയ്ക്കൽ, കൈയൊഴിയൽ, എന്നിവയിലേക്കും ഏതെങ്കിലും ആവശ്യത്തിന് കരാറുകൾ ഉണ്ടാക്കുന്നതിലേക്കും, വ്യാപിക്കുന്നതാണ്:

എന്നാൽ—

---

1 1976-ലെ ഭരണഘടന (നാൽപ്പതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം 297-ാം അനുച്ഛേദത്തിനു പകരം ചേർത്തത് (27-5-1976 മുതൽ പ്രാബല്യം).

2 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 20-ാം വകുപ്പു പ്രകാരം 298-ാം അനുച്ഛേദത്തിനു പകരം ചേർത്തത്.

(ക) യൂണിയൻെറ മേൽപ്പറഞ്ഞ നിർവ്വാഹകാധികാരം അങ്ങനെയുള്ള വ്യാപാരമോ ബിസിനസ്സോ അല്ലെങ്കിൽ അങ്ങനെയുള്ള ആവശ്യമോ അതു സംബന്ധിച്ച് പാർലമെൻറിനു നിയമങ്ങൾ ഉണ്ടാക്കാവുന്ന ഒന്നല്ലാത്തിടത്തോളം ഓരോ സംസ്ഥാനത്തും ആ സംസ്ഥാനത്തിൻെറ നിയമനിർമ്മാണത്തിന് വിധേയമായിരിക്കുന്നതാണ് ; കൂടാതെ

(ഖ) ഓരോ സംസ്ഥാനത്തിൻെറയും മേൽപ്പറഞ്ഞ നിർവ്വാഹകാധികാരം അങ്ങനെയുള്ള വ്യാപാരമോ ബിസിനസ്സോ അല്ലെങ്കിൽ അങ്ങനെയുള്ള ആവശ്യമോ അതു സംബന്ധിച്ച് സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന് നിയമങ്ങൾ ഉണ്ടാക്കാവുന്ന ഒന്നല്ലാത്തിടത്തോളം പാർലമെൻറിൻെറ നിയമനിർമ്മാണത്തിന് വിധേയമായിരിക്കുന്നതാണ്.]

**299. കരാറുകൾ**—(1) യൂണിയൻെറയോ ഒരു സംസ്ഥാനത്തിൻെറയോ നിർവ്വാഹകാധികാരം പ്രയോഗിച്ച് ഉണ്ടാക്കുന്ന എല്ലാ കരാറുകളും രാഷ്ട്രപതിയോ ആ സംസ്ഥാനത്തിൻെറ ഗവർണ്ണറോ, [1]*** അതതുസംഗതിപോലെ, ഉണ്ടാക്കിയതാണെന്ന് പറഞ്ഞിരിക്കേണ്ടതും, അധികാരം പ്രയോഗിച്ച് ഉണ്ടാക്കിയ അങ്ങനെയുള്ള എല്ലാ കരാറുകളും വസ്തുവിൻെറ എല്ലാ കൈമാററക്കരണങ്ങളും രാഷ്ട്രപതിക്കോ ഗവർണ്ണർക്കോ [1]*** വേണ്ടി അദ്ദേഹം നിർദ്ദേശിക്കുകയോ അധികാരപ്പെടുത്തുകയോ ചെയ്യുന്ന അങ്ങനെയുള്ള ആളുകളാലും അങ്ങനെയുള്ള വിധത്തിലും ഒപ്പിട്ട് പൂർത്തീകരിക്കേണ്ടതും ആകുന്നു.

(2) രാഷ്ട്രപതിയോ ഗവർണ്ണറോ, [2]*** ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്കുവേണ്ടിയോ ഭാരതസർക്കാരിനെ സംബന്ധിച്ച് ഇതുവരെ പ്രാബല്യത്തിലിരുന്ന ഏതെങ്കിലും നിയമത്തിൻെറ ആവശ്യങ്ങൾക്കുവേണ്ടിയോ ഉണ്ടാക്കുന്നതോ ഒപ്പിട്ട് പൂർത്തീകരിക്കുന്നതോ ആയ ഏതെങ്കിലും കരാറോ, കൈമാററക്കരണമോ സംബന്ധിച്ച്, വ്യക്തിപരമായി ബാദ്ധ്യസ്ഥനാകുന്നതല്ലാത്തതും, അവരിൽ ആർക്കെങ്കിലും വേണ്ടി അങ്ങനെ ഒരു കരാറോ കൈമാററക്കരണമോ ഉണ്ടാക്കുകയോ ഒപ്പിട്ട് പൂർത്തീകരിക്കുകയോ ചെയ്യുന്ന യാതൊരാളും അത് സംബന്ധിച്ച് വ്യക്തിപരമായി ബാദ്ധ്യസ്ഥനാകുന്നതല്ലാത്തതും ആകുന്നു.

**300. വ്യവഹാരങ്ങളും നടപടികളും**—(1) ഇൻഡ്യാ യൂണിയൻ എന്ന പേരിൽ ഭാരതസർക്കാരിന് വ്യവഹരിക്കാവുന്നതും വ്യവഹരിക്കപ്പെടാവുന്നതും, ഒരു സംസ്ഥാനത്തിൻെറ സർക്കാരിന് ആ സംസ്ഥാനത്തിൻെറ പേരിൽ വ്യവഹരിക്കാവുന്നതും വ്യവഹരിക്കപ്പെടാവുന്നതും, ഈ ഭരണഘടന നൽകുന്ന അധികാരങ്ങളുടെ ബലത്തിൽ പാർലമെൻേറാ അങ്ങനെയുള്ള സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലമോ ഉണ്ടാക്കാവുന്ന നിയമങ്ങളിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിധേയമായി, ഈ ഭരണഘടന ഉണ്ടാക്കിയിട്ടില്ലായിരിന്നുവെങ്കിൽ ഇൻഡ്യാ ഡൊമിനിയനും സംസ്ഥാനങ്ങളിലെ തത്സ്ഥാനീയ പ്രവിശ്യകളോ തത്സ്ഥാനീയ നാട്ടുരാജ്യങ്ങളോ വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യുമായിരുന്ന സംഗതികളിൽ, അവയുടെ യഥാക്രമമായ കാര്യങ്ങൾ സംബന്ധിച്ച് വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യാവുന്നതും ആകുന്നു.

(2) ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ—

(ക) ഇൻഡ്യാ ഡൊമിനിയൻ കക്ഷിയായുള്ള ഏതെങ്കിലും നിയമനടപടികൾ നിലവിലുണ്ടെങ്കിൽ ആ നടപടികളിൽ, ഡൊമിനിയന് പകരം ഇൻഡ്യാ യൂണിയനെ ചേർത്തതായി കരുതേണ്ടതും ;

(ഖ) ഒരു പ്രവിശ്യയോ ഒരു നാട്ടുരാജ്യമോ കക്ഷിയായുള്ള ഏതെങ്കിലും നിയമനടപടികൾ നിലവിലുണ്ടെങ്കിൽ ആ നടപടികളിൽ ആ പ്രവിശ്യയ്ക്കോ ആ നാട്ടുരാജ്യത്തിനോ പകരം തൽസ്ഥാനത്തുള്ള സംസ്ഥാനത്തെ ചേർത്തതായി കരുതേണ്ടതും,

ആകുന്നു.

---

[1] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം " അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

[2] മേൽപ്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം " രാജപ്രമുഖനോ" എന്ന വാക്ക് വിട്ടുകളഞ്ഞു.

## [1][അദ്ധ്യായം IV—സ്വത്തിനുള്ള അവകാശം

**300 ക. നിയമം അധികാരപ്പെടുത്തിയാലല്ലാതെ ആളുകളുടെ സ്വത്തവകാശം എടുത്തുകളയരുതെന്ന്**—നിയമം അധികാരപ്പെടുത്തിയാലല്ലാതെ യാതൊരാളുടെയും സ്വത്തവകാശം എടുത്തുകളയാവുന്നതല്ല.]

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തി നാലാം ഭേദഗതി) ആക്റ്റ്, 34-ാം വകുപ്പു പ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

## ഭാഗം XIII
## ഭാരതത്തിൻെറ ഭൂപ്രദേശത്തിനകത്തെ വ്യാപാരവും വാണിജ്യവും പരസ്പരസമ്പർക്കവും

**301. വ്യാപാരത്തിനും വാണിജ്യത്തിനും പരസ്പരസമ്പർക്കത്തിനുമുള്ള സ്വാതന്ത്ര്യം**—ഈ ഭാഗത്തിലെ മററു വ്യവസ്ഥകൾക്ക് വിധേയമായി, ഭാരതത്തിൻെറ ഭൂപ്രദേശത്ത് എവിടെയും വ്യാപാരവും വാണിജ്യവും പരസ്പരസമ്പർക്കവും സ്വതന്ത്രമായിരിക്കുന്നതാണ്.

**302. വ്യാപാരത്തിൻമേലും വാണിജ്യത്തിൻമേലും പരസ്പരസമ്പർക്കത്തിൻമേലും നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ പാർലമെൻറിനുള്ള അധികാരം**—പാർലമെൻറിന്, ഒരു സംസ്ഥാനവും മററാരു സംസ്ഥാനവും തമ്മിലോ ഭാരതത്തിൻെറ ഭൂപ്രദേശത്തിനകത്ത് ഏതെങ്കിലും ഭാഗത്തോ വ്യാപാരത്തിനോ വാണിജ്യത്തിനോ പരസ്പര സമ്പർക്കത്തിനോ ഉള്ള സ്വാതന്ത്ര്യത്തിൻമേൽ പൊതു താൽപര്യത്തിന് ആവശ്യമായ അങ്ങനെയുള്ള നിയന്ത്രണങ്ങൾ, നിയമം വഴി ഏർപ്പെടുത്താവുന്നതാണ്.

**303. വ്യാപാരവും വാണിജ്യവും സംബന്ധിച്ച് യൂണിയൻെറയും സംസ്ഥാനങ്ങളുടെയും നിയമനിർമ്മാണാധികാരത്തിൻമേൽ നിയന്ത്രണങ്ങൾ**—(1) 302-ാം അനുച്ഛേദത്തിൽ എന്തു തന്നെ ആയിരുന്നാലും, പാർലമെൻറിനോ ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിനോ ഏഴാം പട്ടികയിലുള്ള ഏതെങ്കിലും ലിസ്ററുകളിലെ വ്യാപാരത്തെയും വാണിജ്യത്തെയും സംബന്ധിക്കുന്ന ഏതെങ്കിലും ഉൾക്കുറിപ്പിൻെറ ബലത്തിൽ, ഒരു സംസ്ഥാനത്തിന് മററൊന്നിനെ അപേക്ഷിച്ച് എന്തെങ്കിലും മുൻഗണന നൽകുകയോ നൽകുവാൻ അധികാരപ്പെടുത്തുകയോ, അല്ലെങ്കിൽ ഒരു സംസ്ഥാനത്തിനും മററൊന്നിനും ഇടയ്ക്ക് എന്തെങ്കിലും വിവേചനം കാണിക്കുകയോ കാണിക്കുവാൻ അധികാരപ്പെടുത്തുകയോ ചെയ്യുന്ന ഏതെങ്കിലും നിയമം ഉണ്ടാക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതല്ല.

(2) ഏതെങ്കിലും മുൻഗണന നൽകുകയോ, നൽകുവാൻ അധികാരപ്പെടുത്തുകയോ ഏതെങ്കിലും വിവേചനം കാണിക്കുകയോ കാണിക്കുവാൻ അധികാരപ്പെടുത്തുകയോ ചെയ്യുന്ന ഏതെങ്കിലും നിയമം ഉണ്ടാക്കുന്നതിൽ നിന്ന്, ഭാരതത്തിൻെറ ഭൂപ്രദേശത്ത് ഏതെങ്കിലും ഭാഗത്ത് സാധനങ്ങളുടെ ദൗർലഭ്യത്തിൽ നിന്ന് ഉത്ഭവിക്കുന്ന ഒരു സ്ഥിതിവിശേഷം നേരിടുന്നതിന് അങ്ങനെ ചെയ്യുന്നത് ആവശ്യമാണെന്ന് അങ്ങനെയുള്ള നിയമം വഴി പ്രഖ്യാപിക്കുന്നപക്ഷം, (1)-ാം ഖണ്ഡത്തിലെ യാതൊന്നും പാർലമെൻറിനെ തടയുന്നതല്ല.

**304. സംസ്ഥാനങ്ങൾ തമ്മിലുള്ള വ്യാപാരത്തിൻമേലും വാണിജ്യത്തിൻമേലും പരസ്പര സമ്പർക്കത്തിൻമേലും ഉള്ള നിയന്ത്രണങ്ങൾ**—301-ാം അനുച്ഛേദത്തിലും 303-ാം അനുച്ഛേദത്തിലും എന്തു തന്നെ ആയിരുന്നാലും, ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണ മണ്ഡലത്തിന് നിയമം വഴി—

(ക) മററു സംസ്ഥാനങ്ങളിൽ നിന്ന് [1][അല്ലെങ്കിൽ യൂണിയൻ പ്രദേശങ്ങളിൽ നിന്ന്] ഇറക്കുമതി ചെയ്യുന്ന സാധനങ്ങളിൻമേൽ ആ സംസ്ഥാനത്ത് നിർമ്മിച്ചതോ ഉൽപാദിപ്പിച്ചതോ ആയ അതുപോലെയുള്ള സാധനങ്ങൾ ഏതെങ്കിലും നികുതിക്ക് വിധേയമാണെങ്കിൽ ആയത് അങ്ങനെ ഇറക്കുമതി ചെയ്ത സാധനങ്ങൾക്കും അങ്ങനെ നിർമ്മിച്ചതോ ഉൽപാദിപ്പിച്ചതോ ആയ സാധനങ്ങൾക്കും തമ്മിൽ വിവേചനം കാണിക്കാത്തവിധം, ചുമത്താവുന്നതും;

---

[1] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ചേർത്തത്.

(ഖ) ആ സംസ്ഥാനവുമായോ ആ സംസ്ഥാനത്തിനുള്ളിലോ ഉള്ള വ്യാപാരത്തിൻെറയോ വാണിജ്യത്തിൻെറയോ പരസ്പര സമ്പർക്കത്തിൻെറയോ സ്വാതന്ത്ര്യത്തിൻമേൽ പൊതു താത്പര്യത്തിന് ആവശ്യമായ അങ്ങനെയുള്ള ന്യായമായ നിയന്ത്രണങ്ങൾ ചുമത്താവുന്നതും,

ആകുന്നു:

എന്നാൽ, (ഖ) ഖണ്ഡത്തിൻെറ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള യാതൊരു ബില്ലോ ഭേദഗതിയോ രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിൽ അവതരിപ്പിക്കുകയോ ഉന്നയിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

[1][305. **നിലവിലുള്ള നിയമങ്ങളെയും സംസ്ഥാനകുത്തകകൾക്ക് വ്യവസ്ഥ ചെയ്യുന്ന നിയമങ്ങളെയും ഒഴിവാക്കൽ**—301-ഉം 303-ഉം അനുച്ഛേദങ്ങളിലെ യാതൊന്നും രാഷ്ട്രപതി ഉത്തരവുവഴി മററുവിധത്തിൽ നിർദ്ദേശിക്കുന്നിടത്തോളം ഒഴികെ, നിലവിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളെ ബാധിക്കുന്നതല്ലാത്തതും; കൂടാതെ 301-ാം അനുച്ഛേദത്തിലെ യാതൊന്നും 1955-ലെ ഭരണഘടന (നാലാം ഭേദഗതി) ആക്ററിൻെറ പ്രാരംഭത്തിനുമുമ്പ് ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിൻെറ പ്രവർത്തനത്തെ, അത് 19-ാം അനുച്ഛേദം (6)-ാം ഖണ്ഡം (ii)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും വിഷയത്തെ സംബന്ധിക്കുന്നിടത്തോളം; ബാധിക്കുന്നതോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ച് ഏതെങ്കിലും നിയമം ഉണ്ടാക്കുന്നതിൽ നിന്ന്, പാർലമെൻറിനെയോ ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തെയോ തടയുന്നതോ അല്ലാത്തതും ആകുന്നു.]

**306.** *[വ്യാപാരത്തിൻമേലും വാണിജ്യത്തിൻമേലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഒന്നാം പട്ടിക ഖ ഭാഗത്തിലെ ചില സംസ്ഥാനങ്ങൾക്കുള്ള അധികാരം ] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം റദ്ദാക്കി.*

**307. 301 മുതൽ 304 വരെയുള്ള അനുച്ഛേദങ്ങളുടെ ലക്ഷ്യങ്ങൾ നേടുന്നതിന് അധികാരസ്ഥാനത്തിൻെറ നിയമനം**—പാർലമെൻറിന്, 301-ഉം 302-ഉം 303-ഉം 304-ഉം അനുച്ഛേദങ്ങളുടെ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിന്, സമുചിതമെന്ന് അത് കരുതുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തെ നിയമം വഴി നിയമിക്കാവുന്നതും, ആവശ്യമെന്ന് അതു കരുതുന്ന അങ്ങനെയുള്ള അധികാരങ്ങളും അങ്ങനെയുള്ള കർത്തവ്യങ്ങളും അപ്രകാരം നിയമിക്കുന്ന അധികാരസ്ഥാനത്തിന് നൽകാവുന്നതും ആകുന്നു.

1. 1955-ലെ ഭരണഘടന (നാലാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം 305-ാം അനുച്ഛേദത്തിനു പകരം ചേർത്തത്.

# ഭാഗം XIV

# യൂണിയന്റെയും സംസ്ഥാനങ്ങളുടെയും കീഴിലുള്ള സർവ്വീസുകൾ

## അദ്ധ്യായം I—സർവ്വീസുകൾ

**308. വ്യാഖ്യാനം**— ഈ ഭാഗത്തിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, "സംസ്ഥാനം" എന്ന പ്രയോഗത്തിൽ [1][ജമ്മു-കാശ്മീർ സംസ്ഥാനം ഉൾപ്പെടുന്നതല്ല].

**309. യൂണിയനെയോ ഒരു സംസ്ഥാനത്തെയോ സേവിക്കുന്ന ആളുകളുടെ ചേർക്കലും സേവനവ്യവസ്ഥകളും**—ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി, സമുചിത നിയമ നിർമ്മാണമണ്ഡലങ്ങളുടെ ആക്ററുകൾക്ക് യൂണിയന്റെയോ ഏതെങ്കിലും സംസ്ഥാനത്തിന്റെയോ കാര്യങ്ങൾ സംബന്ധിച്ചുള്ള പൊതുസേവനങ്ങളിലേക്കും തസ്തികകളിലേക്കും ആളുകളെ ചേർക്കുന്നതും അവയിൽ നിയമിക്കപ്പെടുന്ന ആളുകളുടെ സേവന വ്യവസ്ഥകളും ക്രമപ്പെടുത്താവുന്നതാണ്:

എന്നാൽ, യൂണിയന്റെ കാര്യങ്ങൾ സംബന്ധിച്ചുള്ള സേവനങ്ങളുടെയും തസ്തികകളുടെയും സംഗതിയിൽ രാഷ്ട്രപതിക്കോ അദ്ദേഹം നിർദ്ദേശിക്കുന്ന അങ്ങനെയുള്ള ആൾക്കോ, ഒരു സംസ്ഥാനത്തിന്റെ കാര്യങ്ങൾ സംബന്ധിച്ചുള്ള സർവ്വീസുകളുടെയും തസ്തികകളുടെയും സംഗതിയിൽ ആ സംസ്ഥാനത്തെ ഗവർണ്ണർക്കോ [2]***അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന അങ്ങനെയുള്ള ആൾക്കോ, അങ്ങനെയുള്ള സേവനങ്ങളിലേക്കും തസ്തികകളിലേക്കും ഉള്ള ആളെ ചേർക്കലും നിയമിക്കപ്പെടുന്ന ആളുകളുടെ സേവന വ്യവസ്ഥകളും ക്രമപ്പെടുത്തുന്ന ചട്ടങ്ങൾ ഉണ്ടാക്കുവാൻ, ഈ അനുച്ഛേദപ്രകാരം സമുചിത നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു ആക്ററിനാലോ ആക്ററ് പ്രകാരമോ അതിലേക്ക് വ്യവസ്ഥയുണ്ടാക്കുന്നതുവരെ, ക്ഷമതയുണ്ടായിരിക്കുന്നതും, അപ്രകാരം ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് അങ്ങനെയുള്ള ഏതെങ്കിലും ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രഭാവമുണ്ടായിരിക്കുന്നതും ആകുന്നു.

**310. യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ സർവ്വീസിലുള്ളവരുടെ ഉദ്യോഗ കാലാവധി**—(1) ഈ ഭരണഘടന പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിലൊഴികെ, ഒരു പ്രതിരോധ സർവ്വീസിലെയോ യൂണിയന്റെ ഒരു സിവിൽ സർവ്വീസിലെയോ അല്ലെങ്കിൽ ഒരു അഖിലേന്ത്യാ സർവ്വീസിലെയോ അംഗമായിരിക്കുന്നതോ, അല്ലെങ്കിൽ പ്രതിരോധത്തോടു ബന്ധപ്പെട്ട ഏതെങ്കിലും തസ്തികയിലോ യൂണിയന്റെ കീഴിലുള്ള ഏതെങ്കിലും തസ്തികയിലോ ഇരിക്കുന്ന ഓരോ ആളും രാഷ്ട്രപതിക്ക് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കുന്നതും, ഒരു സംസ്ഥാനത്തിന്റെ സിവിൽ സർവ്വീസിലെ അംഗമായിരിക്കുന്നതോ ഒരു സംസ്ഥാനത്തിന്റെ കീഴിൽ ഏതെങ്കിലും സിവിൽ തസ്തിക വഹിക്കുന്നതോ ആയ ഓരോ ആളും ആ സംസ്ഥാനത്തെ ഗവർണ്ണർക്ക് [3]*** ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കുന്നതും ആകുന്നു.

(2) യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കീഴിൽ ഏതെങ്കിലും സിവിൽ തസ്തിക വഹിക്കുന്ന ഒരാൾ രാഷ്ട്രപതിക്കോ ആ സംസ്ഥാനത്തെ ഗവർണ്ണർക്കോ, അതതുസംഗതിപോലെ, [1]*** ഇഷ്ടമുള്ളിടത്തോളം കാലത്തേക്ക് ഉദ്യോഗം വഹിക്കുകയുള്ളു എന്നിരുന്നാലും, പ്രതിരോധ

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിലെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള ഒരു സംസ്ഥാനം എന്നർത്ഥമാകുന്നു" എന്നിവയ്ക്ക് പകരം ചേർത്തത്.
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നിവാക്കുകൾ വിട്ടുകളഞ്ഞു.
3. മേൽപ്പറഞ്ഞ ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം " അല്ലെങ്കിൽ, അതതുസംഗതിപോലെ, രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

സർവ്വീസിലെയോ അഖിലേന്ത്യാ സ്ർവ്വീസിലെയോ അല്ലെങ്കിൽ യൂണിയൻെറയോ ഒരു സംസ്ഥാനത്തിൻെറയോ സിവിൽ സർവ്വീസിലെയോ അംഗമല്ലാത്ത ഒരാളെ ഈ ഭരണഘടനപ്രകാരം അങ്ങനെയുള്ള ഒരു തസ്തികയിൽ നിയമിക്കുന്ന ഏതെങ്കിലും കരാറിൽ, പ്രത്യേക യോഗ്യതകളുള്ള ഒരാളുടെ സേവനം ലഭ്യമാക്കുവാൻ ആവശ്യമെന്ന് രാഷ്ട്രപതിയോ ഗവർണ്ണറോ, അതതു സംഗതിപോലെ, [1] *** കരുതുന്നപക്ഷം, സമ്മതിക്കുന്ന ഒരു കാലാവധിയുടെ അവസാനത്തിനു മുമ്പ് ആ തസ്തിക നിറുത്തലാക്കുകയോ അയാളുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും നടപടി ദൂഷ്യവുമായി ബന്ധപ്പെട്ട കാരണങ്ങൾക്കല്ലാതെ ആ തസ്തിക ഒഴിയുവാൻ അയാളോട് ആവശ്യപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, അയാൾക്ക് നഷ്ടപരിഹാരം നൽകുവാൻ വ്യവസ്ഥ ചെയ്യാവുന്നതാണ്.

**311. യൂണിയൻെറയോ ഒരു സംസ്ഥാനത്തിൻെറയോ കീഴിൽ സിവിൽ പദവികളിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുകളുടെ പിരിച്ചുവിടലും നീക്കം ചെയ്യലും തരം താഴ്ത്തലും**—(1) യൂണിയൻെറ സിവിൽ സർവ്വീസിലെയോ അഖിലേന്ത്യാ സർവ്വീസിലെയോ ഒരു സംസ്ഥാനത്തിൻെറ സിവിൽ സർവ്വീസിലെയോ ഒരംഗമായിരിക്കുകയോ, അല്ലെങ്കിൽ യൂണിയൻെറയോ ഒരു സംസ്ഥാനത്തിൻെറയോ കീഴിലുള്ള ഒരു സിവിൽ തസ്തിക വഹിക്കുകയോ ചെയ്യുന്ന യാതൊരാളെയും, അയാളെ നിയമിച്ച അധികാരസ്ഥാനത്തിന് കീഴിലുള്ള ഒരു അധികാരസ്ഥാനം പിരിച്ചുവിടുകയോ നീക്കം ചെയ്യുകയോ ചെയ്യുവാൻ പാടുള്ളതല്ല.

[2][(2) മുൻപറഞ്ഞ വിധത്തിലുള്ള അങ്ങനെയുള്ള യാതൊരാളേയും അയാൾക്കെതിരായുള്ള കുററാരോപണങ്ങൾ അയാളെ അറിയിക്കുകയും ആ കുററാരോപണങ്ങൾ സംബന്ധിച്ച് അയാൾക്ക് കേൾക്കപ്പെടുവാൻ ന്യായമായ ഒരു അവസരം നൽകുകയും ചെയ്യുന്ന ഒരു അന്വേഷണ വിചാരണയ്ക്കു ശേഷമല്ലാതെ [3]*** പിരിച്ചുവിടുകയോ നീക്കം ചെയ്യുകയോ തരം താഴ്ത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല:

[4][എന്നാൽ, അങ്ങനെയുള്ള അന്വേഷണ വിചാരണയ്ക്കുശേഷം അയാളുടെമേൽ അങ്ങനെയുള്ള ഏതെങ്കിലും ശിക്ഷ ചുമത്തുവാൻ ഉദ്ദേശിക്കുന്നിടത്ത് ആ ശിക്ഷ, അങ്ങനെയുള്ള അന്വേഷണ വിചാരണയിൽ നൽകിയിട്ടുള്ള തെളിവിൻെറ അടിസ്ഥാനത്തിൽ ചുമത്താവുന്നതും, ചുമത്താൻ ഉദ്ദേശിക്കുന്ന ശിക്ഷയെപ്പററി കേൾക്കപ്പെടുവാൻ ആ ആൾക്ക് അവസരം നൽകേണ്ട ആവശ്യം ഇല്ലാത്തതും ആകുന്നു:

എന്നുമാത്രമല്ല, ഈ ഖണ്ഡം—]

(ക) ഒരു ക്രിമിനൽ കുററാരോപണത്തിൻെറ അടിസ്ഥാനത്തിൽ, കുററസ്ഥാപനം നടത്താൻ ഇടയാക്കിയ പെരുമാററത്തിന് ഒരാളെ പിരിച്ചു വിട്ടിരിക്കുകയോ നീക്കം ചെയ്തിരിക്കുകയോ തരം താഴ്ത്തിയിരിക്കുകയോ ചെയ്തിരിക്കുന്നിടത്ത് ; അല്ലെങ്കിൽ

(ഖ) ഒരാളെ പിരിച്ചുവിടുന്നതിനോ നീക്കം ചെയ്യുന്നതിനോ തരം താഴ്ത്തുന്നതിനോ അധികാരമുള്ള അധികാരസ്ഥാനത്തിന്, ആ അധികാരസ്ഥാനം എഴുതി രേഖപ്പെടുത്തുന്ന ഏതെങ്കിലും കാരണത്താൽ, അങ്ങനെയുള്ള അന്വേഷണ വിചാരണ നടത്തുന്നത് പ്രായോഗികമല്ലെന്ന് ന്യായമായും ബോദ്ധ്യം വന്നിരിക്കുന്നിടത്ത്; അല്ലെങ്കിൽ

(ഗ) രാഷ്ട്രത്തിൻെറ സുരക്ഷിതത്വത്തിന് അങ്ങനെയുള്ള അന്വേഷണവിചാരണ നടത്തുന്നത് യുക്തമല്ലെന്നും, രാഷ്ട്രപതിയ്ക്കോ ഗവർണ്ണർക്കോ, അതതു സംഗതിപോലെ, ബോദ്ധ്യം വന്നിരിക്കുന്നിടത്ത്,

ബാധകമാകുന്നതല്ല.

---

[1] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീവാക്കുകൾ വിട്ടുകളഞ്ഞു.

[2] 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്ററ്, 10-ാം വകുപ്പു പ്രകാരം (2)-ം (3)-ം ഖണ്ഡങ്ങൾക്കു പകരം ചേർത്തത്.

[3] 1976-ലെ ഭരണഘടന (നാൽപ്പത്തി രണ്ടാം ഭേദഗതി) ആക്ററ്, 44-ാം വകുപ്പു പ്രകാരം ചില വാക്കുകൾ വിട്ടുകളഞ്ഞു (3-1-1977 മുതൽ പ്രാബല്യം).

[4] മേൽപ്പറഞ്ഞ ആക്ററും വകുപ്പും പ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

(3) മുൻപറഞ്ഞ വിധത്തിൽ അങ്ങനെയുള്ള ഏതെങ്കിലും ആളെ സംബന്ധിച്ച് (2)-ാം ഖണ്ഡത്തിൽ പരാമർശിച്ചിരിക്കുന്ന വിധത്തിലുള്ള അന്വേഷണ വിചാരണ നടത്തുന്നത് ന്യായമായും പ്രയോഗികമാണോ എന്ന പ്രശ്നം ഉത്ഭവിക്കുകയാണെങ്കിൽ, അതിൻമേൽ, അങ്ങനെയുള്ള ആളെ പിരിച്ചുവിടുന്നതിനോ നീക്കം ചെയ്യുന്നതിനോ, അല്ലെങ്കിൽ അയാളെ തരം താഴ്ത്തുന്നതിനോ അധികാരമുള്ള അധികാരസ്ഥാനത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.]

**312. അഖിലേന്ത്യാ സർവ്വീസുകൾ**—(1) [1][VI-ാം ഭാഗത്തിന്റെ VI-ാം അദ്ധ്യായത്തിലോ XI-ാംഭാഗത്തിലോ] എന്തുതന്നെ ആയിരുന്നാലും, രാജ്യസഭ, ഹാജരാകുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ടിൽ കുറയാത്ത ഭാഗം പിൻതാങ്ങുന്ന പ്രമേയം വഴി, യൂണിയനും സംസ്ഥാനങ്ങൾക്കും പൊതുവായുള്ള ഒന്നോ അതിലധികമോ അഖിലേന്ത്യാ സർവ്വീസുകൾ [2][(ഒരു അഖിലേന്ത്യാ ജുഡീഷ്യൽ സർവ്വീസുൾപ്പെടെ)] സൃഷ്ടിക്കുന്നത് ദേശീയ താൽപര്യങ്ങൾക്ക് ആവശ്യമാണെന്നോ യുക്തമാണെന്നോ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ, പാർലമെന്റിന് നിയമംവഴി അപ്രകാരം സൃഷ്ടിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതും, ഈ അദ്ധ്യായത്തിലെ മററു വ്യവസ്ഥകൾക്കു വിധേയമായി, അങ്ങനെയുള്ള ഏതെങ്കിലും സർവ്വീസിലേക്ക് ആൾ ചേർക്കുന്നതും അതിൽ നിയമിക്കപ്പെടുന്ന ആളുകളുടെ സേവനവ്യവസ്ഥകളും ക്രമപ്പെടുത്താവുന്നതും ആകുന്നു.

(2) ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ ഇൻഡ്യൻ അഡ്മിനിസ്ട്രേററീവ് സർവ്വീസ് എന്നും ഇൻഡ്യൻ പോലീസ് സർവ്വീസ് എന്നും അറിയപ്പെട്ടിരുന്ന സർവ്വീസുകൾ ഈ അനുച്ഛേദ പ്രകാരം പാർലമെന്റ് സൃഷ്ടിച്ച സർവ്വീസുകളായി കരുതപ്പെടേണ്ടതാണ്.

[2][(3) (1)ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള അഖിലേന്ത്യാ ജുഡീഷ്യൽ സർവ്വീസിൽ 236-ാം അനുച്ഛേദത്തിൽ നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള ജില്ലാ ജഡ്ജിയുടെ തസ്തികയ്ക്ക് താഴെയുള്ള ഒരു തസ്തിക ഉൾപ്പെടുന്നതല്ല.

(4) മുൻപറഞ്ഞ അഖിലേന്ത്യാ ജുഡീഷ്യൽ സർവ്വീസ് സൃഷ്ടിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന നിയമത്തിൽ, ആ നിയമത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിന് VI-ാം ഭാഗത്തിന്റെ VI-ാം അദ്ധ്യായം ഭേദഗതി ചെയ്യുന്നതിനാവശ്യമായ അങ്ങനെയുള്ള വ്യവസ്ഥകളും അടങ്ങിയിരിക്കേണ്ടതും, അങ്ങനെയുള്ള യാതൊരു നിയമവും 368-ാം അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക്, ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതുവാൻ പാടില്ലാത്തതും ആകുന്നു.]

[3][**312 ക. ചില സർവ്വീസുകളിലെ ഉദ്യോഗസ്ഥൻമാരുടെ സേവന വ്യവസ്ഥകൾ വ്യത്യാസപ്പെടുത്തുന്നതിനും റദ്ദാക്കുന്നതിനും പാർലമെന്റിനുള്ള അധികാരം**—(1) പാർലമെന്റിന് നിയമംവഴി—

(ക) ഇൻഡ്യാ ചക്രവർത്തിയുടെ ഒരു സിവിൽ സർവ്വീസിലേക്ക് സെക്രട്ടറി ഓഫ് സ്റ്റേറ്റോ സെക്രട്ടറി ഓഫ് സ്റ്റേറ്റ്-ഇൻ-കൗൺസിലോ ഈ ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ് നിയമിച്ചതും, 1972-ലെ ഭരണഘടന (ഇരുപത്തെട്ടാം ഭേദഗതി) ആക്ററിന്റെ പ്രാരംഭത്തിലും അതിനുശേഷം ഭാരതത്തിന്റെയോ ഒരു സംസ്ഥാനത്തിന്റെയോ സർക്കാരിന്റെ കീഴിൽ ഏതെങ്കിലും സർവ്വീസിലോ തസ്തികയിലോ സേവനം തുടരുന്ന ആളുകളുടെ വേതനവും അവധിയും പെൻഷനും സംബന്ധിച്ചുള്ള സേവന വ്യവസ്ഥകളും അച്ചടക്കസംബന്ധമായ വിഷയങ്ങൾ സംബന്ധിച്ചുള്ള അവകാശങ്ങളും പിൽക്കാല പ്രാബല്യത്തോടുകൂടിയോ പൂർവ്വകാല പ്രാബല്യത്തോടുകൂടിയോ വ്യത്യാസപ്പെടുത്തുകയും റദ്ദാക്കുകയും ചെയ്യാവുന്നതാണ്;

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തി രണ്ടാം ഭേദഗതി) ആക്ററ്, 45-ാം വകുപ്പുപ്രകാരം "ഭാഗം XI" എന്നതിന് പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
3. 1972-ലെ ഭരണഘടന (ഇരുപത്തിയെട്ടാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പ് പ്രകാരം ചേർത്തത് (29-8-1972 മുതൽ പ്രാബല്യം).

(ഖ) ഇൻഡ്യാ ചക്രവർത്തിയുടെ ഒരു സിവിൽ സർവ്വീസിലേക്ക് സെക്രട്ടറി ഓഫ് സ്റേറേറ്റോ സെക്രട്ടറി ഓഫ് സ്റേറേറ്റ്-ഇൻ-കൗൺസിലോ ഈ ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ് നിയമിച്ചതും 1972-ലെ ഭരണഘടന (ഇരുപത്തെട്ടാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിനും മുമ്പ് ഏതെങ്കിലും സമയം ഉദ്യോഗത്തിൽനിന്ന് വിരമിച്ചതോ മററ് വിധത്തിൽ സർവ്വീസിൽ ഇല്ലാതായിത്തീർന്നതോ ആയ ആളുകളുടെ പെൻഷൻ സംബന്ധിച്ചുള്ള സേവന വ്യവസ്ഥകൾ പിൽക്കാല പ്രാബല്യത്തോടുകൂടിയോ പൂർവ്വകാല പ്രാബല്യത്തോടുകൂടിയോ വ്യത്യാസപ്പെടുത്തുകയും റദ്ദാക്കുകയും ചെയ്യാവുന്നതാണ്:

എന്നാൽ, സുപ്രീംകോടതിയിലെയോ ഒരു ഹൈക്കോടതിയിലെയോ ചീഫ് ജസ്ററിസിന്റെയോ മററ് ജഡ്ജിയുടെയോ, ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറലിന്റെയോ, യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചെയർമാന്റെയോ മററ് അംഗത്തിന്റെയോ, ചീഫ് ഇലക്ഷൻ കമ്മീഷണറുടെയോ ഉദ്യോഗം വഹിക്കുന്നതോ, വഹിച്ചിട്ടുള്ളതോ ആയ അങ്ങനെയുള്ള ഏതെങ്കിലും ആളുടെ സംഗതിയിൽ, (ക) ഉപഖണ്ഡത്തിലും (ഖ) ഉപഖണ്ഡത്തിലും ഉള്ള യാതൊന്നും, അങ്ങനെയുള്ള തസ്തികയിലേക്കുള്ള അദ്ദേഹത്തിന്റെ നിയമനത്തിനുശേഷം അദ്ദേഹത്തിന്റെ സേവന വ്യവസ്ഥകൾ, അങ്ങനെയുള്ള വ്യവസ്ഥകൾ ഇൻഡ്യാ ചക്രവർത്തിയുടെ ഒരു സിവിൽ സർവ്വീസിലേക്ക് സെക്രട്ടറി ഓഫ് സ്റേറേറ്റോ സെക്രട്ടറി ഓഫ് സ്റേറേറ്റ്-ഇൻ-കൗൺസിലോ നിയമിച്ച ഒരാളാണ് എന്ന കാരണത്താൽ അദ്ദേഹത്തിന് ബാധകമായിരിക്കുന്നിടത്തോളം ഒഴികെ, അദ്ദേഹത്തിന് പ്രതികൂലമായി വ്യത്യാസപ്പെടുത്തുകയോ പിൻവലിക്കുകയോ ചെയ്യുവാൻ പാർലമെന്റിനെ അധികാരപ്പെടുത്തുന്നതായി കരുതുവാൻ പാടുള്ളതല്ല.

(2) ഈ അനുച്ഛേദപ്രകാരം പാർലമെന്റ് നിയമംവഴി വ്യവസ്ഥ ചെയ്യുന്നിടത്തോളം ഒഴികെ, ഈ അനുച്ഛേദത്തിലെ യാതൊന്നും (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ആളുകളുടെ സേവന വ്യവസ്ഥകൾ ക്രമപ്പെടുത്തുവാൻ ഈ ഭരണഘടനയിലെ മററ് ഏതെങ്കിലും വ്യവസ്ഥപ്രകാരം ഏതെങ്കിലും നിയമനിർമ്മാണമണ്ഡലത്തിനോ മറ്റ് അധികാരസ്ഥാനത്തിനോ ഉള്ള അധികാരത്തെ ബാധിക്കുന്നതല്ല.

(3) സുപ്രീംകോടതിക്കോ മററ് ഏതെങ്കിലും കോടതിക്കോ-

(ക) (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ആൾ ഏർപ്പെട്ടിട്ടുള്ളതോ ഒപ്പിട്ട് പൂർത്തീകരിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും സന്ധിനിയമത്തിലെയോ ഉടമ്പടിയിലെയോ അതുപോലെയുള്ള മററു പ്രമാണത്തിലെയോ ഏതെങ്കിലും വ്യവസ്ഥയിൽ നിന്നോ അവയിൻമേലുള്ള ഏതെങ്കിലും ദൃഢീകരണത്തിൽ നിന്നോ ഉത്ഭവിക്കുന്നതോ, അല്ലെങ്കിൽ അങ്ങനെയുള്ള ആൾക്ക് ഇൻഡ്യാ ചക്രവർത്തിയുടെ ഏതെങ്കിലും സിവിൽ സർവ്വീസിലേക്കുള്ള അദ്ദേഹത്തിന്റെ നിയമനത്തെയോ ഇൻഡ്യാ ഡൊമിനിയന്റെയോ അതിലെ ഒരു പ്രവിശ്യയുടെയോ കീഴിലുള്ള സർവ്വീസിൽ അദ്ദേഹം തുടരുന്നതിനെയോ സംബന്ധിച്ച് നൽകിയിട്ടുള്ള ഏതെങ്കിലും എഴുത്തിൽ നിന്ന് ഉത്ഭവിക്കുന്നതോ ആയ ഏതെങ്കിലും തർക്കത്തിലോ;

(ഖ) ആദ്യം നിയമമാക്കിയിരുന്ന രൂപത്തിലുള്ള 314-ാം അനുച്ഛേദപ്രകാരമുള്ള ഏതെങ്കിലും അവകാശത്തെയോ ബാദ്ധ്യതയെയോ കടപ്പാടിനെയോ സംബന്ധിച്ചുള്ള ഏതെങ്കിലും തർക്കത്തിലോ,

അധികാരിത ഉണ്ടായിരിക്കുന്നതല്ല.

(4) ആദ്യം നിയമമാക്കിയിരുന്ന രൂപത്തിലുള്ള 314-ാം അനുച്ഛേദത്തിലോ ഈ ഭരണഘടനയുടെ മററ് ഏതെങ്കിലും വ്യവസ്ഥയിലോ എന്തുതന്നെ ആയിരുന്നാലും, ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.]

**313. പരിവർത്തന വ്യവസ്ഥകൾ**—ഈ ഭരണഘടനയുടെ പ്രാരംഭത്തിനു തൊട്ടുമുമ്പ് പ്രാബല്യത്തിലുണ്ടായിരുന്നവയും ഈ ഭരണഘടനയുടെ പ്രാരംഭശേഷം അഖിലേന്ത്യാ സർവ്വീസായോ യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കീഴിലുള്ള സർവ്വീസായോ തസ്തികയായോ തുടർന്ന് നിലവിലിരിക്കുന്ന ഏതെങ്കിലും പബ്ലിക് സർവ്വീസിനോ ഏതെങ്കിലും തസ്തികയ്ക്കോ ബാധകമായിരുന്നവയും ആയ എല്ലാ നിയമങ്ങളും, ഈ ഭരണഘടന പ്രകാരം അതിനുവേണ്ടി മററ് വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ ഈ ഭരണഘടനയുടെ വ്യവസ്ഥകളുമായി പൊരുത്തപ്പെടുന്നിടത്തോളം പ്രാബല്യത്തിൽ തുടരുന്നതാണ്.

**314.** *[ചില സർവ്വീസുകളിൽ നിലവിലുള്ള ഉദ്യോഗസ്ഥൻമാരുടെ സംരക്ഷണത്തിനുള്ള വ്യവസ്ഥ.]* 1972-ലെ ഭരണഘടന (ഇരുപത്തെട്ടാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം റദ്ദാക്കി (29-8-1972 മുതൽ പ്രാബല്യം).

## അദ്ധ്യായം II—പബ്ളിക് സർവ്വീസ് കമ്മീഷനുകൾ

**315. യൂണിയനു വേണ്ടിയും സംസ്ഥാനങ്ങൾക്കു വേണ്ടിയും ഉള്ള പബ്ളിക് സർവ്വീസ് കമ്മീഷനുകൾ**—(1) ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, യൂണിയന് ഒരു പബ്ളിക് സർവ്വീസ് കമ്മീഷനും ഓരോ സംസ്ഥാനത്തിനും ഓരോ പബ്ളിക് സർവ്വീസ് കമ്മീഷനും ഉണ്ടായിരിക്കേണ്ടതാണ്.

(2) രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്ക്, ആ സംസ്ഥാനങ്ങളുടെ സമൂഹത്തിന് ഒരു പബ്ളിക് സർവ്വീസ് കമ്മീഷൻ ഉണ്ടായിരിക്കണമെന്ന് സമ്മതിക്കാവുന്നതും, ആ സംസ്ഥാനങ്ങളിൽ ഓരോന്നിൻെറയും നിയമനിർമ്മാണമണ്ഡലത്തിൻെറ സഭ, അല്ലെങ്കിൽ രണ്ടു സഭകൾ ഉള്ളിടത്ത് ഓരോ സഭയും, ആ അർത്ഥത്തിൽ ഒരു പ്രമേയം പാസ്സാക്കുന്നുവെങ്കിൽ, പാർലമെൻറിന് നിയമം വഴി ആ സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ നിറവേററാൻ (ഈ അദ്ധ്യായത്തിൽ സംയുക്തക്കമ്മീഷൻ എന്ന് പരാമർശിച്ചിരിക്കുന്ന) ഒരു സംയുക്ത സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷൻെറ നിയമനത്തിന് വ്യവസ്ഥ ചെയ്യാവുന്നതും ആകുന്നു.

(3) മുൻപറഞ്ഞതുപോലുള്ള ഏതെങ്കിലും നിയമത്തിൽ, ആ നിയമത്തിൻെറ ഉദ്ദേശ്യങ്ങൾക്ക് പ്രാവം നൽകുന്നതിന് ആവശ്യമോ അഭിലഷണീയമോ ആയ അങ്ങനെയുള്ള സാന്ദർഭികവും അനന്തര ഫലമായുണ്ടാകുന്നതും ആയ വ്യവസ്ഥകൾ അടങ്ങിയിരിക്കാവുന്നതാണ്.

(4) യൂണിയനുവേണ്ടിയുള്ള പബ്ളിക് സർവ്വീസ് കമ്മീഷന്, ഒരു സംസ്ഥാനത്തെ മുഴുവനുമോ ഏതെങ്കിലുമോ ആവശ്യങ്ങൾ നിറവേററുവാൻ ആ സംസ്ഥാനത്തെ ഗവർണ്ണർ [1]*** അപ്രകാരം ചെയ്യണമെന്ന് അപേക്ഷിക്കുന്നതായാൽ, രാഷ്ട്രപതിയുടെ അംഗീകാരത്തോടുകൂടി സമ്മതിക്കാവുന്നതാണ്.

(5) ഈ ഭരണഘടനയിൽ യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷനെയോ ഒരു സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷനെയോ കുറിച്ചുള്ള, പരാമർശങ്ങളെ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, യൂണിയൻെറയോ ആ സംസ്ഥാനത്തിൻെറയോ, അതതു സംഗതിപോലെ, പ്രത്യേക പ്രശ്നവിഷയം സംബന്ധിച്ചുള്ള ആവശ്യങ്ങൾ നിറവേററുന്ന കമ്മീഷനെക്കുറിച്ചുള്ള പരാമർശങ്ങളായി കരുതേണ്ടതാണ്.

**316. അംഗങ്ങളുടെ നിയമനവും ഉദ്യോഗ കാലാവധിയും**—(1) ഒരു പബ്ളിക് സർവ്വീസ് കമ്മീഷൻെറ ചെയർമാനെയും മററംഗങ്ങളെയും യൂണിയൻ കമ്മീഷൻെറയോ സംയുക്ത കമ്മീഷൻെറയോ സംഗതിയിൽ രാഷ്ട്രപതിയും ഒരു സംസ്ഥാനകമ്മീഷൻെറ സംഗതിയിൽ ആ സംസ്ഥാനത്തെ ഗവർണ്ണറും [1]*** നിയമിക്കേണ്ടതാണ്:

---

[1] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾക്ക് പകരം ചേർത്തത്.

എന്നാൽ, ഓരോ പബ്ളിക് സർവ്വീസ് കമ്മീഷന്റെയും അംഗങ്ങളിൽ കഴിയുന്നിടത്തോളം പകുതിക്ക് അടുത്തുവരുന്നത്ര അംഗങ്ങൾ, അവരുടെ യഥാക്രമമായ നിയമനത്തീയതികളിൽ, കുറഞ്ഞത് പത്തുവർഷമെങ്കിലും ഭാരതസർക്കാരിന്റെ കീഴിലോ ഒരു സംസ്ഥാന സർക്കാരിന്റെ കീഴിലോ ഉദ്യോഗം വഹിച്ചിട്ടുള്ള ആളുകൾ ആയിരിക്കേണ്ടതും, മുൻപറഞ്ഞ പത്തുവർഷക്കാലം കണക്കാക്കുന്നതിൽ, ഈ ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ് ഒരാൾ ഇൻഡ്യാ ചക്രവർത്തിയുടെ കീഴിലോ ഒരു നാട്ടുരാജ്യത്തെ സർക്കാരിന്റെ കീഴിലോ ഉദ്യോഗം വഹിച്ചിട്ടുള്ള കാലാവധി ഉൾപ്പെടുത്തേണ്ടതും ആകുന്നു.

[1][(1ക) കമ്മീഷന്റെ ചെയർമാന്റെ ഉദ്യോഗം ഒഴിവാകുന്നുവെങ്കിലോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ചെയർമാന്, അസാന്നിദ്ധ്യത്താലോ മറ്റേതെങ്കിലും കാരണത്താലോ അദ്ദേഹത്തിന്റെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ കഴിയുന്നില്ലെങ്കിലോ, ആ കർത്തവ്യങ്ങൾ, ഒഴിവായ ആ ഉദ്യോഗത്തിൽ (1)-ാം ഖണ്ഡപ്രകാരം നിയമിച്ചിട്ടുള്ള ഏതെങ്കിലും ആൾ ആ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ ഏറ്റെടുക്കുന്നതുവരെയോ, ചെയർമാൻ അദ്ദേഹത്തിന്റെ കർത്തവ്യങ്ങൾ വീണ്ടും ഏറ്റെടുക്കുന്നതുവരെയോ, അതതുസംഗതിപോലെ, ആ കമ്മീഷനിലെ മറ്റ് അംഗങ്ങളിൽ, യൂണിയൻ കമ്മീഷന്റെയോ ഒരു സംയുക്തക്കമ്മീഷന്റെയോ സംഗതിയിൽ രാഷ്ട്രപതിയും ഒരു സംസ്ഥാന കമ്മീഷന്റെ സംഗതിയിൽ ആ സംസ്ഥാനത്തെ ഗവർണ്ണറും, അതിനു വേണ്ടി നിയമിക്കുന്ന അങ്ങനെയുള്ള ഒരാൾ നിർവ്വഹിക്കേണ്ടതാണ്.]

(2) ഒരു പബ്ളിക് സർവ്വീസ് കമ്മീഷനിലെ ഒരംഗം തന്റെ ഉദ്യോഗത്തിൽ അദ്ദേഹം പ്രവേശിക്കുന്ന തീയതി മുതൽ ആറു വർഷക്കാലത്തേക്കോ, അല്ലെങ്കിൽ അദ്ദേഹത്തിന്, യൂണിയൻ കമ്മീഷന്റെ സംഗതിയിൽ അറുപത്തി അഞ്ചു വയസ്സും ഒരു സംസ്ഥാന കമ്മീഷന്റെയോ സംയുക്ത കമ്മീഷന്റെയോ സംഗതിയിൽ [2][അറുപത്തിരണ്ട് വയസ്സും] തികയുകയോ ഇവയിൽ ഏതാണോ ആദ്യത്തേത്, അതുവരെ ഉദ്യോഗം വഹിക്കുന്നതാണ്:

എന്നാൽ—

(ക) ഒരു പബ്ളിക് സർവ്വീസ് കമ്മീഷനിലെ ഒരംഗത്തിന്, യൂണിയൻ കമ്മീഷന്റെയോ ഒരു സംയുക്തക്കമ്മീഷന്റെയോ സംഗതിയിൽ രാഷ്ട്രപതിക്കും, ഒരു സംസ്ഥാന കമ്മീഷന്റെ സംഗതിയിൽ ആ സംസ്ഥാനത്തെ ഗവർണ്ണർക്കും [3]*** സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്;

(ഖ) ഒരു പബ്ളിക് സർവ്വീസ് കമ്മീഷനിലെ ഒരംഗത്തെ 317-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലോ (3)-ാം ഖണ്ഡത്തിലോ വ്യവസ്ഥ ചെയ്തിട്ടുള്ളവിധം അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്.

(3) ഒരു പബ്ളിക് സർവ്വീസ് കമ്മീഷനിലെ ഒരു അംഗമായി ഉദ്യോഗം വഹിക്കുന്ന ഒരാൾ തന്റെ ഉദ്യോഗ കാലാവധിയുടെ അവസാനം ആ ഉദ്യോഗത്തിലേക്ക് വീണ്ടും നിയമിക്കപ്പെടാൻ അർഹനായിരിക്കുന്നതല്ല.

**317. ഒരു പബ്ളിക് സർവ്വീസ് കമ്മീഷനിലെ ഒരംഗത്തെ നീക്കം ചെയ്യലും സസ്പെൻഡ് ചെയ്യലും**—(1) (3)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു പബ്ളിക് സർവ്വീസ് കമ്മീഷനിലെ ചെയർമാനെയോ മറ്റേതെങ്കിലും അംഗത്തെയോ, ദുർവൃത്തി കാരണമാക്കി, രാഷ്ട്രപതി സുപ്രീംകോടതിയുടെ അഭിപ്രായം ആരായുന്നതിൻമേൽ 145-ാം അനുച്ഛേദപ്രകാരം അതിലേക്ക് നിർണ്ണയിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ച് ഒരു അന്വേഷണ വിചാരണ നടത്തി, ചെയർമാനെയോ അങ്ങനെയുള്ള മറ്റ് അംഗത്തെയോ, അതത് സംഗതിപോലെ, ആ കാരണത്തിൻമേൽ നീക്കം ചെയ്യേണ്ടതാണ് എന്ന് റിപ്പോർട്ട് ചെയ്തതിന് ശേഷം, രാഷ്ട്രപതി പുറപ്പെടുവിക്കുന്ന ഉത്തരവ് വഴി മാത്രമേ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാൻ പാടുള്ളൂ.

1. 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്റ്റ്, 11-ാം വകുപ്പുപ്രകാരം ചേർത്തത്.

2. 1976-ലെ ഭരണഘടന (നാൽപത്തൊന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം "അറുപതുവയസ്സും" എന്നതിനു പകരം ചേർത്തത്.

3. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

(2) യൂണിയൻ കമ്മീഷൻെറയോ ഒരു സംയുക്തക്കമ്മീഷൻെറയോ സംഗതിയിൽ രാഷ്ട്രപതിക്കും, ഒരു സംസ്ഥാനക്കമ്മീഷൻെറ സംഗതിയിൽ ഗവർണ്ണർക്കും [1]*** കമ്മീഷൻെറ ചെയർമാനെയോ മറേറതെങ്കിലും അംഗത്തെയോ, അവരിൽ ആരെ സംബന്ധിച്ചാണോ (1)-ാം ഖണ്ഡപ്രകാരം സുപ്രീംകോടതിയിലേക്ക് അഭിപ്രായം ആരാഞ്ഞിട്ടുള്ളത് അങ്ങനെയുള്ള അഭിപ്രായം ആരായലിൻമേൽ സുപ്രീംകോടതിയുടെ റിപ്പോർട്ട് ലഭിച്ച് രാഷ്ടപതി ഉത്തരവ് പാസ്സാക്കുന്നതുവരെ, ഉദ്യോഗത്തിൽ നിന്ന് സസ്പെൻഡ് ചെയ്യാവുന്നതാണ്.

(3) (1)-ാം ഖണ്ഡത്തിൽ എന്തുതന്നെ ആയിരുന്നാലും, രാഷ്ട്രപതിക്ക് ഒരു പബ്ളിക് സർവ്വീസ് കമ്മീഷൻെറ ചെയർമാനെയോ മററ് ഏതെങ്കിലും അംഗത്തെയോ, അതതു സംഗതിപോലെ, ആ ചെയർമാനോ അങ്ങനെയുള്ള മററ് അംഗമോ—

(ക) നിർദ്ധനനെന്നു വിധിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഖ) തൻെറ ഉദ്യോഗ കാലാവധിക്കിടയിൽ, തൻെറ ഉദ്യോഗത്തിൻെറ കർത്തവ്യങ്ങൾക്ക് പുറമെ വേതനം പററുന്ന ഏതെങ്കിലും ജീവനത്തിൽ ഏർപ്പെടുകയോ ; അല്ലെങ്കിൽ

(ഗ) രാഷ്ട്രപതിയുടെ അഭിപ്രായത്തിൽ മാനസികമോ ശാരീരികമോ ആയ ദൗർബല്യം നിമിത്തം ഉദ്യോഗത്തിൽ തുടരുവാൻ പററാത്ത ആളായിരിക്കുകയോ,

ചെയ്യുന്നെങ്കിൽ, ഉത്തരവുവഴി ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്.

(4) ഒരു പബ്ളിക് സർവ്വീസ് കമ്മീഷൻെറ ചെയർമാനോ മറേറതെങ്കിലും അംഗമോ, ഭാരത സർക്കാരോ ഭാരതസർക്കാരിനു വേണ്ടിയോ, അല്ലെങ്കിൽ ഒരു സംസ്ഥാന സർക്കാരോ, സംസ്ഥാന സർക്കാരിന് വേണ്ടിയോ, ഉണ്ടാക്കുന്ന ഏതെങ്കിലും കരാറുമായോ, ഉടമ്പടിയുമായോ ഒരു ഏകാംഗീകൃതക്കമ്പനിയിലെ അംഗമെന്ന നിലയിലും മററ് അംഗങ്ങളോടൊപ്പവും അല്ലാതെ, ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടവനോ അതിൽ താൽപര്യമുള്ളവനോ ആയിരിക്കുകയോ ആയിത്തീരുകയോ ചെയ്യുന്നുവെങ്കിൽ, അല്ലെങ്കിൽ അതിൻെറ ലാഭത്തിലോ അതിൽ നിന്നും ഉൽഭവിക്കുന്ന ഏതെങ്കിലും ഗുണത്തിലോ വേതനത്തിലോ ഏതെങ്കിലും വിധത്തിൽ ഭാഗഭാക്കാകുന്നുവെങ്കിൽ, അദ്ദേഹം (1)-ാം ഖണ്ഡത്തിൻെറ ആവശ്യങ്ങൾക്ക്, ദുർവൃത്തിക്ക് അപരാധിയായി കരുതപ്പെടേണ്ടതാണ്.

**318. കമ്മീഷൻെറ അംഗങ്ങളുടെയും ഉദ്യോഗസ്ഥൻമാരുടെയും സേവന വ്യവസ്ഥകളെക്കുറിച്ച് റഗുലേഷനുകളുണ്ടാക്കുവാനുള്ള അധികാരം**—യൂണിയൻ കമ്മീഷൻെറയോ ഒരു സംയുക്തക്കമ്മീഷൻെറയോ സംഗതിയിൽ രാഷ്ട്രപതിക്കും, ഒരു സംസ്ഥാനക്കമ്മീഷൻെറ സംഗതിയിൽ സംസ്ഥാനത്തെ ഗവർണ്ണർക്കും [1]* * * റഗുലേഷനുകൾ വഴി—

(ക) കമ്മീഷനിലെ അംഗങ്ങളുടെ എണ്ണവും അവരുടെ സേവനവ്യവസ്ഥകളും നിശ്ചയിക്കുകയും ;

(ഖ) കമ്മീഷൻെറ ഉദ്യോഗസ്ഥൻമാരുടെ എണ്ണവും അവരുടെ സേവനവ്യവസ്ഥകളും സംബന്ധിച്ച് വ്യവസ്ഥയുണ്ടാക്കുകയും,

ചെയ്യാവുന്നതാണ് :

എന്നാൽ, ഒരു പബ്ളിക് സർവ്വീസ് കമ്മീഷനിലെ ഒരംഗത്തിൻെറ സേവനവ്യവസ്ഥകൾ അദ്ദേഹത്തിൻെറ നിയമനത്തിനുശേഷം അദ്ദേഹത്തിന് പ്രതികൂലമായി വ്യത്യാസപ്പെടുത്തുവാൻ പാടുള്ളതല്ല.

**319. കമ്മീഷൻെറ അംഗങ്ങൾ അങ്ങനെയുള്ള അംഗങ്ങൾ അല്ലാതായിത്തീരുമ്പോൾ ഉദ്യോഗങ്ങൾ വഹിക്കുന്നതിനെക്കുറിച്ചുള്ള നിരോധനം**—ഉദ്യോഗം വഹിക്കുന്നത് അവസാനിക്കുമ്പോൾ—

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

(ക) യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷൻെറ ചെയർമാൻ ഭാരതസർക്കാരിൻെറ കീഴിലോ ഒരു സംസ്ഥാന സർക്കാരിൻെറ കീഴിലോ വീണ്ടും ജീവനത്തിന് അർഹനായിരിക്കുന്നതല്ല ;

(ഖ) ഒരു സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷൻെറ ചെയർമാൻ യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷൻെറ ചെയർമാനായോ അംഗമായോ അല്ലെങ്കിൽ മറേറതെങ്കിലും സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷൻെറ ചെയർമാനായോ നിയമിക്കപ്പെടുവാൻ അർഹനായിരിക്കുന്നതും, എന്നാൽ ഭാരത സർക്കാരിൻെറ കീഴിലോ ഏതെങ്കിലും സംസ്ഥാന സർക്കാരിൻെറ കീഴിലോ മറേറതെങ്കിലും ജീവനത്തിന് അർഹനായിരിക്കുന്നതല്ലാത്തതും ആകുന്നു ;

(ഗ) യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷൻെറ ചെയർമാൻ അല്ലാത്ത ഒരംഗം യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷൻെറ ചെയർമാനായോ അല്ലെങ്കിൽ ഒരു സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷൻെറ ചെയർമാനായോ നിയമിക്കപ്പെടുവാൻ സംസ്ഥാന സർക്കാരിൻെറ കീഴിലോ മറേറതെങ്കിലും ജീവനത്തിന് അർഹനായിരിക്കുന്നതല്ലാത്തതും ആകുന്നു ;

(ഘ) ഒരു സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷൻെറ ചെയർമാൻ അല്ലാത്ത ഒരംഗം യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷൻെറ ചെയർമാനായോ മറേറതെങ്കിലും അംഗമായോ, അല്ലെങ്കിൽ ആ സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷൻെറയോ മറേറതെങ്കിലും സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷൻെറയോ ചെയർമാനായോ നിയമിക്കപ്പെടുവാൻ അർഹനായിരിക്കുന്നതും, എന്നാൽ ഭാരതസർക്കാരിൻെറ കീഴിലോ ഒരു സംസ്ഥാന സർക്കാരിൻെറ കീഴിലോ മറേറതെങ്കിലും ജീവനത്തിന് അർഹനായിരിക്കുന്നതല്ലാത്തതും ആകുന്നു.

**320. പബ്ളിക് സർവ്വീസ് കമ്മീഷനുകളുടെ ചുമതലകൾ**—(1) യൂണിയൻെറ സർവ്വീസുകളിലേക്കും സംസ്ഥാനത്തിൻെറ സർവ്വീസുകളിലേക്കുമുള്ള നിയമനങ്ങൾക്കുവേണ്ടി പരീക്ഷകൾ നടത്തുന്നത് യഥാക്രമം യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷൻെറയും സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷൻെറയും കർത്തവ്യമായിരിക്കുന്നതാണ്.

(2) വിശേഷാൽ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളെ ആവശ്യമുള്ള ഏതെങ്കിലും സർവ്വീസുകളിലേക്ക് സംയുക്തമായി ആൾ ചേർക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും ഏതെങ്കിലും രണ്ടോ അതിലധികമോ സംസ്ഥാനങ്ങളെ സഹായിക്കുന്നതും, അപ്രകാരം ചെയ്യണമെന്ന് ആ സംസ്ഥാനങ്ങൾ ആവശ്യപ്പെടുകയാണെങ്കിൽ, യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷൻെറ കർത്തവ്യമായിരിക്കുന്നതാണ്.

(3) യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷനുമായോ സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷനുമായോ, അതതുസംഗതിപോലെ,—

(ക) സിവിൽ സർവ്വീസുകളിലേയും സിവിൽ തസ്തികകൾക്കുവേണ്ടിയും ഉള്ള ആൾ ചേർക്കലിൻെറ രീതികൾ സംബന്ധിച്ച എല്ലാ വിഷയങ്ങളിൻമേലും ;

(ഖ) സിവിൽ സർവ്വീസുകളിലേക്കും തസ്തികകളിലേക്കും നിയമനങ്ങൾ നടത്തുന്നതിലും, ഉദ്യോഗക്കയററം നൽകുന്നതിലും ഒരു സർവ്വീസിൽ നിന്ന് മററൊന്നിലേക്ക് മാററുന്നതിലും അനുവർത്തിക്കേണ്ട തത്ത്വങ്ങളിൻമേലും അങ്ങനെയുള്ള നിയമനങ്ങൾക്കോ ഉദ്യോഗക്കയററങ്ങൾക്കോ, മാററങ്ങൾക്കോ ഉള്ള സ്ഥാനാർത്ഥികളുടെ അനുയോജ്യതയിൻമേലും ;

(ഗ) ഭാരത സർക്കാരിൻെറയോ ഒരു സംസ്ഥാനത്തിൻെറ സർക്കാരിൻെറയോ കീഴിൽ ഒരു സിവിൽ പദവിയിൽ സേവനം അനുഷ്ഠിക്കുന്ന ഒരാളെ ബാധിക്കുന്ന, എല്ലാ അച്ചടക്കവിഷയങ്ങളിൻമേലും, അങ്ങനെയുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട നിവേദനങ്ങളും ഹർജികളും ഉൾപ്പെടെ ;

(ഘ) ഭാരത സർക്കാരിൻെറയോ ഒരു സംസ്ഥാനത്തിൻെറ സർക്കാരിൻെറയോ കീഴിലോ ഇൻഡ്യാ ചക്രവർത്തിയുടെ കീഴിലോ ഒരു നാട്ടുരാജ്യത്തിലെ സർക്കാരിൻെറ കീഴിലോ ഒരു സിവിൽ പദവിയിൽ സേവനം അനുഷ്ഠിക്കുന്നതോ, സേവനം

അനുഷ്ഠിച്ചിട്ടുള്ളതോ ആയ ഒരാളെ സംബന്ധിച്ചോ അയാളുടെ കർത്തവ്യ നിർവ്വഹണത്തിൽ ചെയ്തിട്ടുള്ളതോ അങ്ങനെ ചെയ്തതാണെന്ന് കരുതാവുന്നതോ ആയ കൃത്യങ്ങൾ സംബന്ധിച്ച്,അയാൾക്കെതിരായി ആരംഭിച്ചിട്ടുള്ള നിയമനടപടികളിൽ എതിർവാദം നടത്തുന്നതിന് അയാൾക്ക് വഹിക്കേണ്ടതായി വന്ന ഏതെങ്കിലും ചെലവുകൾ ഭാരതത്തിൻെറയോ ആ സംസ്ഥാനത്തിൻെറയോ, അതതു സംഗതിപോലെ, സഞ്ചിതനിധിയിൽ നിന്ന് നൽകണമെന്നുള്ള ഏതെങ്കിലും അവകാശത്തിൻമേലും;

(ഞ) ഭാരത സർക്കാരിൻെറയോ ഒരു സംസ്ഥാനത്തിൻെറ സർക്കാരിൻെറയോ കീഴിലോ ഇൻഡ്യാ ചക്രവർത്തിയുടെ കീഴിലോ ഒരു നാട്ടുരാജ്യത്തെ സർക്കാരിൻെറ കീഴിലോ ഒരു സിവിൽ പദവിയിൽ സേവനം അനുഷ്ഠിക്കുമ്പോൾ ഒരാൾക്കുണ്ടായ ക്ഷതങ്ങളെ സംബന്ധിച്ച് ഒരു പെൻഷൻ അനുവദിക്കുന്നതിനുവേണ്ടിയുള്ള ഏതെങ്കിലും അവകാശത്തിന്മേലും അങ്ങനെ അനുവദിക്കുന്ന തുകയെക്കുറിച്ചുള്ള ഏതെങ്കിലും പ്രശ്നത്തിൻമേലും ,

ആലോചിക്കേണ്ടതും, അങ്ങനെ അവർക്ക് പരിഗണനയ്ക്ക് അയച്ചിട്ടുള്ള ഏതെങ്കിലും വിഷയത്തിൻമേലും, കൂടാതെ, രാഷ്ട്രപതിയോ സംസ്ഥാന ഗവർണ്ണറോ, [1]*** അതതു സംഗതിപോലെ, അവർക്ക് പരിഗണനയ്ക്ക് അയയ്ക്കുന്ന മററേതെങ്കിലും വിഷയത്തിൻമേലും, ഉപദേശം നൽകുന്നത് പബ്ളിക്ക് സർവ്വീസ് കമ്മീഷൻെറ കർത്തവ്യമായിരിക്കുന്നതും ആകുന്നു :

എന്നാൽ, അഖിലേന്ത്യാ സർവ്വീസുകളെ സംബന്ധിച്ചും യൂണിയൻെറ കാര്യങ്ങളോട് ബന്ധപ്പെട്ട മററു സർവ്വീസുകളേയും തസ്തികകളേയും സംബന്ധിച്ചും രാഷ്ട്രപതിക്കും ഒരു സംസ്ഥാനത്തിൻെറ കാര്യങ്ങളോടു ബന്ധപ്പെട്ട മററ് സർവ്വീസുകളേയും തസ്തികകളേയും സംബന്ധിച്ച് ഗവർണ്ണർക്കും [2]* * * സാമാന്യമായോ ഏതെങ്കിലും പ്രത്യേക സംഗതിയിലോ ഏതെങ്കിലും പ്രത്യേക പരിതഃസ്ഥിതികളിലോ ഒരു പബ്ളിക്ക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കേണ്ട ആവശ്യമില്ലാത്ത വിഷയങ്ങൾ നിർദ്ദേശിച്ചുകൊണ്ട് റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(4) (3)-ാം ഖണ്ഡത്തിലെ യാതൊന്നും 16-ാം അനുച്ഛേദം (4)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നത് സംബന്ധിച്ചോ അല്ലെങ്കിൽ 335-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നവിധം സംബന്ധിച്ചോ, ഒരു പബ്ളിക്ക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കുന്നത് ആവശ്യമാക്കിത്തീർക്കുന്നതല്ല.

(5) (3)-ാം ഖണ്ഡത്തിലെ പരിമിതി വ്യവസ്ഥപ്രകാരം രാഷ്ട്രപതിയോ അല്ലെങ്കിൽ ഒരു സംസ്ഥാനഗവർണ്ണറോ [1] * * * ഉണ്ടാക്കിയ എല്ലാ റഗുലേഷനുകളും, പാർലമെൻറിൻെറ ഓരോ സഭയുടെയുമോ അല്ലെങ്കിൽ സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയുടെയോ ഓരോ സഭയുടെയുമോ മുൻപിൽ, അതതു സംഗതിപോലെ, അവ ഉണ്ടാക്കിയതിനുശേഷം കഴിയുന്നതുംവേഗം പതിന്നാലു ദിവസത്തിൽ കുറയാത്ത കാലത്തേക്ക് വച്ചിരിക്കേണ്ടതും, അപ്രകാരം അവ വച്ചിട്ടുള്ള സമ്മേളനത്തിൽ പാർലമെൻറിൻെറ ഇരു സഭകളുമോ, സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയോ ഇരുസഭകളുമോ റദ്ദാക്കലോ, ഭേദഗതിയോവഴി വരുത്താവുന്ന അങ്ങനെയുള്ള രൂപഭേദങ്ങൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

**321. പബ്ലിക് സർവ്വീസ് കമ്മീഷനുകളുടെ ചുമതലകൾ വ്യാപിപ്പിക്കുന്നതിനുള്ള അധികാരം**—പാർലമെൻേറാ ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലമോ, അതതു സംഗതിപോലെ, ഉണ്ടാക്കിയ ഒരു ആക്ററിന്, യൂണിയനിലെയോ സംസ്ഥാനത്തിലെയോ സർവ്വീസുകളെ സംബന്ധിച്ചും കൂടാതെ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിൻെറയോ അല്ലെങ്കിൽ നിയമംവഴി രൂപീകരിച്ചിട്ടുള്ള മററ് ഏകാംഗീകൃത നികായത്തിൻെറയോ അല്ലെങ്കിൽ ഏതെങ്കിലും പൊതുസ്ഥാപനത്തിൻെറയോ സർവ്വീസുകളെ സംബന്ധിച്ചും യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷനോ സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷനോ കൂടുതലായ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

2. മേൽപ്പറഞ്ഞ ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ, അതതുസംഗതിപോലെ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

**322. പബ്ളിക് സർവ്വീസ് കമ്മീഷനുകളുടെ ചെലവുകൾ**— യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷൻെറയോ ഒരു സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷൻെറയോ, കമ്മീഷൻെറ അംഗങ്ങൾക്കോ ഉദ്യോഗസ്ഥൻമാർക്കോ അവരെ സംബന്ധിച്ചോ കൊടുക്കേണ്ട ഏതൊരു ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ചെലവുകൾ, ഭാരതത്തിൻെറ സഞ്ചിതനിധിയിൽ നിന്നോ സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽ നിന്നോ, അതതു സംഗതിപോലെ, നടത്തേണ്ടതാണ്.

**323. പബ്ളിക് സർവ്വീസ് കമ്മീഷനുകളുടെ റിപ്പോർട്ടുകൾ**— (1) യൂണിയൻ കമ്മീഷൻ ചെയ്ത ജോലിയെക്കുറിച്ച് വർഷംതോറും രാഷ്ട്രപതിക്ക് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നത് ആ കമ്മീഷൻെറ കർത്തവ്യമായിരിക്കുന്നതും അങ്ങനെയുള്ള റിപ്പോർട്ട് കിട്ടിയാൽ രാഷ്ട്രപതി അതിൻെറ ഒരു പകർപ്പ്, കമ്മീഷൻെറ ഉപദേശം സ്വീകരിക്കാത്ത സംഗതികൾ ഏതെങ്കിലുമുണ്ടെങ്കിൽ അവ സംബന്ധിച്ച് അങ്ങനെ സ്വീകരിക്കാതിരുന്നതിനുള്ള കാരണങ്ങൾ വിശദീകരിക്കുന്ന ഒരു വിവരക്കുറിപ്പോടുകൂടി, പാർലമെൻറിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതും ആകുന്നു.

(2) ഒരു സംസ്ഥാന കമ്മീഷൻ ചെയ്ത ജോലിയെക്കുറിച്ച് വർഷം തോറും ആ സംസ്ഥാനത്തെ ഗവർണ്ണർക്ക് [1]*** ഒരു റിപ്പോർട്ട് സമർപ്പിക്കുന്നത് ആ കമ്മീഷൻെറ കർത്തവ്യമായിരിക്കുന്നതും ഒരു സംയുക്തക്കമ്മീഷൻ ഏതെല്ലാം സംസ്ഥാനങ്ങളുടെ ആവശ്യങ്ങളാണോ നിർവ്വഹിക്കുന്നത് ആ സംസ്ഥാനങ്ങളിൽ ഓരോന്നിൻെറയും ഗവർണ്ണർക്ക് [1]*** ആ സംസ്ഥാനം സംബന്ധിച്ച് കമ്മീഷൻ ചെയ്ത ജോലിയെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് വർഷംതോറും സമർപ്പിക്കുന്നത് ആ സംയുക്തക്കമ്മീഷൻെറ കർത്തവ്യമായിരിക്കുന്നതും ഈ രണ്ട് സംഗതികളിൽ ഏതിലായാലും ഗവർണ്ണർ [2]*** അങ്ങനെയുള്ള റിപ്പോർട്ട് കിട്ടിയാൽ അതിൻെറ ഒരു പകർപ്പ് കമ്മീഷൻെറ ഉപദേശം സ്വീകരിക്കാത്ത സംഗതികൾ ഏതെങ്കിലുമുണ്ടെങ്കിൽ അവ സംബന്ധിച്ച് അങ്ങനെ സ്വീകരിക്കാതിരുന്നതിനുള്ള കാരണങ്ങൾ വിശദീകരിക്കുന്ന ഒരു വിവരക്കുറിപ്പോടുകൂടി, ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിൻെറ മുമ്പാകെ വയ്പിക്കേണ്ടതും ആകുന്നു.

## [3][ഭാഗം XIV ക

## ട്രിബ്യൂണലുകൾ

**323 ക. ഭരണ ട്രിബ്യൂണലുകൾ**—(1) പാർലമെൻറിന്, യൂണിയൻെറയോ ഏതെങ്കിലും സംസ്ഥാനത്തിൻെറയോ അല്ലെങ്കിൽ ഭാരതത്തിൻെറ ഭൂപ്രദേശത്തിനകത്തുള്ളതോ ഭാരതസർക്കാരിൻെറ നിയന്ത്രണത്തിൻ കീഴിലുള്ളതോ ആയ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിൻെറയോ, മററധികാര സ്ഥാനത്തിൻെറയോ, അല്ലെങ്കിൽ സർക്കാരിൻെറ ഉടമയിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും ഏകാംഗയോഗത്തിൻെറയോ കാര്യങ്ങൾ സംബന്ധിച്ച് പബ്ളിക് സർവ്വീസുകളിലും തസ്തികകളിലും നിയമിക്കപ്പെടുന്ന ആളുകളുടെ ആൾചേർക്കലും സേവനവ്യവസ്ഥകളും സംബന്ധിച്ച തർക്കങ്ങളും പരാതികളും ഭരണ ട്രിബ്യൂണലുകൾ ന്യായനിർണ്ണയം ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യുന്നതിന് നിയമം വഴി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) (1)-ാം ഖണ്ഡപ്രകാരം ഉണ്ടാക്കുന്ന ഒരു നിയമത്തിന്—

(ക) യൂണിയന് ഒരു ഭരണ ട്രിബ്യൂണലും, ഓരോ സംസ്ഥാനത്തിനും അല്ലെങ്കിൽ രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്കും വെവ്വേറെ ഭരണ ട്രിബ്യൂണലും സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്യുകയും ;

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.
2. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ, അതത് സംഗതി പോലെ" എന്ന വാക്കുകൾ വിട്ടുകളഞ്ഞു.
3. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 46-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

(ഖ) മേൽപ്പറഞ്ഞ ട്രിബ്യൂണലുകളിൽ ഓരോന്നിനും പ്രയോഗിക്കാവുന്ന അധികാരിതയും അധികാരങ്ങളും (അലക്ഷ്യത്തിനു ശിക്ഷിക്കാനുള്ള അധികാരം ഉൾപ്പെടെ) അധികാരശക്തിയും വ്യക്തമാക്കുകയും ;

(ഗ) മേൽപ്പറഞ്ഞ ട്രിബ്യൂണലുകൾ അനുവർത്തിക്കേണ്ട നടപടിക്രമത്തിന് (കാലഹരണത്തേയും തെളിവു ചട്ടങ്ങളേയും കുറിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടെ) വ്യവസ്ഥ ചെയ്യുകയും ;

(ഘ) (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള തർക്കങ്ങളോ പരാതികളോ സംബന്ധിച്ച്, 136-ാം അനുച്ഛേദപ്രകാരമുള്ള സുപ്രീംകോടതിയുടെ അധികാരിത ഒഴികെ എല്ലാ കോടതികളുടെയും അധികാരിത ഒഴിച്ചു നിർത്തുകയും;

(ങ) അങ്ങനെയുള്ള വ്യവഹാരത്തിനും നടപടികൾക്കും അടിസ്ഥാനമായ വ്യവഹാരകാരണങ്ങൾ അങ്ങനെയുള്ള ട്രിബ്യൂണൽ സ്ഥാപിച്ചതിനുശേഷം ഉത്ഭവിച്ചിരുന്നുവെങ്കിൽ അങ്ങനെയുള്ള ട്രിബ്യൂണലിന്റെ അധികാരിതയ്ക്കുള്ളിൽ ആകുമായിരുന്നവയും അങ്ങനെയുള്ള ട്രിബ്യൂണൽ സ്ഥാപിക്കുന്നതിന് തൊട്ടുമുമ്പ് ഏതെങ്കിലും കോടതിയുടെയോ മററ് അധികാരസ്ഥാനത്തിന്റെയോ മുമ്പാകെ നിലവിലിരുന്നവയുമായ കേസ്സുകൾ അങ്ങനെയുള്ള ഓരോ ഭരണ ട്രിബ്യൂണലിലേക്ക് മാററുന്നതിന് വ്യവസ്ഥ ചെയ്യുകയും ;

(ച) 371 ഘ അനുച്ഛേദം (3)-ാം ഖണ്ഡപ്രകാരം രാഷ്ട്രപതി പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുകയും ;

(ഛ) അങ്ങനെയുള്ള ട്രിബ്യൂണലുകളുടെ ഫലപ്രദമായ പ്രവർത്തനത്തിനും അവ കേസ്സുകൾ വേഗം തീർപ്പാക്കുന്നതിനും അവയുടെ ഉത്തരവുകൾ പ്രാവർത്തികമാക്കുന്നതിനും ആവശ്യമാണെന്ന് പാർലമെന്റ് കരുതുന്ന അനുപൂരകവും സാന്ദർഭികവും അനന്തരഫലമായുള്ളതുമായ വ്യവസ്ഥകൾ (ഫീസ് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടെ) അടങ്ങിയിരിക്കുകയും,

ചെയ്യാവുന്നതാണ്.

(3) ഈ ഭരണഘടനയിലെ മറേറതെങ്കിലും വ്യവസ്ഥയിലോ തത്സമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ ആയിരുന്നാലും, ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

**323 ഖ. മററു വിഷയങ്ങൾക്കുള്ള ട്രിബ്യൂണലുകൾ**—(1) സമുചിത നിയമനിർമ്മാണ മണ്ഡലത്തിന്, (2)-ാം ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ളതും അങ്ങനെയുള്ള നിയമനിർമ്മാണ മണ്ഡലത്തിന് നിയമം ഉണ്ടാക്കാൻ അധികാരമുള്ളതും ആയ എല്ലാ വിഷയങ്ങൾ സംബന്ധിച്ചുമുള്ള, അല്ലെങ്കിൽ അവയിലേതെങ്കിലും സംബന്ധിച്ച ഏതെങ്കിലും തർക്കങ്ങളോ, പരാതികളോ, കുററങ്ങളോ, ട്രിബ്യൂണലുകൾ ന്യായനിർണ്ണയം ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യുന്നതിന് നിയമം വഴി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ താഴെപ്പറയുന്നവയാണ്, അതായത്:-

(ക) ഏതെങ്കിലും നികുതിയുടെ ചുമത്തലും നിർണ്ണയിക്കലും പിരിക്കലും നടപ്പിലാക്കലും ;

(ഖ) വിദേശ വിനിമയവും കസ്ററംസ് അതിർത്തികൾക്ക് ഇപ്പുറവും അപ്പുറവും ഉള്ള ഇറക്കുമതിയും കയററുമതിയും ;

(ഗ) വ്യാവസായികത്തർക്കങ്ങളും തൊഴിൽത്തർക്കങ്ങളും ;

(ഘ) 31 ക അനുച്ഛേദത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഏതെങ്കിലും സ്വത്തോ അതിലെ ഏതെങ്കിലും അവകാശങ്ങളോ, രാഷ്ട്രത്തിന്റെ ആർജ്ജനത്താലോ അങ്ങനെയുള്ള ഏതെങ്കിലും അവകാശങ്ങളുടെ ഇല്ലാതാക്കലോ രൂപഭേദപ്പെടുത്തലോ വഴിയോ അല്ലെങ്കിൽ കൃഷിഭൂമിയിൻമേൽ ഉള്ള പരിധിവഴിയോ അല്ലെങ്കിൽ മറേറതെങ്കിലും രീതിയിലോ ഉള്ള ഭൂപരിഷ്ക്കാരങ്ങൾ ;

(ങ) നഗരവസ്തുക്കൾക്ക് പരിധി ;

(ച) പാർലമെൻറിൻെറ ഇരു സഭകളിൽ ഏതിലേക്കെങ്കിലുമോ, ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയിലേക്കോ, ഇരുസഭകളിൽ ഏതിലേക്കെങ്കിലുമോ ഉള്ള തെരഞ്ഞെടുപ്പുകൾ, എന്നാൽ 329-ാം അനുച്ഛേദത്തിലും 329ക അനുച്ഛേദത്തിലും പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ ഒഴിച്ചു നിറുത്തിക്കൊണ്ട് ;

(ഛ) ഭക്ഷ്യപദാർത്ഥങ്ങളുടെയും (ഭക്ഷ്യ എണ്ണക്കുരുക്കളും എണ്ണകളും ഉൾപ്പെടെ) രാഷ്ട്രപതി, പൊതു വിജ്ഞാപനം വഴി, ഈ അനുച്ഛേദത്തിൻെറ ആവശ്യത്തിന് അവശ്യസാധനങ്ങളായി പ്രഖ്യാപിക്കുന്ന അങ്ങനെയുള്ള മററു സാധനങ്ങളുടെയും ഉൽപ്പാദനം, സമ്പാദനം, സംഭരണം, വിതരണം എന്നിവയും, അങ്ങനെയുള്ള സാധനങ്ങളുടെ വിലകളുടെ നിയന്ത്രണവും ;

[1][(ജ) വാടകയും അതിൻെറ ക്രമീകരണവും നിയന്ത്രണവും ഭൂവുടമകളുടെയും കുടിയാൻമാരുടെയും അവകാശവും ഉടമാവകാശവും അവകാശബന്ധവുമുൾപ്പെടെ കുടിയായ്മ സംബന്ധിച്ച നിയമഹേതുക്കളും;]

[2][(ഝ)] (ക) മുതൽ [3][(ജ)] വരെയുള്ള ഉപഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ച നിയമങ്ങൾക്കെതിരായുള്ള കുററങ്ങളും ആ വിഷയങ്ങളിൽ ഏതെങ്കിലും സംബന്ധിച്ച ഫീസും ;

[2][(ഞ)] (ക) മുതൽ [4][(ഝ)] വരെയുള്ള ഉപഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള ഏതൊരു വിഷയത്തിനും സാന്ദർഭികമായ വിഷയം.

(3) (1)-ാം ഖണ്ഡപ്രകാരം ഉണ്ടാക്കുന്ന ഒരു നിയമത്തിന്,—

(ക) ട്രിബ്യൂണലുകളുടെ ആരോഹണക്രമത്തിലുള്ള ഒരു പരമ്പര സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്യുകയും;

(ഖ) മേൽപ്പറഞ്ഞ ട്രിബ്യൂണലുകളിൽ ഓരോന്നിനും പ്രയോഗിക്കാവുന്ന അധികാരിതയും, അധികാരങ്ങളും (അലക്ഷ്യത്തിന് ശിക്ഷിക്കാനുള്ള അധികാരം ഉൾപ്പെടെ) അധികാരശക്തി വ്യക്തമാക്കുകയും ;

(ഗ) മേൽപ്പറഞ്ഞ ട്രിബ്യൂണലുകളിൽ അനുവർത്തിക്കേണ്ട നടപടിക്രമത്തിന് (കാലഹരണത്തേയും തെളിവുചട്ടങ്ങളേയും കുറിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടെ) വ്യവസ്ഥ ചെയ്യുകയും;

(ഘ) മേൽപ്പറഞ്ഞ ട്രിബ്യൂണലുകളുടെ അധികാരിതയ്ക്കുള്ളിൽപ്പെടുന്ന എല്ലാ വിഷയങ്ങളുമോ, അവയിലേതെങ്കിലുമോ സംബന്ധിച്ച് 136-ാം അനുച്ഛേദപ്രകാരമുള്ള സുപ്രീം കോടതിയുടെ അധികാരിത ഒഴികെ എല്ലാ കോടതികളുടെയും അധികാരിത ഒഴിച്ചുനിറുത്തുകയും ;

(ങ) അങ്ങനെയുള്ള വ്യവഹാരത്തിനും നടപടികൾക്കും അടിസ്ഥാനമായ വ്യവഹാര കാരണങ്ങൾ അങ്ങനെയുള്ള ട്രിബ്യൂണൽ സ്ഥാപിച്ചതിനുശേഷം ഉത്ഭവിച്ചിരുന്നുവെങ്കിൽ അങ്ങനെയുള്ള ട്രിബ്യൂണലിൻെറ അധികാരിതയ്ക്കുള്ളിൽ ആകുമായിരുന്നവയും അങ്ങനെയുള്ള ട്രിബ്യൂണൽ സ്ഥാപിക്കുന്നതിനു തൊട്ടു മുമ്പ് ഏതെങ്കിലും കോടതിയുടെയോ മററു അധികാരസ്ഥാനത്തിൻെറയോ മുമ്പാകെ നിലവിലിരുന്നവയുമായ കേസ്സുകൾ അങ്ങനെയുള്ള ഓരോ ട്രിബ്യൂണലിലേക്കും മാററുന്നതിന് വ്യവസ്ഥ ചെയ്യുകയും ;

1. 1993-ലെ ഭരണഘടന (എഴുപത്തഞ്ചാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (15-5-1994 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ അക്ററും വകുപ്പും പ്രകാരം (ജ) യും (ഝ)യും ഉപഖണ്ഡങ്ങൾ (ഝ)യും (ഞ)യും ഉപഖണ്ഡങ്ങളായി അക്ഷരം മാററി (15-5-1994 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്ററും വകുപ്പുംപ്രകാരം " (ഛ) " എന്നതിനു പകരം ചേർത്തത് (15-5-1994 മുതൽ പ്രാബല്യം).
4. മേൽപ്പറഞ്ഞ ആക്ററും വകുപ്പും പ്രകാരം " (ജ) " എന്നതിനു പകരം ചേർത്തത് (15-5-1994 മുതൽ പ്രാബല്യം).

(ച) അങ്ങനെയുള്ള ട്രിബ്യൂണലുകളുടെ ഫലപ്രദമായ പ്രവർത്തനത്തിനും അവ കേസ്സുകൾ വേഗം തീർപ്പാക്കുന്നതിനും അവയുടെ ഉത്തരവുകൾ പ്രാവർത്തികമാക്കുന്നതിനും ആവശ്യമാണെന്ന് സമുചിത നിയമനിർമ്മാണമണ്ഡലം കരുതുന്ന അനുപൂരകവും സാന്ദർഭികവും അനന്തരഫലമായുള്ളതുമായ വ്യവസ്ഥകൾ (ഫീസ്സുകൾ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടെ) ആ നിയമത്തിൽ അടങ്ങിയിരിക്കുകയും ,

ചെയ്യാവുന്നതാണ്.

(4) ഈ ഭരണഘടനയിലെ മറേറതെങ്കിലും വ്യവസ്ഥയിലോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തു തന്നെ ആയിരുന്നാലും, ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

*വിശദീകരണം*—ഈ അനുച്ഛേദത്തിൽ, ഏതെങ്കിലും വിഷയം സംബന്ധിച്ച്, "സമുചിത നിയമനിർമ്മാണമണ്ഡലം" എന്നാൽ XI-ാം ഭാഗത്തിലെ വ്യവസ്ഥകൾ അനുസരിച്ച് അങ്ങനെയുള്ള വിഷയം സംബന്ധിച്ച നിയമങ്ങൾ ഉണ്ടാക്കാൻ ക്ഷമതയുള്ള പാർലമെൻേറാ ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലമോ എന്ന്, അതതു സംഗതിപോലെ, അർത്ഥമാകുന്നു.]

## ഭാഗം XV

## തെരഞ്ഞെടുപ്പുകൾ

**324. തെരഞ്ഞെടുപ്പുകളുടെ മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും നിയന്ത്രണവും തെരഞ്ഞെടുപ്പു കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുമെന്ന്**—(1) ഈ ഭരണഘടനപ്രകാരം, പാർലമെൻറിലേക്കും ഓരോ സംസ്ഥാനത്തിൻെറയും നിയമനിർമ്മാണമണ്ഡലത്തിലേക്കും നടത്തുന്ന എല്ലാ തെരഞ്ഞെടുപ്പുകൾക്കും വേണ്ട സമ്മതിദായക പട്ടികകൾ തയ്യാറാക്കുന്നതിൻെറയും, അവയിലേക്കുള്ള എല്ലാ തെരഞ്ഞെടുപ്പുകളും നടത്തുന്നതിൻെറയും, രാഷ്ട്രപതിയുടെയും ഉപരാഷ്ട്രപതിയുടെയും ഉദ്യോഗങ്ങളിലേക്ക് നടത്തുന്ന തെരഞ്ഞെടുപ്പുകളുടെയും മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും നിയന്ത്രണവും [1]*** (ഈ ഭരണഘടനയിൽ തെരഞ്ഞെടുപ്പു കമ്മീഷൻ എന്ന് പരാമർശിക്കുന്ന) ഒരു കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) തെരഞ്ഞെടുപ്പു കമ്മീഷൻ, മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണറും, രാഷ്ട്രപതി അപ്പോഴപ്പോൾ നിജപ്പെടുത്താവുന്നത്ര എണ്ണം മററു തെരഞ്ഞെടുപ്പു കമ്മീഷണർമാരും അങ്ങനെയുണ്ടെങ്കിൽ, അടങ്ങിയതായിരിക്കേണ്ടതും മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണറുടെയും മററു തെരഞ്ഞെടുപ്പു കമ്മീഷണർമാരുടെയും നിയമനം, അതിലേക്ക് പാർലമെൻറ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി , രാഷ്ട്രപതി നടത്തേണ്ടതും ആകുന്നു.

(3) മറേറതെങ്കിലും തെരഞ്ഞെടുപ്പു കമ്മീഷണറെ അപ്രകാരം നിയമിക്കുമ്പോൾ മുഖ്യതെരഞ്ഞെടുപ്പു കമ്മീഷണർ തെരഞ്ഞെടുപ്പു കമ്മീഷൻെറ ചെയർമാനായി പ്രവർത്തിക്കേണ്ടതാണ്.

(4) ലോകസഭയിലേക്കും ഓരോ സംസ്ഥാനത്തിൻെറയും നിയമസഭയിലേക്കും ഉള്ള ഓരോ പൊതു തെരഞ്ഞെടുപ്പിനുമുമ്പും നിയമസമിതിയുള്ള ഓരോ സംസ്ഥാനത്തെയും അങ്ങനെയുള്ള സമിതിയിലേക്കുള്ള ഒന്നാമത്തെ പൊതുതെരഞ്ഞെടുപ്പിന് മുമ്പും അതിനുശേഷം ഓരോ ദ്വൈവാർഷിക തെരഞ്ഞെടുപ്പിനുമുമ്പും തെരഞ്ഞെടുപ്പ് കമ്മീഷനുമായി ആലോചിച്ചശേഷം രാഷ്ട്രപതിക്ക് (1)-ാം ഖണ്ഡപ്രകാരം തെരഞ്ഞെടുപ്പു കമ്മീഷന് നൽകിയിട്ടുള്ള ചുമതലകളുടെ നിർവ്വഹണത്തിൽ കമ്മീഷനെ സഹായിക്കുന്നതിന്, ആവശ്യമെന്ന് അദ്ദേഹം കരുതുന്ന പ്രാദേശിക കമ്മീഷണർമാരെക്കൂടി നിയമിക്കാവുന്നതാണ്.

(5) പാർലമെൻറ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെയും പ്രാദേശിക കമ്മീഷണർമാരുടെയും സേവനവ്യവസ്ഥകളും ഉദ്യോഗകാലാവധിയും രാഷ്ട്രപതി ചട്ടം വഴി നിശ്ചയിക്കുന്നവിധം ആയിരിക്കുന്നതാണ്:

എന്നാൽ, സുപ്രീം കോടതിയിലെ ഒരു ജഡ്ജിയെ മാററാവുന്ന രീതിയിലും അതേ കാരണങ്ങൾക്കും അല്ലാതെ മുഖ്യതെരഞ്ഞെടുപ്പു കമ്മീഷണറെ അദ്ദേഹത്തിൻെറ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതല്ലാത്തതും, മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണറുടെ സേവന വ്യവസ്ഥകൾ അദ്ദേഹത്തിൻെറ നിയമനത്തിനുശേഷം അദ്ദേഹത്തിന് പ്രതികൂലമായി വ്യത്യാസപ്പെടുത്തുവാൻ പാടില്ലാത്തതും ആകുന്നു:

---

1. 1966-ലെ ഭരണഘടന (പത്തൊൻപതാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം "പാർലമെൻറിലേക്കും സംസ്ഥാനങ്ങളുടെ നിയമനിർമ്മാണമണ്ഡലങ്ങളിലേക്കുമുള്ള തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ടതോ അതിൽനിന്ന് ഉത്ഭവിക്കുന്നതോ ആയ സംശയങ്ങളുടെയും തർക്കങ്ങളുടെയും തീരുമാനത്തിനുള്ള തെരഞ്ഞെടുപ്പ് ട്രിബ്യൂണലുകളുടെ നിയമനം ഉൾപ്പെടെ" എന്നീവാക്കുകൾ വിട്ടുകളഞ്ഞു.

എന്നുമാത്രമല്ല, മറേറതെങ്കിലും തെരഞ്ഞെടുപ്പു കമ്മീഷണറെയോ ഒരു പ്രാദേശിക കമ്മീഷണറെയോ മുഖ്യതെരഞ്ഞെടുപ്പു കമ്മീഷണറുടെ ശിപാർശയിൻമേലല്ലാതെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതല്ല.

(6) രാഷ്ട്രപതി അല്ലെങ്കിൽ ഒരു സംസ്ഥാനത്തിൻെറ ഗവർണ്ണർ [1]*** (1)-ാം ഖണ്ഡത്തിൽ തെരഞ്ഞെടുപ്പു കമ്മീഷന് നൽകിയിട്ടുള്ള ചുമതലകളുടെ നിർവ്വഹണത്തിന് ആവശ്യമായ ഉദ്യോഗസ്ഥൻമാരെ തെരഞ്ഞെടുപ്പു കമ്മീഷൻ അപ്രകാരം ആവശ്യപ്പെടുമ്പോൾ, തെരഞ്ഞെടുപ്പ് കമ്മീഷനോ ഒരു പ്രാദേശിക കമ്മീഷണർക്കോ, ലഭ്യമാക്കേണ്ടതാണ്.

**325. മതമോ വർഗ്ഗമോ ജാതിയോ ലിംഗമോ കാരണമാക്കി യാതൊരാളും തെരഞ്ഞെടുപ്പു പട്ടികയിൽ ഉൾപ്പെടുത്തപ്പെടുന്നതിന് അനർഹനായിരിക്കുന്നതോ, ഒരു വിശേഷാൽ തെരഞ്ഞെടുപ്പു പട്ടികയിൽ അയാളെ ഉൾപ്പെടുത്തണമെന്ന് അവകാശപ്പെടാവുന്നതോ അല്ലെന്ന്**—പാർലമെൻറിൻെറ ഇരുസഭകളിൽ ഓരോന്നിലേക്കുമോ അല്ലെങ്കിൽ ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയിലേക്കോ ഇരു സഭകളിൽ ഓരോന്നിലേക്കുമോ ഉള്ള തെരഞ്ഞെടുപ്പിനുവേണ്ടി ഓരോ പ്രാദേശിക നിയോജകമണ്ഡത്തിലേക്കും ഓരോ തെരഞ്ഞെടുപ്പു പട്ടിക ഉണ്ടായിരിക്കേണ്ടതും, മതം, വർഗ്ഗം, ജാതി, ലിംഗം എന്നിവയെയോ അവയിൽ ഏതിനെയെങ്കിലുമോ മാത്രം കാരണമാക്കി യാതൊരാളും, അങ്ങനെയുള്ള ഏതെങ്കിലും പട്ടികയിൽ ഉൾപ്പെടുത്തപ്പെടുവാൻ അനർഹനാകുന്നതോ, യാതൊരാൾക്കും അങ്ങനെയുള്ള ഏതെങ്കിലും നിയോജകമണ്ഡലത്തിലെ ഏതെങ്കിലും വിശേഷാൽ തെരഞ്ഞെടുപ്പു പട്ടികയിൽ അയാളെ ഉൾപ്പെടുത്തണമെന്ന് അവകാശപ്പെടുവാൻ പാടുള്ളതോ അല്ലാത്തതും ആകുന്നു.

**326. ലോകസഭയിലേയ്ക്കും സംസ്ഥാനങ്ങളിലെ നിയമസഭകളിലേയ്ക്കും ഉള്ള തെരഞ്ഞെടുപ്പുകൾ പ്രായപൂർത്തി വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിലായിരിക്കണമെന്ന്**—ലോക സഭയിലേക്കും ഓരോ സംസ്ഥാനത്തെയും നിയമസഭയിലേക്കും ഉള്ള തെരഞ്ഞെടുപ്പുകൾ പ്രായപൂർത്തി വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണ്; അതായത്, ഭാരതത്തിലെ ഒരു പൗരനും, സമുചിതമായ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമം വഴിയോ നിയമപ്രകാരമോ അതിലേക്ക് നിജപ്പെടുത്തിയിട്ടുള്ള തീയതിയിൽ [2][പതിനെട്ട് വയസ്സിൽ] കുറയാത്ത പ്രായമുള്ള ആളും, ഈ ഭരണഘടനയോ സമുചിതമായ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമമോ പ്രകാരം നിവാസം ഇല്ലായ്മയോ, ചിത്തഭ്രമമോ കുററമോ അല്ലെങ്കിൽ അഴിമതി പ്രവൃത്തിയോ നിയമവിരുദ്ധ പ്രവൃത്തിയോ കാരണമാക്കി മററു വിധത്തിൽ അയോഗ്യനല്ലാത്ത ആളും ആയ ഏതൊരാൾക്കും അങ്ങനെയുള്ള ഏതെങ്കിലും തെരഞ്ഞെടുപ്പിൽ ഒരു സമ്മതിദായകനായി രജിസ്ററർ ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

**327. നിയമനിർമ്മാണമണ്ഡലങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച് വ്യവസ്ഥയുണ്ടാക്കുവാൻ പാർലമെൻറിനുള്ള അധികാരം**—ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി, പാർലമെൻറിന്, അപ്പോഴപ്പോൾ നിയമം വഴി പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിലേക്കെങ്കിലുമോ ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയിലേക്കോ ഇരുസഭകളിൽ ഏതിലേക്കെങ്കിലുമോ ഉള്ള തെരഞ്ഞെടുപ്പുകളെ സംബന്ധിക്കുന്നതോ അല്ലെങ്കിൽ ബന്ധപ്പെട്ടതോ ആയ തെരഞ്ഞെടുപ്പ് പട്ടികകൾ തയ്യാറാക്കൽ, നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയിക്കൽ ഉൾപ്പെടെയുള്ള എല്ലാ വിഷയങ്ങളേയും, അങ്ങനെയുള്ള സഭയുടെയോ സഭകളുടെയോ യഥാവിധിയുള്ള രൂപീകരണം ഉറപ്പുവരുത്താൻ ആവശ്യമായ മററ് എല്ലാ വിഷയങ്ങളെയും സംബന്ധിച്ച്, വ്യവസ്ഥ ഉണ്ടാക്കാവുന്നതാണ്.

**328. ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിന് അങ്ങനെയുള്ള നിയമനിർമ്മാണ മണ്ഡലത്തിലേക്കുള്ള തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച് വ്യവസ്ഥ ഉണ്ടാക്കുവാനുള്ള അധികാരം**—ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായും, പാർലമെൻറ് അതിലേക്ക് വ്യവസ്ഥ ഉണ്ടാക്കാത്തിടത്തോളവും, ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിന്

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.
2. 1988-ലെ ഭരണഘടന (അറുപത്തൊന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "ഇരുപത്തൊന്നു വയസ്സിൽ" എന്നതിനുപകരം ചേർത്തത്.

അപ്പോഴപ്പോൾ നിയമംവഴി ആ സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയിലേക്കോ ഇരുസഭകളിൽ ഏതിലേക്കെങ്കിലുമോ ഉള്ള തെരഞ്ഞെടുപ്പുകളെ സംബന്ധിക്കുന്നതോ അല്ലെങ്കിൽ ബന്ധപ്പെട്ടതോ ആയ തെരഞ്ഞെടുപ്പു പട്ടികകൾ തയ്യാറാക്കൽ ഉൾപ്പെടെയുള്ള എല്ലാ വിഷയങ്ങളെയും, അങ്ങനെയുള്ള സഭയുടെയോ സഭകളുടെയോ യഥാവിധിയുള്ള രൂപീകരണം ഉറപ്പുവരുത്തുവാൻ ആവശ്യമായ മററ് വിഷയങ്ങളെയും സംബന്ധിച്ച് വ്യവസ്ഥ ഉണ്ടാക്കാവുന്നതാണ്.

**329. തെരഞ്ഞെടുപ്പു വിഷയങ്ങളിൽ കോടതികളുടെ ഇടപെടലിന് വിലക്ക്**—[1][ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും [2]***—]

(ക) നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയിക്കലോ അങ്ങനെയുള്ള നിയോജകമണ്ഡലങ്ങളിലേക്കുള്ള സ്ഥാനങ്ങളുടെ തിരിച്ചുവയ്ക്കലോ സംബന്ധിച്ച് 327-ാം അനുച്ഛേദമോ 328-ാം അനുച്ഛേദമോ പ്രകാരം ഉണ്ടാക്കിയതോ ഉണ്ടാക്കിയതാണെന്നു കരുതാവുന്നതോ ആയ ഒരു നിയമത്തിൻെറ സാധുത ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യപ്പെടാവുന്നതല്ല;

(ഖ) പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിലേക്കെങ്കിലുമോ ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയിലേക്കോ ഇരുസഭകളിൽ ഏതിലേക്കെങ്കിലുമോ ഉള്ള യാതൊരു തെരഞ്ഞെടുപ്പും സമുചിതമായ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ ഏതെങ്കിലും നിയമം വഴിയോ നിയമ പ്രകാരമോ വ്യവസ്ഥ ചെയ്യാവുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിൻെറ മുമ്പാകെയും അങ്ങനെയുള്ള രീതിയിലും ബോധിപ്പിച്ചിട്ടുള്ള ഒരു തെരഞ്ഞെടുപ്പു ഹർജി വഴിയല്ലാതെ ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

[3]329 ക. [പ്രധാനമന്ത്രിയുടെയും സ്പീക്കറുടെയും സംഗതികളിൽ പാർലമെൻറിലേക്കുള്ള തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച് പ്രത്യേക വ്യവസ്ഥ] 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 36-ാം വകുപ്പുപ്രകാരം റദ്ദാക്കി (20-6-1979 മുതൽ പ്രാബല്യം).

---

1. 1975-ലെ ഭരണഘടന (മുപ്പത്തി ഒൻപതാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം ചില വാക്കുകൾക്കുപകരം ചേർത്തത്.
2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 35-ാം വകുപ്പുപ്രകാരം "എന്നാൽ 329 ക അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി" എന്നീ വാക്കുകളും അക്കങ്ങളും അക്ഷരവും വിട്ടുകളഞ്ഞു (20-6-1979 മുതൽ പ്രാബല്യം).
3. 1975-ലെ ഭരണഘടന (മുപ്പത്തി ഒൻപതാം ഭേദഗതി) ആക്ററ്, 4-ാം വകുപ്പുപ്രകാരം ചേർത്തത്.

## ഭാഗം XVI

# ചില വിഭാഗങ്ങളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ

**330. ലോകസഭയിൽ പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും സ്ഥാനങ്ങൾ സംവരണം ചെയ്യൽ**—(1) ലോകസഭയിൽ-

(ക) പട്ടികജാതികൾക്കും ;

[1][(ഖ) ആസ്സാമിലെ സ്വയംഭരണാധികാരമുള്ള ജില്ലകളിലെ പട്ടികഗോത്ര വർഗ്ഗങ്ങളൊഴികെയുള്ള പട്ടികഗോത്ര വർഗ്ഗങ്ങൾക്കും;]

(ഗ) ആസ്സാമിലെ സ്വയംഭരണാധികാരമുള്ള ജില്ലകളിലെ പട്ടികഗോത്ര വർഗ്ഗങ്ങൾക്കും,

സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതാണ്.

(2) (1)-ാം ഖണ്ഡപ്രകാരം ഏതെങ്കിലും സംസ്ഥാനത്തോ, [2][യൂണിയൻ പ്രദേശത്തോ] പട്ടികജാതികൾക്കോ പട്ടികഗോത്ര വർഗ്ഗങ്ങൾക്കോ സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണവും ആ സംസ്ഥാനത്തിനോ [2][യൂണിയൻ പ്രദേശത്തിനോ] ലോകസഭയിൽ തിരിച്ചുവച്ചിട്ടുള്ള സ്ഥാനങ്ങളുടെ ആകെ എണ്ണവും തമ്മിലുള്ള അനുപാതം, അപ്രകാരം സ്ഥാനങ്ങൾ സംവരണം ചെയ്തിട്ടുള്ള സംസ്ഥാനത്തെയോ [2][യൂണിയൻ പ്രദേശത്തെയോ] പട്ടികജാതികളുടെയോ ആ സംസ്ഥാനത്തിലോ [2][യൂണിയൻ പ്രദേശത്തിലോ] ഉള്ള, അല്ലെങ്കിൽ ആ സംസ്ഥാനത്തിൻെറയോ [2][യൂണിയൻ പ്രദേശത്തിന്റെയോ] ഭാഗത്തുള്ള, അതതു സംഗതിപോലെ, പട്ടികഗോത്ര വർഗ്ഗങ്ങളുടെയോ ജനസംഖ്യ ആ സംസ്ഥാനത്തെയോ യൂണിയൻ പ്രദേശത്തെയോ ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതവും കഴിയുന്നതും ഒന്നുതന്നെ ആയിരിക്കേണ്ടതാണ്.

[3][(3) (2)-ാം ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആസ്സാമിലെ സ്വയംഭരണാധികാരമുള്ള ജില്ലകളിലെ പട്ടികഗോത്ര വർഗ്ഗങ്ങൾക്ക് ലോകസഭയിൽ സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണവും ആ സംസ്ഥാനത്തിനു തിരിച്ചുവച്ചിട്ടുള്ള സ്ഥാനങ്ങളുടെ ആകെ എണ്ണവും തമ്മിലുള്ള അനുപാതം മുൻപറഞ്ഞ സ്വയംഭരണാധികാരമുള്ള ജില്ലകളിലെ പട്ടികഗോത്ര വർഗ്ഗക്കാരുടെ ജനസംഖ്യയും ആ സംസ്ഥാനത്തെ ആകെയുള്ള ജനസംഖ്യയും തമ്മിലുള്ള അനുപാതത്തെക്കാൾ കുറവായിരിക്കാൻ പാടുള്ളതല്ല.]

[4][*വിശദീകരണം*—ഈ അനുച്ഛേദത്തിലും 332-ാം അനുച്ഛേദത്തിലും "ജനസംഖ്യ" എന്ന പ്രയോഗത്തിന് പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള തൊട്ടടുത്തു കഴിഞ്ഞ കാനേഷുമാരിയിൽ തിട്ടപ്പെടുത്തിയിട്ടുള്ള ജനസംഖ്യ എന്ന് അർത്ഥമാകുന്നു:

എന്നാൽ, പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള തൊട്ടടുത്തു കഴിഞ്ഞ കാനേഷുമാരിയെക്കുറിച്ചുള്ള ഈ വിശദീകരണത്തിലെ പരാമർശം [5][2026]-ാം ആണ്ടിനുശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിക്കുള്ള പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതുവരെ [6][2001]-ലെ കാനേഷുമാരിയെക്കുറിച്ചുള്ള പരാമർശമായി കണക്കാക്കേണ്ടതാണ്.]

---

1. 1984-ലെ ഭരണഘടന (അമ്പത്തൊന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പു പ്രകാരം (ഖ) ഉപഖണ്ഡത്തിനു പകരം ചേർത്തത് (16-6-1986 മുതൽ പ്രാബല്യം).
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ചേർത്തത്.
3. 1973-ലെ ഭരണഘടന (മുപ്പത്തൊന്നാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത്.
4. 1976-ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 47-ാം വകുപ്പു പ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
5. 2001-ലെ ഭരണഘടന (എൺപത്തിനാലാം ഭേദഗതി) ആക്റ്റ്, 6-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.
6. 2003-ലെ ഭരണഘടന (എൺപത്തിയേഴാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.

**331. ലോകസഭയിൽ ആംഗ്ലോ ഇൻഡ്യൻ സമുദായത്തിനുള്ള പ്രാതിനിധ്യം**—81-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, രാഷ്ട്രപതിക്ക്, ലോകസഭയിൽ ആംഗ്ലോ ഇൻഡ്യൻ സമുദായത്തിന് വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന് അഭിപ്രായമുണ്ടെങ്കിൽ, ആ സമുദായത്തിലെ രണ്ടിൽ കവിയാതെയുള്ള അംഗങ്ങളെ ലോകസഭയിലേക്ക് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

**332. സംസ്ഥാനങ്ങളിലെ നിയമസഭകളിൽ പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും സ്ഥാനങ്ങൾ സംവരണം ചെയ്യൽ**—(1) [1]*** ഓരോ സംസ്ഥാനത്തെയും നിയമസഭയിൽ പട്ടികജാതികൾക്കും [2][ആസ്സാമിലെ സ്വയംഭരണാധികാരമുള്ള ജില്ലകളിലെ പട്ടികഗോത്ര വർഗ്ഗങ്ങളൊഴികെയുള്ള] പട്ടികഗോത്ര വർഗ്ഗങ്ങൾക്കും സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതാണ്.

(2) ആസ്സാം സംസ്ഥാനത്തെ നിയമസഭയിൽ സ്വയംഭരണാധികാരമുള്ള ജില്ലകൾക്കുകൂടി സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതാണ്.

(3) (1)-ാം ഖണ്ഡപ്രകാരം ഏതെങ്കിലും സംസ്ഥാന നിയമസഭയിൽ പട്ടികജാതികൾക്കോ പട്ടികഗോത്ര വർഗ്ഗങ്ങൾക്കോ സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണവും ആ നിയമസഭയിലെ സ്ഥാനങ്ങളുടെ ആകെ എണ്ണവും തമ്മിലുള്ള അനുപാതവും, അപ്രകാരം സ്ഥാനങ്ങൾ സംവരണം ചെയ്തിട്ടുള്ള സംസ്ഥാനങ്ങളിലെ പട്ടികജാതികളുടെയോ അല്ലെങ്കിൽ ആ സംസ്ഥാനത്തോ ആ സംസ്ഥാനത്തിൻെറ ഭാഗത്തിലോ ഉള്ള പട്ടികഗോത്ര വർഗ്ഗങ്ങളുടെയോ, അതതു സംഗതിപോലെ, ജനസംഖ്യയും ആ സംസ്ഥാനത്തെ ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതവും കഴിയുന്നതും ഒന്നുതന്നെ ആയിരിക്കേണ്ടതാണ്.

[3][(3ക) (3)-ാം ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, [4][2026]-ാം ആണ്ടിനുശേഷമുള്ള ആദ്യ കാനേഷുമാരിയെ അടിസ്ഥാനമാക്കി 170-ാം അനുച്ഛേദപ്രകാരം അരുണാചൽ പ്രദേശ്, മേഘാലയ, മിസ്സോറാം, നാഗാലാൻഡ് എന്നീ സംസ്ഥാനങ്ങളുടെ നിയമസഭകളിലെ സ്ഥാനങ്ങളുടെ എണ്ണത്തിൻെറ പുനഃക്രമീകരണം പ്രഭാവത്തിൽ വരുന്നതുവരെ, അങ്ങനെയുള്ള ഏതെങ്കിലും സംസ്ഥാന നിയമസഭയിൽ പട്ടികഗോത്ര വർഗ്ഗങ്ങൾക്ക്,—

(ക) 1987-ലെ ഭരണഘടന (അൻപത്തേഴാം ഭേദഗതി) ആക്റ്റ്, പ്രാബല്യത്തിൽ വരുന്ന തീയതി നിലവിലുള്ള (ഈ ഖണ്ഡത്തിൽ ഇതിനുശേഷം നിലവിലുള്ള സഭ എന്നു പറയുന്ന) അങ്ങനെയുള്ള സംസ്ഥാനത്തിന്റെ നിയമസഭയിലെ എല്ലാ സ്ഥാനങ്ങളും പട്ടികഗോത്ര വർഗ്ഗങ്ങളിലുള്ള അംഗങ്ങൾ വഹിക്കുന്നപക്ഷം, ഒന്നൊഴികെ എല്ലാ സ്ഥാനങ്ങളും;

(ഖ) മറ്റേതു സംഗതിയിലും അങ്ങനെയുള്ള സ്ഥാനങ്ങളുടെ എണ്ണവും മൊത്തം സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം (മേല്പറഞ്ഞ തീയതിക്ക്) നിലവിലുള്ള സഭയിലെ പട്ടികഗോത്ര വർഗ്ഗങ്ങളിൽ ഉൾപ്പെടുന്ന അംഗങ്ങളുടെ എണ്ണവും നിലവിലുള്ള സഭയിലെ മൊത്തം സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതത്തെക്കാൾ കുറയാത്ത സ്ഥാനങ്ങളും,

സംവരണം ചെയ്യേണ്ടതാകുന്നു.]

[5][(3ഖ) (3)-ാം ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, [4][2026]-മാണ്ടിനു ശേഷമുള്ള ആദ്യത്തെ കാനേഷുമാരിയുടെ അടിസ്ഥാനത്തിൽ ത്രിപുര സംസ്ഥാനത്തിന്റെ നിയമസഭയിലെ സ്ഥാനങ്ങളുടെ എണ്ണത്തിന്റെ, 170-ാം അനുച്ഛേദപ്രകാരം പുനഃക്രമീകരണം ഫലത്തിൽ വരുന്നതുവരെ, നിയമസഭയിൽ പട്ടികഗോത്ര വർഗ്ഗക്കാർക്കുവേണ്ടി സംവരണം ചെയ്യപ്പെടേണ്ട സ്ഥാനങ്ങൾ, അങ്ങനെയുള്ള സ്ഥാനങ്ങളുടെ എണ്ണവും സ്ഥാനങ്ങളുടെ ആകെ എണ്ണവും തമ്മിലുള്ള അനുപാതം, 1992-ലെ ഭരണഘടന (എഴുപത്തിരണ്ടാം ഭേദഗതി) ആക്റ്റ്

---

[1] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയുടെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.

[2] 1984-ലെ ഭരണഘടന (അൻപത്തൊന്നാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചിലവാക്കുകൾക്ക് പകരം ചേർത്തത് (16-6-1986 മുതൽ പ്രാബല്യം).

[3] 1987-ലെ ഭരണഘടന (അൻപത്തേഴാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (21-9-1987 മുതൽ പ്രാബല്യം).

[4] 2001-ലെ ഭരണഘടന (എൺപത്തിനാലാം ഭേദഗതി) ആക്റ്റ്, 7-ാം വകുപ്പുപ്രകാരം ചേർത്തത് (21-2-2002 മുതൽ പ്രാബല്യം).

[5] 1992-ലെ ഭരണഘടന (എഴുപത്തിരണ്ടാം ഭേദഗതി) ആക്റ്റ് , 2-ാം വകുപ്പുപ്രകാരം പകരം ചേർത്തത് (5-12-1992 മുതൽ പ്രാബല്യം).

പ്രാബല്യത്തിൽ വരുന്ന തീയതിയിൽ നിലവിലുള്ള നിയമസഭയിലെ പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ട അംഗങ്ങളുടെ എണ്ണവും, ആ സഭയിലെ സ്ഥാനങ്ങളുടെ എണ്ണവും, ആ സഭയിലെ സ്ഥാനങ്ങളുടെ ആകെ എണ്ണവും തമ്മിലുള്ള അനുപാതത്തെക്കാൾ കുറവായിരിക്കാൻ പാടില്ലാത്തതാകുന്നു.]

(4) ആസ്സാം സംസ്ഥാനത്തെ നിയമസഭയിൽ സ്വയംഭരണാധികാരമുള്ള ഒരു ജില്ലക്ക് സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണവും ആ സഭയിലെ സ്ഥാനങ്ങളുടെ ആകെ എണ്ണവും, ആ ജില്ലയിലെ ജനസംഖ്യയും ആ സംസ്ഥാനത്തെ ആകെ ജനസംഖ്യയും തമ്മിലുള്ള ഒരു അനുപാതത്തെക്കാൾ കുറവായിരിക്കാൻ പാടുള്ളതല്ല.

(5) ആസ്സാമിലെ സ്വയംഭരണാധികാരമുള്ള ഏതെങ്കിലും ജില്ലയ്ക്ക് സംവരണം ചെയ്ത സ്ഥാനങ്ങൾക്കുവേണ്ടിയുള്ള നിയോജകമണ്ഡലങ്ങളിൽ, [1]*** ആ ജില്ലയ്ക്ക് പുറത്തുള്ള യാതൊരു പ്രദേശവും ഉൾപ്പെട്ടിരിക്കാൻ പാടുള്ളതല്ല.

(6) ആസ്സാം സംസ്ഥാനത്തെ സ്വയംഭരണാധികാരമുള്ള ഒരു ജില്ലയിലെ ഒരു പട്ടികഗോത്രവർഗ്ഗത്തിലെ അംഗമല്ലാത്ത യാതൊരാളും [1]*** ആ ജില്ലയിലെ ഏതെങ്കിലും നിയോജകമണ്ഡലത്തിൽനിന്ന് ആ സംസ്ഥാന നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ അർഹനായിരിക്കുന്നതല്ല:

[2][എന്നാൽ, ആസ്സാം സംസ്ഥാനത്തെ നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പുകൾക്ക് ബോഡോലാന്റ് ഭൂപ്രദേശ ജില്ലയിൽ ഉൾപ്പെട്ട നിയോജകമണ്ഡലങ്ങളിലെ പട്ടിക ഗോത്ര വർഗ്ഗങ്ങളുടെയും പട്ടികേതര ഗോത്ര വർഗ്ഗങ്ങളുടെയും പ്രാതിനിധ്യം, അപ്രകാരം വിജ്ഞാപനം ചെയ്ത പ്രകാരമുള്ളതും ബോഡോലാന്റ് ഭൂപ്രദേശ ജില്ലയുടെ രൂപീകരണത്തിന് മുൻപ് നിലവിലുണ്ടായിരുന്നതുപോലെയും നിലനിർത്തേണ്ടതാണ്.]

**333. സംസ്ഥാനങ്ങളിലെ നിയമസഭകളിൽ ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിനുള്ള പ്രാതിനിധ്യം**—170-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, ഒരു സംസ്ഥാനത്തെ ഗവർണ്ണർക്ക്, [3]*** ആ സംസ്ഥാനത്തിലെ നിയമസഭയിൽ ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിന് പ്രാതിനിധ്യം ആവശ്യമാണെന്നും ആ സമുദായത്തിന് അതിൽ വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ടെങ്കിൽ [4][ആ സമുദായത്തിലെ ഒരംഗത്തെ ആ സഭയിലേക്ക് നാമനിർദ്ദേശം ചെയ്യാവുന്നതാണ്].

**334. സ്ഥാനങ്ങളുടെ സംവരണവും പ്രത്യേക പ്രാതിനിധ്യവും [5][അറുപത് വർഷങ്ങൾ]ക്കുശേഷം ഇല്ലാതാകുമെന്ന്**—ഈ ഭാഗത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ ആയിരുന്നാലും—

(ക) ലോകസഭയിലും സംസ്ഥാനങ്ങളിലെ നിയമസഭകളിലും പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും ഉള്ള സ്ഥാനങ്ങളുടെ സംവരണവും;

(ഖ) ലോകസഭയിലും സംസ്ഥാനങ്ങളിലെ നിയമസഭകളിലും നാമനിർദ്ദേശം വഴിയുള്ള ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിന്റെ പ്രാതിനിധ്യവും,

സംബന്ധിച്ച് ഈ ഭരണഘടനയിലുള്ള വ്യവസ്ഥകൾക്ക് ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ [5][അറുപത് വർഷത്തെ] ഒരു കാലയളവ് അവസാനിക്കുന്നതിൻമേൽ പ്രഭാവം ഇല്ലാതായിത്തീരുന്നതാണ്:

എന്നാൽ, ഈ അനുച്ഛേദത്തിലെ യാതൊന്നും, അപ്പോൾ നിലവിലിരിക്കുന്ന ലോകസഭയുടെയോ ഒരു സംസ്ഥാനത്തിന്റെ നിയമസഭയുടെയോ, അതതു സംഗതിപോലെ, പിരിച്ചുവിടൽവരെ ലോകസഭയിലോ ആ നിയമസഭയിലോ ഉള്ള ഏതെങ്കിലും പ്രാതിനിധ്യത്തെ ബാധിക്കുന്നതല്ല.

---

1. 1971-ലെ വടക്കു കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ് (1971-ലെ 81), 71-ാം വകുപ്പുപ്രകാരം ചില വാക്കുകൾ വിട്ടുകളഞ്ഞു (21-1-1972 മുതൽ പ്രാബല്യം).
2. 2003-ലെ ഭരണഘടന (തൊണ്ണൂറാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ഉൾകൊള്ളിച്ചത്.
3. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീവാക്കുകൾ വിട്ടുകളഞ്ഞു.
4. 1969-ലെ ഭരണഘടന (ഇരുപത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം "അദ്ദേഹം സമുചിതമെന്നു കരുതുന്ന അങ്ങനെയുള്ള എണ്ണം ആ സമുദായത്തിലെ അംഗങ്ങളെ നിയമസഭയിലേക്ക് നാമനിർദ്ദേശം" എന്നതിനു പകരം ചേർത്തത്.
5. 1999-ലെ ഭരണഘടന (എഴുപത്തി ഒൻപതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "അൻപത് വർഷങ്ങൾ" എന്നതിനുപകരം ചേർത്തത് (25-1-2000 മുതൽ പ്രാബല്യം).

**335. സർവ്വീസുകളിലേക്കും തസ്തികകളിലേക്കും പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും ഉള്ള അവകാശങ്ങൾ**—ഭരണത്തിന്റെ കാര്യക്ഷമതയുടെ സംരക്ഷണവുമായി പൊരുത്തപ്പെടുന്നവിധം യൂണിയൻെറയോ ഒരു സംസ്ഥാനത്തിന്റെയോ കാര്യങ്ങളുമായി ബന്ധപ്പെട്ട സർവ്വീസുകളിലേക്കും തസ്തികകളിലേക്കും നിയമനങ്ങൾ നടത്തുന്നതിൽ പട്ടികജാതികളിലും പട്ടികഗോത്ര വർഗ്ഗങ്ങളിലുംപെട്ട അംഗങ്ങളുടെ അവകാശങ്ങൾ പരിഗണിക്കേണ്ടതാണ്:

[1][എന്നാൽ, ഈ അനുഛേദത്തിലെ യാതൊന്നും യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കാര്യങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങളുടെ ഏതെങ്കിലും തരത്തിലേക്കോ തരങ്ങളിലേക്കോ അല്ലെങ്കിൽ തസ്തികകളിലെക്കോ ഉള്ള ഉദ്യോഗക്കയറ്റത്തിന്റെ സംഗതിയിലുള്ള സംവരണത്തിന് പട്ടികജാതികളിലെയും, പട്ടിക വർഗ്ഗങ്ങളിലേയും അംഗങ്ങൾക്കുവേണ്ടി ഏതെങ്കിലും പരീക്ഷയിലെ യോഗ്യതാ മാർക്കിൽ ഇളവിനോ മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ കുറവുചെയ്യലിനോ എന്തെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നതിൽ തടയുന്നതല്ല.]

**336. ചില സർവ്വീസുകളിൽ ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിനുവേണ്ടി പ്രത്യേക വ്യവസ്ഥ**—(1) ഈ ഭരണഘടനയുടെ പ്രാരംഭത്തിനു ശേഷമുള്ള ആദ്യത്തെ രണ്ടു വർഷങ്ങളിൽ യൂണിയന്റെ റെയിൽവേ, കസ്ററംസ്, തപാൽ, കമ്പി എന്നീ സർവ്വീസുകളിലെ തസ്തികകളിലേക്ക് ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിലെ അംഗങ്ങളുടെ നിയമനങ്ങൾ 1947 ആഗസ്ററ് പതിനഞ്ചാം തീയതിക്ക് തൊട്ടുമുമ്പുണ്ടായിരുന്ന അതേ അടിസ്ഥാനത്തിൽതന്നെ നടത്തേണ്ടതാണ്:

തുടർന്നു വരുന്ന ഓരോ രണ്ടു വർഷക്കാലത്തും മേൽപ്പറഞ്ഞ സമുദായത്തിലെ അംഗങ്ങൾക്ക് മേൽപ്പറഞ്ഞ സർവ്വീസുകളിൽ സംവരണം ചെയ്യുന്ന തസ്തികകളുടെ എണ്ണം അതിനു തൊട്ടുമുമ്പുള്ള രണ്ടുവർഷക്കാലത്ത് അപ്രകാരം സംവരണം ചെയ്തിരുന്ന എണ്ണത്തിൽ പത്ത് ശതമാനത്തോട് കഴിയുന്നതും അടുത്തുവരുന്നിടത്തോളം കുറവായിരിക്കേണ്ടതാണ്:

എന്നാൽ, ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ പത്തു വർഷത്തിൻെറ അവസാനത്തിൽ അപ്രകാരമുള്ള എല്ലാ സംവരണങ്ങളും ഇല്ലാതാകുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിലെ യാതൊന്നും, ആ ഖണ്ഡപ്രകാരം ആംഗ്ളോ-ഇൻഡ്യൻ സമുദായത്തിന് സംവരണം ചെയ്തിട്ടുള്ളതല്ലാതെയുള്ളതോ, സംവരണം ചെയ്തിട്ടുള്ളതിൽ കൂടുതലായുള്ളതോ ആയ തസ്തികകളിലേക്കുള്ള ആ സമുദായത്തിലെ അംഗങ്ങളുടെ നിയമനത്തെ, അങ്ങനെയുള്ള അംഗങ്ങൾ മററു സമുദായങ്ങളിലെ അംഗങ്ങളോട് താരതമ്യപ്പെടുത്തുമ്പോൾ സാമർത്ഥ്യം കൊണ്ട് നിയമനത്തിന് യോഗ്യരാണെന്ന് കാണപ്പെടുകയാണെങ്കിൽ, തടയുന്നതല്ല.

**337. ആംഗ്ളോ-ഇൻഡ്യൻ സമുദായത്തിൻെറ ഗുണത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസ സഹായധനങ്ങൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ**—യൂണിയനും [2] * * * ഓരോ സംസ്ഥാനവും ആംഗ്ളോ-ഇൻഡ്യൻ സമുദായത്തിൻെറ ഗുണത്തിനുവേണ്ടി വിദ്യാഭ്യാസം സംബന്ധിച്ച് 1948 മാർച്ച് മുപ്പത്തൊന്നാം തീയതി അവസാനിക്കുന്ന സാമ്പത്തികവർഷം ഏതെങ്കിലും സഹായധനങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ ആ സഹായധനങ്ങൾ തന്നെ ഈ ഭരണഘടനയുടെ പ്രാരംഭത്തിനുശേഷമുള്ള ആദ്യത്തെ മൂന്നു സാമ്പത്തിക വർഷവും നൽകേണ്ടതാണ്.

തുടർന്നുവരുന്ന ഓരോ മൂന്നു വർഷക്കാലത്തും ആ സഹായധനങ്ങൾ അതിന് തൊട്ടുമുമ്പുള്ള മൂന്നു വർഷക്കാലത്ത് ഉണ്ടായിരുന്നവയിൽനിന്ന് പത്തുശതമാനം കുറഞ്ഞിരിക്കാവുന്നതാണ്:

എന്നാൽ, ഈ ഭരണഘടനയുടെ പ്രാരംഭംമുതൽ പത്തു വർഷത്തിൻെറ അവസാനത്തിൽ അങ്ങനെയുള്ള സഹായധനങ്ങൾ, അവ ആംഗ്ളോ-ഇൻഡ്യൻ സമുദായത്തിന് ഒരു പ്രത്യേക ആനുകൂല്യമായിരിക്കുന്നിടത്തോളം, ഇല്ലാതാകുന്നതാണ് :

എന്നുമാത്രമല്ല, യാതൊരു വിദ്യാഭ്യാസ സ്ഥാപനത്തിനും, അതിലേക്ക് വർഷംതോറുമുള്ള പ്രവേശനങ്ങളിൽ കുറഞ്ഞത് നാൽപ്പതു ശതമാനം ആംഗ്ളോ-ഇൻഡ്യൻ സമുദായമല്ലാത്ത സമുദായങ്ങളിലെ അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടില്ലാത്തപക്ഷം, ഈ അനുച്ഛേദപ്രകാരമുള്ള ഏതെങ്കിലും സഹായധനം ലഭിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

---

[1] 2000-ലെ ഭരണഘടന (എൺപത്തിരണ്ടാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

[2] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിലെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.

**338.** [1][**ദേശീയ പട്ടികജാതി കമ്മീഷൻ**]— [2][(1) പട്ടികജാതിക്കുവേണ്ടി ദേശീയ പട്ടികജാതി കമ്മീഷൻ എന്നറിയപ്പെടുന്ന ഒരു കമ്മീഷൻ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഇതിലേക്ക് പാർലമെൻറ് ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി, കമ്മീഷൻ, ഒരു ചെയർപേഴ്സണും വൈസ്ചെയർപേഴ്സണും മററു മൂന്ന് അംഗങ്ങളും അടങ്ങിയതായിരിക്കേണ്ടതും, അങ്ങനെ നിയമിക്കപ്പെട്ട ചെയർപേഴ്സൻെറയും വൈസ് ചെയർ പേഴ്സൻെറയും മററംഗങ്ങളുടെയും സേവനവ്യവസ്ഥകളും ഉദ്യോഗകാലാവധിയും ചട്ടംവഴി രാഷ്ട്രപതി തീരുമാനിക്കാവുന്ന പ്രകാരമായിരിക്കേണ്ടതുമാണ്.]

(3) കമ്മീഷൻെറ ചെയർപേഴ്സനെയും വൈസ് ചെയർപേഴ്സനെയും, മററംഗങ്ങളെയും തൻെറ കൈയൊപ്പും മുദ്രയും വച്ച അധികാരപത്രം വഴി രാഷ്ട്രപതി നിയമിക്കേണ്ടതാണ്.

(4) കമ്മീഷന് അതിൻെറതന്നെ നടപടിക്രമങ്ങളെ ക്രമപ്പെടുത്തുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(5) (ക) പട്ടികജാതികൾക്ക് [3]* * * ഈ ഭരണഘടനപ്രകാരമോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമപ്രകാരമോ അല്ലെങ്കിൽ സർക്കാരിൻെറ ഏതെങ്കിലും ഉത്തരവുപ്രകാരമോ വ്യവസ്ഥചെയ്തിട്ടുള്ള പരിരക്ഷകൾ സംബന്ധിച്ച എല്ലാ സംഗതികളെക്കുറിച്ചും അന്വേഷിക്കുകയും നിരീക്ഷിക്കുകയും ചെയ്യുകയും അങ്ങനെയുള്ള പരിരക്ഷകളുടെ പ്രവർത്തനത്തെ വിലയിരുത്തുകയും ;

(ഖ) പട്ടികജാതികൾക്കുള്ള [3]* * * അവകാശങ്ങളും പരിരക്ഷകളും ഇല്ലാതാക്കിയത് സംബന്ധിച്ച പ്രത്യേക പരാതികളെക്കുറിച്ച് അന്വേഷണ വിചാരണ നടത്തുകയും ;

(ഗ) പട്ടികജാതികളുടെ [3] * * * സാമൂഹിക-സാമ്പത്തിക വികസനത്തിൻെറ ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും, യൂണിയൻെറയോ ഏതെങ്കിലും സംസ്ഥാനത്തിൻെറയോ കീഴിലുള്ള അവരുടെ വികസനത്തിൻെറ പുരോഗതി വിലയിരുത്തുകയും;

(ഘ) ആ പരിരക്ഷകളുടെ പ്രവർത്തനത്തിൻമേലുള്ള റിപ്പോർട്ടുകൾ ഓരോ വർഷവും, കമ്മീഷന് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള മററു സമയങ്ങളിലും രാഷ്ട്രപതിക്ക് സമർപ്പിക്കുകയും ;

(ങ) അങ്ങനെയുള്ള റിപ്പോർട്ടുകളിൽ ആ പരിരക്ഷകളുടെ ഫലവത്തായ നടപ്പാക്കലിന് യൂണിയനോ ഏതെങ്കിലും സംസ്ഥാനമോ എടുക്കേണ്ട നടപടികളും പട്ടികജാതികളുടെ [3]* * * സംരക്ഷണത്തിനും, ക്ഷേമത്തിനും, സാമൂഹിക-സാമ്പത്തിക വികസനത്തിനുമുള്ള മററു നടപടികളും സംബന്ധിച്ച ശിപാർശകൾ ചെയ്യുകയും ;

(ച) പട്ടികജാതികളുടെ [3]* * * സംരക്ഷണവും ക്ഷേമവും വികസനവും പുരോഗതിയും സംബന്ധിച്ച് പാർലമെൻറ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി രാഷ്ട്രപതി ചട്ടംവഴി നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മററ് ചുമതലകൾ നിർവ്വഹിക്കുകയും ,

ചെയ്യുന്നത് കമ്മീഷൻെറ കർത്തവ്യമായിരിക്കുന്നതാണ്.

(6) രാഷ്ട്രപതി അങ്ങനെയുള്ള എല്ലാ റിപ്പോർട്ടുകളും, യൂണിയനെ സംബന്ധിച്ച ശിപാർശകളിൻമേൽ എടുത്തതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും, അങ്ങനെയുള്ള ശിപാർശകളിൽ ഏതെങ്കിലും അംഗീകരിക്കാത്തതിനുള്ള കാരണങ്ങളും വല്ലതുമുണ്ടെങ്കിൽ, വിശദീകരിച്ചുകൊണ്ടുള്ള ഒരു വിവരക്കുറിപ്പ് സഹിതം, പാർലമെൻറിൻെറ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതാണ്.

---

1. 2003–ലെ ഭരണഘടന (എൺപത്തിഒൻപതാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.
2. മേൽപ്പറഞ്ഞ ആക്ററും വകുപ്പും പ്രകാരം (1)-ഉം (2)-ഉം ഖണ്ഡങ്ങൾക്കു പകരം ചേർത്തത്.
3. മേൽപ്പറഞ്ഞ ആക്ററും വകുപ്പും പ്രകാരം, " യും പട്ടിക ഗോത്രവർഗ്ഗങ്ങളേയും" എന്നീ അക്ഷരങ്ങളും വാക്കുകളും വിട്ടുകളഞ്ഞു.

(7) അങ്ങനെയുള്ള ഏതെങ്കിലും റിപ്പോർട്ടോ അതിൻെറ ഏതെങ്കിലും ഭാഗമോ ഏതെങ്കിലും സംസ്ഥാന സർക്കാരിനോട് ബന്ധപ്പെട്ട ഏതെങ്കിലും കാര്യം സംബന്ധിച്ചുള്ളതായിരിക്കുന്നിടത്ത് അങ്ങനെയുള്ള റിപ്പോർട്ടിൻെറ ഒരു പകർപ്പ് സംസ്ഥാനത്തിൻെറ ഗവർണ്ണർക്ക് അയച്ചുകൊടുക്കേണ്ടതും അദ്ദേഹം അത് സംസ്ഥാനത്തെ സംബന്ധിച്ച ശിപാർശകളിൻമേൽ എടുത്തതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും ശിപാർശകളിൽ ഏതെങ്കിലും അംഗീകരിക്കാത്തതിനുള്ള കാരണങ്ങളും, വല്ലതുമുണ്ടെങ്കിൽ, വിശദീകരിച്ചുകൊണ്ടുള്ള ഒരു വിവരക്കുറിപ്പ് സഹിതം, സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം മുമ്പാകെ വയ്പിക്കേണ്ടതാണ്.

(8) (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കാര്യം അന്വേഷിക്കുകയോ, (5)-ാം ഖണ്ഡം (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും പരാതിയെക്കുറിച്ച് അന്വേഷണ വിചാരണ നടത്തുകയോ ചെയ്യുമ്പോൾ കമ്മീഷന്, ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന സിവിൽ കോടതിയ്ക്കുള്ള എല്ലാ അധികാരങ്ങളും പ്രത്യേകിച്ച് താഴെപ്പറയുന്ന സംഗതികൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഭാരതത്തിൻെറ ഏത് ഭാഗത്തുനിന്നും ഏതൊരാളെയും സമൻ ചെയ്യുന്നതും ഹാജരാക്കിക്കുന്നതും അയാളെ ശപഥത്തിൻമേൽ വിസ്തരിക്കുന്നതും ;

(ഖ) ഏതെങ്കിലും രേഖ വെളിപ്പെടുത്തുകയും ഹാജരാക്കുകയും ചെയ്യാൻ ആവശ്യപ്പെടുന്നത് ;

(ഗ) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നത്;

(ഘ) ഏതെങ്കിലും പൊതുരേഖയോ അതിൻെറ പകർപ്പോ ഏതെങ്കിലും കോടതിയിലോ ആഫീസിലോ നിന്ന് ആവശ്യപ്പെടുന്നത് ;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മീഷനുകൾ പുറപ്പെടുവിക്കുന്നത് ;

(ച) രാഷ്ട്രപതി ചട്ടംവഴി നിർണ്ണയിക്കാവുന്ന മറേറതൊരു സംഗതിയും.

(9) പട്ടികജാതികളെ [1]* * * ബാധിക്കുന്ന നയപരമായ എല്ലാ പ്രധാന കാര്യങ്ങളിൻമേലും യൂണിയനും ഓരോ സംസ്ഥാനസർക്കാരും കമ്മീഷനുമായി ആലോചിക്കേണ്ടതാണ്.]

[2] [(10) ഈ അനുച്ഛേദത്തിൽ പട്ടികജാതികളെ [1]* * * പററിയുള്ള പരാമർശങ്ങൾക്ക് 340-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നിയമിച്ചിട്ടുള്ള ഒരു കമ്മീഷൻെറ റിപ്പോർട്ട് കിട്ടുന്നതിൻമേൽ രാഷ്ട്രപതി ഉത്തരവുവഴി നിർദ്ദേശിക്കുന്ന അങ്ങനെയുള്ള മററു പിന്നോക്ക വിഭാഗങ്ങളെപ്പററിയും, കൂടാതെ ആംഗ്ളോ-ഇൻഡ്യൻ സമുദായത്തെപ്പററിയും ഉള്ള പരാമർശങ്ങളും ഉൾപ്പെടുന്നതായി കരുതേണ്ടതാണ്.

[3][**338 ക. ദേശീയ പട്ടികഗോത്രവർഗ്ഗ കമ്മീഷൻ**— (1) പട്ടികഗോത്ര വർഗ്ഗങ്ങൾക്കുവേണ്ടി ദേശീയ പട്ടികഗോത്രവർഗ്ഗ കമ്മീഷൻ എന്നറിയപ്പെടുന്ന ഒരു കമ്മീഷൻ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഇതിലേക്ക് പാർലമെൻറ് ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി, കമ്മീഷൻ, ഒരു ചെയർപേഴ്സണും വൈസ്ചെയർപേഴ്സണും മററു മൂന്ന് അംഗങ്ങളും അടങ്ങിയതായിരിക്കേണ്ടതും, അങ്ങനെ നിയമിക്കപ്പെട്ട ചെയർപേഴ്സൻെറയും വൈസ് ചെയർ പേഴ്സൻെറയും മററംഗങ്ങളുടെയും സേവനവ്യവസ്ഥകളും ഉദ്യോഗകാലാവധിയും ചട്ടംവഴി രാഷ്ട്രപതി തീരുമാനിക്കാവുന്ന പ്രകാരമായിരിക്കേണ്ടതുമാണ്.

---

[1] 2003-ലെ ഭരണഘടന (എൺപത്തിഒൻപതാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം, "യും പട്ടിക ഗോത്രവർഗ്ഗങ്ങളെയും" എന്നീ അക്ഷരങ്ങളും വാക്കുകളും വിട്ടുകളഞ്ഞു (19-2-2004 മുതൽ പ്രാബല്യം).

[2] 1990-ലെ ഭരണഘടന (അറുപത്തിയഞ്ചാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം (3)-ാം ഖണ്ഡം (10)-ാം ഖണ്ഡമായി വീണ്ടും അക്കമിട്ടു (12-3-1992 മുതൽ പ്രാബല്യം).

[3] 2003-ലെ ഭരണഘടന (എൺപത്തിഒൻപതാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം ഉൾക്കൊള്ളിച്ചത് (19-2-2004 മുതൽ പ്രാബല്യം).

(3) കമ്മീഷൻെറ ചെയർപേഴ്സനെയും വൈസ് ചെയർപേഴ്സനെയും, മററംഗങ്ങളെയും തൻെറ കൈയൊപ്പും മുദ്രയുംവച്ച അധികാരപത്രംവഴി രാഷ്ട്രപതി നിയമിക്കേണ്ടതാണ്.

(4) കമ്മീഷന് അതിൻെറതന്നെ നടപടിക്രമങ്ങളെ ക്രമപ്പെടുത്തുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(5) (ക) പട്ടിക ഗോത്രവർഗ്ഗങ്ങൾക്ക് ഈ ഭരണഘടനപ്രകാരമോ തത്സമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമപ്രകാരമോ അല്ലെങ്കിൽ സർക്കാരിൻെറ ഏതെങ്കിലും ഉത്തരവുപ്രകാരമോ വ്യവസ്ഥചെയ്തിട്ടുള്ള പരിരക്ഷകൾ സംബന്ധിച്ച എല്ലാ സംഗതികളെക്കുറിച്ചും അന്വേഷിക്കുകയും നിരീക്ഷിക്കുകയും ചെയ്യുകയും അങ്ങനെയുള്ള പരിരക്ഷകളുടെ പ്രവർത്തനത്തെ വിലയിരുത്തുകയും ;

(ഖ) പട്ടിക ഗോത്രവർഗ്ഗങ്ങളുടെ അവകാശങ്ങളും പരിരക്ഷകളും ഇല്ലാതാക്കിയത് സംബന്ധിച്ച പ്രത്യേക പരാതികളെകുറിച്ച് അന്വേഷണ വിചാരണ നടത്തുകയും ;

(ഗ) പട്ടിക ഗോത്രവർഗ്ഗങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിൻെറ ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും, യൂണിയൻെറയോ ഏതെങ്കിലും സംസ്ഥാനത്തിൻെറയോ കീഴിലുള്ള അവരുടെ വികസനത്തിൻെറ പുരോഗതി വിലയിരുത്തുകയും;

(ഘ) ആ പരിരക്ഷകളുടെ പ്രവർത്തനത്തിൻമേലുള്ള റിപ്പോർട്ടുകൾ ഓരോ വർഷവും, കമ്മീഷന് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള മററു സമയങ്ങളിലും രാഷ്ട്രപതിക്ക് സമർപ്പിക്കുകയും ;

(ങ) അങ്ങനെയുള്ള റിപ്പോർട്ടുകളിൽ ആ പരിരക്ഷകളുടെ ഫലവത്തായ നടപ്പാക്കലിന് യൂണിയനോ ഏതെങ്കിലും സംസ്ഥാനമോ എടുക്കേണ്ട നടപടികളും പട്ടിക ഗോത്രവർഗ്ഗങ്ങളുടെ സംരക്ഷണത്തിനും, ക്ഷേമത്തിനും, സാമൂഹിക-സാമ്പത്തിക വികസനത്തിനുമുള്ള മററു നടപടികളും സംബന്ധിച്ച ശിപാർശകൾ ചെയ്യുകയും ;

(ച) പട്ടിക ഗോത്രവർഗ്ഗങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും പുരോഗതിയും സംബന്ധിച്ച് പാർലമെൻറ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി രാഷ്ട്രപതി ചട്ടംവഴി നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മററ് ചുമതലകൾ നിർവ്വഹിക്കുകയും ,

ചെയ്യുന്നത് കമ്മീഷൻെറ കർത്തവ്യമായിരിക്കുന്നതാണ്.

(6) രാഷ്ട്രപതി അങ്ങനെയുള്ള എല്ലാ റിപ്പോർട്ടുകളും, യൂണിയനെ സംബന്ധിച്ച ശിപാർശകളിൻമേൽ എടുത്തതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും, അങ്ങനെയുള്ള ശിപാർശകളിൽ ഏതെങ്കിലും അംഗീകരിക്കാത്തതിനുള്ള കാരണങ്ങളും, വല്ലതുമുണ്ടെങ്കിൽ, വിശദീകരിച്ചുകൊണ്ടുള്ള ഒരു വിവരക്കുറിപ്പ് സഹിതം, പാർലമെൻറിൻെറ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതാണ്.

(7) അങ്ങനെയുള്ള ഏതെങ്കിലും റിപ്പോർട്ടോ അതിൻെറ ഏതെങ്കിലും ഭാഗമോ ഏതെങ്കിലും സംസ്ഥാന സർക്കാരിനോട് ബന്ധപ്പെട്ട ഏതെങ്കിലും കാര്യം സംബന്ധിച്ചുള്ളതായിരിക്കുന്നിടത്ത്, അങ്ങനെയുള്ള റിപ്പോർട്ടിൻെറ ഒരു പകർപ്പ് സംസ്ഥാനത്തിൻെറ ഗവർണ്ണർക്ക് അയച്ചുകൊടുക്കേണ്ടതും അദ്ദേഹം അത് സംസ്ഥാനത്തെ സംബന്ധിച്ച ശിപാർശകളിൻമേൽ എടുത്തതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും ശിപാർശകളിൽ ഏതെങ്കിലും അംഗീകരിക്കാത്തതിനുള്ള കാരണങ്ങളും, വല്ലതുമുണ്ടെങ്കിൽ, വിശദീകരിച്ചുകൊണ്ടുള്ള ഒരു വിവരക്കുറിപ്പ് സഹിതം, സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം മുമ്പാകെ വയ്പിക്കേണ്ടതാണ്.

(8) ഖണ്ഡം (5)-ലെ (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കാര്യം അന്വേഷിക്കുകയോ, (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും പരാതിയെക്കുറിച്ച് അന്വേഷണ വിചാരണ നടത്തുകയോ ചെയ്യുമ്പോൾ കമ്മീഷന്, ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന സിവിൽ കോടതിയ്ക്കുള്ള എല്ലാ അധികാരങ്ങളും പ്രത്യേകിച്ച് താഴെപ്പറയുന്ന സംഗതികൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഭാരതത്തിൻെറ ഏത് ഭാഗത്തുനിന്നും ഏതൊരാളെയും സമൻ ചെയ്യുന്നതും ഹാജരാക്കിക്കുന്നതും അയാളെ ശപഥത്തിൻമേൽ വിസ്തരിക്കുന്നതും ;

(ഖ) ഏതെങ്കിലും രേഖ വെളിപ്പെടുത്തുകയും ഹാജരാക്കുകയും ചെയ്യാൻ ആവശ്യപ്പെടുന്നത് ;

(ഗ) സത്യവാങ്മൂലങ്ങളിൻമേൽ തെളിവ് സ്വീകരിക്കുന്നത്;

(ഘ) ഏതെങ്കിലും പൊതുരേഖയോ അതിൻെറ പകർപ്പോ ഏതെങ്കിലും കോടതിയിലോ ആഫീസിലോ നിന്ന് ആവശ്യപ്പെടുന്നത് ;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മീഷനുകൾ പുറപ്പെടുവിക്കുന്നത് ;

(ച) രാഷ്ട്രപതി ചട്ടംവഴി നിർണ്ണയിക്കാവുന്ന മറേറതൊരു സംഗതിയും.

(9) പട്ടിക ഗോത്രവർഗ്ഗങ്ങളെ ബാധിക്കുന്ന നയപരമായ എല്ലാ പ്രധാന കാര്യങ്ങളിൻമേലും യൂണിയനും ഓരോ സംസ്ഥാനസർക്കാരും കമ്മീഷനുമായി ആലോചിക്കേണ്ടതാണ്.]

**339. പട്ടിക പ്രദേശങ്ങളുടെ ഭരണത്തിൻമേലും പട്ടികഗോത്രവർഗ്ഗങ്ങളുടെ ക്ഷേമത്തിൻമേലും യൂണിയനുള്ള നിയന്ത്രണം**—(1) [1] *** സംസ്ഥാനങ്ങളിലെ പട്ടിക പ്രദേശങ്ങളുടെ ഭരണത്തെപ്പററിയും പട്ടികഗോത്രവർഗ്ഗങ്ങളുടെ ക്ഷേമത്തെപ്പററിയും റിപ്പോർട്ട് ചെയ്യുന്നതിന് ഉത്തരവുവഴി ഒരു കമ്മീഷനെ രാഷ്ട്രപതിക്ക് ഏത് സമയത്തും നിയമിക്കാവുന്നതും, ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ പത്തുവർഷത്തിൻെറ അവസാനത്തിൽ, രാഷ്ട്രപതി നിയമിക്കേണ്ടതും ആകുന്നു.

ആ കമ്മീഷൻെറ ഘടനയും അധികാരങ്ങളും നടപടി ക്രമങ്ങളും ആ ഉത്തരവ് നിർവ്വചിക്കാവുന്നതും, ആവശ്യമോ അഭിലഷണീയമോ ആയി രാഷ്ട്രപതിക്ക് തോന്നുന്ന യുക്തമോ സഹായകമോ ആയ വ്യവസ്ഥകൾ അടങ്ങയിരിക്കാവുന്നതും ആകുന്നു.

(2) യൂണിയൻെറ നിർവ്വാഹകാധികാരം, ഒരു സംസ്ഥാനത്തെ പട്ടിക ഗോത്രവർഗ്ഗങ്ങളുടെ ക്ഷേമത്തിന് അത്യാവശ്യമാണെന്ന് നിർദ്ദേശത്തിൽ പറഞ്ഞിട്ടുള്ള പദ്ധതികൾ തയ്യാറാക്കുന്നതും നടപ്പാക്കുന്നതും സംബന്ധിച്ച് [2][ആ സംസ്ഥാന]ത്തിന്, നിർദ്ദേശങ്ങൾ നൽകുന്നതിലേക്ക് വ്യാപിക്കുന്നതാണ്.

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയുടെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.

2. മേൽപറഞ്ഞ ആക്റ്റും, വകുപ്പും പട്ടികയും പ്രകാരം "അങ്ങനെയുള്ള ഏതെങ്കിലും സംസ്ഥാനം" എന്നതിന് പകരം ചേർത്തത്.

**340. പിന്നോക്ക വിഭാഗങ്ങളുടെ അവസ്ഥകളെപ്പററി അന്വേഷിക്കുന്നതിനുള്ള ഒരു കമ്മീഷൻെറ നിയമനം**—(1) രാഷ്ട്രപതിക്ക്, ഭാരതത്തിൻെറ ഭൂപ്രദേശത്തിനുള്ളിൽ സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ അവസ്ഥകളെയും അവർ അനുഭവിക്കുന്ന വിഷമതകളെയുംപററി അന്വേഷിക്കുവാനും, അങ്ങനെയുള്ള വിഷമതകൾ നീക്കം ചെയ്യുവാനും അവരുടെ സ്ഥിതി മെച്ചപ്പെടുത്തുവാനും യൂണിയനോ, ഏതെങ്കിലും സംസ്ഥാനമോ എടുക്കേണ്ട നടപടികളെക്കുറിച്ചും, ആ ആവശ്യത്തിന് യൂണിയനോ ഏതെങ്കിലും സംസ്ഥാനമോ നൽകേണ്ട സഹായധനങ്ങളെക്കുറിച്ചും അങ്ങനെയുള്ള സഹായധനങ്ങൾ നൽകേണ്ടത് ഏത് ഉപാധികൾക്ക് വിധേയമായാണോ ആ ഉപാധികളെക്കുറിച്ചും ശിപാർശകൾ ചെയ്യുവാനുമായി അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന ആളുകൾ അടങ്ങുന്ന ഒരു കമ്മീഷനെ ഉത്തരവുവഴി നിയമിക്കാവുന്നതും, അങ്ങനെയുള്ള കമ്മീഷനെ നിയമിക്കുന്ന ഉത്തരവ് ആ കമ്മീഷൻ അനുവർത്തിക്കേണ്ട നടപടിക്രമം നിർവ്വചിച്ചിരിക്കേണ്ടതും ആകുന്നു.

(2) അപ്രകാരം നിയമിച്ചിട്ടുള്ള ഒരു കമ്മീഷൻ, അവർക്ക് അയച്ചുകൊടുത്തിട്ടുള്ള വിഷയങ്ങളെപ്പററി അന്വേഷിക്കുകയും, അവർ കാണുന്നതുപോലെ വസ്തുതകൾ വിവരിച്ചുകൊണ്ടും അവർക്ക് ഉചിതമെന്ന് തോന്നുന്ന ശിപാർശകൾ ചെയ്തുകൊണ്ടും രാഷ്ട്രപതിക്ക് ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(3) അങ്ങനെ സമർപ്പിക്കുന്ന റിപ്പോർട്ടിൻെറ ഒരു പകർപ്പ്, അതിൻമേൽ എടുത്തിട്ടുള്ള നടപടി വിശദീകരിക്കുന്ന ഒരു വിവരക്കുറിപ്പോടുകൂടി, രാഷ്ട്രപതി പാർലമെൻറിൻെറ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതാണ്.

**341. പട്ടിക ജാതികൾ**—(1) രാഷ്ട്രപതിക്ക് [1][ഏതെങ്കിലും സംസ്ഥാനത്തെയോ, [2][യൂണിയൻ പ്രദേശത്തെയോ] സംബന്ധിച്ച് [3]*** അത് ഒരു സംസ്ഥാനമാണെങ്കിൽ അതിലെ ഗവർണ്ണറോട് [4] *** ആലോചിച്ചതിനുശേഷം] പൊതുവിജ്ഞാപനം വഴി * ആ സംസ്ഥാനത്തെയോ [2] [യൂണിയൻ പ്രദേശത്തെയോ, അതതു സംഗതിപോലെ,] സംബന്ധിച്ചിടത്തോളം ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് പട്ടികജാതികളായി കരുതേണ്ട ജാതികളേയും വർഗ്ഗങ്ങളെയും ഗോത്രവർഗ്ഗങ്ങളെയും അല്ലെങ്കിൽ ജാതികളുടെയോ വർഗ്ഗങ്ങളുടെയോ ഗോത്രങ്ങളുടെയോ ഭാഗങ്ങളെയും, അല്ലെങ്കിൽ അവയിലെ അവാന്തര വിഭാഗങ്ങളെയും നിർദ്ദേശിക്കാവുന്നതാണ്.

(2) (1) -ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള പട്ടികജാതികളുടെ ലിസ്ററിൽ പാർലമെൻറിന്, നിയമം വഴി ഏതെങ്കിലും ജാതിയെയോ വർഗ്ഗത്തെയോ ഗോത്രവർഗ്ഗത്തെയോ അല്ലെങ്കിൽ ഏതെങ്കിലും ജാതിയുടെയോ വർഗ്ഗത്തിൻെറയോ ഗോത്രവർഗ്ഗത്തിൻെറയോ ഭാഗത്തെയോ, അല്ലെങ്കിൽ അവയിലെ അവാന്തരവിഭാഗത്തെയോ ഉൾപ്പെടുത്തുകയോ ലിസ്ററിൽ നിന്ന് ഒഴിവാക്കുകയോ ചെയ്യാവുന്നതും, എന്നാൽ മുൻപറഞ്ഞ രീതിയിലൊഴികെ മേൽപ്പറഞ്ഞ ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിജ്ഞാപനത്തെ അതിനുശേഷമുള്ള ഏതെങ്കിലും വിജ്ഞാപനം വഴി വ്യത്യാസപ്പെടുത്തുവാൻ പാടില്ലാത്തതും ആകുന്നു.

---

1. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്ററ്, 10-ാം വകുപ്പുപ്രകാരം "ഒരു സംസ്ഥാനത്തെ ഗവർണ്ണറുമായോ രാജപ്രമുഖനുമായോ കൂടി ആലോചിച്ചതിനുശേഷം" എന്നതിനുപകരം ചേർത്തത്.
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ചേർത്തത്.
3. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയുടെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.
4. മേൽപ്പറഞ്ഞ ആക്ററും, പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

*. 1950-ലെ ഭരണഘടന (പട്ടികജാതികൾ) ഉത്തരവ് (സി.ഒ. 19), 1951-ലെ ഭരണഘടന (പട്ടികജാതികൾ) (യൂണിയൻ പ്രദേശങ്ങൾ) ഉത്തരവ് (സി. ഒ 32), 1956-ലെ ഭരണഘടന (ജമ്മു-കാശ്മീർ) പട്ടികജാതികൾ ഉത്തരവ് (സി. ഒ. 52), 1962-ലെ ഭരണഘടന (ദാദ്രയും നഗർഹവേലിയും) പട്ടികജാതികൾ ഉത്തരവ് (സി. ഒ. 64), 1964-ലെ (പോണ്ടിച്ചേരി) പട്ടികജാതികൾ ഉത്തരവ് (സി. ഒ. 68), 1968-ലെ ഭരണഘടന (ഗോവ, ദാമൻ, ദിയു) പട്ടികജാതികൾ ഉത്തരവ് (സി. ഒ. 81), 1978-ലെ ഭരണഘടന (സിക്കിം) പട്ടിക ജാതികൾ ഉത്തരവ് (സി. ഒ. 110) എന്നിവ കാണുക.

**342. പട്ടികഗോത്രവർഗ്ഗങ്ങൾ**—(1) രാഷ്ട്രപതിക്ക് [1] [ ഏതെങ്കിലും സംസ്ഥാനത്തെയോ [2] [യൂണിയൻ പ്രദേശത്തെയോ] സംബന്ധിച്ച്, [3] * * * അത് ഒരു സംസ്ഥാനമാണെങ്കിൽ അതിലെ ഗവർണ്ണറോട് [4] * * * ആലോചിച്ചതിനുശേഷം ] പൊതുവിജ്ഞാപനം വഴി,* ആ സംസ്ഥാനത്തെയോ, [2] [യൂണിയൻ പ്രദേശത്തെയോ, അതതു സംഗതിപോലെ,] സംബന്ധിച്ചിടത്തോളം ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് പട്ടികഗോത്രവർഗ്ഗങ്ങളായി കരുതേണ്ട ഗോത്രവർഗ്ഗങ്ങളെയും ഗോത്രവർഗ്ഗ സമുദായങ്ങളെയും അല്ലെങ്കിൽ ഗോത്രവർഗ്ഗങ്ങളുടെയോ ഗോത്രവർഗ്ഗസമുദായങ്ങളുടെയോ ഭാഗങ്ങളെയും അല്ലെങ്കിൽ അവയിലെ അവാന്തരവിഭാഗങ്ങളെയും നിർദ്ദേശിക്കാവുന്നതാണ്.

(2) (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള പട്ടികഗോത്രവർഗ്ഗങ്ങളുടെ ലിസ്ററിൽ, പാർലമെൻറിന്, നിയമംവഴി ഏതെങ്കിലും ഗോത്ര വർഗ്ഗത്തെയോ ഗോത്രവർഗ്ഗസമുദായത്തെയോ അല്ലെങ്കിൽ ഏതെങ്കിലും ഗോത്രവർഗ്ഗത്തിൻെറയോ ഗോത്രവർഗ്ഗസമുദായത്തിൻെറയോ ഭാഗത്തെയോ അല്ലെങ്കിൽ അവയിലെ അവാന്തരവിഭാഗത്തെയോ ഉൾപ്പെടുത്തുകയോ ലിസ്ററിൽനിന്ന് ഒഴിവാക്കുകയോ ചെയ്യാവുന്നതും, എന്നാൽ മുൻപറഞ്ഞ രീതിയിലൊഴികെ മേൽപ്പറഞ്ഞ ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിജ്ഞാപനത്തെ അതിനുശേഷമുള്ള ഏതെങ്കിലും വിജ്ഞാപനത്താൽ വ്യത്യാസപ്പെടുത്തുവാൻ പാടില്ലാത്തതുമാകുന്നു.

---

1. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 11-ാം വകുപ്പുപ്രകാരം "ഒരു സംസ്ഥാനത്തെ ഗവർണ്ണറുമായോ രാജപ്രമുഖനുമായോ കൂടി ആലോചിച്ചതിനുശേഷം" എന്നതിനുപകരം ചേർത്തത്.

2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ചേർത്തത്.

3. മേൽപറഞ്ഞ ആക്റ്റും വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയുടെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.

4. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

*. 1950-ലെ ഭരണഘടന (പട്ടികവർഗ്ഗക്കാർ) ഉത്തരവ്, (സി. ഒ. 22), 1951-ലെ ഭരണഘടന (പട്ടികവർഗ്ഗങ്ങൾ) (യൂണിയൻ പ്രദേശങ്ങൾ) ഉത്തരവ്, (സി. ഒ. 33), 1959-ലെ ഭരണഘടന (ആൻഡമാൻ, നിക്കോബാർ ദ്വീപുകൾ) പട്ടികവർഗ്ഗങ്ങൾ ഉത്തരവ്, (സി. ഒ. 58), 1962-ലെ ഭരണഘടന (ദാദ്ര, നഗർഹവേലി) പട്ടികവർഗ്ഗങ്ങൾ ഉത്തരവ്, (സി. ഒ. 65), 1967-ലെ ഭരണഘടന (ഉത്തർപ്രദേശ്) പട്ടികവർഗ്ഗങ്ങൾ ഉത്തരവ്, (സി. ഒ. 78), 1968-ലെ ഭരണഘടന (ഗോവ, ദാമൻ, ദിയു) പട്ടികവർഗ്ഗങ്ങൾ ഉത്തരവ്, (സി. ഒ. 82), 1970-ലെ ഭരണഘടന (നാഗാലാൻഡ്) പട്ടികവർഗ്ഗങ്ങൾ ഉത്തരവ്, (സി. ഒ. 88), 1978-ലെ ഭരണഘടന (സിക്കിം) പട്ടികവർഗ്ഗങ്ങൾ ഉത്തരവ്, (സി. ഒ. 111), എന്നിവ കാണുക.

# ഭാഗം XVII

## ഔദ്യോഗിക ഭാഷ

### അദ്ധ്യായം I—യൂണിയന്റെ ഭാഷ

**343. യൂണിയന്റെ ഔദ്യോഗിക ഭാഷ—(1)** യൂണിയന്റെ ഔദ്യോഗിക ഭാഷ ദേവനാഗരിലിപിയിലുള്ള ഹിന്ദി ആയിരിക്കുന്നതാണ്.

യൂണിയന്റെ ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ട അക്കങ്ങളുടെ രൂപം ഭാരതീയ അക്കങ്ങളുടെ അന്താരാഷ്ട്ര രൂപമായിരിക്കുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിൽ എന്തുതന്നെ ആയിരുന്നാലും, ഈ ഭരണഘടനയുടെ പ്രാരംഭംമുതൽ പതിനഞ്ച് വർഷക്കാലത്തേക്ക്, ഇംഗ്ളീഷ്ഭാഷ അങ്ങനെയുള്ള പ്രാരംഭത്തിനു തൊട്ടുമുമ്പ് അത് ഉപയോഗിച്ചുവന്നിരുന്ന യൂണിയന്റെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും തുടർന്നും ഉപയോഗിക്കേണ്ടതാണ്:

എന്നാൽ, രാഷ്ട്രപതിക്ക്, യൂണിയന്റെ ഏതെങ്കിലും ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടി, മേൽപ്പറഞ്ഞ കാലയളവിൽ ഇംഗ്ളീഷ് ഭാഷയ്ക്ക് പുറമെ ഹിന്ദിഭാഷയുടെയും, ഭാരതീയ അക്കങ്ങളുടെ അന്താരാഷ്ട്ര രൂപത്തിന് പുറമെ അക്കങ്ങളുടെ ദേവനാഗരി രൂപത്തിന്റെയും ഉപയോഗം ഉത്തരവുവഴി അധികാരപ്പെടുത്താവുന്നതാണ്.

(3) ഈ അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, മേൽപ്പറഞ്ഞ പതിനഞ്ച് വർഷക്കാലത്തിനുശേഷം, പാർലമെന്റിന്, നിയമംവഴി ആ നിയമത്തിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ആവശ്യങ്ങൾക്ക്—

(ക) ഇംഗ്ളീഷ് ഭാഷയുടെയോ, അല്ലെങ്കിൽ

(ഖ)അക്കങ്ങളുടെ ദേവനാഗരി രൂപത്തിന്റെയോ ഉപയോഗത്തിന്,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

**344. ഔദ്യോഗിക ഭാഷ സംബന്ധിച്ച കമ്മീഷനും പാർലമെന്റിന്റെ കമ്മിററിയും**—(1) ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ അഞ്ചുവർഷത്തിന്റെ അവസാനത്തിലും അതിനുശേഷം അങ്ങനെയുള്ള പ്രാരംഭം മുതൽ പത്തുവർഷത്തിന്റെ അവസാനത്തിലും രാഷ്ട്രപതി നിയമിക്കുന്ന ഒരു ചെയർമാനും, എട്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള വ്യത്യസ്ത ഭാഷകളെ പ്രതിനിധാനം ചെയ്യുന്ന അങ്ങനെയുള്ള മററംഗങ്ങളും അടങ്ങിയ ഒരു കമ്മീഷൻ, രാഷ്ട്രപതി ഉത്തരവുവഴി രൂപീകരിക്കേണ്ടതും, ആ ഉത്തരവ്, കമ്മീഷൻ അനുവർത്തിക്കേണ്ട നടപടിക്രമം നിർവ്വചിക്കേണ്ടതും ആകുന്നു.

(2) രാഷ്ട്രപതിക്ക്—

(ക) യൂണിയന്റെ ഔദ്യോഗികാവശ്യങ്ങൾക്ക് വേണ്ടി ഹിന്ദി ഭാഷയുടെ പുരോഗമനോൻമുഖമായ ഉപയോഗം;

(ഖ) യൂണിയന്റെ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ഔദ്യോഗികാവശ്യങ്ങൾക്കു വേണ്ടി ഇംഗ്ളിഷ് ഭാഷയുടെ ഉപയോഗത്തിൻമേലുള്ള നിയന്ത്രണങ്ങൾ ;

(ഗ) 348-ാം അനുച്ഛേദത്തിൽ പറഞ്ഞിട്ടുള്ള എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ട ഭാഷ ;

(ഘ) യൂണിയന്റെ ഏതെങ്കിലും ഒന്നോ അതിലധികമോ നിർദ്ദിഷ്ട ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ട അക്കങ്ങളുടെ രൂപം ;

(ങ) യൂണിയന്റെ ഒദ്യോഗിക ഭാഷയും യൂണിയനും ഒരു സംസ്ഥാനവും തമ്മിലോ ഒരു സംസ്ഥാനവും മററൊന്നും തമ്മിലോ ഉള്ള ആശയവിനിമയത്തിനുള്ള ഭാഷയും അവയുടെ ഉപയോഗവും സംബന്ധിച്ച് രാഷ്ട്രപതി കമ്മീഷന്റെ പരിഗണനയ്ക്ക് അയയ്ക്കുന്ന മറേറതെങ്കിലും വിഷയം,

എന്നിവയെക്കുറിച്ച് ശിപാർശകൾ ചെയ്യുന്നത് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(3) കമ്മീഷൻ, (2)-ാം ഖണ്ഡപ്രകാരം അവരുടെ ശിപാർശകൾ ചെയ്യുന്നതിൽ ഭാരതത്തിന്റെ വ്യാവസായികവും സാംസ്ക്കാരികവും ശാസ്ത്രീയവുമായ പുരോഗതിക്കും, പൊതുസേവനങ്ങൾ സംബന്ധിച്ച് ഹിന്ദി സംസാരിക്കാത്ത പ്രദേശങ്ങളിലുള്ള ആളുകളുടെ ന്യായമായ അവകാശങ്ങൾക്കും താൽപര്യങ്ങൾക്കും അർഹമായ പരിഗണന ഉണ്ടായിരിക്കേണ്ടതാണ്.

(4) മുപ്പത് അംഗങ്ങൾ അടങ്ങുന്ന ഒരു കമ്മിററി രൂപീകരിക്കേണ്ടതും, അവരിൽ, കൈമാററം ചെയ്യാവുന്ന ഒററ വോട്ടുവഴി ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് യഥാക്രമം ലോക സഭയിലെ അംഗങ്ങളും രാജ്യസഭയിലെ അംഗങ്ങളും തെരഞ്ഞെടുക്കേണ്ട ഇരുപത് അംഗങ്ങൾ ലോകസഭാംഗങ്ങളായിരിക്കേണ്ടതും പത്ത് അംഗങ്ങൾ രാജ്യസഭാംഗങ്ങളായിരിക്കേണ്ടതും ആണ്.

(5) (1)-ാം ഖണ്ഡപ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മീഷന്റെ ശിപാർശകൾ പരിശോധിക്കുന്നതും അവയിൻമേലുള്ള അവരുടെ അഭിപ്രായം രാഷ്ട്രപതിക്ക് റിപ്പോർട്ട് ചെയ്യുന്നതും കമ്മിററിയുടെ കർത്തവ്യമായിരിക്കുന്നതാണ്.

(6) 343–ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, (5)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള റിപ്പോർട്ടിന്റെ പരിഗണനയ്ക്കുശേഷം, ആ റിപ്പോർട്ട് മുഴുവനോ അതിന്റെ ഏതെങ്കിലും ഭാഗമോ അനുസരിച്ച് രാഷ്ട്രപതിക്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.

## അദ്ധ്യായം II—പ്രാദേശിക ഭാഷകൾ

**345. ഒരു സംസ്ഥാനത്തെ ഔദ്യോഗിക ഭാഷ അല്ലെങ്കിൽ ഭാഷകൾ**—346-ഉം 347-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണ മണ്ഡലത്തിന്, നിയമംവഴി ആ സംസ്ഥാനത്ത് ഉപയോഗത്തിലിരിക്കുന്ന ഭാഷകളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ അല്ലെങ്കിൽ ഹിന്ദിയോ ആ സംസ്ഥാനത്തിലെ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടി സ്വീകരിക്കാവുന്നതാണ് :

എന്നാൽ, സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലം നിയമംവഴി മററു വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ആ സംസ്ഥാനത്ത് ഏതെല്ലാം ഔദ്യോഗിക ആവശ്യങ്ങൾക്ക് ഇംഗ്ളീഷ്ഭാഷ ഉപയോഗിച്ചിരുന്നുവോ അവയ്ക്ക് ആ ഭാഷ തുടർന്നും ഉപയോഗിക്കേണ്ടതാണ്.

**346. ഒരു സംസ്ഥാനവും മററൊന്നും തമ്മിലോ, ഒരു സംസ്ഥാനവും യൂണിയനും തമ്മിലോ ഉള്ള ആശയവിനിമയത്തിനുള്ള ഔദ്യോഗികഭാഷ**—ഒരു സംസ്ഥാനവും മററൊരു സംസ്ഥാനവും തമ്മിലോ ഒരു സംസ്ഥാനവും യൂണിയനും തമ്മിലോ ഉള്ള ആശയവിനിമയത്തിനുള്ള ഔദ്യോഗികഭാഷ യൂണിയനിൽ ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് തൽസമയം അധികൃതപ്പെടുത്തിയിട്ടുള്ള ഭാഷ ആയിരിക്കേണ്ടതാണ് :

എന്നാൽ, രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ, അങ്ങനെയുള്ള സംസ്ഥാനങ്ങൾ തമ്മിലുള്ള ആശയവിനിമയത്തിന് ഔദ്യോഗികഭാഷ ഹിന്ദിഭാഷ ആയിരിക്കേണ്ടതാണെന്ന് സമ്മതിക്കുകയാണെങ്കിൽ അങ്ങനെയുള്ള ആശയവിനിമയത്തിന് ആ ഭാഷ ഉപയോഗിക്കാവുന്നതാണ്.

**347. ഒരു സംസ്ഥാനത്തെ ജനസംഖ്യയിൽ ഒരു വിഭാഗം സംസാരിക്കുന്ന ഭാഷ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ**—ഒരു സംസ്ഥാനത്തെ ജനസംഖ്യയിൽ ഗണ്യമായ ഒരു വിഭാഗം അവർ സംസാരിക്കുന്ന ഏതെങ്കിലും ഭാഷയുടെ ഉപയോഗം ആ സംസ്ഥാനത്താൽ അംഗീകരിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നു എന്ന്, അതിലേക്ക് ഒരു അഭ്യർത്ഥന നടത്തുന്നതിൻമേൽ, രാഷ്ട്രപതിക്ക് ബോദ്ധ്യമായാൽ അദ്ദേഹത്തിന് ആ സംസ്ഥാനം ഒട്ടാകെയോ അതിൻെറ ഏതെങ്കിലും ഭാഗത്തോ അങ്ങനെയുള്ള ഭാഷ കൂടി അദ്ദേഹം നിർദ്ദേശിക്കാവുന്ന ആവശ്യങ്ങൾക്ക് ഔദ്യോഗികമായി അംഗീകരിക്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ് .

## അദ്ധ്യായം III—സുപ്രീംകോടതി, ഹൈക്കോടതികൾ മുതലായവയിലെ ഭാഷ

**348. സുപ്രീംകോടതിയിലും ഹൈക്കോടതികളിലും ആക്ററുകൾ, ബില്ലുകൾ മുതലായവയ്ക്കും ഉപയോഗിക്കേണ്ട ഭാഷ**—(1) ഈ ഭാഗത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ ആയിരുന്നാലും, പാർലമെൻറ് നിയമംവഴി മററു വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ—

(ക) സുപ്രീംകോടതിയിലെയും ഓരോ ഹൈക്കോടതിയിലെയും എല്ലാ നടപടികളും,

(ഖ) (i) പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിലെങ്കിലുമോ അല്ലെങ്കിൽ ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിൻെറ സഭയിലോ ഇരുസഭകളിൽ ഏതിലെങ്കിലുമോ അവതരിപ്പിക്കേണ്ട എല്ലാ ബില്ലുകളുടെയും അല്ലെങ്കിൽ അവയെപ്പററി ഉന്നയിക്കുന്ന ഭേദഗതികളുടെയും,

(ii) പാർലമെൻേറാ ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണ മണ്ഡലമോ പാസ്സാക്കുന്ന എല്ലാ ആക്ററുകളുടെയും, രാഷ്ട്രപതിയോ ഒരു സംസ്ഥാന ഗവർണ്ണറോ [1] *** പുറപ്പെടുവിക്കുന്ന എല്ലാ ഓർഡിനൻസുകളുടെയും,

(iii) ഈ ഭരണഘടനപ്രകാരം അല്ലെങ്കിൽ പാർലമെൻേറാ ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലമോ ഉണ്ടാക്കുന്ന ഏതെങ്കിലും നിയമപ്രകാരം പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും റഗുലേഷനുകളുടെയും ബൈലാകളുടെയും ആധികാരികപാഠങ്ങളും,

ഇംഗ്ളീഷ് ഭാഷയിൽ ആയിരിക്കേണ്ടതാണ്.

(2) (1)-ാം ഖണ്ഡം (ക) ഉപഖണ്ഡത്തിൽ എന്തുതന്നെ ആയിരുന്നാലും, ഒരു സംസ്ഥാനത്തിൻെറ ഗവർണ്ണർക്ക് [1] * * * രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള സമ്മതത്തോടുകൂടി ആ സംസ്ഥാനത്ത് മുഖ്യ ആസ്ഥാനമുള്ള ഹൈക്കോടതിയിലെ നടപടികളിൽ ഹിന്ദിഭാഷയുടെയോ ആ സംസ്ഥാനത്ത് ഏതെങ്കിലും ഔദ്യോഗികാവശ്യങ്ങൾക്കു ഉപയോഗിക്കുന്ന മറേറതെങ്കിലും ഭാഷയുടെയോ ഉപയോഗം അധികൃതം ആക്കാവുന്നതാണ് :

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും അങ്ങനെയുള്ള ഹൈക്കോടതി പ്രസ്താവിച്ച ഏതെങ്കിലും വിധിന്യായത്തിനോ ഡിക്രിക്കോ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിനോ ബാധകമാകുന്നതല്ല.

(3) (1)-ാം ഖണ്ഡം (ഖ) ഉപഖണ്ഡത്തിൽ എന്തുതന്നെ ആയിരുന്നാലും, ഇംഗ്ളീഷ്ഭാഷ അല്ലാതെ ഏതെങ്കിലും ഭാഷ ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിൽ അവതരിപ്പിക്കുന്ന ബില്ലുകളിലോ, അതു പാസ്സാക്കുന്ന ആക്ററുകളിലോ, അല്ലെങ്കിൽ ആ സംസ്ഥാനത്തെ ഗവർണ്ണർ [1] * * * പുറപ്പെടുവിക്കുന്ന ഓർഡിനൻസുകളിലോ, അല്ലെങ്കിൽ ആ ഉപഖണ്ഡത്തിൻെറ (iii)-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഉത്തരവിലോ ചട്ടത്തിലോ റഗുലേഷനിലോ

[1] 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

ബൈലായിലോ ഉപയോഗിക്കുന്നതിന് നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആ സംസ്ഥാനത്തെ ഔദ്യോഗിക ഗസററിൽ ആ സംസ്ഥാനത്തെ ഗവർണ്ണറുടെ [1]* * * അധികാരത്തിൻ കീഴിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അതിൻെറ ഇംഗ്ളീഷ് ഭാഷയിലുള്ള ഒരു തർജ്ജമ ഈ അനുച്ഛേദപ്രകാരം അതിൻെറ ഇംഗ്ളീഷ് ഭാഷയിലെ ആധികാരിക പാഠമായി കരുതപ്പെടേണ്ടതാണ്.

**349. ഭാഷയെ സംബന്ധിച്ച ചില നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രത്യേക നടപടി ക്രമം**—ഈ ഭരണഘടനയുടെ പ്രാരംഭം മുതലുള്ള പതിനഞ്ച് വർഷക്കാലത്തേക്ക് 348-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങളിൽ ഏതിനെങ്കിലും വേണ്ടി ഉപയോഗിക്കേണ്ട ഭാഷയെപ്പററി വ്യവസ്ഥയുണ്ടാക്കുന്ന യാതൊരു ബില്ലോ ഭേദഗതിയോ രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിലെങ്കിലും അവതരിപ്പിക്കുകയോ, ഉന്നയിക്കുകയോ ചെയ്യാൻ പാടില്ലാത്തതും, രാഷ്ട്രപതി 344-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം രൂപീകരിക്കുന്ന കമ്മീഷൻെറ ശിപാർശകളും ആ അനുച്ഛേദം (4)-ാം ഖണ്ഡപ്രകാരം രൂപീകരിക്കുന്ന കമ്മിററിയുടെ റിപ്പോർട്ടുകളും പരിഗണിച്ചതിന് ശേഷമല്ലാതെ അങ്ങനെയുള്ള ഏതെങ്കിലും ബില്ലിൻെറ അവതരണത്തിനോ ഏതെങ്കിലും ഭേദഗതിയുടെ ഉന്നയിക്കലിനോ അനുമതി നൽകുവാൻ പാടില്ലാത്തതും ആകുന്നു.

## അദ്ധ്യായം IV—പ്രത്യേക നിർദ്ദേശങ്ങൾ

**350. സങ്കടപരിഹാരത്തിനുള്ള നിവേദനങ്ങളിൽ ഉപയോഗിക്കേണ്ട ഭാഷ**—ഏതൊരാൾക്കും ഏതെങ്കിലും സങ്കടത്തിൻെറ പരിഹാരത്തിനുള്ള ഒരു നിവേദനം, യൂണിയനിലെയോ ഒരു സംസ്ഥാനത്തെയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ, യൂണിയനിലോ അല്ലെങ്കിൽ ആ സംസ്ഥാനത്തോ, അതതു സംഗതിപോലെ, ഉപയോഗിക്കുന്ന ഭാഷകളിൽ ഏതിലെങ്കിലും സമർപ്പിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

[2][**350ക. പ്രാഥമികഘട്ടത്തിൽ മാതൃഭാഷയിൽ ബോധനത്തിനുള്ള സൗകര്യങ്ങൾ**— ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസത്തിൻെറ പ്രാഥമിക ഘട്ടത്തിൽ മാതൃഭാഷയിൽ ബോധനത്തിന് പര്യാപ്തമായ സൗകര്യങ്ങൾ നൽകുവാൻ ഓരോ സംസ്ഥാനവും സംസ്ഥാനത്തെ ഓരോ തദ്ദേശാധികാരസ്ഥാനവും യത്നിക്കേണ്ടതും കൂടാതെ രാഷ്ട്രപതിയ്ക്ക് അങ്ങനെയുള്ള സൗകര്യങ്ങളുടെ വ്യവസ്ഥ സംപ്രാപ്തമാക്കുന്നതിന് ആവശ്യമോ ഉചിതമോ ആണെന്ന് അദ്ദേഹം കരുതുന്ന നിർദ്ദേശങ്ങൾ ഏതു സംസ്ഥാനത്തിനും നൽകാവുന്നതും ആകുന്നു.

**350 ഖ. ഭാഷാ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക ഉദ്യോഗസ്ഥൻ**—(1) ഭാഷാ ന്യൂനപക്ഷങ്ങൾക്ക് രാഷ്ട്രപതി നിയമിക്കുന്ന ഒരു പ്രത്യേക ഉദ്യോഗസ്ഥൻ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ഭരണഘടന പ്രകാരം ഭാഷാ ന്യൂനപക്ഷങ്ങൾക്ക് നൽകിയിട്ടുള്ള പരിരക്ഷ സംബന്ധിച്ച് എല്ലാ വിഷയങ്ങളും അന്വേഷിക്കുന്നതും രാഷ്ട്രപതി നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഇടവേളകളിൽ ആ വിഷയങ്ങളിൻമേൽ രാഷ്ട്രപതിക്ക് റിപ്പോർട്ട് ചെയ്യുന്നതും, ആ പ്രത്യേക ഉദ്യോഗസ്ഥൻെറ കർത്തവ്യമായിരിക്കുന്നതും, രാഷ്ട്രപതി അങ്ങനെയുള്ള എല്ലാ റിപ്പോർട്ടുകളും പാർലമെൻറിൻെറ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതും ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ സർക്കാരുകൾക്ക് അയപ്പിക്കേണ്ടതും ആകുന്നു.]

**351. ഹിന്ദി ഭാഷയുടെ വികസനത്തിനുള്ള നിർദ്ദേശം**— ഹിന്ദി ഭാഷയുടെ പ്രചാരം അഭിവൃദ്ധിപ്പെടുത്തുന്നതും അതിനെ ഭാരതത്തിൻെറ സമ്മിശ്ര സംസ്ക്കാരത്തിൻെറ എല്ലാ ഘടകങ്ങൾക്കും, ആശയപ്രകടനത്തിനുള്ള ഒരു മാദ്ധ്യമമായി പ്രയോജനപ്പെടത്തക്കവണ്ണം വികസിപ്പിക്കുന്നതും അതിൻെറ സവിശേഷ സ്വഭാവത്തിന് കോട്ടം തട്ടാതെ ഹിന്ദുസ്ഥാനിയിലും, എട്ടാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഭാരതത്തിലെ മററുഭാഷകളിലും ഉപയോഗിക്കുന്ന രൂപങ്ങളും ശൈലിയും പദപ്രയോഗങ്ങളും സ്വാംശീകരിച്ചും അതിൻെറ ശബ്ദാവലിക്കുവേണ്ടി ഒന്നാമതായി സംസ്കൃതത്തിൽ നിന്നും രണ്ടാമതായി മററു ഭാഷകളിൽ നിന്നും ആവശ്യമോ അഭിലഷണീയമോ ആയിരിക്കുന്നിടത്തെല്ലാം ശബ്ദങ്ങൾ സ്വീകരിച്ചും അതിൻെറ പരിപോഷണം സുനിശ്ചിതമാക്കുന്നതും യൂണിയൻെറ കർത്തവ്യമായിരിക്കുന്നാണ്.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.
2. മേൽ പറഞ്ഞ ആക്ററ്, 21-ാം വകുപ്പുപ്രകാരം ചേർത്തത്.

# ഭാഗം XVIII

## അടിയന്തിരാവസ്ഥാ വ്യവസ്ഥകൾ

**352. അടിയന്തിരാവസ്ഥാ വിളംബരം**—(1) രാഷ്ട്രപതിക്ക് ഭാരതത്തിൻെറയോ അതിലെ ഭൂപ്രദേശത്തിൻെറ ഏതെങ്കിലും ഭാഗത്തിൻെറയോ സുരക്ഷിതത്വം, യുദ്ധത്താലോ ബാഹ്യാക്രമണത്താലോ [1][സായുധവിപ്ളവത്താലോ] ആയാലും ഭീഷണിയിലാകുന്ന ഗുരുതരമായ ഒരു അടിയന്തിരാവസ്ഥ നിലവിലിരിക്കുന്നതായി ബോദ്ധ്യമാകുന്നുവെങ്കിൽ, അദ്ദേഹത്തിന് വിളംബരം വഴി ആ അർത്ഥത്തിൽ [2][ഭാരതത്തിൻെറ മുഴുവൻ അല്ലെങ്കിൽ വിളംബരത്തിൽ പറഞ്ഞിട്ടുള്ള അതിലെ ഭൂപ്രദേശത്തിൻെറ അങ്ങനെയുള്ള ഭാഗം സംബന്ധിച്ച് ] പ്രഖ്യാപനം നടത്താവുന്നതാണ്.

[3][*വിശദീകരണം*—ഭാരതത്തിൻെറയോ അതിലെ ഭൂപ്രദേശത്തിൻെറ ഏതെങ്കിലും ഭാഗത്തിൻെറയോ സുരക്ഷിതത്വം യുദ്ധത്താലോ, ബാഹ്യാക്രമണത്താലോ, സായുധ വിപ്ളവത്താലോ, ഭീഷണിയിലായിരിക്കുന്നു എന്നു പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു അടിയന്തരാവസ്ഥാ വിളംബരം, യുദ്ധത്തിൻെറയോ അങ്ങനെയുള്ള ഏതെങ്കിലും ആക്രമണത്തിൻെറയോ, വിപ്ളവത്തിൻെറയോ, യഥാർത്ഥ സംഭവിക്കലിനു മുമ്പുതന്നെ, അതു സംബന്ധിച്ച വിപത്ത് ആസന്നമാണെന്ന് രാഷ്ട്രപതിക്ക് ബോദ്ധ്യപ്പെടുകയാണെങ്കിൽ, പുറപ്പെടുവിക്കാവുന്നതാണ്.]

[4][(2) (1)-ാംഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിളംബരം അതിനുശേഷമുള്ള ഒരു വിളംബരം വഴി വ്യത്യാസപ്പെടുത്തുകയോ പിൻവലിക്കുകയോ ചെയ്യാവുന്നതാണ്.

(3) രാഷ്ട്രപതി (1)-ാം ഖണ്ഡപ്രകാരമുള്ള ഒരു വിളംബരമോ അല്ലെങ്കിൽ അങ്ങനെയുള്ള വിളംബരത്തെ വ്യത്യാസപ്പെടുത്തിക്കൊണ്ടുള്ള ഒരു വിളംബരമോ, പുറപ്പെടുവിക്കണമെന്ന യൂണിയൻ മന്ത്രിസഭ (അതായത് 75-ാം അനുച്ഛേദപ്രകാരം നിയമിച്ചിട്ടുള്ള പ്രധാനമന്ത്രിയും ക്യാബിനററ് പദവിയിലുള്ള മററു മന്ത്രിമാരും അടങ്ങിയ സഭ) യുടെ അങ്ങനെയുള്ള വിളംബരം പുറപ്പെടുവിക്കാമെന്ന തീരുമാനം അദ്ദേഹത്തെ എഴുതി അറിയിച്ചാലല്ലാതെ പുറപ്പെടുവിക്കുവാൻ പാടില്ലാത്തതാണ്.

(4) ഈ അനുച്ഛേദപ്രകാരം പുറപ്പെടുവിച്ച ഓരോ വിളംബരവും പാർലമെൻറിൻെറ ഓരോ സഭ മുമ്പാകെയും വയ്ക്കേണ്ടതും അത് ഒരു മുൻവിളംബരത്തെ പിൻവലിക്കുന്ന വിളംബരമാകുന്നിടത്ത് ഒഴികെ, ഒരു മാസത്തിൻെറ അവസാനത്തിൽ, ആ കാലയളവ് അവസാനിക്കുന്നതിനു മുമ്പ് പാർലമെൻറിൻെറ ഇരു സഭകളും പ്രമേയം വഴി അതു അംഗീകരിക്കുന്നില്ലെങ്കിൽ, അതിനു പ്രാബല്യം ഇല്ലാതായിത്തീരുന്നതും ആകുന്നു :

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും വിളംബരം (ഒരു മുൻ വിളംബരത്തെ പിൻവലിക്കുന്നതല്ലാത്ത ഒരു വിളംബരം) ലോകസഭ പിരിച്ചുവിട്ടിരിക്കുന്ന സമയത്ത് പുറപ്പെടുവിക്കുകയോ, അല്ലെങ്കിൽ ഈ ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു മാസക്കാലത്തിനിടയ്ക്ക് ലോകസഭയുടെ പിരിച്ചുവിടൽ സംഭവിക്കുകയോ ആണെങ്കിൽ, ആ വിളംബരം അംഗീകരിക്കുന്ന ഒരു പ്രമേയം രാജ്യസഭ പാസ്സാക്കുകയും, എന്നാൽ ലോകസഭ അങ്ങനെയുള്ള വിളംബരം സംബന്ധിച്ച പ്രമേയം ആ കാലാവധി

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 37-ാം വകുപ്പു പ്രകാരം "ആഭ്യന്തരകലാപം" എന്നതിനുപകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
2. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 48-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
3. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 37-ാം വകുപ്പു പ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
4. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം (2)-ഉം (2 ക)-ഉം (3)-ഉം ഖണ്ഡങ്ങൾക്ക് പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

അവസാനിക്കുന്നതിനു മുമ്പ് പാസ്സാക്കാതിരിക്കുകയും ചെയ്യുന്നതായാൽ, ലോകസഭ അതിൻെറ പുനഃസംഘടനയ്ക്ക്ശേഷം ആദ്യമായി ഉപവേശിക്കുന്ന തീയതി മുതൽ മുപ്പതു ദിവസത്തിന്റെ അവസാനത്തിൽ, മുൻപറഞ്ഞ മുപ്പതു ദിവസക്കാലത്തിൻെറ അവസാനത്തിനു മുമ്പ് ലോകസഭയും ആ വിളംബരം അംഗീകരിക്കുന്ന ഒരു പ്രമേയം പാസ്സാക്കാത്തപക്ഷം, ആ വിളംബരത്തിനു പ്രാബല്യമില്ലാതായിത്തീരുന്നതാണ്.

(5) അപ്രകാരം അംഗീകരിച്ച ഒരു വിളംബരം പിൻവലിക്കാത്തപക്ഷം, (4)-ാം ഖണ്ഡപ്രകാരം അത് അംഗീകരിച്ചുകൊണ്ടുള്ള പ്രമേയങ്ങളിൽ രണ്ടാമത്തേത് പാസ്സാക്കുന്ന തീയതി മുതൽ ആറുമാസക്കാലം അവസാനിക്കുന്നതിൻമേൽ ആ വിളംബരത്തിന് പ്രാബല്യം ഇല്ലാതാകുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഒരു വിളംബരം പ്രാബല്യത്തിൽ തുടരുന്നതിനെ അംഗീകരിക്കുന്ന ഒരു പ്രമേയം പാർലമെൻറിൻെറ ഇരു സഭകളും പാസ്സാക്കുകയാണെങ്കിൽ, അങ്ങനെ പാസ്സാക്കുമ്പോഴൊക്കെയും, ആ വിളംബരം, പിൻവലിക്കാത്തപക്ഷം, ഈ ഖണ്ഡപ്രകാരം അതിനു മററുവിധത്തിൽ പ്രാബല്യം ഇല്ലാതാകുമായിരുന്ന തീയതി മുതൽ ഒരു ആറുമാസക്കാലത്തേക്കുകൂടി പ്രാബല്യത്തിൽ തുടരുന്നതും ആകുന്നു:

എന്നുമാത്രമല്ല, അങ്ങനെയുള്ള ഏതെങ്കിലും ആറുമാസക്കാലത്തിനിടയിൽ ലോകസഭയുടെ പിരിച്ചുവിടൽ സംഭവിക്കുകയും രാജ്യസഭ അങ്ങനെയുള്ള വിളംബരം പ്രാബല്യത്തിൽ തുടരുന്നത് അംഗീകരിച്ചുകൊണ്ട് ഒരു പ്രമേയം പാസ്സാക്കുകയും ലോകസഭ അങ്ങനെയുള്ള വിളംബരം പ്രാബല്യത്തിൽ തുടരുന്നത് സംബന്ധിച്ച പ്രമേയം മേൽപ്പറഞ്ഞ കാലാവധിയിൽ പാസ്സാക്കാതിരിക്കുകയും ചെയ്യുന്നതായാൽ, ലോകസഭ അതിൻെറ പുനഃസംഘടനയ്ക്കുശേഷം ആദ്യമായി ഉപവേശിക്കുന്ന തീയതി മുതൽ മുപ്പതു ദിവസത്തിൻെറ അവസാനത്തിൽ, മുൻപറഞ്ഞ മുപ്പതുദിവസക്കാലത്തിൻെറ അവസാനത്തിനു മുമ്പ് ലോകസഭയും ആ വിളംബരം പ്രാബല്യത്തിൽ തുടരുന്നത് അംഗീകരിച്ചുകൊണ്ടുള്ള ഒരു പ്രമേയം പാസ്സാക്കാത്തപക്ഷം, ആ വിളംബരത്തിനു പ്രാബല്യമില്ലാതാകുന്നതാണ്.

(6) (4)-ഉം (5)-ഉം ഖണ്ഡങ്ങളുടെ ആവശ്യങ്ങൾക്കു വേണ്ടിയുള്ള ഒരു പ്രമേയം പാർലമെൻറിൻെറ ഓരോ സഭയും, ആ സഭയിലെ ആകെ അംഗങ്ങളുടെ ഭൂരിപക്ഷത്തോടുകൂടിയും ആ സഭയിൽ ഹാജരാകുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ടുഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷത്തോടുകൂടിയും മാത്രം പാസ്സാക്കേണ്ടതാണ്.

(7) മുൻപറഞ്ഞ ഖണ്ഡങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രാഷ്ട്രപതി, (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ച ഒരു വിളംബരം അല്ലെങ്കിൽ അങ്ങനെയുള്ള ഒരു വിളംബരം വ്യത്യാസപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഒരു വിളംബരം, അതതു സംഗതിപോലെ, അങ്ങനെയുള്ള വിളംബരം അംഗീകരിക്കാതെയോ പ്രാബല്യത്തിൽ തുടരുന്നത് അംഗീകരിക്കാതെയോ ലോകസഭ ഒരു പ്രമേയം പാസ്സാക്കുകയാണെങ്കിൽ, പിൻവലിക്കേണ്ടതാണ്.

(8) ലോകസഭയിലെ അംഗങ്ങളുടെ ആകെ എണ്ണത്തിൻെറ പത്തിലൊന്നിൽ കുറയാത്ത അംഗങ്ങൾ, (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ച ഒരു വിളംബരം അല്ലെങ്കിൽ അങ്ങനെയുള്ള വിളംബരം വ്യത്യാസപ്പെടുത്തിക്കൊണ്ടുള്ള ഒരു വിളംബരം, അതതു സംഗതിപോലെ, അംഗീകരിക്കാതിരിക്കാനുള്ള അല്ലെങ്കിൽ പ്രാബല്യത്തിൽ തുടരുന്നത് അംഗീകരിക്കാതിരിക്കാനുള്ള ഒരു പ്രമേയം അവതരിപ്പിക്കാനുള്ള അവരുടെ ഉദ്ദേശ്യത്തിൻെറ ഒപ്പിട്ട ലിഖിതമായ ഒരു നോട്ടീസ്,–

(ക) സഭ സമ്മേളനത്തിലാണെങ്കിൽ സ്പീക്കർക്ക്; അല്ലെങ്കിൽ

(ഖ) സഭ സമ്മേളനത്തിലല്ലെങ്കിൽ രാഷ്ട്രപതിക്ക്,

കൊടുത്തിട്ടുള്ളപ്പോൾ, സ്പീക്കർക്കോ രാഷ്ട്രപതിക്കോ, അതതു സംഗതിപോലെ, നോട്ടീസ് കിട്ടിയ തീയതി മുതൽ പതിന്നാലു ദിവസത്തിനകം അങ്ങനെയുള്ള പ്രമേയം പരിഗണിക്കുന്ന ആവശ്യത്തിലേക്ക് സഭയുടെ ഒരു പ്രത്യേക സമ്മേളനം നടത്തേണ്ടതാണ്.]

[1][ [2][(9)] (1)-ാം ഖണ്ഡപ്രകാരം ഒരു വിളംബരം രാഷ്ട്രപതി നേരത്തെ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും അങ്ങനെയുള്ള വിളംബരം പ്രാബല്യത്തിൽ ഉണ്ടെങ്കിലും ഇല്ലെങ്കിലും ഈ അനുച്ഛേദം രാഷ്ട്രപതിക്ക് നൽകിയിട്ടുള്ള അധികാരത്തിൽ, യുദ്ധമോ ബാഹ്യാക്രമണമോ, [3][സായുധവിപ്ളവമോ] അല്ലെങ്കിൽ യുദ്ധത്തിൻെറയോ ബാഹ്യാക്രമണത്തിൻെറയോ [3][സായുധവിപ്ളവത്തിൻെറയോ] വിപത്തോ മൂലമുള്ള വ്യത്യസ്ത കാരണങ്ങളിൻമേൽ വ്യത്യസ്ത വിളംബരങ്ങൾ പുറപ്പെടുവിക്കാനുള്ള അധികാരവും ഉൾപ്പെടുന്നതാണ്.

[4] * * * * * * * * * * * * *

**353. അടിയന്തിരാവസ്ഥാ വിളംബരത്തിൻെറ അനന്തരഫലം**—ഒരു അടിയന്തിരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ—

(ക) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, യൂണിയന്റെ നിർവ്വാഹകാധികാരം, ഏതെങ്കിലും സംസ്ഥാനത്തിന് അതിന്റെ നിർവ്വാഹകാധികാരം ഏതു വിധത്തിലാണ് പ്രയോഗിക്കേണ്ടതെന്ന് നിർദ്ദേശങ്ങൾ നൽകുന്നതിലേക്ക് വ്യാപിക്കുന്നതാണ്;

(ഖ) ഏതെങ്കിലും വിഷയം സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കുവാൻ പാർലമെന്റിനുള്ള അധികാരത്തിൽ, ആ വിഷയം സംബന്ധിച്ച്, അത് യൂണിയൻ ലിസ്ററിൽ എണ്ണി പറഞ്ഞിട്ടില്ലാത്ത ഒന്നാണെന്നിരുന്നാലും, യൂണിയന്റെ അല്ലെങ്കിൽ യൂണിയനിലെ ഉദ്യോഗസ്ഥൻമാരുടെയും അധികാരസ്ഥാനങ്ങളുടെയുംമേൽ അധികാരങ്ങൾ നൽകുന്നതും കർത്തവ്യങ്ങൾ ചുമത്തുന്നതും അല്ലെങ്കിൽ, അധികാരങ്ങൾ നൽകുന്നതും കർത്തവ്യങ്ങൾ ചുമത്തുന്നതും അധികാരപ്പെടുത്തുന്നതുമായ നിയമങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരവും ഉൾപ്പെടുന്നതാണ് :

[5][എന്നാൽ, ഒരടിയന്തിരാവസ്ഥാ വിളംബരം ഭാരതത്തിന്റെ ഭൂപ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തുമാത്രം പ്രാബല്യത്തിലിരിക്കുന്നിടത്ത്, —

(i) (ക) ഖണ്ഡപ്രകാരം നിർദ്ദേശങ്ങൾ നൽകാനുള്ള യൂണിയന്റെ നിർവ്വാഹകാധികാരവും,

(ii) (ഖ) ഖണ്ഡപ്രകാരം നിയമങ്ങൾ ഉണ്ടാക്കുവാനുള്ള പാർലമെന്റിന്റെ അധികാരവും,

ഭാരതത്തിന്റെ ഭൂപ്രദേശത്ത് അടിയന്തിരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുന്ന ഭാഗത്തോ ആ ഭാഗം സംബന്ധിച്ചോ ഉള്ള പ്രവർത്തനങ്ങൾ വഴി ഭാരതത്തിന്റെയോ അതിന്റെ ഭൂപ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ സുരക്ഷിതത്വം ഭീഷണിയിലാണെങ്കിൽ ഭീഷണിയിലായിരിക്കുന്നിടത്തോളവും അടിയന്തിരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുന്ന ഒരു സംസ്ഥാനമോ ഭാഗമോ അല്ലാത്ത ഏതെങ്കിലും സംസ്ഥാനത്തിലേക്ക് കൂടി വ്യാപിക്കുന്നതാണ്.]

**354. ഒരു അടിയന്തിരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ റവന്യൂവിന്റെ വിതരണം സംബന്ധിച്ച വ്യവസ്ഥകളുടെ ബാധകത**—(1) ഒരു അടിയന്തിരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ രാഷ്ട്രപതിക്ക്, 268 മുതൽ 279 വരെയുള്ള അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് മുഴുവനുമോ അവയിൽ ഏതിനെങ്കിലുമോ, യാതൊരു സംഗതിയിലും, അങ്ങനെയുള്ള വിളംബരം പ്രാബല്യത്തിലില്ലാതായിത്തീരുന്ന സാമ്പത്തികവർഷത്തിന്റെ അവസാനത്തിന് അപ്പുറം പോകാതെ ഉത്തരവിൽ പറയാവുന്ന അങ്ങനെയുള്ള കാലത്തേക്ക് അദ്ദേഹം യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള ഒഴിവാക്കലുകൾക്കും രൂപഭേദങ്ങൾക്കും വിധേയമായി, പ്രാബല്യമുണ്ടായിരിക്കുമെന്ന് ഉത്തരവ് വഴി നിർദ്ദേശിക്കാവുന്നതാണ്.

---

1. 1975-ലെ ഭരണഘടന (മുപ്പത്തിയെട്ടാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം (മുൻകാലപ്രാബല്യത്തോടുകൂടി) ചേർത്തത്.
2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 37-ാം വകുപ്പു പ്രകാരം (4)-ാം ഖണ്ഡം (9)-ാം ഖണ്ഡമായി മാററി അക്കമിട്ടു (20-6-1979 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം "ആഭ്യന്തരകലാപം" എന്നതിനുപകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
4. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം (5)-ാം ഖണ്ഡംവിട്ടുകളഞ്ഞു (20-6-1979 മുതൽ പ്രാബല്യം).
5. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 49-ാം വകുപ്പു പ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

(2) (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും, അതു പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നതും വേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

**355. ബാഹ്യാക്രമണത്തിനും ആഭ്യന്തരകലാപത്തിനും എതിരായി സംസ്ഥാനങ്ങളെ സംരക്ഷിക്കുവാനുള്ള യൂണിയന്റെ കർത്തവ്യം**—ഓരോ സംസ്ഥാനത്തെയും ബാഹ്യാക്രമണത്തിനും ആഭ്യന്തരകലാപത്തിനും എതിരായി സംരക്ഷിക്കുന്നതും ഓരോ സംസ്ഥാനത്തിന്റെയും സർക്കാർ പ്രവർത്തിക്കുന്നത് ഈ ഭരണഘടനയിലെ വ്യവസ്ഥകൾ അനുസരിച്ചാണ് എന്നു ഉറപ്പുവരുത്തുന്നതും യൂണിയന്റെ കർത്തവ്യമായിരിക്കുന്നതാണ്.

**356. സംസ്ഥാനങ്ങളിൽ ഭരണഘടനായന്ത്രം പരാജയപ്പെട്ടാലുള്ള വ്യവസ്ഥകൾ**—(1) ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണറിൽ [1]*** നിന്ന് ഒരു റിപ്പോർട്ട് കിട്ടിയതിൻമേൽ അല്ലെങ്കിൽ മററുവിധത്തിൽ രാഷ്ട്രപതിക്ക്, അ സംസ്ഥാനത്ത് ഭരണം ഈ ഭരണഘടനയിലെ വ്യവസ്ഥകൾ അനുസരിച്ച് നടത്തിക്കൊണ്ടുപോകുവാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം ഉത്ഭവിച്ചിരിക്കുന്നതായി ബോദ്ധ്യമാകുകയാണെങ്കിൽ, രാഷ്ട്രപതിക്ക് വിളംബരം വഴി—

(ക) ആ സംസ്ഥാനത്തെ സർക്കാരിന്റെ ചുമതലകൾ മുഴുവനുമോ അവയിൽ ഏതെങ്കിലുമോ, അല്ലെങ്കിൽ ഗവർണ്ണറിൽ [2]*** നിക്ഷിപ്തമായതോ ഗവർണ്ണർക്ക് പ്രയോഗിക്കാവുന്നതോ, ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം ഒഴികെയുള്ള ഏതെങ്കിലും നികായത്തിലോ അധികാരസ്ഥാനത്തിലോ നിക്ഷിപ്തമായതോ അതിനു പ്രയോഗിക്കാവുന്നതോ ആയ അധികാരങ്ങൾ മുഴുവനുമോ അവയിൽ ഏതെങ്കിലുമോ സ്വയം ഏറെറടുക്കാവുന്നതാണ് .

(ഖ) ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ അധികാരങ്ങൾ പാർലമെന്റോ പാർലമെന്റ് അധികാരപ്പെടുത്തുന്നത് അനുസരിച്ചോ പ്രയോഗിക്കേണ്ടതാണെന്ന് പ്രഖ്യാപിക്കാവുന്നതാണ്.

(ഗ) ആ സംസ്ഥാനത്തെ ഏതെങ്കിലും നികായത്തെയോ അധികാരസ്ഥാനത്തെയോ സംബന്ധിച്ച് ഈ ഭരണഘടനയിലുള്ള ഏതെങ്കിലും വ്യവസ്ഥകളുടെ പ്രവർത്തനം പൂർണ്ണമായോ ഭാഗികമായോ നിറുത്തിവയ്ക്കുവാനുള്ള വ്യവസ്ഥകൾ ഉൾപ്പെടെ ആ വിളംബരത്തിന്റെ ലക്ഷ്യങ്ങൾക്ക് പ്രഭാവം നൽകുന്നതിന് ആവശ്യമെന്നോ അഭിലഷണീയമെന്നോ രാഷ്ട്രപതിക്ക് തോന്നുന്ന സാന്ദർഭികവും അനന്തരഫലമായുള്ളതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും ഒരു ഹൈക്കോടതിയിൽ നിക്ഷിപ്തമോ അതിനു പ്രയോഗിക്കാവുന്നതോ ആയ ഏതെങ്കിലും അധികാരം സ്വയം ഏറെറടുക്കുവാനോ, ഹൈക്കോടതികൾ സംബന്ധിച്ച് ഈ ഭരണഘടനയിലുള്ള ഏതെങ്കിലും വ്യവസ്ഥ പ്രാവർത്തികമാക്കുന്നതു പൂർണ്ണമായോ ഭാഗികമായോ നിറുത്തിവയ്ക്കുവാനോ രാഷ്ട്രപതിയെ അധികൃതപ്പെടുത്തുന്നതല്ല.

(2) അങ്ങനെയുള്ള യാതൊരു വിളംബരവും പിന്നീടുള്ള ഒരു വിളംബരം വഴി പിൻവലിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(3) ഈ അനുച്ഛേദ പ്രകാരമുള്ള ഏതൊരു വിളംബരവും പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതും, അത് ഒരു മുൻവിളംബരത്തെ പിൻവലിക്കുന്ന വിളംബരമായിരിക്കുമ്പോളൊഴികെ രണ്ടുമാസം അവസാനിക്കുന്നതിൻമേൽ ആ കാലാവധി അവസാനിക്കുന്നതിനു മുമ്പ് പാർലമെന്റിന്റെ ഇരുസഭകളും പ്രമേയങ്ങൾ വഴി അതു അംഗീകരിക്കാത്തപക്ഷം, അതിനു പ്രാബല്യം ഇല്ലാതാകുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും വിളംബരം (ഒരു മുൻ വിളംബരത്തെ പിൻവലിക്കുന്നതല്ലാത്ത ഒരു വിളംബരം)ലോകസഭ പിരിച്ചുവിട്ടിരിക്കുന്ന സമയത്ത് പുറപ്പെടുവിക്കുക യാണെങ്കിൽ, അല്ലെങ്കിൽ ഈ ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള രണ്ടുമാസക്കാലത്തിനിടയ്ക്ക് ലോകസഭയുടെ പിരിച്ചുവിടൽ സംഭവിക്കുകയും, ആ വിളംബരം

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

2. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ, അതതു സംഗതിപോലെ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

അംഗീകരിക്കുന്ന ഒരു പ്രമേയം രാജ്യസഭ പാസ്സാക്കുകയും എന്നാൽ ലോകസഭ അങ്ങനെയുള്ള വിളംബരം സംബന്ധിച്ച പ്രമേയം ആ കാലാവധിയുടെ അവസാനത്തിനു മുമ്പ് പാസ്സാക്കാതിരിക്കുകയും ചെയ്യുന്നതായാൽ, ലോകസഭയുടെ പുനഃസംഘടനയ്ക്കുശേഷം ആദ്യമായി ഉപവേശിക്കുന്ന തീയതി മുതൽ മുപ്പതു ദിവസത്തിന്റെ അവസാനത്തിൽ, മുൻപറഞ്ഞ മുപ്പതുദിവസം അവസാനിക്കുന്നതിനു മുമ്പ് ലോകസഭ ആ വിളംബരം അംഗീകരിക്കുന്ന ഒരു പ്രമേയം പാസ്സാക്കാത്തപക്ഷം, ആ വിളംബരത്തിന് പ്രാബല്യമില്ലാതാകുന്നതാണ്.

(4) അപ്രകാരം അംഗീകരിച്ച ഒരു വിളംബരം പിൻവലിക്കാത്തപക്ഷം, [1][വിളംബരം പുറപ്പെടുവിച്ച തീയതി മുതൽ ആറുമാസക്കാലത്തിന്റെ അവസാനത്തിൻമേൽ] ആ വിളംബരത്തിന് പ്രാബല്യം ഇല്ലാതാകുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഒരു വിളംബരം പ്രാബല്യത്തിൽ തുടരുന്നതിനെ അംഗീകരിക്കുന്ന ഒരു പ്രമേയം പാർലമെന്റിന്റെ ഇരുസഭകളും പാസ്സാക്കുകയാണെങ്കിൽ, അങ്ങനെ പാസ്സാക്കുമ്പോഴൊക്കെയും ആ വിളംബരം പിൻവലിച്ചിട്ടില്ലെങ്കിൽ ഈ ഖണ്ഡപ്രകാരം മററു വിധത്തിൽ അതിനു പ്രാബല്യം ഇല്ലാതാകുമായിരുന്ന തീയതി മുതൽ [2][ആറുമാസ]ക്കാലത്തേക്കുകൂടി അത് പ്രാബല്യത്തിൽ തുടരുന്നതും, എന്നാൽ അങ്ങനെയുള്ള യാതൊരു വിളംബരവും യാതൊരു സംഗതിയിലും മൂന്നുവർഷത്തിലധികം പ്രാബല്യത്തിലിരിക്കുന്നതല്ലാത്തതും ആകുന്നു:

എന്നുമാത്രമല്ല, അങ്ങനെയുള്ള ഏതെങ്കിലും [2][ ആറുമാസ ] ക്കാലത്തിനിടയിൽ ലോകസഭയുടെ പിരിച്ചുവിടൽ സംഭവിക്കുകയും രാജ്യസഭ അങ്ങനെയുള്ള വിളംബരം പ്രാബല്യത്തിൽ തുടരുന്നത് അംഗീകരിച്ചുകൊണ്ട് ഒരു പ്രമേയം പാസ്സാക്കുകയും, എന്നാൽ ലോകസഭ അങ്ങനെയുള്ള വിളംബരം പ്രാബല്യത്തിൽ തുടരുന്നത് സംബന്ധിച്ച പ്രമേയം മേൽപ്പറഞ്ഞകാലാവധിയിൽ പാസ്സാക്കാതിരിക്കുകയും ചെയ്യുന്നതായാൽ, ലോകസഭ അതിന്റെ പുനഃസംഘടനയ്ക്കുശേഷം ആദ്യമായി ഉപവേശിക്കുന്ന തീയതി മുതൽ മുപ്പതുദിവസത്തിന്റെ അവസാനത്തിൽ മേൽപ്പറഞ്ഞ മുപ്പതുദിവസത്തിന്റെ അവസാനത്തിനു മുമ്പ് ലോകസഭയും ആ വിളംബരം പ്രാബല്യത്തിൽ തുടരുന്നത് അംഗീകരിച്ചുകൊണ്ടുള്ള ഒരു പ്രമേയം പാസ്സാക്കാത്തപക്ഷം, ആ വിളംബരത്തിന് പ്രാബല്യം ഇല്ലാതാകുന്നതാണ്:

[3][എന്നുമാത്രവുമല്ല, പഞ്ചാബ്സംസ്ഥാനം സംബന്ധിച്ച് (1)-ാം ഖണ്ഡപ്രകാരം 1987 മേയ് 11-ാം തീയതി പുറപ്പെടുവിച്ച വിളംബരത്തിൻെറ സംഗതിയിൽ, ഈ ഖണ്ഡത്തിൻെറ ഒന്നാം പരിമിതി വ്യവസ്ഥയിലെ " മൂന്നു വർഷം" എന്ന പരാമർശത്തിന് [4][അഞ്ചു വർഷം] എന്ന പരാമർശം ആയി അർത്ഥം കൽപ്പിക്കേണ്ടതാണ്.]

[5][ (5) (4)-ാം ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (3) -ാം ഖണ്ഡപ്രകാരം അംഗീകരിച്ച ഒരു വിളംബരം അങ്ങനെയുള്ള വിളംബരം പുറപ്പെടുവിച്ച തീയതിമുതൽ ഒരു വർഷത്തിൻെറ അവസാനത്തിനുശേഷമുള്ള ഏതെങ്കിലും കാലത്തേക്കുകൂടി പ്രാബല്യത്തിൽ തുടരുന്നതു സംബന്ധിച്ച ഒരു പ്രമേയം പാർലമെൻറിൻെറ ഇരുസഭകളിൽ ഒന്നും—

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 38-ാം വകുപ്പുപ്രകാരം "(3)-ാം ഖണ്ഡപ്രകാരമുള്ള പ്രഖ്യാപനം അംഗീകരിക്കുന്ന പ്രമേയങ്ങളിൽ രണ്ടാമത്തേത് പാസ്സാക്കിയ തീയതി മുതൽ ഒരു വർഷം" എന്നതിനുപകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം). 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 50-ാം വകുപ്പുപ്രകാരം "ആറുമാസങ്ങൾ" എന്ന് ആദ്യമുണ്ടായിരുന്ന വാക്കുകൾക്ക് പകരം "ഒരു വർഷം" എന്നീ വാക്കുകൾ പകരം ചേർത്തിരുന്നു (3-1-1977 മുതൽ പ്രാബല്യം).
2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 38-ാം വകുപ്പുപ്രകാരം "ഒരു വർഷം" എന്നതിനുപകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം). 1976-ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 50-ാം വകുപ്പുപ്രകാരം "ആറുമാസങ്ങൾ" എന്ന് ആദ്യമുണ്ടായിരുന്ന വാക്കുകൾക്ക് പകരം "ഒരു വർഷം" എന്നീ വാക്കുകൾ ചേർത്തിരുന്നു (3-1-1977 മുതൽ പ്രാബല്യം).
3. 1990-ലെ ഭരണഘടന (അറുപത്തിനാലാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പു പ്രകാരം ചേർത്തത്.
4. 1990-ലെ ഭരണഘടന (അറുപത്തേഴാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പു പ്രകാരവും 1991-ലെ ഭരണഘടന (അറുപത്തെട്ടാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പു പ്രകാരവും അനുക്രമമായി മേൽപ്പറഞ്ഞ പ്രകാരം വായിക്കുവാൻ പകരം ചേർത്തത്.
5. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 38-ാം വകുപ്പു പ്രകാരം (5)-ാം ഖണ്ഡത്തിനുപകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം). 1975-ലെ ഭരണഘടന (മുപ്പത്തെട്ടാം ഭേദഗതി) ആക്ററ്, 6-ാം വകുപ്പുപ്രകാരം (5)-ാം ഖണ്ഡം പൂർവ്വകാല പ്രാബല്യത്തോടെ ചേർത്തിരുന്നു.

(ക) അങ്ങനെയുള്ള ഒരു പ്രമേയം പാസ്സാക്കുന്ന സമയം ഭാരതം ഒട്ടാകെയോ ഒരു സംസ്ഥാനത്തിൻെറ മുഴുവനോ അല്ലെങ്കിൽ ഏതെങ്കിലും ഭാഗത്തോ, അതതു സംഗതിപോലെ, അടിയന്തിരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുകയും ;

(ഖ) അങ്ങനെയുള്ള പ്രമേയത്തിൽ വ്യക്തമാക്കിയിട്ടുള്ള കാലത്ത് ബന്ധപ്പെട്ട സംസ്ഥാനത്തെ നിയമസഭയിലേക്ക് തെരഞ്ഞെടുപ്പുകൾ നടത്താനുള്ള ബുദ്ധിമുട്ടുകൾ കാരണം (3)-ാം ഖണ്ഡപ്രകാരം അംഗീകരിച്ച ഒരു വിളംബരം തുടരുന്നത് ആവശ്യമാണെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ സാക്ഷ്യപ്പെടുത്തുകയും,

ചെയ്താലല്ലാതെ പാസ്സാക്കുവാൻ പാടുള്ളതല്ല: ]

[1][എന്നാൽ ഈ ഖണ്ഡത്തിലെ യാതൊന്നും പഞ്ചാബ് സംസ്ഥാനത്തെ സംബന്ധിച്ച് (1)-ാം ഖണ്ഡപ്രകാരം 1987 മേയ് 11-ാം തീയതി പുറപ്പെടുവിച്ച വിളംബരത്തെ ബാധിക്കുന്നതല്ല.]

**357. 356-ാം അനുച്ഛേദപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിളംബരം അനുസരിച്ചുള്ള നിയമനിർമ്മാണാധികാരങ്ങളുടെ പ്രയോഗം**—(1) 356-ാം അനുച്ഛേദത്തിലെ (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിളംബരം വഴി സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിൻെറ അധികാരങ്ങൾ പാർലമെൻേറാ പാർലമെൻറിൻെറ അധികാരത്തിൻ കീഴിലോ പ്രയോഗിക്കേണ്ട താണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ—

(ക) പാർലമെൻറിന്, ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിൻെറ നിയമങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം രാഷ്ട്രപതിക്കു നൽകുവാനും, അപ്രകാരം നൽകിയിട്ടുള്ള അധികാരം, ചുമത്തുന്നത് ഉചിതമെന്ന് അദ്ദേഹത്തിന് തോന്നുന്ന അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായി, അദ്ദേഹം അതിലേക്ക് നിശ്ചയിക്കുന്ന മറേറതെങ്കിലും അധികാരസ്ഥാനത്തെ ഏൽപ്പിക്കുന്നതിന് രാഷ്ട്രപതിയെ അധികൃതപ്പെടുത്തുവാനും;

(ഖ) പാർലമെൻറിനോ അല്ലെങ്കിൽ നിയമങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം (ക) ഉപഖണ്ഡ പ്രകാരം രാഷ്ട്രപതിക്കോ മററധികാരസ്ഥാനത്തിനോ ഇതിലാരിലാണോ നിക്ഷിപ്തമായിരിക്കുന്നത് അവർക്ക് യൂണിയനോ അതിൻെറ ഉദ്യോഗസ്ഥൻമാർക്കോ അധികാരസ്ഥാനങ്ങൾക്കോ അധികാരങ്ങൾ നൽകുന്നതിനും അവരുടെ മേൽ കർത്തവ്യങ്ങൾ ചുമത്തുന്നതിനും, അല്ലെങ്കിൽ അധികാരം നൽകുന്നതിനും കർത്തവ്യങ്ങൾ ചുമത്തുന്നതിനും അവരെ അധികൃതപ്പെടുത്തുന്നതിനും, നിയമങ്ങൾ ഉണ്ടാക്കുവാനും ;

(ഗ) രാഷ്ട്രപതിക്ക്, ലോകസഭ സമ്മേളനത്തിലല്ലാതിരിക്കുമ്പോൾ ആ സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽ നിന്ന് ചെലവ് നടത്തുന്നതിന് പാർലമെൻറിൻെറ അനുമതി ലഭിക്കുന്നതുവരെ, അങ്ങനെ ചെയ്യുന്നതിനു അധികൃതപ്പെടുത്തുവാനും,

ക്ഷമതയുണ്ടായിരിക്കുന്നതാണ്.

[2][(2) പാർലമെൻേറാ രാഷ്ട്രപതിയോ (1)-ാം ഖണ്ഡത്തിലെ (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള മററ് അധികാരസ്ഥാനമോ ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിൻെറ അധികാരം പ്രയോഗിച്ച് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമം 356-ാം അനുച്ഛേദപ്രകാരം ഒരു വിളംബരം പുറപ്പെടുവിച്ചിരുന്നില്ലെങ്കിൽ, പാർലമെൻറിനോ രാഷ്ട്രപതിക്കോ അങ്ങനെയുള്ള മററ് അധികാരസ്ഥാനത്തിനോ ആ നിയമം ഉണ്ടാക്കുവാൻ ക്ഷമതയുണ്ടാകുമായിരുന്നില്ലെങ്കിൽ, വിളംബരം പ്രാബല്യത്തിൽ ഇല്ലാതായതിനുശേഷം, ക്ഷമതയുള്ള ഒരു നിയമനിർമ്മാണമണ്ഡലമോ മററ് അധികാരസ്ഥാനമോ വ്യത്യാസപ്പെടുത്തുകയോ, റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുന്നതുവരെ, പ്രാബല്യത്തിൽ തുടരുന്നതാണ്.]

---

1. 1988-ലെ ഭരണഘടന (അൻപത്തൊൻപതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പു പ്രകാരം പകരം ചേർക്കുകയും, 1989-ലെ ഭരണഘടന (അറുപത്തിമൂന്നാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം വിട്ടുകളയുകയും(6-1-1990 മുതൽ പ്രാബല്യം) 1990-ലെ ഭരണഘടന (അറുപത്തിനാലാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം വീും ഉൾപ്പെടുത്തുകയും ചെയ്തത് (6-1-1990 മുതൽ പ്രാബല്യം).
2. 1976-ലെ ഭരണഘടന (നാൽപ്പത്തിരാം) ഭേദഗതി ആക്ററ്, 51-ാം വകുപ്പുപ്രകാരം (2)-ാം ഖണ്ഡത്തിന് പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

**358. അടിയന്തിരാവസ്ഥാക്കാലങ്ങളിൽ 19-ാം അനുച്ഛേദത്തിലെ വ്യവസ്ഥകളുടെ നിറുത്തിവയ്ക്കൽ—**[1][(1)] [2][ഭാരതത്തിൻെറയോ അതിൻെറ ഭൂപ്രദേശത്തിൻെറ ഏതെങ്കിലും ഭാഗത്തിൻെറയോ സുരക്ഷിതത്വം യുദ്ധത്താലോ ബാഹ്യാക്രമണത്താലോ ഭീഷണിയിലായിരിക്കുന്നു എന്നു പ്രഖ്യാപിക്കുന്ന ഒരു അടിയന്തിരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ], 19-ാം അനുച്ഛേദത്തിലുള്ള യാതൊന്നും III-ാം ഭാഗത്തിൽ നിർവ്വചിച്ച പ്രകാരമുള്ള രാഷ്ട്രത്തിൻെറ, ആ ഭാഗത്തിലടങ്ങിയിട്ടുള്ള വ്യവസ്ഥകൾ ഉണ്ടായിരുന്നില്ലെങ്കിൽ രാഷ്ട്രത്തിന് ഉണ്ടാക്കുവാനോ എടുക്കുവാനോ ക്ഷമതയുണ്ടാകുമായിരുന്ന ഏതെങ്കിലും നിയമം ഉണ്ടാക്കുവാനോ അല്ലെങ്കിൽ ഏതെങ്കിലും നിർവ്വാഹക നടപടി എടുക്കുവാനോ ഉള്ള അധികാരത്തെ നിയന്ത്രിക്കുന്നതല്ലാത്തതും, എന്നാൽ, അങ്ങനെ ഉണ്ടാക്കുന്ന ഏതൊരു നിയമവും ക്ഷമതയില്ലായ്മയുടെ വ്യാപ്തിയോളം, ആ നിയമത്തിന് പ്രഭാവം ഇല്ലാതാകുന്നതിന് മുമ്പ് ചെയ്തതോ ചെയ്യാൻ വിട്ടുപോയതോ ആയ കാര്യങ്ങൾ സംബന്ധിച്ചൊഴികെ, ആ വിളംബരം പ്രാബല്യത്തിൽ ഇല്ലാതായിത്തീരുന്ന ഉടൻ, പ്രഭാവം ഇല്ലാതായിത്തീരുന്നതും ആകുന്നു:

[3][എന്നാൽ, [4][അങ്ങനെയുള്ള ഒരു അടിയന്തിരാവസ്ഥാ വിളംബരം] ഭാരതത്തിൻെറ ഭൂപ്രദേശത്തിൻെറ ഏതെങ്കിലും ഭാഗത്തുമാത്രം പ്രാബല്യത്തിരിക്കുന്നിടത്ത്, ഭാരതത്തിൻെറ ഭൂപ്രദേശത്ത് അടിയന്തിരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുന്ന ഭാഗത്തോ ഭാഗം സംബന്ധിച്ചോ ഉള്ള പ്രവർത്തനങ്ങൾ വഴി ഭാരതത്തിൻെറയോ ഭാരതത്തിൻെറ ഭൂപ്രദേശത്തിൻെറ ഏതെങ്കിലും ഭാഗത്തിൻെറയോ സുരക്ഷിതത്വം ഭീഷണിയിലാണെങ്കിൽ, ഭീഷണിയിലായിരിക്കുന്നിടത്തോളവും, അടിയന്തിരാവസ്ഥാ വിളംബരം പ്രാബല്യത്തിലില്ലാത്ത ഏതെങ്കിലും സംസ്ഥാനത്തോ യൂണിയൻ പ്രദേശത്തോ അതിൻെറ ഏതെങ്കിലും ഭാഗത്തോ ഈ അനുച്ഛേദപ്രകാരം അങ്ങനെയുള്ള ഏതെങ്കിലും നിയമം ഉണ്ടാക്കാവുന്നതോ അങ്ങനെയുള്ള ഏതെങ്കിലും നിർവ്വാഹക നടപടി എടുക്കാവുന്നതോ ആണ്.]

[5][(2) (1)-ാം ഖണ്ഡത്തിലെ യാതൊന്നും—

(ക) നിയമം ഉണ്ടാക്കുമ്പോൾ പ്രാബല്യത്തിലിരിക്കുന്ന അടിയന്തിരാവസ്ഥാ വിളംബരത്തെ സംബന്ധിച്ചുള്ളതാണ് അങ്ങനെയുള്ള നിയമം എന്ന അർത്ഥത്തിൽ ഒരു പ്രസ്താവന അടങ്ങിയിട്ടില്ലാത്ത ഏതെങ്കിലും നിയമത്തിനോ, അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഒരു പ്രസ്താവന അടങ്ങിയിട്ടുള്ള ഒരു നിയമപ്രകാരം അല്ലാതെ എടുത്ത ഏതെങ്കിലും നിർവ്വാഹക നടപടിക്കോ,

ബാധകമാകുന്നതല്ല.]

**359. അടിയന്തിരാവസ്ഥാക്കാലങ്ങളിൽ III-ാം ഭാഗത്താൽ നല്കിയിട്ടുള്ള അവകാശങ്ങളുടെ നടപ്പാക്കൽ നിറുത്തിവയ്ക്കൽ—**(1) ഒരു അടിയന്തിരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ, രാഷ്ട്രപതിക്ക് ഉത്തരവു വഴി, ആ ഉത്തരവിൽ പറഞ്ഞിട്ടുള്ള അങ്ങനെയുള്ള, [6][III-ാം ഭാഗത്താൽ നൽകിയിട്ടുള്ള, അവകാശങ്ങളുടെ (20-ഉം 21-ഉം അനുച്ഛേദങ്ങളൊഴികെ)] നടപ്പാക്കലിന് വേണ്ടി ഏതെങ്കിലും കോടതിയെ സമീപിക്കുന്നതിനുള്ള അവകാശവും അപ്രകാരം പറഞ്ഞിട്ടുള്ള അവകാശങ്ങളുടെ നടപ്പാക്കലിന് വേണ്ടി ഏതെങ്കിലും കോടതിയിൽ നിലവിലിരിക്കുന്ന എല്ലാ നടപടികളും വിളംബരം പ്രാബല്യത്തിലിരിക്കുന്ന കാലയളവിലേയ്ക്കോ അല്ലെങ്കിൽ ഉത്തരവിൽ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള കുറഞ്ഞ കാലയളവിലേയ്ക്കോ നിറുത്തിവച്ചിരിക്കുന്നതായി, പ്രഖ്യാപിക്കാവുന്നതാണ്.

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ് , 39-ാം വകുപ്പു പ്രകാരം 358-ാം അനുച്ഛേദം അതിൻെറ (1)-ാം ഖണ്ഡമായി വീണ്ടും അക്കമിട്ടു (20-6-1979 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം "ഒരു അടിയന്തിരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ" എന്നതിനുപകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
3. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 52-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
4. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 39-ാം വകുപ്പു പ്രകാരം "ഒരു അടിയന്തിരാവസ്ഥാ വിളംബരം" എന്നതിനു പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
5. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
6. മേൽപ്പറഞ്ഞ ആക്റ്റ് , 40-ാം വകുപ്പു പ്രകാരം "III-ാം ഭാഗത്താൽ നൽകിയിട്ടുള്ള അവകാശങ്ങൾ" എന്നതിനു പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

[1][(1ക) [2][III-ാം ഭാഗത്താൽ നൽകിയിട്ടുള്ള അവകാശങ്ങൾ (20-ഉം 21-ഉം അനുച്ഛേദങ്ങൾ ഒഴികെ)] ഏതെങ്കിലും സൂചിപ്പിച്ചുകൊണ്ട് (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ച, ഒരു ഉത്തരവ് പ്രാബല്യത്തിലിരിക്കുമ്പോൾ, ആ അവകാശങ്ങൾ നൽകുന്ന ഭാഗത്തുള്ള യാതൊന്നും മേൽപ്പറഞ്ഞ ഭാഗത്തു നിർവ്വചിച്ച പ്രകാരമുള്ള രാഷ്ട്രത്തിന്റെ, ആ ഭാഗത്തിലടങ്ങിയിട്ടുള്ള വ്യവസ്ഥകളുണ്ടായിരുന്നില്ലെങ്കിൽ ആ രാഷ്ട്രത്തിന് ഉണ്ടാക്കുവാനോ എടുക്കുവാനോ ക്ഷമത ഉണ്ടാകുമായിരുന്ന ഏതെങ്കിലും നിയമം ഉണ്ടാക്കുവാനോ അല്ലെങ്കിൽ ഏതെങ്കിലും നിർവ്വാഹക നടപടി എടുക്കുവാനോ ഉള്ള, അധികാരത്തെ നിയന്ത്രിക്കുന്നതല്ലാത്തതും, എന്നാൽ, അങ്ങനെ ഉണ്ടാക്കുന്ന ഏതൊരു നിയമവും, ക്ഷമതയില്ലായ്മയുടെ വ്യാപ്തിയോളം, ആ നിയമത്തിന് പ്രഭാവം ഇല്ലാതാകുന്നതിനുമുമ്പ്, ചെയ്തതോ ചെയ്യാൻ വിട്ടുപോയതോ ആയ കാര്യങ്ങൾ സംബന്ധിച്ചൊഴികെ, മുൻപറഞ്ഞ ഉത്തരവ് പ്രാബല്യത്തിലില്ലാതായിത്തീരുന്ന ഉടൻ, പ്രഭാവം ഇല്ലാതായിത്തീരുന്നതും ആകുന്നു:

[3][എന്നാൽ, ഒരു അടിയന്തിരാവസ്ഥാ വിളംബരം ഭാരതത്തിന്റെ ഭൂപ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തുമാത്രം പ്രാബല്യത്തിലിരിക്കുന്നിടത്ത് ഭാരതത്തിന്റെ ഭൂപ്രദേശത്ത് അടിയന്തിരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുന്ന ഭാഗത്തോ ഭാഗം സംബന്ധിച്ചോ ഉള്ള പ്രവർത്തനങ്ങൾവഴി ഭാരതത്തിന്റെയോ ഭാരതത്തിന്റെ ഭൂപ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ സുരക്ഷിതത്വം ഭീഷണിയിലാണെങ്കിൽ ഭീഷണിയിലായിരിക്കുന്നിടത്തോളം, അടിയന്തിരാവസ്ഥാവിളംബരം പ്രാബല്യത്തിലില്ലാത്ത ഏതെങ്കിലും ഒരു സംസ്ഥാനത്തോ യൂണിയൻ ഭൂപ്രദേശത്തോ അതിന്റെ ഏതെങ്കിലും ഭാഗത്തോ ഈ അനുച്ഛേദപ്രകാരം അങ്ങനെയുള്ള ഏതെങ്കിലും നിയമം ഉണ്ടാക്കാവുന്നതോ അങ്ങനെയുള്ള ഏതെങ്കിലും നിർവ്വാഹക നടപടി എടുക്കാവുന്നതോ ആണ്.]

[4][1(ഖ) (1 ക) ഖണ്ഡത്തിലുള്ള യാതൊന്നും—

(ക) നിയമം ഉണ്ടാക്കുമ്പോൾ പ്രാബല്യത്തിലിരിക്കുന്ന അടിയന്തിരാവസ്ഥാ വിളംബരത്തെ സംബന്ധിച്ചുള്ളതാണ് അങ്ങനെയുള്ള നിയമം എന്ന അർത്ഥത്തിൽ ഒരു പ്രസ്താവന അടങ്ങിയിട്ടില്ലാത്ത ഏതെങ്കിലും നിയമത്തിനോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഒരു പ്രസ്താവന അടങ്ങിയിട്ടുള്ള ഒരു നിയമപ്രകാരം അല്ലാതെ എടുത്ത ഏതെങ്കിലും നിർവ്വാഹക നടപടിക്കോ,

ബാധകമാകുന്നതല്ല.]

(2) മേൽപറഞ്ഞ രീതിയിൽ പുറപ്പെടുവിച്ച ഒരു ഉത്തരവ് ഭാരതത്തിന്റെ ഭൂപ്രദേശത്ത് ഒട്ടാകെയോ അല്ലെങ്കിൽ ഏതെങ്കിലും ഭാഗത്തോ വ്യാപിക്കാവുന്നതാണ് :

[5][എന്നാൽ, ഒരു അടിയിന്തരാവസ്ഥാ വിളംബരം ഭാരതത്തിന്റെ ഭൂപ്രദേശത്തിന്റെ ഒരു ഭാഗത്തുമാത്രം പ്രാബല്യത്തിലിരിക്കുന്നിടത്ത് അടിയന്തിരാവസ്ഥാവിളംബരം പ്രാബല്യത്തിലിരിക്കുന്ന ഭാരതത്തിന്റെ ഭൂപ്രദേശത്തിന്റെ ഭാഗത്തോ ഭാഗം സംബന്ധിച്ചോ ഉള്ള പ്രവർത്തനങ്ങൾ വഴി ഭാരതത്തിന്റെയോ അതിന്റെ ഭൂപ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ സുരക്ഷിതത്വം ഭീഷണിയിലായിരിക്കുന്നു എന്ന് രാഷ്ട്രപതിക്കു ബോദ്ധ്യപ്പെടുകയും, അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് ഭാരതത്തിന്റെ ഭൂപ്രദേശത്തിന്റെ മറ്റേതെങ്കിലും ഭാഗത്തേക്ക്, വ്യാപിപ്പിക്കൽ ആവശ്യമാണെന്ന് രാഷ്ട്രപതി കരുതുകയും ചെയ്യാത്തപക്ഷം അങ്ങനെ വ്യാപിപ്പിക്കാൻ പാടുള്ളതല്ല.]

(3) (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും, അതു പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നതും വേഗം, പാർലമെന്റിന്റെ ഓരോ സഭയുടേയും മുമ്പാകെ വയ്ക്കേണ്ടതാണ്.

---

1. 1975-ലെ ഭരണഘടന (മുപ്പത്തെട്ടാം ഭേദഗതി) ആക്റ്റ്, 7-ാം വകുപ്പുപ്രകാരം (പൂർവ്വകാലപ്രാബല്യത്തോടുകൂടി) ചേർത്തത്.
2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 40-ാം വകുപ്പു പ്രകാരം "III-ാം ഭാഗത്താൽ നൽകിയിട്ടുള്ള അവകാശങ്ങൾ" എന്നതിനു പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
3. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 53-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
4. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 40-ാം വകുപ്പുപ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
5. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 53-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

[1]359 ക. [പഞ്ചാബ് സംസ്ഥാനത്തിന് ഈ ഭാഗത്തിൻെറ ബാധകത—1989-ലെ ഭരണഘടന (അറുപത്തിമൂന്നാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം റദ്ദാക്കി (6-1-1990 മുതൽ പ്രാബല്യം)].

**360. സാമ്പത്തിക അടിയന്തിരാവസ്ഥ സംബന്ധിച്ച വ്യവസ്ഥകൾ**—(1) ഭാരതത്തിൻെറയോ ഭാരതത്തിൻെറ ഭൂപ്രദേശത്തിൻെറ ഏതെങ്കിലും ഭാഗത്തിൻെറയോ സാമ്പത്തികഭദ്രത അല്ലെങ്കിൽ വിശ്വാസ്യത ഭീഷണിയിലാക്കുന്ന ഒരു സ്ഥിതിവിശേഷം ഉത്ഭവിച്ചിട്ടുണ്ട് എന്ന് രാഷ്ട്രപതിക്ക് ബോദ്ധ്യമാവുകയാണെങ്കിൽ, ഒരു വിളംബരം വഴി ആ അർത്ഥത്തിൽ അദ്ദേഹത്തിന് ഒരു പ്രഖ്യാപനം നടത്താവുന്നതാണ്.

[2][(2) (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ച ഒരു വിളംബരം—

(ക) അതിനുശേഷമുള്ള ഒരു വിളംബരം വഴി പിൻവലിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്;

(ഖ) പാർലമെൻറിൻെറ ഓരോ സഭയുടേയും മുമ്പാകെ വയ്ക്കേണ്ടതാണ്;

(ഗ) രണ്ടുമാസത്തിൻെറ അവസാനത്തിൽ, ആ കാലാവധിയുടെ അവസാനത്തിനുമുമ്പ് പാർലമെൻറിൻെറ ഇരുസഭകളും പ്രമേയങ്ങൾവഴി അംഗീകരിക്കാത്ത പക്ഷം, പ്രാബല്യമില്ലാത്തതായിത്തീരുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും വിളംബരം ലോകസഭ പിരിച്ചുവിട്ടിരിക്കുന്ന സമയം പുറപ്പെടുവിക്കുകയോ, (ഗ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള രണ്ടുമാസക്കാലത്തിനിടയ്ക്കു ലോകസഭയുടെ പിരിച്ചുവിടൽ സംഭവിക്കുകയോ ആണെങ്കിൽ, ആ വിളംബരം അംഗീകരിക്കുന്ന ഒരു പ്രമേയം രാജ്യസഭ പാസ്സാക്കുകയും എന്നാൽ ലോകസഭ അങ്ങനെയുള്ള വിളംബരം സംബന്ധിച്ച പ്രമേയം ആ കാലാവധി അവസാനിക്കുന്നതിനുമുമ്പ് പാസ്സാക്കാതിരിക്കുകയും ചെയ്യുന്നതായാൽ, ലോകസഭ അതിൻെറ പുനഃസംഘടനയ്ക്കുശേഷം ആദ്യമായി ഉപവേശിക്കുന്ന തീയതിമുതൽ മുപ്പതു ദിവസത്തിൻെറ അവസാനത്തിൽ, മുൻപറഞ്ഞ മുപ്പതു ദിവസക്കാലത്തിൻെറ അവസാനത്തിന് മുമ്പ് ലോകസഭയും ആ വിളംബരം അംഗീകരിക്കുന്ന ഒരു പ്രമേയം പാസ്സാക്കാത്തപക്ഷം, ആ വിളംബരം പ്രാബല്യമില്ലാത്തതായിതീരുന്നതാണ്.]

(3) (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള രീതിയിലുള്ള ഏതെങ്കിലും വിളംബരം പ്രാബല്യത്തിലിരിക്കുന്ന കാലത്ത്, യൂണിയൻെറ നിർവ്വാഹകാധികാരം, ഏതെങ്കിലും സംസ്ഥാനത്തിന് നിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന തരത്തിലുള്ള സാമ്പത്തിക മര്യാദ സംബന്ധിച്ച അങ്ങനെയുള്ള ചട്ടങ്ങൾ പാലിക്കണമെന്ന് നിർദ്ദേശങ്ങൾ നൽകുന്നതിലേക്കും, ആ കാര്യത്തിന് ആവശ്യവും പര്യാപ്തവുമാണെന്ന് രാഷ്ട്രപതി കരുതാവുന്ന അങ്ങനെയുള്ള മററു നിർദ്ദേശങ്ങൾ നൽകുന്നതിലേക്കും വ്യാപിക്കുന്നതാണ്.

(4) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും—

(ക) അങ്ങനെയുള്ള ഏതെങ്കിലും നിർദ്ദേശത്തിൽ—

(i) ഒരു സംസ്ഥാനത്തിൻെറ കാര്യങ്ങൾ സംബന്ധിച്ച് സേവനം നടത്തുന്ന എല്ലാവരുടെയുമോ ഏതെങ്കിലും വിഭാഗം ആളുകളുടെയോ ശമ്പളങ്ങളും ബത്തകളും കുറവു ചെയ്യണമെന്നാവശ്യപ്പെടുന്ന ഒരു വ്യവസ്ഥയും;

---

1. 1988-ലെ ഭരണഘടന (അൻപത്തൊൻപതാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പു പ്രകാരം ചേർത്തത്. ഈ ആക്ററിൻെറ പ്രാരംഭം, അതായത്, 1988 മാർച്ച്, 30-ാം തീയതി മുതൽ രണ്ടുവർഷക്കാലം കഴിയുന്നതിൻമേൽ അത് പ്രവർത്തനരഹിതമായിത്തീരുന്നതാണ്.

2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 41-ാം വകുപ്പു പ്രകാരം (2)-ാം ഖണ്ഡത്തിന് പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

(ii) 207-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾ ബാധകമായ ധനകാര്യ ബില്ലുകളോ മററു ബില്ലുകളോ ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം പാസ്സാക്കിയതിനു ശേഷം രാഷ്ട്രപതിയുടെ പരിഗണനയ്ക്കു നീക്കിവയ്ക്കണമെന്നാവശ്യപ്പെടുന്ന ഒരു വ്യവസ്ഥയും,

ഉൾപ്പെടാവുന്നതാണ്.

(ഖ) ഈ അനുച്ഛേദപ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും വിളംബരം പ്രാബല്യത്തിലിരിക്കുന്ന കാലത്ത് സുപ്രീംകോടതിയിലെയും ഹൈക്കോടതികളിലെയും ജഡ്ജിമാരുൾപ്പെടെ യൂണിയൻെറ കാര്യങ്ങൾ സംബന്ധിച്ച് സേവനം നടത്തുന്ന എല്ലാവരുടെയുമോ ഏതെങ്കിലും വിഭാഗം ആളുകളുടെയോ ശമ്പളങ്ങളും ബത്തകളും കുറവു ചെയ്യുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാൻ രാഷ്ട്രപതിക്ക് ക്ഷമത യുണ്ടായിരിക്കുന്നതാണ്.

[1]* * * * * * * * * * *

---

1. 1975-ലെ ഭരണഘടന (മുപ്പത്തെട്ടാം ഭേദഗതി) ആക്റ്റ്, 8-ാം വകുപ്പുപ്രകാരം (5)-ാംഖണ്ഡം (മുൻകാലപ്രാബല്യത്തോടെ) ചേർക്കുകയും, 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ് , 41-ാം വകുപ്പുപ്രകാരം വിട്ടുകളയുകയും ചെയ്തു (20-6-1979 മുതൽ പ്രാബല്യം).

# ഭാഗം XIX

## പലവക

**361. രാഷ്ട്രപതിക്കും ഗവർണ്ണർമാർക്കും രാജപ്രമുഖൻമാർക്കും സംരക്ഷണം**—(1) രാഷ്ട്രപതിയോ ഒരു സംസ്ഥാന ഗവർണ്ണറോ രാജപ്രമുഖനോ അദ്ദേഹത്തിന്റെ ഉദ്യോഗത്തിന്റെ അധികാരങ്ങളുടെയും കർത്തവ്യങ്ങളുടെയും പ്രയോഗത്തിനും നിർവ്വഹണത്തിനും, അല്ലെങ്കിൽ അങ്ങനെയുള്ള അധികാരങ്ങളുടെ പ്രയോഗത്തിലും കർത്തവ്യങ്ങളുടെ നിർവ്വഹണത്തിലും ചെയ്തതോ ചെയ്തതായി കരുതേണ്ടതോ ആയ ഏതെങ്കിലും കൃത്യത്തിനും ഏതെങ്കിലും കോടതിയോട് ഉത്തരം പറയുവാൻ ബാധ്യസ്ഥനാകുന്നതല്ല:

എന്നാൽ, 61-ാം അനുച്ഛേദപ്രകാരമുള്ള ഒരു ആരോപണത്തെപ്പററി അന്വേഷണം നടത്തുവാൻ പാർലമെൻറിന്റെ ഇരുസഭകളിൽ ഏതെങ്കിലും ഒന്ന് നിയമിച്ചിട്ടുള്ളതോ സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ളതോ ആയ ഏതെങ്കിലും കോടതിയ്ക്കോ ട്രിബ്യൂണലിനോ നികായത്തിനോ രാഷ്ട്രപതിയുടെ നടപടി പുനഃപരിശോധനയ്ക്ക് വിധേയമാക്കാവുന്നതാണ്:

എന്നുമാത്രമല്ല, ഈ ഖണ്ഡത്തിലെ യാതൊന്നിനും ഭാരത സർക്കാരിനോ ഒരു സംസ്ഥാനത്തിന്റെ സർക്കാരിനോ എതിരായി സമുചിത നടപടികൾ കൊണ്ടുവരുന്നതിന് ഏതെങ്കിലും ആൾക്കുള്ള അവകാശത്തെ നിയന്ത്രിക്കുന്നതായി കരുതുവാൻ പാടുള്ളതല്ല.

(2) രാഷ്ട്രപതിക്കോ ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണർക്കോ [1]*** എതിരായി അദ്ദേഹത്തിന്റെ ഉദ്യോഗകാലത്ത് ഏതെങ്കിലും കോടതിയിൽ യാതൊരു വിധത്തിലുള്ള ക്രിമിനൽ നടപടികൾ ആരംഭിക്കുകയോ തുടരുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(3) രാഷ്ട്രപതിയുടെയോ ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണറുടെയോ [1] *** അറസ്ററിനോ തടവിനോ ഉള്ള യാതൊരു കല്പനയും അദ്ദേഹത്തിന്റെ ഉദ്യോഗകാലത്ത് ഏതെങ്കിലും കോടതിയിൽ നിന്നും പുറപ്പെടുവിക്കാവുന്നതല്ല.

(4) രാഷ്ട്രപതിക്കോ ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണർക്കോ [1]*** എതിരായി വ്യക്തിപരമായ നിലയിൽ അദ്ദേഹം ചെയ്തതോ ചെയ്തതായി കരുതാവുന്നതോ ആയ ഏതെങ്കിലും കൃത്യം സംബന്ധിച്ച് അത് അദ്ദേഹം രാഷ്ട്രപതിയായോ ആ സംസ്ഥാനത്ത് ഗവർണ്ണറായോ [1]*** ഉദ്യോഗത്തിൽ പ്രവേശിച്ചതിനു മുമ്പോ പിമ്പോ ആയിരുന്നാലും നിവൃത്തി അവകാശപ്പെടുന്ന യാതൊരു സിവിൽ നടപടിയും രാഷ്ട്രപതിക്കോ ഗവർണ്ണർക്കോ [1]***അതത് സംഗതിപോലെ, നടപടികളുടെ സ്വഭാവം, വ്യവഹാര കാരണം, അങ്ങനെയുള്ള നടപടികൾ ആരംഭിക്കുവാൻ പോകുന്ന കക്ഷിയുടെ പേര്, വിവരണം, വാസസ്ഥലം, അയാൾ അവകാശപ്പെടുന്ന നിവൃത്തി എന്നിവ പ്രസ്താവിച്ചുകൊണ്ട് രേഖാമൂലമായ നോട്ടീസ് നൽകുകയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ആഫീസിൽ ഏൽപ്പിക്കുകയോ ചെയ്തതിനുശേഷം രണ്ടുമാസം അവസാനിക്കുന്നതുവരെ യാതൊരു കോടതിയിലും അദ്ദേഹത്തിന്റെ ഉദ്യോഗകാലത്ത് ആരംഭിക്കുവാൻ പാടുള്ളതല്ല.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

[1][361 ക. പാർലമെൻറിൻെറയും സംസ്ഥാന നിയമനിർമ്മാണമണ്ഡലങ്ങളുടെയും നടപടികൾ പ്രസിദ്ധീകരിക്കുന്നതിനുളള സംരക്ഷണം—(1) പാർലമെൻറിൻെറ ഇരു സഭകളിൽ ഏതിൻെറയെങ്കിലുമോ അല്ലെങ്കിൽ സംസ്ഥാനത്തിൻെറ നിയമസഭയുടെയോ അല്ലെങ്കിൽ, അതത് സംഗതിപോലെ, നിയമനിർമ്മാണമണ്ഡലത്തിൻെറ ഇരുസഭകളിൽ ഏതിൻെറയെങ്കിലുമോ ഏതെങ്കിലും നടപടികളുടെ സാരാംശത്തിൽ ശരിയായ ഒരു വിവരണം ഒരു വർത്തമാനപ്പത്രത്തിലെ പ്രസിദ്ധീകരണം സംബന്ധിച്ച് ആ പ്രസിദ്ധീകരണം നടത്തിയത് ദുരുദ്ദേശത്തോടുകൂടിയാണ് എന്നു തെളിയിക്കാത്ത പക്ഷം യാതൊരു വ്യക്തിയും ഏതെങ്കിലും കോടതിയിൽ സിവിലോ ക്രിമിനലോ ആയ ഏതെങ്കിലും നടപടികൾക്കു വിധേയനാകുന്നതല്ല:

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിൻെറയെങ്കിലുമോ, അല്ലെങ്കിൽ, അതതു സംഗതിപോലെ, സംസ്ഥാന നിയമസഭയുടെയോ ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിൻെറ ഇരുസഭകളിൽ ഏതിൻെറയെങ്കിലുമോ, രഹസ്യ ഉപവേശനത്തിലെ നടപടികളുടെ ഏതെങ്കിലും വിവരണത്തിൻെറ പ്രസിദ്ധീകരണത്തെ ബാധിക്കുന്നതല്ല.

(2) (1) -ാം ഖണ്ഡം ഒരു വർത്തമാനപ്പത്രത്തിൽ പ്രസിദ്ധീകരിച്ച വിവരണങ്ങളോ കാര്യങ്ങളോ സംബന്ധിച്ച് ബാധകമാകുന്നതു പോലെ ഒരു പ്രക്ഷേപണകേന്ദ്രത്തിൽ നിന്ന് നൽകുന്ന പരിപാടിയുടെയോ സർവ്വീസിൻെറയോ ഭാഗമായി വയർലസ്സ് ടെലിഗ്രാഫ് വഴി പ്രക്ഷേപണം ചെയ്ത വിവരണങ്ങളോ കാര്യങ്ങളോ സംബന്ധിച്ച് ബാധകമാകുന്നതാണ്.

*വിശദീകരണം*—ഈ അനുച്ഛേദത്തിൽ "വർത്തമാനപ്പത്രം" എന്നതിൽ ഒരു വർത്തമാനപ്പത്രത്തിൽ പ്രസിദ്ധീകരിക്കുവാനുള്ള വിവരങ്ങൾ അടങ്ങിയ ഒരു വാർത്താ ഏജൻസി റിപ്പോർട്ടും ഉൾപ്പെടുന്നതാണ്.

[2][361 ഖ. പ്രതിഫലദായകമായ രാഷ്ട്രീയ സ്ഥാനത്ത് നിയമനത്തിനുള്ള അയോഗ്യത.—പത്താം പട്ടികയിൽ 2-ാം ഖണ്ഡികയിൻകീഴിൽ സഭയിലെ ഒരംഗമായിരിക്കുന്നതിന് അയോഗ്യനാക്കപ്പെട്ട ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിൽപ്പെടുന്ന ഒരു സഭയിലെ ഒരംഗം, അദ്ദേഹം അയോഗ്യനായ തീയതിയുടെ പ്രാരംഭം മുതൽ അങ്ങനെയുള്ള അംഗമായുള്ള അദ്ദേഹത്തിന്റെ ഉദ്യോഗ കാലാവധി അവസാനിക്കുമായിരുന്ന തീയതിവരെയോ അല്ലെങ്കിൽ അദ്ദേഹം ഒരു സഭയിലേക്കുള്ള ഒരു തെര്ഞ്ഞെടുപ്പിൽ മത്സരിക്കുകയും തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കുകയും ചെയ്യുന്ന തീയതിവരെയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത്, ആ കാലയളവുവരെ പ്രതിഫലദായകമായ രാഷ്ട്രീയ സ്ഥാനം വഹിക്കുന്നതിനുംകൂടി അയോഗ്യനായിരിക്കുന്നതാണ്.

*വിശദീകരണം*—ഈ അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്കായി.—

(ക) "സഭ" എന്ന പദപ്രയോഗത്തിന് പത്താം പട്ടിക, 1-ാം ഖണ്ഡികയിലെ (ക) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അർത്ഥമായിരിക്കുന്നതാണ്;

(ഖ) "പ്രതിഫലദായകമായ രാഷ്ട്രീയ സ്ഥാനം" എന്ന പദപ്രയോഗത്തിന്,—

(i) കേന്ദ്രസർക്കാരിൻ കീഴിലോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിൻ കീഴിലോ ഏതെങ്കിലും ഉദ്യോഗത്തിനുള്ള ശമ്പളമോ അല്ലെങ്കിൽ പ്രതിഫലമോ ഭാരത സർക്കാരിന്റെയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെയോ അതതു സംഗതിപോലെ, പൊതു റവന്യുവിൽ നിന്നും നൽകുന്നിടത്ത്, അല്ലെങ്കിൽ

(ii) ഭാരത സർക്കാരിന്റെയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെയോ പൂർണ്ണമായ അല്ലെങ്കിൽ ഭാഗികമായ ഉടമസ്ഥതയിലുള്ള ഏകാംഗീകൃതമായാലും അല്ലെങ്കിലും, ഒരു നികായം ഏതെങ്കിലും ഉദ്യോഗത്തിനുള്ള ശമ്പളമോ അല്ലെങ്കിൽ പ്രതിഫലമോ നൽകുന്നിടത്ത്, അങ്ങനെയുള്ള നികായത്തിൻ കീഴിലോ,

അങ്ങനെയുള്ള ശമ്പളമോ അല്ലെങ്കിൽ പ്രതിഫലമോ നഷ്ടപരിഹാരമെന്ന നിലയിൽ നൽകുന്നിടത്ത് ഒഴികെയുള്ള അങ്ങനെയുള്ള ഉദ്യോഗം എന്നർത്ഥമാകുന്നു].

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 42-ാം വകുപ്പുപ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

2. 2003-ലെ ഭരണഘടന (തൊണ്ണൂറ്റിഒന്നാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ഉൾക്കൊള്ളിച്ചത്.

**362.** *[നാട്ടുരാജ്യങ്ങളിലെ ഭരണാധികാരികളുടെ അവകാശങ്ങളും വിശേഷാവകാശങ്ങളും.] 1971-ലെ ഭരണഘടന* (ഇരുപത്താറാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പു പ്രകാരം റദ്ദാക്കി.

**363. ചില സന്ധികൾ, കരാറുകൾ മുതലായവയിൽ നിന്ന് ഉത്ഭവിക്കുന്ന തർക്കങ്ങളിൽ കോടതികളുടെ ഇടപെടലിന് വിലക്ക്**—(1) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, എന്നാൽ 143-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ ഭരണഘടനയുടെപ്രാരംഭത്തിന് മുമ്പ് ഒരു നാട്ടുരാജ്യത്തിലെ ഏതെങ്കിലും ഭരണാധികാരി ഏർപ്പെട്ടിട്ടുള്ളതോ ഒപ്പിട്ട് പൂർത്തീകരിച്ചിട്ടുള്ളതോ ആയതും, ഇൻഡ്യാ ഡൊമിനിയൻ സർക്കാരോ അതിൻെറ ഏതെങ്കിലും മുൻഗാമി സർക്കാരുകളോ കക്ഷിയായിരുന്നതും അങ്ങനെ പ്രാരംഭത്തിനുശേഷം പ്രവർത്തനത്തിൽ തുടരുന്നതോ തുടർന്നിട്ടുള്ളതോ ആയതും ആയ ഏതെങ്കിലും സന്ധിയിലോ കരാറിലോ സന്ധിനിയമത്തിലോ ഉടമ്പടിയിലോ സന്നദിലോ അതുപോലെയുള്ള മററ് രേഖയിലോ ഉള്ള ഏതെങ്കിലും വ്യവസ്ഥയിൽ നിന്ന് ഉത്ഭവിക്കുന്ന ഏതെങ്കിലും തർക്കത്തിലോ അല്ലെങ്കിൽ അങ്ങനെയുള്ള സന്ധിയോ കരാറോ സന്ധിനിയമമോ ഉടമ്പടിയോ സന്നദോ അതുപോലെയുള്ള മററു രേഖയോ സംബന്ധിച്ച് ഈ ഭരണഘടനയിലുള്ള ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരം ലഭിക്കുന്ന ഏതെങ്കിലും അവകാശമോ, അവയിൽ നിന്ന് ഉത്ഭവിക്കുന്ന ഏതെങ്കിലും ബാദ്ധ്യതയോ കടപ്പാടോ സംബന്ധിച്ച ഏതെങ്കിലും തർക്കത്തിലോ, സുപ്രീം കോടതിക്കോ അല്ലെങ്കിൽ മററേതെങ്കിലും കോടതിക്കോ അധികാരിത ഉണ്ടായിരിക്കുന്നതല്ല.

(2) ഈ അനുച്ഛേദത്തിൽ—

(ക) "നാട്ടുരാജ്യം" എന്നാൽ ഈ ഭരണഘടനയുടെ പ്രാരംഭത്തിന് മുമ്പ് ചക്രവർത്തിയോ ഇൻഡ്യാ ഡൊമിനിയൻെറ സർക്കാരോ അങ്ങനെയുള്ള ഒരു രാജ്യമായി അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ഭൂപ്രദേശം എന്ന് അർത്ഥമാകുന്നതും ;

(ഖ) "ഭരണാധികാരി" എന്നതിൽ അങ്ങനെയുള്ള പ്രാരംഭത്തിന് മുമ്പ് ചക്രവർത്തിയോ ഇൻഡ്യാ ഡൊമിനിയൻെറ സർക്കാരോ ഏതെങ്കിലും നാട്ടുരാജ്യത്തിൻെറ ഭരണാധികാരിയായി അംഗീകരിച്ചിട്ടുള്ള രാജാവും പ്രധാനിയും മററ് ആളും ഉൾപ്പെടുന്നതും ;

ആകുന്നു.

[1][**363 ക. നാട്ടുരാജ്യങ്ങളുടെ ഭരണാധികാരികൾക്കു നൽകിയിട്ടുള്ള അംഗീകാരം അവസാനിക്കുന്നതും പ്രിവിപഴ്സുകൾ നിറുത്തലാക്കുന്നതും**—ഈ ഭരണഘടനയിലോ തത്സമയം പ്രാബല്യത്തിലിരിക്കുന്ന നിയമത്തിലോ എന്തുതന്നെ ആയിരുന്നാലും—

(ക) 1971-ലെ ഭരണഘടന (ഇരുപത്താറാം ഭേദഗതി) ആക്റ്റിൻെറ പ്രാരംഭത്തിനുമുമ്പ് ഏതെങ്കിലും സമയം ഒരു നാട്ടുരാജ്യത്തിൻെറ ഭരണാധികാരിയായി രാഷ്ട്രപതി അംഗീകരിച്ച രാജാവോ പ്രധാനിയോ മററ് ആളോ അല്ലെങ്കിൽ അങ്ങനെയുള്ള പ്രാരംഭത്തിനുമുമ്പ് ഏതെങ്കിലും സമയം അങ്ങനെയുള്ള ഭരണാധികാരിയുടെ പിൻഗാമിയായി രാഷ്ട്രപതി അംഗീകരിച്ച ഏതെങ്കിലും ആളോ അങ്ങനെയുള്ള പ്രാരംഭത്തിലും അതു മുതൽക്കും, അങ്ങനെയുള്ള ഭരണാധികാരിയായോ അങ്ങനെയുള്ള ഭരണാധികാരിയുടെ പിൻഗാമിയായോ അംഗീകരിക്കപ്പെട്ടതും അവസാനിക്കുന്നതും ;

(ഖ) 1971-ലെ ഭരണഘടന (ഇരുപത്താറാം ഭേദഗതി) ആക്റ്റിൻെറ പ്രാരംഭത്തിലും അതു മുതൽക്കും പ്രിവിപഴ്സ് നിറുത്തലാക്കിയിരിക്കുന്നതും, പ്രിവിപഴ്സ് സംബന്ധിച്ച എല്ലാ അവകാശങ്ങളും ബാദ്ധ്യതകളും കടപ്പാടുകളും ഇല്ലാതാക്കിയിരിക്കുന്നതും, അത് അനുസരിച്ച്, (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഭരണാധികാരിക്കോ അങ്ങനെയുള്ള ഭരണാധികാരിയുടെ പിൻഗാമിക്കോ മററു ഏതെങ്കിലും ആൾക്കോ, അതതു സംഗതിപോലെ, പ്രിവിപഴ്സായി യാതൊരു തുകയും നൽകുവാൻ പാടില്ലാത്തതും ,

ആകുന്നു.

[1] 1971-ലെ ഭരണഘടന (ഇരുപത്താറാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പു പ്രകാരം ചേർത്തത്.

**364. വൻകിട തുറമുഖങ്ങളെയും വിമാനത്താവളങ്ങളെയും സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ**—(1) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, രാഷ്ട്രപതിക്ക് പൊതു വിജ്ഞാപനംവഴി ആ വിജ്ഞാപനത്തിൽ പറയാവുന്ന തീയതി മുതൽ-

(ക) പാർലമെന്റോ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലമോ ഉണ്ടാക്കിയ ഏതെങ്കിലും നിയമം ഏതെങ്കിലും വൻകിട തുറമുഖത്തിനോ വിമാനത്താവളത്തിനോ ബാധകമാകുന്നതല്ലെന്നോ, അല്ലെങ്കിൽ വിജ്ഞാപനത്തിൽ പറയാവുന്ന അങ്ങനെയുള്ള ഒഴിവാക്കലുകൾക്കും രൂപഭേദങ്ങൾക്കും വിധേയമായി ബാധകമാകുന്നതാണെന്നോ ; അല്ലെങ്കിൽ

(ഖ) നിലവിലുള്ള ഏതെങ്കിലും നിയമത്തിന്, മേൽ പറഞ്ഞ തീയതിക്ക് മുമ്പ് ചെയ്തതോ ചെയ്യുവാൻ വിട്ടുപോയതോ ആയ കാര്യങ്ങളെ സംബന്ധിച്ചൊഴികെ, ഏതെങ്കിലും വൻകിട തുറമുഖത്തിലോ വിമാനത്താവളത്തിലോ പ്രഭാവം ഇല്ലാതായിത്തീരുമെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള തുറമുഖത്തിനോ വിമാനത്താവളത്തിനോ അതു ബാധകമാകുന്നതിൽ ആ വിജ്ഞാപനത്തിൽ പറയാവുന്ന അങ്ങനെയുള്ള ഒഴിവാക്കലുകൾക്കും രൂപഭേദങ്ങൾക്കും വിധേയമായി പ്രഭാവം ഉണ്ടായിരിക്കുന്നതാണെന്നോ,

നിർദ്ദേശിക്കാവുന്നതാണ്.

(2) ഈ അനുച്ഛേദത്തിൽ-

(ക) "വൻകിട തുറമുഖം" എന്നാൽ പാർലമെന്റ് ഉണ്ടാക്കിയ ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ അല്ലെങ്കിൽ നിലവിലുള്ള ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ ഒരു വൻകിട തുറമുഖമായി പ്രഖ്യാപിച്ചിട്ടുള്ള ഒരു തുറമുഖം എന്ന് അർത്ഥമാകുന്നതും അതിൽ അങ്ങനെയുള്ള തുറമുഖത്തിന്റെ പരിധിയിൽ തത്സമയം ഉൾപ്പെടുന്ന എല്ലാ പ്രദേശങ്ങളും ഉൾപ്പെടുന്നതും ആകുന്നു ;

(ഖ) "വിമാനത്താവളം" എന്നാൽ വ്യോമമാർഗ്ഗങ്ങൾ, വ്യോമയാനങ്ങൾ, വ്യോമ ഗതാഗതം എന്നിവ സംബന്ധിച്ച നിയമങ്ങളുടെ ആവശ്യങ്ങൾക്ക് നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള വിമാനത്താവളം എന്നർത്ഥമാകുന്നു.

**365. യൂണിയൻ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കുന്നതിലോ അവയ്ക്കു പ്രഭാവം നൽകുന്നതിലോ വീഴ്ചവരുത്തുന്നതിന്റെ ഫലം**—ഈ ഭരണഘടനയിലെ ഏതെങ്കിലും വ്യവസ്ഥ പ്രകാരം യൂണിയൻ അതിന്റെ നിർവ്വാഹകാധികാരത്തിന്റെ പ്രയോഗത്തിൽ നൽകുന്ന ഏതെങ്കിലും നിർദ്ദേശങ്ങൾ അനുസരിക്കുന്നതിലോ അവയ്ക്ക് പ്രഭാവം നൽകുന്നതിലോ അത് ഏതെങ്കിലും സംസ്ഥാനം വീഴ്ച വരുത്തുമ്പോൾ, ആ സംസ്ഥാനത്തിന്റെ ഭരണം ഈ ഭരണഘടനയിലെ വ്യവസ്ഥകളനുസരിച്ച് നടത്തിക്കൊണ്ടുപോകുവാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം ഉത്ഭവിച്ചിരിക്കുന്നതായി രാഷ്ട്രപതി കരുതുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

**366. നിർവ്വചനങ്ങൾ**—ഈ ഭരണഘടനയിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, താഴെപ്പറയുന്ന പ്രയോഗങ്ങൾക്ക് യഥാക്രമം ഈ അനുച്ഛേദത്തിൽ നൽകിയിട്ടുളള അർത്ഥം ഉണ്ടായിരിക്കുന്നതാണ്, അതായത്—

(1) "കാർഷികാദായം" എന്നാൽ ഭാരതത്തിലെ ആദായനികുതി സംബന്ധിച്ച നിയമങ്ങളുടെ ആവശ്യങ്ങൾക്ക് നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള കാർഷികാദായം എന്നർത്ഥമാകുന്നു;

(2) "ഒരു ആംഗ്ളോ-ഇൻഡ്യൻ" എന്നാൽ ഒരാളുടെ പിതാവോ അല്ലെങ്കിൽ അയാളുടെ പുരുഷവംശാവലിയിലുള്ള മററ് പുരുഷ പൂർവ്വികരിൽ ആരെങ്കിലുമോ യൂറോപ്യൻ ഉൽപ്പത്തിയിൽ പ്പെടുന്നതോ, പെട്ടിരുന്നതോ, എന്നാൽ അയാൾ ഭാരതത്തിന്റെ ഭൂപ്രദേശത്തിനകത്ത് സ്ഥിരവാസമുള്ളതും അങ്ങനെയുള്ള ഭൂപ്രദേശത്തിനകത്ത്, താൽക്കാലിക ആവശ്യങ്ങൾക്കുമാത്രം അവിടെ വാസം ഉറപ്പിക്കാതെ പതിവായി അതിനുള്ളിൽ താമസിക്കുന്ന മാതാപിതാക്കൻമാർക്ക് ജനിക്കുന്നതോ ജനിച്ചിരിക്കുന്നതോ ആയ ഒരാൾ എന്നർത്ഥമാകുന്നു;

(3) "അനുച്ഛേദം" എന്നാൽ ഈ ഭരണഘടനയിലെ ഒരു അനുച്ഛേദം എന്നർത്ഥമാകുന്നു;

(4) "കടം എടുക്കുക" എന്നതിൽ വർഷാശനങ്ങളുടെ നൽകൽവഴി പണം സമാഹരിക്കുന്നത് ഉൾപ്പെടുന്നതും "വായ്പ" എന്നതിന് അതനുസരിച്ച് അർത്ഥം കല്പിക്കേണ്ടതും ആകുന്നു;

[1] * * * * * * *

(5) "ഖണ്ഡം" എന്നാൽ ആ പ്രയോഗം വരുന്ന അനുച്ഛേദത്തിലെ ഒരു ഖണ്ഡം എന്നർത്ഥമാകുന്നു ;

(6) "കോർപ്പറേഷൻ നികുതി" എന്നാൽ ആദായത്തിൻമേലുള്ള ഏതെങ്കിലും നികുതിയും ആ നികുതി കമ്പനികൾ കൊടുക്കേണ്ടിടത്തോളം താഴെപ്പറയുന്ന ഉപാധികൾ നിറവേററപ്പെട്ടിരിക്കുന്ന ഒരു നികുതിയുടെ സംഗതിയിൽ ആ നികുതിയും എന്നർത്ഥമാകുന്നു:–

(ക) അത് കാർഷികാദായം സംബന്ധിച്ച് ചുമത്താവുന്നതല്ല ;

(ഖ) കമ്പനികൾ കൊടുക്കുന്ന ആ നികുതി സംബന്ധിച്ച് ആ നികുതിക്ക് ബാധകമാകാവുന്ന ഏതെങ്കിലും നിയമംവഴി ആ കമ്പനികൾ വ്യക്തികൾക്ക് കൊടുക്കുന്ന ലാഭവീതങ്ങളിൽ നിന്ന് യാതൊരു കിഴിവും ചെയ്യുവാൻ അധികാരപ്പെടുത്തിയിട്ടില്ല ;

(ഗ) അങ്ങനെ കൊടുക്കുന്ന നികുതി ഭാരതത്തിലെ ആദായ നികുതിയുടെ ആവശ്യങ്ങൾക്ക് അങ്ങനെയുള്ള ലാഭവീതം ലഭിക്കുന്ന വ്യക്തികളുടെ മൊത്തത്തിലുള്ള ആദായം തിട്ടപ്പെടുത്തുന്നതിലോ, അങ്ങനെയുള്ള വ്യക്തികൾ കൊടുക്കുവാനുള്ളതോ അവർക്ക് മടക്കി കൊടുക്കുവാനുള്ളതോ ആയ ഭാരതത്തിലെ ആദായ നികുതി തിട്ടപ്പെടുത്തുന്നതിലോ കണക്കിലെടുക്കുവാൻ യാതൊരു വ്യവസ്ഥയും നിലവിലില്ല ;

(7) "തൽസ്ഥാനീയ പ്രവിശ്യ" "തൽസ്ഥാനത്തുള്ളനാട്ടുരാജ്യം" അല്ലെങ്കിൽ "തൽസ്ഥാനീയ സംസ്ഥാനം" എന്നാൽ സംശയമുള്ള സംഗതികളിൽ, പ്രശ്നവിഷയമായ പ്രത്യേക ആവശ്യത്തിന്, തൽസ്ഥാനത്തുള്ള പ്രവിശ്യയെന്നോ തൽസ്ഥാനത്തുള്ള നാട്ടുരാജ്യമെന്നോ തൽസ്ഥാനത്തുള്ള സംസ്ഥാനമെന്നോ, അതതു സംഗതിപോലെ, രാഷ്ട്രപതി നിശ്ചയിക്കുന്ന പ്രവിശ്യയെന്നോ നാട്ടുരാജ്യമെന്നോ സംസ്ഥാനമെന്നോ അർത്ഥമാകുന്നു ;

(8) "കടം" എന്നതിൽ വർഷാശനങ്ങൾ വഴി മൂലധനത്തുകകൾ തിരിച്ചുകൊടുക്കുവാനുള്ള ഏതെങ്കിലും കടപ്പാട് സംബന്ധിച്ച ഏതെങ്കിലും ബാദ്ധ്യതയും ഏതെങ്കിലും ഉറപ്പുപ്രകാരമുള്ള ഏതെങ്കിലും ബാദ്ധ്യതയും ഉൾപ്പെടുന്നതും, "കടം സംബന്ധിച്ച ചെലവ്" എന്നതിന് അതനുസരിച്ച് അർത്ഥം കൽപ്പിക്കേണ്ടതും ആകുന്നു;

(9) "എസ്റേററ് തീരുവ" എന്നാൽ ആ തീരുവയെ സംബന്ധിച്ച് പാർലമെൻേറാ ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലമോ ഉണ്ടാക്കിയ നിയമങ്ങളാലോ നിയമങ്ങൾ പ്രകാരമോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്കനുസൃതമായി, മരണത്തോടെ സംക്രമിക്കുന്നതോ അല്ലെങ്കിൽ മുൻപറഞ്ഞ നിയമങ്ങളുടെ വ്യവസ്ഥകൾപ്രകാരം അങ്ങനെ സംക്രമിക്കുന്നതോ ആയി കരുതപ്പെടാവുന്നതോ ആയ എല്ലാ വസ്തുവിൻേറയും, തിട്ടപ്പെടുത്തിയ മുഖ്യവിലയിൻമേലോ അതിനെ പരാമർശിച്ചുകൊണ്ടോ ചുമത്തപ്പെടേണ്ട ഒരു തീരുവ എന്നർത്ഥമാകുന്നു ;

(10) "നിലവിലുള്ള നിയമം" എന്നാൽ അങ്ങനെയുള്ള ഒരു നിയമമോ ഓർഡിനൻസോ ഉത്തരവോ ബൈലായോ ചട്ടമോ റഗുലേഷനോ ഉണ്ടാക്കുന്നതിന് അധികാരമുള്ള ഏതെങ്കിലും നിയമനിർമ്മാണമണ്ഡലമോ അധികാരസ്ഥാനമോ ആളോ ഈ ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ് പാസ്സാക്കുകയോ ഉണ്ടാക്കുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നിയമം, ഓർഡിനൻസ്, ഉത്തരവ്, ബൈലാ, ചട്ടം അഥവാ റഗുലേഷൻ എന്നർത്ഥമാകുന്നു ;

(11) "ഫെഡറൽ കോടതി" എന്നാൽ 1935-ലെ ഗവൺമെൻറ് ഓഫ് ഇൻഡ്യാ ആക്ററ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഫെഡറൽ കോടതി എന്നർത്ഥമാകുന്നു ;

---

[1] 1976-ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 54-ാം വകുപ്പുപ്രകാരം (4 ക) ഖണ്ഡം ചേർക്കുകയും (1-2-1977 മുതൽ പ്രാബല്യം) 1977-ലെ ഭരണഘടന (നാല്പത്തിമൂന്നാം ഭേദഗതി) ആക്ററ്, 11-ാം വകുപ്പുപ്രകാരം വിട്ടുകളയുകയും ചെയ്തു (13-4-1978 മുതൽ പ്രാബല്യം).

(12) "സാധനങ്ങൾ'' എന്നതിൽ എല്ലാ പദാർത്ഥങ്ങളും ചരക്കുകളും വസ്തുക്കളും ഉൾപ്പെടുന്നതാകുന്നു ;

(13) "ഉറപ്പ്'' എന്നതിൽ ഒരു സംരംഭത്തിലെ ലാഭം ഒരു നിശ്ചിത തുകയിൽ കുറവായി വരുന്ന സംഗതിയിൽ പണം നൽകുന്നതിന് ഈ ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ് ഏറെറടുത്തിട്ടുള്ള ഏതൊരു ബാദ്ധ്യതയും ഉൾപ്പെടുന്നതാകുന്നു ;

(14) "ഹൈക്കോടതി'' എന്നാൽ ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് ഏതെങ്കിലും സംസ്ഥാനത്തെ ഹൈക്കോടതിയായി കരുതപ്പെടുന്ന ഒരു കോടതി എന്നർത്ഥമാകുന്നതും, അതിൽ—

(ക) ഈ ഭരണഘടന പ്രകാരം ഹൈക്കോടതിയായി രൂപീകരിച്ചിട്ടുള്ളതോ പുനഃസംഘടിപ്പിച്ചിട്ടുള്ളതോ ആയ ഭാരതത്തിൻെറ ഭൂപ്രദേശത്തുള്ള ഏതെങ്കിലും കോടതിയും,

(ഖ) ഈ ഭരണഘടനയുടെ എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് പാർലമെൻറ് നിയമം വഴി ഒരു ഹൈക്കോടതിയായി പ്രഖ്യാപിക്കുന്ന ഭാരതത്തിൻെറ ഭൂപ്രദേശത്തെ മററ് ഏതെങ്കിലും കോടതിയും,

ഉൾപ്പെടുന്നതും ആകുന്നു ;

(15) "നാട്ടുരാജ്യം'' എന്നാൽ ഇൻഡ്യാ ഡൊമിനിയൻെറ സർക്കാർ, അങ്ങനെയുള്ള ഒരു രാജ്യമായി അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ഭൂപ്രദേശം എന്നർത്ഥമാകുന്നു ;

(16) "ഭാഗം'' എന്നാൽ ഈ ഭരണഘടനയുടെ ഒരു ഭാഗം എന്നർത്ഥമാകുന്നു;

(17) "പെൻഷൻ'' എന്നാൽ ഏതെങ്കിലും ആൾക്കോ ആളെ സംബന്ധിച്ചോ കൊടുക്കേണ്ട, അംശദായകമോ അല്ലാത്തതോ ആയ എന്തായാലും ഏതെങ്കിലും തരത്തിലുള്ള ഒരു പെൻഷൻ എന്ന് അർത്ഥമാകുന്നതും അതിൽ അപ്രകാരം കൊടുക്കേണ്ട ഉദ്യോഗവിരാമ ശമ്പളവും അപ്രകാരം കൊടുക്കേണ്ട ഗ്രാററുവിററിയും, ഒരു പ്രോവിഡൻറ് ഫണ്ടിലേയ്ക്കുള്ള വരിസംഖ്യകളിൻമേൽ പലിശയോടുകൂടിയോ അല്ലാതെയോ അല്ലെങ്കിൽ അതിനോട് മറെറന്തെങ്കിലും കൂട്ടിച്ചേർത്തോ മടക്കി നൽകുന്ന തുകയായി കൊടുക്കേണ്ട ഏതെങ്കിലും തുകയോ, തുകകളോ ഉൾപ്പെടുന്നതുമാകുന്നു;

(18) "അടിയന്തിരാവസ്ഥാ വിളംബരം'' എന്നാൽ 352-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിളംബരം എന്നർത്ഥമാകുന്നു;

(19) "പൊതു വിജ്ഞാപനം'' എന്നാൽ ഭാരതത്തിൻെറ ഗസററിലോ ഒരു സംസ്ഥാനത്തിൻെറ ഔദ്യോഗിക ഗസററിലോ, അതതു സംഗതിപോലെ, ഉള്ള ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(20) "റെയിൽവേ'' എന്നതിൽ—

(ക) പൂർണ്ണമായും ഒരു മുനിസിപ്പൽ പ്രദേശത്തിനുള്ളിലുള്ള ഒരു ട്രാംവേയോ ;

(ഖ) പൂർണ്ണമായും ഒരു സംസ്ഥാനത്തിനകത്തു സ്ഥിതി ചെയ്യുന്നതും പാർലമെൻറ് നിയമം വഴി റെയിൽവേ അല്ലെന്ന് പ്രഖ്യാപിച്ചിട്ടുള്ളതും ആയ മറേറതെങ്കിലും സഞ്ചാരപഥമോ,

ഉൾപ്പെടുന്നതല്ല ;

[1]* * * * * * *

[2][(22) "ഭരണാധികാരി'' എന്നാൽ 1971-ലെ ഭരണഘടന (ഇരുപത്താറാം ഭേദഗതി) ആക്ററിൻെറ പ്രാരംഭത്തിനു മുമ്പ് ഏതെങ്കിലും സമയം ഒരു നാട്ടുരാജ്യത്തിൻെറ ഭരണാധികാരിയായി രാഷ്ട്രപതി അംഗീകരിച്ചിട്ടുള്ളതോ അല്ലെങ്കിൽ അങ്ങനെയുള്ള പ്രാരംഭത്തിനുമുമ്പ് ഏതെങ്കിലും സമയം അങ്ങനെയുള്ള ഭരണാധികാരിയുടെ പിൻഗാമിയായി രാഷ്ട്രപതി അംഗീകരിച്ചിട്ടുള്ളതോ ആയ രാജാവോ പ്രധാനിയോ മററു ആളോ എന്നർത്ഥമാകുന്നു;]

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം (21)-ാം ഖണ്ഡം വിട്ടുകളഞ്ഞു.
2. 1971-ലെ ഭരണഘടന (ഇരുപത്താറാം ഭേദഗതി) ആക്ററ്, 4-ാം വകുപ്പു പ്രകാരം (22)-ാം ഖണ്ഡത്തിനു പകരം ചേർത്തത്.

(23) "പട്ടിക" എന്നാൽ ഈ ഭരണഘടനയിലെ ഒരു പട്ടിക എന്നർത്ഥമാകുന്നു ;

(24) "പട്ടികജാതികൾ" എന്നാൽ ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് 341-ാം അനുച്ഛേദപ്രകാരം പട്ടികജാതികളായി കരുതപ്പെടുന്ന ജാതികളോ വർഗ്ഗങ്ങളോ ഗോത്രവർഗ്ഗങ്ങളോ അല്ലെങ്കിൽ അങ്ങനെയുള്ള ജാതികളുടെയോ വർഗ്ഗങ്ങളുടെയോ ഗോത്രവർഗ്ഗങ്ങളുടെയോ, ഭാഗങ്ങളോ അവാന്തര വിഭാഗങ്ങളോ എന്നർത്ഥമാകുന്നു ;

(25) "പട്ടിക ഗോത്രവർഗ്ഗങ്ങൾ" എന്നാൽ ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് 342-ാം അനുച്ഛേദപ്രകാരം പട്ടിക ഗോത്രവർഗ്ഗങ്ങളായി കരുതപ്പെടുന്ന ഗോത്രവർഗ്ഗങ്ങളോ ഗോത്രവർഗ്ഗ സമുദായങ്ങളോ അല്ലെങ്കിൽ ഗോത്രവർഗ്ഗങ്ങളുടെയോ ഗോത്രവർഗ്ഗ സമുദായങ്ങളുടെയോ ഭാഗങ്ങളോ അവാന്തര വിഭാഗങ്ങളോ എന്നർത്ഥമാകുന്നു ;

(26) "ഈടുപത്രങ്ങൾ" എന്നതിൽ സർക്കാർ നൽകുന്ന കടപ്പത്രവും ഉൾപ്പെടുന്നതാകുന്നു ;

[1]* * * * * * * * * * * * *

(27) "ഉപഖണ്ഡം" എന്നാൽ ആ പ്രയോഗം വരുന്ന ഖണ്ഡത്തിലെ ഒരു ഉപഖണ്ഡം എന്നർത്ഥമാകുന്നു;

(28) "നികുതി ചുമത്തൽ" എന്നതിൽ പൊതുവായതോ തദ്ദേശ്യമായതോ പ്രത്യേകമായതോ ആയ ഏതെങ്കിലും നികുതിയോ തീരുവയോ ചുമത്തുന്നത് ഉൾപ്പെടുന്നതും, "നികുതി" എന്നതിന് അതനുസരിച്ച് അർത്ഥം കല്പിക്കേണ്ടതും ആകുന്നു ;

(29) "ആദായത്തിൻമേലുള്ള നികുതി" എന്നതിൽ ഒരു അധിക ലാഭ നികുതിയുടെ സ്വഭാവത്തിലുള്ള ഒരു നികുതി ഉൾപ്പെടുന്നതാകുന്നു;

[2][(29ക) "സാധനങ്ങളുടെ വിൽപ്പനയിൻമേലോ വാങ്ങലിൻമേലോ ഉള്ള നികുതി" എന്നതിൽ—

(ക) ഒരു കരാറനുസരിച്ചല്ലാതെ പണം രൊക്കം കൊടുത്തോ പിന്നീട് കൊടുത്തോ അല്ലെങ്കിൽ മൂല്യമുള്ള മററ് പ്രതിഫലത്തിനോ ഏതെങ്കിലും സാധനങ്ങളുടെ ഉടമാവകാശം കൈമാറുന്നതിൻമേലുള്ള നികുതിയും ;

(ഖ) ഒരു പണി കരാറിൻെറ നിർവ്വഹണവുമായി ബന്ധപ്പെട്ട (വസ്തു രൂപത്തിലോ അല്ലാതെയോ ഉള്ള) സാധനങ്ങളുടെ ഉടമാവകാശം കൈമാറുന്നതിൻമേലുള്ള നികുതിയും ;

(ഗ) ഹയർ-പർച്ചേസിലോ തവണകളായി വില നൽകാമെന്നുള്ള വ്യവസ്ഥയിലോ സാധനങ്ങൾ നൽകുന്നതിൻമേലുള്ള നികുതിയും ;

(ഘ) ഏതെങ്കിലും ആവശ്യത്തിനുവേണ്ടി പണം രൊക്കം കൊടുത്തോ പിന്നീട് കൊടുത്തോ മൂല്യമുള്ള മററ് പ്രതിഫലത്തിനോ ഏതെങ്കിലും സാധനങ്ങൾ ഉപയോഗിക്കാനുള്ള അവകാശം (ഒരു നിശ്ചിത കാലത്തേക്കായാലും അല്ലെങ്കിലും) കൈമാറുന്നതിൻമേലുള്ള നികുതിയും ;

(ങ) ഏതെങ്കിലും ഏകാംഗീകൃതമല്ലാത്ത സംഘമോ വ്യക്തികളുടെ നികായമോ പണം രൊക്കം പററിക്കൊണ്ടോ പിന്നീട് പററിക്കൊണ്ടോ അല്ലെങ്കിൽ മൂല്യമുള്ള മററ് പ്രതിഫലത്തിനോ ഒരംഗത്തിന് സാധനങ്ങൾ നൽകുന്നതിൻമേലുള്ള നികുതിയും ;

---

1. 1976-ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 54-ാം വകുപ്പുപ്രകാരം 26 (ക) ഖണ്ഡം ചേർക്കുകയും (1-2-1977 മുതൽ പ്രാബല്യം) 1977-ലെ ഭരണഘടന (നാൽപത്തിമൂന്നാം ഭേദഗതി) ആക്ററ്, 11-ാം വകുപ്പു പ്രകാരംവിട്ടുകളയുകയും ചെയ്തു (13-4-1978 മുതൽ പ്രാബല്യം).

2. 1982-ലെ ഭരണഘടന (നാൽപ്പത്താറാം ഭേദഗതി) ആക്ററ്, 4-ാം വകുപ്പു പ്രകാരം ചേർത്തത്.

(ച) ഏതെങ്കിലും സേവനമായോ സേവനത്തിൻെറ ഭാഗമായോ മററേതെങ്കിലും രീതിയിലോ എന്തായാലും,ആഹാരപദാർത്ഥങ്ങളോ മനുഷ്യരുടെ ഉപഭോഗത്തിനുള്ള മറേറതെങ്കിലും പദാർത്ഥമോ (ലഹരിവരുത്തുന്നതോ അല്ലാത്തതോ ആയ) ഏതെങ്കിലും പാനീയമോ നല്കുന്നതിൻമേൽ, അങ്ങനെയുള്ള നൽകലോ സേവനമോ പണം രൊക്കം പററിക്കൊണ്ടോ പിന്നീട് പററിക്കൊണ്ടോ കൊടുക്കാമെന്ന വ്യവസ്ഥയിൽ അല്ലെങ്കിൽ മൂല്യമുള്ള മററ് പ്രതിഫലത്തിനോ ആണെങ്കിൽ, ഉള്ള നികുതി, ഉൾപ്പെടുന്നതും,

ഏതെങ്കിലും സാധനങ്ങളുടെ അങ്ങനെയുള്ള കൈമാററമോ, ഏല്പിച്ചു കൊടുക്കലോ, നൽകലോ, ആ കൈമാററമോ ഏല്പിച്ചുകൊടുക്കലോ നൽകലോ, ചെയ്യുന്ന വ്യക്തി നടത്തുന്ന ആ സാധനങ്ങളുടെ ഒരു വില്പനയായും ആർക്കാണോ അങ്ങനെയുള്ള കൈമാററമോ ഏല്പിച്ചുകൊടുക്കലോ നൽകലോ ചെയ്യുന്നത് ആ വ്യക്തി നടത്തുന്ന ആ സാധനങ്ങളുടെ ഒരു വാങ്ങലായും കരുതപ്പെടേണ്ടതാണ് ;]

[1][(30) "യൂണിയൻ പ്രദേശം" എന്നാൽ ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും യൂണിയൻ പ്രദേശം എന്ന് അർത്ഥമാകുന്നതും, അതിൽ ഭാരതത്തിൻെറ ഭൂപ്രദേശത്തിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ആ പട്ടികയിൽ പറഞ്ഞിട്ടില്ലാത്തതും ആയ മററ് ഏതെങ്കിലും ഭൂപ്രദേശവും ഉൾപ്പെടുന്നതും ആകുന്നു.]

**367. വ്യാഖ്യാനം**—(1) സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, 1897-ലെ സാമാന്യഖണ്ഡങ്ങൾ ആക്ററ്, 372-ാം അനുച്ഛേദപ്രകാരം അതിൽ വരുത്താവുന്ന ഏതെങ്കിലും അനുയോജനങ്ങൾക്കും രൂപഭേദങ്ങൾക്കും വിധേയമായി, ഇൻഡ്യാ ഡൊമിനിയൻെറ നിയമനിർമ്മാണമണ്ഡലത്തിൻെറ ഒരു ആക്ററിൻെറ വ്യാഖ്യാനത്തിന് ബാധകമാകുന്നതുപോലെ, ഈ ഭരണഘടനയുടെ വ്യാഖ്യാനത്തിനും ബാധകമാകുന്നതാണ്.

(2) പാർലമെൻറിൻെറ ആക്ററുകളെയോ നിയമങ്ങളെയോ, അല്ലെങ്കിൽ പാർലമെൻററ് ഉണ്ടാക്കിയ ആക്ററുകളെയോ നിയമങ്ങളെയോ, അല്ലെങ്കിൽ [2]*** ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലത്തിൻെറ ആക്ററുകളെയോ നിയമങ്ങളെയോ, അല്ലെങ്കിൽ ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ ആക്ററുകളെയോ നിയമങ്ങളെയോ കുറിച്ചുള്ള ഈ ഭരണഘടനയിലെ ഏതെങ്കിലും പരാമർശത്തിൽ, അതതു സംഗതിപോലെ, രാഷ്ട്രപതി പുറപ്പെടുവിച്ച ഒരു ഓർഡിനൻസിനെയും, ഒരു ഗവർണ്ണർ [3]* * * പുറപ്പെടുവിച്ച ഒരു ഓർഡിനൻസിനെയും കുറിച്ചുള്ള, ഒരു പരാമർശം ഉൾപ്പെടുന്നതായി കരുതേണ്ടതാണ്.

(3) ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് "വിദേശ രാഷ്ട്രം" എന്നാൽ ഭാരതം അല്ലാതെയുള്ള ഏതെങ്കിലും രാഷ്ട്രം എന്നർത്ഥമാകുന്നു :

എന്നാൽ, പാർലമെൻററ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി രാഷ്ട്രപതിക്ക് ഉത്തരവ് * വഴി ആ ഉത്തരവിൽ പറയാവുന്ന ആവശ്യങ്ങൾക്ക്, ഏതെങ്കിലും രാഷ്ട്രം ഒരു വിദേശ രാഷ്ട്രമല്ലെന്ന് പ്രഖ്യാപിക്കാവുന്നതാണ്.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം (30)-ാം ഖണ്ഡത്തിനു പകരം ചേർത്തത്.
2. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പട്ടികയും പ്രകാരം "(1)-ാം പട്ടികയുടെ ക ഭാഗത്തോ ഖ ഭാഗത്തോ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.
3. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

*. 1950-ലെ ഭരണഘടന (വിദേശ രാഷ്ട്രങ്ങളെ സംബന്ധിച്ച പ്രഖ്യാപനം) ഉത്തരവു കാണുക (സി. ഒ. 2).

## ഭാഗം XX

## ഭരണഘടനയുടെ ഭേദഗതി

**368.** [1][**ഭരണഘടന ഭേദഗതി ചെയ്യുന്നതിന് പാർലമെൻറിനുള്ള അധികാരവും അതിനുള്ള നടപടിക്രമവും**]—[2][(1) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, പാർലമെൻറിന് അതിൻെറ ഭരണഘടനാ നിർമ്മാണാധികാരം പ്രയോഗിച്ച് ഈ അനുച്ഛേദത്തിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ച് ഈ ഭരണഘടനയുടെ ഏതു വ്യവസ്ഥയും, കൂട്ടിച്ചേർക്കലോ വ്യത്യാസപ്പെടുത്തലോ റദ്ദാക്കലോ വഴി, ഭേദഗതി ചെയ്യാവുന്നതാണ്.]

[3][(2)] ഈ ഭരണഘടനയുടെ ഒരു ഭേദഗതി പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിലെങ്കിലും, അതിനുവേണ്ടിയുള്ള ഒരു ബിൽ അവതരിപ്പിച്ച് മാത്രം ആരംഭിക്കാവുന്നതും, ആ ബില്ല് ഓരോ സഭയിലും ആ സഭയിലെ ആകെയുള്ള അംഗസംഖ്യയുടെ ഭൂരിപക്ഷത്തോടും ഹാജരാവുകയും വോട്ടുചെയ്യുകയും ചെയ്യുന്ന ആ സഭയിലെ അംഗങ്ങളുടെ മൂന്നിൽ രണ്ടുഭാഗത്തിൽ കുറയാതെയുള്ള ഒരു ഭൂരിപക്ഷത്തോടും പാസ്സാക്കുമ്പോൾ [4][അത് രാഷ്ട്രപതിക്ക് സമർപ്പിക്കേണ്ടതും അദ്ദേഹം ആ ബില്ലിന് തൻെറ അനുമതി നൽകേണ്ടതും അപ്പോൾ] ആ ബില്ലിലെ നിബന്ധനകളനുസരിച്ച് ഭരണഘടന ഭേദഗതി ചെയ്തതായിത്തീരുന്നതും ആകുന്നു:

എന്നാൽ, അങ്ങനെയുള്ള ഭേദഗതി—

(ക) 54-ാം അനുച്ഛേദത്തിലോ 55-ാം അനുച്ഛേദത്തിലോ 73-ാം അനുച്ഛേദത്തിലോ 162-ാം അനുച്ഛേദത്തിലോ 241-ാം അനുച്ഛേദത്തിലോ, അല്ലെങ്കിൽ

(ഖ) V-ാം ഭാഗം IV-ാം അദ്ധ്യായത്തിലോ VI-ാം ഭാഗം V-ാം അദ്ധ്യായത്തിലോ XI-ാം ഭാഗം I-ാം അദ്ധ്യായത്തിലോ, അല്ലെങ്കിൽ

(ഗ) ഏഴാം പട്ടികയിലെ ലിസ്ററുകളിൽ ഏതിലെങ്കിലുമോ, അല്ലെങ്കിൽ

(ഘ) പാർലമെൻറിൽ സംസ്ഥാനങ്ങൾക്കുള്ള പ്രാതിനിധ്യത്തിലോ, അല്ലെങ്കിൽ

(ങ) ഈ അനുച്ഛേദത്തിലെ വ്യവസ്ഥകളിലോ,

ഏതെങ്കിലും മാററം വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെങ്കിൽ, അങ്ങനെയുള്ള ഭേദഗതിക്ക് വ്യവസ്ഥചെയ്യുന്ന ബിൽ രാഷ്ട്രപതിക്ക് അനുമതിക്കായി സമർപ്പിക്കുന്നതിന് മുമ്പ് ആ ഭേദഗതി [5]* * * സംസ്ഥാനങ്ങളിൽ ഒന്നു പകുതിയിൽ കുറയാതെയുള്ളവയുടെ നിയമനിർമ്മാണമണ്ഡലങ്ങൾ അതിനു വേണ്ടി ആ നിയമനിർമ്മാണമണ്ഡലങ്ങൾ പാസ്സാക്കുന്ന പ്രമേയങ്ങൾ വഴി സ്ഥിരീകരിക്കുന്നത് ആവശ്യമായിരിക്കുന്നതാണ്.

[2][(3) 13-ാം അനുച്ഛേദത്തിലെ യാതൊന്നും ഈ അനുച്ഛേദപ്രകാരം വരുത്തിയ ഭേദഗതിക്ക് ബാധകമാകുന്നതല്ല.]

---

1. 1971-ലെ ഭരണഘടന (ഇരുപത്തിനാലാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പു പ്രകാരം "ഭരണഘടനയുടെ ഭേദഗതിക്കുള്ള നടപടിക്രമം" എന്നതിന് പകരം ചേർത്തത്.
2. മേൽപ്പറഞ്ഞ ആക്ററും വകുപ്പും പ്രകാരം ചേർത്തത്.
3. മേൽപ്പറഞ്ഞ ആക്ററും വകുപ്പും പ്രകാരം 368-ാം അനുച്ഛേദം (2)-ാം ഖണ്ഡമായി വീണ്ടും അക്കമിട്ടത്.
4. മേൽപ്പറഞ്ഞ ആക്ററും വകുപ്പും പ്രകാരം "അത് രാഷ്ട്രപതിക്ക് അദ്ദേഹത്തിൻെറ അനുമതിക്ക് സമർപ്പിക്കേണ്ടതും ആ ബില്ലിന് അപ്രകാരമുള്ള അനുമതി നൽകിയതിൻമേൽ" എന്നതിന് പകരം ചേർത്തത്.
5. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയുടെ ക യും ഖ യും ഭാഗങ്ങളിൽ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.

*[(4) ഈ അനുച്ഛേദപ്രകാരം ഈ ഭരണഘടനയ്ക്ക് (III-ാം ഭാഗത്തെ വ്യവസ്ഥകൾ ഉൾപ്പെടെ) വരുത്തിയതോ വരുത്തിയതായി കരുതാവുന്നതോ ആയ യാതൊരു ഭേദഗതിയേയും ആ ഭേദഗതി വരുത്തിയത് [1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 55-ാം വകുപ്പ് പ്രാബല്യത്തിൽ വരുന്നതിനു മുമ്പായാലും പിമ്പായാലും] ഏതെങ്കിലും കാരണത്തിനു ഒരു കോടതിയിലും ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

(5) ഈ അനുച്ഛേദപ്രകാരം ഈ ഭരണഘടനയുടെ വ്യവസ്ഥകൾ, കൂട്ടിച്ചേർക്കലോ വ്യത്യാസപ്പെടുത്തലോ റദ്ദാക്കലോ വഴി ഭേദഗതി ചെയ്യാനുള്ള പാർലമെൻറിൻെറ ഭരണഘടനാ നിർമ്മാണാധികാരത്തിനു യാതൊരു പരിമിതിയും ഉണ്ടായിരിക്കുന്നതല്ലെന്ന്, സംശയങ്ങൾ നീക്കം ചെയ്യാനായി ഇതിനാൽ പ്രഖ്യാപിച്ചിരിക്കുന്നു.]

*. 1976-ലെ ഭരണഘടന (നാൽപ്പത്തി രണ്ടാം ഭേദഗതി) ആക്റ്റ്, 55-ാം വകുപ്പുപ്രകാരം 368-ാം അനുച്ഛേദത്തിൽ (4)-ഉം (5)-ഉം ഖണ്ഡങ്ങൾ ചേർത്തിരുന്നു. സുപ്രീം കോടതി ഈ വകുപ്പ് മിനർവ മിൽസ് ലിമിററഡ് ആൻറ് അദേഴ്സ് Vs യൂണിയൻ ഓഫ് ഇൻഡ്യാ ആൻഡ് അദേഴ്സ് (1980) 2 എസ്. സി. സി. 591-ൽ അസാധുവായി പ്രഖ്യാപിച്ചിരുന്നു.

## ഭാഗം XXI

## [1][താൽക്കാലികവും പരിവർത്തനവും പ്രത്യേകവുമായ വ്യവസ്ഥകൾ]

**369. സംസ്ഥാന ലിസ്ററിലുള്ള ചില വിഷയങ്ങൾ സംബന്ധിച്ച് അവ സമവർത്തിലിസ്ററിലുള്ള വിഷയങ്ങളായിരുന്നാലെന്നപോലെ നിയമം ഉണ്ടാക്കുവാൻ പാർലമെൻറിനുള്ള താൽക്കാലികാധികാരം**— ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ അഞ്ചുവർഷക്കാലത്തേക്ക് താഴെ ചേർത്തിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച്, പാർലമെൻറിന് അവ സമവർത്തിലിസ്ററിൽ എണ്ണിപ്പറഞ്ഞിരുന്നാലെന്നപോലെ നിയമം ഉണ്ടാക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്, അതായത് :–

(ക) പരുത്തിത്തുണിത്തരങ്ങളും കമ്പിളിത്തുണിത്തരങ്ങളും അസംസ്കൃതമായ പരുത്തി (കുരുകളഞ്ഞ പരുത്തിയും കുരുകളയാത്ത പരുത്തിയും അല്ലെങ്കിൽ കപ്പാസും ഉൾപ്പെടെ), പരുത്തിക്കുരു, കടലാസ് (പത്രക്കടലാസ് ഉൾപ്പെടെ), ഭക്ഷണസാധനങ്ങൾ (ഭക്ഷ്യയോഗ്യമായ എണ്ണക്കുരുക്കളും എണ്ണയും ഉൾപ്പെടെ), കാലിത്തീററ (പിണ്ണാക്കും മററു സാന്ദ്രീകൃത വസ്തുക്കളും ഉൾപ്പെടെ), കൽക്കരി (കരിച്ച കൽക്കരിയും കൽക്കരിയിൽ നിന്നുലഭിക്കുന്ന സാധനങ്ങളും ഉൾപ്പെടെ), ഇരുമ്പ്, ഉരുക്ക്, അഭ്രം എന്നിവയുടെ ഒരു സംസ്ഥാനത്തിനകത്തുള്ള വ്യാപാരവും വാണിജ്യവും അവയുടെ ഉൽപ്പാദനവും സംഭരണവും വിതരണവും ;

(ഖ) (ക) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഏതിനെയെങ്കിലും സംബന്ധിച്ച നിയമങ്ങൾക്കെതിരായുള്ള കുററങ്ങൾ, ആ വിഷയങ്ങളിൽ ഏതെങ്കിലും സംബന്ധിച്ച സുപ്രീം കോടതിയൊഴികെ മറെറല്ലാ കോടതികളുടെയും അധികാരിതയും അധികാരങ്ങളും, ആ വിഷയങ്ങളിൽ ഏതെങ്കിലും സംബന്ധിച്ചുള്ളതും എന്നാൽ ഏതെങ്കിലും കോടതിയിൽ വാങ്ങുന്ന, ഫീസ് ഒഴികെയുള്ളതുമായ ഫീസ് എന്നിവ,

എന്നാൽ, പാർലമെൻറ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തിന് ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾ ഉണ്ടായിരുന്നില്ലെങ്കിൽ അത് ഉണ്ടാക്കുവാൻ പാർലമെൻറിന് ക്ഷമതയുണ്ടാകുമായിരുന്നില്ലെങ്കിൽ, ആ ക്ഷമതയില്ലായ്മയുടെ വ്യാപ്തിയോളം, മേൽപ്പറഞ്ഞ കാലാവധി അവസാനിക്കുന്നതിൻമേൽ, അങ്ങനെ അവസാനിക്കുന്നതിനു മുമ്പ് ചെയ്തതോ ചെയ്യുവാൻ വിട്ടുപോയതോ ആയ സംഗതികൾ സംബന്ധിച്ചൊഴികെ പ്രഭാവം ഇല്ലാതായിത്തീരുന്നതാണ്.

*[**370. ജമ്മു-കാശ്മീർ സംസ്ഥാനം സംബന്ധിച്ചുള്ള താൽക്കാലിക വ്യവസ്ഥകൾ—(1)** ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും,—

---

[1] 1962-ലെ ഭരണഘടന (പതിമൂന്നാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം "താൽക്കാലികവും പരിവർത്തനവുമായ വ്യവസ്ഥകൾ" എന്നതിനു പകരം ചേർത്തത് (1-12-1963 മുതൽ പ്രാബല്യം).

*. ഈ അനുച്ഛേദത്താൽ നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ പ്രയോഗിച്ച് രാഷ്ട്രപതി ജമ്മു-കാശ്മീർ സംസ്ഥാനത്തിൻെറ കോൺസ്ററിററ്യുവൻറ് അസംബ്ളിയുടെ ശിപാർശയിൻമേൽ പ്രസ്തുത 370–ാം അനുച്ഛേദം 1952 നവംബർ 17–ാം തീയതി മുതൽ അതിലെ 1–ാം ഖണ്ഡത്തിലെ വിശദീകരണത്തിന് പകരം താഴെപ്പറയുന്ന വിശദീകരണം ചേർത്തിരിക്കുന്നുവെന്ന രൂപഭേദത്തോടുകൂടി പ്രവർത്തനത്തിലിരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചു, അതായത്:—

"*വിശദീകരണം*— ഈ അനുച്ഛേദത്തിൻെറ ആവശ്യങ്ങൾക്ക് സംസ്ഥാന സർക്കാർ എന്നാൽ, സംസ്ഥാന നിയമസഭയുടെ ശിപാർശയിൻമേൽ ജമ്മു-കാശ്മീരിലെ സദർ-ഇ-റിയാസത്ത് ആയി രാഷ്ട്രപതി ആ സമയം അംഗീകരിക്കുകയും ആ സമയം ഉദ്യോഗത്തിലിരിക്കുന്ന സംസ്ഥാന മന്ത്രിസഭയുടെ ഉപദേശത്തിൻമേൽ പ്രവർത്തിക്കുകയും ചെയ്യുന്ന ആൾ എന്ന് അർത്ഥമാകുന്നു". ഇപ്പോൾ "ഗവർണ്ണർ" (നിയമ മന്ത്രാലയത്തിൻെറ 1952 നവംബർ 15-ാം തീയതിയിലെ സി. ഒ. 44-ാം നമ്പർ ഉത്തരവ്).

(ക) 238-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾ ജമ്മു-കാശ്മീർ സംസ്ഥാനത്തെ സംബന്ധിച്ച് ബാധകമാകുന്നതല്ല;

(ഖ) മേൽപ്പറഞ്ഞ സംസ്ഥാനത്തിനുവേണ്ടി നിയമം ഉണ്ടാക്കുവാൻ പാർലമെൻറിനുള്ള അധികാരം—

(i) ആ സംസ്ഥാനത്തെ സർക്കാരിനോട് ആലോചിച്ച്, ഇൻഡ്യാ ഡൊമിനിയനിൽ ആ സംസ്ഥാനം ചേരുന്നതു സംബന്ധിച്ചുള്ള പ്രവേശന പ്രമാണത്തിൽ ആ സംസ്ഥാനത്തിനുവേണ്ടി ഡൊമിനിയൻ നിയമനിർമ്മാണമണ്ഡലത്തിന് നിയമങ്ങൾ ഉണ്ടാക്കാവുന്ന വിഷയങ്ങളാണെന്ന് നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങൾക്ക് സമാനമാണെന്ന് രാഷ്ട്രപതി പ്രഖ്യാപിച്ചിട്ടുള്ള യൂണിയൻ ലിസ്ററിലും സമവർത്തി ലിസ്ററിലുമുള്ള വിഷയങ്ങൾക്കും ;

(ii) ആ സംസ്ഥാനത്തെ സർക്കാരിൻെറ സമ്മതത്തോടുകൂടി, രാഷ്ട്രപതി ഉത്തരവു വഴി നിർദ്ദേശിക്കാവുന്ന, മേല്പ്പറഞ്ഞ ലിസ്ററുകളിലെ, അങ്ങനെയുള്ള മററു വിഷയങ്ങൾക്കും,

പരിമിതപ്പെട്ടിരിക്കേണ്ടതാണ്.

*വിശദീകരണം*—ഈ അനുച്ഛേദത്തിൻെറ ആവശ്യങ്ങൾക്ക് സംസ്ഥാന സർക്കാർ എന്നതിന് 1948 മാർച്ച് അഞ്ചാം ദിവസം തീയതി വച്ച മഹാരാജാവിൻെറ വിളംബരപ്രകാരം തത്സമയം ഉദ്യോഗത്തിലിരുന്ന മന്ത്രിസഭയുടെ ഉപദേശത്തിൻമേൽ പ്രവർത്തിക്കുകയും, ജമ്മു-കാശ്മീരിലെ മഹാരാജാവായി രാഷ്ട്രപതി തത്സമയം അംഗീകരിക്കുകയും ചെയ്തിട്ടുള്ള ആൾ എന്നർത്ഥമാകുന്നു ;

(ഗ) 1-ാം അനുച്ഛേദത്തിലെയും ഈ അനുച്ഛേദത്തിലെയും വ്യവസ്ഥകൾ ആ സംസ്ഥാനം സംബന്ധിച്ച് ബാധകമാകുന്നതാണ് ;

(ഘ) ഈ ഭരണഘടനയിലെ മററ് വ്യവസ്ഥകളിൽ അങ്ങനെയുള്ളവ, രാഷ്ട്രപതി ഉത്തരവു* വഴി നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഒഴിവാക്കലുകൾക്കും രൂപഭേദങ്ങൾക്കും വിധേയമായി, ആ സംസ്ഥാനം സംബന്ധിച്ച് ബാധകമാകുന്നതാണ്:

എന്നാൽ, (ഖ) ഉപഖണ്ഡത്തിലെ (i)-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള, സംസ്ഥാനത്തിൻെറ പ്രവേശന പ്രമാണത്തിൽ നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച്, അങ്ങനെയുള്ള യാതൊരു ഉത്തരവും സംസ്ഥാന സർക്കാരിനോട് ആലോചിക്കാതെ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, തൊട്ടുമുമ്പിലുള്ള പരിമിതി വ്യവസ്ഥയിൽ പരാമർശിച്ചിട്ടുള്ളതല്ലാത്ത വിഷയങ്ങൾ സംബന്ധിച്ച് അങ്ങനെയുള്ള യാതൊരു ഉത്തരവും ആ സർക്കാരിൻെറ സമ്മതത്തോടുകൂടി അല്ലാതെ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഖണ്ഡം (ഖ) ഉപഖണ്ഡം (ii)-ാം ഖണ്ഡികയിലോ, അല്ലെങ്കിൽ ആ ഖണ്ഡത്തിലുള്ള (ഘ) ഉപഖണ്ഡത്തിലെ രണ്ടാം പരിമിതി വ്യവസ്ഥയിലോ പരാമർശിച്ചിട്ടുള്ള സംസ്ഥാന സർക്കാരിൻെറ സമ്മതം, ആ സംസ്ഥാനത്തിൻെറ ഭരണഘടന തയ്യാറാക്കുന്നതിനുള്ള കോൺസ്ററിററ്യൂവൻറ് അസംബ്ളി വിളിച്ചുകൂട്ടുന്നതിനു മുമ്പ് നൽകിയിട്ടുള്ളതാണെങ്കിൽ, അത് അങ്ങനെയുള്ള അസംബ്ളിയുടെ മുമ്പാകെ അത് അതിൻമേൽ എടുക്കാവുന്ന അങ്ങനെയുള്ള തീരുമാനത്തിനായി വയ്ക്കേണ്ടതാണ്.

(3) ഈ അനുച്ഛേദത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ ആയിരുന്നാലും, രാഷ്ട്രപതിക്ക് പൊതുവിജ്ഞാപനം വഴി, ഈ അനുച്ഛേദം പ്രവർത്തനരഹിതമായിത്തീരുമെന്നോ, അദ്ദേഹം നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഒഴിവാക്കലുകളോടും രൂപഭേദങ്ങളോടും കൂടിയും, അങ്ങനെയുള്ള തീയതി മുതൽക്കും മാത്രം പ്രവർത്തനത്തിലിരിക്കുമെന്നോ പ്രഖ്യാപിക്കാവുന്നതാണ്:

* 1-ാം അനുബന്ധത്തിൽ കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത പ്രകാരമുള്ള 1954-ലെ ഭരണഘടന (ജമ്മു-കാശ്മീരിന് ബാധകമാക്കൽ) ഉത്തരവു കാണുക (സി. ഒ. 48).

എന്നാൽ, (2)-ാംഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സംസ്ഥാനത്തിന്റെ കോൺസ്ററിററ്യൂവൻറ് അസംബ്ളിയുടെ ശിപാർശ അങ്ങനെയുള്ള ഒരു വിജ്ഞാപനം രാഷ്ട്രപതി പുറപ്പെടുവിക്കുന്നതിനു മുമ്പ് ആവശ്യമായിരിക്കുന്നതാണ്.

[1][371. [2]*** **മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ**—(1) [3]* * * * * * * * *

(2) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, രാഷ്ട്രപതിക്ക് [4][മഹാരാഷ്ട്ര സംസ്ഥാനമോ ഗുജറാത്ത് സംസ്ഥാനമോ] സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുവഴി—

(ക) വിദർഭയ്ക്കും മറാത്താവാഡയ്ക്കും [5][മഹാരാഷ്ട്രത്തിന്റെ ശേഷം ഭാഗത്തിനും അല്ലെങ്കിൽ, അതതുസംഗതിപോലെ,] സൗരാഷ്ട്രത്തിനും കച്ചിനും ഗുജറാത്തിന്റെ ശേഷം ഭാഗത്തിനും, വെവ്വേറെ വികസനബോർഡുകൾ, ഈ ബോർഡുകളിൽ ഓരോന്നിന്റെയും പ്രവർത്തനത്തെപ്പററി ഒരു റിപ്പോർട്ട് ഓരോ വർഷവും സംസ്ഥാന നിയമസഭയുടെ മുമ്പാകെ വയ്ക്കണമെന്ന വ്യവസ്ഥയോടുകൂടി സ്ഥാപിക്കുന്നതിനും;

(ഖ) സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ആവശ്യങ്ങൾക്ക് വിധേയമായി, മേൽപ്പറഞ്ഞ പ്രദേശങ്ങളുടെ വികസനച്ചെലവിനുള്ള പണം നീതിപൂർവ്വം വിഭജിച്ചു കൊടുക്കുന്നതിനും;

(ഗ) സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ആവശ്യങ്ങൾക്ക് വിധേയമായി, മേൽപ്പറഞ്ഞ എല്ലാ പ്രദേശങ്ങളെ സംബന്ധിച്ചും സാങ്കേതിക വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും മതിയായ സൗകര്യങ്ങളും, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സർവ്വീസുകളിൽ ജോലിക്ക് മതിയായ അവസരങ്ങളും നൽകുന്നതിന് നീതിപൂർവ്വം ഒരു ഏർപ്പാട് ഉണ്ടാക്കുന്നതിനും,

ഗവർണ്ണർക്കു പ്രത്യേക ഉത്തരവാദിത്വം നൽകിക്കൊണ്ട് വ്യവസ്ഥ ചെയ്യാവുന്നതാണ്.]

[6][**371 ക. നാഗാലാൻഡ് സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ**—(1) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും—

(ക) പാർലമെന്റിന്റെ—

(i) നാഗൻമാരുടെ മതപരമോ സാമൂഹ്യമോ ആയ അനുഷ്ഠാനങ്ങൾ ;

(ii) നാഗൻമാരുടെ ആചാരാധിഷ്ഠിത നിയമവും നടപടിക്രമവും ;

(iii) നാഗൻമാരുടെ ആചാരാധിഷ്ഠിത നിയമം അനുസരിച്ചുള്ള തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന സിവിലും ക്രിമിനലും ആയ നീതിന്യായ ഭരണം;

(iv) ഭൂമിയുടെയും അതിലെ വിഭവങ്ങളുടെയും ഉടമസ്ഥതയും കൈമാററവും,

എന്നിവ സംബന്ധിച്ചുള്ള യാതൊരു ആക്ററും നാഗാലാൻഡിലെ നിയമസഭ ഒരു പ്രമേയം വഴി നാഗാലാൻഡ് സംസ്ഥാനത്തിനു ബാധകമാകുമെന്ന് തീരുമാനിക്കാത്തപക്ഷം ആ സംസ്ഥാനത്തിന് ബാധകമാകുന്നതല്ല ;

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 22-ാം വകുപ്പുപ്രകാരം 371-ാം അനുച്ഛേദത്തിന് പകരം ചേർത്തത്.
2. 1973-ലെ ഭരണഘടന (മുപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം "ആന്ധ്രപ്രദേശ്" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു (1-7-1974 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്ററ്, 2-ാം വകുപ്പുപ്രകാരം (1)-ാം ഖണ്ഡം വിട്ടുകളഞ്ഞു (1-7-1974 മുതൽ പ്രാബല്യം).
4. 1960-ലെ ബോംബെ പുനഃസംഘടനാ ആക്ററ് (1960-ലെ 11) 85-ാം വകുപ്പു പ്രകാരം "ബോംബെ സംസ്ഥാനം" എന്നതിനു പകരം ചേർത്തത് (1-5-1960 മുതൽ പ്രാബല്യം).
5. മേൽപ്പറഞ്ഞ ആക്ററും വകുപ്പും പ്രകാരം "മഹാരാഷ്ട്രത്തിന്റെ ബാക്കിഭാഗം" എന്നതിന് പകരം ചേർത്തത് (1-5-1960 മുതൽ പ്രാബല്യം).
6. 1962-ലെ ഭരണഘടന (പതിമൂന്നാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (1-12-1963 മുതൽ പ്രാബല്യം).

(ഖ) നാഗാലാൻഡ് സംസ്ഥാനം രൂപീകരിക്കുന്നതിന് തൊട്ടുമുമ്പ് നാഗാഹിൽസ്-റ്റ്യൂൻസാങ് പ്രദേശത്ത് ഉണ്ടായിക്കൊണ്ടിരുന്ന ആഭ്യന്തര കലാപങ്ങൾ അതിനുള്ളിലോ അതിൻെറ ഏതെങ്കിലും ഭാഗത്തോ തുടരുന്നതായി നാഗാലാൻഡിലെ ഗവർണ്ണർക്ക് അഭിപ്രായമുള്ളിടത്തോളം കാലം അദ്ദേഹത്തിന് ആ സംസ്ഥാനത്തെ നിയമസമാധാനം സംബന്ധിച്ച് പ്രത്യേക ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതും, അതു സംബന്ധിച്ചുള്ള അദ്ദേഹത്തിൻെറ ചുമതലകൾ നിർവ്വഹിക്കുന്നതിന് എടുക്കേണ്ട നടപടിയെക്കുറിച്ച്, ഗവർണ്ണർ മന്ത്രിസഭയുമായി ആലോചിച്ചതിനുശേഷം അദ്ദേഹത്തിൻെറ വ്യക്തിപരമായ നിർണ്ണയശക്തി പ്രയോഗിക്കേണ്ടതും ആകുന്നു :

എന്നാൽ, ഏതെങ്കിലും വിഷയം അതിനെ സംബന്ധിച്ച് ഈ ഉപഖണ്ഡപ്രകാരം ഗവർണ്ണർ അദ്ദേഹത്തിൻെറ വ്യക്തിപരമായ നിർണ്ണയശക്തി പ്രയോഗിച്ച് പ്രവർത്തിക്കേണ്ടത് ആവശ്യമായിട്ടുള്ള ഒരു വിഷയം ആണോ അല്ലയോ എന്ന പ്രശ്നം ഉൽഭവിക്കുന്നു എങ്കിൽ, സ്വവിവേകം അനുസരിച്ചുള്ള ഗവർണ്ണറുടെ തീരുമാനം അന്തിമമായിരിക്കുന്നതും, ഗവർണ്ണർ ചെയ്തിട്ടുള്ള എന്തിൻെറയെങ്കിലും സാധുത, അദ്ദേഹത്തിൻെറ വ്യക്തിപരമായ നിർണ്ണയശക്തി പ്രയോഗിച്ച് പ്രവർത്തിക്കേണ്ട തായിരുന്നുവെന്നോ അല്ലായിരുന്നുവെന്നോ ഉള്ള കാരണത്തിൻമേൽ ചോദ്യം ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു :

എന്നുമാത്രമല്ല, ഗവർണ്ണറിൽനിന്ന് ഒരു റിപ്പോർട്ട് കിട്ടുന്നതിൻമേലോ മററുവിധത്തിലോ നാഗാലാൻഡ് സംസ്ഥാനത്തെ നിയമസമാധാനം സംബന്ധിച്ച് ഗവർണ്ണർക്ക് പ്രത്യേക ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നത് മേലാൽ ആവശ്യമില്ല എന്ന് രാഷ്ട്രപതിക്ക് ബോദ്ധ്യമാകുന്നുവെങ്കിൽ, അദ്ദേഹത്തിന്, ഉത്തരവുവഴി ആ ഉത്തരവിൽ പറയാവുന്ന അങ്ങനെയുള്ള തീയതി മുതൽ ഗവർണ്ണർക്ക് അങ്ങനെയുള്ള ഉത്തരവാദിത്വം ഇല്ലാതായിത്തീരുമെന്ന് നിർദ്ദേശിക്കാവുന്നതാണ് ;

(ഗ) ഒരു സഹായധനത്തിനുവേണ്ടിയുള്ള ഏതെങ്കിലും ധനാഭ്യർത്ഥന സംബന്ധിച്ച് ശിപാർശ ചെയ്യുമ്പോൾ നാഗാലാൻഡിലെ ഗവർണ്ണർ, ഭാരതത്തിൻെറ സഞ്ചിതനിധിയിൽനിന്ന് ഏതെങ്കിലും നിർദ്ദിഷ്ട സേവനത്തിനോ ആവശ്യത്തിനോ നൽകിയിട്ടുള്ള ഏതെങ്കിലും തുക, ആ സേവനമോ ആവശ്യമോ സംബന്ധിച്ച ഒരു സഹായധനത്തിനുവേണ്ടിയുള്ള ധനാഭ്യർത്ഥനയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും അല്ലാതെ മറേറതെങ്കിലും ധനാഭ്യർത്ഥനയിലല്ല ഉൾപ്പെടുത്തിയിരിക്കുന്നതെന്നും, ഉറപ്പു വരുത്തേണ്ടതാണ് ;

(ഘ) നാഗാലാൻഡിലെ ഗവർണ്ണർ പൊതുവിജ്ഞാപനംവഴി ഇതിലേക്ക് നിർദ്ദേശിക്കാവുന്ന തീയതി മുതൽ റ്റ്യൂൻസാങ് ജില്ലയ്ക്ക് മുപ്പത്തഞ്ച് അംഗങ്ങളടങ്ങിയ ഒരു പ്രാദേശിക സമിതി സ്ഥാപിക്കുന്നതും ഗവർണ്ണർ, സ്വവിവേകം ഉപയോഗിച്ച് താഴെപ്പറയുന്നവയ്ക്ക് വ്യവസ്ഥ ചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നതും ആകുന്നു—

(i) പ്രാദേശിക സമിതിയുടെ ഘടനയും പ്രാദേശിക സമിതിയിലെ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ട രീതിയും :

എന്നാൽ, ട്യൂൻസാങ് ജില്ലയുടെ ഡെപ്യൂട്ടി കമ്മീഷണർ ഔദ്യോഗിക നിലയിൽ ആ പ്രാദേശിക സമിതിയുടെ അദ്ധ്യക്ഷൻ ആയിരിക്കുന്നതും ആ പ്രാദേശിക സമിതിയുടെ ഉപാദ്ധ്യക്ഷനെ അതിലെ അംഗങ്ങളുടെ ഇടയിൽ നിന്ന് അവർ തെരഞ്ഞെടുക്കേണ്ടതും ആകുന്നു ;

(ii) പ്രാദേശികസമിതിയിലെ അംഗങ്ങളായി തെരഞ്ഞെടുക്കുന്നതിനും അതിൽ അംഗങ്ങളായിരിക്കുന്നതിനും വേണ്ട യോഗ്യതകൾ ;

(iii) പ്രാദേശിക സമിതിയിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധിയും അവർക്ക് ഏതെങ്കിലും ശമ്പളങ്ങളും ബത്തകളും കൊടുക്കേണ്ടതുണ്ടെങ്കിൽ അവയും ;

(iv) പ്രാദേശിക സമിതിയുടെ നടപടിക്രമവും കാര്യനിർവ്വഹണവും ;

(v) പ്രാദേശിക സമിതിയുടെ ഉദ്യോഗസ്ഥൻമാരുടേയും, ജീവനക്കാരുടേയും നിയമനവും അവരുടെ സേവന വ്യവസ്ഥകളും ;

(vi) പ്രാദേശിക സമിതിയുടെ രൂപീകരണത്തിനും ശരിയായ പ്രവർത്തനത്തിനും വേണ്ടി ചട്ടങ്ങൾ ഉണ്ടാക്കുന്നത് ആവശ്യമായി വരുന്ന മററു വിഷയങ്ങൾ.

(2) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, നാഗാലാൻഡ് സംസ്ഥാനം രൂപീകരിച്ച തീയതിമുതൽ പത്തുവർഷക്കാലത്തേക്കോ അല്ലെങ്കിൽ പ്രാദേശിക സമിതിയുടെ ശിപാർശയിൻമേൽ ഗവർണ്ണർ പൊതുവിജ്ഞാപനംവഴി ഇതിലേക്ക് നിർദ്ദേശിക്കുന്ന കൂടുതൽ കാലത്തേക്കോ—

(ക) റവ്യൂൻസാങ് ജില്ലയുടെ ഭരണം ഗവർണ്ണർ നടത്തുന്നതാകുന്നു ;

(ഖ) നാഗാലാൻഡ് സംസ്ഥാനത്തിൻെറ മൊത്തത്തിലുള്ള ആവശ്യങ്ങൾ നിറവേററുവാൻ ഭാരതസർക്കാർ ഏതെങ്കിലും തുക നാഗാലാൻഡ് സർക്കാരിന് നൽകിയിട്ടുള്ളിടത്ത് ആ തുക റവ്യൂൻസാങ് ജില്ലയ്ക്കും ആ സംസ്ഥാനത്തിൻെറ ശേഷം ഭാഗത്തിനും ആയി നീതിപൂർവ്വം വിഭജിച്ചുകൊടുക്കുന്നതിന് ഗവർണ്ണർ സ്വവിവേകം ഉപയോഗിച്ച് ഏർപ്പാട് ചെയ്യേണ്ടതാകുന്നു ;

(ഗ) നാഗാലാൻഡ് നിയമനിർമ്മാണമണ്ഡലത്തിൻെറ യാതൊരു ആക്ററും ഗവർണ്ണർ, പ്രാദേശികസമിതിയുടെ ശിപാർശയിൻമേൽ, പൊതുവിജ്ഞാപനംവഴി റവ്യൂൻസാങ് ജില്ലയ്ക്ക് ബാധകമാകുമെന്നു നിർദ്ദേശിക്കാത്തപക്ഷം, ബാധകമാകുന്നതല്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും ആക്ററ്, സംബന്ധിച്ച് അങ്ങനെയുള്ള നിർദ്ദേശം നൽകുമ്പോൾ ആ ആക്ററ് അതിൻെറ ബാധകതയ്ക്ക്, റവ്യൂൻസാങ് ജില്ലയ്ക്കോ അതിൻെറ ഏതെങ്കിലും ഭാഗത്തിനോ, ഗവർണ്ണർ പ്രാദേശികസമിതിയുടെ ശിപാർശയിൻമേൽ, നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഒഴിവാക്കലുകൾക്കോ രൂപഭേദങ്ങൾക്കോ വിധേയമായി പ്രഭാവം ഉണ്ടായിരിക്കുമെന്ന് നിർദ്ദേശിക്കാവുന്നതുമാകുന്നു :

എന്നാൽ, ഈ ഉപഖണ്ഡപ്രകാരം നൽകുന്ന ഏത് നിർദ്ദേശവും പൂർവ്വകാലപ്രാബല്യം ഉണ്ടായിരിക്കത്തക്കവിധം നൽകാവുന്നതാണ് ;

(ഘ) ഗവർണ്ണർക്ക് റവ്യൂൻസാങ് ജില്ലയുടെ സമാധാനത്തിനും പുരോഗതിക്കും സൽഭരണത്തിനുംവേണ്ടി റഗുലേഷനുകൾ ഉണ്ടാക്കാവുന്നതും, അങ്ങനെ ഉണ്ടാക്കുന്ന ഏതെങ്കിലും റഗുലേഷനുകൾക്ക് പാർലമെൻറിൻെറ ഏതെങ്കിലും ആക്റേറാ അല്ലെങ്കിൽ ആ സമയം ആ ജില്ലയ്ക്ക് ബാധകമായ മററ് ഏതെങ്കിലും നിയമമോ, ആവശ്യമാണെങ്കിൽ, റദ്ദാക്കുകയോ അല്ലെങ്കിൽ പൂർവ്വകാലപ്രാബല്യത്തോടുകൂടി റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതും ആകുന്നു ;

(ങ) (i) നാഗാലാൻഡ് നിയമസഭയിൽ റവ്യൂൻസാങ് ജില്ലയെ പ്രതിനിധാനം ചെയ്യുന്ന അംഗങ്ങളിൽ ഒരാളെ ഗവർണ്ണർ മുഖ്യമന്ത്രിയുടെ ഉപദേശത്തിൻമേൽ, റവ്യൂൻസാങ് കാര്യങ്ങൾക്കായുള്ള മന്ത്രിയായി നിയമിക്കേണ്ടതും, മുഖ്യമന്ത്രി ഉപദേശം നൽകുന്നതിൽ, മേൽപ്പറഞ്ഞ[1] അംഗങ്ങളിൽ ഭൂരിപക്ഷത്തിൻെറ ശിപാർശയിൻമേൽ പ്രവർത്തിക്കേണ്ടതും ആകുന്നു ;

(ii) റവ്യൂൻസാങ് ജില്ല സംബന്ധിച്ചുള്ള എല്ലാ വിഷയങ്ങളും റവ്യൂൻസാങ് കാര്യങ്ങൾക്കായുള്ള മന്ത്രി കൈകാര്യം ചെയ്യേണ്ടതും അദ്ദേഹത്തിന് അങ്ങനെയുള്ള എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ഗവർണ്ണറെ നേരിട്ട് സമീപിക്കാവുന്നതും എന്നാൽ അതിനെപ്പററി മുഖ്യമന്ത്രിക്ക് അറിവു നൽകിക്കൊണ്ടിരിക്കേണ്ടതും ആകുന്നു ;

(ച) ഈ ഖണ്ഡത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ ആയിരുന്നാലും, റവ്യൂൻസാങ് ജില്ലയെ സംബന്ധിക്കുന്ന എല്ലാ വിഷയങ്ങളിലും അന്തിമതീരുമാനം ഗവർണ്ണർ, സ്വവിവേകം ഉപയോഗിച്ച്, എടുക്കേണ്ടതാകുന്നു ;

---

[1] ഭരണഘടന (വിഷമതകൾ നീക്കം ചെയ്യൽ ) ഉത്തരവ് നമ്പർ X-ൻെറ 2-ാം ഖണ്ഡിക, ഭാരതത്തിൻെറ ഭരണഘടനയുടെ 371 ക അനുച്ഛേദത്തിന്, 2-ാം ഖണ്ഡം (ങ) ഉപഖണ്ഡത്തിലെ (1)-ാം ഖണ്ഡികയിൽ താഴെപ്പറയുന്ന പരിമിതി വ്യവസ്ഥ (1-12-1963 മുതൽ പ്രാബല്യത്തോടുകൂടി ) കൂട്ടിച്ചേർത്തിരുന്നാലെന്നപോലെ പ്രഭാവം ഉണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു, അതായത് :—

"എന്നാൽ, ഗവർണ്ണർ, മുഖ്യമന്ത്രിയുടെ ഉപദേശത്തിൻമേൽ, ഏതെങ്കിലും ആളെ റവ്യൂൻസാങ് കാര്യമന്ത്രിയായി അങ്ങനെ പ്രവർത്തിക്കുന്നതിന്, നാഗാലാൻഡ് നിയമസഭയിൽ റവ്യൂൻസാങ് ജില്ലയ്ക്ക് നീക്കിവച്ചിരിക്കുന്ന സ്ഥാനങ്ങൾ നികത്തുന്നതിന് നിയമാനുസൃതം ആളുകളെ തെരഞ്ഞെടുക്കുന്ന അങ്ങനെയുള്ള സമയംവരെ, നിയമിക്കാവുന്നതാണ്".

(ഛ) 54-ഉം 55-ഉം അനുച്ഛേദങ്ങളിലും 80-ാം അനുച്ഛേദം (4)-ാം ഖണ്ഡത്തിലും ഒരു സംസ്ഥാനത്തിന്റെ നിയമസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെക്കുറിച്ചോ അങ്ങനെയുള്ള ഓരോ അംഗത്തെയും കുറിച്ചോ ഉള്ള പരാമർശങ്ങളിൽ നാഗാലാൻഡ് നിയമസഭയിലേക്ക് ഈ അനുച്ഛേദപ്രകാരം സ്ഥാപിച്ചിട്ടുള്ള പ്രാദേശികസമിതി തെരഞ്ഞെടുക്കുന്ന അംഗങ്ങളെയോ അംഗത്തെയോ കുറിച്ചുള്ള പരാമർശങ്ങളും ഉൾപ്പെടുന്നതാണ് ;

(ജ) 170-ാം അനുച്ഛേദത്തിൽ—

(i) നാഗാലാൻഡ് നിയമസഭയെ സംബന്ധിച്ചിടത്തോളം (1)-ാം ഖണ്ഡത്തിന്, അതിൽ "അറുപത്" എന്ന വാക്കിനുപകരം "നാല്പത്താറ്" എന്ന വാക്ക് ചേർത്തിരുന്നാലെന്ന പോലെ പ്രഭാവമുണ്ടായിരിക്കുന്നതാണ് ;

(ii) മേൽപ്പറഞ്ഞ ഖണ്ഡത്തിൽ സംസ്ഥാനത്തെ പ്രാദേശിക അടിസ്ഥാനത്തിലുള്ള നിയോജകമണ്ഡലങ്ങളിൽ നിന്ന് നേരിട്ട് നടത്തുന്ന തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള പരാമർശത്തിൽ ഈ അനുച്ഛേദപ്രകാരം സ്ഥാപിച്ചിട്ടുള്ള പ്രാദേശിക സമിതിയിലെ അംഗങ്ങൾ നടത്തുന്ന തെരഞ്ഞെടുപ്പ് ഉൾപ്പെടുന്നതാണ് ;

(iii) 2-ഉം 3-ഉം ഖണ്ഡങ്ങളിൽ, പ്രാദേശിക നിയോജകമണ്ഡലങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾക്ക്, കൊഹിമയും മൊക്കൊക്ചുങ്ങും ജില്ലകളിലെ പ്രാദേശിക നിയോജകമണ്ഡലങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ എന്ന് അർത്ഥമാകുന്നു.

(3) ഈ അനുച്ഛേദത്തിലെ മുൻപറഞ്ഞ ഏതെങ്കിലും വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വിഷമത ഉണ്ടാകുന്നു എങ്കിൽ, ആ വിഷമത നീക്കുന്നതിന് ആവശ്യമെന്ന് രാഷ്ട്രപതിക്ക് തോന്നുന്ന (മറേറതെങ്കിലും അനുച്ഛേദത്തിന്റെ അനുയോജനവും രൂപഭേദപ്പെടുത്തലും ഉൾപ്പെടെ) എന്തും അദ്ദേഹത്തിന് ഉത്തരവുവഴി ചെയ്യാവുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും നാഗാലാൻഡ് സംസ്ഥാനം രൂപീകരിച്ച് മൂന്നു വർഷം അവസാനിച്ചതിനുശേഷം പുറപ്പെടുവിക്കാവുന്നതല്ല.

*വിശദീകരണം*—ഈ അനുച്ഛേദത്തിൽ കൊഹിമ, മൊക്കൊക്ചുങ്, റ്യൂൻസാങ് എന്നീ ജില്ലകൾക്ക് 1962-ലെ നാഗാലാൻഡ് സംസ്ഥാന ആക്ററിലെ അർത്ഥം തന്നെ ഉണ്ടായിരിക്കുന്നതാണ്.]

[1][**371 ഖ. ആസ്സാം സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ**—ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, രാഷ്ട്രപതിക്ക്, ആസ്സാം സംസ്ഥാനം സംബന്ധിച്ച് ഉണ്ടാക്കുന്ന ഉത്തരവുവഴി, ആറാം പട്ടികയിലെ 20-ാം ഖണ്ഡികയോട് അനുബന്ധിച്ചുള്ള അനുസൂചിയുടെ [2][I-ാം ഭാഗത്ത് ] പറഞ്ഞിട്ടുള്ള ഗോത്രവർഗ്ഗപ്രദേശങ്ങളിൽ നിന്ന് ആ സംസ്ഥാനത്തെ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അംഗങ്ങളും, ആ സഭയിലെ, ആ ഉത്തരവിൽ പറയാവുന്ന മററ് അംഗങ്ങളുടെ അങ്ങനെയുള്ള സംഖ്യയും അടങ്ങുന്ന ആ സംസ്ഥാനത്തെ നിയമസഭയുടെ ഒരു കമ്മിററിയുടെ രൂപീകരണത്തിനും അതിന്റെ ചുമതലകൾക്കും, അങ്ങനെയുള്ള കമ്മിററിയുടെ രൂപീകരണത്തിനും, ഉചിതമായ പ്രവർത്തനത്തിനും വേണ്ടി ആ സഭയുടെ നടപടിക്രമത്തിന്റെ ചട്ടങ്ങളിൽ വരുത്തേണ്ട രൂപഭേദങ്ങൾക്കും, വ്യവസ്ഥ ചെയ്യാവുന്നതാണ്. ]

[3][ **371 ഗ. മണിപ്പൂർ സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ**—(1) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, രാഷ്ട്രപതിക്ക്, മണിപ്പൂർ സംസ്ഥാനം സംബന്ധിച്ച് ഉണ്ടാക്കുന്ന ഉത്തരവുവഴി, സംസ്ഥാനത്തിന്റെ കുന്നിൻപ്രദേശത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അംഗങ്ങൾ

1. 1969-ലെ ഭരണഘടന (ഇരുപത്തിരണ്ടാം ഭേദഗതി) ആക്ററ്, 4-ാം വകുപ്പുപ്രകാരം ചേർത്തത്.

2. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്ററ് (71-ലെ 81) 71-ാം വകുപ്പുപ്രകാരം "ക ഭാഗം" എന്നതിന് പകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).

3. 1971-ലെ ഭരണഘടന (ഇരുപത്തേഴാം ഭേദഗതി) ആക്ററ്, 5-ാം വകുപ്പുപ്രകാരം ചേർത്തത് (15-2-1972 മുതൽ പ്രാബല്യം).

അടങ്ങുന്ന ആ സംസ്ഥാനത്തെ നിയമസഭയുടെ, ഒരു കമ്മിററിയുടെ രൂപീകരണത്തിനും ചുമതലകൾക്കും, സംസ്ഥാനത്തെ സർക്കാരിൻെറ ബിസ്സിനസ് ചട്ടങ്ങളിലും നിയമസഭയുടെ നടപടിക്രമത്തിൻെറ ചട്ടങ്ങളിലും വരുത്തേണ്ട രൂപഭേദങ്ങൾക്കും, അങ്ങനെയുള്ള കമ്മിററിയുടെ ശരിയായ പ്രവർത്തനം സംപ്രാപ്തമാക്കുന്നതിന് ഗവർണ്ണറുടെ ഏതെങ്കിലും പ്രത്യേക ഉത്തരവാദിത്വത്തിന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) ഗവർണ്ണർ, പ്രതിവർഷം അല്ലെങ്കിൽ രാഷ്ട്രപതി ആവശ്യപ്പെടുമ്പോഴൊക്കെ, മണിപ്പൂർ സംസ്ഥാനത്തിലെ കുന്നിൻപ്രദേശങ്ങളുടെ ഭരണം സംബന്ധിച്ച് രാഷ്ട്രപതിക്ക് ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതും, മേൽപ്പറഞ്ഞ പ്രദേശങ്ങളുടെ ഭരണത്തെക്കുറിച്ച് ആ സംസ്ഥാനത്തിന് നിർദ്ദേശങ്ങൾ നൽകുന്നത് യൂണിയൻെറ നിർവ്വാഹകാധികാരത്തിൻെറ വ്യാപ്തിക്കുള്ളിൽ വരുന്നതും ആകുന്നു.

*വിശദീകരണം*—ഈ അനുച്ചേദത്തിൽ, "കുന്നിൻപ്രദേശങ്ങൾ" എന്ന പ്രയോഗത്തിന് രാഷ്ട്രപതി ഉത്തരവുവഴി കുന്നിൻപ്രദേശങ്ങളായി പ്രഖ്യാപിക്കുന്ന പ്രദേശങ്ങൾ എന്ന് അർത്ഥമാകുന്നു. ]

[1] [ **371 ഘ. ആന്ധ്രാപ്രദേശ് സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ**—(1) രാഷ്ട്രപതിക്ക് ആന്ധ്രാപ്രദേശ് സംസ്ഥാനം സംബന്ധിച്ച് ഉണ്ടാക്കുന്ന ഉത്തരവുവഴി, ആ സംസ്ഥാനത്തിൻെറ വ്യത്യസ്ത ഭാഗങ്ങളിൽ ഉള്ള ജനങ്ങൾക്ക് സർക്കാർ ഉദ്യോഗത്തിൻെറ കാര്യത്തിലും വിദ്യാഭ്യാസത്തിൻെറ കാര്യത്തിലും നീതിപൂർവ്വകമായി അവസരങ്ങൾക്കും സൗകര്യങ്ങൾക്കും, സംസ്ഥാനത്തിൻെറ മൊത്തത്തിലുള്ള ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട്, വ്യവസ്ഥ ചെയ്യാവുന്നതും, സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങൾക്ക് വ്യത്യസ്ത വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതും ആകുന്നു.

(2) (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിക്കുന്ന ഒരു ഉത്തരവ് , പ്രത്യേകിച്ചും,—

(ക) സംസ്ഥാനത്തിൻെറ സിവിൽ സർവ്വീസിലുള്ള തസ്തികകളിൽ ഏതെങ്കിലും വിഭാഗത്തെയോ വിഭാഗങ്ങളെയോ , അല്ലെങ്കിൽ സംസ്ഥാനത്തിൻെറ കീഴിലുള്ള സിവിൽ തസ്തികകളിൽ ഏതെങ്കിലും വിഭാഗത്തെയോ വിഭാഗങ്ങളെയോ സംസ്ഥാനത്തിൻെറ വ്യത്യസ്ത പ്രാദേശിക കേഡറുകളായി സംഘടിപ്പിക്കുന്നതിനും ഉത്തരവിൽ നിർദ്ദേശിക്കാവുന്ന തത്വങ്ങൾക്കും നടപടിക്രമത്തിനും അനുസൃതമായി അങ്ങനെയുള്ള തസ്തികകളിലിരിക്കുന്ന ആളുകളെ അപ്രകാരം സംഘടിപ്പിച്ച പ്രാദേശിക കേഡറുകളിൽപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുകയും ;

(ഖ) (i) സംസ്ഥാന സർക്കാരിൻെറ കീഴിലുള്ള (ഈ അനുച്ഛേദപ്രകാരമുള്ള ഒരു ഉത്തരവ് അനുസരിച്ച് സംഘടിപ്പിച്ചതോ മററുവിധത്തിൽ രൂപീകരിച്ചതോ ആയ) ഏതെങ്കിലും പ്രാദേശിക കേഡറിലെ തസ്തികകളിലേക്ക് നേരിട്ട് ആളെ ചേർക്കുന്നതിനും ;

(ii) സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ കീഴിലുള്ള ഏതെങ്കിലും കേഡറിലെ തസ്തികകളിലേക്ക് നേരിട്ട് ആളെ ചേർക്കുന്നതിനും ;

(iii) സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും സർവ്വകലാശാലയിലേക്കോ സംസ്ഥാന സർക്കാരിൻെറ നിയന്ത്രണത്തിന് വിധേയമായ മറേറതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിലേക്കോ ഉള്ള പ്രവേശനത്തിൻെറ ആവശ്യങ്ങൾക്കും ,

പ്രത്യേക പ്രദേശമായി പരിഗണിക്കേണ്ട സംസ്ഥാനത്തിൻെറ ഏതെങ്കിലും ഭാഗത്തെയോ ഭാഗങ്ങളെയോ നിശ്ചയിക്കുകയും ;

[1] 1973-ലെ ഭരണഘടന (മുപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (1-7-1974 മുതൽ പ്രാബല്യം).

(ഗ) (i) ഇതിലേക്ക് ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരം (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും കേഡറിലെ തസ്തികകളിലേക്ക് നേരിട്ട് ആളെ ചേർക്കുന്ന കാര്യത്തിലും,

(ii) ഇതിലേക്ക് ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരം (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും സർവ്വകലാശാലയിലേക്കോ മററു വിദ്യാഭ്യാസ സ്ഥാപനത്തിലേയ്ക്കോ ഉള്ള പ്രവേശനത്തിന്റെ കാര്യത്തിലും, അങ്ങനെയുള്ള കേഡറോ സർവ്വകലാശാലയോ മററുവിദ്യാഭ്യാസ സ്ഥാപനമോ സംബന്ധിച്ച് , അതതു സംഗതിപോലെ, പ്രത്യേക പ്രദേശത്ത് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കാലയളവിലേക്ക് താമസിക്കുകയോ പഠിക്കുകയോ ചെയ്തിട്ടുള്ള അപേക്ഷകർക്ക്,

മുൻഗണന നൽകുകയോ സംവരണം ചെയ്യുകയോ ചെയ്യേണ്ടത് എത്രത്തോളവും ഏത് രീതിയിലും ഏത് ഉപാധികൾക്ക് വിധേയമായുമാണെന്ന് നിർദ്ദേശിക്കുകയും ചെയ്യാവുന്നതാണ്.

(3) രാഷ്ട്രപതിക്ക് ഉത്തരവുവഴി [1973-ലെ ഭരണഘടന (മുപ്പത്തിരണ്ടാം ഭേദഗതി) ആക്ററിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഏതെങ്കിലും കോടതിക്കോ (സുപ്രീം കോടതി അല്ലാത്ത) ഏതെങ്കിലും ട്രിബ്യൂണലിനോ, മററ് അധികാരസ്ഥാനത്തിനോ പ്രയോഗിക്കാമായിരുന്ന അധികാരിതയും അധികാരശക്തിയും അധികാരവും ഉൾപ്പെടെ] താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള അധികാരിതയും അധികാരശക്തിയും അധികാരവും പ്രയോഗിക്കുന്നതിന് ആന്ധ്രാപ്രദേശ് സംസ്ഥാനത്തിനുവേണ്ടി ഒരു അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണൽ രൂപീകരിക്കുന്നതിന്, വ്യവസ്ഥ ചെയ്യാവുന്നതാണ് , അതായത്:–

(ക) ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരം സംസ്ഥാനത്തിന്റെ ഏതെങ്കിലും സിവിൽ സർവ്വീസിലെ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ , അല്ലെങ്കിൽ സംസ്ഥാനത്തിന്റെ കീഴിലുള്ള സിവിൽ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ,അല്ലെങ്കിൽ സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും തദ്ദേശ അധികാരസ്ഥാനത്തിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ ഉള്ള നിയമനം ഉൾപ്പെടുത്തൽ, അല്ലെങ്കിൽ ഉദ്യോഗക്കയററം ;

(ഖ) ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരം സംസ്ഥാനത്തിന്റെ ഏതെങ്കിലും സിവിൽ സർവ്വീസിലെ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ, വിഭാഗങ്ങളിലേക്കോ അല്ലെങ്കിൽ സംസ്ഥാനത്തിന്റെ കീഴിലുള്ള സിവിൽ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ അല്ലെങ്കിൽ സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ നിയമിക്കുകയോ അവയിൽ ഉൾപ്പെടുത്തുകയോ അല്ലെങ്കിൽ ഉദ്യോഗക്കയററം ലഭിക്കുകയോ ചെയ്യുന്ന ആളുകളുടെ സീനിയോറിററി ;

(ഗ) ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരം സംസ്ഥാനത്തിന്റെ ഏതെങ്കിലും സിവിൽ സർവ്വീസിലെ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ, അല്ലെങ്കിൽ സംസ്ഥാനത്തിന്റെ കീഴിലുള്ള സിവിൽ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള തസ്തികകളുടെ വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ നിയമിക്കുകയോ ഉൾപ്പെടുത്തുകയോ അല്ലെങ്കിൽ ഉദ്യോഗക്കയററം ലഭിക്കുകയോ ചെയ്യുന്ന ആളുകളുടെ മററു സേവനവ്യവസ്ഥകൾ.

(4) (3)-ാംഖണ്ഡപ്രകാരം പുറപ്പെടുവിക്കുന്ന ഒരു ഉത്തരവിന്—

(ക) അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിന് , രാഷ്ട്രപതി ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള അതിന്റെ അധികാരിതയ്ക്കുള്ളിലെ ഏതെങ്കിലും വിഷയം സംബന്ധിച്ചുള്ള സങ്കടം പരിഹരിക്കുന്നതിന് നിവേദനങ്ങൾ സ്വീകരിക്കുന്നതിനും, അതിൻമേൽ, യുക്തമെന്ന്

(ഗ) (i) ഇതിലേക്ക് ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരം (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും കേഡറിലെ തസ്തികകളിലേക്ക് നേരിട്ട് ആളെ ചേർക്കുന്ന കാര്യത്തിലും,

(ii) ഇതിലേക്ക് ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരം (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും സർവ്വകലാശാലയിലേക്കോ മററു വിദ്യാഭ്യാസ സ്ഥാപനത്തിലേയ്ക്കോ ഉള്ള പ്രവേശനത്തിൻെറ കാര്യത്തിലും, അങ്ങനെയുള്ള കേഡറോ സർവ്വകലാശാലയോ മററുവിദ്യാഭ്യാസ സ്ഥാപനമോ സംബന്ധിച്ച് , അതതു സംഗതിപോലെ, പ്രത്യേക പ്രദേശത്ത് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കാലയളവിലേക്ക് താമസിക്കുകയോ പഠിക്കുകയോ ചെയ്തിട്ടുള്ള അപേക്ഷകർക്ക്,

മുൻഗണന നൽകുകയോ സംവരണം ചെയ്യുകയോ ചെയ്യേണ്ടത് എത്രത്തോളവും ഏത് രീതിയിലും ഏത് ഉപാധികൾക്ക് വിധേയമായുമാണെന്ന് നിർദ്ദേശിക്കുകയും ചെയ്യാവുന്നതാണ്.

(3) രാഷ്ട്രപതിക്ക് ഉത്തരവുവഴി [1973-ലെ ഭരണഘടന (മുപ്പത്തിരണ്ടാം ഭേദഗതി) ആക്ററിൻെറ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഏതെങ്കിലും കോടതിക്കോ (സുപ്രീം കോടതി അല്ലാത്ത) ഏതെങ്കിലും ട്രിബ്യൂണലിനോ, മററ് അധികാരസ്ഥാനത്തിനോ പ്രയോഗിക്കാമായിരുന്ന അധികാരിതയും അധികാരശക്തിയും അധികാരവും ഉൾപ്പെടെ] താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള അധികാരിതയും അധികാരശക്തിയും അധികാരവും പ്രയോഗിക്കുന്നതിന് ആന്ധ്രാപ്രദേശ് സംസ്ഥാനത്തിനുവേണ്ടി ഒരു അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണൽ രൂപീകരിക്കുന്നതിന്, വ്യവസ്ഥ ചെയ്യാവുന്നതാണ് , അതായത്:–

(ക) ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരം സംസ്ഥാനത്തിൻെറ ഏതെങ്കിലും സിവിൽ സർവ്വീസിലെ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ , അല്ലെങ്കിൽ സംസ്ഥാനത്തിൻെറ കീഴിലുള്ള സിവിൽ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ,അല്ലെങ്കിൽ സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും തദ്ദേശ അധികാരസ്ഥാനത്തിൻെറ നിയന്ത്രണത്തിൻ കീഴിലുള്ള തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ ഉള്ള നിയമനം ഉൾപ്പെടുത്തൽ, അല്ലെങ്കിൽ ഉദ്യോഗക്കയററം ;

(ഖ) ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരം സംസ്ഥാനത്തിൻെറ ഏതെങ്കിലും സിവിൽ സർവ്വീസിലെ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ, വിഭാഗങ്ങളിലേക്കോ അല്ലെങ്കിൽ സംസ്ഥാനത്തിൻെറ കീഴിലുള്ള സിവിൽ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ അല്ലെങ്കിൽ സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിൻെറ നിയന്ത്രണത്തിൻ കീഴിലുള്ള തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ നിയമിക്കുകയോ അവയിൽ ഉൾപ്പെടുത്തുകയോ അല്ലെങ്കിൽ ഉദ്യോഗക്കയററം ലഭിക്കുകയോ ചെയ്യുന്ന ആളുകളുടെ സീനിയോറിററി ;

(ഗ) ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരം സംസ്ഥാനത്തിൻെറ ഏതെങ്കിലും സിവിൽ സർവ്വീസിലെ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ, അല്ലെങ്കിൽ സംസ്ഥാനത്തിൻെറ കീഴിലുള്ള സിവിൽ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ നിയന്ത്രണത്തിൻ കീഴിലുള്ള തസ്തികകളുടെ വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ നിയമിക്കുകയോ ഉൾപ്പെടുത്തുകയോ അല്ലെങ്കിൽ ഉദ്യോഗക്കയററം ലഭിക്കുകയോ ചെയ്യുന്ന ആളുകളുടെ മററു സേവനവ്യവസ്ഥകൾ.

(4) (3)-ാംഖണ്ഡപ്രകാരം പുറപ്പെടുവിക്കുന്ന ഒരു ഉത്തരവിന്—

(ക) അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിന് , രാഷ്ട്രപതി ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള അതിൻെറ അധികാരിതയ്ക്കുള്ളിലെ ഏതെങ്കിലും വിഷയം സംബന്ധിച്ചുള്ള സങ്കടം പരിഹരിക്കുന്നതിന് നിവേദനങ്ങൾ സ്വീകരിക്കുന്നതിനും, അതിൻമേൽ, യുക്തമെന്ന്

അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിന് തോന്നുന്ന പ്രകാരമുള്ള അങ്ങനെയുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും, അധികാരം നൽകുകയും ;

(ഖ) അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിൻെറ അധികാരങ്ങളും അധികാരിതയും നടപടിക്രമവും സംബന്ധിച്ച് രാഷ്ട്രപതി ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള അങ്ങനെയുള്ള വ്യവസ്ഥകൾ (അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിന് അതിൻെറ തന്നെ അലക്ഷ്യത്തിന് ശിക്ഷിക്കാനുള്ള അധികാരങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടെ) ഉൾക്കൊള്ളുകയും ;

(ഗ) അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിലേക്ക്, അതിൻെറ അധികാരിതയ്ക്കുള്ളിലുള്ള വിഷയങ്ങൾ സംബന്ധിച്ചതും, അങ്ങനെയുള്ള ഉത്തരവിൻെറ പ്രാരംഭത്തിനു തൊട്ടുമുമ്പ് ഏതെങ്കിലും കോടതിയുടെയോ (സുപ്രീംകോടതി അല്ലാത്ത) ട്രിബ്യൂണലിൻെറയോ അല്ലെങ്കിൽ മററധികാരസ്ഥാനത്തിൻെറയോ മുമ്പാകെ നിലവിലിരിക്കുന്നതുമായ, ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള നടപടികളുടെ അങ്ങനെയുള്ള വിഭാഗങ്ങൾ മാററുന്നതിന് വ്യവസ്ഥ ചെയ്യുകയും ;

(ഘ) രാഷ്ട്രപതി ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള, (ഫീസ് സംബന്ധിച്ചതും കാലഹരണമോ തെളിവോ സംബന്ധിച്ചതും, അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം, ഒഴിവാക്കലുകൾക്കോ രൂപഭേദങ്ങൾക്കോ വിധേയമായി ബാധകമാക്കുന്നതിനോ ഉള്ളതും ആയ വ്യവസ്ഥകൾ ഉൾപ്പെടെ) അനുപൂരകവും സാന്ദർഭികവും അനന്തരഫലമായുണ്ടാകുന്നതുമായ വ്യവസ്ഥകൾ ഉൾക്കൊള്ളുകയും ,

ചെയ്യാവുന്നതാണ്.

*(5) ഏതെങ്കിലും കേസ്സ് അന്തിമമായി തീർച്ച ചെയ്യുന്ന അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിൻെറ ഉത്തരവ്, സംസ്ഥാന സർക്കാർ, അത് സ്ഥിരീകരിക്കുന്നതിൻമേലോ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ മൂന്നുമാസം അവസാനിക്കുന്നതിൻമേലോ ഏതാണോ ആദ്യം , ആ തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ് :

എന്നാൽ, സംസ്ഥാന സർക്കാരിന് എഴുതി പുറപ്പെടുവിക്കുന്ന പ്രത്യേക ഉത്തരവുവഴി അതിൽ വ്യക്തമാക്കിയിട്ടുള്ള കാരണങ്ങൾക്ക് അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിൻെറ ഒരു ഉത്തരവ്, അത് പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് രൂപഭേദപ്പെടുത്തുകയോ ദുർബലപ്പെടുത്തുകയോ ചെയ്യാവുന്നതും, അങ്ങനെയുള്ള ഒരു സംഗതിയിൽ അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിൻെറ ഉത്തരവിന് അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ പ്രാബല്യം ഇല്ലാതിരിക്കുകയോ, അതതു സംഗതിപോലെ, ചെയ്യുന്നതും ആകുന്നു.

(6) (5)-ാം ഖണ്ഡത്തിൻെറ പരിമിതി വ്യവസ്ഥ പ്രകാരം സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഓരോ പ്രത്യേക ഉത്തരവും, അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം, സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിൻെറ ഇരു സഭകളുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

(7) സംസ്ഥാനത്തിനുള്ള ഹൈക്കോടതിക്ക്, അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിൻെറ കാര്യങ്ങളിൽ മേൽനോട്ടത്തിനുള്ള യാതൊരു അധികാരങ്ങളും ഉണ്ടായിരിക്കുന്നതല്ലാത്തതും, യാതൊരു കോടതിയും (സുപ്രീംകോടതി അല്ലാത്ത) അല്ലെങ്കിൽ ട്രിബ്യൂണലും, അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിൻെറ അധികാരിതയ്ക്കോ അധികാരശക്തിക്കോ അധികാരത്തിനോ വിധേയമായ ഏതെങ്കിലും വിഷയം സംബന്ധിച്ചോ, അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിനെ സംബന്ധിച്ചോ, ഏതെങ്കിലും അധികാരിതയോ അധികാരശക്തിയോ അധികാരമോ പ്രയോഗിക്കാൻ പാടില്ലാത്തതും ആകുന്നു.

* പി. സാംബമൂർത്തിയും മററുള്ളവരും Vs ആന്ധ്രാപ്രദേശ് സംസ്ഥാനവും മറെറാരാളും എന്ന കേസിൽ - 1987 (1) എസ്. സി. സി. പേജ് 362, 371 ഘ അനുച്ഛേദത്തിൻെറ (5)-ാം ഖണ്ഡം പരിമിതി വ്യവസ്ഥ ഉൾപ്പെടെ, ഭരണഘടനാവിരുദ്ധവും അസാധുവുമാണെന്ന് സുപ്രീം കോടതി പ്രഖ്യാപിച്ചു.

(8) അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിൻെറ തുടർന്നുള്ള നിലനില്പ് ആവശ്യമല്ലെന്ന് രാഷ്ട്രപതിക്ക് ബോദ്ധ്യമാവുകയാണെങ്കിൽ, രാഷ്ട്രപതിക്ക്, ഉത്തരവുവഴി അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണൽ നിറുത്തലാക്കുകയും അങ്ങനെ നിറുത്തലാക്കുന്നതിന് തൊട്ടുമുമ്പ് ട്രിബ്യൂണലിൻെറ മുമ്പാകെ നിലവിലിരുന്ന കേസ്സുകൾ മാററുകയും തീർപ്പാക്കുകയും ചെയ്യുന്നതിന്, അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന വ്യവസ്ഥകൾ അങ്ങനെയുള്ള ഉത്തരവിൽ ഉൾപ്പെടുത്താവുന്നതും ആകുന്നു.

(9) ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിൻെറയോ മററു അധികാരസ്ഥാനത്തിൻെറയോ ഏതെങ്കിലും വിധിന്യായമോ ഡിക്രിയോ ഉത്തരവോ ഉണ്ടെന്നിരുന്നാലും,—

(ക) ഏതെങ്കിലും ആളുടെ യാതൊരു നിയമനമോ, പോസ്ററുചെയ്യലോ, ഉദ്യോഗക്കയററമോ, സ്ഥലംമാററമോ—

(i) 1956 നവംബർ 1-ാം തീയതിക്കുമുമ്പ് ആ തീയതിക്കുമുമ്പ് നിലവിലുണ്ടായിരുന്നതുപോലെയുള്ള ഹൈദരാബാദ് നാട്ടു രാജ്യത്തിൻെറ സർക്കാരിൻെറയോ അല്ലെങ്കിൽ ഹൈദരാബാദ് നാട്ടുരാജ്യത്തിനകത്തുള്ള ഏതെങ്കിലും തദ്ദേശാധികാര സ്ഥാനത്തിൻെറയോ കീഴിലുള്ള ഏതെങ്കിലും തസ്തികയിലേക്ക് ചെയ്തിട്ടുള്ളതും ; അല്ലെങ്കിൽ

(ii) 1973-ലെ ഭരണഘടന (മുപ്പത്തിരണ്ടാം ഭേദഗതി) ആക്ററിൻെറ പ്രാരംഭത്തിനുമുമ്പ് ആന്ധ്രാപ്രദേശ് സംസ്ഥാന സർക്കാരിൻെറയോ അല്ലെങ്കിൽ ആന്ധ്രാപ്രദേശ് സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും തദ്ദേശ അധികാര സ്ഥാനത്തിൻെറയോ അല്ലെങ്കിൽ മററധികാരസ്ഥാനത്തിൻെറയോ കീഴിലുള്ള ഏതെങ്കിലും തസ്തികയിലേക്ക് ചെയ്തിട്ടുള്ളതും ;

(ഖ) (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ആളോ അയാളുടെ മുമ്പാകെയോ എടുത്ത യാതൊരു നടപടിയും, ചെയ്ത യാതൊരുകാര്യവും,

അങ്ങനെയുള്ള ആളുടെ നിയമനമോ പോസ്ററു ചെയ്യലോ ഉദ്യോഗക്കയററമോ, സ്ഥലം മാററമോ, അങ്ങനെയുള്ള നിയമനമോ പോസ്ററു ചെയ്യലോ ഉദ്യോഗക്കയററമോ സ്ഥലം മാററമോ സംബന്ധിച്ച്, അതതു സംഗതിപോലെ, ഹൈദരാബാദ് നാട്ടുരാജ്യത്തിനകത്തോ ആന്ധ്രാപ്രദേശ് സംസ്ഥാനത്തിൻെറ ഏതെങ്കിലും ഭാഗത്തിനുള്ളിലോ ഉള്ള താമസം സംബന്ധിച്ച ഏതെങ്കിലും ആവശ്യകതയ്ക്ക് വ്യവസ്ഥ ചെയ്യുന്ന അപ്പോൾ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിന് അനുസൃതമായി ചെയ്തതല്ലെന്നുള്ള കാരണത്താൽ മാത്രം നിയമവിരുദ്ധമോ അസാധുവോ ആണെന്നോ എപ്പോഴെങ്കിലും നിയമവിരുദ്ധമോ അസാധുവോ ആയിരുന്നുവെന്നോ കരുതപ്പെടുന്നതല്ല.

(10) ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്കും അതു പ്രകാരം രാഷ്ട്രപതി പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിലെ വ്യവസ്ഥകൾക്കും ഈ ഭരണഘടനയിലെ മറേറതെങ്കിലും വ്യവസ്ഥയിലോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ ആയിരുന്നാലും, പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**371 ഒ. ആന്ധ്രാപ്രദേശിൽ കേന്ദ്ര സർവ്വകലാശാല സ്ഥാപിക്കൽ**—ആന്ധ്രാപ്രദേശ് സംസ്ഥാനത്ത് ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിന് പാർലമെൻറിന് നിയമം വഴി വ്യവസ്ഥ ചെയ്യാവുന്നതാണ്.]

[1]**[ 371 ച. സിക്കിം സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ**—ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും,—

(ക) സിക്കിം സംസ്ഥാനത്തിൻെറ നിയമസഭ മുപ്പതിൽ കുറയാത്ത അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതും ;

---

[1] 1975-ലെ ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്ററ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (26-4-1975 മുതൽ പ്രാബല്യം).

(ഖ) 1975-ലെ ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്ററിന്റെ പ്രാരംഭത്തീയതി മുതൽ (ഇതിനുശേഷം ഈ അനുച്ഛേദത്തിൽ നിശ്ചിത ദിവസം എന്ന് പരാമർശിച്ചിരിക്കുന്നു)—

(i) 1974 ഏപ്രിലിൽ സിക്കിമിൽ നടത്തിയ തെരഞ്ഞെടുപ്പുകളുടെ ഫലമായി മുൻപറഞ്ഞ തെരഞ്ഞെടുപ്പുകളിൽ തെരഞ്ഞെടുക്കപ്പെട്ട മുപ്പത്തിരണ്ട് അംഗങ്ങളോടു കൂടി (ഇതിൽ ഇതിനുശേഷം നിലവിലുള്ള അംഗങ്ങൾ എന്നു പരാമർശിക്കുന്നു) രൂപീകരിച്ചിട്ടുള്ള സിക്കിമിനുവേണ്ടിയുള്ള നിയമസഭ, സിക്കിം സംസ്ഥാനത്തിന്റെ ഈ ഭരണഘടനപ്രകാരം യഥാവിധി സംഘടിപ്പിച്ച നിയമസഭയായി കരുതപ്പെടുകയും ;

(ii) നിലവിലുള്ള അംഗങ്ങൾ, സിക്കിം സംസ്ഥാന നിയമസഭയുടെ ഈ ഭരണഘടന പ്രകാരം യഥാവിധി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളായി കരുതപ്പെടുകയും ;

(iii) സിക്കിം സംസ്ഥാനത്തിലെ മുൻപറഞ്ഞ നിയമസഭ ഈ ഭരണഘടനപ്രകാരം ഒരു സംസ്ഥാനത്തിന്റെ നിയമസഭയുടെ അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ,

ചെയ്യുന്നതും ;

(ഗ) (ഖ) ഖണ്ഡപ്രകാരം സിക്കിം സംസ്ഥാന നിയമസഭയായി കരുതപ്പെടുന്ന നിയമസഭയുടെ സംഗതിയിൽ 172-ാം അനുച്ഛേദം (1)-ാംഖണ്ഡത്തിലെ[1][അഞ്ചുവർഷ] ക്കാലത്തെപ്പററിയുള്ള പരാമർശങ്ങൾ, [2][നാലുവർഷ]ക്കാലത്തെപ്പററിയുള്ള പരാമർശങ്ങളായി കരുതേണ്ടതും മുൻപറഞ്ഞ [2][നാലുവർഷ]ക്കാലം നിശ്ചിതദിവസം മുതൽ ആരംഭിക്കുന്നതായി കരുതപ്പെടുന്നതും ;

(ഘ) പാർലമെൻറ് നിയമം വഴി മററുവ്യവസ്ഥകൾ ഉണ്ടാക്കുന്നതുവരെ, സിക്കിം സംസ്ഥാനത്തിനു ലോകസഭയിൽ ഒരു സ്ഥാനം തിരിച്ചുവയ്ക്കേണ്ടതും സിക്കിം സംസ്ഥാനം സിക്കിമിനുള്ള പാർലമെൻറ് നിയോജകമണ്ഡലം എന്നു പേരുപറയേണ്ട ഒരൊററ പാർലമെൻറ് നിയോജകമണ്ഡലമാകുന്നതും ;

(ങ) നിശ്ചിത ദിവസം നിലവിലുള്ള ലോകസഭയിലെ സിക്കിം സംസ്ഥാനത്തിന്റെ പ്രതിനിധിയെ സിക്കിം സംസ്ഥാന നിയമസഭയിലെ അംഗങ്ങൾ തെരഞ്ഞെടുക്കേണ്ടതും ;

(ച) പാർലമെൻറിന് സിക്കിമിലെ ജനങ്ങളുടെ വിവിധ വിഭാഗങ്ങളുടെ അവകാശങ്ങളും, താത്പര്യങ്ങളും സംരക്ഷിക്കുന്ന ആവശ്യത്തിന് അങ്ങനെയുള്ള വിഭാഗങ്ങളിൽപ്പെട്ട സ്ഥാനാർത്ഥികളാൽ നികത്തേണ്ട സിക്കിം സംസ്ഥാന നിയമസഭയിലെ സ്ഥാനങ്ങളുടെ എണ്ണത്തിനും അങ്ങനെയുള്ള വിഭാഗങ്ങളിൽപ്പെടുന്ന സ്ഥാനാർത്ഥികൾക്ക് മാത്രം നിൽക്കാവുന്ന നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയത്തിനും വ്യവസ്ഥ ചെയ്യാവുന്നതും ;

(ഛ) സിക്കിമിലെ ഗവർണ്ണർക്ക്, സമാധാനത്തിനും സിക്കിമിലെ ജനങ്ങളുടെ വിവിധ വിഭാഗങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനം ഉറപ്പുവരുത്തുന്നതിനുള്ള നീതി പൂർവ്വകമായ ഏർപ്പാടിനും പ്രത്യേക ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതും, ഈ ഖണ്ഡപ്രകാരം അദ്ദേഹത്തിന്റെ പ്രത്യേക ഉത്തരവാദിത്വം നിറവേററുന്നതിൽ, സിക്കിമിലെ ഗവർണ്ണർ, രാഷ്ട്രപതിക്ക് അപ്പോഴപ്പോൾ പുറപ്പെടുവിക്കുന്നത് യുക്തമെന്ന് തോന്നുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി, സ്വവിവേകം ഉപയോഗിച്ച് പ്രവർത്തിക്കേണ്ടതും ;

---

[1] 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 43-ാം വകുപ്പുപ്രകാരം "ആറുവർഷ" എന്നതിനുപകരം ചേർത്തത് (6-9-1979 മുതൽ പ്രാബല്യം). 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 56-ാം വകുപ്പുപ്രകാരം "അഞ്ചുവർഷ" എന്ന ആദ്യമുണ്ടായിരുന്ന വാക്കുകൾക്കുപകരം "ആറുവർഷ" എന്നീ വാക്കുകൾ ചേർത്തിരുന്നു (3-1-1977 മുതൽ പ്രാബല്യം).

[2] 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്ററ്, 43-ാം വകുപ്പുപ്രകാരം "അഞ്ചുവർഷ" എന്നതിനു പകരം ചേർത്തത് (6-9-1979 മുതൽ പ്രാബല്യം). 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്ററ്, 56-ാം വകുപ്പുപ്രകാരം "നാലുവർഷങ്ങൾ" എന്ന ആദ്യമുണ്ടായിരുന്ന വാക്കുകൾക്കുപകരം "അഞ്ചുവർഷ" എന്നീ വാക്കുകൾ ചേർത്തിരുന്നു (3-1-1977 മുതൽ പ്രാബല്യം).

(ജ) നിശ്ചിത ദിവസത്തിന് തൊട്ടുമുമ്പ് സിക്കിം സർക്കാരിലോ സിക്കിം സർക്കാരിൻെറ ആവശ്യങ്ങളിലേക്കായി മറേറതെങ്കിലും അധികാരസ്ഥാനത്തിലോ ഏതെങ്കിലും ആളിലോ നിക്ഷിപ്തമായിരുന്ന, (സിക്കിം സംസ്ഥാനത്തിൽ ഉൾപ്പെട്ട ഭൂപ്രദേശങ്ങളുടെ അകത്തോ പുറത്തോ ഉള്ള) എല്ലാ വസ്തുവും ആസ്തികളും നിശ്ചിത ദിവസം മുതൽ സിക്കിം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാകുന്നതും ;

(ഝ) സിക്കിം സംസ്ഥാനത്തിൽപ്പെട്ട ഭൂപ്രദേശങ്ങളിൽ നിശ്ചിത ദിവസത്തിന് തൊട്ടുമുമ്പ്, ഹൈക്കോടതി എന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഹൈക്കോടതി നിശ്ചിത ദിവസത്തിലും അതുമുതൽക്കും സിക്കിം സംസ്ഥാനത്തിനുള്ള ഹൈക്കോടതിയായി കരുതപ്പെടുന്നതും ;

(ഞ) നിശ്ചിത ദിവസത്തിലും അതുമുതൽക്കും സിക്കിം സംസ്ഥാനത്തിൻെറ ഭൂപ്രദേശത്ത് എവിടെയുമുള്ള സിവിലും ക്രിമിനലും റവന്യൂവും ആയ അധികാരിതയുള്ള എല്ലാ കോടതികളും ജുഡിഷ്യലും എക്സിക്യൂട്ടീവും മിനിസ്ററീരിയലും ആയ എല്ലാ അധികാരസ്ഥാനങ്ങളും എല്ലാ ഉദ്യോഗസ്ഥൻമാരും ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി, അവർ അവരവരുടെ ചുമതലകൾ തുടർന്നും നിർവ്വഹിക്കേണ്ടതും ;

(ട) സിക്കിം സംസ്ഥാനത്തിൽ ഉൾപ്പെടുന്ന ഭൂപ്രദേശങ്ങളിലോ അവയുടെ ഏതെങ്കിലും ഭാഗത്തോ നിശ്ചിത ദിവസത്തിന് തൊട്ടുമുമ്പ് പ്രാബല്യത്തിലിരുന്ന എല്ലാ നിയമങ്ങളും, ക്ഷമതയുള്ള ഒരു നിയമനിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മററ് അധികാരസ്ഥാനമോ ഭേദഗതി ചെയ്യുകയോ, റദ്ദാക്കുകയോ ചെയ്യുന്നതുവരെ, അവിടെ പ്രാബല്യത്തിൽ തുടരുന്നതും ;

(ഠ) (ട) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ളതുപോലെയുള്ള ഏതെങ്കിലും നിയമം സിക്കിം സംസ്ഥാനത്തിൻെറ ഭരണം സംബന്ധിച്ച് ബാധകമാക്കുന്നത് സൗകര്യപ്പെടുത്തുന്നതിനും അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ ഈ ഭരണഘടനയിലെ വ്യവസ്ഥകളോടു പൊരുത്തപ്പെടുത്തുന്നതിനും വേണ്ടി രാഷ്ട്രപതിക്ക്, നിശ്ചിത ദിവസം മുതൽ രണ്ടുവർഷത്തിനകം, ഉത്തരവുവഴി, റദ്ദാക്കലോ ഭേദഗതിയോ വഴി ആ നിയമത്തിന് ആവശ്യമോ യുക്തമോ ആയ അനുയോജനങ്ങളും രൂപഭേദങ്ങളും വരുത്താവുന്നതും, അതോടെ, അങ്ങനെയുള്ള ഏതൊരു നിയമത്തിനും, അപ്രകാരം ഉണ്ടാക്കിയ അനുയോജനങ്ങൾക്കും രൂപഭേദങ്ങൾക്കും വിധേയമായി, പ്രാബല്യം ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ഏതെങ്കിലും അനുയോജനമോ രൂപഭേദമോ യാതൊരു നീതിന്യായ കോടതിയിലും ചോദ്യം ചെയ്യുവാൻ പാടില്ലാത്തതും ;

(ഡ) സുപ്രീംകോടതിക്കോ മറേറതെങ്കിലും കോടതിക്കോ സിക്കിമിനെ സംബന്ധിക്കുന്നതും നിശ്ചിത ദിവസത്തിനുമുമ്പ് ഉണ്ടാക്കുകയോ ഒപ്പിട്ട് പൂർത്തീകരിക്കുകയോ ചെയ്തിട്ടുള്ളതും ഭാരത സർക്കാരോ അതിൻെറ ഏതെങ്കിലും മുൻഗാമി സർക്കാരോ കക്ഷിയായിരുന്നതും ആയ ഏതെങ്കിലും സന്ധിയിലോ കരാറിലോ ഉടമ്പടിയിലോ അതുപോലുള്ള മററ് പ്രമാണങ്ങളിലോ നിന്നുത്ഭവിക്കുന്ന ഏതെങ്കിലും തർക്കമോ മററ് വിഷയമോ സംബന്ധിച്ച് അധികാരിത ഉണ്ടായിരിക്കുന്നതല്ലാത്തതും, എന്നാൽ ഈ ഖണ്ഡത്തിലെ യാതൊന്നും 143-ാം അനുച്ഛേദത്തിലെ വ്യവസ്ഥകളിൽ നൽകിയിട്ടുള്ള അധികാരത്തിന് ഭംഗം വരുത്തുന്നതായി കരുതാൻ പാടില്ലാത്തതും ;

(ഢ) രാഷ്ട്രപതിക്ക്, പൊതുവിജ്ഞാപനം വഴി, വിജ്ഞാപനത്തീയതിയിൽ ഭാരതത്തിലെ ഒരു സംസ്ഥാനത്ത് പ്രാബല്യത്തിലിരിക്കുന്ന ഏതു നിയമവും, യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള പരിമിതികളോടും രൂപഭേദങ്ങളോടുംകൂടി, സിക്കിം സംസ്ഥാനത്തേക്ക് വ്യാപിപ്പിക്കാവുന്നതും ;

(ണ) ഈ അനുച്ഛേദത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ ഏതിനെങ്കിലും പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വിഷമത ഉണ്ടാകുന്നുവെങ്കിൽ, രാഷ്ട്രപതിക്ക് * ഉത്തരവുവഴി

*. ഭരണഘടന (വിഷമതകൾ നീക്കം ചെയ്യാൻ) ഉത്തരവ് XI (സി. ഒ. 99) കാണുക.

ആ വിഷമത നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് തോന്നുന്ന (മററേതെങ്കിലും അനുച്ഛേദത്തിൻെറ ഏതെങ്കിലും അനുയോജനമോ രൂപഭേദപ്പെടുത്തലോ ഉൾപ്പടെ) എന്തും ചെയ്യാവുന്നതും :

എന്നാൽ, നിശ്ചിത ദിവസം മുതൽ രണ്ടുവർഷം അവസാനിച്ചതിനുശേഷം അങ്ങനെയുള്ള യാതൊരുത്തരവും പുറപ്പെടുവിക്കാൻ പാടില്ലാത്തതും ;

(ത) നിശ്ചിത ദിവസം ആരംഭിക്കുന്നതും 1975-ലെ ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്ററിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുന്ന തീയതിക്കു തൊട്ടുമുമ്പ് അവസാനിക്കുന്നതും ആയ കാലത്ത്, സിക്കിം സംസ്ഥാനത്തിലോ അതിൽ ഉൾപ്പെടുന്ന ഭൂപ്രദേശങ്ങളിലോ, അവ സംബന്ധിച്ചോ, ചെയ്യുന്ന എല്ലാ കാര്യങ്ങളും , എടുക്കുന്ന എല്ലാ നടപടികളും, അവ 1975-ലെ ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്ററ് വഴി ഭേദഗതി ചെയ്ത ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് അനുരൂപമായിരിക്കുന്നിടത്തോളം, എല്ലാ ആവശ്യങ്ങൾക്കും,

അപ്രകാരം ഭേദഗതി ചെയ്ത ഈ ഭരണഘടന പ്രകാരം സാധുവായി ചെയ്തതോ എടുത്തതോ ആയി കരുതപ്പെടുന്നതും, ആകുന്നു.]

[1][371 ഛ. **മിസ്സോറാം സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ**—ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും ,—

(ക) (i) മിസ്സോകളുടെ മതപരമോ സാമൂഹികമോ ആയ അനുഷ്ഠാനങ്ങൾ ;

(ii) മിസ്സോ ആചാരാധിഷ്ഠിത നിയമവും നടപടി ക്രമവും ;

(iii) മിസ്സോ ആചാരാധിഷ്ഠിത നിയമം അനുസരിച്ചുള്ള തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന സിവിലും ക്രിമിനലുമായ നീതിന്യായഭരണം ;

(iv) ഭൂമിയുടെ ഉടമസ്ഥതയും കൈമാററവും ,

ഇവ സംബന്ധിച്ച പാർലമെൻറിൻെറ യാതൊരു ആക്ററും മിസ്സോറാമിലെ നിയമസഭ ഒരു പ്രമേയം വഴി ആ സംസ്ഥാനത്തിന് ബാധകമാകുമെന്ന് തീരുമാനിക്കാത്തപക്ഷം, മിസ്സോറാം സംസ്ഥാനത്തിന് ബാധകമാകുന്നതല്ല :

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും 1986-ലെ ഭരണഘടന (അൻപത്തിമൂന്നാം ഭേദഗതി) ആക്ററിൻെറ പ്രാരംഭത്തിന് തൊട്ടുമുമ്പ് മിസ്സോറാം യൂണിയൻ പ്രദേശത്ത് പ്രാബല്യത്തിൽ ഇരുന്നിരുന്ന ഏതെങ്കിലും കേന്ദ്ര ആക്ററിനെ ബാധിക്കുന്നതല്ല.

(ഖ) മിസ്സോറാം സംസ്ഥാനത്തിൻെറ നിയമസഭ നാൽപ്പതിൽ കുറയാത്ത അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്.]

[2][371 ജ. **അരുണാചൽപ്രദേശ് സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ**—ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും,—

(ക) അരുണാചൽപ്രദേശത്തെ ഗവർണ്ണർക്ക് അരുണാചൽപ്രദേശ് സംസ്ഥാനത്തിലെ നിയമസമാധാനം സംബന്ധിച്ച് പ്രത്യേകമായ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതും അത് സംബന്ധിച്ചുള്ള ചുമതലകൾ നിർവ്വഹിക്കാൻ എടുക്കേണ്ട നടപടിയെപ്പററി ഗവർണ്ണർ മന്ത്രിസഭയുമായി ആലോചിച്ചതിനുശേഷം തൻെറ വ്യക്തിപരമായ വിവേചനം പ്രയോഗിക്കേണ്ടതും ആകുന്നു :

1. 1986-ലെ ഭരണഘടന (അൻപത്തിമൂന്നാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).
2. 1986-ലെ ഭരണഘടന (അമ്പത്തഞ്ചാം ഭേദഗതി) ആക്ററ്, 2-ാംവകുപ്പുപ്രകാരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).

എന്നാൽ, ഏതെങ്കിലും സംഗതി ഈ ഖണ്ഡപ്രകാരം ഗവർണ്ണർ തന്റെ വ്യക്തിപരമായ തീരുമാനം പ്രയോഗിച്ച് നടത്തേണ്ട സംഗതിയാണോ അല്ലയോ എന്നത് സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടാകുന്നപക്ഷം, ഗവർണ്ണറുടെ വിവേകം അനുസരിച്ചുള്ള തീരുമാനം അന്തിമമായിരിക്കുന്നതും, ഗവർണ്ണർ ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുത, അത് ഗവർണ്ണർ അദ്ദേഹത്തിന്റെ വ്യക്തിപരമായ തീരുമാനം പ്രയോഗിച്ച് ചെയ്യേണ്ടത് ആയിരുന്നുവെന്നോ അല്ലായിരുന്നുവെന്നോ ഉള്ള കാരണത്തിൻമേൽ ചോദ്യം ചെയ്യാൻ പാടില്ലാത്തതും ആകുന്നു:

എന്നുമാത്രമല്ല, ഗവർണ്ണറുടെ ഒരു റിപ്പോർട്ട് ലഭിക്കുന്നതിൻമേലോ മററുവിധത്തിലോ അരുണാചൽ പ്രദേശ് സംസ്ഥാനത്തിലെ നിയമസമാധാനം സംബന്ധിച്ച് ഗവർണ്ണർക്ക് പ്രത്യേക ഉത്തരവാദിത്വം മേലിൽ ഉണ്ടായിരിക്കേണ്ട ആവശ്യമില്ലെന്ന് രാഷ്ട്രപതിക്ക് ബോദ്ധ്യമാകുന്നപക്ഷം, അദ്ദേഹത്തിന് ഉത്തരവ് വഴി, ആ ഉത്തരവിൽ പറയാവുന്ന തീയതി മുതൽ ഗവർണ്ണർക്ക് അങ്ങിനെയുള്ള ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ലെന്ന് നിർദ്ദേശിക്കാവുന്നതാണ് ;

(ഖ) അരുണാചൽപ്രദേശ് സംസ്ഥാനത്തെ നിയമസഭ മുപ്പതിൽ കുറയാത്ത അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്.]

[1][**371 ഝ. ഗോവ സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ**—ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, ഗോവ സംസ്ഥാനത്തെ നിയമസഭ മുപ്പതിൽ കുറയാത്ത അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്. ]

**372. നിലവിലുള്ള നിയമങ്ങൾ പ്രാബല്യത്തിൽ തുടരുന്നതും അവയുടെ അനുയോജനവും**—(1) 395-ാം അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള നിയമങ്ങൾ ഈ ഭരണഘടനവഴി റദ്ദാക്കിയിട്ടുണ്ട് എന്നിരുന്നാലും, ഈ ഭരണഘടനയിലെ മററ് വ്യവസ്ഥകൾക്ക് വിധേയമായി ഈ ഭരണഘടനയുടെ പ്രാരംഭത്തിനു തൊട്ടുമുമ്പ് ഭാരതത്തിന്റെ ഭൂപ്രദേശത്ത് പ്രാബല്യത്തിലിരുന്ന എല്ലാ നിയമങ്ങളും, ക്ഷമതയുള്ള ഒരു നിയമനിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മററ് അധികാര സ്ഥാനമോ വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുന്നതുവരെ അതിനുള്ളിൽ പ്രാബല്യത്തിൽ തുടരുന്നതാകുന്നു.

(2) ഭാരതത്തിന്റെ ഭൂപ്രദേശത്ത് പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളെ ഈ ഭരണഘടനയിലെ വ്യവസ്ഥകളോട് പൊരുത്തപ്പെടുത്തുന്നതിന് രാഷ്ട്രപതിക്ക് ഉത്തരവു*വഴി റദ്ദാക്കലോ ഭേദഗതിയോ വഴി അങ്ങനെയുള്ള നിയമത്തിന് ആവശ്യകമോ യുക്തമോ ആയ അങ്ങനെയുള്ള അനുയോജനങ്ങളും രൂപഭേദങ്ങളും ഉണ്ടാക്കാവുന്നതും, ആ നിയമത്തിന് ആ ഉത്തരവിൽ നിർദ്ദേശിക്കാവുന്ന തീയതിമുതൽ അപ്രകാരം ഉണ്ടാക്കിയ അനുയോജനങ്ങൾക്കും രൂപഭേദങ്ങൾക്കും വിധേയമായി പ്രഭാവമുണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും അനുയോജനമോ രൂപഭേദമോ യാതൊരു നിയമക്കോടതിയിലും ചോദ്യം ചെയ്യുവാൻ പാടില്ലാത്തതും ആകുന്നു.

(3) (2)-ാം ഖണ്ഡത്തിലെ യാതൊന്നും—

---

[1] 1987-ലെ ഭരണഘടന (അമ്പത്താറാം ഭേദഗതി) ആക്റ്റ്, 2-ാംവകുപ്പുപ്രകാരം ചേർത്തത് (30-5-1987 മുതൽ പ്രാബല്യം).

*. 1950 ജൂൺ 5-ാം തീയതിയിലെ ഭാരത സർക്കാർ ഗസററ് അസാധാരണം II-ാം ഭാഗം 3-ാം വകുപ്പ് 51-ാം പേജിലെ എസ്. ആർ. ഒ. നമ്പർ 115-ാം നമ്പർ വിജ്ഞാപനവും, 1950 നവംബർ 4-ാം തീയതിയിലെ ഭാരത സർക്കാർ ഗസററ് അസാധാരണം II-ാം ഭാഗം 3-ാം വകുപ്പ് 903-ാം പേജിലെ എസ്. ആർ. ഒ. 870-ാം നമ്പർ വിജ്ഞാപനവും, 1951 ഏപ്രിൽ 4-ാം തീയതിയിലെ ഭാരത ഗസററ് അസാധാരണം II-ാം ഭാഗം 3-ാം വകുപ്പ് 287-ാം പേജിലെ എസ്. ആർ. ഒ. 508-ാം നമ്പർ വിജ്ഞാപനവും, 1952 ജൂലായ് 2-ാം തീയതിയിലെ ഭാരത ഗസററ് അസാധാരണം II-ാം ഭാഗം 3-ാം വകുപ്പ് 616/I-ാം പേജിലെ എസ്. ആർ. ഒ. 1140- ബി നമ്പർ വിജ്ഞാപനവും, 1952 നവംബർ 20-ാം തീയതിയിലെ ഭാരത ഗസററ്, അസാധാരണം II-ാം ഭാഗം 3-ാം വകുപ്പ്, 923-ാം പേജിലെ, 1952-ലെ തിരുവിതാംകൂർ-കൊച്ചി വസ്തു ആർജ്ജന നിയമങ്ങളുടെ അനുവർത്തന ഉത്തരവുംവഴി ഭേദഗതി ചെയ്ത 1950 ജനുവരി 26-ാം തീയതിയിലെ ഭാരത സർക്കാർ ഗസററ്, അസാധാരണം 449-ാം പേജിലെ 1950-ലെ അനുവർത്തന നിയമങ്ങൾ ഉത്തരവ് കാണുക.

(ക) ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ [1][മൂന്നുവർഷം] കഴിഞ്ഞതിനുശേഷം ഏതെങ്കിലും നിയമത്തിൻെറ ഏതെങ്കിലും അനുയോജനമോ രൂപഭേദമോ ഉണ്ടാക്കുവാൻ രാഷ്ട്രപതിയെ അധികാരപ്പെടുത്തുന്നതായോ ; അല്ലെങ്കിൽ

(ഖ) മേൽപ്പറഞ്ഞ ഖണ്ഡപ്രകാരം രാഷ്ട്രപതി അനുയോജനം ചെയ്തതോ രൂപഭേദം വരുത്തിയിട്ടുള്ളതോ ആയ ഏതെങ്കിലും നിയമം റദ്ദാക്കുന്നതിൽ നിന്നോ ഭേദഗതി ചെയ്യുന്നതിൽ നിന്നോ ക്ഷമതയുള്ള ഏതെങ്കിലും നിയമനിർമ്മാണമണ്ഡലത്തെയോ ക്ഷമതയുള്ള മററ് അധികാരസ്ഥാനത്തെയോ തടയുന്നതായോ,

കരുതപ്പെടുന്നതല്ല.

*വിശദീകരണം* I—ഈ അനുച്ഛേദത്തിൽ "പ്രാബല്യത്തിലിരിക്കുന്ന നിയമം" എന്ന പ്രയോഗത്തിൽ, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് മുമ്പ് ഭാരതത്തിൻെറ ഭൂപ്രദേശത്തിനകത്തുള്ള ഒരു നിയമനിർമ്മാണ മണ്ഡലമോ ക്ഷമതയുള്ള മററ് അധികാരസ്ഥാനമോ പാസ്സാക്കിയതോ ഉണ്ടാക്കിയതോ ആയതും മുമ്പ് റദ്ദാക്കിയിട്ടില്ലാത്തതും ആയ ഒരു നിയമം, അതോ അതിൻെറ ഭാഗങ്ങളോ ഒട്ടുംതന്നെയോ അല്ലെങ്കിൽ പ്രത്യേക പ്രദേശങ്ങളിലോ, അപ്പോൾ പ്രവർത്തനത്തിൽ അല്ല എന്നിരുന്നാലും, ഉൾപ്പെടുന്നതാണ്.

*വിശദീകരണം* II—ഭാരതത്തിൻെറ ഭൂപ്രദേശത്തിനകത്തുള്ള ഒരു നിയമനിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മററ് അധികാരസ്ഥാനമോ പാസ്സാക്കിയതോ ഉണ്ടാക്കിയതോ ആയതും ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഭാരതത്തിൻെറ ഭൂപ്രദേശത്തിനകത്തും കൂടാതെ ആ പ്രദേശത്തിനപ്പുറത്തും പ്രഭാവം ഉണ്ടായിരുന്നതും, ആയ ഏതെങ്കിലും നിയമത്തിനും, മുൻപറഞ്ഞ പ്രകാരമുള്ള അങ്ങനെയുള്ള ഏതെങ്കിലും അനുയോജനങ്ങൾക്കും രൂപഭേദങ്ങൾക്കും വിധേയമായി, ഭാരതത്തിന്റെ ഭൂപ്രദേശത്തിനപ്പുറത്ത് തുടർന്നും പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

*വിശദീകരണം* III—ഈ അനുച്ഛേദത്തിലെ യാതൊന്നും, ഏതെങ്കിലും താൽക്കാലിക നിയമത്തെ, അതിൻെറ കാലാവധി അവസാനിക്കുന്നതിന് നിജപ്പെടുത്തിയിട്ടുള്ള തീയതിക്കോ ഈ ഭരണഘടന പ്രാബല്യത്തിൽ വന്നിരുന്നില്ലെങ്കിൽ കാലാവധി അവസാനിക്കുമായിരുന്ന തീയതിക്കോ അപ്പുറം പ്രാബല്യത്തിൽ തുടരുന്നതായി, കരുതാവുന്നതല്ല.

*വിശദീകരണം* IV—ഒരു പ്രവിശ്യയുടെ ഗവർണ്ണർ 1935-ലെ ഗവൺമെൻറ് ഓഫ് ഇൻഡ്യാ ആക്ററ്, 88-ാം വകുപ്പുപ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതും ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് പ്രവർത്തനത്തിലിരുന്നതും ആയ ഒരു ഓർഡിനൻസ്, തൽസ്ഥാനീയ സംസ്ഥാനത്തെ ഗവർണ്ണർ അതിനു മുമ്പ് പിൻവലിച്ചിട്ടില്ലാത്തപക്ഷം, ഭരണഘടനയുടെ പ്രാരംഭത്തിനുശേഷം 382-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം പ്രവർത്തിക്കുന്ന, ആ സംസ്ഥാനത്തെ നിയമസഭയുടെ ഒന്നാമത്തെ യോഗം ചേർന്ന് ആറ് ആഴ്ച കഴിയുമ്പോൾ പ്രവർത്തനരഹിതമായിത്തീരുന്നതും ഈ അനുച്ഛേദത്തിലെ യാതൊന്നും മേൽപ്പറഞ്ഞ കാലാവധിക്കപ്പുറം അങ്ങനെയുള്ള ഏതെങ്കിലും ഓർഡിനൻസ് പ്രാബല്യത്തിൽ തുടരുന്നതായി കരുതുവാൻ പാടില്ലാത്തതും ആകുന്നു.

[2]**[372 ക. നിയമങ്ങൾ അനുയോജനം ചെയ്യുന്നതിന് രാഷ്ട്രപതിക്കുള്ള അധികാരം**—(1) 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററിൻെറ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഭാരതത്തിലോ അതിൻെറ ഏതെങ്കിലും ഭാഗത്തോ പ്രാബല്യത്തിൽ ഇരുന്ന, ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളെ ആ ആക്ററുവഴി, ഭേദഗതി ചെയ്ത ഈ ഭരണഘടനയിലെ വ്യവസ്ഥകളോട് പൊരുത്തപ്പെടുത്തുന്നതിന് രാഷ്ട്രപതിക്ക്, 1957 നവംബർ ഒന്നാം തീയതിക്കുമുമ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിനാൽ* റദ്ദാക്കലോ ഭേദഗതിയോ വഴി നിയമത്തിന് ആവശ്യവും യുക്തവും ആയ അങ്ങനെയുള്ള അനുയോജനങ്ങളും രൂപഭേദങ്ങളും ഉണ്ടാക്കാവുന്നതും, ആ നിയമത്തിന് ആ ഉത്തരവിൽ നിർദ്ദേശിക്കാവുന്ന തീയതി മുതൽ, അപ്രകാരം ഉണ്ടാക്കിയ അനുയോജനങ്ങൾക്കും രൂപഭേദങ്ങൾക്കും വിധേയമായി, പ്രഭാവം ഉണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും അനുയോജനമോ രൂപഭേദമോ, യാതൊരു നിയമക്കോടതിയിലും ചോദ്യം ചെയ്യുവാൻ പാടില്ലാത്തതും ആകുന്നു.

1. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്ററ്, 12-ാം വകുപ്പു പ്രകാരം "രണ്ടുവർഷം" എന്നതിന് പകരം ചേർത്തത്.

2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 23-ാം വകുപ്പുപ്രകാരം ചേർത്തത്.

*. z1956-ലെയും 1957-ലെയും അനുവർത്തന നിയമങ്ങളുടെ ഉത്തരവുകൾ കാണുക.

(2) (1)-ാം ഖണ്ഡത്തിലുള്ള യാതൊന്നും മേൽപ്പറഞ്ഞ ഖണ്ഡപ്രകാരം രാഷ്ട്രപതി അനുയോജനം ചെയ്തതോ രൂപഭേദം വരുത്തിയതോ ആയ ഏതെങ്കിലും നിയമം റദ്ദാക്കുന്നതിൽ നിന്നോ ഭേദഗതി ചെയ്യുന്നതിൽ നിന്നോ ക്ഷമതയുള്ള ഒരു നിയമനിർമ്മാണമണ്ഡലത്തെയോ ക്ഷമതയുള്ള മററ് അധികാരസ്ഥാനത്തെയോ തടയുന്നതായി കരുതുവാൻ പാടുള്ളതല്ല.]

**373. ചിലസംഗതികളിൽ നിവാരണ തടങ്കലിലുള്ള ആളുകളെ സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിക്കുവാൻ രാഷ്ട്രപതിക്കുള്ള അധികാരം**—22-ാം അനുച്ഛേദം (7)-ാം ഖണ്ഡപ്രകാരം പാർലമെൻറ് വ്യവസ്ഥ ചെയ്യുകയോ അല്ലെങ്കിൽ ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ ഒരു വർഷം കഴിയുകയോ, ഇവയിൽ ഏത് ആദ്യം സംഭവിക്കുന്നുവോ അതുവരെ, മേൽപ്പറഞ്ഞ അനുച്ഛേദത്തിന്, അതിൻെറ (4)-ഉം (7)-ഉം ഖണ്ഡങ്ങളിൽ പാർലമെൻറിനെപ്പററിയുള്ള ഏതെങ്കിലും പരാമർശങ്ങൾക്കു പകരം രാഷ്ട്രപതിയെപ്പററിയുള്ള പരാമർശം ചേർത്തിരുന്നാൽ എന്നപോലെയും ആ ഖണ്ഡങ്ങളിൽ പാർലമെൻറ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തെപ്പററിയുള്ള പരാമർശത്തിന് പകരം രാഷ്ട്രപതി പുറപ്പെടുവിക്കുന്ന ഒരു ഉത്തരവിനെപ്പററിയുള്ള പരാമർശം ചേർത്തിരുന്നാൽ എന്നപോലെയും പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

**374. ഫെഡറൽ കോടതിയിലെ ജഡ്ജിമാരെയും ഫെഡറൽ കോടതിയിലോ ഹിസ് മജസ്ററി-ഇൻ-കൗൺസിൽ മുമ്പാകെയോ നിലവിലിരിക്കുന്ന നടപടികളെയും സംബന്ധിച്ച വ്യവസ്ഥകൾ**—(1) ഈ ഭരണഘടനയുടെ പ്രാരംഭത്തിനു തൊട്ടുമുമ്പ് ഉദ്യോഗത്തിലിരുന്ന ഫെഡറൽ കോടതിയിലെ ജഡ്ജിമാർ, അവർ മററു വിധത്തിൽ ഹിതം പ്രകടിപ്പിച്ചിട്ടില്ലാത്തപക്ഷം, അങ്ങനെയുള്ള പ്രാരംഭത്തിൽ സുപ്രീംകോടതിയിലെ ജഡ്ജിമാരായിത്തീരുന്നതും, അപ്പോൾ 125-ാം അനുച്ഛേദത്തിൽ സുപ്രീംകോടതിയിലെ ജഡ്ജിമാരെ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ള അങ്ങനെയുള്ള ശമ്പളങ്ങൾക്കും ബത്തകൾക്കും, അവധിയും പെൻഷനും സംബന്ധിച്ച അങ്ങനെയുള്ള അവകാശങ്ങൾക്കും, അവകാശമുള്ളവരായിത്തീരുന്നതും ആകുന്നു.

(2) ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ ഫെഡറൽ കോടതിയിൽ നിലവിലിരുന്ന സിവിലോ ക്രിമിനലോ ആയ എല്ലാ വ്യവഹാരങ്ങളും അപ്പീലുകളും നടപടികളും സുപ്രീംകോടതിയിലേക്ക് നീക്കിയിരിക്കുന്നതും, സുപ്രീം കോടതിക്ക് അവ കേൾക്കുവാനും തീർച്ച ചെയ്യുവാനും അധികാരിത ഉണ്ടായിരിക്കുന്നതും, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് മുമ്പ് ഫെഡറൽ കോടതി പ്രസ്താവിച്ചിട്ടുള്ളതോ പുറപ്പെടുവിച്ചിട്ടുള്ളതോ ആയ വിധിന്യായങ്ങൾക്കും ഉത്തരവുകൾക്കും അവ സുപ്രീം കോടതി പ്രസ്താവിച്ചതോ പുറപ്പെടുവിച്ചതോ ആയിരുന്നാൽ എന്നപോലെ പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതും ആകുന്നു.

(3) ഈ ഭരണഘടനയിലെ യാതൊന്നും, ഭാരതത്തിൻെറ ഭൂപ്രദേശത്തിനകത്തുള്ള ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായമോ ഡിക്രിയോ ഉത്തരവോ സംബന്ധിച്ചോ അവയിൽ നിന്നോ ഉള്ള അപ്പീലുകളും ഹർജികളും തീർച്ചചെയ്യുവാൻ ഹിസ് മജസ്ററി- ഇൻ-കൗൺസിലിനുള്ള അധികാരിതയുടെ പ്രയോഗത്തെ, അങ്ങനെയുള്ള അധികാരിതയുടെ പ്രയോഗം നിയമം വഴി അധികൃതമാക്കിയിട്ടുള്ളത്ര, അസാധുവാക്കിത്തീർക്കുന്നതല്ലാത്തതും, ഈ ഭരണഘടനയുടെ പ്രാരംഭത്തിനുശേഷം അങ്ങനെയുള്ള ഏതെങ്കിലും അപ്പീലിലോ ഹർജ്ജിയിലോ ഹിസ് മജസ്ററി-ഇൻ-കൗൺസിൽ പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിന് ഈ ഭരണഘടനവഴി, സുപ്രീംകോടതിക്ക് നൽകിയിട്ടുള്ള അധികാരിതയുടെ പ്രയോഗത്തിൽ ആ കോടതി പുറപ്പെടുവിച്ച ഉത്തരവോ ഡിക്രിയോ ആയിരുന്നാൽ എന്നപോലെ, എല്ലാ ആവശ്യങ്ങൾക്കും, പ്രഭാവം ഉണ്ടായിരിക്കുന്നതും, ആകുന്നു.

(4) ഈ ഭരണഘടനയുടെ പ്രാരംഭത്തിലും അതുമുതൽക്കും, ഒന്നാം പട്ടികയിലെ ഖ ഭാഗത്ത് പറഞ്ഞിട്ടുള്ള ഒരു സംസ്ഥാനത്തെ പ്രിവി കൗൺസിലായി പ്രവർത്തിക്കുന്ന അധികാരസ്ഥാനത്തിന് ആ സംസ്ഥാനത്തെ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായമോ ഡിക്രിയോ ഉത്തരവോ സംബന്ധിച്ചോ അവയിൽനിന്നോ ഉള്ള അപ്പീലുകളും ഹർജികളും, സ്വീകരിക്കുന്നതിനും തീർച്ചചെയ്യുന്നതിനും ഉള്ള അധികാരിത ഇല്ലാതായിത്തീരുന്നതും മേൽപ്പറഞ്ഞ അധികാരസ്ഥാനത്തിൻെറ മുമ്പാകെ അങ്ങനെയുള്ള പ്രാരംഭത്തിൽ നിലവിലിരിക്കുന്ന എല്ലാ അപ്പീലുകളും മററു നടപടികളും സുപ്രീം കോടതിയിലേക്ക് മാറേറണ്ടതും സുപ്രീം കോടതി തീർച്ച ചെയ്യേണ്ടതും ആകുന്നു.

(5) ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിന് പാർലമെൻറിന് നിയമംവഴി കൂടുതൽ വ്യവസ്ഥ ഉണ്ടാക്കാവുന്നതാണ്.

**375. ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി കോടതികളും അധികാര സ്ഥാനങ്ങളും ഉദ്യോഗസ്ഥൻമാരും പ്രവർത്തിക്കുന്നത് തുടരണമെന്ന്**—ഭാരതത്തിൻെറ ഭൂപ്രദേശത്ത് എവിടെയുമുള്ള സിവിലും ക്രിമിനലും റവന്യൂവും അധികാരിതയുള്ള എല്ലാ കോടതികളും, ജുഡീഷ്യലും എക്സിക്യൂട്ടീവും മിനിസ്ററീരിയലും ആയ എല്ലാ അധികാരസ്ഥാനങ്ങളും എല്ലാ ഉദ്യോഗസ്ഥൻമാരും ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി അവരുടെ യഥാക്രമമുള്ള ചുമതലകൾ നിർവ്വഹിക്കുന്നത് തുടരേണ്ടതാണ്.

**376. ഹൈക്കോടതികളിലെ ജഡ്ജിമാരെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ**—(1) 217-ാം അനുച്ഛേദം (2) -ാം ഖണ്ഡത്തിൽ എന്തുതന്നെ ആയിരുന്നാലും, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഉദ്യോഗത്തിലിരുന്ന ഏതെങ്കിലും പ്രവിശ്യയുടെ ഒരു ഹൈക്കോടതിയിലെ ജഡ്ജിമാർ, അവർ മററു വിധത്തിൽ ഹിതം പ്രകടിപ്പിച്ചിട്ടില്ലാത്ത പക്ഷം, അങ്ങനെയുള്ള പ്രാരംഭത്തിൽ തൽസ്ഥാനീയ സംസ്ഥാനത്തിൻെറ ഹൈക്കോടതിയിലെ ജഡ്ജിമാരായിത്തീരുന്നതും, അപ്പോൾ 221-ാം അനുച്ഛേദത്തിൽ അങ്ങനെയുള്ള ഹൈക്കോടതിയിലെ ജഡ്ജിമാരെ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ള അങ്ങനെയുള്ള ശമ്പളങ്ങൾക്കും ബത്തകൾക്കും, അവധിയും പെൻഷനും സംബന്ധിച്ച അങ്ങനെയുള്ള അവകാശങ്ങൾക്കും, അവകാശമുള്ളവരായിത്തീരുന്നതും ആകുന്നു. [1][അങ്ങനെയുള്ള ഏതെങ്കിലും ജഡ്ജി, അദ്ദേഹം ഭാരതത്തിലെ ഒരു പൗരനല്ലെന്നിരുന്നാൽത്തന്നെയും, അങ്ങനെയുള്ള ഹൈക്കോടതിയിലെ ചീഫ് ജസ്ററിസായോ അല്ലെങ്കിൽ വേറെ ഏതെങ്കിലും ഹൈക്കോടതിയിലെ ചീഫ് ജസ്ററിസായോ മററു ജഡ്ജിയായോ നിയമിക്കപ്പെടുവാൻ അർഹനായിരിക്കുന്നതാണ്.]

(2) ഈ ഭരണഘടനയുടെ പ്രാരംഭത്തിനു തൊട്ടു മുമ്പ് ഒന്നാം പട്ടികയിലെ ഖ ഭാഗത്ത് പറഞ്ഞിട്ടുള്ള ഏതെങ്കിലും സംസ്ഥാനത്തിന്റെ സ്ഥാനത്തുള്ള ഒരു നാട്ടുരാജ്യത്തിലെ ഹൈക്കോടതിയിലെ ജഡ്ജിമാർ, അവർ മററു വിധത്തിൽ ഹിതം പ്രകടിപ്പിച്ചിട്ടില്ലാത്ത പക്ഷം, അങ്ങനെയുള്ള പ്രാരംഭത്തിൽ അങ്ങനെ പറഞ്ഞിട്ടുള്ള സംസ്ഥാനത്തെ ഹൈക്കോടതിയിലെ ജഡ്ജിമാരായിത്തീരുന്നതും, 217-ാം അനുച്ഛേദം (1)-ഉം (2)-ഉം ഖണ്ഡങ്ങളിൽ എന്തുതന്നെ ആയിരുന്നാലും, ആ അനുച്ഛേദം (1)-ാം ഖണ്ഡത്തിലെ പരിമിതി വ്യവസ്ഥയ്ക്ക് വിധേയമായി രാഷ്ട്രപതി ഉത്തരവുവഴി നിശ്ചയിക്കുന്ന അങ്ങനെയുള്ള കാലാവധി അവസാനിക്കുന്നതുവരെ ഉദ്യോഗം വഹിക്കുന്നത് തുടരുന്നതും ആകുന്നു.

(3) ഈ അനുച്ഛേദത്തിൽ "ജഡ്ജി " എന്ന പ്രയോഗത്തിൽ, പകരം ജോലിനോക്കുന്ന ഒരു ജഡ്ജിയോ ഒരു അഡീഷണൽ ജഡ്ജിയോ ഉൾപ്പെടുന്നതല്ല.

**377. ഭാരതത്തിൻെറ കംപ്ട്രോളർ ആൻഡ് ആഡിററർ-ജനറലിനെ സംബന്ധിച്ച വ്യവസ്ഥകൾ**—ഈ ഭരണഘടനയുടെ പ്രാരംഭത്തിനു തൊട്ടു മുമ്പ് ഉദ്യോഗത്തിലിരുന്ന ഭാരതത്തിന്റെ ആഡിററർ- ജനറൽ, അദ്ദേഹം മററുവിധത്തിൽ ഹിതം പ്രകടിപ്പിച്ചിട്ടില്ലാത്തപക്ഷം, അങ്ങനെയുള്ള പ്രാരംഭത്തിൽ ഭാരതത്തിൻെറ കംപ്ട്രോളർ ആൻഡ് ആഡിററർ – ജനറലായിത്തീരുന്നതും, അപ്പോൾ 148-ാം അനുച്ഛേദം (3)-ാം ഖണ്ഡത്തിൽ ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിററർ–ജനറലിനെ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ള അങ്ങനെയുള്ള ശമ്പളങ്ങൾക്കും അവധിയും പെൻഷനും സംബന്ധിച്ച അങ്ങനെയുള്ള അവകാശങ്ങൾക്കും അവകാശിയായിത്തീരുന്നതും, അങ്ങനെയുള്ള പ്രാരംഭത്തിനു തൊട്ടുമുമ്പ് അദ്ദേഹത്തിനു ബാധകമായിരുന്ന വ്യവസ്ഥകൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള അദ്ദേഹത്തിൻെറ ഉദ്യോഗകാലാവധി അവസാനിക്കുന്നതുവരെ, ഉദ്യോഗം വഹിക്കുന്നതു തുടരുവാൻ അദ്ദേഹത്തിന് അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

**378. പബ്ളിക് സർവ്വീസ് കമ്മീഷനുകളെ സംബന്ധിച്ച വ്യവസ്ഥകൾ**—(1) ഈ ഭരണഘടനയുടെ പ്രാരംഭത്തിനുതൊട്ടുമുമ്പ് ഉദ്യോഗത്തിലിരുന്ന, ഇൻഡ്യാ ഡൊമിനിയന് വേണ്ടിയുള്ള പബ്ളിക് സർവ്വീസ് കമ്മീഷനിലെ അംഗങ്ങൾ, അവർ മററു വിധത്തിൽ ഹിതം പ്രകടിപ്പിച്ചിട്ടില്ലാത്ത

[1] 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്ററ്, 13-ാം വകുപ്പുപ്രകാരം ചേർത്തത്.

പക്ഷം, അങ്ങനെയുള്ള പ്രാരംഭത്തിൽ യൂണിയനുവേണ്ടിയുള്ള പബ്ളിക് സർവ്വീസ് കമ്മീഷനിലെ അംഗങ്ങൾ ആയിത്തീരുന്നതും, 316-ാം അനുച്ഛേദം (1)-ഉം (2)-ഉം ഖണ്ഡങ്ങളിൽ എന്തുതന്നെ ആയിരുന്നാലും, ആ അനുച്ഛേദത്തിലെ (2)-ാം ഖണ്ഡത്തിലെ പരിമിതി വ്യവസ്ഥയ്ക്ക് വിധേയമായി, അങ്ങനെയുള്ള പ്രാരംഭത്തിനു തൊട്ടുമുമ്പ് അങ്ങനെയുള്ള അംഗങ്ങൾക്ക് ബാധക മായിരുന്ന ചട്ടങ്ങൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഉദ്യോഗകാലാവധി അവസാനിക്കുന്നതുവരെ ഉദ്യോഗം വഹിക്കുന്നതു തുടരുന്നതും ആകുന്നു.

(2) ഈ ഭരണഘടനയുടെ പ്രാരംഭത്തിനു തൊട്ടുമുമ്പ് ഉദ്യോഗത്തിലിരുന്ന, ഒരു പ്രവിശ്യയിലെ പബ്ളിക് സർവ്വീസ് കമ്മീഷനിലെയോ പ്രവിശ്യകളുടെ ഒരു ഗ്രൂപ്പിൻെറ ആവശ്യങ്ങൾ നിർവ്വഹിച്ചിരുന്ന ഒരു പബ്ളിക് സർവ്വീസ് കമ്മീഷനിലെയോ അംഗങ്ങൾ, അവർ മററു വിധത്തിൽ ഹിതം പ്രകടിപ്പി ച്ചിട്ടില്ലാത്ത പക്ഷം, അങ്ങനെയുള്ള പ്രാരംഭത്തിൽ തൽസ്ഥാനീയ സംസ്ഥാനത്തിൻെറ പബ്ളിക് സർവ്വീസ് കമ്മീഷനിലെയോ തൽസ്ഥാനീയ സംസ്ഥാനങ്ങളുടെ, അതതു സംഗതിപോലെ, ആവശ്യങ്ങൾ നിർവ്വഹിക്കുന്ന സംയുക്ത സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷനിലെയോ അംഗങ്ങൾ ആയിത്തീരുന്നതും, 316-ാം അനുച്ഛേദം (1)-ഉം (2)-ഉം ഖണ്ഡങ്ങളിൽ എന്തുതന്നെ ആയിരുന്നാലും, ആ അനുച്ഛേദം (2)-ാം ഖണ്ഡത്തിലെ പരിമിതി വ്യവസ്ഥയ്ക്ക് വിധേയമായി, അങ്ങനെയുള്ള പ്രാരംഭത്തിനു തൊട്ടുമുമ്പ് അങ്ങനെയുള്ള അംഗങ്ങൾക്ക് ബാധകമായിരുന്ന ചട്ടങ്ങൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള അവരുടെ ഉദ്യോഗകാലാവധി അവസാനിക്കുന്നതുവരെ, ഉദ്യോഗം വഹിക്കുന്നതു തുടരുന്നതും ആകുന്നു.

[1][**378 ക. ആന്ധ്രാപ്രദേശ് നിയമസഭയുടെ കാലാവധി സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ** —172-ാം അനുച്ഛേദത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 1956-ലെ സംസ്ഥാനങ്ങളുടെ പുനഃസംഘടന ആക്ററ് 28–ഉം 29-ഉം വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചവിധമുള്ള ആന്ധ്രാപ്രദേശ് സംസ്ഥാനത്തിലെ നിയമസഭ മുമ്പേ തന്നെ പിരിച്ചുവിടാത്ത പക്ഷം മേൽപ്പറഞ്ഞ 29-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള തീയതി മുതൽ അഞ്ചുവർഷക്കാലത്തേക്ക്, എന്നാൽ ഒരിക്കലും അതിൽ കവിയാതെ, തുടരുന്നതും, മേൽപ്പറഞ്ഞ കാലാവധിയുടെ അവസാനം ആ നിയമസഭയുടെ ഒരു പിരിച്ചുവിടൽ ആയിത്തീരുന്നതും ആകുന്നു.]

**379–391.** 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 29-ാം വകുപ്പും പട്ടികയും പ്രകാരം റദ്ദാക്കി.

**392. വിഷമതകൾ നീക്കുവാൻ രാഷ്ട്രപതിക്കുള്ള അധികാരം**—(1) രാഷ്ട്രപതിക്ക്, ഏതെങ്കിലും വിഷമതകൾ, പ്രത്യേകിച്ചും 1935-ലെ ഗവൺമെൻറ് ഓഫ് ഇൻഡ്യാ ആക്ററിലെ വ്യവസ്ഥകളിൽനിന്ന് ഈ ഭരണഘടനയിലെ വ്യവസ്ഥകളിലേക്കുള്ള മാററം സംബന്ധിച്ചുള്ള ഏതെങ്കിലും വിഷമതകൾ, നീക്കം ചെയ്യുന്ന ആവശ്യത്തിലേക്ക്, ഉത്തരവുവഴി, ആ ഉത്തരവിൽ പറഞ്ഞിട്ടുള്ള കാലത്തേക്ക് ഈ ഭരണഘടനയ്ക്ക് ആവശ്യമെന്നും യുക്തമെന്നും അദ്ദേഹം കരുതാവുന്ന, രൂപഭേദപ്പെടുത്തലോ കൂട്ടിച്ചേർക്കലോ വിട്ടുകളയലോ വഴി അങ്ങനെയുള്ള അനുയോജനങ്ങൾക്ക് വിധേയമായി പ്രഭാവം ഉണ്ടായിരിക്കുന്നതാണെന്ന് നിർദേശിക്കാവുന്നതാണ്:

എന്നാൽ, V-ാം ഭാഗത്തിലെ II-ാം അദ്ധ്യായ പ്രകാരം യഥാവിധി രൂപീകരിച്ചിട്ടുള്ള പാർലമെൻറിൻെറ ആദ്യയോഗത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാവുന്നതല്ല.

(2) (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിക്കുന്ന ഏതൊരുത്തരവും പാർലമെൻറിൻെറ മുമ്പാകെ വയ്ക്കേണ്ടതാണ്.

(3) ഈ അനുച്ഛേദത്താലും 324-ാം അനുച്ഛേദത്താലും 367-ാം അനുച്ഛേദം (3)-ാം ഖണ്ഡത്താലും 391-ാം അനുച്ഛേദത്താലും രാഷ്ട്രപതിക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ ഈ ഭരണഘടനയുടെ പ്രാരംഭത്തിന് മുമ്പ് ഇൻഡ്യാ ഡൊമിനിയൻെറ ഗവർണ്ണർ ജനറലിന് പ്രയോഗിക്കാവുന്നതാണ്.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്ററ്, 24-ാം വകുപ്പു പ്രകാരം ചേർത്തത്.

# ഭാഗം XXII

## ചുരുക്കപ്പേരും പ്രാരംഭവും [1][ഹിന്ദിയിലുള്ള ആധികാരിക പാഠവും] റദ്ദാക്കലുകളും

**393. ചുരുക്കപ്പേര്**—ഈ ഭരണഘടനയ്ക്ക് ഭാരതത്തിന്റെ ഭരണഘടന എന്ന് പേര് പറയാവുന്നതാണ്.

**394. പ്രാരംഭം**—ഈ അനുച്ഛേദവും 5, 6, 7, 8, 9, 60, 324, 366, 367, 379, 380, 388, 391, 392, 393 എന്നീ അനുച്ഛേദങ്ങളും ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതും, ഈ ഭരണഘടനയിലെ ശേഷമുള്ള വ്യവസ്ഥകൾ 1950 ജനുവരി ഇരുപത്താറാം തീയതി പ്രാബല്യത്തിൽ വരുന്നതും, ആ ദിവസം ഈ ഭരണഘടനയിൽ ഈ ഭരണഘടനയുടെ പ്രാരംഭം എന്ന് പരാമർശിച്ചിട്ടുള്ളതും ആകുന്നു.

[2][**394ക. ഹിന്ദി ഭാഷയിലുള്ള ആധികാരിക പാഠം**—(1) രാഷ്ട്രപതി തന്റെ അധികാരത്തിൻ കീഴിൽ, താഴെപ്പറയുന്നവ പ്രസിദ്ധീകരിക്കാൻ ഇടയാക്കേണ്ടതാണ്, —

(ക) ഹിന്ദി ഭാഷയിലുള്ള കേന്ദ്രനിയമങ്ങളുടെ ആധികാരിക പാഠങ്ങളിൽ സ്വീകരിച്ച ഭാഷയ്ക്കും, ശൈലിക്കും, പദാവലിക്കും അനുസൃതമാക്കാൻ ആവശ്യമായ അങ്ങനെയുള്ള രൂപഭേദങ്ങളോടുകൂടിയതും അങ്ങനെ പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ഭരണഘടനയിൽ വരുത്തിയ എല്ലാ ഭേദഗതികളും ഉൾക്കൊള്ളിച്ചതും ആയ ഭരണഘടനാ നിർമ്മാണസഭയിലെ അംഗങ്ങൾ ഒപ്പിട്ട ഈ ഭരണഘടനയുടെ ഹിന്ദി ഭാഷയിലുള്ള തർജ്ജമ;

(ഖ) ഈ ഭരണഘടനയ്ക്ക് ഇംഗ്ളീഷ് ഭാഷയിൽ വരുത്തിയ എല്ലാ ഭേദഗതികളുടെയും ഹിന്ദി ഭാഷയിലുള്ള തർജ്ജമ.

(2) (1)-ാം ഖണ്ഡപ്രകാരം പ്രസിദ്ധീകരിച്ച ഈ ഭരണഘടനയുടെയും അതിന്റെ ഓരോ ഭേദഗതിയുടെയും തർജ്ജമയ്ക്ക് അതിന്റെ മൂലഭാഷയിലുള്ള അതേ അർത്ഥം ഉള്ളതായി കരുതേണ്ടതും, ആ തർജ്ജമയിലെ ഏതെങ്കിലും ഭാഗത്തിന് അപ്രകാരം അർത്ഥം കല്പിക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നുവെങ്കിൽ, അത് അനുയോജ്യമായി പരിഷ്ക്കരിക്കാൻ രാഷ്ട്രപതി ഇടയാക്കേണ്ടതും ആകുന്നു.

(3) ഈ അനുച്ഛേദപ്രകാരം പ്രസിദ്ധീകരിക്കുന്ന ഈ ഭരണഘടനയുടെയും അതിന്റെ ഓരോ ഭേദഗതിയുടെയും തർജ്ജമ, എല്ലാ ആവശ്യങ്ങൾക്കും ഹിന്ദി ഭാഷയിലുള്ള അതിന്റെ ആധികാരിക പാഠമായി കരുതേണ്ടതാണ്.]

**395. റദ്ദാക്കലുകൾ**—1947-ലെ ഇൻഡ്യൻ ഇൻഡിപ്പെൻഡൻസ് ആക്ററും, 1935-ലെ ഗവൺമെൻറ് ഓഫ് ഇൻഡ്യാ ആക്ററും, അതോടുകൂടി, രണ്ടാമതുപറഞ്ഞ ആക്ററ് ഭേദഗതി ചെയ്യുന്നതോ അതിന് അനുപൂരകമോ ആയ, എന്നാൽ 1949-ലെ അബോളിഷൻ ഓഫ് പ്രിവി കൗൺസിൽ ജൂറിസ്ഡിക്ഷൻ ആക്ററ് ഒഴികെയുള്ള, എല്ലാ നിയമങ്ങളും ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

---

1. 1987-ലെ ഭരണഘടന (അൻപത്തെട്ടാം ഭേദഗതി) ആക്ററ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.
2. മേൽപ്പറഞ്ഞ ആക്ററ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (9-12-1987 മുതൽ പ്രാബല്യം).

## [1][ഒന്നാം പട്ടിക

(1-ഉം 4-ഉം അനുച്ഛേദങ്ങൾ)

### I. സംസ്ഥാനങ്ങൾ

| പേര് | ഭൂപ്രദേശങ്ങൾ |
|---|---|
| 1. ആന്ധ്രാപ്രദേശ് | [2][1953-ലെ ആന്ധ്രാ സംസ്ഥാനം ആക്റ്റ്, 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിലും, 1956-ലെ സംസ്ഥാന പുന:സംഘടന ആക്റ്റ്, 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിലും 1959-ലെ ആന്ധ്രാപ്രദേശ്-മദ്രാസ് (അതിർത്തി ഭേദപ്പെടുത്തൽ) ആക്റ്റിലെ ഒന്നാം പട്ടികയിലും 1968-ലെ ആന്ധ്രാപ്രദേശ്-മൈസൂർ (ഭൂപ്രദേശകൈമാറ്റം) ആക്റ്റിലെ പട്ടികയിലും പറഞ്ഞിട്ടുള്ള ഭൂപ്രദേശങ്ങൾ എന്നാൽ 1959-ലെ ആന്ധ്രാപ്രദേശ്-മദ്രാസ് (അതിർത്തി ഭേദപ്പെടുത്തൽ) ആക്റ്റിലെ രണ്ടാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഭൂപ്രദേശങ്ങൾ ഒഴികെ.] |
| 2. ആസ്സാം | ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ആസ്സാം പ്രവിശ്യയിലും ഖാസിസംസ്ഥാനങ്ങളിലും ആസ്സാം ഗോത്ര വർഗ്ഗപ്രദേശങ്ങളിലും ഉൾപ്പെട്ടിരുന്ന ഭൂപ്രദേശങ്ങൾ എന്നാൽ 1951-ലെ ആസ്സാം (അതിർത്തിഭേദപ്പെടുത്തൽ) ആക്റ്റിലെ പട്ടികയിൽ പറഞ്ഞിട്ടുള്ള ഭൂപ്രദേശങ്ങളും [3][1962-ലെ നാഗാലാൻഡ് സംസ്ഥാനം ആക്റ്റ്, 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഭൂപ്രദേശങ്ങളും] [4][1971-ലെ വടക്ക് കിഴക്കൻ പ്രദേശങ്ങൾ (പുന:സംഘടന) ആക്റ്റ് 5,6,7 എന്നീ വകുപ്പുകളിൽ പറഞ്ഞിട്ടുള്ള ഭൂപ്രദേശങ്ങളും] ഒഴികെ. |
| 3. ബീഹാർ | [5][ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ബീഹാർ പ്രവിശ്യയിൽ ഉൾപ്പെട്ടിരുന്നതോ ആ പ്രവിശ്യയുടെ ഭാഗമെന്ന നിലയിൽ ഭരിച്ചിരുന്നതോ ആയ ഭൂപ്രദേശങ്ങളും 1968-ലെ ബീഹാർ-ഉത്തർപ്രദേശ് (അതിർത്തി ഭേദപ്പെടുത്തൽ) ആക്റ്റ്, 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഭൂപ്രദേശങ്ങളും 1956-ലെ ബീഹാർ-പശ്ചിമബംഗാൾ (ഭൂപ്രദേശങ്ങൾ കൈമാറ്റം) ആക്റ്റ്, 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഭൂപ്രദേശങ്ങളും ആദ്യം പറഞ്ഞ ആക്റ്റിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഭൂപ്രദേശങ്ങളും [6][ബീഹാർ പുനഃസംഘടന ആക്റ്റ്, 2000-ലെ 3-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഭൂപ്രദേശങ്ങളും] ഒഴികെ.] |

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ഒന്നാം പട്ടികയ്ക്ക് പകരം ചേർത്തത്.
2. 1968-ലെ ആന്ധ്രാപ്രദേശ്-മൈസൂർ (ഭൂപ്രദേശകൈമാറ്റം) ആക്റ്റ് (1968-ലെ 36), 4-ാം വകുപ്പുപ്രകാരം മുമ്പുണ്ടായിരുന്ന ഉൾക്കുറിപ്പിന് പകരം ചേർത്തത് (1-10-1968 മുതൽ പ്രാബല്യം).
3. 1962-ലെ നാഗാലാൻഡ് സംസ്ഥാനം ആക്റ്റ് (1962-ലെ 27), 4-ാം വകുപ്പുപ്രകാരം കൂട്ടിച്ചേർത്തത് (1-12-1963 മുതൽ പ്രാബല്യം).
4. 1971-ലെ വടക്ക് കിഴക്കൻ പ്രദേശങ്ങൾ (പുന:സംഘടന) ആക്റ്റ് (1971-ലെ 81), 9-ാം വകുപ്പുപ്രകാരം കൂട്ടിച്ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).
5. 1968-ലെ ബിഹാർ-ഉത്തർപ്രദേശ് (അതിർത്തി ഭേദപ്പെടുത്തൽ) ആക്റ്റ് (1968-ലെ 24), 4-ാം വകുപ്പുപ്രകാരം മുമ്പുണ്ടായിരുന്ന ഉൾക്കുറിപ്പിന് പകരം ചേർത്തത് (10-6-1970 മുതൽ പ്രാബല്യം).
6. 2000-ലെ ബീഹാർ പുനഃസംഘടന ആക്റ്റ്, 5-ാം വകുപ്പു പ്രകാരം കൂട്ടിച്ചേർത്തത്.